കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

2021 ആഗസ്റ്റ് 12, വ്യാഴം

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 185 - നമ്പർ 16

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം
2021 ആഗസ്റ്റ് 12, വ്യാഴം

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ

ചീഫ് എഡിറ്റർ
ശ്രീമതി വി. ചെറുപുഷ്പം

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി	: ശ്രീ. അഹമ്മദ് ദേവർകോവിൽ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. ആന്റണി രാജു
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി	: ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. കെ. രാധാകൃഷ്ണൻ
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്ജ്

ഉള്ളടക്കം

പേജ്

I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...

II അടിയന്തരപ്രമേയ നോട്ടീസ്

...

(അവതരണാനുമതി നിഷേധിച്ചു)

III ശ്രദ്ധ ക്ഷണിക്കൽ

പട്ടികജാതി-പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ
- ശ്രീ. ഒ. ആർ. കേളു ...

IV സബ്മിഷൻ

(1) മിനി ഡാം പുനർനിർമ്മാണം
- ശ്രീ. എ. പ്രഭാകരൻ ...

(2) ഭാരതപ്പുഴ സംരക്ഷണം
- ശ്രീ. പി. മമ്മിക്കുട്ടി ...

(3) കോമൺവെൽത്ത് ഹാൻഡ് ലൂമിന്റെ പ്രവർത്തനം
- ശ്രീ. ഇ. കെ. വിജയൻ ...

(4) കരുവാറ്റ-ഓച്ചിറ ഭാഗത്തെ ഗതാഗതം സുരക്ഷിതമാക്കൽ
- ശ്രീമതി യു. പ്രതിഭ ...

(5) പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം
- ശ്രീ. ടി പി. രാമകൃഷ്ണൻ ...

(6) കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി
- ശ്രീമതി കാനത്തിൽ ജമീല ...

V മേശപ്പുറത്തുവച്ച കടലാസുകൾ

(1) ലിസ്റ്റ് 1 പ്രകാരമുള്ള കടലാസ്സുകൾ
(2) ചട്ടം 47(2), ചട്ടം 236(5), ചട്ടം 236(6) എന്നിവ പ്രകാരമുള്ള കടലാസ്സുകൾ ...

VI നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2021-ലെ കേരള ധനകാര്യ ബിൽ ...

(ii) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ...

VII അറിയിപ്പ്

സ്വാതന്ത്ര്യത്തിന്റെ 75-ാം
വാർഷികാഘോഷങ്ങളോടനുബന്ധിച്ചുള്ള പൂക്കളം ...

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

2021 ആഗസ്റ്റ് 12, വ്യാഴം

വാല്യം 185} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 16

നിയമസഭ 2021 ആഗസ്റ്റ് മാസം 12-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*451)

വൈദ്യുതി ബോർഡിന് കിട്ടാനുള്ള കുടിശ്ശിക

1(*451) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന് വർഷങ്ങളായി കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇത് ഫലപ്രദമായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) വരുമാനക്കുറവ് നികത്താൻ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിന് പകരം കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ ക്രിയാത്മകമായ മറ്റ് നടപടികളെടുക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, (എ) കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ

വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകുകയും ചെയ്യുന്നുണ്ട്. കാലാകാലങ്ങളിൽ കെ.എസ്.ഇ.ആർ.സി.യുടെ അനുമതിയോടുകൂടി കെ.എസ്.ഇ.ബി.എൽ. രണ്ടുവർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള കുടിശ്ശിക, കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖാപിച്ച് ഉപഭോക്താക്കളിൽനിന്നും ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നടന്ന വൈദ്യുതി അദാലത്തുകളിൽ വൈദ്യുതി കുടിശ്ശിക സംബന്ധിച്ച പരാതികൾ സ്വീകരിച്ച് അവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വൈദ്യുതി അദാലത്തുകൾ തുടങ്ങി പ്രത്യേക കുടിശ്ശിക നിവാരണ പദ്ധതികൾ ദീർഘകാല കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഫലപ്രദമായെന്നാണ് വിലയിരുത്തുന്നത്. വൈദ്യുതി ബോർഡിന് വർഷങ്ങളായി കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നിലവിൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് കുടിശ്ശിക നോട്ടീസുകൾ നൽകി തുടർന്നും അടവ്

വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതിബന്ധം വിച്ഛേദിക്കുകയും ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു. കൂടാതെ വൈദ്യുതി അദാലത്തുകൾ മുഖേന തർക്കങ്ങളിൽപ്പെട്ടും മറ്റും അടവാക്കാത്ത കുടിശ്ശികകളിന്മേൽ ഉപഭോക്താക്കളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് തീരുമാനങ്ങളിൽ എത്തിച്ചേരുക വഴി കുടിശ്ശിക തുകകൾ പിരിച്ചെടുക്കുവാൻ സാധിക്കുന്നുണ്ട്. ഇതുകൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽക്കൂടി വിവിധ ജൂഡീഷ്യൽ ഫോറങ്ങളിൽ വർഷങ്ങളായി തീർപ്പാക്കാതെ നിൽക്കുന്ന കുടിശ്ശികകളിന്മേൽ തീരുമാനമാക്കാനും ആയതുവഴി കുടിശ്ശിക പിരിച്ചെടുക്കാനും സാധിക്കുന്നുണ്ട്. ഈ നടപടികൾ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഫലപ്രദമാണ്. വൈദ്യുതി ബോർഡിന് സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും വൈദ്യുതിചാർജ്ജ് കുടിശ്ശിക ഇനത്തിൽ ലഭ്യമാകാനുള്ള തുകയിന്മേൽ വൈദ്യുതി ബോർഡ് സർക്കാർ തലത്തിൽ നടത്തിയിട്ടുള്ള ശ്രമഫലമായി താഴെപ്പറയും പ്രകാരം തീർപ്പാക്കാൻ സാധിച്ചിട്ടുണ്ട്. 30.09.2018 വരെയുള്ള കേരള ജല അതോറിറ്റിയുടെ 1326.69 കോടി രൂപ വൈദ്യുതി കുടിശ്ശിക 331.67 കോടി രൂപ വീതമുള്ള

നാല് വാർഷിക തവണകളായി 2019-20 മുതലുള്ള ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി നൽകുവാൻ ഉത്തരവായതനുസരിച്ച് രണ്ട് ഗഡു പൂർണ്ണമായും മൂന്നാം ഗഡു ഭാഗികമായും ഇന്നേവരെ ലഭ്യമായിട്ടുണ്ട്. 01.10.2018 മുതലുള്ള ജല അതോറിറ്റിയുടെ വൈദ്യുതി കുടിശ്ശിക ഒടുക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളുടെ വെള്ളക്കര കുടിശ്ശിക തനത് ഫണ്ടിൽനിന്നും പൊതു ആവശ്യ ഫണ്ടിൽനിന്നും തിരിച്ചുപിടിച്ച് 155.19 കോടി രൂപ ജല അതോറിറ്റിക്ക് കൈമാറിയിരുന്നു. ടി തുകയിൽനിന്നും 140.64 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമായിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള ആരോഗ്യവകുപ്പിന്റെ സ്ഥാപനങ്ങളുടെ 30.06.2018 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ കെ.എസ്.ഇ.ബി.എൽ.ന് നൽകാനുള്ള 5.65 കോടി രൂപ സർക്കാർ ഉത്തരവുപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമായിട്ടുണ്ട്. പോലീസ്, ഇറിഗേഷൻ വകുപ്പുകളുടെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ നടന്നുവരുന്നു. കുടിശ്ശികയുള്ള മുഴുവൻ സർക്കാർ സ്ഥാപന മേധാവികൾക്കും ഒറ്റത്തവണ തീർപ്പാക്കൽ സംബന്ധിയായ അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) കുടിശ്ശിക പിരിച്ചെടുക്കലും, താരിഫ് പരിഷ്കരണവും തമ്മിൽ ബന്ധമില്ലാത്ത തരത്തിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായമാണ് (Accrual Account System) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അനുവർത്തിച്ചുവരുന്നത്. സർക്കാർ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽനിന്ന് വ്യത്യസ്തമായി ബിൽ ചെയ്യപ്പെടുന്ന മുഴുവൻ തുകയും വരുമാനമായി കണക്കിലെടുക്കുകയും ചെയ്യുന്ന അക്കൗണ്ടിംഗ് സമ്പ്രദായമായതിനാൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശികയൊന്നും തന്നെ റവന്യൂ കമ്മിയിൽ പ്രതിഫലിക്കുന്നില്ല. വൈദ്യുതി നിയമം - 2003, ദേശീയ താരിഫ് നയം - 2016, സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ - 2018 എന്നിവയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, വൈദ്യുതി നിരക്കിൽ വ്യത്യാസങ്ങൾ വരുത്തുന്നത്. വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്കുകൾ പുതുക്കുമ്പോൾ, വൈദ്യുതിയുടെ ഉത്പാദന - വാങ്ങൽ ചെലവുകൾ (Generation and Power purchase cost), പ്രവർത്തന പരിപാലന ചെലവുകൾ (Operation and Maintenance Cost), പലിശ ചെലവുകൾ (Interest and Finance Charges), മൂലധന ഓഹരിയുടെ വിഹിതം (Return on Equity) തുടങ്ങിയ മൊത്തം ചെലവുകളും നിലവിലുള്ള മൊത്തം വരുമാനവും തമ്മിലുള്ള അന്തരം എന്നിവ

കൂടി പരിഗണിക്കാറുണ്ട്. മൊത്തം വരുമാനം കണക്കാക്കുമ്പോൾ വിൽപ്പന നടത്തുന്ന മുഴുവൻ വൈദ്യുതിയുടെ വിലയും കൂടിശ്ശികയില്ലാതെ പിരിച്ചെടുത്താൽ ലഭിക്കുന്ന തുകയുമാണ് പരിഗണിക്കുന്നത്. കോവിഡ് പ്രതിസന്ധിയായതിനാൽ കൂടിശ്ശിക പിരിക്കുന്നതിൽ ചില ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ആവശ്യ സേവനങ്ങൾ നൽകുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കൂടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്. പൂർണ്ണതോതിൽ വൈദ്യുതി ഉപയോഗിക്കുന്ന HT ഉപഭോക്താക്കൾ വൈദ്യുതി ബിൽ വീഴ്ച കൂടാതെ അടയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മറ്റ് ഉപഭോക്താക്കളുടെ കൂടിശ്ശിക തവണകളായി അടയ്ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടിശ്ശിക തുക പൂർണ്ണമായി പിരിച്ചെടുത്ത് മാത്രമേ KSEB-യ്ക്ക് മുന്നോട്ടുപോകുവാൻ കഴിയുകയുള്ളൂ.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ജനങ്ങളുടെമേൽ കൂടുതൽ ചാർജ്ജ് ചുമത്തുന്നതിനുപകരം കൂടിശ്ശിക പിരിച്ചെടുത്തുകൊണ്ടും പ്രസരണനഷ്ടം ഒഴിവാക്കിക്കൊണ്ടും ഇത് മാനേജ് ചെയ്യാൻ കഴിയുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്നും മനസ്സിലാകുന്നത്. സത്യത്തിൽ വൈദ്യുതി മേഖലയിൽ പ്രസരണനഷ്ടംമൂലം വലിയ

നഷ്ടമുണ്ടാകുന്നുണ്ട്. ഞങ്ങളുടെ മേഖലയിൽ വോൾട്ടേജ് പ്രശ്നമുള്ള ഒരുപാട് പ്രദേശങ്ങളുണ്ട്. കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടിട്ടും പ്രശ്ന പരിഹാരമുണ്ടാകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി എല്ലാ കാര്യങ്ങളും താത്പര്യപൂർവ്വം ചെയ്യുന്നുണ്ടെന്ന് ഞങ്ങൾക്കറിയാം. കഴിഞ്ഞ പ്രാവശ്യം മുൻമന്ത്രി ശ്രീ. എം. എം. മണി അദാലത്ത് നടത്തിയപ്പോൾ ഞങ്ങൾ കുറേ പരാതികൾ ഉന്നയിച്ചിരുന്നു. പക്ഷേ പരാതികൾക്കൊന്നും പരിഹാരമായിട്ടില്ല. വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയെക്കുറിച്ച് ചോദിക്കുമ്പോൾ ഫണ്ടില്ലെന്നാണ് പറയുന്നത്. കൂടാതെ എ.ബി.സി. കേബിൾ പോലെയുള്ള മെറ്റീരിയൽസും അവിടെയില്ല. തിരുവനന്തപുരത്തുനിന്നും വിതരണം ചെയ്ത് ഞങ്ങളുടെ മേഖലയിൽ എത്തുമ്പോൾ തീർന്നുപോകുന്നതാണോയെന്നും അറിയില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ജില്ലയിൽപ്പോലും ഈ പ്രശ്നങ്ങളുണ്ടെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. പ്രസരണനഷ്ടം ഒഴിവാക്കാൻവേണ്ടി എ.ബി.സി. കേബിൾ അടക്കമുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് ഏതുരീതിയിലാണ് ഈ പ്രശ്നത്തിന് പരിഹാരം കാണുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രസരണനഷ്ടം ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണ്. പ്രസരണ നഷ്ടം 14 യൂണിറ്റ് ഉണ്ടായിരുന്നത്

ഇപ്പോൾ 12-ൽ താഴെയായിരിക്കുകയാണ്. അതാണ് പ്രസരണ നഷ്ടത്തിന്റെ സ്ഥിതി. ഇനിയും അത് കുറച്ചുകൊണ്ടുവരാനുള്ള ശ്രമം നടത്തും. രണ്ടാമത്തെ ചോദ്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. കുറേക്കാര്യങ്ങൾ നമുക്ക് മുഴുവനായി പരിഹരിക്കാൻ സാധിച്ചിട്ടില്ല. കിഫ്ബി, ദ്യുതി എന്നിവയിൽനിന്നുള്ള ഫണ്ടുപയോഗിച്ച് ആ പ്രശ്നം പരിഹരിക്കാനുള്ള ശ്രമവും നടക്കുന്നുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, എന്റെ മണ്ഡലത്തിൽത്തന്നെയുള്ള കൊണ്ടോട്ടി സെക്ഷനിൽ ഒരു ലക്ഷത്തിലധികം ഉപഭോക്താക്കളാണുള്ളത്. കൊണ്ടോട്ടി സെക്ഷൻ ഓഫീസ് ബൈഫർക്കേറ്റ് ചെയ്യണമെന്ന ആവശ്യമുണ്ട്. അതോടൊപ്പം കാലിക്കറ്റ് എയർപോർട്ടിന്റെ ഏരിയ എന്നുള്ള നിലയ്ക്ക് അവിടെ സബ്സ്റ്റേഷൻ അത്യാവശ്യമാണ്. കിഴിശ്ശേരി-കൊളത്തൂർ, കൊളത്തൂർ-ചേളാരിവരെയുള്ള ലൈൻ ഉപയോഗിക്കാതെ കിടക്കുന്നുണ്ട്. ആ ലൈൻ ഉപയോഗിച്ച് സബ്സ്റ്റേഷൻ ആരംഭിച്ചുകഴിഞ്ഞാൽ എയർപോർട്ട് ഭാഗത്തേയ്ക്കുള്ള വൈദ്യുതി വിതരണം സുഗമമാക്കാൻ കഴിയും. ഇങ്ങനെ ഉപയോഗിക്കാതെ കിടക്കുന്ന ഭാഗങ്ങൾ കൂടി ഉപയോഗിക്കാനും ബൈഫർക്കേഷൻ നടപടികൾ മുന്നോട്ടുകൊണ്ടുപോകാനും നടപടിയുണ്ടാകുമോ; എന്റെ മണ്ഡലത്തിൽത്തന്നെ മുണ്ടക്കുളം,

ആനമയിൽതടം, കൊട്ടുക്കര-ചെറാട്, നെടിയിരുപ്പ്, മേലേപ്പറമ്പ് തുടങ്ങിയ പ്രദേശങ്ങളിലെല്ലാം വോൾട്ടേജ് ഇംപ്രൂവ്മെന്റിന്റെ പ്രശ്നങ്ങളുണ്ട്. ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ എന്ത് നടപടിയാണ് എടുക്കുന്നതെന്നാണ് എന്റെ ചോദ്യം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ പ്രശ്നങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. ഒരു കത്ത് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് സാധ്യമായ കാര്യങ്ങൾ ചെയ്യാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജനങ്ങളേക്കാളുപരി കെ.എസ്.ഇ.ബി.എൽ.-ന് കൂടിശ്ശിക നൽകാനുള്ളത് ഡിപ്പാർട്ടുമെന്റുകളാണ്. ജലവിഭവ വകുപ്പാണ് ഏറ്റവും കൂടുതൽ തുക കൊടുക്കാനുള്ളത്. 250 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്കാണ് സബ്സിഡി അധികമുള്ളത്. അതിന്റെ പരിധി 400 യൂണിറ്റ് വരെയെങ്കിലുമാക്കിയാൽ ഈ കോവിഡ് കാലത്ത് ജനങ്ങൾക്ക് ആശ്വാസമാകും. ബില്ലിംഗ് ഇപ്പോൾ രണ്ടുമാസം കൂടുമ്പോഴാണ്. അത് സാമൂഹ്യമാധ്യമങ്ങളിൽ വലിയ ചർച്ചയാണ്. മറ്റ് സംസ്ഥാനങ്ങളിലെപ്പോലെ ഒരു മാസത്തിൽ ബിൽ നൽകിയാൽ ജനങ്ങൾക്ക് വലിയ ആശ്വാസമാകും. ഒരാൾ രണ്ടുമാസം കൂടുമ്പോൾ വൈദ്യുതി ഉപയോഗിക്കുന്നത് 600 യൂണിറ്റാണെങ്കിൽ ആ

600 യൂണിറ്റിന് ആദ്യത്തെ ഫസ്റ്റ് യൂണിറ്റ് മുതൽ താരിഫ് കൂടുതലാണ്. അവരുടെ ഇലക്ട്രിസിറ്റി ബിൽ 1300, 1400 രൂപയ്ക്ക് മുകളിൽവരും. അത് ഒരു മാസമാക്കി ചുരുക്കിയാൽ അയാൾ ഉപയോഗിക്കുന്നത് 300 യൂണിറ്റാണ്, ആദ്യത്തെ യൂണിറ്റ് മുതൽ കുറഞ്ഞ റേറ്റാണ്. ഇത് രണ്ടും തമ്മിലുള്ള വ്യത്യാസംതന്നെ 700 രൂപയോളം വരുന്നു. ഇതുസംബന്ധിച്ച് സോഷ്യൽ മീഡിയയിൽ വലിയ ചർച്ച നടക്കുന്നുണ്ട്. ജനങ്ങളുടെ വലിയൊരു ആവശ്യമാണത്. അതുകൊണ്ട് താരിഫ് പരിധി 250 എന്നത് 400 ആക്കാനും അതുപോലെ രണ്ടുമാസം കൂടുമ്പോൾ കൊടുക്കുന്ന ബിൽ ഒരു മാസത്തിൽ കൊടുക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, താരിഫ് monthly ആണ് കണക്കാക്കുന്നത്. മറ്റു ചെലവുകൾ കണക്കാക്കുമ്പോൾ രണ്ടു മാസത്തിലൊരിക്കൽ ബിൽ നൽകുന്നതാണ് നല്ലത്. സ്മാർട്ട് മീറ്റർ വരുമ്പോൾ ഈ പ്രശ്നം അവസാനിക്കുകയും ചെയ്യും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കോവിഡ് മഹാമാരിയുടെ കാലത്ത് സാധാരണ ജനങ്ങൾ ബില്ലടയ്ക്കാൻ വൈകുന്നതുകൊണ്ടുതന്നെ സർചാർജ്ജ് ഏർപ്പെടുത്തുന്നുണ്ട്. അത് വലിയ പ്രയാസമാണ് ജനങ്ങൾക്കുണ്ടാക്കുന്നത്. ഈ കോവിഡ്കാലത്ത് ആരാധനാലയങ്ങൾക്കും

വ്യവസായ സ്ഥാപനങ്ങൾക്കും ഫിക്സഡ് ചാർജ്ജിൽ 25 ശതമാനം കുറവ് വരുത്തുമെന്ന് മുഖ്യമന്ത്രി പറഞ്ഞിരുന്നു. അതനുസരിച്ച് വ്യവസായ സ്ഥാപനങ്ങൾക്ക് കുറവ് നൽകിയിട്ടുണ്ട്. അതുപോലെതന്നെ കടകൾക്കും ആരാധനാലയങ്ങൾക്കും സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളടക്കമുള്ള സ്ഥാപനങ്ങൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കും 25 ശതമാനം കുറച്ചുകൊടുക്കുവാൻ സാധിക്കുമോയെന്ന് പരിശോധിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കോവിഡിന്റെ ഒന്നാം തരംഗത്തോടനുബന്ധിച്ച് ഡിസംബർ മാസംവരെ തിരിച്ചടവിന് സാവകാശം നൽകിയതുമൂലം കമ്പനിയുടെ കടബാദ്ധ്യത ഗണ്യമായി വർദ്ധിക്കുകയുണ്ടായി. കോവിഡ് കാലത്ത് വൈദ്യുതിയുടെ ഫിക്സഡ് ചാർജ്ജിന്മേൽ ഇളവ് നൽകിയിരുന്നു. ഈ ഇനത്തിൽ 76.62 കോടി രൂപയുടെ ഇളവുകൾ നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്ര വൈദ്യുതോത്പാദന നിലയങ്ങളിൽനിന്നും പവർ ഗ്രിഡ് കോർപ്പറേഷനിൽനിന്നും കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം 54.89 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന് റിബേറ്റായി ലഭിച്ചിട്ടുണ്ട്. ഗാർഹിക ഉപഭോഗത്തിലുണ്ടായ അധിക വൈദ്യുതി ഉപയോഗത്തിന് ഇളവുകൾ നൽകിയിരുന്നു. ഈ ഇനത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 151.19

കോടി രൂപയുടെ ഇളവുകൾ നൽകിയിട്ടുണ്ട്. കൂടാതെ പലിശയിളവ് നൽകിയ ഇനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. മേൽപ്പറഞ്ഞ ഇളവുകൾക്ക് റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചില്ലെങ്കിൽ ഇലക്ട്രിസിറ്റി ആക്ടിന്റെ സെക്ഷൻ 65 പ്രകാരം സംസ്ഥാന സർക്കാർ വഹിക്കേണ്ടതായി വരും. കോവിഡ് കാലത്തെ ഓൺലൈൻ പേമെന്റ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റിബേറ്റ് നൽകിയ വകയിൽ 8.69 കോടി രൂപ ചെലവായിട്ടുണ്ട്. സർക്കാർ നിർദ്ദേശമനുസരിച്ച് സിനിമാ തിയേറ്ററുകളുടെയും വാണിജ്യ-വ്യവസായ ഉപഭോക്താക്കളുടെയും മേയ് മാസത്തെ ഫിക്സഡ് ചാർജ്ജിൽ ഇളവുകൾ കോവിഡ് രണ്ടാം തരംഗസമയത്തും നൽകിയിട്ടുണ്ട്. എന്നാൽ ഒന്നാം തരംഗസമയത്ത് കമ്പനി വാങ്ങുന്ന വൈദ്യുതിക്ക് കേന്ദ്രസർക്കാർ നൽകിയ ഫിക്സഡ് ചാർജ്ജിനുമേലുള്ള ഇളവ് ഈ വർഷം ലഭ്യമാക്കിയിട്ടില്ലെന്നത് കണക്കിലെടുക്കേണ്ടതുണ്ട്. ചെറുകിട വ്യാപാര-വ്യവസായ സ്ഥാപനങ്ങളെ (MSME) ജൂലൈ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ഇലക്ട്രിസിറ്റി ഫിക്സഡ് ചാർജ്ജ് നൽകുന്നതിൽനിന്ന് ഒഴിവാക്കുന്നതാണ്. കൂടാതെ അടഞ്ഞുകിടക്കുന്ന കാർഷിക മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന അഗ്രിക്കൾച്ചർ പ്രൊഡ്യൂസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ,

അഗ്രിക്കൾച്ചർ പ്രൊഡ്യൂസേഴ്സ് കമ്പനികൾ, അഗ്രിക്കൾച്ചർ പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ എന്നിവയ്ക്ക് മൂന്നുമാസത്തെ വൈദ്യുതി ഫിക്സഡ് ഡിമാന്റ് ചാർജ്ജിൽ ഇളവനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കടകളിൽ വൈദ്യുതി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ഇളവുകൾ അനുവദിക്കില്ല. ഉപയോഗിക്കാതെയുള്ളവയ്ക്ക് ഫിക്സഡ് ചാർജ്ജിന്റെ കാര്യം ആലോചിക്കാവുന്നതാണ്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, വൈദ്യുത സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമോയെന്നും അത് എന്ന് സാധ്യമാകുമെന്നും നമുക്കറിയില്ല. കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ, എറണാകുളം, ഇടുക്കി ജില്ലകളിലായി പത്ത് ജലവൈദ്യുത പദ്ധതികളുടെ പ്രവൃത്തി നടന്നുവരികയാണ്. അതിൽ ഒൻപതെണ്ണം ഈ വർഷം പൂർത്തിയാകേണ്ടതും ആറെണ്ണം ഈ മാസത്തിനകം പൂർത്തിയാകേണ്ടതുമാണ്. അതിൽനിന്നും എത്ര വൈദ്യുതി ലഭിക്കും; അതുവഴി കാർഷികമേഖലയിൽ നൽകിയിരുന്ന സൗജന്യ വൈദ്യുതി പുനഃസ്ഥാപിക്കാൻ കഴിയുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, കാർഷിക മേഖലയിൽ നൽകിയിരുന്ന സൗജന്യം നിലവിലും തുടർന്നുകൊണ്ടിരിക്കുകയാണ്. ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള സമയം നിശ്ചയിച്ച്

അതിനനുസരിച്ചുള്ള പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ഓരോ മാസവും അതിന്റെ റിവ്യൂ നടത്തുന്നുണ്ട്. സമയത്തിനുമുമ്പുതന്നെ പൂർത്തീകരിക്കാനുള്ള ഇടപെടൽ നടത്തുന്നുണ്ട്. കേരളത്തിലെ ഏറ്റവും ചെലവുകുറഞ്ഞ വൈദ്യുതി ഹൈഡൽ പ്രോജക്ടുകൾ വഴിയായതുകൊണ്ട് മുൻഗണനകൊടുത്ത് നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിൽ മടിക്കൈ, പൈവളിഗെ പഞ്ചായത്തുകളിൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് സോളാർ പാനൽ ഉപയോഗിച്ച് 100 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്. അതിന്റെ പ്രയോജനം കാസർഗോഡ് ജില്ലയിൽ ലഭിക്കണമെങ്കിൽ കുറ്റിക്കോൽ 110 കെ.വി. സബ്സ്റ്റേഷന്റെ പണി പൂർത്തിയാകണം. സ്ഥലമേറ്റെടുക്കലും തറക്കല്ലിടലും കഴിഞ്ഞു. പക്ഷേ ഇതുവരെയും അതിന്റെ പ്രവൃത്തി തുടങ്ങിയിട്ടില്ല. 110 കെ.വി. സബ്സ്റ്റേഷന്റെ പ്രവൃത്തി ആരംഭിച്ച് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ആയതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പക്ഷേ കാസർഗോഡ് ജില്ലയിൽ മറ്റൊരു സോളാർ പ്ലാന്റിന്റെ സ്ഥലവുമായി ബന്ധപ്പെട്ട തർക്കമുള്ളതുകൊണ്ടാണ് രണ്ടാമത്തെ പ്രോജക്ടിന്റെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത്. ബഹുമാനപ്പെട്ട

എം.എൽ.എ.മാരെല്ലാവരും കൂടി സഹകരിച്ചാൽ ആ സോളാർ പ്ലാന്റിന്റെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കും. ഈ സബ്സ്റ്റേഷന്റെ പ്രവൃത്തി പൂർത്തീകരിച്ചാൽ മലബാർ മേഖലയിലെ വൈദ്യുതിക്ഷാമത്തിന് പരിഹാരമുണ്ടാകും.

ശ്രീ. സണ്ണി ജോസഫ്: സർ, പട്ടികവർഗ്ഗ കോളനികളിൽ ബിൽ കുടിശ്ശിക വരുന്നത് സാധാരണയാണ്. അവിടെ വൈദ്യുതി സപ്ലൈ വിച്ഛേദിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നമുണ്ട്. അവിടത്തെ ജനപ്രതിനിധികൾ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട വിഷയമാണിത്. ചില ആനുകൂല്യങ്ങൾ പട്ടികവർഗ്ഗ കോളനികൾക്ക് നൽകുന്നുണ്ട്. ഇന്നത്തെ പ്രതിസന്ധിഘട്ടത്തിൽ പട്ടികവർഗ്ഗ വകുപ്പുമായി ആലോചിച്ച് പൂർണ്ണമായി ബിൽ ഇളവുനൽകി ഈ കോളനി നിവാസികളെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്തിരുന്നു. അതിനൊരു ധാരണയിലെത്താനുള്ള ശ്രമത്തിലാണ്. തീർച്ചയായും ഈ വിഷയം പരിഹരിക്കാം. ഇതുമായി ബന്ധപ്പെട്ട് അവർക്ക് ഏതെല്ലാം വിധത്തിൽ ആനുകൂല്യം നൽകാൻ സാധിക്കുമോ അതെല്ലാം ചെയ്തുകൊടുക്കാം. ഡിജിറ്റൽ

പഠനത്തിനുവേണ്ട ക്ലാസ് മുറികളിൽ സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി കെ. രാധാകൃഷ്ണനും ഞാനും ചേർന്ന് ഇക്കാര്യം ഗൗരവമായി ചർച്ച ചെയ്ത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, എന്റെ മണ്ഡലത്തിലെ മലയോര മേഖലയിലുള്ള വെള്ളറട, ആര്യങ്കോട്, ഒറ്റശേഖരമംഗലം പഞ്ചായത്തുകളിലായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഒരു സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ഇരുപത്തിയയ്യായിരത്തോളം ഉപഭോക്താക്കളുള്ള വിശാലമായ ഒരു മേഖലയാണിത്. ഇതിനെ ബൈഫർക്കേറ്റ് ചെയ്യണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ഒരു കത്ത് നൽകിയിരുന്നു. അതോടൊപ്പം അവിടെ കവേർഡ് ലൈൻ അല്ല പ്ലെയിൻ ലൈനാണുള്ളത്. അതുകൊണ്ട് അപകട സാധ്യതയുണ്ട്. വിദ്യാഭ്യാസ മേഖലയിൽ ഡിജിറ്റൽ സൗകര്യമൊരുക്കുന്ന ഇന്നത്തെ സാഹചര്യത്തിലും സ്ഥിരമായി മരം മുറിഞ്ഞ് വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന, അപകടമുണ്ടാകാനുള്ള അവസ്ഥ നിലനിൽക്കുന്നു. അവിടെ കവേർഡ് ലൈൻ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അതിനുള്ള നടപടി ഘട്ടംഘട്ടമായി തുടരുന്നുണ്ട്. സബ്സെക്ഷൻ ഓഫീസിന്റെ കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, ആയിരം രൂപയ്ക്ക് മുകളിൽ പണമടയ്ക്കേണ്ട ഉപഭോക്താക്കൾ നിർബന്ധമായും ഓൺലൈനായി പണമടയ്ക്കണമെന്ന ഉത്തരവ് കെ.എസ്.ഇ.ബി.എൽ. ഇറക്കിയിട്ടുണ്ട്. കേന്ദ്രനിർദ്ദേശ പ്രകാരമാണെന്നാണ് പറയുന്നത്. സ്മാർട്ട് ഫോണും മൊബൈലുമില്ലാത്ത സാധാരണക്കാർക്ക് ഇത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ തീരുമാനം പുനഃപരിശോധിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇതുമായി ബന്ധപ്പെട്ടുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കണമെന്ന് പരിശോധിച്ച് പരിഹാരം കണ്ടെത്താൻ ശ്രമിക്കാം.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഇലക്ട്രിസിറ്റി ബില്ലിന്റെ ക്യാഷ് കളക്ഷൻ മുമ്പ് രാവിലെ 8.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെയായിരുന്നു. ഇപ്പോൾ അത് രാവിലെ 9.00 മണി മുതൽ വൈകുന്നേരം 3.00 മണി വരെയാക്കി. ഓൺലൈൻ

സംവിധാനത്തെക്കുറിച്ച് അറിയാത്തതും ഉപയോഗിക്കാത്തതുമായ സാധാരണക്കാർക്ക് ജോലിക്ക് പോകുന്നതിന് മുമ്പോ ജോലി കഴിഞ്ഞതിന് ശേഷമോ അവരുടെ ബിൽ തുക കളക്ട് ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം. വൈകുന്നേരം 5.00 മണിക്ക് തുക അടയ്ക്കാൻ ചെല്ലുന്നവരെ ഇപ്പോൾ തിരിച്ചയയ്ക്കുകയാണ്. അവരുടെ കയ്യിൽനിന്നും പണം ചെലവായിപ്പോകുന്നതിനാൽ പിന്നീട് ആ തുക അടയ്ക്കാൻ കഴിയുന്നില്ല. ഈ വിഷയം പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ചോദിക്കാനുള്ളത് ഇലക്ട്രിക് പോസ്റ്റുകളുടെ നിലവാരത്തെ സംബന്ധിച്ചാണ്. പി.സി.സി. വിഭാഗത്തിൽപ്പെട്ട ഇലക്ട്രിക് പോസ്റ്റുകൾ വളരെ അപകടകരമായ അവസ്ഥയിലാണ് നിൽക്കുന്നത്. അത് സ്ഥാപിക്കുമ്പോൾ തന്നെ ഒടിഞ്ഞുവീഴുന്ന സംഭവങ്ങൾ എന്റെ മണ്ഡലത്തിൽ ഉണ്ടായിട്ടുണ്ട്. അക്കാര്യം പരിശോധിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ബിൽ തുക സ്വീകരിക്കുമ്പോൾ താത്കാലിക റെസീപ്റ്റ് നൽകി അടുത്ത ദിവസം ഒറിജിനൽ രസീത് നൽകുന്ന സംവിധാനമുണ്ടാക്കാൻ സാധിക്കുമോയെന്നത് ആലോചിക്കാം. പോസ്റ്റിന്റെ കാര്യം പറഞ്ഞു, 140 Kg ആയിരുന്നത് ഇപ്പോൾ

200 kg ആക്കിയിട്ടുണ്ട്. ഇപ്പോൾ വളരെ ശക്തിയുള്ള പോസ്റ്റിനാണ് ഓർഡർ നൽകിയിരിക്കുന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ, കേന്ദ്ര ഇലക്ട്രിസിറ്റി നിയമം വരുമ്പോൾ വളരെക്കാലങ്ങൾകൊണ്ട് എസ്റ്റാബ്ലിഷ് ചെയ്ത ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിലൂടെ അവരുടെ വൈദ്യുതി വില കുറച്ച് വിൽക്കാൻ സാധിക്കും. സർക്കാരിന് വീലിംഗ് ചാർജ്ജ് എന്ന രീതിയിൽ ചെറിയൊരു തുക ലഭിക്കുമെന്നാണ് മനസ്സിലാക്കുന്നത്. പ്രൈവറ്റ് മേഖല ഉപയോഗിക്കുന്നതോ ഉപയോഗപ്പെടുത്തുന്നതോ അതുവഴി വിൽക്കുന്നതോ തെറ്റല്ല. പക്ഷേ കേരളം എസ്റ്റാബ്ലിഷ് ചെയ്തിട്ടുള്ള ഒരു ഡിസ്ട്രിബ്യൂഷൻ സിസ്റ്റം യു.ജി. കേബിളടക്കമുള്ള സൗകര്യങ്ങൾ കൊടുത്തിട്ടും കേരളത്തിന് കൂടുതൽ വീലിംഗ് ചാർജ്ജ് ലഭിക്കുന്നതിന് എന്തെങ്കിലും പരിശ്രമം കേന്ദ്ര റെഗുലേറ്ററിയുമായി ബന്ധപ്പെട്ട് കേരളം സ്വീകരിച്ചിട്ടുണ്ടോ; ഈ നിയമം നടപ്പാക്കിയാൽ കെ.എസ്.ഇ.ബി.എൽ.-ന് ഗുണമാണോ ദോഷമാണോ ഉണ്ടാകാൻ പോകുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കേന്ദ്ര ഇലക്ട്രിസിറ്റി നിയമം വന്നാൽ കെ.എസ്.ഇ.ബി.എൽ.-ന്റെ നിലനിൽപ്പുതന്നെ അപകടത്തിലാകും. ഡിസ്ട്രിബ്യൂഷൻ സൈഡിൽ ബുക്ക് വാല്യൂവിൽത്തന്നെ 12,000 കോടി രൂപ

ഇറക്കിയിട്ടുണ്ട്. ശരിക്കുള്ള വില ഒരു ലക്ഷം കോടി രൂപയിൽ അധികമാകും. അത് മുഴുവൻ പ്രൈവറ്റുകാർക്ക് ഉപയോഗിക്കാവുന്ന സാഹചര്യമാണ് ഉണ്ടാകുന്നത്. ഉപഭോക്താവിന് കുറഞ്ഞവിലയ്ക്ക് എവിടെനിന്ന് വൈദ്യുതി കിട്ടുന്നോ അവിടെനിന്നും വാങ്ങി ഉപയോഗിക്കാനുള്ള സ്ഥിതിവരികയാണ്. നമ്മുടെ ഉത്പാദനച്ചെലവ് ഏകദേശം നാലര-അഞ്ച് രൂപയാണ് വരുന്നത്. 2.30 രൂപയ്ക്ക് നൽകാൻ കഴിയുമെന്നാണ് ഇന്ന് വാർത്തയിൽ കണ്ടത്. അവരത് ഉപയോഗിക്കുമ്പോൾ നമ്മുടെ നിലനിൽപ്പിനെ വല്ലാതെ അപകടത്തിലാക്കും. അതുകൊണ്ടാണ് കേന്ദ്ര നിയമത്തെ എതിർക്കുന്നത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, വൈദ്യുതി വകുപ്പിന്റെ പ്രവർത്തനം ശ്ലാഘനീയമായി നടക്കുന്ന കാലഘട്ടമാണിത്. പ്രത്യേകിച്ചും പ്രളയകാലത്തടക്കം ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാരുടെ പ്രവർത്തനം ഏറെ പ്രശംസനീയമാണ്. വിവിധ മേഖലകളിലായി സൗജന്യ വൈദ്യുതി നൽകുന്ന ജനവിഭാഗങ്ങളുണ്ട്. എത്ര യൂണിറ്റാണ് ഇപ്പോൾ സൗജന്യമായി നൽകുന്നത്; ഗാർഹിക കണക്ഷന് അപേക്ഷ നൽകിയാൽ എത്ര ദിവസത്തിനുള്ളിൽ കണക്ഷൻ നൽകാൻ സാധിക്കും?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, നേരത്തെ 20 യൂണിറ്റായിരുന്നത് ഇപ്പോൾ 30 യൂണിറ്റുവരെ സൗജന്യമായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഗാർഹിക

കണക്ഷൻ നൽകുന്നതിന് സമയബന്ധിതമായി ഒരു പരിപാടി തയ്യാറാക്കുന്നുണ്ട്. അതനുസരിച്ച് വളരെ പെട്ടെന്നുതന്നെ ലഭിക്കാനുള്ള നടപടി സ്വീകരിക്കും.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, വൈദ്യുതിയുടെ ദുരുപയോഗം തടയേണ്ടത് ഒരാവശ്യമായി വന്നിരിക്കുകയാണ്. ഓഫീസിലും പൊതുയിടങ്ങളിലും വൈദ്യുതി വിളക്കുകൾ സമയത്ത് അണയ്ക്കാതിരിക്കുന്നതിലൂടെയും എ.സി. ഓഫാക്കാതിരിക്കുന്നതിലൂടെയും വൈദ്യുതി ബോർഡിന് ധാരാളം വൈദ്യുതി പ്രസരണ രംഗത്ത് നഷ്ടമാകുന്നുണ്ട്. ഇതോടൊപ്പം വൈദ്യുതി മോഷണവും നടക്കുന്നുണ്ട്. ഇവ രണ്ടും നിയന്ത്രിക്കുന്നതിനും തടയുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഇപ്പോൾ പഴയതുപോലെയല്ല, ജീവനക്കാരെല്ലാം ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ട്. വൈദ്യുതി പ്രസരണ രംഗത്ത് നഷ്ടം വരാനുള്ള സാധ്യത പഴയതിനേക്കാൾ വളരെ കുറവാണ്. വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് ഐ.ജി.യുടെ നേതൃത്വത്തിൽ ഒരു സ്ക്വാഡ് രൂപീകരിക്കാൻ ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മോഷണ ശ്രമം വളരെ സജീവമായി തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

വിദ്യാശ്രീ പദ്ധതി

2(*452) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് വിദ്യാശ്രീ പദ്ധതി മുഖേന നൽകിയ കൊക്കോണിക്സ് ലാപ്ടോപ്പ് പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾ അടച്ചതുക ആവശ്യപ്പെടുന്നപക്ഷം തിരിച്ച് നൽകാൻ കെ. എസ്. എഫ്. ഇ. തയ്യാറാകുമോ;

(ബി) ലാപ്ടോപ്പ് പ്രവർത്തനരഹിതമായിട്ടും തവണ മുടക്കിയാൽ പിഴപ്പലിശ ഈടാക്കുമെന്ന അറിയിപ്പ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതായുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിരവധി തവണ മാറ്റി നൽകിയ ലാപ്ടോപ്പുകൾപോലും പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കാൻ ബദൽ സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ; വിശദമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) കെ.എസ്.എഫ്.ഇ. വിദ്യാശ്രീ പദ്ധതി പ്രകാരം കുടുംബശ്രീ അംഗങ്ങളുടെ വിദ്യാർത്ഥികളായ മക്കൾക്ക് വിതരണം ചെയ്ത കൊക്കോണിക്സ് കമ്പനിയുടെ ലാപ്ടോപ്പുകൾ തകരാറായതായി വ്യാപക പരാതികൾ വന്ന സാഹചര്യത്തിൽ കൊക്കോണിക്സ് കമ്പനിതന്നെ തകരാറായ ലാപ്ടോപ്പുകൾ തിരിച്ചെടുത്തുകൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്. അതുപ്രകാരം തകരാർ വന്ന കൊക്കോണിക്സ് ലാപ്ടോപ്പുകൾ തിരികെ ശാഖകളിൽ തിരിച്ചേല്പിക്കാനുള്ള നിർദ്ദേശം കെ.എസ്.എഫ്.ഇ. നൽകിയിട്ടുണ്ട്.

'വിദ്യാലക്ഷ്മി' എന്നാണ് പദ്ധതിയുടെ പേരായി ചോദ്യത്തിൽ വന്നിരുന്നത്. 'വിദ്യാലക്ഷ്മി' എന്നൊരു പദ്ധതി നമുക്കില്ല. 'വിദ്യാശ്രീ'-യെ ഉദ്ദേശിച്ചാണെന്നുള്ളതുകൊണ്ടാണ് മറുപടി പറയുന്നത്. 'വിദ്യാലക്ഷ്മി' എന്നത് കേന്ദ്ര സർക്കാരിന്റെ ഒരു പോർട്ടലാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ലാപ്ടോപ്പുകൾ വിതരണം ചെയ്യാൻ കാലതാമസം വരുത്തിയ എച്ച്.പി., ലെനോവോ എന്നീ കമ്പനികൾക്കെതിരായി ഉചിതമായ നിയമനടപടികൾ സ്വീകരിക്കുവാൻ കെ.എസ്.എഫ്.ഇ. എം.ഡി.യെ ചുമതലപ്പെടുത്തി 10.08.2021-ലെ ജി.ഒ.(എം.എസ്.)44/2021/നി.വ.

പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ലാപ്ടോപ്പുകൾ പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിലും കമ്പനികൾ ലാപ്ടോപ്പുകൾ സപ്ലൈ ചെയ്യുവാൻ വൈകുന്ന സാഹചര്യത്തിലും പ്രസ്തുത ഉത്തരവുപ്രകാരം വിദ്യാശ്രീ പദ്ധതിയിൽ പുനഃക്രമീകരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 500/- രൂപ വീതം 30 മാസ തവണകളായി അടയ്ക്കേണ്ട 15,000/- രൂപയുടെ ചിട്ടി 500/- രൂപ വീതം 40 മാസ തവണകളായി അടച്ചുതീർക്കുന്ന 20,000/-രൂപയുടെ ചിട്ടിയായി പുനഃക്രമീകരണം ചെയ്യുന്നതിനും കെ.എസ്.എഫ്.ഇ. മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതുപ്രകാരം ഗുണഭോക്താക്കൾക്ക് പൊതുവിപണിയിൽനിന്നും ഇഷ്ടമുള്ള ലാപ്ടോപ്പ്/ടാബ്ലെറ്റ് വാങ്ങി ആയതിന്റെ ഇൻവോയിസ്/ബിൽ ഹാജരാക്കുന്ന മുറയ്ക്ക് ലാപ്ടോപ്പിന്റെ/ ടാബ്ലെറ്റിന്റെ വില അല്ലെങ്കിൽ പരമാവധി 20,000/- രൂപ ഏതാണോ കുറവ് ആ തുക വായ്പയായി അനുവദിക്കുന്നതാണ്. ലാപ്ടോപ്പ് ലഭ്യമാകുവാൻ കാലതാമസമുണ്ടാകുമെന്ന് അറിയിച്ചശേഷവും ആയത് വാങ്ങുവാൻ തയ്യാറാകുന്ന ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതുമാണ്.

ശ്രീ. സി.ആർ. മഹേഷിനുവേണ്ടി ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വളരെ പ്രതീക്ഷയോടുകൂടി നോക്കിക്കണ്ടൊരു പദ്ധതിയാണ് വിദ്യാശ്രീ പദ്ധതി. ഈ കോവിഡ് കാലത്ത് ഓൺലൈൻ പഠനത്തിന് ബുദ്ധിമുട്ടനുഭവിക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി സർക്കാർ കൊണ്ടുവന്നൊരു പദ്ധതിയാണിത്. കെ.എസ്.എഫ്.ഇ., കുടുംബശ്രീ, കെൽട്രോൺ എന്നിവയെല്ലാം അതിലുണ്ടായിരുന്നു. കേരളത്തിന്റെ സ്വന്തം ലാപ്ടോപ്പ് എന്നപേരിൽ ഇന്ത്യ മുഴുവൻ പ്രചരണം കൊടുത്താണ് കൊക്കോണിക്സിനെ അവതരിപ്പിച്ചത്. എന്നാൽ ഇപ്പോൾ അങ്ങയുടെ മറുപടിയിൽനിന്ന് മനസ്സിലാക്കുന്നത് ഈ പദ്ധതിതന്നെ മാറ്റപ്പെട്ടുകഴിഞ്ഞു എന്നാണ്. കുറഞ്ഞ വിലയിൽ കുട്ടികൾക്ക് ലാപ്ടോപ്പ് നൽകുന്നൊരു പദ്ധതിയെ ഇപ്പോൾ അങ്ങ് പറഞ്ഞത് പ്രകാരമാണെങ്കിൽ 20,000 രൂപയുടെ ഒരു വായ്പയാക്കി മാറ്റിയിരിക്കുകയാണ്. അതിന്റെ സങ്കല്പം തന്നെ തകർത്തുകൊണ്ടുള്ള ഒരു പുനഃക്രമീകരണമാണ് നടത്തിയിരിക്കുന്നത്. ലാപ്ടോപ്പ് വാങ്ങി പഠിക്കാൻ കഴിയുമെന്ന് പ്രതീക്ഷിച്ചിരുന്നവർക്ക് വായ്പ കൊടുക്കുകയാണ്. ഉന്നത വിദ്യാഭ്യാസത്തിനൊക്കെ പോകുന്ന കുട്ടികൾക്ക് ഈ പറഞ്ഞ നിരക്കിൽ പര്യാപ്തമായ ലാപ്ടോപ്പ് വാങ്ങാൻ കഴിയുമോ; അതിനാൽ ഈ പദ്ധതിയെ

സംബന്ധിച്ച് ഒരു പുനരാലോചന നടത്തുമോ; കൊക്കോണിക്സ് എന്ന കമ്പനിയുടെ എത്ര ലാപ്ടോപ്പുകൾ കൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കെൽട്രോണും വ്യവസായ വകുപ്പും മുൻകയ്യെടുത്ത് തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ലാപ്ടോപ്പാണ് കൊക്കോണിക്സ്. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് നേരത്തെ ഇതുസംബന്ധിച്ചൊരു ചോദ്യം ചോദിച്ചിരുന്നു. കൊക്കോണിക്സ് ലാപ്ടോപ്പിന്റെ പവർ സ്വിച്ചിന് ചെറിയൊരു പ്രശ്നമുണ്ട്. പവർ സ്വിച്ച് മോശമായി അവിടെ തിരിച്ചുകൊണ്ടുവരുന്നത് ശരിയാക്കിക്കൊടുക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ ഇത്തരമൊരു സാങ്കേതികവിദ്യ വികസിപ്പിക്കുമ്പോൾ ആദ്യം തന്നെ നമ്മൾ അതിനെ നിരുത്സാഹപ്പെടുത്താൻ പാടില്ല. എന്നാൽ ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകാനും പാടില്ല. അതുകൊണ്ടുതന്നെ പവർ സ്വിച്ച് റീപ്ലേസ് ചെയ്യുന്ന സംവിധാനം നടക്കുകയാണ്. കൊക്കോണിക്സിന് അപ്ലൈ ചെയ്ത ആളുകൾ കുറവാണ്. 4845 പേരാണ് അതിന് അപ്ലൈ ചെയ്തിരിക്കുന്നത്. അതിൽ ഏകദേശം 2150 എണ്ണം കൊടുത്തിട്ടുണ്ട്. മറ്റ് കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ നേരത്തെ വിശദമായ ചർച്ച വന്നതാണ്. 62480 പേരാണ് കുടുംബശ്രീ പദ്ധതിവഴി ഇതിനായി അപ്ലൈ ചെയ്തത്. അതനുസരിച്ച് എയ്സർ - 3640, കൊക്കോണിക്സ് - 4845,

എച്ച്.പി. - 34365, ലെനോവ - 19131 എന്ന നിലയിലാണ് കുടുംബശ്രീയുമായി ബന്ധപ്പെട്ട് ബുക്കിംഗ് വന്നത്. അതിന്റെ അടിസ്ഥാനത്തിൽ നമ്മൾ ഓർഡർ കൊടുക്കുകയും ചെയ്തു. ഓർഡർ കൊടുത്തതുപ്രകാരം സെപ്റ്റംബർ മാസത്തോടുകൂടി എച്ച്.പി. 26000 എണ്ണം തരാമെന്ന് പറഞ്ഞു. പലതവണ അവർ മാറ്റിയതാണ്. ഈ വിഷയം കഴിഞ്ഞ സഭാ സമ്മേളനത്തിലും വന്നിരുന്നു. അന്നുതന്നെ നമ്മൾ യോഗം വിളിച്ചുകൂട്ടി. ഉടനെ തരാമെന്ന് പറഞ്ഞെങ്കിലും വീണ്ടും നീണ്ടുപോകുകയാണ്. ലെനോവ 5019 എണ്ണം ഒക്ടോബർ മാസത്തോടെ തരാമെന്നാണ് പറഞ്ഞത്. അങ്ങനെ നോക്കിയപ്പോൾ ഏറ്റവും അത്യാവശ്യമായി ഡിജിറ്റൽ എഡ്യൂക്കേഷൻ നടക്കേണ്ട സമയത്ത് ഇത് കിട്ടില്ല എന്ന് മനസ്സിലായി. അവർ പറയുന്ന ന്യായം അവർക്ക് സാധനങ്ങൾ ലഭിക്കുന്നില്ലെന്നാണ്. ചൈനയിൽനിന്നും മറ്റ് രാജ്യങ്ങളിൽനിന്നുമാണ് ഇതിന്റെ സാധനങ്ങൾ വരേണ്ടത്. കോവിഡ് കാരണം ഈ സാധനങ്ങൾ ലഭിക്കുന്നില്ല. അതുകാരണം കുട്ടികൾക്ക് കാലതാമസം വരരുതെന്നതുകൊണ്ടാണ് പുനഃക്രമീകരിച്ചത്. 20000 രൂപ കൊടുക്കാൻ തീരുമാനിച്ചു. അതിൽ പലിശ സബ്സിഡിപോലെ നേരത്തെ സൂചിപ്പിച്ച കാര്യങ്ങളുണ്ട്. കുട്ടികൾക്ക് എത്രയുംവേഗം അത്

ലഭ്യമാക്കുന്നതിനുവേണ്ടിയാണ്. ലാപ്ടോപ്പ്, ടാബ് എന്നിവയിൽ ഏതെങ്കിലുമൊന്ന് കുടുംബശ്രീവഴി വാങ്ങാവുന്നതാണ്. അത് എളുപ്പമാക്കാൻവേണ്ടി ചെയ്തതാണ്. ഇവിടെവന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ, സഭയിൽവന്ന ഒരു വികാരംകൂടി കണക്കിലെടുത്തുകൊണ്ടാണ് ഇത് ചെയ്യാൻ തീരുമാനിച്ചത്. അത് വിദ്യാർത്ഥികൾക്ക് സഹായകരം തന്നെയായിരിക്കും. 20,000 രൂപയ്ക്കത്ത് ഈ സാധനങ്ങൾ കിട്ടും. അതിൽ കൂടുതലുള്ളതാണെങ്കിലും വാങ്ങിക്കാം. കോൺഫിഗറേഷൻ കൂടുതലുള്ള 24,000, 28,000 രൂപയുടെയൊക്കെ വേണമെങ്കിൽ വാങ്ങാം. ആ പണവും ചിട്ടിയായി ലഭിക്കും. അത് അവർക്ക് കുറച്ചുകൂടി നല്ലതായിരിക്കും. ഇവിടെ വന്ന ചർച്ചയുടെ അടിസ്ഥാനത്തിൽത്തന്നെയാണ് നമ്മൾ ആ പുനഃക്രമീകരണം നടത്തിയത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കൊക്കോണിക്സ് വാങ്ങിയവർ പെട്ടിരിക്കുകയാണ്. മൂന്നുതവണ മാറ്റി നൽകിയിട്ടും ഇപ്പോഴും കുഴപ്പത്തിലായിരിക്കുകയാണ്. ഒരു മാധ്യമപ്രവർത്തകൻ ഈ ലാപ്ടോപ്പ് കിട്ടിയ കുട്ടിയുടെ അടുത്തുചെന്ന് ചോദിച്ചു. എന്താണ് ഈ ലാപ്ടോപ്പിന്റെ പ്രശ്നം എന്ന്. ഇത് ഹാംഗാകുന്നതാണോ എന്നുചോദിച്ചപ്പോൾ കുട്ടി

പറഞ്ഞു, 'സാറേ, ഇത് ഹാംഗാകുന്നതാണോ എന്നറിയണമെങ്കിൽ ആദ്യം ഇതൊന്ന് ഓൺ ആകണ്ടേ' എന്നാണ്. ഓൺ ആകാത്ത ലാപ്ടോപ്പ് മൂന്നുതവണ മാറ്റിക്കൊടുത്തിട്ടും ശരിയാകുന്നില്ല. അവർ വാങ്ങി കൂട്ടുങ്ങിയിരിക്കുകയാണ്. പഠിക്കാൻ കഴിയാത്ത സാഹചര്യമാണ്. ലാപ്ടോപ്പ് പ്രവർത്തിക്കുന്നില്ലെങ്കിലും പിഴപ്പലിശ കൊടുക്കണമെന്ന് പറയുന്ന രൂപത്തിലുള്ള ചില കാര്യങ്ങളും കേൾക്കുന്നുണ്ട്. മൂന്നുതവണ ലാപ്ടോപ്പ് മാറ്റിയിട്ടും ശരിയാകാത്ത കുട്ടികൾക്കെങ്കിലും പ്രവർത്തിക്കുന്ന, പുതിയ ലാപ്ടോപ്പ് പകരം നൽകാനുള്ള സംവിധാനം ഗവൺമെന്റ് സ്വീകരിക്കുമോ; ഒരു പുതിയ സാങ്കേതികവിദ്യ ഇൻട്രൊഡ്യൂസ് ചെയ്ത പ്രശ്നമാണെന്നൊക്കെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതെനിക്ക് മനസ്സിലായിട്ടില്ല. ലാപ്ടോപ്പ് ഒരു പുതിയ സാങ്കേതിക വിദ്യയാണോ; കൊക്കോണിക്സ് മൊത്തത്തിൽ തട്ടിപ്പാണ്; ക്രമക്കേടാണ്. അതും കൂടി അന്വേഷിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കൊക്കോണിക്സിന്റെ കാര്യത്തിൽ 461 ലാപ്ടോപ്പുകൾ റീപ്ലേസ് ചെയ്തിട്ടുണ്ട്. അവർക്ക് ചില പരാതികൾ ബ്രാഞ്ചിൽ വന്നത് റീപ്ലേസ് ചെയ്തിട്ടുണ്ട്. 57 എണ്ണം ഫാൾട്ടിയായി റിപ്പോർട്ട് ചെയ്തത് റീപ്ലേസ് ചെയ്യാനുണ്ട്. പുതിയൊരു

സാങ്കേതികവിദ്യ കേരളത്തിൽ ഡെവലപ് ചെയ്യണമെന്നല്ല ഞാൻ പറഞ്ഞത്. സാങ്കേതികവിദ്യ നല്ലതുപോലെ ചെയ്യാൻ പറ്റുന്ന, ഏറ്റവും കൂടുതൽ ഡിജിറ്റൽ ഉപകരണങ്ങൾ ഇപ്പോൾ വിൽക്കുന്നൊരു സംസ്ഥാനം കേരളമാണ്. അതെന്തുകൊണ്ടാണ്? നമ്മുടെ വിദ്യാഭ്യാസ മേഖലയിലെടുത്ത സമീപനം കാരണമാണ്. ഇത്തരമൊരു സൗകര്യത്തെ നമ്മൾ നാട്ടിൽ വളർത്തിയെടുക്കണം. പോരായ്മകൾ വന്നാൽ അത് പരിശോധിക്കണം. അക്കാര്യം ബന്ധപ്പെട്ട വകുപ്പും ചെയ്യും.

ഇവരുടെ ഉത്പന്നങ്ങൾ വാങ്ങിയത് വർക്ക് ചെയ്യാത്ത സമയത്ത് പിഴപ്പലിശ അടയ്ക്കേണ്ടി വരുമെന്നുള്ളകാര്യം ശ്രദ്ധയിൽ വന്നിട്ടില്ല. പക്ഷേ അങ്ങനെയൊരു കാര്യമുണ്ടെങ്കിൽ അത് അനുവദിക്കുന്ന പ്രശ്നമില്ല. ആ സമയത്ത് പിഴപ്പലിശയൊന്നും അടയ്ക്കേണ്ട കാര്യമില്ല. അക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. വിദ്യാർത്ഥികൾക്കും കുടുംബങ്ങൾക്കുമൊപ്പം നിൽക്കാൻവേണ്ടിത്തന്നെയാണ് ഇക്കാര്യങ്ങളിൽ നമ്മൾ ഇടപെടുന്നത്. യാതൊരു സംശയവും അതിലില്ല.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രി അഞ്ചര ലക്ഷം ലാപ്ടോപ്പുകൾ വിതരണം ചെയ്യുമെന്നും ഇതിലൂടെ ഏകദേശം 50 ലക്ഷം പേർക്ക് പ്രയോജനം കിട്ടുമെന്നുമാണ് അന്ന്

പത്രസമ്മേളനത്തിലൂടെ അറിയിച്ചത്. ഇന്ന് ഈ പദ്ധതി ആകെ തകർന്ന് തരിപ്പണമായി നിൽക്കുകയാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയിൽത്തന്നെ വ്യക്തമാണ്. ഇപ്പോൾ 20,000 രൂപ അടച്ച് സാധനം വാങ്ങി ബിൽ കൊണ്ടുവന്നാൽ മാത്രമേ പണം കൊടുക്കാൻ കഴിയുകയുള്ളൂ എന്നാണ് മന്ത്രിയുടെ മറുപടിയിൽനിന്ന് വ്യക്തമാകുന്നത്. ഇതിന് സൗകര്യമില്ലാത്ത പാവപ്പെട്ട, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബശ്രീ അംഗങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. അവർ ഇരുപതിനായിരമോ പതിനായിരമോ ഇരുപത്തിഅയ്യായിരമോ രൂപ മുടക്കി ഈ ലാപ്ടോപ്പുകൾ വാങ്ങി അതിന്റെ ബിൽ കൊണ്ടുവരണമെന്ന് പറയുന്നത് എത്രമാത്രം പ്രായോഗികമാണ് എന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. എന്റെ ചോദ്യം, എത്ര ലാപ്ടോപ്പുകൾ പ്രവർത്തനരഹിതമായി കമ്പനിക്ക് തിരികെ എടുക്കേണ്ടിവന്നു; ഇത് എത്ര വിദ്യാർത്ഥികളുടെ പഠനത്തെ ബാധിച്ചു?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വലിയൊരു പദ്ധതി തന്നെയാണ് കേരളത്തിൽ പ്രഖ്യാപിച്ചത്. അക്കാര്യത്തിൽ ഒരു തർക്കവുമില്ല. ആ പദ്ധതിയുടെ ഭാഗമായി നമ്മൾ കൊടുക്കാമെന്ന്

പറഞ്ഞതിന്റെ അത്രയും ആളുകൾ അപ്ലൈ ചെയ്തില്ല. അപ്ലൈ ചെയ്തവരുടെ എണ്ണമാണ് നേരത്തെ പറഞ്ഞത്. അപ്ലൈ ചെയ്തവർക്ക് ലാപ്ടോപ്പ് ലഭ്യമാക്കുന്നതിനുള്ള ഓർഡറും കൊടുത്തു. ഓർഡർ കൊടുത്തുകഴിഞ്ഞപ്പോൾ വീണ്ടും രണ്ടോ മൂന്നോ മാസക്കാലം നീണ്ടുപോയാൽ കുട്ടികൾക്ക് ഇപ്പോഴത്തെ വിദ്യാഭ്യാസ പദ്ധതിയിൽ അത് ബുദ്ധിമുട്ടുണ്ടാക്കും എന്നതുകൊണ്ടാണ് അതിലിടപെട്ടത്. ഈ പദ്ധതിയാകെ തകർന്നുപോയെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ പറയുകയുണ്ടായി. പദ്ധതി തകർന്നുപോയിട്ടില്ല. കുട്ടികളെ ബുദ്ധിമുട്ടിലാക്കാതിരിക്കാനാണ് ഇപ്പോൾ ഇത്തരത്തിൽ ലാപ്ടോപ്പ് കൊടുക്കാൻ തീരുമാനിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡിജിറ്റൽ എഡ്യൂക്കേഷനുവേണ്ടി ഇപ്പോൾ നടത്തുന്ന ഇനീഷ്യേറ്റീവിന്റെ ഭാഗമായി ഈ ആപ്ലിക്കന്റ്സ് കുറയുമെന്നുള്ളതിൽ സംശയമില്ല. കാരണം പണമില്ലാത്തവർക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് അല്ലാതെ തന്നെയുള്ള സംവിധാനങ്ങൾക്കായി ഗവൺമെന്റുതന്നെ മുൻകയ്യെടുക്കുകയാണ്. കേരളത്തിൽ ആയിരക്കണക്കിനല്ല, ലക്ഷക്കണക്കിന് വിതരണം ചെയ്തുകഴിഞ്ഞു. അതുകൊണ്ട് ചിട്ടിയിലേയ്ക്കുപോയി വാങ്ങേണ്ട സ്ഥിതിയിലേയ്ക്കല്ല പോകുന്നത്.

രണ്ടാമതൊരു കാര്യം, അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു ചോദ്യമാണ് ചോദിച്ചത്. പണം മുഴുവനും അടച്ച് ബില്ലെടുത്ത് കൊണ്ടുവരാനല്ല പറഞ്ഞിരുന്നത്. ബിൽ/ഇൻവോയിസ് എന്നുപറഞ്ഞാൽ എന്താണ് അർത്ഥം? ബിൽ/ഇൻവോയിസ് എന്നുപറഞ്ഞാൽ അതിനെ സംബന്ധിച്ച് ഇവിടെനിന്ന് പേമെന്റ് കൊടുക്കത്തക്ക വിധത്തിലുള്ള സംവിധാനം കൂടിയല്ലേ; എസ്റ്റിമേറ്റ് അല്ലെങ്കിൽ ഒരു പർച്ചേസ് പ്രൈസിനെ സംബന്ധിച്ചുള്ള ഇൻവോയിസ് കൊടുത്താൽ അതനുസരിച്ച് കൊടുക്കും. ഇത് കുടുംബശ്രീയെക്കൂടി ബന്ധപ്പെടുത്തിയിട്ടുള്ളതാണ്. ടൈപാർട്ടി എഗ്രിമെന്റുണ്ട്. അങ്ങനെ കൊടുക്കുമെന്ന് തന്നെയാണ് തീരുമാനം. ഈ തീരുമാനമനുസരിച്ച് കൊടുക്കും.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞങ്ങൾ ചോദ്യം ചോദിക്കുമ്പോൾ തെറ്റിദ്ധരിപ്പിക്കപ്പെടുന്ന ചോദ്യമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഖേദകരമാണ്. സഭയിലാണ് ഞങ്ങൾ ചോദ്യം ചോദിക്കുന്നത്, സ്വാഭാവികമായും അതിന് മറുപടി പറയേണ്ടത് മന്ത്രിയാണ്. വിദ്യാശ്രീ പദ്ധതിവഴി വിദ്യാർത്ഥികൾക്ക് നൽകിയ കൊക്കോണിക്സ് ലാപ്ടോപ്പുകൾ പ്രവർത്തനരഹിതമാണെന്ന് മന്ത്രിതന്നെ ഇവിടെ പറഞ്ഞുകഴിഞ്ഞു. അതുസംബന്ധിച്ച വാർത്തകൾ പുറത്തുവന്നിട്ടുമുണ്ട്. സ്വകാര്യ കമ്പനികൾക്ക്

51 ശതമാനം ഷെയറുള്ള കൊക്കോണിക്സ് കമ്പനിക്ക് ലാപ്ടോപ്പ് കരാർ നൽകിയതിന്റെ കാരണം വിശദമാക്കാമോ; ഇത്തരം കമ്പനികൾക്കെതിരെ എന്തുനടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കൊക്കോണിക്സിന്റെ കാര്യത്തിൽ ഞാൻ നമ്പർ വായിച്ചു, ആവർത്തിക്കുന്നില്ല. നമ്മുടെ പൊതുമേഖലയും സ്വകാര്യമേഖലയും ചേർന്ന് കേരളത്തിൽ ഈ പ്രോഡക്ട് ഉത്പാദിപ്പിക്കാൻ വേണ്ടിയാണ് കൊക്കോണിക്സ് എന്ന കമ്പനിക്ക് ഓർഡർ നൽകിയത്. നിയമപരമായ എല്ലാ കാര്യങ്ങളുമനുസരിച്ചാണ് ആ ഓർഡർ നൽകിയത്. അത്തരം സംരംഭങ്ങളേ വേണ്ട, കേരളത്തിനകത്ത് ഉത്പാദനം വർദ്ധിപ്പിക്കുന്ന ഒരു സംരംഭവും വേണ്ട എന്നുപറയുന്നത് ശരിയല്ല. നിയമപരമായിട്ടുതന്നെ ചെയ്യണമെന്നുള്ളതാണ് പ്രധാനം. അതനുസരിച്ചുള്ള പർച്ചേസ് ഓർഡറാണ് കൊടുത്തിട്ടുള്ളത്. ഇവിടെ കുട്ടികൾക്ക് വന്ന ബുദ്ധിമുട്ടിന്റെ കാര്യം ഞാൻ പറഞ്ഞു, അവർക്ക് റീപ്ലേസ് ചെയ്ത് കൊടുത്തിട്ടുണ്ട്. ഇനിയും അത്തരം കാര്യങ്ങളുണ്ടെങ്കിൽ റീപ്ലേസ് ചെയ്ത് കൊടുക്കും. പിഴപ്പലിശ തുടങ്ങിയ കാര്യങ്ങളുണ്ടാകില്ലെന്നും അക്കാര്യത്തിൽ സർക്കാർ വിദ്യാർത്ഥികൾക്കൊപ്പമാണെന്നും ഞാൻ പറഞ്ഞു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വിദ്യാശ്രീ പദ്ധതിയിലൂടെ ഈ ഗവൺമെന്റ് നൽകിയത് ഇ-വേസ്റ്റാണെന്ന് എനിക്ക് തോന്നിപ്പോകുകയാണ്.ഏറ്റവുമധികം ഇ-വേസ്റ്റുകൾ സമൂഹത്തിലുണ്ടാകുന്നത് എപ്പോഴാണ്? വിലകുറഞ്ഞ ലാപ്ടോപ്പുകൾ 15000-20000 രൂപയ്ക്ക് ലഭിക്കും. നൂതന സാങ്കേതികവിദ്യയുള്ള ലാപ്ടോപ്പിന് 50000-60000 രൂപ വിലവരും. പാവപ്പെട്ട ആൾക്കാർക്ക് കൊടുക്കുമ്പോൾ വിലകുറഞ്ഞത് കൊടുക്കരുത്. അവർക്ക് അത് ഉപയോഗിക്കാൻ പറ്റുകയില്ല. ഇതെല്ലാം വലിയ ഇ-വേസ്റ്റായി മാറിക്കൊണ്ടിരിക്കുകയാണ്. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ ലാപ്ടോപ്പുകൾ നൽകാൻവേണ്ടി കമ്പനികളെ തെരഞ്ഞെടുത്തത് ടെണ്ടർ നടപടികളിലൂടെയാണോ; മോശപ്പെട്ട ലാപ്ടോപ്പാണ് നൽകിയതെങ്കിൽ നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, എല്ലാവർക്കും ഏറ്റവും കൂടിയ ലാപ്ടോപ്പും സംവിധാനങ്ങളും കൊടുക്കണമെന്ന ആഗ്രഹം നല്ലതാണ്. അങ്ങനെ എത്തിക്കാൻവേണ്ടി നമുക്ക് ശ്രമിക്കാം. ബഹുമാനപ്പെട്ട എം.എൽ.എ.മാർ ഉൾപ്പെടെയുള്ളവർ നമ്മുടെ നാട്ടിൽ ധാരാളം ടാബുകളും മൊബൈൽ ഫോണുകളും കൊടുക്കുന്നുണ്ട്. പുതുതായി വിദ്യാഭ്യാസ വകുപ്പ്

ചില കോൺഫിഗറേഷനും സ്പെസിഫിക്കേഷനും പറഞ്ഞതനുസരിച്ചാണ് പർച്ചേസ് ചെയ്തുകൊടുക്കുന്നത്. നമുക്ക് ആപ്പിളും എച്ച്.പി.യുടെ ഏറ്റവും ഉയർന്ന മോഡലുമൊക്കെ കൊടുക്കാൻ സാധിക്കുമോ; നമ്മൾ തന്നെ ഏറ്റവും നല്ലതാണോ ഉപയോഗിക്കുന്നത്? കുട്ടികൾക്ക് നന്നായി ഉപയോഗിക്കാൻ പറ്റുന്ന സൗകര്യങ്ങൾ കൊടുക്കുകയെന്നതാണ് പ്രധാനം. പർച്ചേസ് ചെയ്തിട്ടുള്ള കാര്യങ്ങളിൽ തീരുമാനമെടുത്തിട്ടുള്ളത് ഗവൺമെന്റിന്റെ നിയമപരമായ പ്രൊസീഡ്യുവർ അനുസരിച്ചാണ്. അല്ലാതെ ഏതെങ്കിലും വ്യക്തികൾക്ക് അവരുടെ താല്പര്യത്തിനനുസരിച്ച് ചെയ്യാൻ പറ്റുകയില്ല. നിയമമനുസരിച്ച് തന്നെയാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, നമ്മുടെ തനതായ ടെക്നോളജി ഡെവലപ് ചെയ്ത് അതിനെ പ്രോത്സാഹിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇത് കെൽട്രോൺതന്നെ ഡെവലപ്പ് ചെയ്യുന്നതാണോ അതോ സ്വകാര്യ കമ്പനികൾ അസംബിൾ ചെയ്ത് കെൽട്രോണിന്റെ ബ്രാൻഡിൽ വിൽക്കുന്നതാണോ; അങ്ങനെയാണെങ്കിൽ അസോസിയേറ്റ് ചെയ്യുന്ന കമ്പനികളെ തെരഞ്ഞെടുക്കുമ്പോൾ അതിന്റെ മെരിറ്റിലുള്ള എല്ലാ പ്രൊസീഡ്യുവറും പാലിക്കാതെ വല്ല അബദ്ധവും സംഭവിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, അങ്ങേയ്ക്ക് നന്നായി

അറിയാവുന്നതല്ലേ കെൽട്രോണിന്റെയും വ്യവസായ വകുപ്പിന്റെയും പ്രവർത്തനം? അങ്ങ് ദീർഘകാലം മന്ത്രിയായിരുന്നതാണല്ലോ? ഈ കാര്യത്തിൽ അസോസിയേറ്റ് ചെയ്തേ ചെയ്യാൻ പറ്റുകയുള്ളൂ. ഇന്നലെ ഒരു വാർത്ത വന്നത് ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്, ടാറ്റാ കമ്പനി ചിപ്പ് മേക്കിംഗിലേയ്ക്ക് പോകുകയാണ്. കാരണം, ഇപ്പോൾ മിക്കവാറും കാറുകളുടെ ഹൃദയം ഡിജിറ്റലാണ്. ചിപ്പുകൾ ആവശ്യത്തിന് ലഭ്യമാകാത്തതുകൊണ്ട് അവരുടെ ഏറ്റവും പ്രധാനപ്പെട്ട യൂറോപ്പിലെ യൂണിറ്റുകളിൽപ്പോലും പ്രവർത്തനം നടത്താൻ സാധിക്കുന്നില്ല. അങ്ങനെ ഇത്തരം സാങ്കേതിക വിദ്യ കയ്യിലുള്ളത് അപൂർവ്വം ചില കമ്പനികളിൽ മാത്രമാണ്. ലെനോവ ആയാലും എയ്സർ ആയാലും എച്ച്.പി. ആയാലും ഉപയോഗിക്കുന്ന ചിപ്പുകൾ ഉണ്ടാക്കുന്നത് ലോകത്തെ ഒന്നോ രണ്ടോ കമ്പനികളാണ്. അത്തരം കമ്പനികളിൽനിന്ന് വാങ്ങി തദ്ദേശീയമായ കമ്പനികളും സ്വകാര്യ മേഖലയും പൊതുമേഖലയും ചേർന്ന് അസംബിൾചെയ്ത് കൊണ്ടുവരുന്ന പദ്ധതിയാണ്. അത് കൂടുതൽ മെച്ചപ്പെടാനും മുന്നോട്ടുപോകാനും വേണ്ടിയാണ് നമ്മൾ ശ്രമിക്കുന്നത്. കെൽട്രോണാണ് ഇന്ത്യയിൽ നല്ല ടെലിവിഷൻ ഉത്പാദിപ്പിച്ചിരുന്നത്. നമുക്ക് പിന്നെ അതേ ഗതിയിൽ മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. അങ്ങനെ മുന്നോട്ടുപോകണമെന്ന

ആഗ്രഹത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലെ വ്യവസായ രംഗത്ത് ഇത്തരം ചില സ്കീമുകൾ നടപ്പിലാക്കുന്നത്. അതിന് പോരായ്മയുണ്ടെങ്കിൽ പരിഹരിച്ച് മുന്നോട്ടുപോകാൻ വേണ്ട ശ്രമം നടത്തണം. അതിൽ യാതൊരു തർക്കവുമില്ല.

ശ്രീ. എം. വിൻസെന്റ്: സർ, അഞ്ച് ലക്ഷം പേർക്ക് ലാപ്ടോപ്പ് നൽകുമെന്ന് പറഞ്ഞിട്ട് ഇത്രയും പേർക്ക് മാത്രമേ കൊടുക്കാൻ കഴിഞ്ഞുള്ളൂ എന്നിരിക്കെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അത്ര അപേക്ഷകരേ വന്നിട്ടുള്ളൂവെന്നാണ്. സൗജന്യമായി കൊടുക്കേണ്ടത് ലോണായി കൊടുക്കുമ്പോൾ അത് തിരിച്ചടയ്ക്കാൻ നിവർത്തിയില്ലാത്തതുകൊണ്ടാണ് അപേക്ഷകർ കുറയുന്നത്. റീപ്ലേസ് ചെയ്തുകൊടുക്കുമെന്ന് പറഞ്ഞു. ഒരിക്കൽ കൊടുത്ത് റീപ്ലേസ് ചെയ്തു, വീണ്ടും റീപ്ലേസ് ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള കമ്പനിക്കെതിരായി എന്ത് നടപടി സ്വീകരിച്ചുവെന്നാണ് ഇവിടെ രണ്ട് അംഗങ്ങൾ ചോദിച്ചത്. അതിന് വ്യക്തമായ മറുപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായില്ല. ഓണപ്പരീക്ഷയ്ക്ക് സമയമായി. നാളിതുവരെയായി സർക്കാർ ഈ പദ്ധതിപ്രകാരം എത്ര പേർക്കാണ് സൗജന്യമായി ലാപ്ടോപ്പും സ്മാർട്ട് ഫോണുംപോലുള്ള ഡിജിറ്റൽ ഡിവൈസ് വാങ്ങിക്കൊടുത്തതെന്ന്

പറയാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ പദ്ധതിവഴി സൗജന്യമായി ലാപ്ടോപ്പ് നൽകുന്നില്ല. ഇത് വേറൊരു പദ്ധതിയാണ്. കെ.എസ്.എഫ്.ഇ. ചിട്ടിയുമായി ബന്ധപ്പെട്ട പദ്ധതിയാണ്. സർക്കാരിന്റെ പദ്ധതി വേറെയാണ്. അതുസംബന്ധിച്ചുള്ള കൃത്യമായ കണക്കുകൾ വരും. വിദ്യാഭ്യാസം, പട്ടികജാതി വികസനം തുടങ്ങിയ വകുപ്പുകൾ ചെയ്തിട്ടുള്ള കാര്യങ്ങളെക്കുറിച്ചുള്ള കണക്കുകൾ വരും. ഏകദേശം കൊടുക്കേണ്ടതിന്റെ കണക്ക് ഇവിടെ അവതരിപ്പിച്ചു. അങ്ങയുടെ മണ്ഡലത്തിലുൾപ്പെടെയുള്ള കാര്യങ്ങൾ അങ്ങേയ്ക്കറിയാം. ഈ പറഞ്ഞ കണക്കിനപ്പുറം വ്യാപകമായി ജനങ്ങളുടെ ഭാഗത്തുനിന്നും വിതരണം നടക്കുന്നുണ്ട്. എം.എൽ.എ.മാരും ജനപ്രതിനിധികളും തദ്ദേശഭരണ സ്ഥാപനങ്ങളും മുൻകയ്യെടുത്ത് ലക്ഷക്കണക്കിന് വിതരണം ചെയ്തിട്ടുണ്ട്.

വ്യവസായ മേഖലയിൽ അടിസ്ഥാന സൗകര്യം

3 (*453) ശ്രീ. പി. നന്ദകുമാർ:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. ആന്റണി ജോൺ:

ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി കിൻഫ്ര നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കിൻഫ്ര പൂർത്തിയാക്കിയിട്ടുള്ളതും പുതുതായി നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) കണ്ണൂർ എയർപോർട്ടിന്റെ സൗകര്യം വിനിയോഗിക്കുകയെന്ന ഉദ്ദേശ്യത്തോടെ മട്ടന്നൂരിൽ വിവിധോദ്ദേശ്യ വ്യവസായ പാർക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പെട്രോകെമിക്കൽ പാർക്കിന്റെ വികസനത്തിനായി നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഇ) കർഷകരുടെ താല്പര്യംകൂടി പരിരക്ഷിക്കുന്നതിനായി സംയോജിത റൈസ് പാർക്കുകൾ സ്ഥാപിക്കാൻ കിൻഫ്ര നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, (എ) വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനും അതിന്റെ സാധ്യത വിലയിരുത്തി പ്രസ്തുത ഭൂമി വ്യാവസായിക വികസനത്തിന് അനുയോജ്യമാണോയെന്നത് സംബന്ധിച്ച്

പഠിക്കുന്നതിനുംവേണ്ടി ജനറൽ മാനേജർ, ഡി.ഐ.സി. അദ്ധ്യക്ഷനായുള്ള ഒരു ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റി സർക്കാർ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സ്ഥലം സന്ദർശിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി കിൻഫ്രയ്ക്ക് സമർപ്പിക്കും. ഇതേത്തുടർന്ന് പ്രസ്തുത സ്ഥലത്തിനെ സംബന്ധിച്ച് കിൻഫ്ര മാർക്കറ്റ് ഡിമാന്റ് അസ്സെസ്സ്മെന്റ് സംബന്ധിച്ച പഠനം നടത്തി അനുയോജ്യമാണെന്ന് കണ്ടെത്തിയാൽ സർക്കാരിന്റെ അനുമതിക്ക് വിധേയമായി ഭരണാനുമതിക്കായി സമർപ്പിക്കും. ഭരണാനുമതി ലഭിച്ചാൽ ഭൂമി ഏറ്റെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന നടപടികൾ ആരംഭിക്കും. ഇപ്രകാരം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയ ഭൂമിയാണ് സംരംഭകർക്ക് ജില്ലാതല ഇൻഡസ്ട്രിയൽ ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം വ്യാവസായികാവശ്യങ്ങൾക്ക് അലോട്ട് ചെയ്യപ്പെടുന്നത്.

(ബി) കിൻഫ്ര നടപ്പിലാക്കിയ പദ്ധതികൾ കിൻഫ്ര അപ്പാരൽ പാർക്ക്, തിരുവനന്തപുരം, കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, എറണാകുളം, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം, കിൻഫ്ര ഭക്ഷ്യ സംസ്കരണ പാർക്ക്, മലപ്പുറം, ഭക്ഷ്യ സംസ്കരണ പാർക്ക്, അട്ടൂർ, ചെറുകിട വ്യവസായ പാർക്ക്, തിരുവനന്തപുരം,

ചെറുകിട വ്യവസായ പാർക്ക്, കുന്നന്താനം, പത്തനംതിട്ട, ചെറുകിട വ്യവസായ പാർക്ക്, അട്ടൂർ, പത്തനംതിട്ട, ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ, എറണാകുളം, ചെറുകിട വ്യവസായ പാർക്ക്, കൊരട്ടി, തൃശ്ശൂർ, ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി, കണ്ണൂർ, ചെറുകിട വ്യവസായ പാർക്ക്, വയനാട് ചെറുകിട വ്യവസായ പാർക്ക്, കാസർഗോഡ് കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി, എറണാകുളം, ഇലക്ട്രോണിക്സിനായുള്ള പ്രത്യേക സാമ്പത്തിക മേഖല, കളമശ്ശേരി, എറണാകുളം ടെക്സ്റ്റൈൽ സെന്റർ, നാടുകാണി, കണ്ണൂർ ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻഡ് ടെക്സ്റ്റൈൽ പാർക്ക്, കഞ്ചിക്കോട്, പാലക്കാട് കിൻഫ്ര വ്യവസായ പാർക്ക്, പിറവന്തൂർ, കൊല്ലം വ്യവസായ പാർക്ക്, ഒറ്റപ്പാലം, പാലക്കാട് ഭക്ഷ്യ സംസ്കരണത്തിനായി പ്രത്യേക സാമ്പത്തിക മേഖല, മലപ്പുറം ഐ.ടി/ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം ഗ്ലോബൽ ആയുർവ്വേദ വില്ലേജ്, തോന്നയ്ക്കൽ, തിരുവനന്തപുരം – ഒന്നാം ഘട്ടം കിൻഫ്ര ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾ താഴെ പറയുന്നവയാണ്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പെട്രോകെമിക്കൽ പാർക്ക്, എറണാകുളം മെഗാഫുഡ് പാർക്ക്, പാലക്കാട് ഡിഫെൻസ് പാർക്ക്,

ഒറ്റപ്പാലം, പാലക്കാട് ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ സ്പൈസസ് പാർക്ക്, ഇടുക്കി ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ, പാലക്കാട് ഐ.ടി/ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം രണ്ടാംഘട്ട വികസനം ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം.

(സി) മട്ടന്നൂരിൽ കിൻഫ്ര വ്യവസായ പാർക്ക് ആരംഭിക്കാൻ പദ്ധതിയുണ്ട്. 127 ഏക്കർ ഭൂമിയിൽ മട്ടന്നൂരിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ്, ജല സംഭരണി, ശുദ്ധജല വിതരണം, ലാൻഡ് ഡെവലപ്മെന്റ് വർക്ക്സ് എന്നിവ പുരോഗമിക്കുന്നു.

(ഡി) പെട്രോകെമിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. M/s. Voyants Consultants Pvt. Limited എന്ന കമ്പനിയാണ് ഇതിന്റെ രൂപരേഖ തയ്യാറാക്കിയത്. ഇപ്രകാരം അംഗീകരിച്ച രൂപരേഖ അടിസ്ഥാനമാക്കിയാണ് പ്രസ്തുത പദ്ധതിയുടെ അലോട്ട്മെന്റും വികസന

പദ്ധതികളും നടപ്പിലാക്കുന്നത്. നാളിതുവരെ കിൻഫ്ര 29 സംരംഭകർക്ക് വിവിധ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.

(ഇ) കാർഷികോത്പന്നങ്ങളിൽനിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതികൾ ലക്ഷ്യമാക്കി നെൽക്കർഷകരുടെ ഉന്നമനത്തിനും ഈ മേഖലയുടെ മൂല്യവർദ്ധനയും ലക്ഷ്യമാക്കി ആലപ്പുഴയിലും പാലക്കാട് ജില്ലയിലെ കിൻഫ്ര മെഗാ ഫുഡ് പാർക്കിലും കുട്ടനാട്ടിലും സംയോജിത റൈസ് ടെക്നോളജി പാർക്കുകൾ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 66.05 കോടി രൂപയാണ് പദ്ധതി ചെലവ് പ്രതീക്ഷിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്ക് പ്രവർത്തന സജ്ജമാക്കുകയെന്നതാണ് ലക്ഷ്യം. ഒന്നാംഘട്ട വികസന പ്രവർത്തനങ്ങൾ 2022 മാർച്ച് മാസത്തിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. പാലക്കാട് ജില്ലയിലെ കിൻഫ്ര മെഗാ ഫുഡ് പാർക്കിൽ ആരംഭിക്കാനുദ്ദേശിക്കുന്ന റൈസ് ടെക്നോളജി പാർക്കിന് 40 കോടി രൂപയാണ് പദ്ധതിച്ചെലവ് പ്രതീക്ഷിക്കുന്നത്. പദ്ധതി നടത്തിപ്പിനായി

കോയമ്പത്തൂർ ആസ്ഥാനമായുള്ള സി.എ. ആൻഡ് അസോസിയേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായും ഹൈദരാബാദ് ആസ്ഥാനമായുള്ള ശ്രീകോ പ്രോജക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ നിർമ്മാണ കരാറുകാരനായും തെരഞ്ഞെടുത്തു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2022 മാർച്ച് മാസത്തിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. പി. നന്ദകുമാർ: സർ, സമാനതകളില്ലാത്ത വ്യവസായ വികസന പദ്ധതിയാണ് കേരളത്തിൽ നടന്നുവരുന്നത്. FMCG (Fast moving Consumer Goods) Cluster Park-കൾ സ്ഥാപിക്കുകവഴി എത്രത്തോളം തൊഴിലവസരം വർദ്ധിക്കും; അതോടൊപ്പംതന്നെ ഓരോ മണ്ഡലത്തിലും വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യവസായ സൗഹൃദ അന്തരീക്ഷം അടിസ്ഥാനമാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പുരസ്കാരം നൽകുമോ?

ശ്രീ. പി. രാജീവ്: സർ, FMCG പാർക്കിൽ നിർമ്മിക്കുന്നത് Fast moving Consumer Goods ആണ്. ഇതുസംബന്ധിച്ച് FICCI (Federation of Indian Chambers of Commerce and Industry)-യുമായി രണ്ടുതവണ ചർച്ച നടത്തിയിരുന്നു. യഥാർത്ഥത്തിൽ കേരളത്തിൽ ഉപയോഗിക്കുന്ന

Fast moving Consumer Goods വിഭാഗത്തിൽ നമ്മൾ ഉപയോഗിക്കുന്ന ഉപഭോഗ സാധനങ്ങളിൽ മഹാഭ്രരിപക്ഷവും കേരളത്തിന് പുറത്താണ് ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രഗവൺമെന്റ് നയപ്രകാരം നോർത്ത്-ഈസ്റ്റ് മേഖലയ്ക്ക് പ്രത്യേകമായ Tax Holiday (നികുതി അവധി) നൽകിയിരുന്നത് ഇപ്പോൾ അവസാനിക്കാൻ പോകുകയാണ്. ആസാം, മണിപ്പൂർ, അരുണാചൽ പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലൊക്കെയാണ് ഇപ്പോൾ Hindustan Unilever Ltd, P&G India (Procter & Gamble Health Limited) തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളൊക്കെ അവരുടെ ഉത്പന്നങ്ങൾ നിർമ്മിക്കുന്നത്. ട്രാൻസ്പോർട്ടിംഗ് കോസ്റ്റ് കുറയുന്നതിന് കേരളത്തിൽ കൊണ്ടുവന്നാൽ സഹായകരമാകുമെന്ന ആശയം ഗവൺമെന്റ് അവരുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുണ്ട്. FICCI-യുടെ ഇന്ത്യൻ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുമുണ്ട്. ഈ രംഗത്ത് എൺപത് ശതമാനം മാർക്കറ്റും നിയന്ത്രിക്കുന്നത് ഇരുപത് പ്രധാനപ്പെട്ട കമ്പനികളാണ്. അവരുമായുള്ള പ്രാഥമിക ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. പാലക്കാട് അത്തരത്തിൽ 500 ഏക്കർ ഭ്രമി ലഭ്യമാക്കാൻ കഴിയുമെങ്കിൽ ഒരു പാർക്ക് ആരംഭിക്കാമെന്ന ചർച്ചയാണ് നടന്നുകൊണ്ടിരിക്കുന്നത്. അതോടൊപ്പംതന്നെ ഓരോ മണ്ഡലത്തിലും

വ്യവസായ പാർക്കുകൾ എന്ന ആശയം നേരത്തെ ഇവിടെ അവതരിപ്പിച്ചിരുന്നു. കിൻഫ്രയുടെയും കെ.എസ്.ഐ.ഡി.സി.യുടെയും പാർക്കുകൾ കൂടാതെ സ്വകാര്യ വ്യവസായ പാർക്കുകൾകൂടി എന്ന നയം കഴിഞ്ഞ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. അത്തരം വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് ഇവിടെ പരാമർശിച്ചതുപോലെ പഞ്ചായത്ത് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉദ്ദേശിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിരുന്നു. അദ്ദേഹം മുൻകയ്യെടുത്ത് കേരളത്തിലെ മുഴുവൻ പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ സെക്രട്ടറിമാരുടെ ഒരു യോഗം വിളിച്ചുചേർത്തതിൽ അദ്ദേഹവും ഞാനും പങ്കെടുത്തിരുന്നു. അതിന്റെയടിസ്ഥാനത്തിൽ കൂടുതൽ വ്യവസായങ്ങൾ ആരംഭിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെയൊക്കെ ഭാഗമായി തനത് വരുമാനത്തിൽ വർദ്ധനവുണ്ടാക്കുന്ന പഞ്ചായത്തുകളെയും മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്ന കാര്യവും ആലോചിക്കുന്നുണ്ട്.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, വ്യവസായ സ്ഥാപനങ്ങൾ, വ്യവസായ സംരംഭകർ ഇവരുമായൊക്കെ ബന്ധപ്പെട്ട് പ്രശ്നങ്ങൾ

പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ 'മീറ്റ് ദ പ്രസ്' പരിപാടി കൂടുതൽ വിപുലമായി നടത്താനുള്ള സാഹചര്യമുണ്ടാക്കുമോ? വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വളരെ ഗൗരവപ്പെട്ടതാണ്. അതുകൊണ്ടുതന്നെ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കാനാവശ്യമായ സംവിധാനം ഉടനടി നടത്താൻ തയ്യാറുണ്ടോ?

ശ്രീ. പി. രാജീവ്: സർ, എറണാകുളം, കോട്ടയം, തിരുവനന്തപുരം എന്നീ ജില്ലകളിൽ അത്തരത്തിൽ പരിപാടി സംഘടിപ്പിച്ചുകഴിഞ്ഞു. അതിന്റെ തുടർച്ചയായി ജില്ലകളിൽത്തന്നെയുള്ള മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർ ഫോളോഅപ് പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി എറണാകുളത്ത് വീണ്ടും അത്തരത്തിൽ ഒരു സംവിധാനം നടത്തിയിരുന്നു. ഈ മാസം 24-ാം തീയതി കോഴിക്കോട് അങ്ങനെയൊന്ന് ഉദ്ദേശിക്കുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ അതത് ജില്ലകളിലെ എം.എൽ.എ.മാരുമായി ചർച്ച നടത്താനും അവരുടെ ശ്രദ്ധയിലുള്ള എന്തെങ്കിലും പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ടെങ്കിൽ അതുചെയ്യാനും ആലോചിക്കുന്നുണ്ട്. കാലഹരണപ്പെട്ട നിയമങ്ങൾ എന്നതുസംബന്ധിച്ച് സഭയുടെ മുമ്പിൽ വളരെ ഗൗരവമായ ഒരു പ്രശ്നം ഉന്നയിക്കാനുണ്ട്.

കേരളത്തിൽ വ്യവസായം വരരുതെന്ന് ആഗ്രഹിക്കുന്ന ഒരു ലോബി ശക്തമായി പ്രവർത്തിക്കുന്നുണ്ട്. സഭയിൽ ഈ സമ്മേളനത്തിലെ ഒരു ചർച്ചയിൽ ബഹുമാനപ്പെട്ട അംഗത്തിന്റെതന്നെ 'കാലഹരണപ്പെട്ട നിയമങ്ങൾ പരിശോധിക്കാനുള്ള സംവിധാനം ഒരുക്കുന്നുണ്ടോ' എന്ന ചോദ്യത്തിന് മറുപടിയായി കാലഹരണപ്പെട്ട നിയമങ്ങളിലെ ചട്ടങ്ങളുടെ ഒരുഭാഗം ഞാൻ പരാമർശിച്ചിരുന്നു. അങ്ങനെ പരാമർശിച്ചശേഷം ഇത്തരം ചട്ടങ്ങളും നിയമങ്ങളും പരിശോധിച്ച് മാറ്റം വരുത്തുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടെന്നും പറഞ്ഞു. എന്നാൽ കാലഹരണപ്പെട്ട ചട്ടങ്ങളെക്കുറിച്ച് പറയുന്നതുമാത്രം അടർത്തിയെടുത്ത് സാമൂഹ്യമാധ്യമങ്ങളിൽ വ്യാപകമായ പ്രചരിപ്പിച്ചു. 'നിയമസഭയ്ക്കകത്ത് തന്നെ പറയുന്നുണ്ട്, മൺക്കൂജ വച്ചാലേ ഒരു കമ്പനി പ്രവർത്തിക്കാൻ പറ്റുവെന്നാണ് വ്യവസായ മന്ത്രി പറയുന്നത് എന്നെല്ലാമാണ് പ്രചാരണം നടത്തുന്നത്. ഇത് യഥാർത്ഥത്തിൽ സഭയുടെ അവകാശങ്ങൾക്കുനേരെയുള്ള കടന്നാക്രമണവും കേരളത്തിൽ വ്യവസായങ്ങൾ വരരുതെന്ന് ആഗ്രഹിക്കുന്ന ഒരു സംഘത്തിന്റെ ആസൂത്രിത ശ്രമവുമാണ്. ഈ സന്ദർഭത്തിൽ ഞാൻ സഭയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരികയാണ്. അന്ന് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഒരു കമ്മിറ്റി നോട്ടിഫൈ ചെയ്തിട്ടുണ്ട്.

NUALS-ന്റെ വൈസ് ചാൻസലർ ഡോ. കെ. സി. സണ്ണി അദ്ധ്യക്ഷനും മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥനും കേന്ദ്ര സെക്രട്ടറിയുമായി പ്രവർത്തിച്ച ശ്രീ. ടി. നന്ദകുമാർ പ്രത്യേക ക്ഷണിതാവായും നിയമപരിഷ്കരണ കമ്മിഷന്റെ വൈസ് ചെയർമാൻ ശ്രീ. കെ. ശശിധരൻ നായർ അംഗവുമായ ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചുകഴിഞ്ഞു. മൂന്ന് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് കമ്മിറ്റിയോട് നിർദ്ദേശിച്ചിട്ടുള്ളത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, നമ്മുടെ നാട്ടിൽ തൊഴിലില്ലായ്മ പരിഹരിക്കണമെങ്കിൽ വൻകിട വ്യവസായ സംരംഭങ്ങളോടൊപ്പം ധാരാളം ചെറുകിട സംരംഭങ്ങളും വരേണ്ടതായിട്ടുണ്ട്. ഈ മേഖലയിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഭാവനാപൂർണ്ണമായ ഇടപെടൽ നടത്തുന്നുണ്ടെന്നതിൽ അതിയായ സന്തോഷമുണ്ട്. ഇവിടെ മട്ടന്നൂർ വ്യവസായ പാർക്കിനെക്കുറിച്ച് പറഞ്ഞു. പത്തുപന്ത്രണ്ട് വർഷം മുമ്പേ ഭൂമി അക്വിസിഷൻ നടപടികൾ ആരംഭിച്ചതാണെങ്കിലും അവിടേയ്ക്ക് വെള്ളം, വൈദ്യുതി എന്നിവയൊന്നും ഇനിയുമെത്തിയിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലിന്റെ ഭാഗമായി ഒരു നീക്കമാരംഭിച്ചിട്ടുണ്ടെന്ന സന്തോഷവും രേഖപ്പെടുത്തുകയാണ്. മട്ടന്നൂർ

വിമാനത്താവളത്തിന്റെ വളരെയടുത്താണ് ഈ ഇൻഡസ്ട്രിയൽ പാർക്ക് എന്നതിനാൽ ഇവിടെ സൂചിപ്പിച്ചതുപോലുള്ള FMCG ക്ലസ്റ്റർ പാർക്കും ഫുഡ് പ്രോസസ്സിംഗ് യൂണിറ്റടക്കമുള്ള വ്യവസായ സംരംഭങ്ങളും മട്ടന്നൂർ പാർക്കിൽ ആരംഭിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട എം.എൽ.എ. കെ.കെ. ശൈലജ ടീച്ചർ ഇതുസംബന്ധിച്ച് പ്രത്യേകമായി ഒരു നിവേദനം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ. യുൾപ്പെടെ ഒരു യോഗം നടത്തുകയുണ്ടായി. ഇവിടെ ഉന്നയിച്ച പ്രശ്നം ശരിയാണ്. പാർക്ക് അതിവേഗത്തിൽ ആരംഭിക്കേണ്ടതുണ്ട്. നേരത്തെ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. അവിടെ FMCG-യോ ഫുഡ് പ്രോസസ്സിംഗ് യൂണിറ്റോ ആകാം. APEDA (Agricultural and Processed Food Products Export Development Authority)-യുടെ പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ചില പദ്ധതികൾകൂടി ബന്ധപ്പെടുത്തിക്കൊണ്ട് അവിടെ ഫുഡ് പ്രോസസ്സിംഗ് ആരംഭിക്കാൻ കഴിയുമോ എന്നെല്ലാം ആലോചിച്ചിട്ടുണ്ട്. സംരംഭകർക്ക് 80:20 എന്ന രീതിയിൽ സബ്സിഡി

കൊടുക്കുന്നുണ്ട്. ഇതുകൂടാതെ Total buying ആയതിനാൽ അവർതന്നെ പ്രോഡക്ട് വാങ്ങും. ഉത്പാദിപ്പിക്കുന്നത് കേന്ദ്ര സംവിധാനം തന്നെ വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യുന്ന ഒരു Buy-Back പദ്ധതികൂടി അതിന്റെ ഭാഗമായി നടപ്പിലാക്കാൻ കഴിയുമോ എന്ന കാര്യവും ഇന്നലെ ചർച്ച ചെയ്തിട്ടുണ്ട്. സമയബന്ധിതമായി ഇതെല്ലാം നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്.

ശ്രീ. ആന്റണി ജോൺ: സർ, കോവിഡ് മഹാമാരിയുടെ കാലത്ത് ഫാർമസി ഉത്പന്നങ്ങളുടെ നിർമ്മാണത്തിനും അവ സംബന്ധിച്ച ഗവേഷണത്തിനുമുള്ള സംവിധാനങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; കൂടാതെ ആരോഗ്യമേഖലയ്ക്ക് ആവശ്യമായ ഉത്പന്നങ്ങളും മറ്റ് മരുന്നുകളും നമ്മുടെ സംസ്ഥാനത്തുതന്നെ ഉത്പാദിപ്പിക്കുന്നതിനാവശ്യമായ നടപടികൾകൂടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ഈ പ്രശ്നത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ചേർന്ന് ഒരു യോഗം നടത്തുകയുണ്ടായി. ഏറ്റവും കൂടുതൽ പണം സ്വന്തമായി ചെലവഴിച്ച് മരുന്ന് വാങ്ങുന്നവരുടെ കണക്ക് നോക്കിയാൽ ഇന്ത്യയിൽത്തന്നെ കേരളത്തിലാണ് കൂടുതലുള്ളത്. ഇന്ത്യയിലെതന്നെ

അത്യാധുനിക ആശുപത്രികളും മെഡിക്കൽ ഉപകരണങ്ങളുമുള്ള പ്രദേശവും കേരളം തന്നെയാണ്. മെഡിക്കൽ ഉപഭോഗവസ്തുക്കളുടെ ഏറ്റവും വലിയ വിപണിയും കേരളമാണ്. ഇത്തരം കാര്യങ്ങൾ എങ്ങനെ സാധ്യതയായി ഉപയോഗിക്കാൻ കഴിയുമെന്ന കാര്യത്തിൽ ചർച്ച നടത്തിക്കൊണ്ട് കേരളത്തിലെ പൊതുസംവിധാനത്തിൽ ഉപയോഗിക്കുന്ന മരുന്നും അനുബന്ധമായ ഉപഭോഗവസ്തുക്കളും ഇവിടെത്തന്നെ എത്രമാത്രം ഉത്പാദിപ്പിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ രണ്ട് വകുപ്പുകളുടെയും പ്രധാനപ്പെട്ട സെക്രട്ടറിമാർ അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കൂടാതെ ചേർത്തലയിലെ ഡ്രഗ്സ് ഫാക്ടറി വളരെ സ്തുത്യർഹമായ രീതിയിൽ ഓങ്കോളജി മരുന്നുൾപ്പെടെയുള്ളവയുടെ ഉത്പാദന മേഖലയിലേയ്ക്ക് കടന്നുകഴിഞ്ഞു. മറ്റെന്തെല്ലാം മരുന്നുകൾ അവിടെ ഉത്പാദിപ്പിക്കാൻ കഴിയുമെന്നും ജനറിക് മെഡിസിനുകളുടെ വ്യാപകമായ ഉത്പാദനത്തിന് കഴിയുമോയെന്നും ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. അതോടൊപ്പം ഇന്ത്യയിൽ ഏറ്റവുമധികം കൃത്രിമ പല്ലുണ്ടാക്കുന്നത് ബഹുമാനപ്പെട്ട മൂവാറ്റുപുഴ എം.എൽ.എ.യുടെ മണ്ഡലത്തിലാണ്. രക്തപരിശോധ ചെയ്യുന്നതിനടക്കമുള്ള വസ്തുക്കൾ ഇന്ത്യയിൽ ഏറ്റവും

കൂടുതലുണ്ടാക്കുന്നത് കുന്നത്തുനാട് മണ്ഡലത്തിലെ സ്വകാര്യ മേഖലയിലെ സംരംഭമാണ്. അവരെയെല്ലാം വകുപ്പ് ബന്ധപ്പെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി ഇവയുടെ നിർമ്മാണത്തിനായി പ്രത്യേക പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതുപോലെതന്നെ കൊരട്ടിയിലെ കുഷ്ഠരോഗാശുപത്രിയുടെ കൈവശമുള്ള ഭൂമിയുടെ വളരെക്കുറച്ച് ഭാഗം മാത്രമേ ഉപയോഗിക്കപ്പെടുന്നുള്ളൂ. ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.യും പഞ്ചായത്തുമെല്ലാം അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത്തരം സാധ്യതകൾകൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് മെഡിക്കൽ ഡിവൈസ് പാർക്ക്, ഒരു കൺസ്യൂമബിൾ പാർക്ക്, ഒരു ഫാർമസ്യൂട്ടിക്കൽ പാർക്ക് തുടങ്ങിയവ ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഇപ്പോൾത്തന്നെ അമ്പലമേട്ടിൽ കിൻഫ്രയുടെ കൈവശമുള്ള ഭൂമിയിൽ ഫാർമസ്യൂട്ടിക്കൽ ആൻഡ് ഹെൽത്ത് കെയർ പാർക്കിനുള്ള അലോട്ട്മെന്റായി, പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

ശ്രീ. എൻ. കെ. അക്ബർ: സർ, നിക്ഷേപത്തിന്റെ കേന്ദ്രമായി കേരളത്തെ മാറ്റാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കേന്ദ്രീകൃത ഇൻസ്പെക്ഷൻ പോർട്ടൽ ആരംഭിക്കുന്നതിന്റെ ഭാഗമായി ഏതുരീതിയിലുള്ള മാറ്റമാണ് വ്യവസായ മേഖലയിലുണ്ടാക്കുന്നതെന്ന്

വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, വ്യവസായ സംരംഭകരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലും ഇതിനുമുമ്പ് നടത്തിയ പരിശോധനകളുടെ ഭാഗമായും കേന്ദ്രീകൃതമായ ഇൻസ്പെക്ഷൻ സംവിധാനം വേണമെന്ന് കാണുകയുണ്ടായി. 2021 ആഗസ്റ്റ് 1 മുതൽ നടപ്പിലാക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരുന്നത്. എന്നാൽ കഴിഞ്ഞ ജൂലൈ 30-ാം തീയതിതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രീകൃതമായ പരിശോധനാ സംവിധാനം ഉദ്ഘാടനം ചെയ്തുകഴിഞ്ഞിട്ടുണ്ട്. അഞ്ച് വകുപ്പുകളുടെ പരിശോധനയാണ് അതിൽ പ്രധാനമായും വന്നിട്ടുള്ളത്. മറ്റ് വകുപ്പുകളുടെ പരിശോധനകൂടി അതിന്റെ ഭാഗമാക്കിമാറ്റാൻ ശ്രമിക്കുകയാണ്. അതോടുകൂടി എല്ലാ സംവിധാനങ്ങളും സോഫ്ട്വെയർ അടിസ്ഥാനത്തിൽ തീരുമാനിക്കുന്ന രീതി വരും. ഏതെങ്കിലും ആളുകളുടെ വ്യക്തിപരമായ താത്പര്യങ്ങളൊന്നുംതന്നെ അത്തരം പരിശോധനകളിൽ പ്രതിഫലിക്കില്ലെന്ന് ഉറപ്പുവരും. ഒരു സ്ഥാപനത്തിൽ തുടർച്ചയായി അല്ലെങ്കിൽ ആവർത്തന സ്വഭാവത്തിലുള്ള പരിശോധനകൾ ഒഴിവാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആ പോർട്ടൽ എല്ലാവരെയും പരിചയപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. എല്ലാ വ്യവസായ

സംഘടനകളുടെയും പ്രതിനിധികളുമായി പലതവണ ഇതുസംബന്ധിച്ചുള്ള ചർച്ചകൾ നടത്തി അവരുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ചുകൊണ്ടാണ് ഈ സംവിധാനത്തിന് രൂപം നൽകിയിട്ടുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, തൃക്കാക്കര നിയോജകമണ്ഡലത്തിലുള്ള കിൻഫ്രയുടെ സ്ഥലത്ത് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഗവൺമെന്റിന്റെ മുമ്പിലുള്ളത്; അത് സമയബന്ധിതമായി നടപ്പിലാക്കാൻ എന്തൊക്കെ പുതിയ പദ്ധതികളുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് ഏറ്റവും പ്രധാനപ്പെട്ട കിൻഫ്ര പാർക്കിനെക്കുറിച്ചാണ്. ഞാൻ നേരത്തെ സഭയിൽ സൂചിപ്പിച്ചിരുന്നു. ഇപ്പോൾ ഒന്നുകൂടി ഉറപ്പിച്ച് പറയാൻകഴിയും. TCS (Tata Consultancy Service)-ന്റെ ബോർഡ് അംഗീകരിച്ചിട്ടുള്ള 37 ഏക്കറിന്റെ ഏറ്റവും വലിയ പദ്ധതി അങ്ങയുടെ മണ്ഡലത്തിലാണ് വരാൻ പോകുന്നതെന്ന കാര്യം ഞാൻ ഈ സഭയെ അറിയിക്കുകയാണ്. അതിനോട് ചേർന്ന് മറ്റുസ്ഥലങ്ങളെല്ലാം അലോട്ട് ചെയ്യുകഴിഞ്ഞു. കിൻഫ്രയുടെ ഈ സ്ഥലത്ത് 15 ഏക്കറിൽ പ്രധാനഭാഗം ഉപയോഗിച്ചുകൊണ്ട് കേരളത്തിലെ MSME-കളുടെ ഉത്പന്നങ്ങളെല്ലാം പ്രദർശിപ്പിക്കാൻ കഴിയുന്ന ട്രേഡ് സെന്റർകൂടി വരുന്ന കാര്യം അറിയിക്കുകയാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, പന്ത്രണ്ട് വർഷത്തിലധികമായി ഐ. ടി. പാർക്കുണ്ടാക്കുന്നതിനുവേണ്ടി ശേഖരിച്ചുവച്ചിട്ടുള്ള ഭൂമി പലയിടങ്ങളിലുമുണ്ട്. കണ്ണൂർ ജില്ലയിൽ പയ്യന്നൂർ എരുമത്താണ് ഏക്കർ കണക്കിന് വിസ്തൃതിയുള്ള ഭൂമിയുള്ളത്. കോടിക്കണക്കിന് രൂപ അവിടെ ഇൻവെസ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും അത് ഗുണപരമായി മാറ്റുന്നതിനുള്ള ഒരു നടപടിയും ഇതുവരെ കൈക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. വ്യാവസായികാവശ്യത്തിനുവേണ്ടി ആ ഭൂമി ഏറ്റെടുത്ത് മറ്റ് നടപടികളിലേയ്ക്ക് നീങ്ങുന്നതിന് സംവിധാനമുണ്ടാക്കുമോ എന്നുള്ളതാണ് ചോദ്യം.

ശ്രീ. പി. രാജീവ്: സർ, ഐ.ടി. പാർക്കുമായി ബന്ധപ്പെട്ട ആ ഭൂമി കൈകാര്യം ചെയ്യുന്നത് ഐ.ടി. വകുപ്പാണ്. അദ്ദേഹം പറഞ്ഞതുപോലെ വ്യവസായ വകുപ്പിന് വിട്ടുകൊടുക്കുന്നതിനുള്ള താത്പര്യം ഐ.ടി. വകുപ്പ് നേരത്തെ അറിയിച്ചിട്ടുള്ളതാണ്. അതിന്റെ കൈമാറ്റ പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല. ഇക്കാര്യം വകുപ്പ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. വ്യവസായ വകുപ്പിന് ഭൂമി കൈമാറിക്കിട്ടുന്ന മുറയ്ക്ക് പെട്ടെന്നുതന്നെ അവിടെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കർഷകരുടെ ആവശ്യം

സംരക്ഷിക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി പാലക്കാട് കിൻഫ്രയിൽ അയ്യായിരം ടൺ കപ്പാസിറ്റിയുള്ള കോൾഡ് സ്റ്റോറേജ് രണ്ടുവർഷം മുമ്പ് നിർമ്മിച്ച് ഉദ്ഘാടനം കഴിഞ്ഞെങ്കിലും ഇതുവരെ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആരും വാടകയ്ക്കെടുക്കാനും വന്നിട്ടില്ല. കാരണം എന്താണെന്ന് അന്വേഷിച്ചപ്പോൾ കിൻഫ്ര മുന്നോട്ടുവച്ചിട്ടുള്ള നിബന്ധനകളൊരിക്കലും സാധാരണക്കാരനായ കർഷകനോ വ്യവസായിക്കോ നിറവേറ്റാൻ കഴിയില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. അതുകൊണ്ട് ആ നിയമങ്ങൾ മാറ്റാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ?

ശ്രീ. പി. രാജീവ്: സർ, അദ്ദേഹം പരാമർശിച്ച കാര്യം പ്രത്യേകമായി പരിശോധിക്കാവുന്നതാണ്. പൊതുവെ കിൻഫ്രയുടെ ഭൂമി അലോട്ട് ചെയ്യാൻ ബാക്കിയില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനിച്ചു. നാല് ഏജൻസികളായ വ്യവസായ വകുപ്പ്, സിഡ്കോ, കിൻഫ്ര, കെ.എസ്.ഐ.ഡി.സി. എന്നിവയുടെ കീഴിലുള്ള ഭൂമി എത്ര അലോട്ട് ചെയ്തിട്ടുണ്ട്; ലിറ്റിഗേഷൻ എത്ര നിൽക്കുന്നു എന്നിവ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അവസാനഭാഗം വരികയാണ്. കിൻഫ്രയുടെ ഭൂമി അധികം അലോട്ട് ചെയ്യാനില്ലെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. ഭൂമിയുടെ കാര്യത്തിൽ അദ്ദേഹം പറഞ്ഞ ചില

പ്രശ്നങ്ങളുണ്ട്. കാരണം ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നത് LARR Act പ്രകാരമാണ്. LARR Act എന്നുപറഞ്ഞാൽ ഭൂമിവിലയും അതുത്തോളം നഷ്ടപരിഹാരവും റീഹാബിലിറ്റേഷൻ പാക്കേജ് കൂടാതെ ഇൻഫ്രാസ്ട്രക്ചറും ചേർന്നുള്ളതാണ്. കിൻഫ്രയ്ക്ക് ഭൂമി വിലയുടെ മൂന്നരമടങ്ങധികം സർക്കാർ ഏജൻസികൾ അക്വിസിഷൻ പ്രോസസ്സിനുവേണ്ടി നൽകേണ്ടിവരും. അതുകൂടി അടിസ്ഥാനപ്പെടുത്തിയുള്ള വിലയ്ക്കാണ് കിൻഫ്ര നൽകിക്കൊണ്ടിരിക്കുന്നത്. എന്നാൽ മറ്റ് സൗകര്യങ്ങളെല്ലാം ഒരുക്കുന്നുവെന്നുള്ളതുകൊണ്ടാണ് കിൻഫ്ര ഭൂമി വാങ്ങുന്നതിന് ആളുകൾ തയ്യാറാകുന്നത്. അതുസംബന്ധിച്ച് മറ്റുകാര്യങ്ങളെല്ലാം പരിശോധിച്ചുകൊണ്ട് ഗവൺമെന്റ് യൂണിഫൈഡ് ലാൻഡ് ലീസ് പോളിസി എന്നുള്ളത് നൂറുദിന പരിപാടിയിലുൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ കരട് തയ്യാറാക്കിക്കഴിഞ്ഞു. ഇത്തരം പ്രശ്നങ്ങൾകൂടി പരിഹരിക്കാനാണ് ശ്രമിക്കുന്നത്.

ശ്രീ. വി. ജോയി: സർ, സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ കിൻഫ്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട്. വ്യത്യസ്തമായിട്ടുള്ള പ്രവർത്തനങ്ങൾ അതുമായി ബന്ധപ്പെട്ട് നടക്കുകയാണ്. എന്റെ മണ്ഡലത്തിൽ ഗ്ലോബൽ ആയുർവേദ വില്ലേജ് ആരംഭിക്കുന്നതിനുവേണ്ടി വർക്കല, അയിരൂർ കായൽപ്പുറത്ത് കിൻഫ്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. അതിന്റെ ഇന്നത്തെ സ്ഥിതി

വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഇപ്പോഴത്തെ അവസ്ഥ വിശദമായി പരിശോധിച്ചശേഷം അറിയിക്കാം. ഗ്ലോബൽ ആയുർവ്വേദ പദ്ധതി അവിടെ മാത്രമല്ല മറ്റ് ചില സ്ഥലങ്ങളിലും ആരംഭിക്കണമെന്ന ആവശ്യം വന്നുകഴിഞ്ഞിട്ടുണ്ട്.ആ സംരംഭകരുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്പോഴത്തെ സ്റ്റാറ്റസിന്റെ അവസാന വിവരം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ധാരാളമുണ്ട്. ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയാണ് അത് മുന്നോട്ടുവച്ചിട്ടുള്ളത്. പലതും സിഡ്കോയുടെ അധീനതയിലാണെങ്കിലും ഇതിന്റെ തുടർ മെയിന്റനൻസിനുള്ള കാര്യങ്ങളിൽ അനാസ്ഥ കാണിക്കുന്നുണ്ട്. അതായത് ഇന്റേണൽ റോഡുകളുടെ മെയിന്റനൻസ്, വൈദ്യുതീകരണം, ജലസേചന സൗകര്യങ്ങളൊരുക്കുക എന്നിവ സംബന്ധിച്ച്. അത്തരം പ്രശ്നങ്ങൾ സംരംഭകരെ പിന്നോട്ടടിക്കുന്ന നിലയിലേയ്ക്ക് മാറും. സിഡ്കോയുടെ ഇത്തരത്തിലുള്ള വീഴ്ചകൾ സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; അത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചോദിച്ചതിന്റെ കുറച്ചുഭാഗം ശരിയാണ്. സിഡ്കോ എസ്റ്റേറ്റുകൾ, വ്യവസായ കേന്ദ്രത്തിന്റെ എസ്റ്റേറ്റുകൾ, അവയുടെ ആഭ്യന്തര പശ്ചാത്തല സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് ചില പരാതികൾ വരികയുണ്ടായി. ഇത് വകുപ്പ് പ്രത്യേകമായി പരിശോധിച്ചിരുന്നു. അത്തരം പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കാനും വ്യവസായ കേന്ദ്രത്തിന്റെയും സിഡ്കോയുടെയും കീഴിലുള്ള രണ്ട് എസ്റ്റേറ്റുകൾ പഴയകാലത്തുള്ള സംവിധാനങ്ങളാണ്. അത് കാലാനുസൃതമായി ആധുനികവത്കരിക്കുന്നതിനാവശ്യമായ തീരുമാനവും എടുത്തുകഴിഞ്ഞു.

ശ്രീ. ജോബ് മൈക്കിൾ: സർ, കോട്ടയം ജില്ലയിൽ മന്ത്രി നടത്തിയ യോഗം വലിയ വിജയമായിരുന്നു. ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. എന്റെ ചോദ്യം, സ്വകാര്യ വ്യവസായ പാർക്കിനായി മിനിമം ഇരുപത് ഏക്കർ ഭൂമി വേണമെന്ന് നിബന്ധനയുണ്ട്. അത് കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, സ്വകാര്യ വ്യവസായ പാർക്കുകളെ സംബന്ധിച്ച് നഗരങ്ങളിൽ പതിനഞ്ച് ഏക്കറും ഗ്രാമങ്ങളിൽ ഇരുപത്തിയഞ്ച് ഏക്കറും ഭൂമി വേണം എന്ന രണ്ടുതരത്തിലുള്ള

നിബന്ധനയാണ് നിലവിലുള്ളത്. എന്നാൽ ഇതുസംബന്ധിച്ച് പല നിവേദനങ്ങളും സർക്കാരിന് ലഭിക്കുകയുണ്ടായി. ഇപ്പോഴത്തെ നിയമമനുസരിച്ച് പതിനഞ്ച് ഏക്കറിന് മുകളിലേയ്ക്ക് പോകുന്നതിൽ ചില പരിമിതികളുണ്ട്. എന്നാൽ മിനിമം പതിനഞ്ചാക്കി ബാക്കിയുള്ളതെല്ലാം എക്സംപ്ഷൻ എന്ന രൂപത്തിൽ വേണമെന്നുള്ള അഭ്യർത്ഥന ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരികയാണ്. അധികം വൈകാതെ സ്വകാര്യ വ്യവസായ പാർക്കുകളെ സംബന്ധിച്ച് വിശദമായ സമീപനം പ്രഖ്യാപിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായ മേഖലകളിലൊന്നാണ് ടെക്സ്റ്റൈൽ മേഖല. ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള വിവിധ മില്ലുകൾ ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. കടുത്തുരുത്തി അസംബ്ലി മണ്ഡലമുൾപ്പെടെ വരുന്ന കോട്ടയം ടെക്സ്റ്റൈൽസ് ഇന്ന് അടച്ചുപൂട്ടിയിരിക്കുകയാണ്. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി പ്രതിനിധാനം ചെയ്യുന്ന ഏറ്റുമാനൂർ മണ്ഡലവും കടുത്തുരുത്തി മണ്ഡലവും കോട്ടയം ജില്ലയ്ക്ക് മൊത്തത്തിൽ വലിയ ഗുണം കിട്ടുന്ന സംരംഭമെന്ന നിലയിൽ കോട്ടയം ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും നവീകരണത്തിനുമുള്ള നടപടി സ്വീകരിക്കുമോ;

അങ്ങ് പുതുതായി ലക്ഷ്യം വയ്ക്കുന്ന പാർക്കുകൾക്കായി 23 ഏക്കർ സ്ഥലമുള്ളതിൽ ഈ പദ്ധതികൂടി ഉൾപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കോട്ടയം ടെക്സ്റ്റൈൽസ് ഒരു പ്രത്യേക പ്രശ്നത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കാൻ കഴിയാതെ വന്നത്. അവിടെ മൂന്ന് ഷിഫ്റ്റുണ്ടായിരുന്നു. അതിൽ എല്ലാവരും യോജിച്ചു. അതിന്റെ ഭാഗമായി പ്രവർത്തനം മുന്നോട്ടുകൊണ്ടുപോയാൽ മാത്രമേ നഷ്ടമില്ലാതെ പോകാൻ കഴിയൂവെന്ന സാധ്യതയാണുണ്ടായിരുന്നത്. എന്നാൽ ചില തൊഴിലാളികൾ മൂന്ന് ഷിഫ്റ്റിലേയ്ക്ക് പോകാൻ കഴിയില്ലെന്ന് കാണിച്ച് കോടതിയിൽ കേസ് കൊടുത്തു. ആ കേസ് നിലനിൽക്കുന്നതുകൊണ്ടും കോടതിയുടെ സ്റ്റേ ഉള്ളതുകൊണ്ടുമാണ് മുന്നോട്ടുപോകാൻ കഴിയാതെ വരുന്നത്. എങ്കിലും എം.എൽ.എ.മാരെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് അത് പരിഹരിക്കാനായി വീണ്ടും ശ്രമിക്കുന്നതാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കിൻഫ്ര പാർക്കുകളിൽ വെള്ളം, വൈദ്യുതി ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. പത്തനാപുരത്ത് കിൻഫ്രാ പാർക്കിന്റെ പണി പൂർത്തിയാക്കിയിട്ട് ആറേഴ് വർഷം കഴിഞ്ഞു. ഉദ്ഘാടനവും കഴിഞ്ഞു. ശ്രീ. എളമരം കരീം മന്ത്രിയായിരിക്കുമ്പോഴാണ്

അതിന്റെ നിർമ്മാണം ആരംഭിച്ചത്. അത് പൂർത്തിയായതിനുശേഷം ഇന്നുവരെ ഒരു വ്യവസായവും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. പല വ്യവസായികളെയും ഞാൻ സമീപിച്ച് അവരെ കിൻഫ്രയിലേയ്ക്ക് അയയ്ക്കുമ്പോൾ അവിടത്തെ ഉദ്യോഗസ്ഥർ അവരെ നിരുത്സാഹപ്പെടുത്തുന്നുണ്ട്. വലിയ വാടകയാണ്, ഉദ്ഘാടനച്ചെലവുവരെ കണക്കുകൂട്ടിയാണ് വാടകയിടുന്നത്. വ്യവസായികൾക്ക് വാടക സഹിക്കാൻ കഴിയുന്നില്ല. പലരെയും എം.ഡി.യുടെ അടുത്തേയ്ക്ക് അയയ്ക്കും. അദ്ദേഹം വളരെ സ്നേഹത്തോടെ സമീപിക്കുകയും അവർക്ക് കൊടുക്കാമെന്ന് സമ്മതിക്കുകയും ചെയ്യും. മന്ത്രി ഇടപെട്ട് റേറ്റ് റിവിഷൻ നടത്തി വ്യവസായികൾക്ക് വരാനുള്ള സന്ദർഭമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. രാജീവ്: സർ, അങ്ങ് പറഞ്ഞ കാര്യങ്ങളിൽ ലാൻഡ് ലീസ് പോളിസി പരിശോധിക്കുന്നതാണ്. വാർഷിക ലീസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ പറ്റുമോ എന്ന കാര്യവും ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

നാനോ വ്യവസായ സംരംഭങ്ങൾ

4 (*454) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി.രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിയുടെ കാര്യത്തിൽ നാനോ വ്യവസായ സംരംഭങ്ങളുടെ സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിയുടെ കാര്യത്തിൽ നാനോ വ്യവസായ സംരംഭങ്ങളുടെ സാദ്ധ്യത പരിശോധിച്ചിട്ടുണ്ട്. നിലവിൽ നാനോ വ്യവസായ സംരംഭങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. ഇത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി നാനോ-ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി (Scheme for interest Subvention to Nano Household Units), ചെറുകിട യൂണിറ്റുകൾക്ക്

നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി (Scheme for margin Money Grant to nano units) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിവഴി 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധനനിക്ഷേപമുള്ളതും 5 എച്ച്.പി.-വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട് വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉത്പാദക, ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്ക് ധനകാര്യസ്ഥാപനങ്ങളിൽനിന്നും നേടുന്ന ടേം വായ്പയുടെ വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതിയിലൂടെ ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിലുൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുംവരെ പരമാവധി ഗ്രാന്റായി നൽകുന്നുണ്ട്.

(ബി) സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും സാമൂഹിക ചുറ്റുപാടും പരിഗണിക്കുമ്പോൾ നാനോ വ്യവസായ സംരംഭകത്വത്തിന് എന്തെല്ലാം അനുകൂല ഘടകങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും സാമൂഹിക ചുറ്റുപാടും

പരിഗണിക്കുമ്പോൾ നാനോ വ്യവസായ സംരംഭകത്വത്തിന് വളരെ അനുകൂലമായ സാധ്യതകളാണുള്ളത്. വീടുകളുമായി ചേർന്ന് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സംരംഭകരുടെ താല്പര്യം, ഇത്തരത്തിലുള്ള നാനോ സംരംഭങ്ങൾ കൂടുതൽ ആരംഭിക്കുന്നതിന് കാരണമാകുന്നുണ്ട്. ചെറിയ നിക്ഷേപത്തിൽ പരിസ്ഥിതിക്ക് ഹാനികരമില്ലാതെ ആരംഭിക്കാൻ കഴിയുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ വൈറ്റ്, ഗ്രീൻ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങളായതിനാൽ കുറഞ്ഞ റിസ്കിൽ ഇത്തരം സംരംഭങ്ങൾ ആരംഭിക്കാൻ കഴിയും. നാനോ സംരംഭങ്ങൾക്കുള്ള ലൈസൻസ് നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുള്ളതിനാൽ വളരെ വേഗം ഇത്തരം സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുന്നു. കുടുംബത്തോട് ചേർന്ന് ആരംഭിക്കാൻ കഴിയുന്നതിനാൽ കുടുംബാംഗങ്ങളുടെ സഹായവും ലഭിക്കുന്നു. നിക്ഷേപവും മറ്റ് ആവർത്തന ചെലവുകളും കുറവായതിനാൽ വിജയ സാദ്ധ്യത കൂടുതലാണ്. നാനോ സംരംഭങ്ങൾവഴി നമ്മുടെ സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിനും അടുത്ത തലമുറയ്ക്ക് സംരംഭകത്വബോധം ജനിപ്പിക്കുന്നതിനും കഴിയുന്നുണ്ട്.

(സി) നാനോ വ്യവസായ സംരംഭങ്ങളെ സഹായിക്കുന്നതിന്റെ ഭാഗമായി വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

സ്വീകരിക്കുമോയെന്നറിയിക്കുമോ?

നാനോ വ്യവസായ സംരംഭങ്ങളെ സഹായിക്കുന്നതിന്റെ ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റുവഴി നടപ്പിലാക്കുന്ന പദ്ധതികളിലെല്ലാം വനിതകൾക്ക് പ്രത്യേക പ്രാധാന്യം നൽകിവരുന്നുണ്ട്. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പയെടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ നിശ്ചിത ശതമാനം സബ്സിഡിയായി തിരികെ നൽകുന്നുണ്ട്. സാധാരണ വിഭാഗത്തിന് ഇത് 6% ആണ്.എന്നാൽ വനിതകൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷത്തേയ്ക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്. കൂടാതെ ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതിയിലും വനിതകൾക്ക് മുൻഗണന നൽകുന്നുണ്ട്. ഈ പദ്ധതിയിൽ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കുമെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും വനിതകൾ ഉൾപ്പെട്ട മുൻഗണനാ വിഭാഗത്തിലുൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്. എസ്.സി/എസ്.ടി/ വനിതകൾ / വിമുക്തഭടന്മാർ/ 40 വയസ്സുവരെയുള്ള യുവസംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട്

ചെലവിന്റെ 40 ശതമാനവും പ്രൊമോട്ടർമാരുടെ സംഭാവന കുറഞ്ഞത് 20 ശതമാനവുമായിരിക്കും. കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേയ്ക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിനും കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ വി മിഷൻ. വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും, നെറ്റ് വർക്കിംഗ് മീറ്റിംഗുകളും, വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുവാൻ സഹായിക്കുന്നതിനും അതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിനുമുമ്പിൽ പ്രദർശിപ്പിക്കുന്നതിനും, സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയുമാണ് വി മിഷൻവഴി കെ.എസ്.ഐ.ഡി.സി. ചെയ്തുവരുന്നത്. സ്ത്രീ സംരംഭകരുടെ നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന (മാനുഫാക്ചറിങ്)/I.T, Software/Service ബിസിനസ് സംരംഭകകളെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള ബിസിനസ് വിപുലീകരണത്തിനോ ആധുനികവത്കരണത്തിനോ വൈവിദ്ധ്യവത്കരണത്തിനോവേണ്ടി കെ.എസ്.ഐ.ഡി.സി. ഒരു

ഹ്രസ്വകാല വായ്പാപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

1. വായ്പാ പദ്ധതിക്ക് അപേക്ഷ നൽകുന്ന സംരംഭം സ്ത്രീ സംരംഭകയുടെ സ്വന്തം ഉടമസ്ഥതയിലുള്ള സ്വകാര്യ സ്ഥാപനമോ, പങ്കാളിത്ത സ്ഥാപനമോ, സ്വകാര്യ കമ്പനിയോ ആകാവുന്നതാണ്. വ്യവസായത്തിന്റെ ആരംഭം മുതൽ 50% കൂടുതൽ ഉടമസ്ഥത സ്ത്രീ സംരംഭകർക്കായിരിക്കണം. യൂണിറ്റ് കഴിഞ്ഞ ഒരു വർഷമായി പ്രവർത്തനക്ഷമമായിട്ടുള്ളതും കഴിഞ്ഞ വർഷത്തെ ആകെ വില്പനയുടെ ശരാശരി ഏറ്റവും കുറഞ്ഞത് 10 ലക്ഷം രൂപയും ആയിരിക്കണം. വായ്പയുടെ പരിധി ആവശ്യമായ മൊത്തനിക്ഷേപത്തിന്റെ 80 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും. പുതിയതായി ആരംഭിക്കുന്ന വ്യവസായമാണെങ്കിൽ മൊത്തം പ്രോജക്ട് കോസ്റ്റിന്റെ 50% കെ.എസ്.ഐ.ഡി.സി ലോണായി നൽകുന്നതാണ്.

2. പലിശ നിരക്ക് 7.5% ആയിരിക്കും. കൂട്ടുപലിശ കണക്കാക്കുന്നത് ത്രൈമാസ അടിസ്ഥാനത്തിലായിരിക്കും. വായ്പാ കാലാവധി പരമാവധി 5-6 വർഷമായിരിക്കും. ഇതിൽ വായ്പാനുമതിക്ക് ശേഷമുള്ള 6 മാസം അല്ലെങ്കിൽ പദ്ധതി നിർവ്വഹണം ഇതിൽ ഏതാണോ ആദ്യം, അത് നിയമപരമായ അവധി (മൊറട്ടോറിയം) യായി കണക്കാക്കും.

(ഡി) നാനോ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി മറ്റെന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

ഇത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി നാനോ-ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി (Scheme for interest Subvention to Nano Household Units) ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി (Scheme for Margin Money Grant to Nano Units) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. കോവിഡ് സാഹചര്യത്തിൽ ഈ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്ന വ്യവസായ സമാശ്വാസ പദ്ധതിയിൽ മേൽപ്പറയുന്ന രണ്ട് പദ്ധതിയിലും കൂടുതൽ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ടി പദ്ധതികൾക്ക് 15 കോടി രൂപ അധികമായി പ്രഖ്യാപിച്ചിട്ടുമുണ്ട്. ഇത്തരത്തിൽ നാനോ വ്യവസായ സംരംഭങ്ങളെ കൂടുതലായി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയങ്ങളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. കൂടാതെ നാനോ ഗാർഹിക സംരംഭങ്ങൾ ഉൾപ്പെടെയുള്ള സൂക്ഷ്മ സംരംഭകരുടെ ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിനായി വ്യവസായ വാണിജ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ " Open Marketing Network for Micro and House Hold Enterprises"

എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കേരളത്തിലെ യുവസംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിരിക്കുന്ന മറ്റൊരു ധനസഹായ പദ്ധതിയാണ് പ്രാരംഭമൂലധന സഹായം (സീഡ് ഫണ്ട് സഹായം). സംസ്ഥാനത്തെ യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും തൊഴിലന്വേഷകരേക്കാൾ അവരെ തൊഴിൽദാതാക്കളാക്കുകയും ചെയ്യുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാര യോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് ഇരുപത്തഞ്ചു ലക്ഷം രൂപവരെ മൂലധന സഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറ് ശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചു ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധനസഹായമായി നൽകിവരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 117 യുവസംരംഭങ്ങൾക്ക് മൂലധന സഹായം അനുവദിക്കുകയുണ്ടായി. മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉത്പന്നം/ സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപവരെ നൽകുന്ന "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിവരുന്നു.

സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്റർ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പ്രസ്തുത സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചായോഗങ്ങളും നടത്തി വരുന്നു.

വ്യവസായങ്ങൾക്ക് നക്ഷത്ര പദവി

5 (*455) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) ലാഭത്തോടൊപ്പം പരിസ്ഥിതി സംരക്ഷണം, സാമൂഹ്യ ഉത്തരവാദിത്തം തുടങ്ങിയവയ്ക്കുകൂടി പ്രാധാന്യം നൽകുന്ന ഉത്തരവാദിത്ത വ്യവസായങ്ങളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി വ്യവസായ സ്ഥാപനങ്ങളിലെ വിവിധ വകുപ്പുകളുടെ പരിശോധന ഏകോപിതവും സുതാര്യവുമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന

പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഉത്തരവാദിത്ത വ്യവസായങ്ങളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിന്റെയും ഭാഗമായി വ്യവസായ സ്ഥാപനങ്ങളിലെ വിവിധ വകുപ്പുകളുടെ പരിശോധന ഏകോപിതവും സുതാര്യവുമാക്കുവാനുംവേണ്ടി ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനമായ കെ-സിസ് (Kerala Centralised Inspection System)ഏർപ്പെടുത്തിയിട്ടുണ്ട്. അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് കേന്ദ്രീകൃത പരിശോധനാ സൗകര്യം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടത്തും. പരിശോധനാ ഷെഡ്യൂൾ വെബ് പോർട്ടൽ സ്വയം തയ്യാറാക്കും. പരിശോധനാ അറിയിപ്പ് സ്ഥാപനത്തിന് മുൻകൂട്ടി എസ്.എം.എസ്/ഇ-മെയിൽ മുഖേന നൽകും. പരിശോധനയ്ക്കുശേഷം അത് സംബന്ധിച്ച റിപ്പോർട്ട് 48 മണിക്കൂറിനുള്ളിൽ കെ - സിസ് പോർട്ടലിൽ പ്രസിദ്ധീകരിക്കും. K-CIS സംവിധാനത്തിലൂടെ വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകളിൽ സുതാര്യത ഉറപ്പാക്കുവാൻ കഴിയും. അതിലുപരിയായി സംരംഭകർക്ക് ആത്മവിശ്വാസം പകരുവാനും,

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുവാനും കഴിയും. വ്യവസായ വാണിജ്യ സംഘടനകളുമായി ചർച്ച ചെയ്ത് അവരുടെ അഭിപ്രായംകൂടി കണക്കിലെടുത്താണ് പോർട്ടലിന് രൂപം നൽകിയിരിക്കുന്നത്.

(ബി) പരിസ്ഥിതിക്ക് നാശം സൃഷ്ടിക്കാത്തതും തൊഴിലാളി സൗഹൃദം പുലർത്തുന്നതും ജനങ്ങളുടെ ക്ഷേമം പരിഗണിക്കുന്നതുമായ ഇത്തരം വ്യവസായങ്ങൾക്ക് നക്ഷത്ര പദവി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

2019-ൽ നിലവിൽ വന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ടിൽ പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് വർഷത്തേയ്ക്ക് സംസ്ഥാന നിയമ പ്രകാരമുള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽവഴി മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. മലിനീകരണത്തോത് കൂടിയ റെഡ് വിഭാഗത്തെ ഒഴിവാക്കുകവഴി കൂടുതൽ പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു. പരിസ്ഥിതിക്ക് നാശം സൃഷ്ടിക്കാത്തതും തൊഴിലാളി സൗഹൃദം പുലർത്തുന്നതും ജനങ്ങളുടെ ക്ഷേമം പരിഗണിക്കുന്നതുമായ ഉത്തരവാദിത്ത വ്യവസായങ്ങൾക്ക് നക്ഷത്ര പദവി

നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ മികച്ച അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെട്ട തൊഴിലന്തരീക്ഷവും ബോദ്ധ്യപ്പെടുത്തി വ്യവസായങ്ങളെ ആകർഷിക്കാൻ വ്യവസായ വകുപ്പിന് പരിപാടിയുണ്ടോ; വിശദമാക്കാമോ?

വ്യവസായ സൗഹൃദ അന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കുന്നതിനും ഉതകുന്ന വിവിധ നിയമനിർമ്മാണങ്ങൾ മുൻ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. ‘ 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം’ സർക്കാർ കൊണ്ടുവന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേല്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികൾ ലഭ്യമാക്കാൻ KSWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനംവഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതാത് വകുപ്പുകൾ ലഭ്യമാക്കുന്നതാണ്. അല്ലാത്തപക്ഷം

അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതോടൊപ്പം ‘ 2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം’ സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ‘ M.S.M.E Acknowledgement Certificate’ ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ ഉൾപ്പെടാത്ത M.S.M.E-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ

ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി വിവിധ സാമ്പത്തിക സഹായ പദ്ധതികൾ DIC, KSIDC, KINFRA എന്നിവ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാതലത്തിൽ ' മീറ്റ് ദി മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. പരാതി പരിഹരിക്കുന്നതിന്റെ തുടർനടപടികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് വകുപ്പിലെ മുതിർന്ന IAS ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് ഭൂമി നൽകുന്നതിന് ഏകീകൃത വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള Unified Land Lease Policy പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റംവരുത്തുന്നതിനുള്ള കരട് നിർദ്ദേശം സമർപ്പിക്കുന്നതിന് മൂന്നംഗ വിദഗ്ധ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഉത്പന്നങ്ങൾ

പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനുമായി 75 കോടി രൂപ ചെലവാക്കി അന്തർദ്ദേശീയ നിലവാരത്തിലുള്ള ഒരു Exhibition cum Trade Centre കൊച്ചിയിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിക്ഷേപകരുടെ പരാതി, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുവാനുള്ള നിയമനിർമ്മാണം കൊണ്ടുവരാൻ 20.05.2021-ൽ കൂടിയ ഈ സർക്കാരിന്റെ ആദ്യ മന്ത്രിസഭാ യോഗത്തിൽ തീരുമാനിക്കുകയും സ്റ്റാറ്റ്യൂട്ടറി റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നിയമ നിർമ്മാണത്തിനുള്ള കരട് ബഹു.മന്ത്രിസഭ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, ഗെയിൽ പൈപ്പ് ലൈൻ പദ്ധതി, കിഫ്ബി വഴി സംസ്ഥാനത്തുടനീളം നടന്നുവരുന്ന വിവിധ പദ്ധതികൾ, വ്യവസായ പാർക്കുകളിൽ ഏർപ്പെടുത്തിയിട്ടുള്ള മികച്ച സൗകര്യങ്ങൾ എന്നിവ വ്യവസായ സംരംഭകത്വത്തിനുള്ള മികച്ച അടിസ്ഥാന സൗകര്യങ്ങൾ വാഗ്ദാനം ചെയ്യുന്നവയാണ്. മേൽ സൂചിപ്പിച്ച വിവിധ നടപടികളിലൂടെ മെച്ചപ്പെട്ട തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ രംഗം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുമെന്നും സർക്കാർ പ്രതീക്ഷിക്കുന്നു.

തോട്ടം മേഖലയുടെ സമഗ്ര പുരോഗതി

6 (*456) ശ്രീ. എ. രാജ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വിവിധ വാണിജ്യ കരാറുകളിൽ ഏർപ്പെട്ടത് സംസ്ഥാനത്തെ തോട്ടം മേഖലയെ പ്രതിസന്ധിയിലാക്കിയ സാഹചര്യത്തിൽ സർക്കാർ നടപ്പാക്കുന്ന ആശ്വാസ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

തോട്ടം മേഖലയിലെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് മേഖലയിലെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 27.11.2015-ലെ 188/2015/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം റിട്ട: ജസ്റ്റിസ് കൃഷ്ണൻ നായരെ കമ്മീഷനായി നിയമിക്കുകയും, കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്മേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ച്, കമ്മിറ്റിയുടെ ശിപാർശകൾ 29.06.18-ലെ സ.ഉ. (കൈ)നം.44/18/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കമ്മീഷന്റെ ശിപാർശകളിൽ ഭൂരിഭാഗവും സർക്കാർ

അംഗീകരിക്കുകയും സമഗ്രമായ ഒരു പ്ലാന്റേഷൻ നയം രൂപീകരിച്ച് അന്തിമ രൂപം നൽകി 22.01.2021-ലെ സ.ഉ.(കൈ)നം.6/2021/തൊഴിൽ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തോട്ടം വ്യവസായത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി പ്ലാന്റേഷൻ ഡയറക്ടറേറ്റിനെ വ്യവസായ വകുപ്പിന് കീഴിലാക്കിയിട്ടുണ്ടോ?

11.02.2021-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ)നം.12/2021/തൊഴിൽ പ്രകാരം തൊഴിൽ വകുപ്പിനുകീഴിൽ ഒരു പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. 20.05.2021-ലെ Pol.5/43(1)/2021-GAD നമ്പർ വിജ്ഞാപനം പ്രകാരം പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്ന വിഷയം വ്യവസായ വകുപ്പിന് കീഴിൽ കൊണ്ടുവന്നിട്ടുണ്ട്.

(സി) വ്യവസായ സംരംഭങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങളെല്ലാം തോട്ടം വ്യവസായത്തിനും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സർക്കാർതലത്തിൽ പരിശോധിക്കുന്നതാണ്.

(ഡി) അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ ഉറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള പദ്ധതികൾ പ്ലാന്റേഷൻ നയത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്.

കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ

7 (*457) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. എം. എസ്. അരുൺ കുമാർ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ നിലവിലെ ആകെ ബിസിനസ് എത്രയെന്ന് അറിയിക്കാമോ; ആയത് മൂന്നുകൊല്ലംകൊണ്ട് മൂന്നിരട്ടിയാക്കി വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം നേടാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ?

കേരള ബാങ്കിന് 31/03/2021-ലെ കണക്ക് പ്രകാരം 106396.64 കോടി രൂപയുടെ ബിസിനസ്സ് ഉണ്ട്. ഇത് മൂന്നുവർഷംകൊണ്ട് മൂന്നിരട്ടിയായി വർദ്ധിപ്പിക്കാനുതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ സംസ്ഥാന സഹകരണ ബാങ്ക് ആസൂത്രണം ചെയ്തുവരുന്നു.

(ബി) ആധുനീകരണത്തിനും നവീകരണത്തിനും ശേഷവും കേരള ബാങ്ക് മറ്റ് വാണിജ്യ ബാങ്കുകളിൽനിന്ന് വ്യത്യസ്തമായി ഇടപാടുകാരന്റെ സ്ഥാപനം എന്ന നിലയിൽ നിലവിലുള്ള ജനകീയത നിലനിർത്തുമെന്ന്

ഉറപ്പാക്കുമോ?

കേരള ബാങ്ക് ഇടപാടുകാരന്റെ സ്ഥാപനം എന്ന ജനകീയത നിലനിർത്തിക്കൊണ്ടുതന്നെ കൂടുതൽ ജനകീയമായ വായ്പാ പദ്ധതികൾ നടപ്പാക്കിവരുന്നു.

(സി) കോവിഡ് അതിജീവനത്തിനായി സർക്കാർ പുതുതായി പ്രഖ്യാപിച്ച തൊഴിൽ സംരംഭങ്ങളുടെ പ്രോത്സാഹനത്തിനും കുടുംബശ്രീ, അയൽക്കൂട്ടം എന്നിവയ്ക്ക് വായ്പ ലഭ്യമാക്കുന്നതിനും കേരള ബാങ്കിന് പദ്ധതിയുണ്ടോ?

കോവിഡ് അതിജീവനത്തിന്റെ ഭാഗമായി കുടുംബശ്രീവഴി അയൽക്കൂട്ടങ്ങൾക്ക് 20 ലക്ഷം രൂപ വരെ SHG വായ്പ നൽകിവരുന്നു. കൂടാതെ കാർഷികോത്പന്നാധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുവാനും സൂക്ഷ്മ വ്യവസായ സംരംഭ വായ്പയായി 20 ലക്ഷം രൂപ വരെ കുറഞ്ഞ പലിശയിൽ വായ്പ നൽകിവരുന്നുമുണ്ട്.

(ഡി) തൊഴിലധിഷ്ഠിത പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനും വിനോദസഞ്ചാരം, കാർഷികോത്പന്നാധിഷ്ഠിത മൂല്യവർദ്ധിത വ്യവസായം തുടങ്ങിയ മേഖലകളിൽ കൂടുതൽ സംഘങ്ങളെ പ്രോത്സാഹിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോ?

തൊഴിലധിഷ്ഠിത പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനായി 10 ലക്ഷം രൂപവരെ സംഘങ്ങളുടെ യോഗ്യതക്കനുസൃതമായി വായ്പ നൽകി വരുന്നുണ്ട്. കൂടാതെ കാർഷികോത്പന്നാധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് 20 ലക്ഷം രൂപവരെ യോഗ്യതയ്ക്കനുസരിച്ച് സംഘങ്ങൾക്ക് വായ്പ നൽകിവരുന്നു.

ഒരു വില്ലേജ് ഒരു സംരംഭം പദ്ധതി

8 (*458) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ഒ. ആർ. കേളു:
ശ്രീമതി ശാന്തകുമാരി.കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ ഗ്രാമത്തിലും ഒരു വ്യവസായ സംരംഭമെങ്കിലും ആരംഭിക്കുന്നതിന് സഹായമേകുക എന്ന ലക്ഷ്യത്തോടെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഒരു വില്ലേജ് ഒരു സംരംഭം എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഒരു വില്ലേജ് ഒരു സംരംഭം എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "എന്റെ ഗ്രാമം" പദ്ധതി. ഈ പദ്ധതി

പ്രകാരം 1500 യൂണിറ്റുകൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കുറഞ്ഞത് 3000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്നതാണ്. അതനുസരിച്ച് 30 കോടി രൂപയുടെ മൂലധന നിക്ഷേപവും 9 കോടി രൂപ സബ്സിഡിയായും നൽകുന്നതാണ്.

(ബി) ഖാദി മേഖലയുടെ സമഗ്ര പുരോഗതിക്കായി പ്രസ്തുത ബോർഡ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നറിയിക്കാമോ?

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി നെയ്ത്തുകാർക്ക് ജോലി ലഭ്യമാക്കുന്നതിനും ന്യായമായ ദിവസവേതനം ഉറപ്പാക്കുന്നതിനും ഖാദി മേഖലയിൽ ശാരീരികായാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉത്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പാക്കുകയും അവർക്ക് തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ (മേശ, സ്റ്റൂൾ, ടോയ്ലറ്റ്) ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ മിനിമം കൂലി പരിഷ്കരിച്ച് നടപ്പാക്കുകയും ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, ഇൻസെന്റീവ് എന്നിവ

നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്ക് പകരം, പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവത്കരണം, നവാഗത തൊഴിലാളികൾക്ക് ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നതിനാവശ്യമായ പരിശീലനം, ചർക്കകൾക്കും തറികൾക്കും ആവശ്യമായ റിപ്പയറിംഗ് നടത്തുന്നതിന് സ്ഥിരം റിപ്പയറിംഗ് സെന്റർ ഇവയ്ക്കാവശ്യമായ സെൻട്രലൈസ്ഡ് സ്പെയർപാർട്സ് ഗോഡൗൺ തുടങ്ങിയവ ഉൾപ്പെടുന്ന കോമൺ ഫെസിലിറ്റി സെന്റർ കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഖാദി ഉത്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിനും ഖാദി വ്യവസായത്തിന്റെ നവീകരണത്തിനും നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

ഖാദി ഉത്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ്, (സംസ്ഥാനത്തിനകത്ത് ഉത്പാദിപ്പിക്കുന്ന ഖാദി വസ്തുങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടുകൂടി വില്പനശാലകളുടെ നവീകരണം, ദൃശ്യ -

ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണം, കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ വിവിധ കേന്ദ്രങ്ങളിൽ പ്രത്യേകം വില്പന മേളകളും നടത്തുന്നുണ്ട്. കൂടാതെ ഓൺലൈൻ മാർക്കറ്റിംഗ് പദ്ധതി ആവിഷ്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ചരിത്രത്തിലാദ്യമായി നിയമസഭാ സമുച്ചയത്തിലും ശബരിമലയിൽ നിലയ്ക്കലിലും മറ്റ് സർക്കാർ, എക്സിബിഷനുകളിലും ബോർഡിന്റെ വില്പന കൗണ്ടറുകൾ തുറക്കാൻ കഴിഞ്ഞു. അതുപോലെ യുവതലമുറയിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ ഖാദിയുടെ മഹത്വത്തെപ്പറ്റി ബോധവത്കരണം നൽകുന്നതിന്റെ ഭാഗമായി "ഖാദി ഡേ" പദ്ധതി ആരംഭിച്ചു. ആയതനുസരിച്ച് ആഴ്ചയിലൊരിക്കൽ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും ഖാദി ധരിക്കുന്നതിന് ലക്ഷ്യമിട്ട് മുന്നോട്ടുപോകുന്നു.

സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയാൻ നിയമ ഭേദഗതി

9 (*459) ശ്രീ. ടി.സിദ്ദിഖ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എ. പി. അനിൽ കുമാർ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേടിനെത്തുടർന്ന് സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയാൻ നിയമഭേദഗതിക്ക് ആലോചിക്കുന്നുണ്ടോ;

(ബി) വായ്പാ തട്ടിപ്പ്, സ്വർണപ്പണയ തട്ടിപ്പ് തുടങ്ങിയ ആരോപണങ്ങളിൽ കുറ്റക്കാരുടെ ആസ്തി മരവിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനായി നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ?

(എ&ബി) സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും തട്ടിപ്പുകൾ കണ്ടെത്തി കുറ്റക്കാർക്ക് ശിക്ഷ ഉറപ്പുവരുത്തി കുറ്റമറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശനവ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. വായ്പാ തട്ടിപ്പ്, സ്വർണ്ണപ്പണയ തട്ടിപ്പ് തുടങ്ങിയ ആരോപണങ്ങളിൽ കുറ്റക്കാരുടെ ആസ്തി മരവിപ്പിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

(സി) ക്രിമിനൽ സ്വഭാവമുള്ള കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസിനെ അറിയിക്കണമെന്ന് സഹകരണ നിയമത്തിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ കരുവന്നൂർ സഹകരണ ബാങ്കിൽ 2018-19

വർഷത്തിലെ ഓഡിറ്റിൽ ക്രമേക്കേട് കണ്ടെത്തിയിട്ടും പോലീസിനെ അറിയിക്കുന്നതിൽ വീഴ്ചവരുത്തിയതായി പറയപ്പെടുന്ന സാഹചര്യം വിശദമാക്കാമോ?

സംഘങ്ങളിലെ പ്രവർത്തനത്തിൽ വരുന്ന ക്രിമിനൽ സ്വഭാവമുള്ള കേസുകൾ cognizable ആണ്. ആയതിനാൽ ക്രിമിനൽ നടപടിക്രമം പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്. കരുവന്നൂർ സഹകരണ ബാങ്കിൽ 2018-19 വർഷത്തെ ആഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകളെക്കുറിച്ച് സഹകരണ നിയമം അനുസരിച്ചുള്ള വിശദമായ അന്വേഷണത്തിന് ഉത്തരവിട്ടിരുന്നു.

സഹകരണ ബാങ്കുകൾ മുഖേന പെൻഷൻ വിതരണം

10(*460) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പെൻഷൻ വിതരണം കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ സഹകരണ ബാങ്കുകൾ മുഖേനയാക്കിയിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ട ഏതെല്ലാം സ്ഥാപനങ്ങളുടെ പെൻഷൻ സഹകരണ ബാങ്കുകൾവഴി എന്നുമുതൽ നൽകിത്തുടങ്ങിയെന്ന് അറിയിക്കുമോ?

(എ&ബി) 2018 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ വിതരണം സഹകരണ ബാങ്കുകൾ മുഖേന നിർവ്വഹിച്ചുവരുന്നു.

(സി) കിടപ്പുരോഗികളും ഗുരുതരമായ രോഗം ബാധിച്ചവരും ബാങ്കിൽ നേരിട്ടെത്തി പെൻഷൻ വാങ്ങുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എങ്കിൽ ഇവർക്ക് എ. ടി. എം. സൗകര്യമോ ചെക്ക് ലീഫോ ഉപയോഗിച്ച് പെൻഷൻ തുക പിൻവലിക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ?

നിലവിൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിൽ ചെക്ക് മുഖേനയുള്ള ഇടപാടുകൾക്ക് അനുവാദമില്ല. എന്നാൽ എ.ടി.എം

സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള സംഘങ്ങളിൽനിന്നും പെൻഷൻകാർ ആവശ്യപ്പെടുന്നപക്ഷം ടി സൗകര്യം ബാങ്കുകൾ നൽകിവരുന്നുണ്ട്. എല്ലാ ബാങ്കിലും എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നത് പ്രായോഗികമല്ല.

വ്യവസായ ആവശ്യത്തിന് പാട്ടഭൂമി

11(*461) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. വി. ജോയി:
ശ്രീ. എൻ. കെ. അക്ബർ.: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വ്യവസായ ആവശ്യത്തിന് ഭൂമി പാട്ടത്തിന് നൽകുന്നതു സംബന്ധിച്ച ഏകീകൃത നയത്തിന് രൂപം കൊടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് വ്യവസായാവശ്യത്തിന് ഭൂമി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച ഏകീകൃത നയ രൂപീകരണത്തിനുള്ള കരട് നയം സർക്കാർ പരിഗണിച്ചുവരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

സഹകരണ ബാങ്കുകൾക്ക് ഏകീകൃത സോഫ്റ്റ്വെയർ

12(*462) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. റോജി എം. ജോൺ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്വെയർ നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്വെയർ നിലവിലില്ല. സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ വിവിധ കമ്പനികളുടെ സോഫ്റ്റ്വെയറുകളാണ് ഉപയോഗിച്ചുവരുന്നത്.

(ബി) സഹകരണ ബാങ്കുകൾക്കായി ഏകീകൃത സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിന് ഏതെങ്കിലും കമ്പനിയെ തെരഞ്ഞെടുത്തിരുന്നോ; വിശദമാക്കാമോ; എങ്കിൽ ഈ കരാർ ടെണ്ടർ വഴിയാണോ നൽകിയതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഏകീകൃത സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിന് കമ്പനികളെയൊന്നും തെരഞ്ഞെടുത്തിട്ടില്ല. ഏകീകൃത സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനായി കമ്പനിയെ തെരഞ്ഞെടുക്കുന്നതിനുള്ള ഇ-ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) കരുവന്നൂർ സഹകരണ ബാങ്കിൽ സോഫ്റ്റ്വെയറിലെ ന്യൂനതകൾ

ഉപയോഗിച്ചാണ് ക്രമക്കേട് നടത്തിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സോഫ്റ്റ്വെയറുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട അടിസ്ഥാനപരമായ മുൻകരുതലുകളും സുരക്ഷാ മാനദണ്ഡങ്ങളും കരുവന്നൂർ സഹകരണ ബാങ്കിൽ സ്വീകരിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഈ സാഹചര്യത്തിൽ സഹകരണ ബാങ്കുകളുടെ വിശ്വാസ്യത വർദ്ധിപ്പിക്കാൻ ഏകീകൃത സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനായി 10-08-2020-ലെ സ.ഉ.(സാധാ) 345/2020/സഹ. നമ്പർ ഉത്തരവ് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ചെയർമാനായി NIC, IT Mission, Kerala Bank, PACS പ്രതിനിധി എന്നിവരുൾപ്പെട്ട ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും ടി മോണിറ്ററിംഗ് കമ്മിറ്റി Request for Proposal (RFP) തയ്യാറാക്കിയിട്ടുമുണ്ട്. ടി RFP പ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ പരിശോധിക്കുന്നതിനായി, 13-01-

2021-ലെ സ.ഉ.(സാധാ) 21/2021/സഹ നമ്പർ ഉത്തരവ് പ്രകാരം, സഹകരണ സംഘം രജിസ്ട്രാർ ചെയർമാനായി NIC, IT Mission, Kerala Bank, PACS പ്രതിനിധി, സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), നോഡൽ ആഫീസർ (ഐ.ടി) എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി തയ്യാറാക്കിയ RFP സർക്കാർ അംഗീകരിക്കുകയും ഇ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 31.12.2021-നകം ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലാണ് ഏകീകൃത സോഫ്റ്റ്വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലാണ് ഏകീകൃത സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുള്ളത്. സംഘങ്ങളിൽ നിലവിൽ ഉപയോഗിക്കുന്ന

സോഫ്റ്റ്വെയറുകളിൽ കൃത്രിമം നടന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ സഹകരണ വകുപ്പ് തയ്യാറാക്കുന്ന ഏകീകൃത സോഫ്റ്റ്വെയറിൽ പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് RFP തയ്യാറാക്കിയിട്ടുള്ളത്.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ

13(*463) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എ. രാജ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ സാധ്യതയ്ക്കനുസരിച്ച് പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്നറിയിക്കാമോ?

ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ. - ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20.01.2020-ൽ ഒപ്പുവച്ചു. പണി പുരോഗമിച്ചുവരുന്നു. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി.എൽ - ന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രിഡ്ബന്ധിത

സൗരോർജ്ജ പ്ലാന്റ് 2021-22-ൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ.ബി.എൽ-ന്റെ അധീനതയിലുള്ള ഭൂമിയിൽ 1.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് നിർമ്മാണത്തിനായുള്ള വർക്ക് ഓർഡർ 04.05.2021-ൽ നൽകിയിട്ടുണ്ട്. ഇതുപ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 18 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. വെസ്റ്റ് കല്ലടയിൽ എൻ.എച്ച്.പി.സി. നടപ്പാക്കുന്ന 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതി എൻ.എച്ച്.പി.സി. ആണ് നടപ്പാക്കുന്നത്. ഇടുക്കി റിസർവോയറിൽ എൻ.റ്റി.പി.സി. വിശദമായി പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 25 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി ചെറുതോണിയിലും 100 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി അഞ്ചുരുളിയിലും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ട്. SECI മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100

മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭ ദശയിലാണ്. PM-KUSUM പദ്ധതിയുടെ ഭാഗമായി ആകെ 40 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണത്തിനായി എം.എൻ.ആർ.ഇ. - യിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കർഷകരുടെ തരിശ്ശു ഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി കർഷകരിൽനിന്നും രജിസ്ട്രേഷൻ സ്വീകരിച്ച് അനുയോജ്യമായ തരിശ്ശുനിലങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇതുകൂടാതെ PM-KUSUM പദ്ധതിയുടെ ഭാഗമായി ഫീഡർ തലത്തിലുള്ള സൗരോർജ്ജവത്കരണത്തിനായി എം.എൻ. ആർ.ഇ. - യിൽനിന്നും അനുമതി ലഭ്യമായിട്ടുണ്ട്. 2000 ഗ്രിഡ്ബന്ധിത പമ്പുകളെ ഫീഡർതലത്തിൽ സൗരോർജ്ജവത്കരിക്കുകയാണ് ഇതിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷിക ആവശ്യത്തിനായുള്ള പമ്പുകൾ കൂടുതലായി ഉപയോഗിച്ചിട്ടുള്ള ഫീഡറുകളുടെ പരിധിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് കൃഷിയാവശ്യത്തിനായുള്ള വൈദ്യുതി ഉത്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 30 ശതമാനം സബ്സിഡിയാണ് ഈ പദ്ധതിക്കായി എം.എൻ.ആർ.ഇ. വകയിരുത്തിയിട്ടുള്ളത്. ഇതിനായുള്ള സ്ഥലം കണ്ടെത്തുന്നതിനായുള്ള രൂപരേഖ തയ്യാറാക്കിവരുന്നു.

സംസ്ഥാനത്തെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ സാദ്ധ്യതയ്ക്കനുസരിച്ച് പ്രയോജനപ്പെടുത്തുന്നതിന് 'സൗര' പദ്ധതി, സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന PM-KUSUM പദ്ധതി, ഗ്രിഡ് കണക്ടഡ് സോളാർ പദ്ധതി, ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതി, കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികൾ എന്നിവ ആസൂത്രണം ചെയ്തുവരുന്നു. കൂടാതെ തിരമാലയിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും, ഹൈഡ്രജൻ ഇന്ധനം ഗതാഗത രംഗത്ത് പ്രയോജനപ്പെടുത്തുന്നതിനുമുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു. പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2012-ൽ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം 2016-17 കാലയളവിൽ 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 (IPP only) ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻവേണ്ടിയുള്ള അനുമതി സർക്കാർ നൽകിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്മേൽ കൂടുതൽ വിശദീകരണത്തോടുകൂടി 2021-ൽ ഉത്തരവ് പുറപ്പെടുവിച്ചു. പുതിയ ഉത്തരവ് വന്നതിനുശേഷം ചില പദ്ധതികളുമായി മുന്നോട്ടുപോകാൻ സാങ്കേതികമായും, സാമ്പത്തികമായും ബുദ്ധിമുട്ടുണ്ടെന്ന് പദ്ധതി സംരംഭകർ

ഇ.എം.സി.-യെ അറിയിച്ചിട്ടുണ്ട്. ബാക്കിവരുന്ന പദ്ധതികളുടെ സംരംഭകരിൽ ചിലർ കോവിഡ് -19 ലോക്ക്ഡൗൺ കാരണം സാമ്പത്തിക ഞെരുക്കത്തിലായതിനാൽ ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പുവയ്ക്കുവാൻ കൂടുതൽ സമയം ചോദിച്ചിരിക്കുകയാണ്. ഈ സംരംഭകരുമായുള്ള ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് അടുത്തുതന്നെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതികളുമായി മുന്നോട്ടുപോകുന്നവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+] കൂടാതെ തിരുവനന്തപുരം ജില്ലയിലെ കരമനയാറ്, വാമനപുരം ആറ് (കെ.എസ്.ഇ.ബി - സ്പിൻ വഴി), പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിലാർ (തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് വഴി) എന്നീ നദീതടങ്ങളിലെ ചെറുകിട ജലവൈദ്യുത പദ്ധതി സാദ്ധ്യതാപഠനം നടത്തി. അതോടൊപ്പം കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോകൈനറ്റിക്ക് സാങ്കേതികം) വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതാപഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് Expression of Interest (EOI) വിളിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ സാദ്ധ്യതയുള്ള ഇടങ്ങൾ കണ്ടെത്തിയതിനുശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സൗരോർജ്ജ സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിനായി ഊർജ്ജ കേരള മിഷൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എന്തെല്ലാം പരിശീലന പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

സൗരോർജ്ജ സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റിന്റെ ഊർജ്ജ കേരളാ മിഷൻ നടപ്പാക്കുന്ന പദ്ധതിയാണ് 'സൗര' പദ്ധതി. ഇതിനായി എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും (770 സെക്ഷനുകൾ) സോളാർ കോ-ഓർഡിനേറ്റേഴ്സിനെ തെരഞ്ഞെടുത്ത് 'സൗര' പദ്ധതിക്കാവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ഇലക്ട്രിക്കൽ സർക്കിൾ കാര്യാലയങ്ങളിലും 'സൗര' പദ്ധതിയുടെ നടത്തിപ്പിനായി സോളാർ എക്സിക്യൂട്ടീവിനെ നിയമിക്കുകയും ഇതിനാവശ്യമായ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്രസർക്കാർ, 2019-20 വർഷം മുതൽ സബ്സിഡി നൽകിയുള്ള ഗ്രിഡ്ബന്ധിത പുരപ്പുറ സൗരോർജ്ജ പദ്ധതി നടപ്പിലാക്കുന്നത് സംസ്ഥാനങ്ങളിലെ വൈദ്യുതി വിതരണ കമ്പനികൾ മുഖേന മാത്രമാക്കിയതിനാൽ കേരളത്തിൽ K.S.E.B.L. മുഖേനയാണ് ഈ പദ്ധതി

നടപ്പിലാക്കുന്നത്. 500 MW പുരപ്പുറനിലയങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സൗര Phase-I പ്രോഗ്രാം - ഉപഭോക്താക്കളുടെ മേൽക്കൂരകളിൽ കെ.എസ്.ഇ.ബി.എൽ. സൗരനിലയം സ്ഥാപിച്ച് സൗരോർജ്ജ ഉത്പാദനം നടത്തുന്നു. മോഡൽ-1, മോഡൽ-2 ഇവയിൽ നിലയങ്ങൾക്കുവേണ്ട മുഴുവൻ മുതൽ മുടക്കും കെ.എസ്.ഇ.ബി.എൽ. നടത്തുന്നു. മോഡൽ 3-ൽ ഉപഭോക്താവിന്റെ മുതൽ മുടക്കിലാണ് നിലയങ്ങൾ സ്ഥാപിക്കുന്നത്. മാർച്ച് 2020 മുതൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഡിസംബർ 2021-ഓടുകൂടി പൂർത്തീകരിക്കാമെന്നാണ് കരുതുന്നത്. ഇതിൽ ഏകദേശം 5000 ഉപഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതുവഴി 46.5 MW കൂടി ചേർക്കാനാണ് ലക്ഷ്യമിടുന്നത്.

സൗര Phase-II സബ്സിഡി പ്രോഗ്രാം - ഗാർഹിക ഉപഭോക്താക്കൾക്കായുള്ള സബ്സിഡി പദ്ധതിയിൽ ഇതുവരെ 21000 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2019-20-ലെ പദ്ധതിയിൽ മൂന്ന് കോൺട്രാക്ടർമാർ മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ പുതുതായി ഏഴ് കോൺട്രാക്ടർമാരെക്കൂടി പദ്ധതിയിൽ എം-പാനൽ ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണം ത്വരിതഗതിയിലാക്കാൻ ഇത്

സഹായകമാകും.

(ഡി) പാരമ്പര്യേതര ഊർജ്ജോത്പാദനത്തിനും അവയുടെ പ്രചരണത്തിനും സൗരോർജ്ജ ഉത്പന്നങ്ങളുടെ നിർമ്മാണ, വിപണനത്തിനും സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ എന്നറിയിക്കാമോ?

സഹകരണസ്ഥാപനമായ റബ്കോയിൽ റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന 350 കിലോവാട്ട് ശേഷിയുള്ള സോളാർ വൈദ്യുതി പ്ലാന്റ് റെസ്കോ (RESCO) മോഡലിൽ സ്ഥാപിക്കുന്നതിന് അനെർട്ട് കരാർ ഒപ്പുവെച്ചു. ഒരു നിശ്ചിത നിരക്കിൽ ഇതിലൂടെ റബ്കോക്ക് വൈദ്യുതി ലഭ്യമാക്കുകയാണ് ലക്ഷ്യമിടുന്നത്. പാരമ്പര്യേതര ഊർജ്ജ ഉത്പാദനത്തിനും അവയുടെ പ്രചരണത്തിനും സൗരോർജ്ജ ഉത്പന്നങ്ങളുടെ നിർമ്മാണ, വിപണനത്തിനും സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുമായിച്ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്നകാര്യം പരിഗണനയിലുണ്ട്.

വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ

14(*464) ശ്രീ. എം. എം. മണി:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ നേരിടുന്ന പ്രധാന പ്രശ്നം ഉത്പന്നങ്ങൾക്ക് സുസ്ഥിര വിപണി കണ്ടെത്തുകയെന്നതായതിനാൽ ഇത്തരം വ്യവസായങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുംവേണ്ടി കഴിഞ്ഞ സർക്കാർ ആരംഭിച്ച വാണിജ്യ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ ആഗോള വിപണിയിൽ പരിചയപ്പെടുത്തി വിപണന സാദ്ധ്യത പ്രോത്സാഹിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്, വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്. വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ് :

സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക.

ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക. ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന പ്രധാനപ്പെട്ട ഫെയറുകളിൽ

സംസ്ഥാനത്തുനിന്നും സംരംഭക പ്രതിനിധികൾ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.

കേരളത്തിലെ നിക്ഷേപകർ/സംരംഭകർക്ക് ദേശീയ അന്തർദ്ദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക.

ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക.

ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉത്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക. കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന തനതായ ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാനതലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.

പ്രോജക്ട് കൺസൾട്ടൻസി തുടങ്ങുക.

വിദേശ നിക്ഷേപങ്ങൾക്ക് ഫെലിസിറ്റേഷൻ സേവനങ്ങൾ നടത്തുക.

മൊത്ത വ്യാപാരികൾക്കും ചില്ലറ വ്യാപാരികൾക്കും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവാർഡുകൾ നൽകുവാനുള്ള നടപടി സ്വീകരിക്കുക.

വാണിജ്യ സേവന മേഖലയുടെ വളർച്ചയ്ക്കായി സർക്കാർ ഒരു ട്രേഡ് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കുക. വാണിജ്യ മിഷന്റെ

പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ശബരിമല തീർത്ഥാടന കാലത്തും 2020 ആറ്റുകാൽ പൊങ്കാല ഉത്സവത്തോടനുബന്ധിച്ചും സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പ്രാദേശിക വ്യാപാര മേളകൾ വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് യുവജനങ്ങൾക്കുവേണ്ടി ഇ.ഡി. ക്ലബ് കോൺക്ലേവ് - എംഎസ്എംഇ സമ്മിറ്റ് (Enlight 2020) 2020 ജനുവരി 29, 30 തീയതികളിൽ ഉദയാ പാലസ് കൺവെൻഷൻ സെന്റർ, കവടിയാർ, തിരുവനന്തപുരത്തുവച്ച് സംഘടിപ്പിച്ചു. വാണിജ്യ മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി പരസ്പര പ്രയോജനകരമായ ബിസിനസ്സ് പങ്കാളിത്തത്തിനായി വാണിജ്യ, ബിസിനസ്സ് മീറ്റിംഗുകൾ നടത്തുന്നതിന് ദേശീയ അന്തർദ്ദേശീയ ബിസിനസ്സ് ഫോറങ്ങൾ സന്ദർശിക്കുവാൻ സംസ്ഥാനത്തുനിന്നുള്ള വ്യാപാര പ്രതിനിധികൾക്ക് സൗകര്യമൊരുക്കുന്നതിനും വാണിജ്യ മിഷൻ മുഖേന നടപടികൾ സ്വീകരിക്കുന്നു.

(ബി) കേരള ഇ-മാർക്കറ്റ് എന്ന പേരിൽ ആരംഭിച്ച ബിസിനസ് ടു ബിസിനസ് വെബ് പോർട്ടലിന്റെ പ്രവർത്തനഫലം വിലയിരുത്താൻ

കഴിഞ്ഞിട്ടുണ്ടോ?

കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉത്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി വ്യവസായ വകുപ്പിനുവേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) മുഖേന ഒരു ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ (www.keralaemarket.com/ www.keralaemarket.org/www.keralaemarket.kerala.gov.in) രൂപീകരിച്ചു. ഈ വെബ് പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉത്പന്നങ്ങൾക്ക് ദേശീയ അന്തർദ്ദേശീയ തലത്തിൽ വിപണി കണ്ടെത്തുവാൻ സാധിക്കും. പ്രസ്തുത പോർട്ടൽ വികസിപ്പിച്ചതിലൂടെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആഗോള തലത്തിലുള്ള വ്യവസായികൾ /ബയർമാർ എന്നിവരുമായി ആശയവിനിമയം നടത്തുവാൻ സാധിക്കും. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനുകീഴിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന പ്രസ്തുത പോർട്ടലിലൂടെ സൂക്ഷ്മ-ചെറുകിട-ഇടത്തരം

വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്ത് അവരുടെ ഉത്പന്നങ്ങളെയും സേവനങ്ങളെയുംകുറിച്ച് പ്രചരിപ്പിക്കുവാൻ സാധിക്കും. നിലവിൽ 1451 കമ്പനികളും കേരളത്തിലെ 28 പൊതുമേഖലാ സ്ഥാപനങ്ങളും ഈ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ തുടർന്നുവരുന്നു. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യുവാനും ഈ പോർട്ടൽ സഹായകരമാകും. നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ് പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ സാധിക്കും. ഇത്തരത്തിലുള്ള സംരംഭങ്ങൾ കേരളത്തിലെ വ്യവസായങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ദേശീയ അന്തർദ്ദേശീയ വിപണികളിൽ കടന്നു ചെല്ലുവാനും പ്രത്യേകിച്ചും കോവിഡ് കാലത്തിനുശേഷം അവർക്ക് പ്രയോജനപ്പെടുന്ന ദേശീയ അന്തർദ്ദേശീയ ബയർമാർ/കമ്പനികളുമായി വ്യാപാര പങ്കാളിത്തത്തിൽ ഏർപ്പെടുവാനും സാധിക്കും.

(സി) ഇത്തരം സംരംഭകരുടെ ഉത്പന്നങ്ങൾക്കായി കൊച്ചിയിൽ സ്ഥിരം അന്താരാഷ്ട്ര പ്രദർശന, വിപണന കേന്ദ്രം തുടങ്ങാൻ

ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി റീട്ടെയിൽ വ്യാപാരികളെക്കൂടി വാണിജ്യ മിഷന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ?

എറണാകുളം കാക്കനാട് കിൻഫ്രയുടെ കീഴിൽ അന്തർദ്ദേശീയ നിലവാരമുള്ള സ്ഥിര വിപണന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഇന്ത്യ ട്രേഡ് പ്രൊമോഷൻ കൗൺസിലും (ITPO) കിൻഫ്രയും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ എറണാകുളം വില്ലിംഗ്ടൺ ഐലന്റിൽ 100 ഏക്കറിൽ എഫ്.എം.സി.ജി.-കൾക്കായി പ്രത്യേക വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും കൊച്ചി പുതുവൈപ്പിനിലെ 30 ഏക്കർ ഭൂമിയിൽ ഒരു അഗ്രോ/സീ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ അന്വേഷിക്കുന്നതിനും കിൻഫ്രാ മാനേജിംഗ് ഡയറക്ടറെ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർ പേഴ്സണുമായി ചർച്ച നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കൊച്ചിൻ പോർട്ട് ട്രസ്റ്റിനേയും, ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പർ ഓഫ് കോമേഴ്സിനേയും (ഫിക്കി) ഉൾപ്പെടുത്തി ഒരു വെബിനാർ സംഘടിപ്പിക്കുന്നതിനും കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പാർക്കുകളിൽ സ്വകാര്യ സംരംഭകരെ ആകർഷിക്കുന്നതിന് ഫിക്കിയെ

ചുമതലപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കാൻ നടപടി

15(*465) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. മുകേഷ്:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ.കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സമ്പൂർണ്ണ വൈദ്യുതീകരണമെന്ന ലക്ഷ്യം കൈവരിച്ചതിന്റെ തുടർച്ചയായി ആവശ്യമുള്ള വൈദ്യുതിയുടെ ആഭ്യന്തര ഉത്പാദനം സാദ്ധ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന് ആവശ്യമുള്ള വൈദ്യുതിയുടെ ആഭ്യന്തര ഉത്പാദനം സാദ്ധ്യമാക്കുന്നതിന് പുതിയ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കെ.എസ്.ഇ.ബി.എൽ. -ന്റെ കീഴിൽ ആകെ 193.5 MW സ്ഥാപിതശേഷിയും 612.63 Mu വാർഷിക ഉത്പാദനവുമുള്ള 10 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇവയ്ക്കുപുറമേ, ആകെ 114 MW സ്ഥാപിതശേഷിയും 263.861 Mu വാർഷിക ഉത്പാദനവുമുള്ള 11 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം

ആരംഭിക്കുന്നതിലേയ്ക്കുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. നിർമ്മാണം നടന്നുവരുന്നതും പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്നതുമായ ജല വൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധം I, II ആയി ചേർത്തിരിക്കുന്നു.+ ഇടുക്കി ജലവൈദ്യുത നിലയത്തോടനുബന്ധിച്ച് പുതിയൊരു വൈദ്യുത നിലയം (780 MW) നിർമ്മാണത്തിനായുള്ള പര്യവേഷണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അനുബന്ധ ക്ലിയറൻസുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഏകദേശം 560 MW സ്ഥാപിതശേഷി വരുന്ന ജല വൈദ്യുത പദ്ധതികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും പ്രാരംഭ പര്യവേഷണ പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇടമലയാർ എക്സ്റ്റൻഷൻ, ലോവർ പൂഴിത്തോട്, ലച്മി, മാങ്കുളം സ്റ്റേജ് II, പള്ളിവാസൽ വിപുലീകരണ പദ്ധതി മുതലായവ ഉൾപ്പെടുന്നു. വൈദ്യുതിയുടെ ആഭ്യന്തര ഉത്പാദനം സാദ്ധ്യമാക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജ മേഖലയിൽ താഴെപ്പറയുന്ന പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

1. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള 1.5 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതി.

2. കോട്ടയം ജില്ലയിലെ ഏറ്റുമാനൂരിൽ 1 മെഗാവാട്ട് സൗരോർജ്ജ പദ്ധതി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിലായി 8 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതി. ഇതുകൂടാതെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കാൻ കർഷകർക്ക് തങ്ങളുടെ തരിശുനിലങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഊർജ്ജോത്പാദനം നടത്താനുതകുന്ന PM KUSUM പദ്ധതി നടപ്പിലാക്കാനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്വന്തമായി സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കാനും അതിൽനിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന് നൽകുകയോ അല്ലെങ്കിൽ തരിശുനിലങ്ങൾ സൗരോർജ്ജ പ്ലാന്റ് നിർമ്മിക്കാനായി പാട്ട വ്യവസ്ഥയിൽ 25 വർഷത്തേയ്ക്ക് നൽകി ലീസിനത്തിൽ വരുമാനം ലഭ്യമാക്കാനുതകുന്നതാണ് ഈ പദ്ധതി. സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2012-ൽ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. 2012-ൽ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം 2016-17 കാലയളവിൽ 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 (IPP only) ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻവേണ്ടിയുള്ള അനുമതി സർക്കാർ

നൽകിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്മേൽ കൂടുതൽ വിശദീകരണത്തോടുകൂടി 2021-ൽ ഉത്തരവ് പുറപ്പെടുവിച്ചു. പുതിയ ഉത്തരവ് വന്നതിനുശേഷം ചില പദ്ധതികളുമായി മുന്നോട്ടുപോകാൻ സാങ്കേതികമായും സാമ്പത്തികമായും ബുദ്ധിമുട്ടുണ്ടെന്ന് പദ്ധതി സംരംഭകർ ഇ.എം.സി.-യെ അറിയിച്ചിട്ടുണ്ട്. ബാക്കിവരുന്ന പദ്ധതികളുടെ സംരംഭകരിൽ ചിലർ കോവിഡ്-19 ലോക്ക്ഡൗൺ കാരണം സാമ്പത്തിക ഞെരുക്കത്തിലായതിനാൽ ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പുവയ്ക്കുവാൻ കൂടുതൽ സമയം ചോദിച്ചിരിക്കുകയാണ്. ഈ സംരംഭകരുമായുള്ള ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് അടുത്തുതന്നെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതികളുമായി മുന്നോട്ടുപോകുന്നവരുടെ വിശദാംശങ്ങൾ അനുബന്ധം III-ആയി ചേർത്തിരിക്കുന്നു.[+] കൂടാതെ തിരുവനന്തപുരം ജില്ലയിലെ കരമനയാറ്, വാമനപുരം ആറ് (കെ.എസ്.ഇ.ബി. - സ്പിൻ വഴി), പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിലാർ (തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് വഴി) എന്നീ നദീതടങ്ങളിലെ ചെറുകിട ജലവൈദ്യുത പദ്ധതി സാദ്ധ്യതാപഠനം നടത്തി. അതോടൊപ്പം കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോകൈനറ്റിക്ക് സാങ്കേതികം) വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതാപഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലക്ഷ്യമിട്ട് Expression of Interest (EOI) വിളിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ സാദ്ധ്യതയുള്ള ഇടങ്ങൾ കണ്ടെത്തിയതിനുശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോകൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉത്പാദനം സാദ്ധ്യമാക്കുന്നതിനായി അനെർട്ട് വഴി സൗരോർജ്ജം, കാറ്റ് എന്നീ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെക്കൂടി പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി 'സൗര' പദ്ധതി, സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി, PM-KUSUM പദ്ധതി, ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പദ്ധതി, കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി മുതലായവ ആസൂത്രണം ചെയ്ത നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് കൃഷിക്കും വ്യവസായത്തിനും സഹായകരമാവുന്ന പ്രത്യേക പദ്ധതികൾ വകുപ്പ് ആവിഷ്കരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

കേരളത്തിൽ കൃഷിയും വ്യവസായവുമുൾപ്പെടെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ലളിതവും സുതാര്യവുമായ നടപടിക്രമങ്ങൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. HT/EHT ഉപഭോക്താക്കൾക്കായി ഗ്രീൻ ചാനൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ

വൈദ്യുതി കണക്ഷൻ ലഭിക്കാൻ ചെലവാകുന്ന തുക കണക്കാക്കി അടിസ്ഥാനമാക്കി മുൻകൂട്ടി ഉപഭോക്താവിനുതന്നെ കണ്ടെത്തി ഒടുക്കാനും അവസരം ഒരുക്കുന്നു. ഇത് വ്യാവസായിക കണക്ഷനുകളുടെ കാര്യത്തിൽ പ്രത്യേകിച്ച് ഗുണകരമാകും. സംസ്ഥാനത്തെ വ്യാവസായിക/കാർഷിക ഉപഭോക്താക്കളിൽനിന്ന്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള യുക്തിസഹമായ നിരക്കിലാണ് വൈദ്യുതി ചാർജ്ജ് ഈടാക്കിവരുന്നത്. വൈദ്യുതിയുടെ ശരാശരി വിലയേക്കാൾ (Average cost of supply) കുറഞ്ഞ നിരക്കിലാണ് ചെറുകിട വ്യവസായികൾ, കൃഷിക്കാർ എന്നിവർക്ക് വൈദ്യുതി നൽകിവരുന്നത്. 2020-21 വർഷത്തെ ശരാശരി വൈദ്യുതി വില യൂണിറ്റൊന്നിന് 6.50 രൂപയായിരിക്കെ വ്യാവസായിക ഉപഭോക്താക്കൾക്ക് 5.65 രൂപാ നിരക്കിലും, കാർഷിക ഉപഭോക്താക്കളിൽ നിന്നും 2.30 രൂപാ നിരക്കിലുമാണ് എനർജി ചാർജ്ജ് ഈടാക്കിവരുന്നത്. കൂടാതെ ലോ ടെൻഷൻ വിഭാഗത്തിൽപ്പെടുന്ന കാർഷിക ഉപഭോക്താക്കൾക്ക് യൂണിറ്റൊന്നിന് 85 പൈസാ നിരക്കിൽ ഗവൺമെന്റ് സബ്സിഡി നൽകുകയും, ബാക്കിയുള്ള തുക മുഴുവനായും (ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയുള്ള കർഷകർക്ക്), സംസ്ഥാനത്തെ കൃഷിഭവൻ മുഖേന ബോർഡിലേയ്ക്ക് അടയ്ക്കുകയും ചെയ്യുന്നു. കേരളത്തിൽ കൃഷിക്കും

വ്യവസായത്തിനും സഹായകരമാകുന്ന താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഇ.എം.സി. നടത്തിവരുന്നു. കേരളത്തിലെ എല്ലാ വൻകിട വൈദ്യുത ഊർജ്ജ ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി 2011-ൽ സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സഹായമായി ഊർജ്ജ ഓഡിറ്റ് സബ്സിഡി സ്കീം ഇ.എം.സി. നടപ്പിലാക്കി വരുന്നു. ഊർജ്ജ ഓഡിറ്റ് സബ്സിഡി സ്കീം പ്രകാരം ഊർജ്ജ ഓഡിറ്റ് ഫീസിന്റെ 50%, പരമാവധി 50,000 രൂപവരെ സബ്സിഡിയായി നൽകുന്നു. സർക്കാർ ഉടമസ്ഥതയിലുള്ള ചെറുകിട വൈദ്യുതോർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് സൗജന്യ പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതി നടപ്പിലാക്കുന്നു. സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ ഊർജ്ജ സംരക്ഷണ അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. വ്യവസായശാലകളിൽ ഊർജ്ജ സംരക്ഷണം ഉറപ്പുവരുത്തുവാൻ വ്യവസായ പാർക്കുകളും ക്ലസ്റ്ററുകളും കേന്ദ്രീകരിച്ച് 30 ശില്പശാലകൾ നടത്തുവാൻ പദ്ധതിയിടുന്നു. കാർഷിക മേഖലയിലെ ഊർജ്ജ കാര്യക്ഷമത

മെച്ചപ്പെടുത്തുന്നതിനും, ഭൂജല ഉപഭോഗം കുറയ്ക്കുന്നതിനുമായി കർഷകർക്കും ടെക്നീഷ്യന്മാർക്കുമായുള്ള ബോധവത്കരണ പരിപാടികൾ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ മുഖാന്തരം നടത്തിവരുന്നു. കൂടാതെ ഇതേവിഷയത്തിൽ വെബിനാറുകളും കപ്പാസിറ്റി ബിൽഡിംഗ് ശില്പശാലകളും നടത്തുന്നുണ്ട്. കുട്ടനാട്, തൃശ്ശൂർ-പൊന്നാനി കോൾ നിലങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന ഊർജ്ജ കാര്യക്ഷമത കുറഞ്ഞ പെട്ടിപറ പമ്പുകൾക്ക് പകരം ഉപയോഗിക്കുവാൻ സാധിക്കുന്ന ഊർജ്ജകാര്യക്ഷമത കൂടിയ പമ്പുകൾ വികസിപ്പിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ പൂർത്തിയായി. കൂടാതെ കാർബൺരഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടെ PM-KUSUM പദ്ധതി കാർഷിക മേഖലയിൽ നടപ്പിലാക്കും. സോളാർ പവർ പ്ലാന്റുകൾ റെസ്കോ (RESCO) മോഡലിൽ വ്യവസായ സ്ഥാപനങ്ങളിൽ സ്ഥാപിക്കും.

(സി) വൈദ്യുതി മേഖലയിൽ കേന്ദ്ര ഗവൺമെന്റ് കൈക്കൊള്ളുന്ന നടപടികൾ ഏതെല്ലാം വിധത്തിൽ സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്ട് 2003 നടപ്പിലാക്കിയതും പിന്നീട് അതിൽ കൂടുതൽ മാറ്റങ്ങൾകൊണ്ടുവരാൻ ശ്രമിച്ചതും വൈദ്യുതിമേഖലയിൽ

സ്വകാര്യപങ്കാളിത്തം സാദ്ധ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടെയാണ്. ഇതുകൂടാതെ 2020 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ Draft Standard Bidding Documents for Privatization of Distribution Licensees, നിലവിൽ പൊതുമേഖലയിൽ തുടരുന്ന സ്ഥാപനങ്ങളുടെ പൂർണ്ണ ഉടമസ്ഥത സ്വകാര്യമേഖലയ്ക്ക് കൈമാറാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്ന് കാണാം. ഏപ്രിൽ 2020-ൽ കേന്ദ്രസർക്കാർ പുറത്തിറക്കിയ കരട് വൈദ്യുതി നയത്തിലും വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യവത്കരണത്തിനുള്ള നീക്കങ്ങൾ കാണാം. വൈദ്യുതി മേഖല സ്വകാര്യ സ്ഥാപനങ്ങൾ കയ്യടക്കുന്നത് തന്നിഷ്ട പ്രകാരമുള്ള തിരഞ്ഞെടുപ്പിനും (cherry picking) താമസംവിനാ സമ്പൂർണ്ണ വൈദ്യുതീകരണം, എല്ലാ വിഭാഗങ്ങൾക്കും താങ്ങാനാകുന്ന വിലയ്ക്ക് വൈദ്യുതി തുടങ്ങി വർഷങ്ങളുടെ പ്രയത്നംമൂലം കേരളം കൈവരിച്ച നേട്ടങ്ങൾ കൈവിട്ട് കളയുന്ന സ്ഥിതിയിലേയ്ക്കും കാര്യങ്ങൾ എത്തിക്കുമെന്ന് ഭയപ്പെടുന്നു. വർഷങ്ങൾക്കുശേഷം മാത്രം ലാഭം ലഭിക്കാൻ ഇടയുള്ള ശൃംഖലാ വികസന പദ്ധതികളിൽ മുതൽമുടക്കാൻ സ്വകാര്യ നിക്ഷേപകർ തയ്യാറാകില്ല. ഇത് ഭാവിയിൽ വിതരണനഷ്ടം കൂടുന്നതിനും തദ്വാര വൈദ്യുതി വാങ്ങൽച്ചെലവ് വർദ്ധിക്കാനും ഇടയാക്കും. വോൾട്ടേജ് ഇല്ലായ്മ,

അടിക്കടിയുണ്ടാകുന്ന വൈദ്യുതി മുടക്കം, ശൃംഖലയുടെ ശേഷിക്കുറവുമൂലമുണ്ടാകുന്ന ലോഡ്ഷെഡിംഗ് എന്നിവ ഭാവിയിൽ തുടർക്കഥയാകും. ലാഭേച്ഛ കൂടാതെ വനാന്തരങ്ങളിലും മറ്റ് വിദൂര പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാദ്ധ്യതയില്ലാതാകുമെന്നും ഭയപ്പെടുന്നു. 2020 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ Draft Standard Bidding Documents for Privatization of Distribution Licensees പ്രകാരം പൊതുമേഖലയിൽ നിലനിൽക്കുന്ന വിതരണ ലൈസൻസികളുടെ ഭൂമി ഒഴികെയുള്ള ആസ്തികൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ പുതുതായി വരുന്ന സ്വകാര്യ ലൈസൻസിക്ക് കൈമാറണമെന്നും തങ്ങളുടെ കൈവശമുള്ള ഭൂമി സ്വകാര്യ ലൈസൻസിയുടെ ഉപയോഗത്തിനായി തുച്ഛമായ നിരക്കിൽ വിട്ടുനൽകണമെന്നും നിഷ്കർഷിക്കുന്നു. നിലവിലെ വിതരണ കമ്പനിയുടെ ജീവനക്കാരെ സ്വകാര്യ ലൈസൻസിക്ക് കൈമാറണമെന്നും അതേസമയം ഇത്തരത്തിൽ കൈമാറുന്ന ജീവനക്കാരുടെ നാളിതുവരെയുള്ള റിട്ടയർമെന്റാനുകൂല്യങ്ങൾ അതത് സർക്കാരുകൾതന്നെ വഹിക്കണമെന്നും കരടുരേഖയിൽ വിഭാവനം ചെയ്യുന്നു. ഇതിനുപുറമേ നിലവിലുള്ളതും എന്നാൽ സാമ്പത്തികമായി ലാഭമുള്ളതുമായ

വൈദ്യുതിവാങ്ങൽ കരാറുകളും സ്വകാര്യ ലൈസൻസുകൾക്ക് കൈമാറേണ്ടി വരും. കേന്ദ്രം മുന്നോട്ടുവച്ച കരട് വൈദ്യുതി നയത്തിൽ സ്വകാര്യവത്കരണത്തിനുള്ള നീക്കങ്ങൾക്കുപുറമേ ഏതാനും സംസ്ഥാനങ്ങൾ ഏറ്റെടുത്ത ഏതാനും പുനരുപയോഗ ഊർജ്ജ പദ്ധതികൾ മൂലമുണ്ടാക്കിയ സാമ്പത്തികബാദ്ധ്യത മറ്റ് സംസ്ഥാനങ്ങൾകൂടി പങ്ക് വഹിക്കണം, സർക്കാർ സബ്സിഡി ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർവഴി നേരിട്ട് ഉപഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് പണം കൈമാറണം, സൗരോർജ്ജ - സൗരോർജ്ജേതര സ്രോതസുകൾക്കുവേണ്ടി പ്രത്യേകം പ്രത്യേകം Renewable Purchase Obligation, സംസ്ഥാന ലോഡ് ഡെസ്പാച്ച് സെന്ററുകൾ പ്രസരണ വിഭാഗത്തിൽനിന്നും വേർതിരിക്കണം തുടങ്ങിയ ആശയങ്ങളും മുന്നോട്ടുവയ്ക്കുന്നു. കേന്ദ്ര അക്ഷയ ഊർജ്ജ മന്ത്രാലയത്തിന് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി 2014-ൽ കൊണ്ടുവന്ന സബ്സിഡി സ്കീം 2017-ഓടുകൂടി നിർത്തലാക്കുകയും പുതുക്കുന്നതിനുള്ള കരട് നിർദ്ദേശം 2019-ൽ ഉണ്ടാക്കുകയും ചെയ്തിരുന്നെങ്കിലും ഇതുവരെ പുതിയ സബ്സിഡി പ്രോഗ്രാം നടപ്പിലായിട്ടില്ല. അതിനാൽ സംരംഭകർക്ക് പദ്ധതികളിൽ ലഭിക്കുമായിരുന്ന ലാഭസാദ്ധ്യത കുറയുകയും പദ്ധതി നടപ്പിലാക്കൽ മന്ദഗതിയിലാകുകയും

ചെയ്തിട്ടുണ്ട്.

കൈത്തറി മേഖലയുടെ പരിഷ്കരണം

16(*466) ശ്രീ. വി. ശശി:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖല പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഉത്പാദന രീതികളുടെ നവീകരണവും ഉത്പന്ന വൈവിദ്ധ്യവത്കരണവും പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

"ടെക്നോളജി അപ്ഗ്രഡേഷൻ ആൻഡ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി" പദ്ധതി നടപ്പിലാക്കിക്കൊണ്ട് ഉത്പാദന രീതി നവീകരിക്കുന്നതിനും തറികളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും നെയ്ത്തിന്റെ ഗുണമേന്മ കൂട്ടുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. "ടെക്നോളജി അപ്ഗ്രഡേഷൻ" ഉൾപ്പെട്ടിട്ടുള്ള "ആധുനികവത്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനവും" പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5.50 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(ബി) വിദഗ്ധ നെയ്ത്തുകാരെക്കൊണ്ട് ആധുനിക ഡിസൈനിൽ തുണി ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി കൈത്തറി സുരക്ഷ എന്ന പദ്ധതി ഹാൻടെക്സ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കൈത്തറി സുരക്ഷ പദ്ധതി 2019-20-ൽ ആരംഭിച്ചു. വിദഗ്ധ നെയ്ത്തുകാരെക്കൊണ്ട് നാളിതുവരെ ഹാന്റ്ക്സിൽ പ്രീമിയം ഉത്പന്നങ്ങൾ എന്ന ശ്രേണിയിൽ ബാലരാമപുരം-റോയൽ മുണ്ടുകൾ, കുത്താംപുള്ളി-കളർ സാരികൾ, കൊല്ലം-ഒറ്റമുണ്ട്, കൈലി, കണ്ണൂർ - ഷർട്ടിംഗ് എന്നിവ ഉത്പാദനം ആരംഭിച്ചു. കോവിഡ് മഹാമാരി, പ്രളയം എന്നീ പ്രതിസന്ധി കാലഘട്ടത്തിലും ഇതിൽ 2,80,12,651/- രൂപയുടെ ഉത്പന്നങ്ങൾ മാർക്കറ്റ് ചെയ്യാൻ സാധിച്ചിട്ടുണ്ട്. "കൈത്തറി സുരക്ഷാ പദ്ധതി" പ്രകാരം ഒരു കോടി രൂപ അസംസ്കൃത വസ്തുക്കളുംമറ്റും വാങ്ങുന്നതിനായി നെയ്ത്തുകാർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) കൈത്തറി മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൈത്തറി മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ GeM പോർട്ടൽ, eshilpamart തുടങ്ങിയ ഇ-കൊമേഴ്സ്

പോർട്ടൽ പോലുള്ളവയിൽ രജിസ്ട്രേഷൻ നടത്തി ഓൺലൈൻ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആമസോൺ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനത്തിലൂടെ 2016 മുതൽ ഹാന്റ്ക്സ് വിപണനം നടത്തി വരുന്നു.

(ഡി) കൈത്തറി മേഖലയുടെ നവീകരണത്തിന്റെ ഭാഗമായി പുതിയ ഡിസൈൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആരംഭിച്ചിട്ടില്ല.

(ഇ) കൈത്തറി സഹകരണ സംഘങ്ങൾ പുന:സംഘടിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഏകദേശം 300 സംഘങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സംഘങ്ങളിൽനിന്നായി 5600 നെയ്ത്തുകാരും 1513 അനുബന്ധ തൊഴിലാളികളും സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി ജോലി ചെയ്തുവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി, പൂട്ടിക്കിടന്നിരുന്ന 15 സംഘങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

സമ്പദ് വ്യവസ്ഥയുടെ പുനരുദ്ധാരണത്തിൽ സഹകരണമേഖലയുടെ ഇടപെടൽ

17(*467) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് തകർത്ത സമ്പദ് വ്യവസ്ഥയെ പുനരുദ്ധരിക്കുന്നതിനും പ്രളയനാശം അതിജീവിക്കുന്നതിനുമായി സഹകരണമേഖല ഇപ്രാവശ്യത്തെ സഹകരണ ദിന സന്ദേശമായ 'ഒരുമിച്ചു നിന്ന് മികവാർന്ന പുനർനിർമ്മാണം' അന്വർത്ഥമാക്കുന്ന തരത്തിൽ നടത്തിയ ഇടപെടലുകൾ വിശദീകരിക്കുമോ?

'ഒരുമിച്ചു നിന്ന് പുനർനിർമ്മാണം' എന്നത് ഈ വർഷത്തെ അന്തർദ്ദേശീയ സഹകരണ ദിനത്തിന്റെ മുഖ്യ പ്രമേയമാണ്. കോവിഡ് പശ്ചാത്തലത്തിൽ ഈ പ്രമേയത്തെ അന്വർത്ഥമാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സഹകരണ സംഘങ്ങളോട് നിർദ്ദേശിച്ചിരുന്നു. 2021 ജൂലൈ 03 മുതൽ 2022 മാർച്ച് 31 വരെ നടത്തുന്ന പ്രവർത്തനങ്ങളിൽ ഏറ്റവും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്ക് അടുത്ത വർഷത്തെ സഹകരണ ദിനത്തിൽ COOPDAY പുരസ്കാരം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. പ്രളയ

കാലത്തും കോവിഡ് മഹാമാരിക്കിടയിലും സഹകരണ വകുപ്പ് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു ചെയ്തുവരികയാണ്:

(i) കെയർഹോം പദ്ധതി, 2018-ലെ പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തെ ഭവനരഹിതരായവർക്ക് വീട് നിർമ്മിച്ചുനൽകുന്നതിന് സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കെയർഹോം. പ്രസ്തുത പദ്ധതി പ്രകാരം 2067 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. കെയർഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും ഭവനരഹിതർക്ക് ഭവനസമുച്ചയങ്ങൾ (ഫ്ലാറ്റ്) നിർമ്മിച്ചുനൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

(ii) മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി, കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയ ലോക്ക്ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തന്മൂലം സാധാരണക്കാർക്കുണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച 2000 കോടിയുടെ " മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി" പ്രകാരം സഹകരണ സംഘങ്ങൾ മുഖേന 86269 കുടുംബശ്രീ ഗ്രൂപ്പുകളിലൂടെ 788.80 കോടി രൂപ നൽകിയിട്ടുണ്ട്.

(iii) Special Liquidity Facility (SLF) വായ്പ, കോവിഡ്-19

രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായ മേഖലയേയും സജീവമായി നിലനിർത്തുന്നതിനും ബാങ്കുകളിൽനിന്നുള്ള ധനസഹായം മുടക്കംകൂടാതെ നൽകുന്നതിനും സംസ്ഥാനത്തെ സഹകരണ മേഖലയിൽ വിനിയോഗിക്കുന്നതിന് Special Liquidity Facility (SLF) എന്ന പേരിൽ 2020 വർഷത്തിൽ 2000 കോടി രൂപയും (SLF-I) 2021 വർഷത്തിൽ 1670 കോടി രൂപയും (SLF- II) നബാർഡിൽനിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിന് അനുവദിച്ച ധനസഹായം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. (iv) സാമൂഹിക ക്ഷേമപെൻഷൻ വിതരണം, ലോക്ക്ഡൗൺ കാലത്ത് എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് രണ്ട് ഘട്ടങ്ങളിലായി സാമൂഹിക സുരക്ഷാ പെൻഷൻ വിതരണം നടത്തിയതാണ് സഹകരണ മേഖല നടത്തിയ മറ്റൊരു ശ്രദ്ധേയ പ്രവർത്തനം

(v) വിവിധ ഇനം വായ്പാ പദ്ധതികൾ, വിവിധ ജനവിഭാഗങ്ങൾക്ക് കൈത്താങ്ങായി മാറുന്ന ഏറ്റവും എളുപ്പം ലഭിക്കുന്ന വിവിധയിനം വായ്പാ പദ്ധതി കേരള ബാങ്കിലൂടെ ആവിഷ്കരിച്ചു. പ്രാദേശികതലത്തിൽ സർവ്വീസ് സഹകരണ ബാങ്കുകളും വിവിധയിനം വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു.

പലിശരഹിത വായ്പ, പലിശരഹിത സ്വർണ്ണപ്പണയ വായ്പ തുടങ്ങിയ വായ്പാ പദ്ധതികൾ ആരംഭിച്ചു.

(vi) സുഭിക്ഷകേരളം- ഭക്ഷ്യ കാർഷിക മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനുവേണ്ടി കേരള സർക്കാർ പ്രഖ്യാപിച്ച സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി സഹകരണ വകുപ്പ് വിവിധ പരിപാടികൾ നടപ്പിലാക്കിയിരുന്നു. സഹകരണ സംഘങ്ങൾവഴി കർഷകർ, ഫാർമേഴ്സ് ക്ലസ്റ്ററുകൾ, സ്വയം സഹായ ഗ്രൂപ്പുകൾ, യുവജനങ്ങൾ എന്നിവയ്ക്ക് കിസാൻ ക്രെഡിറ്റ് കാർഡ് വഴി വായ്പാ ലഭ്യത ഉറപ്പുവരുത്തി. കാർഷിക വിഭവങ്ങളുടെ സംഭരണത്തിന് റിവോൾവിംഗ് ഫണ്ട് വായ്പ ഉറപ്പാക്കി. സംഘം അടിസ്ഥാനത്തിൽ കാർഷികോത്പന്നങ്ങളുടെ സംഭരണത്തിന് സംയോജിത സംഭരണ കേന്ദ്രം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കി. ഇതിന്റെ ഭാഗമായി വിവിധ കാർഷിക പ്രവർത്തനങ്ങൾക്കായി തദ്ദേശഭരണ സ്ഥാപനത്തിന് കീഴിൽ കുറഞ്ഞത് 50 സെന്റ് സ്ഥലമെങ്കിലും എടുത്ത് ഒരു മാതൃകാ കൃഷിത്തോട്ടം സഹകരണ സ്ഥാപനങ്ങൾ നേരിട്ട് സജ്ജീകരിക്കാൻ തീരുമാനിച്ചു. കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ സംസ്ഥാനത്തൊട്ടാകെ 211 പച്ചക്കറി സംഭരണ വില്പന ഔട്ട് ലെറ്റുകൾ തുറന്നു. കോവിഡുമൂലം സംസ്ഥാനത്തെ സ്കൂളുകൾ

ഇറന്നുപ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് സർക്കാർ ഓൺലൈൻ പഠന സൗകര്യമൊരുക്കിയിരുന്നു. എന്നാൽ ഇത്തരം സാഹചര്യം ലഭ്യമാകാത്തവരെ സഹായിക്കാൻ സഹകരണ പ്രസ്ഥാനം മുന്നോട്ടുവന്നു. കേരളത്തിലാകെ 4216 ടെലിവിഷനുകൾ, 325 മൊബൈൽ/ടാബുകൾ, 64 കമ്പ്യൂട്ടറുകൾ, 3 പ്രൊജക്ടറുകൾ, 131 DTH-കൾ എന്നിവ നൽകി ഈ പ്രവർത്തനത്തിൽ പങ്കാളിയായി.

(vii) റിസർജന്റ് കേരള ലോൺ സ്കീം (RKLS) കേരളം നേരിട്ട പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി 07.09.2018-ലെ സ.ഉ(കൈ) 326/2018/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റിസർജന്റ് കേരള ലോൺ സ്കീം ((RKLS) എന്ന പദ്ധതി അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേന 2018-ൽ നടപ്പിലാക്കിയിരുന്നു

(viii) വിദ്യാതരംഗിണി കോവിഡ് മഹാമാരിക്കാലത്ത് 1 മുതൽ 12

ക്ലാസുവരെയുള്ള വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം നടത്തുന്നതിനായി സ്കൂൾ അധികാരികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി ഒരു വ്യക്തിയ്ക്ക് 10,000/- രൂപവരെ പലിശരഹിത വായ്പ ലഭിക്കുന്ന വിദ്യാതരംഗിണി എന്ന പദ്ധതി സഹകരണ വകുപ്പ് 2021 ജൂൺ 25 മുതൽ ജൂലൈ 31 വരെ നടപ്പാക്കി.

(ix) കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ, കൺസ്യൂമർഫെഡിന്റെ കീഴിൽ 45 മൊബൈൽ ത്രിവേണികൾ ഉപഭോക്താക്കളുടെ വീട്ടുപടിക്കൽ സാധനങ്ങൾ എത്തിച്ചു. സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷ കണക്കിലെടുത്ത് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ സംഭരിക്കാനും കൺസ്യൂമർഫെഡ് ശ്രദ്ധിച്ചു. എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓൺലൈൻ വ്യാപാരമാരംഭിച്ചു. മിൽമയുടെ പ്രതിസന്ധി കണക്കിലെടുത്ത് പാൽ അടക്കമുള്ള എല്ലാ ഉത്പന്നങ്ങളും കേരളത്തിലെ ത്രിവേണി സ്റ്റോറുകൾ വഴി വിതരണം ചെയ്തു.

(ബി) നെൽകൃഷി, ഹൈടെക് കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും പട്ടികജാതി-പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ

സംഘങ്ങൾ എന്നിവയെ പരിപോഷിപ്പിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി നെൽ കർഷകരെ തിരികെ കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനും, നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള കാർഷിക മേഖല സംരക്ഷിച്ച് സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി ലാഭകരമാക്കുന്നതിനുമുള്ള ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നെൽ കർഷകർക്ക് പലിശരഹിത വായ്പ നൽകുകയും വായ്പയിന്മേലുള്ള പലിശ സംഘങ്ങൾക്ക് സർക്കാർ നൽകുകയും ചെയ്യുന്നു. സ്വന്തം ഫണ്ടുപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, ഫാർമേഴ്സ് സർവ്വീസ് സഹകരണ സൊസൈറ്റി എന്നിവ നെൽകൃഷിക്കായി മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ വായ്പ നൽകിയിട്ടുണ്ടെങ്കിൽ വർദ്ധനവിന്റെ 5% പരമാവധി 1 ലക്ഷം രൂപവരെ പ്രോത്സാഹന സഹായം നൽകുന്നുണ്ട്. കഴിഞ്ഞ വർഷം അനുവദിച്ച മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക

നെൽക്കൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഗ്രാന്റായി പരമാവധി 25000 രൂപ നിരക്കിൽ പ്രോത്സാഹന സഹായം നൽകിവരുന്നുണ്ട്. സഹകരണ സംഘത്തിന് കൊയ്ത്ത് - മെതി യന്ത്രം വാങ്ങുന്നതിന് പ്രോത്സാഹന ഗ്രാന്റായി വിലയുടെ 20 ശതമാനമോ 4 ലക്ഷം രൂപയോ ഏതാണോ കുറവ് ടി തുക നൽകി വരുന്നുണ്ട്. ഹൈടെക് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിത ഭവനങ്ങൾ സ്ഥാപിക്കുന്നതിനും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. നെൽക്കൃഷിക്ക് വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന സഹായം നൽകിവരുന്നുണ്ട്. കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെയും കാർഷിക പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനും കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകിവരുന്നു. പാലക്കാട് ജില്ലയിലെ നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടുകൊണ്ട് നെൽക്കൃഷിയെ പ്രോത്സാഹിപ്പിച്ച് പാലക്കാട് ജില്ലയിൽ ഉത്പാദിപ്പിക്കുന്ന നെല്ല് സംഭരിച്ച്, സംസ്കരിച്ച് അരിയാക്കി മാറ്റി സിവിൽ സപ്ലൈസ്

കോർപ്പറേഷൻവഴി സർക്കാരിന്റെ പൊതുവിതരണത്തിനായും കൂടാതെ സ്വന്തം ബ്രാൻഡിൽ ജില്ലയിലെ സഹകരണ സംഘങ്ങളുടെ വിപണന സ്റ്റാളുകൾവഴി വിപണനം നടത്തുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) അംഗങ്ങളുള്ള പാഡി പ്രോക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി. നമ്പർ പി.1449 (PAPCOS) എന്ന ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്. ടി സംഘത്തിന്റെ അധീനതയിൽ ദിനംപ്രതി 2 MT നെല്ല് സംസ്കരിച്ച് അരിയാക്കുവാൻ കഴിയുന്ന ഒരു അത്യാധുനിക റൈസ് മില്ലും സിലോകളും സ്ഥാപിക്കുന്നതിനുള്ള നടപടി പ്രവർത്തനങ്ങൾ നടന്നുവരുകയാണ്. കൂടാതെ സംസ്ഥാനത്തെ നെൽകർഷകരുടെ പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിനായി സംഭരണ, സംസ്കരണ, വിപണന രംഗത്ത് സഹകരണ മേഖലയുടെ ഇടപെടലുണ്ടാക്കിക്കൊണ്ട് നെൽക്കൃഷിയെ പ്രോത്സാഹിപ്പിക്കുംവിധം സംസ്ഥാനമാകെ പ്രവർത്തന പരിധിയോടുകൂടിയ ഒരു ഫെഡറൽ നെല്ല് സഹകരണ സംഘം രൂപീകരിക്കുന്നതിനും കുട്ടനാടും, അപ്പർ-കുട്ടനാടും രണ്ട് ആധുനിക റൈസ് മില്ല് സ്ഥാപിക്കുന്നതിനുമായുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള

ധനസഹായം പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായമായി പരമാവധി 4 ലക്ഷം രൂപവരെ അനുവദിക്കുന്നു. കെ.ജി.റ്റി.ഇ./മറ്റ് സർക്കാർ ഏജൻസികളുടെ അംഗീകാരമുള്ള വിവിധ കോഴ്സുകളിലേയ്ക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള യുവതലമുറയ്ക്ക് പരിശീലനങ്ങൾ നൽകുന്നതിനായുള്ള സ്ഥാപനങ്ങൾ തുടങ്ങുന്നതിന് പട്ടിക ജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരിയിനത്തിൽ 1.50 ലക്ഷം രൂപയും സബ്സിഡിയിനത്തിൽ 3.50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5 ലക്ഷം രൂപ ധനസഹായം അനുവദിച്ചുവരുന്നു. പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണസംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡിയായി പ്രതിമാസം 10000/- രൂപ നിരക്കിൽ 5 വർഷത്തേയ്ക്കും ടി വർഷ കാലത്തിനിടയിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് തുടർന്നുള്ള 3 വർഷങ്ങളിൽ പ്രതിമാസം 15000/- രൂപ നിരക്കിലും മാനേജീരിയൽ സബ്സിഡി അനുവദിക്കുന്നുണ്ട്. പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് വർക്കിംഗ് ക്യാപിറ്റൽ ഗ്രാന്റായി 5 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ബിൽഡിംഗ് മെയിന്റനൻസിന് ഗ്രാന്റിനത്തിൽ പരമാവധി 5 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ

സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതിയിനത്തിൽ ഓഹരിയായി 5 ലക്ഷം രൂപയും സബ്സിഡിയായി 15 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു. നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം ഓഹരിയിനത്തിൽ 10 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ 30 ലക്ഷം രൂപയും ഉൾപ്പെടെ 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് 50 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണത്തിനായി പുനർജ്ജനി എന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. വനിതാ സഹകരണ സംഘങ്ങൾക്കും വനിത ഫെഡിനുമുള്ള സഹായം- വനിതാ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ച് നിത്യവരുമാനം ഉറപ്പാക്കുന്നതിനും അതോടൊപ്പം സാമൂഹികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനും അതത പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനും

സഹായമായ പ്രോജക്ടുകൾക്ക് അവയുടെ പ്രായോഗികത, വിജയസാദ്ധ്യത, പ്രവർത്തനലാഭം എന്നിവ വിലയിരുത്തി ധനസഹായം നൽകിവരുന്നു. ദുർബല വനിതാ സഹകരണ സംഘങ്ങൾക്ക് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വനിതാ സഹകരണ സംഘങ്ങളുടെ ആധുനികവത്കരണത്തിനും കമ്പ്യൂട്ടർവത്കരണത്തിനുമായി ധനസഹായം അനുവദിച്ചുവരുന്നു. വനിതാ സഹകരണ സംഘങ്ങൾക്കും കേരള സംസ്ഥാന വനിതാ സഹകരണ ഫെഡറേഷനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ ഇവയാണ്. വനിതാ സഹകരണ സംഘങ്ങൾക്ക് ചെറുകിട വ്യവസായം ആരംഭിക്കുന്നതിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തികൾ ഏറ്റെടുക്കുന്നതിനുമായി പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ പരമാവധി 20 ലക്ഷം രൂപ വരെയുള്ള ധനസഹായം. വനിതാ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനമായി പരമാവധി 2 ലക്ഷം രൂപയും പ്രവർത്തന മൂലധന ഗ്രാന്റായി പരമാവധി 5 ലക്ഷം രൂപയും അനുവദിക്കുന്നു. വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിതാ സൊസൈറ്റികൾക്കും വനിതാ ഫെഡറേഷനും ആധുനികവത്കരണത്തിനും കമ്പ്യൂട്ടർവത്കരണത്തിനുമായുള്ള സഹായം. കേരള വനിതാ സഹകരണ ഫെഡറേഷൻ ലിമിറ്റഡിന്റെ കീഴിൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതുമായി

ബന്ധപ്പെട്ടിട്ടുള്ള വികസന/സ്ഥാപന ചിലവുകൾ നിറവേറ്റുന്നതിനും പുതിയ സംരംഭകത്വ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി പ്രത്യേക വൈദഗ്ധ്യ പരിശീലനം നൽകുന്നതിനുള്ള സഹായം.

(സി) സഹകരണ മേഖലയിൽ കെട്ടിക്കിടക്കുന്ന നിക്ഷേപം കാർഷിക, വ്യവസായ, സേവന മേഖലകളിലെ പുതിയ സംരംഭങ്ങൾക്ക് വഴിയൊരുക്കുന്നതിനായി വിനിയോഗിച്ച് വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള ഇടപെടൽ ഉണ്ടാകുമോ?

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ വിവിധ പദ്ധതികളിലൂടെ കാർഷിക വ്യവസായ സേവന മേഖലകളിലെ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

വൈദ്യുത അപകടങ്ങൾ തടയാൻ പദ്ധതി

18(*468) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത അപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) പല അപകടങ്ങളും മരണ കാരണമാകുന്നതിനാൽ വൈദ്യുത അപകടങ്ങൾ ഇല്ലാതാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും കമ്പി പൊട്ടിവീണുള്ള അപകടങ്ങൾ കുറയ്ക്കാനായി എല്ലാ വർഷവും പ്രീ മൺസൂൺ മെയിന്റനൻസ് നടത്താറുണ്ട്. ഇതിന്റെ ഭാഗമായി 11 കെവി ലൈനുകൾ, എൽ.റ്റി. ലൈനുകൾ, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ എന്നിവ പരിശോധിക്കുക, ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷ ശിഖരങ്ങൾ നീക്കം ചെയ്യുക, കേടായതും പഴക്കം ചെന്നതുമായ പോസ്റ്റുകൾ, സ്റ്റേകൾ, വൈദ്യുത കമ്പികൾ, ഇൻസുലേറ്ററുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുക, ബ്രിഡ്ജിംഗ് പരിശോധന നടത്തി ആവശ്യമെങ്കിൽ മാറ്റി സ്ഥാപിക്കുക, താഴ്ന്നകിടക്കുന്ന ലൈനുകൾ റീ ഷാക്ലിംഗ് നടത്തുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ പരിശോധിച്ച് എ.ബി. സ്വിച്ച്, എർത്തിംഗ്, ലൈറ്റ്നിംഗ് അറസ്റ്റർ, ഓയിൽ ലെവൽ, ഫ്യൂസ്, കേബിളുകൾ തുടങ്ങിയവ പരിശോധിച്ച് ആവശ്യമെങ്കിൽ മെയിന്റനൻസ് ചെയ്യുക, ട്രാൻസ്ഫോർമർ ലോഡ് ബാലൻസ് ചെയ്യുക, പഴയ വെതർ പ്രൂഫ്

വയറുകൾ മാറ്റുക തുടങ്ങിയ പ്രവൃത്തികൾ ചെയ്യുവരുന്നു. കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക തുടങ്ങിയ പ്രവൃത്തികൾ നടന്നുവരുന്നു. വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നത് ലക്ഷ്യമിട്ട് നടത്തി വരുന്ന പദ്ധതിയാണ് ഇ-സേഫ് കേരള. ടി പദ്ധതിയുടെ ഭാഗമായി ഗാർഹിക മേഖലയിലെ വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതിനായി വൈദ്യുത സുരക്ഷാ ഉപകരണമായ ഇ.എൽ.സി.ബി നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ അഗളി, പുതൂർ, ഷോളയാർ പഞ്ചായത്തിലെ 600-ഓളം എസ്.സി/എസ്.ടി വിഭാഗത്തിലെ ഉപഭോക്താക്കളുടെ വീട്ടിലെ വയറിംഗ് നവീകരിച്ച് ഇ.എൽ.സി.ബി സ്ഥാപിച്ചു നൽകുന്ന പദ്ധതി നടപ്പിലാക്കി. കൂടാതെ, മാസ വൈദ്യുതി ഉപയോഗം 20 യൂണിറ്റിൽ താഴെയും കണക്ടഡ് ലോഡ് 500 watts-ന് താഴെയുള്ള ഉപഭോക്താക്കളുടെ വീട്ടിലെ വയറിംഗ് ശരിയായ രീതിയിൽ റീവയറിംഗ് ചെയ്ത് കുറഞ്ഞത് നാല് പോയിന്റെങ്കിലും ഉണ്ടാകത്തക്കരീതിയിൽ എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ അടക്കം സുരക്ഷാ ഉപകരണങ്ങളോടുകൂടി സ്ഥാപിച്ചുനൽകുന്ന പദ്ധതി, പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. കൂടാതെ വൈദ്യുതി കമ്പികൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനായി

ശിരോപരിതല ലൈനുകളിൽ സ്പേസറുകളും ഗാർഡിംഗും സ്ഥാപിക്കുന്നതിനും ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളുടെ സെക്കണ്ടറിയിൽ ബ്രേക്കറുകൾ സ്ഥാപിക്കുകയും ചെയ്യുന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ പേട്ട ഇലക്ട്രിക്കൽ സെക്ഷനിൽ നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ പൊതുജന ബോധവത്കരണംവഴിയും അപകടങ്ങൾ കുറയ്ക്കുന്നതിനായി ശ്രമിക്കുന്നുണ്ട്. ആയതിന്റെ ഭാഗമായി പത്ര-ശ്രവ്യ-മാധ്യമങ്ങൾ വഴി വൈദ്യുത സുരക്ഷാ നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ വൈദ്യുത മേഖലയിൽ ജോലി ചെയ്യുന്നവർക്കായി വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകളും വകുപ്പ് ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നു.

(സി) വൈദ്യുത ഉപകരണം പ്രവർത്തിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട സുരക്ഷാക്രമീകരണങ്ങളെ സംബന്ധിച്ച് ബോധവത്കരണം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

വൈദ്യുത ഉപകരണങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട സുരക്ഷാ നിർദ്ദേശങ്ങളടങ്ങിയ ലഘുലേഖ തയ്യാറാക്കി മീറ്റർ റീഡർമാർ, കുടുംബശ്രീ പ്രവർത്തകർ വഴി വിതരണം ചെയ്തുവരുന്നു. കൂടാതെ പത്ര-ശ്രവ്യ മാധ്യമങ്ങൾ വഴിയും പാലിക്കേണ്ട സുരക്ഷാ മുൻകരുതലുകളെക്കുറിച്ച്

പൊതുജനങ്ങൾക്ക് നിർദ്ദേശം നൽകിവരുന്നു.

വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം

19(*469) ശ്രീ. എം. വിജിൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. വി. അൻവർ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതുമായി ബന്ധപ്പെട്ട് സർക്കാർതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്ഥിരമായ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വ്യവസായ പുരോഗതിയും അതുപോലെ സംരംഭകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി ജില്ലാടിസ്ഥാനത്തിൽ നേരിട്ട് സംരംഭകരുമായി ആശയവിനിമയം നടത്തുന്ന "മീറ്റ് ദ മിനിസ്റ്റർ" എന്ന പ്രോഗ്രാമിന് തുടക്കംകുറിച്ചിട്ടുണ്ട്. കൂടാതെ നിലവിലെ വ്യവസായ പുരോഗതി കൈവരിക്കുന്നതിന് വ്യവസായ രംഗത്ത് കൊണ്ടുവരേണ്ട മാറ്റങ്ങളെ സംബന്ധിച്ചും വിവിധ സംഘടനകളായ KSSIA, FICCI, CII

തുടങ്ങിയവയുടെ പ്രതിനിധികളുമായി ബഹു.വ്യവസായ വകുപ്പുമന്ത്രി നേരിട്ട് കൂടിക്കാഴ്ച നടത്തിവരുന്നുണ്ട്. വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ ബോധിപ്പിക്കുന്നതിനായി താലൂക്ക് വ്യവസായ ഓഫീസ്, ജില്ലാ വ്യവസായ കേന്ദ്രം, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഓഫീസുകളിൽ സംവിധാനം നിലവിലുണ്ട്. ബ്ലോക്കുതലത്തിൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറുടെ സേവനവും ലഭ്യമാണ്. സംരംഭകർക്ക് പരാതി ബോധിപ്പിക്കാനുള്ള സൗകര്യം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വെബ്സൈറ്റിൽ നിലവിലുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്ക് തങ്ങളുടെ സേവനങ്ങളുടെ വില കാലബന്ധിതമായി കിട്ടുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ എം.എസ്.ഇ ഫെസിലിറ്റേഷൻ കൗൺസിൽ നിലവിലുണ്ട്. ഇതുകൂടാതെ സംരംഭകർക്കാവശ്യമായ അനുമതികളും ലൈസൻസുകളും സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ജില്ലാ സംസ്ഥാന തലങ്ങളിൽ ഏകജാലക ക്ലിയറൻസ് ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ സംസ്ഥാനത്ത് സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾക്കും അവർ ഉന്നയിക്കുന്ന

വിവിധതരം പരാതികൾക്കും പരിഹാരം കാണുന്നതിനായി നിയമ പിന്തുണയുള്ള ഒരു പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതും അവ സമയബന്ധിതമായി പരിഹരിക്കുന്നതും പ്രസ്തുത കമ്മിറ്റിയുടെ ചുമതലയായിരിക്കും. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ഈ കമ്മിറ്റി രൂപീകരിക്കുന്നത്. ഇതൊരു സ്ഥിരം സംവിധാനമായിരിക്കും. ഇതിനുവേണ്ടിയുള്ള കരട് നിയമഭേദഗതി ബഹു. മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുമേധാവികൾ പ്രസ്തുത കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും. ഈ കമ്മിറ്റി നിലവിൽ വരുന്നതോടെ വ്യവസായ സംരംഭകരുടെ പരാതികളിന്മേൽ വേഗത്തിലും സമയബന്ധിതമായും നടപടിയുണ്ടാകുന്നതായിരിക്കും. വ്യവസായ സംരംഭകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളുടെ പരിഹാരവുമായി ബന്ധപ്പെട്ട് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പരാതിപരിഹാര സെൽ രൂപീകരിക്കുന്നത്

സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണ്. കൂടാതെ സംസ്ഥാനത്തെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ബിസിനസ്സ് കമ്മ്യൂണിറ്റികളെയും പൗരന്മാരെയും ബാധിക്കുന്ന നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് അവയിലെ അപാകതകൾ ഒഴിവാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 26/07/2021 -ലെ സ.ഉ.(സാധാ)നം.770/2021/വ്യവ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് തടസ്സരഹിത വ്യവസായം നടത്തുന്നതിനായി 2018 -ലെ 'കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും നിയമം' 2019-ലെ 'കേരള സൂക്ഷ്മ – ചെറുകിട – ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നീ നിയമങ്ങൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്.

(ബി) സംരംഭകരുടെ പരാതികൾ പരിഹരിക്കാനായി നടത്തുന്ന 'മീറ്റ് ദ മിനിസ്റ്റർ' പരിപാടിയുടെ ഭാഗമായി ലഭിച്ച പരാതികൾ തീർപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

സംരംഭം തുടങ്ങിയവരെയും തുടങ്ങാൻ ആഗ്രഹിക്കുന്നവരെയും നേരിട്ട് കാണുന്നതിനും പരാതി പരിഹരിക്കുന്നതിനുമായി ജില്ലാതലത്തിൽ സംഘടിപ്പിച്ചുവരുന്ന ¨മീറ്റ് ദ മിനിസ്റ്റർ" പ്രോഗ്രാം 3 ജില്ലകളിൽ ഇതിനകം നടത്തപ്പെട്ടിട്ടുണ്ട്. വിശദവിവരങ്ങൾ താഴെപ്പറയുന്നു.

1. എറണാകുളം: ജില്ലാ വ്യവസായ കേന്ദ്രത്തിൽ സംഘടിപ്പിച്ച മീറ്റ് ദ മിനിസ്റ്റർ പരിപാടി 15.07.2021-ൽ കുസാറ്റ് മിനി കോൺഫറൻസ് ഹാളിൽ വച്ചു നടത്തി. വ്യവസായ അദാലത്തിൽ 169 അപേക്ഷകളാണ് ലഭിച്ചിരിക്കുന്നത്. അവയിൽ 28 എണ്ണം പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ട്. 19 എണ്ണം ഇതര ജില്ലയുമായി ബന്ധപ്പെട്ടവയായതിനാൽ അവ അതാതു ജില്ലകൾക്ക് നടപടി സ്വീകരിക്കുന്നതിനായി കൈമാറിയിട്ടുണ്ട്. കൂടാതെ ലഭ്യമായ അപേക്ഷയിൽ 3 എണ്ണം കോടതിയുടെ പരിഗണനയിലിരിക്കുന്നതും 37 എണ്ണം സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ടവയുമാണ്. ബാക്കിയുള്ളവ ഇതര സർക്കാർ സ്ഥാപനങ്ങളും ബാങ്കുകളുമായി ബന്ധപ്പെട്ടവയായതിനാൽ അവയും എത്രയും വേഗം നടപടി സ്വീകരിക്കുന്നതിന് അതാതു സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

2. കോട്ടയം: കോട്ടയം ജില്ലയിൽ 19/07/2021-ന് മീറ്റ് ദ മിനിസ്റ്റർ പരിപാടി സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ 94 അപേക്ഷകൾ ഇ-മെയിൽ ആയും നേരിട്ടും ജില്ലാ വ്യവസായ കേന്ദ്രത്തിൽ ലഭിക്കുകയുണ്ടായി. ഇതിൽ 44 പരാതികൾക്ക് പൂർണ്ണ പരിഹാരമുണ്ടായി. കൂടാതെ 19/07/2021-ന് തത്സമയം 35 പരാതികൾ ലഭിച്ചു. പൂർണ്ണ പരിഹാരം ലഭിച്ച പരാതികളൊഴികെ ബാക്കി പരാതിയിന്മേൽ തുടർനടപടികൾ

സ്വീകരിക്കുന്നതിനായി അതാത് വകുപ്പുകൾക്കും സർക്കാർതലത്തിൽ തീരുമാനം വേണ്ടവ ആ നിലയ്ക്കും അയച്ചുനൽകിയിട്ടുണ്ട്.

3. തിരുവനന്തപുരം: ജില്ലാ വ്യവസായ കേന്ദ്രം സംഘടിപ്പിച്ച മീറ്റ് ദി മിനിസ്റ്റർ പരിപാടിയിൽ ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ജില്ലാ വ്യവസായ കേന്ദ്രത്തിൽ ലഭിച്ച പരാതികൾ - 87. വേദിയിൽ ലഭിച്ച പരാതികൾ - 18. ആകെ പരാതികൾ - 105. മന്ത്രിയോട് നേരിട്ട് പരാതികൾ വിശദീകരിച്ചവരുടെ എണ്ണം - 62. ഇതിൽ 46 അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊള്ളുകയും ബാക്കിയുള്ളവ വിവിധ വകുപ്പുകൾ/ബാങ്കുകൾ എന്നിവരുമായി ചർച്ച ചെയ്ത് തീരുമാനിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

(സി) വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് പരിഗണനയിലുള്ളത്; വ്യക്തമാക്കാമോ?

വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന കാര്യം പരിഗണിച്ച് അതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ വ്യവസായ പ്രദേശത്തിന്റെയും അവസ്ഥ പരിശോധിച്ച് അവയിൽ അറ്റകുറ്റ പ്പണി/പുനഃനിർമ്മാണം എന്നിവയുടെ ആവശ്യകതയ്ക്കനുസരിച്ച്

പൊതുമരാമത്തുപോലെയുള്ള സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ആയത് സർക്കാരിലേയ്ക്ക് സമർപ്പിച്ച് ഭരണാനുമതി ലഭ്യമായശേഷം, ടി എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങൾവഴി പൂർത്തീകരിക്കുകയും ചെയ്യുന്നു. കിൻഫ്ര വ്യവസായ പാർക്കുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സമയാസമയങ്ങളിൽ മെയിന്റനൻസ് വർക്ക് നടത്തിവരാറുണ്ട്. സിഡ്കോയുടെ അധീനതയിലുള്ള തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ വ്യവസായ എസ്റ്റേറ്റ്, കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ വ്യവസായ എസ്റ്റേറ്റ്, തിരുവനന്തപുരം ജില്ലയിലെ ഉള്ളൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ആലപ്പുഴ ജില്ലയിലെ കൊല്ലക്കടവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാലക്കാട് ജില്ലയിലെ ഒലവക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, കോഴിക്കോട് ജില്ലയിലെ കടലുണ്ടി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, വെസ്റ്റ് ഹിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, കൊല്ലം ജില്ലയിലെ ഉമയനല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, കണ്ണൂർ ജില്ലയിലെ പാലയാട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നീ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

കോവിഡ് മൂന്നാം പാക്കേജ്

20(*470) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. പി. സുമോദ്:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് സ്തംഭനാവസ്ഥയിലാക്കിയ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിന് സാമ്പത്തിക പ്രതിസന്ധിക്കിടയിലും സർക്കാർ പ്രഖ്യാപിച്ച അയ്യായിരത്തി അറുനൂറ്റിയമ്പത് കോടി രൂപയുടെ മൂന്നാം പാക്കേജ് ഏതെല്ലാം തരത്തിലുള്ള സാമ്പത്തിക ഉത്തേജനത്തിന് വഴിയൊരുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

കോവിഡ് രണ്ടാം തരംഗത്തിന്റെ പ്രത്യാഘാതമനുഭവിക്കുന്ന ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ, എന്നിവരുൾപ്പെടെയുള്ളവർക്ക് സഹായകരമായ ഒരു അനുബന്ധ പാക്കേജാണ് സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാനായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിൽ 2226 കോടി രൂപയുടെ ആനുകൂല്യം ജനങ്ങൾക്ക് നേരിട്ട് ലഭ്യമാകുന്നത് വിപണിയിൽ ഉണർവ്വിന് വഴിയൊരുക്കും. കൂടാതെ ചെറുകിട വ്യാപാര മേഖല, ടൂറിസം, ആരോഗ്യ പരിപാലനം, തുടങ്ങിയ മേഖലകളിലുള്ള

ചെറുകിട യൂണിറ്റുകൾക്ക് വായ്പാ സഹായം ലഭ്യമാക്കുന്നതിലൂടെ പ്രസ്തുത മേഖലകളിലും ഉണർവ്വുണ്ടാകും. ഒരു ലക്ഷം പേർക്ക് പ്രയോജനം ലഭ്യമാകുന്ന 2000 കോടി രൂപയുടെ വായ്പാ പദ്ധതിയും, കെ.എസ്.എഫ്.ഇ., കെ.എഫ്.സി. എന്നിവ മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവിധ വായ്പാ പദ്ധതികളും സാമ്പത്തിക പുനരുജ്ജീവനത്തിന് വളരെയധികം സഹായകരമാണ്. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.) +

(ബി) കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി നേരിടാനായി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ഒന്നാംഘട്ടം പാക്കേജുകൾ സാമ്പത്തികോത്തേജനത്തിന് എത്രമാത്രം ഫലംചെയ്തെന്ന് വിലയിരുത്തിയിരുന്നോ എന്ന് അറിയിക്കുമോ?

കോവിഡ് സൃഷ്ടിച്ച ആരോഗ്യ-സാമൂഹ്യ-സാമ്പത്തിക വെല്ലുവിളികളെ നേരിടാനായി പ്രഖ്യാപിച്ച ഒന്നാംഘട്ടം പാക്കേജുകൾ സാമ്പത്തിക പുനരുജ്ജീവനത്തിന് ഒരു വലിയ അളവുവരെ സഹായകമാവുകയും വിപണിയിൽ നേരിട്ട് പണം ലഭ്യമാക്കുന്നതിന് സഹായകരമാവുകയും ചെയ്തിട്ടുണ്ട്.

(സി) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് തുടങ്ങിയ സംസ്ഥാന സർക്കാരിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കീഴിലുള്ള ധനകാര്യ സ്ഥാപനങ്ങളുടെ ഇടപെടൽ ജനോപകാരപ്രദമാക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്നറിയിക്കാമോ?

കോവിഡ് രണ്ടാം തരംഗത്തിന്റെ പ്രത്യാഘാതമനുഭവിക്കുന്ന ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ എന്നിവരുൾപ്പെടെയുള്ളവർക്ക് സഹായകരമായ ഒരു അനുബന്ധ പാക്കേജാണ് സമ്പദ്വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാനായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിൽ 2226 കോടി രൂപയുടെ ആനുകൂല്യം ജനങ്ങൾക്ക് നേരിട്ട് ലഭ്യമാകുന്നത് വിപണിയിൽ ഉണർവ്വിന് വഴിയൊരുക്കും. കൂടാതെ ചെറുകിട വ്യാപാര മേഖല, ടൂറിസം, ആരോഗ്യ പരിപാലനം തുടങ്ങിയ മേഖലകളിലുള്ള ചെറുകിട യൂണിറ്റുകൾക്ക് വായ്പാസഹായം ലഭ്യമാക്കുന്നതിലൂടെ പ്രസ്തുത മേഖലകളിലും ഉണർവുണ്ടാകും. ഒരു ലക്ഷം പേർക്ക് പ്രയോജനം ലഭ്യമാകുന്ന 2000 കോടി രൂപയുടെ വായ്പാ പദ്ധതിയും, കെ.എസ്.എഫ്. ഇ, കെ.എഫ്.സി. എന്നിവ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ വായ്പാ പദ്ധതികളും സാമ്പത്തിക പുനരുജ്ജീവനത്തിന് വളരെയധികം സഹായകരമാണ്. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹകരണ ബാങ്കുകളിൽ ഓഡിറ്റിംഗ്

21(*471) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിലെ വിദഗ്ധ സമിതിയുടെ നേതൃത്വത്തിലുള്ള ഓഡിറ്റിംഗ് സംവിധാനം ശക്തമാക്കണമെന്ന ബാങ്കിംഗ് വിദഗ്ധരുടെ ആവശ്യം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്ത് സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനം ശക്തമാക്കുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും കുറ്റമറ്റ രീതിയിൽ ഓഡിറ്റ് നടത്തുന്നതിനും ആവശ്യമായ നിയമപരിഷ്കരണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേരള സഹകരണ സംഘം നിയമം, 1969-ലെ ചട്ടം 64 ബി-യിൽ സഹകരണ ഓഡിറ്റ് ഡയറക്ടർ ഇൻഡ്യൻ ഓഡിറ്റ് ആൻഡ് അക്കൗണ്ട് സർവ്വീസിലെ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ റാങ്കിൽ കുറയാത്ത പദവിയിലുള്ള ഡെപ്യൂട്ടേഷൻ പ്രകാരമുള്ള ഓഫീസറോ അല്ലെങ്കിൽ ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ ഉദ്യോഗസ്ഥനോ ആയിരിക്കണമെന്നാണ് വ്യവസ്ഥ

ചെയ്തിരിക്കുന്നത്. ആയതുപ്രകാരം സഹകരണ ഓഡിറ്റർ തസ്തികയിലേയ്ക്ക് ഇൻഡ്യൻ ഓഡിറ്റ് ആൻഡ് അക്കൗണ്ട് സർവ്വീസിലെ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ റാങ്കിൽ കുറയാത്ത പദവിയിലുള്ള ഡെപ്യൂട്ടേഷൻ പ്രകാരമുള്ള ഓഫീസറുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള ഓഡിറ്റ് രീതി സമഗ്രമായി പുന:ക്രമീകരിക്കുന്നതാണ്.

(ബി) സഹകരണ ബാങ്കുകളിൽ വായ്പയ്ക്കായി ഈട് നൽകുന്ന ഭൂമിയുടെ വില നിശ്ചയിക്കുന്ന നിലവിലെ രീതി വിശദീകരിക്കാമോ; കരുവന്നൂർ ബാങ്ക് ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ ഇതിന് മാറ്റം വരുത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

സഹകരണ സംഘത്തിലെ ചീഫ് എക്സിക്യൂട്ടീവും ബന്ധപ്പെട്ട ജീവനക്കാരും വായ്പാ അപേക്ഷകൾ പരിശോധിച്ച് വായ്പയ്ക്കായി ഈട് നൽകുന്ന ഭൂമിയുടെ വില നിശ്ചയിക്കുന്ന ചുമതല നിർവ്വഹിക്കേണ്ടതും ആയത് പ്രസ്തുത ജീവനക്കാർ ക്രമപ്രകാരം നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതുമാണെന്ന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കരുവന്നൂർ ബാങ്ക് ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ സഹകരണ ബാങ്കുകളിൽ

വായ്പയ്ക്കായി ഈടട് നൽകുന്ന ഭൂമിയുടെ വില നിശ്ചയിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകുന്നതാണ്.

(സി) വസ്തുവിന്റെ മൂല്യം നോക്കി വായ്പ നൽകുന്നതിനുപകരം വായ്പയുടെ ഉദ്ദേശ്യവും അതിന്റെ സാദ്ധ്യതകളും പരിശോധിച്ച് വായ്പ നൽകാനുള്ള രീതി അവലംബിക്കാൻ തയ്യാറാകുമോ?

നിലവിൽ വസ്തുവിന്റെ മൂല്യം നോക്കി വസ്തു ജാമ്യ വ്യവസ്ഥ അനുസരിച്ച് വായ്പ അനുവദിക്കുന്നതിനോടൊപ്പം വായ്പയുടെ ഉദ്ദേശ്യം, വായ്പയിലൂടെ ലഭ്യമാക്കുവാൻ കഴിയുന്ന വരുമാനം, ഭൂമിക്കുണ്ടാകുന്ന മൂല്യവർദ്ധന, വായ്പാക്കാരന്റെ തിരിച്ചടവ് തുടങ്ങിയ ഘടകങ്ങൾകൂടി പരിശോധിക്കുന്നതിനാവശ്യമായ നടപടികൾ ഒരോ വായ്പയുടേയും ഉദ്ദേശ്യത്തെ മുൻനിർത്തി പരിശോധിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

നികുതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ

22(*472) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപാരികൾ ഉപഭോക്താക്കളിൽനിന്നും

ഈടാക്കുന്ന നികുതി കൃത്യമായി ഖജനാവിൽത്തന്നെ എത്തുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് നികുതി ഭരണം ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

സംസ്ഥാനത്ത് വ്യാപാരികൾ ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്ന നികുതി കൃത്യമായി ഖജനാവിൽത്തന്നെ എത്തുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് നികുതി ഭരണം ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു.

1. ജി. എസ്. ടി. പൂർണ്ണമായും വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി. എസ്. ടി. നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റ അനലിറ്റിക് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി നികുതിച്ചോർച്ചയുടെ മേഖലകളെയും വ്യാപാരികളെയും കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് നടത്താൻ സാധിച്ചിട്ടുണ്ട്.

2. വ്യാപാരികൾ മാസാമാസം നടത്തുന്ന വില്പന തങ്ങളുടെ റിട്ടേണുകളിൽ ഉൾപ്പെടുത്തി നിശ്ചിത സമയത്തുതന്നെ ഫയൽ ചെയ്യുന്നു എന്ന് വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി വ്യാപാരികളെ അവർ നൽകുന്ന നികുതിയുടെ തോതനുസരിച്ച് തരംതിരിച്ചു പരിശോധിക്കുന്നു. റിട്ടേൺ ഫയൽ ചെയ്യാൻ താമസിച്ചാൽ ആദ്യ പടി എന്ന നിലയിൽ ഫോൺ, ഇ-മെയിൽ, SMS എന്നീ സംവിധാനങ്ങൾ മുഖേന റിട്ടേൺ ഫയൽ ചെയ്യുവാൻ ഓർമ്മപ്പെടുത്തുന്നു. ശേഷം പിഴ, അസെസ്മെന്റ് നടപടികൾ, ഇന്റലിജൻസ് പരിശോധന എന്നിവ നടത്തുന്നുണ്ട്.

3. റിട്ടേൺ, രജിസ്ട്രേഷൻ എന്നീ വിവരങ്ങൾ വിശകലനം ചെയ്ത് അതിൽനിന്നും തിരഞ്ഞെടുക്കുന്ന വ്യാപാരികളെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്ന നടപടി സ്വീകരിച്ചതുവഴി നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നു.

4. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക മാനദണ്ഡ പ്രകാരം ടാക്സ് പെയേഴ്സിനെ ഓൺലൈനായി സെലക്ട് ചെയ്ത് വിശദപരിശോധന നടത്തുന്ന രീതി നടപ്പിലാക്കിവരുന്നു. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായകമായി.

5. ജി.എസ്.ടി.-യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിനുവേണ്ടി വിവിധ ഏജൻസിയിൽനിന്ന് വിവര ശേഖരണം നടത്തുകയും അതിൽനിന്ന് രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) നികുതി വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

നികുതി വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. സംസ്ഥാന ജി.എസ്.ടി വകുപ്പ് പരിപൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാണ് നികുതി ഭരണം നടത്തുന്നത്. ഇതിനായി സംസ്ഥാനത്തിലെ എല്ലാ നികുതി കാര്യാലയങ്ങളും ഒപ്റ്റിക് ഫൈബർ ശൃംഖല വഴി ബന്ധിപ്പിച്ചിട്ടുണ്ട്. ഓഫീസുകൾ കംപ്യൂട്ടർവത്കരിക്കുകയും എല്ലാ മൊബൈൽ സ്ക്വാഡുകൾക്കും ലാപ് ടോപ്പുകൾ, പോർട്ടബിൾ പ്രിന്ററുകൾ എന്നിവ നൽകുകയും ചെയ്തതുവഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. റിട്ടേണുകളുടെ ഫയലിംഗ് ഉറപ്പു വരുത്തുന്നതിനും സർവ്വേ നടപടികൾ സുതാര്യമാക്കുന്നതിനും മൊബൈൽ

ആപ്ലിക്കേഷനുകളും അവയുടെ ഉപയോഗത്തിനായി മൊബൈൽ ടാബുകളും നൽകിയിട്ടുണ്ട്. കോവിഡ് കാലത്തെ മീറ്റിംഗുകളും ഹിയറിംഗുകളും ഓൺലൈനായി നടത്തുന്നതിന് വീഡിയോ കോൺഫറൻസിംഗ് സംവിധാനങ്ങൾ നിലവിലുണ്ട്. ഇതുവഴി നികുതി ഭരണം പൂർണ്ണമായും ഓൺലൈനായി നടത്താൻ കഴിയുന്നുണ്ട്.

(സി) ജി. എസ്. ടി. രജിസ്ട്രേഷൻ എടുക്കാതെ വ്യാപാരം നടത്തുന്നവരെ കണ്ടെത്തുന്നതിനും അതിർത്തി ചെക്ക് പോസ്റ്റുകൾ ഇല്ലാതായ സാഹചര്യത്തിൽ നികുതി വെട്ടിപ്പ് തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഇ-വേ ബിൽ നിർബന്ധമാക്കിയത് കാര്യക്ഷമമായിട്ടുണ്ടോയെന്ന് പരിശോധന നടത്താനുള്ള സംവിധാനമുണ്ടോ; വ്യക്തമാക്കാമോ?

ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കാൻ നിയമപരമായി ബാധ്യതയുള്ള, രജിസ്ട്രേഷൻ എടുക്കാതെ വ്യാപാരം നടത്തുന്നവരെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത നടപടികൾ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് സ്വീകരിച്ചുവരുന്നു. ഇതിനായി വകുപ്പിന്റെ ഇക്കണോമിക് ഇന്റലിജൻസ് വിഭാഗം കെ. എസ്. ഇ. ബി., ഫുഡ് സേഫ്റ്റി വകുപ്പ്, ലേബർ ഡിപ്പാർട്ടുമെന്റ്, ബാങ്കുകൾ, ഗ്യാസ് കമ്പനികൾ, ഇ-കോമേഴ്സ് പ്ലാറ്റ് ഫോം

തുടങ്ങിയവയിൽനിന്നുള്ള വിവരങ്ങൾ ശേഖരിക്കുകയും അതുമായി ബന്ധപ്പെടുത്തി ഡാറ്റ അനാലിറ്റിക്സിലൂടെ രജിസ്ട്രേഷൻ പരിധി കഴിഞ്ഞിട്ടും രജിസ്ട്രേഷൻ എടുക്കാത്ത വ്യാപാരികളെയും സർവ്വീസ് പ്രൊവൈഡേഴ്സിനെയും കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവരെ 132835 കേസുകൾ പരിശോധിച്ചതിൽനിന്നും, 3101 കേസുകൾ രജിസ്ട്രേഷൻ ബാദ്ധ്യത കണ്ടെത്തുകയും അതിൽ 1523 പേർ ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്. ചെക്ക് പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനുംവേണ്ടി സി.സി.ടി.വി ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ.എൻ.പി.ആർ സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്കുവാഹനങ്ങളുടെ വിവരം ഉടൻ തന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ജി. എസ്. ടി.-യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശീയതലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ റെഡ്

ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതും നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് സഹായകമാകുന്നു. ഒൻപതു ജില്ലകളിലായി ഇരുപത്തിമൂന്നു സ്ഥലങ്ങളിൽ എ.എൻ.പി.ആർ ക്യാമറകൾ സ്ഥാപിച്ച് ഫലപ്രദമായി നിരീക്ഷിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ അമരവിള, മൂലക്കോണം, പിരായുംമൂട്, വെള്ളറട, ഉച്ചക്കട, കൊല്ലം ജില്ലയിൽ ആര്യങ്കാവ്, ഇടുക്കി ജില്ലയിൽ കുമിളി, പാലക്കാട് ജില്ലയിൽ വാളയാർ, നടുപ്പുണി, വേലന്താവളം, മീനാക്ഷിപുരം, ഗോപാലപുരം, ഗോവിന്ദാപുരം, ഒഴലപ്പതി എന്നിവിടങ്ങളിലും മലപ്പുറം ജില്ലയിൽ വഴിക്കടവ്, കോഴിക്കോട് കുഞ്ഞിപ്പള്ളി, വയനാട് ജില്ലയിൽ മുത്തങ്ങ, തോൽപ്പെട്ടി, കണ്ണൂർ ജില്ലയിൽ കൂട്ടുപുഴ, നൃ മാഹി, കാസറഗോഡ് ജില്ലയിൽ ബംഗ്റ, മഞ്ചേശ്വരം, പെർള, ആദൂർ എന്നിവിടങ്ങളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. നാളിതുവരെ 22 കേസുകളിൽനിന്നായി 88.58 ലക്ഷം രൂപ നികുതിയും പെനാൽറ്റിയുമായി ചുമത്തിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ വിഭാഗംവഴി വ്യാജ ഇൻപുട്ട് ടാക്സ് ഉൾപ്പടെയുള്ള ക്രമക്കേടുകൾ തടയുന്നതിനായി വിശദമായ പരിശോധനകൾ നടത്തിവരുന്നു. സംസ്ഥാനത്തൊട്ടാകെ വാഹന പരിശോധനയിൽ 2020-21 സാമ്പത്തിക വർഷം 16619 കേസുകളിൽ നിന്നായി 68.45 കോടി രൂപയും 589 ജി.എസ്.ടി ഷോപ് ഇൻസ്പെക്ഷൻ ഫയലുകൾ തീർപ്പാക്കിയതിൽ

നിന്നായി 49.20 കോടി രൂപയും ഈടാക്കിയിട്ടുണ്ട്.

കോവിഡ് പ്രതിസന്ധി മറികടക്കാൻ പാക്കേജ്

23(*473) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധി മറികടക്കാൻ അയ്യായിരത്തി അറുനൂറ്റിയൻപത് കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധി മറികടക്കാൻ ചെറുകിട വ്യാപാരികൾ, വ്യാവസായികൾ, കൃഷിക്കാർ തുടങ്ങിയവർക്കുവേണ്ടി സർക്കാർ പ്രഖ്യാപിച്ച പാക്കേജിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. +

(ബി) പ്രസ്തുത പാക്കേജിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന് അയ്യായിരത്തി അറുനൂറ്റിയമ്പത് കോടി രൂപയുടെ ബാദ്ധ്യതയുണ്ടാകുമോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ യഥാർത്ഥ ബാദ്ധ്യത വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ടു മാസത്തെ ക്ഷേമ പെൻഷൻ അനുവദിക്കുന്നതിലൂടെ 1700 കോടി രൂപയും ഓണത്തിനുള്ള സ്പെഷ്യൽ ഭക്ഷ്യ കിറ്റിന്റെ 526 കോടി രൂപയും ചേർത്ത് 2226 കോടി രൂപ ഇതിനോടകം സർക്കാരിന് നേരിട്ടുള്ള ബാദ്ധ്യതയായി വന്നിട്ടുണ്ട്. 2000 കോടി രൂപയുടെ വായ്പാ പദ്ധതിയുടെ പലിശയിളവ്, കെ.എസ്.എഫ്.ഇ, കെ.എഫ്.സി, തുടങ്ങിയ സ്ഥാപനങ്ങളിലൂടെ ലക്ഷ്യമിടുന്ന മറ്റ് പദ്ധതികൾ എന്നിവയും ചേർത്ത് 5500 കോടി രൂപയ്ക്ക് മുകളിൽ ചെലവ് ഈ പാക്കേജിലൂടെ പ്രതീക്ഷിക്കുന്നു. എങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാക്കി മേൽ പദ്ധതികളുടെ ഗുണഫലങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന ഘട്ടത്തിൽ മാത്രമേ സാമ്പത്തിക ബാദ്ധ്യതയുടെ യഥാർത്ഥ കണക്കുകൾ ലഭ്യമാകുകയുള്ളൂ.

(സി) ചെറുകിട വ്യപാരികൾക്കായി പ്രഖ്യാപിച്ച രണ്ടായിരം കോടി രൂപയുടെ പാക്കേജിന്റെ ഭാഗമായി സർക്കാരിന് പരമാവധി നാൽപത് കോടി രൂപയുടെ ബാദ്ധ്യത മാത്രമേ വരുകയുള്ളൂ എന്നത് വസ്തുതയാണോ?

രണ്ടു മാസത്തെ ക്ഷേമ പെൻഷൻ അനുവദിക്കുന്നതിലൂടെ 1700 കോടി രൂപയും ഓണത്തിനുള്ള സ്പെഷ്യൽ ഭക്ഷ്യ കിറ്റിന്റെ 526 കോടി രൂപയും ചേർത്ത് 2226 കോടി രൂപ ഇതിനോടകം സർക്കാരിന് നേരിട്ടുള്ള ബാദ്ധ്യതയായി വന്നിട്ടുണ്ട്. 2000 കോടി രൂപയുടെ വായ്പാ പദ്ധതിയുടെ

പലിശയിളവ്, കെ.എസ്.എഫ്.ഇ, കെ.എഫ്.സി. തുടങ്ങിയ സ്ഥാപനങ്ങളിലൂടെ ലക്ഷ്യമിടുന്ന മറ്റ് പദ്ധതികൾ എന്നിവയും ചേർത്ത് 5500 കോടി രൂപയ്ക്ക് മുകളിൽ ചെലവ് ഈ പാക്കേജിലൂടെ പ്രതീക്ഷിക്കുന്നു. എങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാക്കി മേൽ പദ്ധതികളുടെ ഗുണഫലങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന ഘട്ടത്തിൽ മാത്രമേ സാമ്പത്തിക ബാധ്യതയുടെ യഥാർത്ഥ കണക്കുകൾ ലഭ്യമാകുകയുള്ളൂ.

(ഡി) സർക്കാർ നൽകിവരുന്ന സാമൂഹ്യ പെൻഷൻ തുക പാക്കേജിന്റെ ഭാഗമാകുന്നത് എങ്ങനെ എന്ന് വ്യക്തമാക്കാമോ?

സാമൂഹ്യ പെൻഷൻ തുക ഗുണഭോക്താക്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതു വഴി പൊതുവിപണിയിൽ സാമ്പത്തിക ഉണർവുണ്ടാകുകയും അതുവഴി ചെറുകിട വ്യാപാരികൾ, വ്യവസായികൾ തുടങ്ങിയവർക്ക് സഹായകരമാവുകയും ചെയ്യും.

രജിസ്ട്രേഷൻ നടപടികൾക്ക് സോഫ്റ്റ്വെയർ

24(*474) ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി.എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ നടപടികൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഡിജിറ്റൽ വിരലടയാളം ഉപയോഗപ്പെടുത്തുന്നതിനും രജിസ്ട്രേഷൻ പ്രക്രിയയുടെ കാലതാമസം ഒഴിവാക്കുന്നതിനും ആധാരങ്ങളുടെ പകർപ്പ് സ്കാൻ ചെയ്ത് അപേക്ഷകർക്ക് ലഭ്യമാക്കുന്നതിനും പര്യാപ്തമായ സോഫ്റ്റ്വെയർ സംവിധാനം ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് രജിസ്ട്രേഷൻ നടപടികൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഡിജിറ്റൽ വിരലടയാളം ഉപയോഗപ്പെടുത്തുന്നതിനും രജിസ്ട്രേഷൻ പ്രക്രിയയുടെ കാലതാമസം ഒഴിവാക്കുന്നതിനും ആധാരങ്ങളുടെ പകർപ്പ് സ്കാൻ ചെയ്ത് അപേക്ഷകർക്ക് ലഭ്യമാക്കുന്നതിനും പര്യാപ്തമായ സോഫ്റ്റ്വെയർ സംവിധാനം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നിലവിലുള്ള സോഫ്റ്റ്വെയറിന്റെ ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

നിലവിലുള്ള സോഫ്റ്റ്വെയറിന്റെ ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

സഹകരണത്തെ പൊതുപട്ടികയിലേയ്ക്ക് മാറ്റാനുള്ള കേന്ദ്ര നീക്കം

25(*475) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സഹകരണം സംസ്ഥാന വിഷയമാണെന്ന സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ സഹകരണത്തെ പൊതു പട്ടികയിലേയ്ക്ക് മാറ്റാൻ കേന്ദ്ര സർക്കാർ നീക്കം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തെ സഹകരണ മേഖല കേവലം പണമിടപാട് സ്ഥാപനം എന്നതിലുപരി സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിലേയ്ക്ക് നയിക്കുന്നതിനുതകുന്നതരത്തിൽ സമഗ്ര മേഖലയിലും വ്യാപിച്ചു കിടക്കുന്ന ഒരു പ്രസ്ഥാനമാണ്. ഭരണഘടനയിൽ വരുത്തിയ 97-ാം ഭേദഗതി, ആദായനികുതി നിയമത്തിൽ പുതുതായി ഉൾപ്പെടുത്തിയ 194N എന്ന വ്യവസ്ഥ, ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ എന്നിവ സഹകരണ മേഖലയുടെ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നു. ഭരണഘടനയുടെ ഏഴാം പട്ടികയിൽ ലിസ്റ്റ്-I ൽ എൻട്രി നമ്പർ 43-ൽ ബാങ്കിംഗ് ഒരു യൂണിയൻ വിഷയമാണ്. അതുപോലെ ഏഴാം പട്ടികയിൽ

ലിസ്റ്റ്-II-ൽ എൻട്രി നമ്പർ 32 പ്രകാരം സഹകരണം സംസ്ഥാന വിഷയമാണ്. സംസ്ഥാന സഹകരണ ബാങ്കുകളും അർബൻ സഹകരണ ബാങ്കുകളും ബാങ്കിംഗ് ബിസിനസ് നടത്തുന്നതിനാൽ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സംഘങ്ങളാണ്. ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ വരുത്തുന്ന ഭേദഗതി നിർദ്ദേശങ്ങൾ സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നതാണ്.

(i) ബാങ്കിംഗ് ഭേദഗതി നിയമത്തിൽ വരുത്തിയ ഭേദഗതി നിർദ്ദേശങ്ങൾ കാർഷിക വായ്പ നൽകുന്ന പ്രാഥമിക സംഘങ്ങൾക്ക് ബാധകമല്ല. പ്രസ്തുത സ്ഥാപനങ്ങൾ 'Bank, Banking' എന്നീ പദങ്ങൾ സംഘങ്ങളുടെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നതിന് വിലക്കേർപ്പെടുത്തിയ ഭേദഗതിമൂലം ഇപ്പോൾ ബാങ്ക് നടത്തിവരുന്ന ചെക്ക് പോലുള്ള സൗകര്യങ്ങൾ നൽകാനാവില്ല. ടി ഭേദഗതി പ്രാഥമിക സംഘങ്ങളെ (ബാങ്ക് എന്ന പേരിൽ) Banking പ്രവർത്തനങ്ങൾ നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നു. തന്മൂലം Bank എന്ന പേരിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ മതിപ്പ് ഇല്ലാതാക്കാനും ആയതുവഴി നിക്ഷേപത്തിൽ കുറവുവരുന്നതിനും കാരണമാകും. പുതിയ ഭേദഗതിയിലൂടെ

സെക്ഷൻ 10-ലെ വ്യവസ്ഥകൾ സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. ഈ നിയമത്തിലെ വ്യവസ്ഥ പ്രകാരം, സഹകരണ ബാങ്കിന്റെ ചെയർമാന് മറ്റൊരു ബാങ്കിൽ ചെയർമാനോ അംഗമോ ആകാൻ കഴിയില്ല. 10(B)-യിലെ വ്യവസ്ഥകൾ ചെയർമാന്റെ യോഗ്യത നിശ്ചയിക്കുന്നതാണ്. ചെയർമാനെ നിയമിക്കുന്നതിനും നീക്കം ചെയ്യുന്നതിനും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് അധികാരം നൽകുന്നുണ്ട്. ടി ഭേദഗതികളെല്ലാം സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്. സെക്ഷൻ 12-ൽ വരുത്തിയ ഭേദഗതിമൂലം ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI-യുടെ മുൻകൂർ അനുമതി വാങ്ങിയശേഷം public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത്, ഓഹരി തിരിച്ചുവാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ബാങ്കിംഗ് നിയമത്തിലെ 36 AA നിയമപ്രകാരം, ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ RBI-ക്ക് അധികാരമുണ്ട്. നിയമ ഭേദഗതിയിലൂടെ 36AAA എന്ന പുതിയ ഭേദഗതി

ഉൾപ്പെടുത്തുകയുണ്ടായി. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണ സമിതിക്കെതിരെ നടപടിയെടുക്കാൻ RBI-ക്ക് അധികാരമുണ്ട്. ടി നിയമ ഭേദഗതിയിലൂടെ ബാങ്കുകളുടെ ഭരണ സമിതിയെ നീക്കം ചെയ്യാൻ RBI-ക്ക് അധികാരം നൽകുന്നുണ്ട്. ആക്ടിന്റെ 56-ാം വകുപ്പിൽ വരുത്തിയ ഭേദഗതിയിലൂടെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ RBI-ക്ക് വിപുലമായ അധികാരം നൽകുന്നുണ്ട്. സംഘത്തിന്റെ Bye-law റദ്ദാക്കാൻപോലും RBI-ക്ക് അധികാരം നൽകുന്നുണ്ട്. കൂടാതെ 20, 24, 36, 45 വകുപ്പുകളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതെല്ലാം സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നതാണ്.

(ii) കേന്ദ്ര സർക്കാർ ആദായ നികുതി നിയമത്തിൽ ഉൾപ്പെടുത്തിയ 194N ഭേദഗതി പ്രകാരം കോടിയിൽ കൂടുതൽ വരുന്ന പിൻവലിക്കലിന് 2% TDS പിടിക്കേണ്ടതുണ്ട്. ആയത് ബാങ്കിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നതാണ്.

(iii) 97-ാം ഭരണഘടനാ ഭേദഗതിയിലൂടെ താഴെപ്പറയുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയത്.

(a) ആർട്ടിക്കിൾ 19-ൽ സഹകരണ സംഘ രൂപീകരണം

മൗലികാവകാശമായി പ്രഖ്യാപിച്ചു.

(b) ആർട്ടിക്കിൾ 43 B-ൽ സംസ്ഥാനങ്ങൾ സഹകരണ സംഘങ്ങളുടെ സ്വയം രൂപീകരണം, ജനാധിപത്യപരമായ ഇടപെടൽ, പ്രൊഫഷണൽ മാനേജ്മെന്റ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് നടപടിയെടുക്കണം.

(c) 'IX-B-Cooperative Societies' എന്ന ഒരു അദ്ധ്യായം കൂട്ടിച്ചേർത്തു. IX-B-യിലെ വ്യവസ്ഥകൾ മുഖ്യമായും താഴെപ്പറയുന്നവയാണ്. സഹകരണ സംഘം ഭരണസമിതി അംഗങ്ങളുടെ എണ്ണം പരമാവധി 21 ആയും പ്രത്യേകം സംവരണം ചെയ്തിട്ടുള്ള വനിതാ അംഗങ്ങളുടെ എണ്ണം 3-ൽ നിന്ന് 2 ആയും ഭരണസമിതിയുടെ കാലാവധി തെരഞ്ഞെടുപ്പ് തീയതി മുതൽ 5 വർഷമായും ഇടക്കാല ഒഴിവ് നോമിനേഷൻവഴി നികത്തുന്നതിനും ബാങ്കിംഗ്, മാനേജ്മെന്റ്, ഫിനാൻസ് അല്ലെങ്കിൽ സംഘത്തിന്റെ ഉദ്ദേശ്യങ്ങളും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മേഖലയിൽ പരിചയമുള്ള 2 പേരെ കോ-ഓപ്റ്റ് ചെയ്യുന്നതിനും, സംഘം ഭരണസമിതിയുടെ സൂപ്പർ സെഷൻ 6 മാസത്തിലധികരിക്കരുതെന്നും ബാങ്കിംഗ് ബിസിനസ്സ് ചെയ്യുന്ന സംഘങ്ങൾക്ക് ആയത് ഒരു വർഷത്തിലധിക്കരിക്കരുതെന്നും സർക്കാർ സഹായം ലഭിച്ചിട്ടില്ലാത്ത സഹകരണ സംഘങ്ങളുടെ ഭരണസമിതികളെ സൂപ്പർ സീഡ് (പിരിച്ച് വിടാൻ) ചെയ്യാൻ പാടില്ലായെന്നും വ്യവസ്ഥ

ചെയ്തിട്ടുണ്ട്. കൂടാതെ സംഘത്തിന്റെ ആഡിറ്ററുടെയും ആഡിറ്റിംഗ് ഫേമുകളുടെയും യോഗ്യതയും പരിചയവും സംസ്ഥാന നിയമത്തിൽ ഉൾപ്പെടുത്തുന്നതിനും ആഡിറ്ററെ രജിസ്ട്രാർ അംഗീകരിച്ച പാനലിൽനിന്നും നിയമിക്കണമെന്നും സാമ്പത്തിക വർഷം അവസാനിച്ച 6 മാസത്തിനകം സംഘം ആഡിറ്റ് ചെയ്തിരിക്കണമെന്നും അപ്പക്സ് സ്ഥാപനങ്ങളുടെ ആഡിറ്റ് സർട്ടിഫിക്കറ്റ് സംസ്ഥാന നിയമസഭ മുമ്പാകെ സമർപ്പിക്കണമെന്നും സാമ്പത്തിക വർഷം അവസാനിച്ചുകഴിഞ്ഞ് 6 മാസത്തിനകം പൊതുയോഗം കൂടുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ സഹകരണ സംഘങ്ങളുടെയും തെരഞ്ഞെടുപ്പ് ഒരു പ്രത്യേക അധികാര സ്ഥാപനം നടത്തണമെന്നും സംഘം മാനേജ്മെന്റ്/പ്രവർത്തനം എന്നിവയിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംഘത്തിന്റെ രേഖകൾ, ബുക്കുകൾ എന്നിവ അധികാരപ്പെട്ട ആളിന് കൈമാറുന്നതിലെ വീഴ്ചയും, ഭരണസമിതി അംഗങ്ങളോ, ഓഫീസ് ചുമതലക്കാരോ തെരഞ്ഞെടുപ്പിന് മുമ്പോ തെരഞ്ഞെടുപ്പ് സമയത്തോ, ശേഷമോ അഴിമതി നടത്തുന്നത് കുറ്റങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. 97-ാം ഭരണഘടന ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയ IX-B-The Cooperative Societies എന്ന ഭേദഗതി സുപ്രീം

കോടതി ഭാഗികമായി റദ്ദാക്കിയെങ്കിലും, ടി ഭേദഗതിയിലെ വ്യവസ്ഥകൾ multi state co-operative societies-ന് ബാധകമാകുമെന്ന് കോടതി നിരീക്ഷിച്ചിട്ടുണ്ട്. തന്മൂലം ടി വ്യവസ്ഥകൾക്ക് വിധേയമായി കൂടുതൽ Multi State Co-operative society സംസ്ഥാനത്ത് വരുന്നതിന് സാഹചര്യമുണ്ടാകും. മാനദണ്ഡങ്ങൾ പാലിക്കാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്നതുമൂലം സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ദുർബലപ്പെടുന്ന അവസ്ഥയുണ്ടാകാം. സുപ്രീംകോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ സഹകരണത്തെ പൊതുപട്ടികയിലേയ്ക്ക് മാറ്റാൻ കേന്ദ്രസർക്കാർ നീക്കം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

സംസ്ഥാനത്തെ Multi State Co-operative Societies-ന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിനായി സർക്കാർ ഇതിനകം ഇടപെടൽ നടത്തിയിട്ടുണ്ട്. കേന്ദ്രസർക്കാർ പുതിയ സഹകരണ വകുപ്പ് രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനം

വിലയിരുത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതാണ്. സഹകരണ പ്രസ്ഥാനത്തിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ എല്ലാവിധ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

കേരള ഓട്ടോ മൊബൈൽസിന്റെ ഇ-ഓട്ടോ പദ്ധതി

26(*476) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കേരള ഓട്ടോ മൊബൈൽസിന്റെ ഇ-ഓട്ടോ പദ്ധതി പ്രതിസന്ധിയിലായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

പ്രതിസന്ധിയിലായിട്ടില്ല.

(ബി) വിറ്റുപോയ ഓട്ടോറിക്ഷകളുടെ ബാറ്ററികൾ പ്രവർത്തിക്കുന്നില്ലെന്ന കാരണത്താൽ വിതരണക്കാർ ഡീലർഷിപ്പ് ഉപേക്ഷിക്കുന്ന സാഹചര്യമുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഡീലർഷിപ്പ് ഉപേക്ഷിക്കുന്ന സാഹചര്യമുണ്ടായിട്ടില്ല.

(സി) ഇ-ഓട്ടോ പ്രവർത്തിക്കാത്തതുമൂലം പ്രതിസന്ധിയിലായ ഡീലർഷിപ്പുക്കാർക്കുണ്ടായ നഷ്ടം നികത്താൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ?

ഇന്നുവരെ വിറ്റുപോയിട്ടുള്ള ഇ-ഓട്ടോകൾ ഒന്നുംതന്നെ പ്രവർത്തിക്കാതെ വന്നിട്ടില്ല. വിൽക്കുന്ന ഓട്ടോകൾക്ക് കമ്പനി രണ്ടു വർഷത്തേയ്ക്ക് വാറന്റി നൽകുന്നുണ്ട്. ഭാവിയിൽ പ്രവർത്തിക്കാതെ വന്നാൽ കമ്പനി നേരിട്ട് സർവ്വീസ് നടത്തി ഇവ പ്രവർത്തനക്ഷമമാക്കുന്നതാണ്. ഇ - ഓട്ടോ സർവ്വീസ് സെന്ററുകൾ ഡീലർമാർ മുഖേന പ്രവർത്തിപ്പിക്കുന്നതിനാൽ, ഇ-ഓട്ടോയ്ക്ക് ചെറിയ തകരാറുകൾ ഉണ്ടായാൽ തന്നെയും ഉടൻതന്നെ പരിഹരിക്കുവാൻ സാധിക്കുന്നതാണ്. അതിനാൽ ഇ-ഓട്ടോ പ്രവർത്തിക്കാത്തതുമൂലമുള്ള പ്രതിസന്ധിക്ക് സാദ്ധ്യതയില്ല.

(ഡി) കേരള ഓട്ടോ മൊബൈൽസിന്റെ ഇ-ഓട്ടോ വിദേശ രാജ്യങ്ങളിലേയ്ക്ക് ഇതിനോടകം കയറ്റി അയച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കയറ്റുമതി നടത്തിയിട്ടുണ്ട്. 22 ഇ-ഓട്ടോകൾ നേപ്പാളിലേയ്ക്ക് കയറ്റി അയച്ചിട്ടുണ്ട്. കൂടുതൽ ഓർഡറുകൾ നൽകുന്നതുമായി ബന്ധപ്പെട്ട് ശ്രീലങ്ക, ടാൻസാനിയ എന്നിവിടങ്ങളിൽനിന്നും അന്വേഷണങ്ങൾ ലഭിച്ചിട്ടുണ്ട്.

കാർഷിക സഹകരണ സംഘങ്ങളിൽ ഡിജിറ്റൽ ബാങ്കിംഗ്

27(*477) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന് ഡിജിറ്റൽ ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ബാങ്കിന്റെ രൂപീകരണത്തോടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സംഘങ്ങൾക്കായി ഏകീകൃത ബാങ്കിംഗ് സോഫ്റ്റ്വെയർ

നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1611 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനായി 10-08-2020-ലെ സ.ഉ.(സാധാ) 345/2020/സഹ നമ്പർ ഉത്തരവ് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ചെയർമാനായി NIC, IT Mission, Kerala Bank, PACS പ്രതിനിധി എന്നിവരുൾപ്പെട്ട ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും ടി മോണിറ്ററിംഗ് കമ്മിറ്റി Request for Proposal (RFP) തയ്യാറാക്കിയിട്ടുമുണ്ട്. ടി RFP പ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ പരിശോധിക്കുന്നതിനായി, 13-01-2021-ലെ സ.ഉ.(സാധാ) 21/2021/സഹ നമ്പർ ഉത്തരവ് പ്രകാരം, സഹകരണ സംഘം രജിസ്ട്രാർ ചെയർമാനായി NIC, IT Mission, Kerala Bank, PACS പ്രതിനിധി, സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), നോഡൽ ആഫീസർ (ഐ.ടി) എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി തയ്യാറാക്കിയ RFP സർക്കാർ അംഗീകരിക്കുകയും ഇ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു.

09-02-2021-ന് പ്രീ-ബിഡ് മീറ്റിംഗ് നടത്തുകയും 31.12.2021-ന് മുമ്പായി ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

(സി) കമ്പ്യൂട്ടറൈസ് ചെയ്തിട്ടില്ലാത്ത സംഘങ്ങളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വാർഷിക പദ്ധതി 2020-2021 പ്രകാരം സാമ്പത്തിക പ്രതിസന്ധി കാരണം കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാത്ത പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ബാങ്കുകൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ധനസഹായം അനുവദിച്ച് സർക്കാർ ഉത്തരവാകുകയും തിരുവനന്തപുരം-4, കൊല്ലം-6, പത്തനംതിട്ട-8 ആലപ്പുഴ-22, എറണാകുളം-1, പാലക്കാട്-1, മലപ്പുറം-1, വയനാട്-1, കണ്ണൂർ-3 എന്നിങ്ങനെ ടി ജില്ലകളിലായി 47 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ഹോസ്പിറ്റൽ സൊസൈറ്റികളുടെ ആധുനികവത്കരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഹോസ്പിറ്റൽ സൊസൈറ്റികളുടെ

ആധുനികവത്കരണത്തിനാവശ്യമായ അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും വാർഷിക പദ്ധതിയിലുൾപ്പെടുത്തി ആശുപത്രി സഹകരണ സംഘങ്ങൾക്ക് ചുവടെ ചേർക്കുംപ്രകാരമുള്ള ധനസഹായം അനുവദിച്ചുവരുന്നു. ആശുപത്രി സഹകരണ സംഘങ്ങൾക്ക് രോഗ നിർണ്ണയത്തിനുള്ള അത്യാധുനിക/അത്യന്താധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായമായി 75 ലക്ഷം രൂപ പദ്ധതി ചെലവിന്റെ 70% ഏതാണോ കുറവ് ആയത് സബ്സിഡി, ഓഹരി, വായ്പ എന്നീ ഇനങ്ങളിലായി അനുവദിക്കുന്നു. ആശുപത്രി സഹകരണ സംഘങ്ങൾക്ക് ആംബുലൻസ് വാങ്ങുന്നതിനുള്ള സബ്സിഡിയായി ആംബുലൻസ് വിലയുടെ 50% അല്ലെങ്കിൽ 10 ലക്ഷം രൂപ ഇതിൽ ഏതാണോ കുറവ് ആയത് അനുവദിക്കുന്നു. ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിന് താലൂക്ക്/ജില്ലാ ആശുപത്രികൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 80% അല്ലെങ്കിൽ 80 ലക്ഷം രൂപ, ഏതാണോ കുറവ് ആയത് സബ്സിഡി, ഓഹരി, വായ്പ എന്നീ ഇനങ്ങളിലായി അനുവദിക്കുന്നു. ആശുപത്രി സഹകരണ സംഘങ്ങൾക്ക് ഓഹരിയിനത്തിൽ 20 ലക്ഷം രൂപ അനുവദിക്കുന്നു.

(ഇ) ഐ. സി. ഡി. പ്രോജക്ടിലുൾപ്പെടുത്തി പ്രാഥമിക സഹകരണ

ബാങ്കുകളിലെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഐ.സി.ഡി.പി രണ്ടാംഘട്ട പ്രവർത്തനങ്ങൾ നിലവിൽ ഇടുക്കി, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കിവരുന്നു. അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി കെ.എസ്.സി.ബി ശിപാർശ ചെയ്യുന്ന പ്രസ്തുത ജില്ലകളിലെ സഹകരണ സംഘങ്ങളുടെ പ്രൊപ്പോസലുകൾ സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ച് സർക്കാരിന്റെയും എൻ.സി.ഡി.സി.-യുടേയും അനുമതിക്ക് വിധേയമായി ധനസഹായം അനുവദിച്ചുനൽകിവരുന്നു. ഓരോ ജില്ലകൾക്കും 31.3.2021 വരെ അനുവദിച്ചു നൽകിയ ധനസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു. 1) ഐ.സി.ഡി.പി പാലക്കാട് ജില്ല- 46,49,15,590/ രൂപ 2) ഐ.സി.ഡി.പി തൃശ്ശൂർ ജില്ല - 30,93,44,350/- രൂപ 3) ഐ.സി.ഡി.പി ഇടുക്കി ജില്ല - 43,12,85,115/- രൂപ

വ്യവസായ പുനരുജ്ജീവന പാക്കേജ്

28(*478) ഡോ. കെ. ടി. ജലീൽ:
ശ്രീ. വി. ജോയി:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്)

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി പ്രഖ്യാപിച്ച ആയിരത്തി നാനൂറ്റി പതിനാറ് കോടി രൂപയുടെ പ്രത്യേക പാക്കേജിന്റെ വിശദാംശം ലഭ്യമാക്കുമോ; മുൻഗണനാ മേഖലയിലെ വ്യവസായ സംരംഭങ്ങൾക്ക് പ്രത്യേക പരിഗണന നൽകിവരുന്നുണ്ടോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് ചെറുകിട വ്യവസായ സംരംഭകരെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, ഉത്പാദനവും വിപണനവും പ്രതിസന്ധിയിലായ വ്യവസായ സംരംഭകർക്കായി വിവിധ ദുരിതാശ്വാസ പദ്ധതികളുൾപ്പെടുത്തി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ് 19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രതാ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശയിളവ് പദ്ധതി (scheme for interest subvention on term loan and

working capital loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക.

2. നിലവിലെ ESS മാർഗ്ഗരേഖപ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽനിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണനാ വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപവരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾകൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാകും.

4. നിലവിൽ 5 ലക്ഷം രൂപവരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപവരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. കോവിഡ് സമാശ്വാസ പദ്ധതിയിൽ മുൻഗണനാമേഖലയിൽ പ്രത്യേക ആനുകൂല്യം പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ മേൽ പറയുന്ന സംരംഭക സഹായ പദ്ധതിയിൽ ചില മേഖലകളെ മുൻഗണനാ മേഖലയിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി അനുവദിച്ചു വരുന്നുണ്ട്.

(ബി) കെ.എസ്.ഐ.ഡി.സി.-യിൽനിന്ന് വായ്പയെടുത്ത് സംരംഭങ്ങൾ നടത്തിയവർക്ക് ആശ്വാസ പദ്ധതിയുണ്ടോ?

കോവിഡ്-19 പകർച്ചവ്യാധിമൂലം ദുരിതത്തിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളെ സഹായിക്കുന്നതിനായി കേരള ഗവൺമെന്റ് വ്യവസായ ഭദ്രത എന്നപേരിൽ ഒരു പ്രത്യേക സമാശ്വാസ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഈ പാക്കേജനുസരിച്ച് കെ.എസ്.ഐ.ഡി.സി.-യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പ്രവർത്തന

മൂലധനത്തിനായി 200 ലക്ഷം വരെയുള്ള ഹ്രസ്വകാല വായ്പകളും പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടങ്ങിയ ഇളവുകളും ലഭ്യമാക്കിയിരുന്നു. നിലവിലുള്ള സംരംഭകർക്ക് വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകുകയും നിലവിൽ അടച്ചുതീർക്കാനുള്ള പലിശ (പിഴപ്പലിശ ഒഴിവാക്കി) ഘട്ടംഘട്ടമായി അടച്ചുതീർക്കാനുള്ള സൗകര്യവും ലഭ്യമാക്കിയിരുന്നു. വായ്പയിൽ മുതൽ തിരിച്ചടവിന് ആറു മാസത്തെ മൊറട്ടോറിയവും നൽകിയിരുന്നു. കോവിഡ്-19 രണ്ടാംവരവിനെ തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി ഇതിന്റെ ഒരു രണ്ടാം പതിപ്പായി കേരളാ ഗവൺമെന്റ് കോവിഡ് -19 സമാശ്വാസ പദ്ധതി എന്നപേരിൽ ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ എന്നിവ നടപ്പിലാക്കുന്നുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ എസ്.ഡി.എഫ്.-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80%

അഞ്ചു വർഷംകൊണ്ട് പലിശരഹിത അടവോടുംകൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു.

(സി) കോവിഡിനെത്തുടർന്ന് ഇരുപതിനായിരത്തോളം വ്യാപാരികൾ കച്ചവടം അവസാനിപ്പിക്കാൻ നിർബന്ധിതരായെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഇവർക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം ലഭ്യമാക്കാൻ കഴിയുമോ എന്നു പരിശോധിക്കുമോ?

വ്യാപാരി ക്ഷേമനിധി ബോർഡ് 2020-21 സാമ്പത്തിക വർഷങ്ങളിൽ ദുരിതത്തിലായ വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് പിഴ ഒഴിവാക്കി അംഗത്വം പുതുക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. അതോടൊപ്പം അംഗത്വം പുതുക്കുന്നതിനുള്ള കാലാവധിയും നീട്ടിയിട്ടുണ്ട്. സർക്കാരിൽ നിന്നോ വ്യാപാരി ക്ഷേമനിധിയിൽനിന്നോ പെൻഷനോ മറ്റ് കോവിഡ് സാമ്പത്തിക സഹായമോ ലഭിക്കാത്ത വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് 1000/- രൂപ കോവിഡ്- 19 ലോക്ക് ഡൗൺ ധനസഹായം അനുവദിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. വ്യാപാരി ക്ഷേമനിധി വഴി 9000 അംഗങ്ങൾക്ക് പ്രതിമാസം പെൻഷൻ വിതരണം ചെയ്തുവരുന്നുമുണ്ട്. ചെറുകിട കച്ചവടക്കാർ

ഉൾപ്പെടെയുള്ള വ്യവസായ സംരംഭകരെ കോവിഡ് പ്രതിസന്ധിയിൽ സംരക്ഷിക്കുന്നതിനായി ലോണിന്റെ നിശ്ചിത ശതമാനം സർക്കാർ വഹിക്കുന്നതുൾപ്പെടെയുള്ള ആനുകൂല്യങ്ങളടങ്ങിയ പാക്കേജും സർക്കാരിന്റെ പരിഗണനയിലാണ്.

പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ നടപടി

29(*479) ശ്രീ. ഒ. ആർ. കേളു:
ശ്രീ. എച്ച്. സലാം:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിലുള്ള നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കി മാറ്റുന്നതിനായി കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങൾ തുടരുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാദ്ധ്യതയുള്ള ഉത്പന്നങ്ങളുടെ

വൈവിദ്ധ്യവത്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നിവ സാദ്ധ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണനസാദ്ധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന പദ്ധതികൾ മേഖലകൾ തിരിച്ച് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ 248.79 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തി ആവശ്യാനുസരണം അനുവദിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തന അവലോകന സംവിധാനം കൂടുതൽ ശക്തിപ്പെടുത്തും. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിക്കേണ്ട

നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സ്ഥാപന മേധാവികളുമായി നടന്ന യോഗത്തിൽ നൽകിയിട്ടുണ്ട്. മുൻസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ തുടർച്ചയായി ഉത്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്കരണം, വിപുലീകരണം, വൈവിദ്ധ്യവത്കരണം എന്നീ മേഖലകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടും അടുത്ത പത്തുവർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ടും സമഗ്രമായ മാസ്റ്റർപ്ലാനുകൾ കമ്പനിതലത്തിൽ തയ്യാറാക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ സ്ഥാപനവും അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട മേഖലയിൽ വരുംവർഷങ്ങളിൽ സാങ്കേതിക രംഗത്തുൾപ്പെടെ എല്ലാ രംഗത്തുമുണ്ടാകാവുന്ന മാറ്റങ്ങളെ ഉൾക്കൊണ്ട് വളരെ കൃത്യമായ ആസൂത്രണത്തോടെയായിരിക്കണം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കേണ്ടതെന്ന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി ഒന്നാംഘട്ട അവതരണം നടത്തിയിട്ടുണ്ട്. കമ്പനികൾ തയ്യാറാക്കുന്ന കരട് മാസ്റ്റർപ്ലാനുകൾ സ്ഥാപനത്തിലെ ഔദ്യോഗിക തൊഴിലാളി സംഘടനകളുമായും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി അതാത് മേഖലകളിലെ സാങ്കേതിക വിദഗ്ധരടങ്ങിയ കമ്മിറ്റി

പരിശോധിച്ചതിനുശേഷം സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ തലത്തിലുള്ള ഒരു വിദഗ്ധ സമിതിയുടെ പരിശോധനകൾക്കുശേഷം മാസ്റ്റർ പ്ലാനുകൾക്ക് അന്തിമ അംഗീകാരം നൽകുന്നതുമാണ്. കമ്പനികൾ വൈവിദ്ധ്യവത്കരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായി തയ്യാറാക്കിവരുന്ന മാസ്റ്റർപ്ലാനിന്റെ ഭാഗമായി കയറ്റുമതി സാദ്ധ്യതകളും വിലയിരുത്തിക്കൊണ്ടുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുമുണ്ട്.

സഹകരണ സംഘങ്ങളുടെ പ്രവർത്തന മികവിന് ആദരവ്

30(*480) ശ്രീ. പി. പി. സുമോദ്:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) പ്രതികൂല സാഹചര്യത്തെ അതിജീവിച്ച് പ്രവർത്തിച്ച

സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകി ആദരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംഘങ്ങൾക്ക് ബെസ്റ്റ് പെർഫോമൻസ് അവാർഡ് നൽകിവരുന്നു.

(ബി) എങ്കിൽ പ്രസ്തുത അവാർഡിന്റെ പരിഗണനാ വിഷയങ്ങൾ എന്തെല്ലാമായിരുന്നുവെന്നും ഏതെല്ലാം വിഭാഗങ്ങളിലുള്ള സംഘങ്ങൾക്കാണ് അവാർഡ് പ്രഖ്യാപിച്ചതെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് അതാത് സാമ്പത്തിക വർഷത്തെ പ്രവർത്തനത്തെ അടിസ്ഥാനമാക്കി സഹകരണ വകുപ്പ് അവാർഡ് നൽകിവരുന്നു. മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന താഴെപ്പറയുന്ന എട്ട് വിഭാഗങ്ങളിൽപ്പെട്ട സംഘങ്ങളിൽനിന്നാണ് അവാർഡിനായി ശിപാർശകൾ ക്ഷണിക്കുന്നത്

1. അർബൻ ബാങ്ക്

2. പ്രാഥമിക കാർഷിക ഗ്രാമ വികസനബാങ്ക്

3. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ

4. എംപ്ലോയീസ് സഹകരണ സംഘം

5. വനിതാ സഹകരണ സംഘം

6.പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘം

7. ആശുപത്രി/വിദ്യാഭ്യാസ സഹകരണ സംഘം

8. പലവക സഹകരണ സംഘം.

ഒരോ വിഭാഗത്തിൽനിന്നും ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്കാണ് സമ്മാനം നൽകുന്നത്. മൂന്ന ഘട്ടങ്ങളിലായുള്ള പരിശോധനയിലൂടെയാണ് മികച്ച സംഘങ്ങളുടെ പട്ടിക തയ്യാറാക്കുന്നത്. താലൂക്ക് തലത്തിലാണ് ആദ്യം അപേക്ഷകൾ സ്വീകരിക്കുന്നത്. ഓരോ വിഭാഗത്തിലുംപെട്ട സംഘങ്ങൾ നിശ്ചിത മാതൃകയിൽ അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിൽ അപേക്ഷകളും അനുബന്ധങ്ങളും സമർപ്പിക്കുകയും ഈ അപേക്ഷ ഫോം താലൂക്കുതലത്തിൽ പരിശോധിച്ച് നിശ്ചിത മാതൃകാഫോറത്തിൽ മാർക്കുകൾ രേഖപ്പെടുത്തി പട്ടികപ്പെടുത്തി ഓരോ വിഭാഗത്തിലും ഏറ്റവും മികച്ച 5 എണ്ണം വീതം പട്ടികപ്പെടുത്തി ലിസ്റ്റ് ഉൾപ്പെടെ ജില്ലാതലത്തിൽ സമർപ്പിക്കുന്നതിനായി താലൂക്കുതലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറായും അസിസ്റ്റ് ഡയറക്ടർ (ആഡിറ്റ്), സർക്കിൾ സഹകരണ യൂണിയൻ പ്രതിനിധികൾ എന്നിവർ അംഗങ്ങളായ 5 പേരടങ്ങിയ ഒരു

കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും ടി കമ്മിറ്റി കൂടുമറ്റ രീതിയിൽ അപേക്ഷകൾ പരിശോധിച്ച് വ്യക്തമായ ശിപാർശയും കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പും ഉൾപ്പെടെയുള്ള പട്ടിക ജില്ലാതലത്തിൽ സമർപ്പിക്കുന്നതുമാണ്. താലൂക്കുതലങ്ങളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ജില്ലാതലത്തിൽ ഓരോ വിഭാഗത്തിൽനിന്നും ഏറ്റവും മികച്ച 5 എണ്ണം ലിസ്റ്റ് പട്ടികപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ സമർപ്പിക്കേണ്ടതാണ്. ഇതിനായി ജില്ലാതലത്തിൽ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) കൺവീനറായും, ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്) ജില്ലയിലെ 3 പ്രമുഖ സഹകാരികൾ അംഗങ്ങളായി കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ടി കമ്മിറ്റി വ്യക്തമായ ശിപാർശയോടെ ഓരോ വിഭാഗത്തിലുംപെട്ട മികച്ച 5 സഹകരണ സ്ഥാപനങ്ങളുടെ പട്ടിക സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ലഭ്യമാക്കുന്നു. ജില്ലകളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് പട്ടികപ്പെടുത്തി സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുന്ന സംസ്ഥാനതല അവാർഡ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്നതും, അയതിൽ നിന്നും ഒരോ വിഭാഗത്തിലും ഏറ്റവും മികച്ച 3 സംഘങ്ങളെ വീതം തിരഞ്ഞെടുക്കുന്നതും അവയ്ക്ക് അവാർഡ് നൽകുന്നതുമാണ്. നിശ്ചിത

മാതൃകയിലുള്ള അപേക്ഷയും സംഘങ്ങളുടെ അവാർഡിനായി പരിഗണിക്കുന്ന വർഷത്തെ പ്രവർത്തനം സംബന്ധിച്ച ഓരോ വിഭാഗത്തിലുംപെട്ട സംഘങ്ങൾക്ക് വ്യത്യസ്ത മാനദണ്ഡങ്ങൾ പ്രകാരമുള്ള ക്രൈറ്റീരിയ/പാരാമീറ്ററും മാർക്ക് ഷീറ്റും ഉൾപ്പെടെയുള്ള അനുബന്ധങ്ങൾ പരിശോധിച്ചാണ് അവാർഡിനായി പരിഗണിക്കുന്നത്. അപേക്ഷയുടേയും ക്രൈറ്റീരിയ/പാരാമീറ്ററിന്റേയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു. +

(സി) സഹകരണമേഖലയിൽ മികച്ച സംഭാവനകൾ നൽകിയ സഹകാരികൾക്കും ഉദ്യോഗസ്ഥർക്കും ഈ വർഷം മുതൽ അവാർഡ് നൽകി ആദരിക്കാൻ പദ്ധതിയുണ്ടോ?

സഹകരണ പ്രസ്ഥാനത്തിന്റെ പിതാവായ റോബർട്ട് ഓവന്റെ 250-ാം ജന്മ വാർഷികം 2021-ൽ ആഘോഷിക്കുന്നതിന്റെ ഭാഗമായി സഹകരണ മേഖലയിൽ മികച്ച സംഭാവനകൾ നൽകിയ സഹകാരികൾക്കും ഉദ്യോഗസ്ഥർക്കും വരുംവർഷങ്ങളിൽ പുരസ്കാരം നൽകാവുന്നതാണെന്ന് അവാർഡ് നിർണ്ണയ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) കോവിഡ് പ്രതിരോധത്തിൽ മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവച്ചവർക്കും പുത്തൻ ആശയം നടപ്പാക്കുന്നവർക്കും പ്രത്യേക പുരസ്കാരം നൽകാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുത്തൻ ആശയങ്ങൾ നടപ്പാക്കുന്ന സഹകരണ സംഘങ്ങൾക്ക് ഇന്നവേഷൻ അവാർഡിനായി അവാർഡ് നിർണ്ണയ കമ്മിറ്റി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷം അവാർഡ് നൽകിയിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതിക്കായി ചെലവഴിച്ച തുക

1 (5152) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ നിയോഗിച്ച സമിതിയുടെ പ്രവർത്തനത്തിനായി ആകെ എത്ര തുക ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതിയുടെ പ്രവർത്തനത്തിനായി ആകെ 70,60,098/- (എഴുപത് ലക്ഷത്തി അറുപതിനായിരത്തി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിവരങ്ങൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു. ഇനം തുക ഓണറേറിയം - ചെയർമാൻ & അംഗങ്ങൾ - 45,82,500/- വാഹന വാടക - 15,59,206/- വേതനം - ഓഫീസ് അറ്റന്റന്റ് - 1,68,190/- വേതനം - കുടുംബശ്രീ -

പി.ടി.എസ് - 98,240/- വാടക - ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് - 5,89,050/- പലവക / ഓഫീസ് ചെലവുകൾ - 62,912/- ആകെ - 70,60,098/-

അങ്കമാലിയിലെ നികുതി വകുപ്പിന്റെ ഓഫീസ്

2 (5153) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ നികുതി വകുപ്പിന്റെ (ചരക്കുസേവന നികുതി) ഏതെങ്കിലും ഓഫീസ് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് ഓഫീസാണെന്നും പ്രസ്തുത ഓഫീസിനായി പ്രതിമാസം വാടകയിനത്തിൽ എത്ര രൂപയാണ് നൽകുന്നതെന്നും വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് മട്ടാഞ്ചേരി ജില്ലാ ഓഫീസിന് കീഴിൽ പ്രവർത്തിക്കുന്ന അങ്കമാലി ചരക്കുസേവന നികുതി ഓഫീസ് നിലവിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത ഓഫീസിനായി പ്രതിമാസം വാടക ഇനത്തിൽ 5429/- രൂപ (അയ്യായിരത്തി നാനൂറ്റി ഇരുപത്തി ഒൻപത് രൂപ മാത്രം) ആണ് നൽകുന്നത്.

(ബി) അങ്കമാലി മിനി സിവിൽ സ്റ്റേഷനിൽ സൗകര്യമുണ്ടായിരുന്നിട്ടും അവിടേയ്ക്ക് കഴിഞ്ഞ അഞ്ച് വർഷമായി പ്രസ്തുത ഓഫീസ് മാറ്റാതിരുന്നതിന്റെ കാരണം വിശദമാക്കാമോ?

അങ്കമാലി ഓഫീസ് പുതിയ സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനു വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ നിർമ്മിതി കേന്ദ്ര സമർപ്പിച്ച എസ്റ്റിമേറ്റ് ചെലവ് ചുരുക്കൽ നയത്തിന്റെ ഭാഗമായി നിരസിച്ചിട്ടുള്ളതാണ്. ആയത് ഇപ്പോൾ പുതുക്കിയ എസ്റ്റിമേറ്റെടുത്ത് പണികൾ പൂർത്തിയാക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്. ടി വകുപ്പ് പണികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് വാടക കെട്ടിടത്തിൽനിന്നും മാറ്റുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സർക്കാരിന്റെ ഉടമസ്ഥതയിലുള്ള മിനി സിവിൽ സ്റ്റേഷനിൽ ഓഫീസ് സ്ഥലം ആവശ്യപ്പെട്ട് നികുതി വകുപ്പ് എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ

3 (5154) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര സർക്കാർ ഓഫീസുകളാണ് ഇപ്പോൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ?

ക്രോഡീകരിച്ച കണക്ക് ലഭ്യമല്ല; വിവരം ശേഖരിച്ചു വരുന്നു.

(ബി) എത്ര രൂപയാണ് പ്രതിമാസം വാടകയിനത്തിൽ ചെലവ് വരുന്നതെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

4 (5155) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ ചെലവുകൾ വെട്ടിക്കുറയ്ക്കുന്നതിനായി ഈ സർക്കാർ ഇറക്കിയ ഉത്തരവുകളിലൂടെ ഏതൊക്കെ ചെലവുകളാണ് കുറയ്ക്കുവാൻ സാധിച്ചത്; വ്യക്തമാക്കുമോ?

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദുഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണച്ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ

പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്കാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. സേവന ദാതാക്കൾ സേവന നിരക്കിൽ വരുത്തുന്ന മാറ്റങ്ങൾ, വാഹനങ്ങൾ ഉൾപ്പെടെയുള്ള സാധന സാമഗ്രികളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സർക്കാർ പുതിയ ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും നിയന്ത്രിത ചെലവുകളിന്മേൽ അനുമതി നൽകുന്നതടക്കമുള്ള കാരണങ്ങളാൽ ഈ ഇനങ്ങളിലുള്ള ചെലവുകളിൽ മേൽ പരാമർശിത നിയന്ത്രണങ്ങളിലൂടെ എത്രത്തോളം കുറവുവരുത്തുവാൻ സാധിച്ചിട്ടുണ്ടെന്ന് കണ്ടെത്തുക അപ്രായോഗികമാണ്.

സ്പാർക്ക് സംവിധാനത്തിലൂടെ പൊതു സ്ഥലംമാറ്റം

5(5156) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ വകുപ്പുകളിലും സ്പാർക്ക് സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി ഏതെല്ലാം വകുപ്പുകളിലാണ് ഇത് നടപ്പിലാക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

എല്ലാ സർക്കാർ വകുപ്പുകളിലും സ്പാർക്ക് സംവിധാനം നടപ്പിൽ

വരുത്തിയിട്ടുണ്ട്.

(ബി) സ്പാർക്ക് സംവിധാനത്തിലൂടെ പൊതു സ്ഥലംമാറ്റം നടത്തിവരുന്ന വകുപ്പുകൾ, നടപ്പിൽവരുത്താത്ത വകുപ്പുകൾ എന്നിവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സ്പാർക്കിൽ ലഭ്യമായിട്ടുള്ള 107 സർക്കാർ വകുപ്പുകളിൽ 2017 മുതൽ സ്പാർക്കിൽ അപ്ഡേറ്റ് ചെയ്തിട്ടുള്ള ഓൺലൈൻ ട്രാൻസ്ഫർ സംവിധാനംവഴി പൊതു സ്ഥലംമാറ്റം നടത്തിയിട്ടുള്ള വകുപ്പുകളുടെ വർഷം അടിസ്ഥാനമാക്കിയുള്ള വിവരം അനുബന്ധം 1 ആയി ഇതോടൊപ്പം ചേർക്കുന്നു. *

(സി) സ്പാർക്ക് സംവിധാനത്തിലൂടെ പൊതു സ്ഥലംമാറ്റം നടത്താത്ത വകുപ്പുകളുടെ മേധാവികൾക്ക് പ്രസ്തുത സംവിധാനത്തിലൂടെ പൊതു സ്ഥലംമാറ്റം നടത്തുവാൻ നിർദ്ദേശം നൽകുമോ?

സ്പാർക്ക് (പി.എം.യു) വകുപ്പിൽനിന്ന് പൊതു സ്ഥലംമാറ്റം സംബന്ധിച്ച നിർദ്ദേശങ്ങളൊന്നുംതന്നെ നൽകാറില്ല.

പെട്രോൾ, ഡീസൽ വിലവർദ്ധനവ്

6 (5157) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പെട്രോൾ, ഡീസൽ വിലവർദ്ധനവ് ഏതെല്ലാം രീതിയിൽ സമ്പദ്ഘടനയെ ബാധിക്കുന്നുവെന്ന് വിശദമാക്കാമോ?

വികലമായ കേന്ദ്ര നയത്തിന്റെ ഭാഗമായ പെട്രോളിയം ഉത്പന്നങ്ങളുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധനവ് ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയത് എല്ലാ അവശ്യസാധനങ്ങളുടേയും വിലക്കയറ്റത്തിന് ഇടയാക്കി. ഇത് ജനങ്ങളുടെ വാങ്ങൽശേഷിയേയും നിക്ഷേപ സാദ്ധ്യതയേയും ദുർബലപ്പെടുത്തി. കോവിഡിന്റെകൂടി പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മക നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

(ബി) പെട്രോൾ, ഡീസൽ വിലവർദ്ധനവ് ഭക്ഷ്യ വസ്തുക്കളുടെയും അസംസ്കൃത വസ്തുക്കളുടെയും വിലക്കയറ്റത്തിന് ഇടവരുത്തുകയും തൊഴിൽ നഷ്ടത്തിന് കാരണമാവുകയുംചെയ്യുമെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില ഡീസലിന്റെയും

പെട്രോളിന്റെയും പാചക വാതകത്തിന്റെയും നിരന്തര വിലവർദ്ധനവിന്റെ ഫലമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു നേരിടുന്നതിന് പൊതുവിപണിയിൽ വിലവർദ്ധനയും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി ജില്ലകളിൽ പൊതുവിതരണ വകുപ്പ്, റവന്യൂ വകുപ്പ് എന്നിവർ ഉൾപ്പെട്ട സ്ക്വാഡ് രൂപീകരിക്കുകയും പരിശോധനകൾ നടത്തി ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പെട്രോൾ, ഡീസൽ വിലവർദ്ധനവ് തൊഴിൽ നഷ്ടത്തിന് കാരണമാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ധനകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ചിട്ടികൾ

7 (5158) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധനകാര്യ സ്ഥാപനങ്ങൾ 1982-ലെ കേന്ദ്ര ചിട്ടി നിയമപ്രകാരമാണോ ചിട്ടികൾ നടത്തുന്നതെന്ന് പരിശോധിക്കാൻ നിലവിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

എല്ലാ ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിറ്റ്സിന്റേയും (ജില്ലാ രജിസ്ട്രാർ) നേതൃത്വത്തിൽ പരിശോധനകൾ നടത്തുകയും എല്ലാ ജില്ലയിലും ചിട്ടി ഇൻസ്പെക്ടർമാർ കൃത്യമായ പരിശോധനകൾ നടത്തിവരുകയും ചെയ്യുന്നു.

(ബി) 2020-21 സാമ്പത്തിക വർഷത്തിൽ ചിട്ടി നടത്തുന്ന

സ്ഥാപനങ്ങൾ കേരള സർക്കാരിലേയ്ക്ക് ഒടുക്കിയ കമ്മീഷൻ/ലാഭവിഹിതം എത്രയെന്നറിയിക്കാമോ?

കമ്മീഷനോ/ലാഭവിഹിതമോ സർക്കാരിന് ലഭിക്കുന്നില്ല. ചിട്ടികൾ രജിസ്റ്റർ ചെയ്യുന്നതുവഴി ലഭിക്കുന്ന ഫീസും സ്റ്റാമ്പും ചിട്ടികളുടെ മിനിറ്റ്സുകളും ബാലൻസ് ഷീറ്റുകളും ഫയൽ ചെയ്യുമ്പോഴും കുറ്റങ്ങൾ കോമ്പൗണ്ട് ചെയ്യുമ്പോൾ ലഭിക്കുന്ന ഫൈനും സർക്കാരിന് ലഭിക്കുന്നു.

(സി) പ്രസ്തുത സ്ഥാപനങ്ങൾ ചിട്ടി രജിസ്റ്റർ ചെയ്യുന്നത് പരിശോധിക്കാൻ ധനകാര്യ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ധനകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ചിട്ടികൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിൽ നടപടികൾ ഇല്ല.

(ഡി) ഇത്തരം സ്കീമുകളുടെ സല/ലാഭത്തിന്റെ അടിസ്ഥാനത്തിലാണോ സർക്കാരിലേയ്ക്ക് കമ്മീഷൻ ഒടുക്കുന്നതെന്നറിയിക്കാമോ?

കമ്മീഷനോ/ലാഭവിഹിതമോ സർക്കാരിന് ലഭിക്കുന്നില്ല. ചിട്ടികൾ രജിസ്റ്റർ ചെയ്യുന്നതു വഴി ലഭിക്കുന്ന ഫീസും സ്റ്റാമ്പും ചിട്ടികളുടെ മിനിറ്റ്സുകളും ബാലൻസ് ഷീറ്റുകളും ഫയൽ ചെയ്യുമ്പോഴും കുറ്റങ്ങൾ കോമ്പൗണ്ട് ചെയ്യുമ്പോൾ ലഭിക്കുന്ന ഫൈനും സർക്കാരിന് ലഭിക്കുന്നു.

(ഇ) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾ നടത്തുന്ന എം.ഡി.എസ്., ജി.ഡി.എസ്. എന്നിവ ചിട്ടികളാണോ അതോ ഡെപ്പോസിറ്റ് സ്കീമുകളാണോ എന്നറിയിക്കുമോ ?

സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന എം.ഡി.എസ്., ജി.ഡി.എസ്. എന്നിവ ഡെപ്പോസിറ്റ് സ്കീമുകളാണ്.

സാമ്പത്തിക പ്രതിസന്ധി

8 (5159) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമ്പത്തിക പ്രതിസന്ധിയുടെ കാലഘട്ടത്തിൽ അനാവശ്യ ചെലവുകൾ ഒഴിവാക്കുന്ന രീതി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഇപ്രകാരം മാറ്റിവച്ച പ്രധാന ചെലവിനങ്ങൾ എന്തൊക്കെയാണെന്നും അതിലൂടെ എത്ര കോടി രൂപയുടെ നേട്ടമുണ്ടായി എന്നും ഇനം തിരിച്ച് അറിയിക്കുമോ?

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യച്ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണച്ചെലവുകൾക്ക്

നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്കാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. സേവ ദാതാക്കൾ സേവന നിരക്കിൽ വരുത്തുന്ന മാറ്റങ്ങൾ, വാഹനങ്ങൾ ഉൾപ്പെടെയുള്ള സാധന സാമഗ്രികളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സർക്കാർ പുതിയ ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും നിയന്ത്രിത ചെലവുകളിന്മേൽ അനുമതി നൽകുന്നതടക്കമുള്ള കാരണങ്ങളാൽ ഈ ഇനങ്ങളിലുള്ള ചെലവുകളിൽ മേൽ പരാമർശിത നിയന്ത്രണങ്ങളിലൂടെ എത്രത്തോളം കുറവുവരുത്തുവാൻ സാധിച്ചിട്ടുണ്ടെന്ന് കണ്ടെത്തുക അപ്രായോഗികമാണ്.

കോവിഡ് വ്യാപനംമൂലം ദുരിതമനുഭവിക്കുന്നവർക്ക് പ്രത്യേക പാക്കേജ്

9 (5160) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് -19 വ്യാപനംമൂലം സംസ്ഥാനം ലോക്ഡൗണിലേയ്ക്ക് പോയ സാഹചര്യത്തിൽ സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന

വ്യാപാരികൾക്ക് പ്രത്യേക സാമ്പത്തിക പാക്കേജോ ആനുകൂല്യങ്ങളോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് കോവിഡുമൂലം സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന വ്യാപാരികൾക്ക് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സഹായപദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. *

(ബി) മേൽപ്പറഞ്ഞ തരത്തിൽ സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന ടാക്സി/മോട്ടോർ വാഹന ഉടമകൾക്കും തൊഴിലാളികൾക്കും പ്രത്യേക സാമ്പത്തിക പാക്കേജോ ആനുകൂല്യങ്ങളോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

സംസ്ഥാനത്ത് കോവിഡുമൂലം സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന ടാക്സി/മോട്ടോർ വാഹന ഉടമകൾക്കും തൊഴിലാളികൾക്കും സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സഹായപദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. *

വിദ്യാശ്രീ പദ്ധതി

10(5161) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാശ്രീ പദ്ധതിയിൽ കെ.എസ്.എഫ്.ഇ. എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. ലാപ്ടോപ്പുകൾ പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിലും കമ്പനികൾ ലാപ്ടോപ്പുകൾ സപ്ലൈ ചെയ്യുവാൻ വൈകുന്ന സാഹചര്യത്തിലും വിദ്യാശ്രീ പദ്ധതിയിൽ ചേർന്നിട്ടുള്ള ഗുണഭോക്താക്കൾക്ക് പൊതുവിപണിയിൽനിന്നും ഇഷ്ടമുള്ള ലാപ്ടോപ്പ്/ ടാബ്ലറ്റ് വാങ്ങി ആയതിന്റെ ഇൻവോയ്സ്/ബിൽ ഹാജരാക്കുന്ന മുറയ്ക്ക് ലാപ്ടോപ്പിന്റെ/ടാബ്ലറ്റിന്റെ വില അല്ലെങ്കിൽ പരമാവധി 20,000/- രൂപ ഏതാണോ കുറവ് ആ തുക കെ.എസ്.എഫ്.ഇ വായ്പയായി നൽകുന്നതാണ്. ലാപ്ടോപ്പ് ലഭ്യമാകാൻ കാലതാമസം ഉണ്ടാകുമെന്നറിയിച്ചശേഷവും ആയത് വാങ്ങുവാൻ തയ്യാറാകുന്ന ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് ലഭ്യമാകുന്ന മുറയ്ക്ക് കെ.എസ്.എഫ്.ഇ മുഖാന്തരം ലാപ്ടോപ്പ് നൽകുന്നതുമാണ്.

വിവിധ മേഖലയിലുള്ളവർക്ക് ക്ഷേമ പദ്ധതികൾ

11(5162) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ്മൂലം പ്രയാസമനുഭവിക്കുന്ന വിവിധ

മേഖലയിലുള്ളവർക്ക് സംസ്ഥാന സർക്കാർ എന്തെങ്കിലും സഹായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് കോവിഡുമൂലം വിവിധ മേഖലയിൽ പ്രയാസമനുഭവിക്കുന്നവർക്ക് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സഹായപദ്ധതികൾ അനുബന്ധമായി ചുവടെ ചേർക്കുന്നു. *

കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര-സംസ്ഥാന വിഹിതം

12(5163) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രവിഹിതം കുറയ്ക്കുകയും സംസ്ഥാനവിഹിതം വർദ്ധിപ്പിക്കുകയും ചെയ്ത പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷം സംസ്ഥാനത്തിന് ഈ ഇനത്തിൽ വന്ന അധികബാദ്ധ്യതയുടെ വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം, കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരുത്തുകയും ചില പദ്ധതികൾ മറ്റുപദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും ഒഴിവാക്കുകയുംചെയ്യുകയുണ്ടായി. കൂടാതെ, 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തികബാദ്ധ്യത വരുത്തിയിട്ടുണ്ട്. ഇതോടൊപ്പം, കേന്ദ്രസർക്കാർ നീതി ആയോഗ് നടപ്പിലാക്കിയതിനുശേഷം മധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സബ്കമ്മിറ്റിയുടെ കേന്ദ്രാവിഷ്കൃത പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയുംകുറിച്ചുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആകെ കേന്ദ്രാവിഷ്കൃത പദ്ധതികൾ 28 എണ്ണമായി കുറയ്ക്കുകയുണ്ടായി. ഇതിൽ 6 എണ്ണം കോർ ഓഫ് ദ കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 20 എണ്ണം കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 2 എണ്ണം ഓപ്ഷണൽ എന്ന ഗണത്തിൽപ്പെടുത്തുകയുമാണുണ്ടായത്. കോർ ഓഫ് ദ കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുൻപുണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ 90% കേന്ദ്രവും 10% സംസ്ഥാനവും വഹിക്കേണ്ടതാണ്. കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള

പദ്ധതികൾക്ക് 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുമ്പ് 75%, 80% എന്ന രീതിയിൽ കേന്ദ്രവിഹിതം ലഭിക്കുമായിരുന്നു. ഓപ്ഷണൽ ഗണം: ഈ ഗണത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* 2015-16 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്കുപ്രകാരം 1806 കോടി രൂപയുടെ അധിക ബാദ്ധ്യതയാണ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതത്തിൽ വന്ന മാറ്റംമൂലം സംസ്ഥാനത്തിനുണ്ടായത്. ഈ അധിക ബാദ്ധ്യതയിൽ, തുടർവർഷങ്ങളിൽ കേന്ദ്രസർക്കാർ കോർ സ്കീമുകളുടെ പട്ടികയിൽ കൂടുതൽ പദ്ധതികളെ ഉൾപ്പെടുത്തിയത് ആനുപാതികമായ വർദ്ധനവിന് കാരണമായിട്ടുണ്ട്.

ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ തുക

13(5164) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ കമ്മീഷൻ 2021-22 വർഷത്തിൽ ഗ്രാന്റിനത്തിൽ എത്ര കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടെന്ന്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷം 15-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് ശിപാർശ ചെയ്തിട്ടുള്ള മൊത്തം ഗ്രാന്റ് തുകയായ 2354 കോടി രൂപയിൽ കേന്ദ്രസർക്കാർ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച ഒന്നാം ഗഡു ബേസിക് ഗ്രാന്റ് തുകയായ 240.60 കോടി രൂപ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഗ്രാന്റിനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ എത്ര കോടി രൂപയുടെ കുറവ് 2021-22 വർഷത്തിൽ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

15-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം പ്രാദേശിക സർക്കാരുകൾക്കുള്ള ധനകാര്യ കമ്മീഷൻ തുക കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ 58 കോടി രൂപയുടെ കുറവ് തനതുവർഷം ഉണ്ടായിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 559 കോടി രൂപ ആരോഗ്യ കേന്ദ്രങ്ങൾക്കുള്ള ഹെൽത്ത് ഗ്രാന്റ് ആണ്. ഇത് ആരോഗ്യ കേന്ദ്രങ്ങൾ നവീകരിക്കുന്നതിനുള്ള പ്രത്യേകാവശ്യ ഗ്രാന്റാണ്. ഇത് എല്ലാ പ്രാദേശിക സർക്കാരുകൾക്കും ലഭിക്കണമെന്നില്ല.

(സി) ധനകാര്യകമ്മീഷൻ പ്രത്യേക ഉദ്ദേശ ഗ്രാന്റിൽ കുടിവെള്ളം,

ശുചിത്വം എന്നിവയ്ക്കുപുറമെ കൂടുതൽ മേഖലകളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രത്യേക ഉദ്ദേശ ഗ്രാന്റിൽ 15-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡപ്രകാരമുള്ള മേഖലകൾക്ക് മാത്രമേ ടി തുക ചെലവഴിക്കാനാകുകയുള്ളൂ. പുതിയ മേഖലകൾക്കായി ഫണ്ട് അനുവദിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല.

ധനപരമായ നടപടിക്രമങ്ങളുടെ സങ്കീർണ്ണത

14(5165) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനപരമായ നടപടിക്രമങ്ങളുടെ സങ്കീർണ്ണത കാരണം പദ്ധതികളും പ്ലാനുകളും അനന്തമായി നീളുകയും പദ്ധതിച്ചെലവുകൾ ഉയരുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിന് വിശദവും കൃത്യവുമായ സ്കീമുകൾ തയ്യാറാക്കി അംഗീകാരം നൽകുന്ന നടപടികൾക്ക് രൂപം നൽകുമോ;

(ബി) നിലവിലെ സാമ്പത്തിക നടപടിക്രമങ്ങൾ സംബന്ധിച്ച് കൃത്യമായ പഠനം നടത്തി ആവശ്യമായ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി Working Group - കളുടെ സാമ്പത്തികാധികാര പരിധി 10 കോടി രൂപയായും Special Working Group (SWG)-ന്റേത് 10 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾക്കായും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, പദ്ധതി ഘടകങ്ങളിലും ഘടനയിലും മാറ്റമില്ലാത്തതുമായ തുടർപദ്ധതികൾക്ക് പരിധിയില്ലാതെ ഭരണവകുപ്പിനുതന്നെ ഭരണാനുമതി നൽകാൻ കഴിയുന്നതാണ്. പദ്ധതികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നത് ഉറപ്പു വരുത്തുന്നതിനും ഭരണാനുമതിക്ക് സമർപ്പിക്കുന്ന Proposal-നോടൊപ്പം ആവശ്യമായ രേഖകൾ, Price software-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ എന്നിവ സഹിതം നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, SWG എല്ലാ ആഴ്ചയിലും യോഗങ്ങൾ കൂടി പദ്ധതികൾക്ക് ഭരണാനുമതി നൽകിവരുന്നുണ്ട്. ധനപരമായ നടപടിക്രമങ്ങൾ സംബന്ധിച്ച് നിലവിൽ ഭരണവകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കുള്ള ഫണ്ട് ധനവകുപ്പിന്റെ അനുമതിയില്ലാതെ ഭരണവകുപ്പിനുതന്നെ റിലീസ് ചെയ്ത് നൽകാവുന്നതാണ്. Grant- in- Aid സ്ഥാപനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും

പദ്ധതി വിഹിതം റിലീസ് ചെയ്യുന്നതിനുമാത്രമേ ധനവകുപ്പിന്റെ അനുമതി തേടേണ്ടതുള്ളൂ.

സംസ്ഥാനത്തിന്റെ പൊതുകടം

15(5167) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നുവെന്നും പൊതുകടം അടച്ചുതീർക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

2016-17 മുതൽ 2020-21 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	പൊതുകടം (തുക കോടിയിൽ)
2016-17	125882.85
2017-18	142984.53
2018-19	158234.45
2019-20*	174640.22
2020-21**	205447.72

(*സംസ്ഥാനങ്ങൾ അഭിമുഖികരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ 2019-20-ൽ 3 ശതമാനം വായ്പാപരിധിക്കുപുറമെ 1471

കോടി രൂപയുടെ അധിക വായ്പ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് ലഭ്യമാക്കിയിരുന്നു. ** കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം വായ്പാപരിധിക്കുപുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിരുന്നു.) ഓരോ സാമ്പത്തിക വർഷത്തിലും തിരിച്ചടവ് നടത്തേണ്ടതായിട്ടുള്ള വായ്പകൾ ആ തിരിച്ചടവ് ദിവസംതന്നെ തിരികെ നൽകേണ്ടതായിട്ടുണ്ട്. സർക്കാർ ഓരോ വർഷവും എടുക്കുന്ന കടത്തിൽ നിന്നും മുൻവർഷങ്ങളിൽ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് ഉണ്ടെങ്കിൽ അത് കിഴിച്ചതിനുശേഷമുള്ള തുക മാത്രമേ വിനിയോഗിക്കുവാൻ സാധിക്കുകയുള്ളൂ. കൂടാതെ, നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചു കൊണ്ടും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും വിഭവ സമാഹരണം വർദ്ധിപ്പിക്കാനാണ് സർക്കാർ പ്രധാനമായും ഉദ്ദേശിക്കുന്നത്.

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ്

16(5168) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവിനുവേണ്ടി ബാങ്കുകളുമായി ചേർന്ന് സർക്കാർ നടപ്പിലാക്കിയ സഹായ പദ്ധതിക്ക് ഒറ്റപ്പാലം മണ്ഡലത്തിൽ നിന്നും 2020 ജനുവരി ഒന്നുമുതൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം അനുവദിച്ച തുക സഹിതം വ്യക്തമാക്കുമോ?

(എ&ബി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. ഈ പദ്ധതിയുടെ കീഴിൽ ഇതുവരെ 20,933 അപേക്ഷകർക്ക് ആകെ 207.29 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

ആളോഹരി കടം

17(5169) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം കുറയ്ക്കാനും അമിതച്ചെലവ് നിയന്ത്രിക്കുവാനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും

ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യച്ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായി ആവർത്തന സ്വഭാവമുള്ള ഭരണച്ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ, ലീവ് സറണ്ടർ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങളേർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ 05.11.2020-ലെ സ.ഉ.(ആ)നം.152/2020/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.

2. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.

3. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

4. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.

5. ചരക്ക് സേവന നികുതിചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടികൾ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന സമയം ഒരു കേരളീയന്റെ ശരാശരി ആളോഹരി കടം എത്രയെന്നും നിലവിൽ എത്രയെന്നും വ്യക്തമാക്കാമോ; അനിയന്ത്രിതമായ സർക്കാർ ചെലവുകൾകാരണം പൊതുകടവും ആളോഹരി കടവും വർദ്ധിച്ചുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ 31/03/2021 വരെയുള്ള താത്കാലിക കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആളോഹരി കടം 86885 രൂപയും അക്കൗണ്ടന്റ് ജനറലിന്റെ 30/06/2021 വരെയുള്ള (ലഭ്യമായ താത്കാലിക കണക്ക് പ്രകാരം) സംസ്ഥാനത്തിന്റെ ആളോഹരി കടം 92972 രൂപയുമാണ്. ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനങ്ങളുടെ കടമെടുപ്പുപരിധി GSDP-യുടെ ഒരു നിശ്ചിത ശതമാനമായിട്ടാണ് നിശ്ചയിക്കുന്നത്. കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ചുനൽകുന്ന GSDP

അടിസ്ഥാനമാക്കിയുള്ള വായ്പാപരിധിക്കുള്ളിൽനിന്നുകൊണ്ടുമാത്രമേ സംസ്ഥാന സർക്കാരിന് കടമെടുക്കാൻ കഴിയുകയുള്ളൂ. 2015-16 മുതൽ സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി.-യിലുള്ള വർദ്ധനവിന് ഏറെക്കുറെ ആനുപാതികമായ വർദ്ധനവാണ് കടത്തിലും ഉണ്ടായിട്ടുള്ളത്. എന്നാൽ, സംസ്ഥാനങ്ങൾ അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിക്കുപുറമെ 1471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജിഎസ്ഡിപി.-യുടെ 3 ശതമാനം വായ്പാപരിധിക്കുപുറമെ നിബന്ധനകൾക്ക് വിധേയമായി 2 ശതമാനം അധിക വായ്പയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. സംസ്ഥാനത്തിന് ഈ അധിക വായ്പയെ ആശ്രയിക്കേണ്ടി വന്നത് കടത്തിൽ നേരിയ വർദ്ധനവിന് കാരണമായിട്ടുണ്ട്.

കൊടുങ്ങല്ലൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

18(5171) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന്

അറിയിക്കാമോ?

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 11 പദ്ധതികളിലായി 385.29 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

19(5172) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് കിഫ്ബി അംഗീകാരം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇനിയും അംഗീകാരം നൽകാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ധനാനുമതി നൽകിയ പദ്ധതികളുടെയും ധനാനുമതി നൽകാനുള്ള പ്രവൃത്തികളുടെയും വിശദ വിവരം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. *

(സി) പ്രവൃത്തികൾ ദ്രുതഗതിയിൽ നടത്തുന്നതിന് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ കാലതാമസം കൂടാതെ തന്നെ നടപ്പിലാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളുമായും എസ്.പി.വി.-കളുമായും പദ്ധതി അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ കിഫ്ബി നടത്തിവരുന്നു. പ്രസ്തുത യോഗത്തിൽ ഭരണ വകുപ്പും കിഫ്ബിയും എസ്.പി.വി.-കൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാറുണ്ട്.

മങ്കട മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

20(5173) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ കിഫ്ബിവഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; ഏതെല്ലാം പദ്ധതികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്; ഓരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മങ്കട നിയോജകമണ്ഡലത്തിൽ കിഫ്ബിവഴി നടപ്പിലാക്കിവരുന്ന പദ്ധതികളുടെയും ധനാനുമതി നൽകിയ പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നും പൂർത്തിയാക്കാൻ എന്തെല്ലാം നടപടിക്രമങ്ങൾ ബാക്കിയുണ്ട്; പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സാങ്കേതികാനുമതി, ടെണ്ടർ, കരാറുകാരനെ നിയമിക്കൽ തുടങ്ങിയ നടപടിക്രമങ്ങൾ ഇനിയും ബാക്കിയുണ്ട്. കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ കാലതാമസംകൂടാതെ നടപ്പിലാക്കുവാനുള്ള ഉത്തരവാദിത്തം ഭരണവകുപ്പ് ചുമതലപ്പെടുത്തിയ പദ്ധതി നിർവ്വഹണ ഏജൻസികളുടേതാണ്. കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയക്രമം പാലിച്ചുതന്നെ നടപ്പിലാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളുമായും പദ്ധതി നിർവ്വഹണ ഏജൻസികളുമായും അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ കിഫ്ബി നടത്തിവരുന്നു. പ്രസ്തുത യോഗത്തിൽ ഭരണ വകുപ്പും കിഫ്ബിയും എസ്.പി.വി.-കൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാറുണ്ട്.

വൈപ്പിൻ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

21(5174) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിനായി ഭരണവകുപ്പ് ചുമതലപ്പെടുത്തിയ എസ്.പി.വി.-കൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. *

(ബി) ഇവയിൽ ഭരണാനുമതി നൽകിയിട്ടുള്ളതും ഇനി ഭരണാനുമതി നൽകേണ്ടതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. * " പിഴല-കടമക്കുടി പാലം" പദ്ധതി കിഫ്ബിയുടെ അവലോകന വിഭാഗത്തിന്റെ പരിശോധനയിലാണ്.

(സി) ഭരണാനുമതി നൽകിയിട്ടും നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും ആയതിന്റെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാരണമെന്തെന്നും വിശദമാക്കാമോ?

കിഫ്ബിയിൽനിന്നും ധനാനുമതി ലഭ്യമാക്കിയിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. *

മലപ്പുറം വനിത ആർട്സ് ആൻഡ് സയൻസ് കോളേജ്

22(5175) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വനിത ആർട്സ് ആൻഡ് സയൻസ് കോളേജിന് 2017-18 സാമ്പത്തിക വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പത്തുകോടി രൂപ അനുവദിച്ചെങ്കിലും നാളിതുവരെ തുടർനടപടികളൊന്നുമുണ്ടായിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നാളിതുവരെയുള്ള പുരോഗതികൾ വെളിപ്പെടുത്തുമോ?

മലപ്പുറത്തുള്ള ഡൗൺഹിൽ സർക്കാർ ആർട്സ് & സയൻസ് വനിതാ കോളേജിന്റെ നവീകരണത്തിനായുള്ള പദ്ധതിയുടെ ഡി.പി.ആർ ഭരണവകുപ്പ് ചുമതലപ്പെടുത്തിയ പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ കിഫ്ബിയിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 13.85 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എസ്.പി.വി. ആയ കിറ്റ്കോ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ആയതിന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

മലപ്പുറത്തുള്ള ഡൗൺഹിൽ സർക്കാർ ആർട്സ് & സയൻസ് വനിതാ കോളേജിന്റെ നവീകരണത്തിനായുള്ള പദ്ധതിയുടെ ഡി.പി.ആർ ഭരണവകുപ്പ് ചുമതലപ്പെടുത്തിയ പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ കിഫ്ബിയിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 13.85 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ചതിനെത്തുടർന്ന് പ്രസ്തുത പദ്ധതിയുടെ ഡിസൈൻ GRIHA നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള മാറ്റങ്ങൾ കിറ്റ്കോ ഇപ്പോൾ നടത്തിവരുന്നു.

(സി) അടിസ്ഥാനസൗകര്യ വികസനങ്ങൾക്കായി അനുവദിച്ച പ്രസ്തുത ഫണ്ട് വിനിയോഗിക്കുവാനുള്ള സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുവാനും കെട്ടിടനിർമ്മാണ നടപടികൾ അടിയന്തരമായി ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതി GRIHA നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി കിറ്റ്കോ പുതുക്കിയ റിപ്പോർട്ട് സമർപ്പിക്കുന്ന

മുറയ്ക്ക് അവ പരിശോധിച്ച് അനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. ആയതിനുശേഷം സാങ്കേതികാനുമതി പുറപ്പെടുവിച്ച് ടെണ്ടർ നടപടികൾ കിറ്റ്കോയ്ക്ക് സ്വീകരിക്കാവുന്നതാണ്.

കിഫ്ബി പരസ്യത്തിനായി ചെലവഴിച്ച തുക

23(5177) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെയുള്ള ഓരോ സാമ്പത്തിക വർഷങ്ങളിലും കിഫ്ബി പരസ്യത്തിനായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

2016-17 മുതൽ 2020-21 വരെയുള്ള ഓരോ സാമ്പത്തിക വർഷങ്ങളിലും കിഫ്ബി പരസ്യത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. *

(ബി) പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ, മറ്റിതര പ്രചരണ സംവിധാനങ്ങൾ എന്നിങ്ങനെ വിവിധയിനങ്ങളിൽ ചെലവായ തുക എത്രയെന്ന് പ്രത്യേകമായി നൽകാമോ?

പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ, മറ്റിതര പ്രചരണ സംവിധാനങ്ങൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിങ്ങനെ വിവിധ ഇനങ്ങളിൽ ചെലവായ തുകയുടെ വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു. *

കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് പുനരുദ്ധാരണം

24(5178) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡിൽ എട്ടുവർഷത്തോളമായി പുനരുദ്ധാരണം നടത്താതിരുന്നതിനാൽ ഗതാഗതത്തിന് വളരെയധികം പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ സ്ഥലമെടുപ്പിന് കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലെ റോഡ് കാലതാമസം കൂടാതെ ഗതാഗതയോഗ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത റോഡിന്റെ സ്ഥലമേറ്റെടുപ്പിനായി 10 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിന് കാലതാമസം നേരിടുമെന്നതിനാൽ പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണിക്കുള്ള എസ്റ്റിമേറ്റ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബിയിൽ സമർപ്പിക്കുവാൻ ബഹു. കുറ്റ്യാടി എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ കിഫ്ബി അഡീഷണൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 01/07/2021-ൽ ചേർന്ന യോഗത്തിൽ എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കിഫ്ബിയിൽ ഉൾപ്പെടുത്തിയ പാറശ്ശാല മണ്ഡലത്തിലെ പ്രവൃത്തികൾ

25(5180) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പട്ടികയും അവയ്ക്കോരോന്നിനും അനുവദിച്ച തുകയും നിർവ്വഹണ ഏജൻസിയുടെ പേരും വർഷം തിരിച്ച് വിശദമാക്കാമോ; ഇവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയ പദ്ധതികളുടെ വിവരങ്ങൾ, അനുവദിച്ച തുക, നിർവ്വഹണ ഏജൻസിയുടെ പേര്, ധനാനുമതി നൽകിയ സാമ്പത്തിക വർഷം, നിലവിലെ സ്ഥിതി എന്നിവ സഹിതം അനുബന്ധം-1 ആയി ചേർക്കുന്നു. +

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഭരണാനുമതി നൽകുന്നതിനായി കിഫ്ബി പരിഗണിക്കുന്ന ഈ നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ പട്ടികയും തുകയും വ്യക്തമാക്കാമോ; ഇവയ്ക്ക് എന്നത്തേയ്ക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട പാറശ്ശാല നിയോജകമണ്ഡലത്തിലെ എല്ലാ പ്രവൃത്തികൾക്കും അംഗീകാരം നൽകിയിട്ടുള്ളതാണ്.

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടും നടപടിക്രമങ്ങൾ പൂർത്തിയാക്കാത്ത പാറശ്ശാല ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം, അമരവിള-ശ്രുരവക്കാണി റോഡ്, പശ്രുവണ്ണറ-അരുവിക്കര-കീഴാറൂർ റിംഗ് റോഡ്, കുടുവീട്ടുകടവ് എന്നീ പ്രവൃത്തികളുടെ തൽസ്ഥിതി അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി ധനാനുമതി ലഭ്യമാക്കിയിട്ടുള്ള പാറശ്ശാല ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം, അമരവിള-ശ്രുരവക്കാണി റോഡ്, പശ്രുവണ്ണറ-അരുവിക്കര-കീഴാറൂർ റിംഗ് റോഡ്, കുടുവീട്ടുക്കടവ് പാലം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധം – 2 ആയി ചേർക്കുന്നു. +

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

താലൂക്ക് ആശുപത്രികളുടെ സമഗ്ര വികസനം

26(5181) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്കാശുപത്രികളുടെ സമഗ്ര വികസനത്തിന് കിഫ്ബി ഫണ്ട് വിനിയോഗിച്ച് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

താലൂക്കാശുപത്രികളുടെ വികസനത്തിനായി കിഫ്ബിയിൽ നാളിതുവരെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. +

(ബി) പാലക്കാട് ജില്ലയിലെ ഏതെല്ലാം താലൂക്കാശുപത്രികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതെന്നറിയിക്കാമോ; ഇതിൽ ഓരോ ആശുപത്രിക്കും അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, പദ്ധതിയുടെ എസ്.പി.വി. എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

കിഫ്ബി നാളിതുവരെ അംഗീകരിച്ച പാലക്കാട് ജില്ലയിലെ താലൂക്കാശുപത്രികളുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. +

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലമ്പുഴ മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണം

27(5182) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് നവീകരിക്കുന്നതെന്നറിയിക്കാമോ?

മലമ്പുഴ മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള സ്കൂളുകളുടെ വിവരം അനുബന്ധമായി നൽകുന്നു. +

(ബി) ഇതിൽ ഓരോ സ്കൂളിനും വകയിരുത്തിയ തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതികളുടെ തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. +

ശ്രീകാര്യം, ഉള്ളൂർ, പട്ടം മേൽപ്പാലങ്ങൾ

28(5183) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തിരുവനന്തപുരം ജില്ലയിൽ കിഫ്ബി വഴി നിർമ്മാണം നടത്താനുദ്ദേശിക്കുന്ന നിർദ്ദിഷ്ട ശ്രീകാര്യം, ഉള്ളൂർ, പട്ടം മേൽപ്പാല പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ കിഫ്ബിവഴി നിർമ്മാണം നടത്താനുദ്ദേശിക്കുന്ന ശ്രീകാര്യം മേൽപ്പാലം പദ്ധതിക്കായി 135.37 കോടി രൂപയും പട്ടം മേൽപ്പാലത്തിനായി 84.61 കോടി രൂപയും ഉള്ളൂർ മേൽപ്പാലത്തിനായി 52.68 കോടി രൂപയും കിഫ്ബി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത മേൽപ്പാലങ്ങൾക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത മേൽപ്പാലങ്ങളുടെ ഭൂമിയേറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ; ആയതിന്റെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിൽ നേരിടുന്ന കാലതാമസം വിശദീകരിക്കാമോ?

ശ്രീകാര്യം മേൽപ്പാലനിർമ്മാണത്തിന്റെ സ്ഥലമെടുപ്പ് പ്രക്രിയ അന്തിമ ഘട്ടത്തിലാണ്. സ്ഥലം ലഭ്യമായാലുടൻതന്നെ നിർമ്മാണം ആരംഭിക്കാൻ തയ്യാറെടുത്തുവരുന്നതായും ടെണ്ടർ നടപടികൾ തയ്യാറാക്കൽ, വിശദ രൂപരേഖകൾ തയ്യാറാക്കൽ തുടങ്ങിയ ജോലികൾ പുരോഗമിക്കുന്നതായും

പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.ആർ.ടി.എൽ. അറിയിച്ചിട്ടുണ്ട്. പട്ടം, ഉള്ളൂർ മേൽപ്പാലം പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായിട്ടുള്ള സാമൂഹികാഘാത പഠനം പൂർത്തിയായിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ചുവരുന്നു. നഷ്ടപരിഹാരം നൽകുന്നതിൽ കാലതാമസമുണ്ടായിട്ടില്ലെന്നും സ്ഥലമേറ്റെടുപ്പിന്റെ മറ്റുനടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകുന്നതാണെന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.ആർ.ടി.എൽ. അറിയിച്ചിട്ടുണ്ട്.

മലമ്പുഴ കുടിവെള്ള പദ്ധതി

29(5184) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി നിലവിൽ അഞ്ച് പാക്കേജുകളായി തിരിച്ച് മലമ്പുഴയ്ക്കും മലമ്പുഴ നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്കുമായുള്ള (മലമ്പുഴ,

മരുതറോഡ്, അകത്തേത്തറ, മുണ്ടൂർ, പുതുപ്പരിയാരം) പദ്ധതി നടന്നു വരുന്നു. കൂടിവെള്ള പദ്ധതിയുടെ നിലവിലെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.

+

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബി എത്ര രൂപയുടെ സാമ്പത്തികാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതിക്ക് 60.75 കോടി രൂപയുടെ സാമ്പത്തികാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്.

(സി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിച്ചുവെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

മേൽ പ്രവൃത്തി 2019-ലാണ് ആരംഭിച്ചത്. 2022 മെയ് മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

നിലമ്പൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

30(5185) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ 2017-18, 2018-19 വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലമ്പൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ 2017-18-ലെ ടെണ്ടർ സേവിംഗ്സ് തുക 46,91,727/- രൂപയാണ്. 2018-19 സാമ്പത്തിക വർഷത്തിലെ പ്രവൃത്തികളെല്ലാം അക്രഡിറ്റഡ് ഏജൻസിവഴിയാണ് നടപ്പിലാക്കിയത്. വിശദാംശങ്ങൾ അനുബന്ധം - I ആയി ചേർത്തിരിക്കുന്നു. +

(ബി) മേൽ വർഷങ്ങളിൽ ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ച് മറ്റ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ധനകാര്യ നോഡൽ സെന്ററിൽ എം.എൽ.എ. നൽകിയ കുറിപ്പിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളവയുടെ ടെണ്ടർ സേവിംഗ്സ് തുകയുപയോഗിച്ച് കൂടുതൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി ലഭിക്കുന്നതിന് പ്രത്യേകാനുമതി നൽകുന്നതിനായാണ് ബഹു.പി.വി. അൻവർ എം.എൽ.എ. കത്ത് നൽകിയിരുന്നത്. ആയതിന് മറുപടിയായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന്റെ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾപ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 മുതലാണ് പ്രാബല്യമുള്ളതെന്നതുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തെ ടെണ്ടർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സേവിംഗ്സ് പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും 2017-18 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ 20 പ്രവൃത്തികളിൽ 15 പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് വിശദാംശങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളതെന്നതിനാൽ ബാക്കിയുള്ള 5 പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് വിശദാംശങ്ങൾ ലഭ്യമായതിനുശേഷം 2017-18 സാമ്പത്തിക വർഷത്തിലെ മാത്രം സേവിംഗ്സ് തുക വിനിയോഗിച്ചുകൊണ്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെന്നും, അവ ഏത് സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കേണ്ടതെന്നുമുള്ള വിവരങ്ങൾകൂടി ലഭ്യമാക്കണമെന്ന് ബഹു. എം.എൽ.എ.-യെ അറിയിച്ചിരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ 20 പ്രവൃത്തികളിൽ 15 പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് വിശദാംശങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളതെന്നതിനാൽ ബാക്കിയുള്ള 5 പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് വിശദാംശങ്ങൾകൂടി ലഭ്യമാക്കുവാൻ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ ആസ്തിവികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുകയുപയോഗിച്ച് പുതുതായി എത്ര രൂപയുടെ പ്രവൃത്തികൾ നിർവ്വഹിക്കാനാകുമെന്നത് വ്യക്തമാക്കാമോ; ആയതിനുള്ള നടപടിക്രമങ്ങൾ

വിശദമാക്കാമോ; ടെണ്ടർ സേവിംഗ്സ് തുക എത്രയുണ്ടെന്ന് ധനകാര്യ വകുപ്പിൽ അറിയിക്കേണ്ട ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ?

ടെണ്ടർ സേവിംഗ്സ് തുകയുപയോഗിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ കുറഞ്ഞ തുക 10 ലക്ഷം ആയിരിക്കണം. ആ വർഷത്തിൽ പരമാവധി പ്രൊപ്പോസലുകളുടെ എണ്ണം 20 ആയിരിക്കണം. അത്തരത്തിൽ ആ വർഷത്തെ ടെണ്ടർ സേവിംഗ്സ് തുക പൂർണ്ണമായും ഉപയോഗിക്കാവുന്നതാണ്. ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള നിബന്ധനകൾ സംബന്ധിച്ച് 04.08.2018 -ലെ സ.ഉ.(അച്ചടി)നം.119/2018/ധന ഉത്തരവിലെ 2.8 മുതൽ 2.10 വരെയുള്ള ഖണ്ഡികകളിൽ നൽകിയിരിക്കുന്നത് അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.[+] പ്രസ്തുത നിബന്ധനകൾ അനുസരിച്ചുള്ള ടെണ്ടർ സേവിംഗ്സ് പ്രൊപ്പോസലുകൾക്ക് ധനകാര്യവകുപ്പിൽനിന്നും മുൻകൂർ അനുമതി വാങ്ങിയതിനുശേഷം ജില്ലാ കളക്ടർ ഭരണാനുമതി നൽകുന്നതാണ്. ധനകാര്യവകുപ്പ് ആവശ്യപ്പെടുന്ന മുറയ്ക്ക് ജില്ലാ കളക്ടറാണ് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരിൽനിന്നും ശേഖരിക്കുന്ന ടെണ്ടർ സേവിംഗ്സ് വിവരങ്ങൾ ക്രോഡീകരിച്ച് ധനകാര്യവകുപ്പിൽ അറിയിക്കുന്നത്.

വാമനപുരം മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

31(5186) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതി പ്രകാരം ഇതുവരെ പൂർത്തിയാക്കിയിട്ടുള്ള ഓരോ പ്രവൃത്തികളിലും ടെണ്ടർ സേവിംഗ്സായി എത്ര തുകയാണുള്ളതെന്ന് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു

മാവേലിക്കര മണ്ഡലത്തിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം

32(5187) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

2021 ജൂൺ 4-ാം തീയതി അവതരിപ്പിച്ച 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം ഖണ്ഡിക 21-ൽ പ്രഖ്യാപിച്ചിരുന്ന എം. എൽ. എ.-മാരുടെ വികസന ഫണ്ടിൽനിന്നും പണം കണ്ടെത്തി എല്ലാ സി.എച്ച്.സി, താലൂക്ക്-ജില്ലാ-ജനറൽ ആശുപത്രികളിലും പകർച്ചവ്യാധികൾക്കായി 10 ബെഡ്ഡുകൾ വീതമുള്ള ഐസൊലേഷൻ

വാർഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു എന്ന പദ്ധതിയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) മാവേലിക്കര മണ്ഡലത്തിൽ എവിടെയെല്ലാമാണ് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും ഓരോന്നിനും എത്ര തുക വീതം ചെലവുവരുമെന്നും വിശദമാക്കുമോ?

ഓരോ മണ്ഡലത്തിലും ഐസൊലേഷൻ വാർഡുകൾ എവിടെയെന്നതും എത്ര രൂപ വീതമാണ് ചെലവഴിക്കേണ്ടതെന്നത് സംബന്ധിച്ചും തീരുമാനമെടുത്തിട്ടില്ല.

ആസ്തി വികസന പദ്ധതി വെബ് പോർട്ടൽ

33(5188) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതികളുടെ നിർവ്വഹണ പുരോഗതി അറിയുന്നതിനുവേണ്ടിയുള്ള ads2.kerala.gov.in എന്ന വെബ്പോർട്ടലിൽ മുൻവർഷങ്ങളിലെ പദ്ധതികളുടെ പുരോഗതി അറിയുന്നതിന് നിലവിൽ സംവിധാനമില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുൻ വർഷങ്ങളിലെ പദ്ധതികളുടെ പുരോഗതി അറിയുന്നത്

സംബന്ധിച്ച് ADS വെബ് പോർട്ടൽ പരിഷ്കരിക്കുന്നതിന് nic-യുമായി ചർച്ച നടത്തി ആയത് പരിഗണിക്കുന്നതാണ്.

(ബി) പുതിയ എം.എൽ.എ.-മാരുടെ പേര് ചേർക്കുമ്പോഴുണ്ടാകുന്ന സാങ്കേതിക പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് ചെയ്യാനുദ്ദേശിക്കുന്നത്; അറിയിക്കുമോ;

(സി) പതിനാല്, പതിനഞ്ച് കേരള നിയമസഭകൾക്കുവേണ്ടി പ്രത്യേകം എ.ഡി.എസ്. പോർട്ടൽ ഒരുക്കിയാൽ ഈ സാങ്കേതിക പ്രശ്നം പരിഹരിക്കാനാകുമോ?

(ബി&സി) പുതിയ എം.എൽ.എ.-മാരുടെ പേര് ചേർക്കുമ്പോൾ എന്തെങ്കിലും സാങ്കേതിക പ്രശ്നമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മുൻവർഷങ്ങളിൽ എം.എൽ.എ.-മാർ നിർദ്ദേശിച്ച ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടില്ലെന്ന വിവരം അറിയുന്നതിന് എ.ഡി.എസ്. വെബ് പോർട്ടലിൽ മാറ്റങ്ങൾ വരുത്തുന്നതിന് നിർദ്ദേശം നൽകുമോ?

ഓരോ എം.എൽ.എ.-മാരും ശിപാർശ ചെയ്ത പ്രവൃത്തികളിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ ഉത്തരവ് ADS വെബ് പോർട്ടലിൽ 'Proceedings' എന്ന ഓപ്ഷനിൽ ലഭ്യമാണ്.

(ഇ) ads2.kerala.gov.in എന്ന വെബ് പോർട്ടലിൽ എം.എൽ.എ.-മാരുടെ പേരുകൾക്കുപകരം നിയോജകമണ്ഡലങ്ങളുടെ പേര് സെർച്ച് ഓപ്ഷനിൽ നൽകിയാൽ ഒറ്റ വെബ്പോർട്ടലിൽത്തന്നെ തൻ വർഷത്തെയും മുൻ വർഷങ്ങളിലെയും പ്രവൃത്തികളുടെ പുരോഗതി അറിയാൻ കഴിയുന്നവിധം സോഫ്റ്റ്വെയർ പരിഷ്കരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ADS വെബ് പോർട്ടൽ പരിഷ്കരിക്കുന്നത് nic-യുമായി ചർച്ച നടത്തി തീരുമാനമെടുക്കുന്നതാണ്.

എം.എൽ.എ.-എ.ഡി.എസ്. ഫണ്ട്

34(5189) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-എ.ഡി.എസ്. ഫണ്ട് 2021-22 വിനിയോഗിക്കുന്നതിന് ധനകാര്യ വകുപ്പ് പുതിയ ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇല്ല.

(ബി) എം.എൽ.എ.-എ.ഡി.എസ്. ഫണ്ട് 2021-22-ൽ നാല് കോടി രൂപ ആരോഗ്യ മേഖലയിൽ വിനിയോഗിക്കുന്നതിന് ധനകാര്യ വകുപ്പ്

ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന്റെ ആരോഗ്യമേഖലയിലെ വിനിയോഗം സംബന്ധിച്ച് തീരുമാനങ്ങൾക്കായി നടപടി സ്വീകരിച്ചു വരുന്നു.

പാറശ്ശാല മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

35(5190) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ മുൻസർക്കാരിന്റെ കാലത്ത് എസ്.ഡി.എഫ്., എ.ഡി.എഫ്. പദ്ധതികളിൽ ഉൾപ്പെടുത്തി ഏതൊക്കെ പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്നും ആയതിലേയ്ക്കായി എത്ര തുകവീതം വകയിരുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയെ സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കാമോ?

ഇതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. +

(ബി) മുൻസർക്കാരിന്റെ കാലത്ത് നിയോജകമണ്ഡലം ആസ്തി വികസനപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികളിന്മേൽ ടെണ്ടർ സേവിംഗ്സ് എത്രരൂപയുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത ടെണ്ടർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സേവിംഗ്സ് വിനിയോഗിച്ച് പുതിയ പ്രവൃത്തി നിർദ്ദേശിക്കാൻ കഴിയുമോ; ആയതിന്റെ വിശദാംശം അറിയിക്കാമോ;

(സി) സംസ്ഥാന ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തി ഭരണാനുമതി ലഭിച്ച കള്ളിക്കാട് ടൗൺഹാൾ നിർമ്മാണം എന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഇതുവരെ ആരംഭിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർമ്മാണം സമയബന്ധിതമായി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) 2016 മുതൽ 2021 വരെയുള്ള കാലയളവുകളിലെ സംസ്ഥാന ബഡ്ജറ്റിൽ പാറശ്ശാല മണ്ഡലത്തിൽനിന്നും 20 ശതമാനം ടോക്കൺ പ്രൊവിഷൻ നൽകി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന വിവരം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ഇനി ഭരണാനുമതി ലഭ്യമാകാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും അറിയിക്കാമോ?

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

ഇരിക്കൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

36(5191) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതി പ്രകാരം സമർപ്പിക്കപ്പെട്ടതും അംഗീകാരം നൽകപ്പെട്ടതുമായ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) ഇതിൽ പൂർത്തീകരിക്കപ്പെട്ട പദ്ധതികൾ ഏതൊക്കെയാണ്; ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത്; വിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) 2016-17 സാമ്പത്തിക വർഷത്തെ വിവരം ശേഖരിച്ചു വരുന്നു. ഇരിക്കൂർ മണ്ഡലത്തിൽ 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതി പ്രകാരം സമർപ്പിക്കപ്പെട്ടതും അംഗീകാരം നൽകപ്പെട്ടതുമായ പദ്ധതികളും, ഇതിൽ പൂർത്തീകരിക്കപ്പെട്ട പദ്ധതികളും പൂർത്തീകരിക്കാനുള്ള പ്രവർത്തികളും സംബന്ധിച്ച വിവരം അനുബന്ധം-1 ൽ ചേർത്തിരിക്കുന്നു. +

(സി) എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതി പ്രകാരം ഓരോ വർഷവും കൊടുത്തുതീർത്തതും കൊടുക്കുവാനുള്ളതുമായ തുക എത്രയാണ്?

എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതി പ്രകാരം ഓരോ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷവും കൊടുത്തുതീർത്തതും കൊടുക്കുവാനുള്ളതുമായ തുക അനുബന്ധം- 1-ൽ ചേർത്തിരിക്കുന്നു.+

(ഡി) എത്ര രൂപയുടെ പദ്ധതികൾ പ്രസ്തുത കാലയളവിൽ സമർപ്പിക്കപ്പെട്ടിട്ടില്ലെന്ന് വർഷാടിസ്ഥാനത്തിൽ അറിയിക്കാമോ?

2018-19-ൽ 0.93 ലക്ഷം രൂപയുടേയും 2020-21-ൽ 2.0 ലക്ഷം രൂപയുടേയും പദ്ധതി നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

വൈപ്പിൻ നിയോജകമണ്ഡലത്തിൽ നടപ്പാക്കാനാവാത്ത പ്രവൃത്തികൾ

37(5192) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ എം.എൽ.എ. എ.ഡി.എസ്. പ്രകാരം 2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ നാളിതുവരെ കരാറുകാർ ഏറ്റെടുക്കാത്തതുമൂലവും മറ്റ് പ്രശ്നങ്ങൾമൂലവും നടപ്പാക്കാനാവാത്ത പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് നിർവ്വഹണ വകുപ്പുകൾ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വെളിപ്പെടുത്താമോ?

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

ബാലുശ്ശേരി മണ്ഡലത്തിലെ വിവിധ പദ്ധതികൾ

38(5193) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാലുശ്ശേരി മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ സംബന്ധിച്ച പട്ടിക ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കുമോ?

2016-17 വർഷങ്ങളിലെ വിവരം ശേഖരിച്ചു വരുന്നു. 2017-18 മുതൽ 2020-21 സാമ്പത്തിക വർഷങ്ങളിൽ ബാലുശ്ശേരി മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളും അവയിൽ പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ, എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കും എന്നിവ സംബന്ധിച്ച വിവരവും അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു. +

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാലുശ്ശേരി മണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഓരോ പ്രവൃത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാലുശ്ശേരി മണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. +

വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

39(5194) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ 2016-21 സാമ്പത്തിക വർഷം എം.എൽ.എ.-യുടെ എസ്.ഡി.എഫ്.-ൽ നിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്നും നിർവ്വഹണ വകുപ്പുകൾ ഏതെല്ലാമെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ നാളിതുവരെ നടപ്പാക്കാനാവാത്തവ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏതെല്ലാമെന്ന് വിശദമാക്കാമോ?

(എ&ഹി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു +

ഡിജിറ്റൽ കറൻസി സമ്പ്രദായം

40(5195) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളിൽ ഘട്ടംഘട്ടമായി റിസർവ് ബാങ്ക് വഴി ഡിജിറ്റൽ കറൻസി സമ്പ്രദായം കേന്ദ്രസർക്കാർ നടപ്പാക്കുന്നത് നമ്മുടെ സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സമ്പ്രദായം മൊത്ത-ചില്ലറ വ്യാപാര സ്ഥാപനങ്ങളെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് വിശദീകരിക്കുമോ;

(സി) ഈ സമ്പ്രദായം നടപ്പിലാക്കുന്നത് സംസ്ഥാനത്തെ സാമ്പത്തിക മേഖലയെ എത്തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; പ്രതികൂലമായ സ്വാധീനമാണ് സൃഷ്ടിക്കുന്നതെങ്കിൽ അതിനെതിരെ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

(എ-സി) ഡിജിറ്റൽ കറൻസിയുടെ ഉപയോഗം നിലവിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രാരംഭദശയിലാണ്. ലഭ്യമായ വിവരമനുസരിച്ച് രാജ്യത്തിന്റേതായ ഡിജിറ്റൽ കറൻസി (Central Bank Digital Currency) ഘട്ടംഘട്ടമായി അവതരിപ്പിക്കുവാൻ റിസർവ് ബാങ്ക് തീരുമാനിച്ചിട്ടുണ്ട്. കറൻസി കേന്ദ്രസർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾക്ക് ഇടപെടുന്നതിൽ പരിമിതികളുണ്ട്. ഇക്കാരണത്താൽ ബിറ്റ്കോയിൻപോലുള്ള സ്വകാര്യ ക്രിപ്റ്റോ കറൻസികളുടെ വിനിമയത്തിൽ കേന്ദ്രസർക്കാരാണ് നടപടിയെടുക്കേണ്ടത്. ഡിജിറ്റൽ കറൻസികളുടെ ഉപയോഗം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് ആധികാരിക പഠനങ്ങളൊന്നും സർക്കാർ നടത്തിയിട്ടില്ല. അതേസമയം, സുതാര്യവും സുരക്ഷിതവുമായ സംവിധാനത്തിൽ ഡിജിറ്റൽ കറൻസി വിനിമയങ്ങൾ നടക്കുന്നപക്ഷം, സാമ്പത്തിക ഇടപാടുകളുടെ വേഗം വർദ്ധിപ്പിക്കുമെന്നതിനാലും Tax Compliance തോത് ഉയർത്തുമെന്നതിനാലും ആയത് സമ്പദ്ഘടനയ്ക്ക് ഉണർവ്വേകുകയും സർക്കാരിന്റെ വരുമാനം ഉയർത്തുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഡിജിറ്റൽ കറൻസിയുടെ വിനിമയം സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിന് വിരുദ്ധമായ എന്തെങ്കിലും സാഹചര്യങ്ങൾ സൃഷ്ടിക്കുമെങ്കിൽ ആ ഘട്ടത്തിൽ

മാത്രമേ ആയത് പരിഗണിക്കേണ്ടതുള്ളൂ.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ

41(5196) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ യഥാസമയം കേന്ദ്ര സർക്കാരിൽ സമർപ്പിക്കാത്തതിനാൽ തുടർഗഡുക്കൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള ഫണ്ട് സംസ്ഥാനത്തിന് ലഭിക്കുന്നത് റീ-ഇംബേഴ്സ്മെന്റായോ അഡ്വാൻസായോ ആണ്. റീ-ഇംബേഴ്സ്മെന്റായി ഫണ്ട് ലഭിക്കുന്ന പദ്ധതികളിൽ സംസ്ഥാനം പദ്ധതികൾ നടപ്പിലാക്കിയതിനുശേഷം വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിൽ ഹാജരാക്കുന്ന മുറയ്ക്കാണ് കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് ലഭ്യമാകുന്നത്. ഇക്കാരണത്താൽ ബാക്കിയുള്ള ഫണ്ട് റിലീസുകൾ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും നൽകാറുണ്ട്. കേന്ദ്ര ഫണ്ട് അഡ്വാൻസായി ലഭിക്കുന്ന പദ്ധതികളിൽ ടി തുക പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്കേ അടുത്ത റിലീസ് ലഭിക്കുകയുള്ളൂ. ഈ ഇനത്തിലും ഫണ്ട് റിലീസ് തുടർന്നുള്ള

സാമ്പത്തിക വർഷങ്ങളിലാകാൻ സാധ്യത കൂടുതലാണ്. വിവിധ കാരണങ്ങളാൽ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ കാലതാമസം നേരിടുന്ന പദ്ധതികളിൽ ആയത് അയച്ചുകൊടുക്കുന്ന മുറയ്ക്ക് ഫണ്ട് കേന്ദ്രസർക്കാർ റിലീസ് ചെയ്ത് നൽകാറുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഏതെങ്കിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച ഫണ്ട് പ്രസ്തുത സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും പൂർണ്ണമായും ഉപയോഗിച്ചു തീരാത്ത സാഹചര്യമുണ്ടായാൽ, തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ട് കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടി റീവാലിഡേറ്റ് ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കെതിരായി ചെലവഴിച്ചാൽ മാത്രമേ തുക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുകയുള്ളൂ.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം സമയബന്ധിതമായി പൂർത്തീകരിക്കാൻ ധനകാര്യവകുപ്പിൽ പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്രസർക്കാർ കേന്ദ്രാവിഷ്കൃത/കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനം

(പി.എഫ്.എം.എസ്) സംസ്ഥാനങ്ങളിൽ നടപ്പിലാക്കിവരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്രസർക്കാരിന്റെ ഈ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിവരികയാണ്. ഈ സംവിധാനത്തിലൂടെ കേന്ദ്രാവിഷ്കൃത/കേന്ദ്ര പദ്ധതികൾ പ്രകാരം ലഭിക്കുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുവാൻ കഴിയുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഫണ്ട് റിലീസ് ചെയ്തുനൽകുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും കേന്ദ്രവിഹിതത്തിനാനുപാതികമായി സംസ്ഥാന വിഹിതം നൽകുന്നതിലുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുമായി 21/02/2017-ൽ സ.ഉ(പി) നം.24/2017/ധന. ഉത്തരവുപ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം കേന്ദ്രസർക്കാരിൽനിന്ന് ഫണ്ട് ലഭിച്ചിട്ടുള്ളതും സംസ്ഥാന ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുള്ളതുമായ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് ഭരണവകുപ്പിനുതന്നെ നേരിട്ട് നിർവ്വഹണ ഏജൻസികൾക്ക് റിലീസ് ചെയ്ത് നൽകാവുന്നതാണ്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട ഫണ്ടുകളുടെ റിലീസ്, വിനിയോഗം എന്നിവ പൂർണ്ണമായും Single Nodal Account സംവിധാനത്തിലൂടെ പി.എഫ്.എം.എസ് പോർട്ടൽ മുഖേന

നടപ്പിലാക്കണമെന്ന് 2021 മാർച്ചിൽ കേന്ദ്രസർക്കാർ അറിയിച്ചിരുന്നു. ഇതിൻപ്രകാരം നടപടികൾ സ്വീകരിക്കുവാൻ 24/05/2021-ലെ സർക്കുലർ നം.44/2021/ധന. പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും പുരോഗതി വിലയിരുത്തിവരികയുംചെയ്യുന്നു. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും കേന്ദ്രസർക്കാരിൽനിന്നും ഫണ്ട് യഥാസമയം നേടിയെടുക്കുന്നതിനുമായി പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഇവാല്യൂവേഷൻ & മോണിറ്ററിംഗ് വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ഈ വകുപ്പ് വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും കേന്ദ്രസർക്കാരിൽനിന്ന് കാലതാമസം കൂടാതെ ഫണ്ട് വാങ്ങിയെടുക്കുന്നതിനും കൂടുതൽ കേന്ദ്രസഹായം ലഭിക്കുന്നതിനുമുള്ള പദ്ധതികൾ കേന്ദ്രസർക്കാരിലേയ്ക്ക് അയച്ചുകൊടുക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്. ഇതോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെയുള്ള പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ബഹു. മുഖ്യമന്ത്രിതലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകനയോഗങ്ങൾ നടത്തിവരുന്നുണ്ട്. പ്രസ്തുത യോഗങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി

പൂർത്തിയാക്കുന്നതിന് വകുപ്പുകൾക്ക് പ്രത്യേക നിർദ്ദേശം നൽകാറുണ്ട്.

ഭക്ഷ്യസുരക്ഷാ ഓഫീസർ

42(5197) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലുണ്ടോ; ഇതിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ജോലിഭാരവും ചുമതലകളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ?

(എ&ബി) ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഭക്ഷ്യസുരക്ഷാ ഓഫീസറുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ നിലവിൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലില്ല. സംസ്ഥാനത്തെ പ്രധാന ചെക്ക്പോസ്റ്റുകളായ അമരവിള, ആര്യങ്കാവ്, വാളയാർ എന്നീ 3 ചെക്ക് പോസ്റ്റുകളിലേയ്ക്കായി ഭക്ഷ്യസുരക്ഷാ ഓഫീസറുടെ 3 അധിക തസ്തികകൾക്കുടി ആവശ്യപ്പെട്ട് 2021 ഫെബ്രുവരിയിൽ ഭരണവകുപ്പ്

ശിപാർശ സമർപ്പിച്ചിരുന്നു. ആയത് ധനവകുപ്പിൽ പരിശോധിച്ച് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള വിവിധ സ്ഥാപനങ്ങളിലേയ്ക്കായി 411 അധിക തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 2021 ഫെബ്രുവരിയിൽ ഭരണവകുപ്പ് ലഭ്യമാക്കിയ മറ്റൊരു ശിപാർശയിൽ 298 ഭക്ഷ്യസുരക്ഷാ ഓഫീസർ തസ്തികകൾ ഉൾപ്പെട്ടിരുന്നു. ശിപാർശ പരിശോധിച്ച് സാങ്കേതിക വിഭാഗത്തിന്റേയും മിനിസ്റ്റീരിയൽ സ്റ്റാഫിന്റേയും ഏറ്റവും അത്യാവശ്യമുള്ള തസ്തികകൾ മാത്രം ഉൾപ്പെടുത്തി ഉന്നതതല ശിപാർശയോടെ ഫയൽ ലഭ്യമാക്കുവാൻ ഭരണവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

എക്സൈസ് വകുപ്പിലെ ഡ്രൈവർ തസ്തിക

43(5198) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ധനവകുപ്പിൽ ലഭിച്ച 25 ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയത്തിലുള്ള ഫയലിൽ അഭിപ്രായം രേഖപ്പെടുത്തി നികുതി വകുപ്പിന് മടക്കി നൽകിയിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ തസ്തിക സൃഷ്ടിക്കാൻ കഴിയില്ലെന്നാണ് അറിയിച്ചിട്ടുള്ളത്.

(ബി) ഏകദേശം എഴുനൂറ്റി അമ്പത്തിയഞ്ചോളം വാഹനങ്ങളുള്ള എക്സൈസ് വകുപ്പിൽ നിലവിൽ ഇരുനൂറ്റി എഴുപത്തിയേഴ് ഡ്രൈവർ തസ്തികകൾ മാത്രമേയുള്ളൂ എന്നതിനാൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള ഫയൽ അനുഭാവപൂർവ്വം പരിഗണിക്കുമോ; വിശദമാക്കാമോ?

എക്സൈസ് വകുപ്പിലെ ഏകദേശം 755-ഓളം വാഹനങ്ങളിൽ 388 എണ്ണം ഇരുചക്ര വാഹനങ്ങളാണ്. ആയതിനാൽ പ്രസ്തുത വാഹനങ്ങൾക്ക് ഡ്രൈവർ തസ്തിക ആവശ്യമില്ല. എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്ന വിഷയം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് പരിശോധിക്കുന്നതാണ് .

സർക്കാർ ജീവനക്കാരുടെ 2021 വർഷത്തെ ലീവ് സറണ്ടർ

44(5199) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ഈ വർഷത്തെ ലീവ് സറണ്ടർ 2021 ജൂൺ മുതൽ അനുവദിക്കുമെന്നുള്ള ഉത്തരവുണ്ടായിരുന്നോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് പുതിയ ഉത്തരവിറങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ലീവ് സറണ്ടർ മാറുന്നതിനായി ഉത്തരവുണ്ടായിട്ടും ജീവനക്കാർക്ക് അത് മാറാൻ സാധിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(എ-സി) 05.11.2020-ലെ സ.ഉ. (ആ) നം 152/2020/ധന ഉത്തരവ് പ്രകാരം നടപ്പു സാമ്പത്തിക വർഷത്തിലെ ലീവ് സറണ്ടർ 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂവെന്ന് ഉത്തരവായിരുന്നു.* എന്നാൽ കോവിഡ്-19 രണ്ടാംതരംഗത്തെ തുടർന്നുള്ള പ്രതിസന്ധി നേരിടുന്നതിന്റെ ഭാഗമായി നടപ്പുസാമ്പത്തിക വർഷത്തിലെ സറണ്ടർ 26.07.2021-ലെ സ.ഉ. (ആ) നം 104/2021/ധന ഉത്തരവ് പ്രകാരം 01.06.2021 മുതൽ 6 മാസത്തേയ്ക്ക് മാറ്റിവച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, മുൻസിപ്പൽ കണ്ടിൻജന്റ് ജീവനക്കാർ, പാർട്ട്ടൈം കണ്ടിൻജന്റ് ജീവനക്കാർ എന്നിവരെ പ്രസ്തുത ഉത്തരവിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാങ്കേതിക വിഭാഗം ജീവനക്കാരുടെ നാമകരണത്തിൽ മാറ്റം വരുത്താൻ നടപടി

45(5200) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ശമ്പളക്കമ്മീഷൻ റിപ്പോർട്ടിൽ പി. ഡബ്ല്യു.ഡി., ഇറിഗേഷൻ, പഞ്ചായത്ത് മുതലായ വകുപ്പുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ നാമകരണത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

a) പി.ഡബ്ല്യു.ഡി വകുപ്പിലെ Overseer Gr I/Draftsman Gr I, Overseer Gr II/ Draftsman Gr II, Overseer Gr III/Tracer എന്നീ തസ്തികകൾ യഥാക്രമം Sub Engineer, Overseer Gr I /Draftsman Gr I, Overseer Gr II/ Tracer ആയും, Engineering Assistant (Electronics) എന്ന തസ്തിക Sub Engineer (Electronics)ആയും പുന:നാമകരണം ചെയ്യാൻ പതിനൊന്നാം ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. (b) Irrigation വകുപ്പിലെ Dr edger cleaner എന്ന തസ്തിക Dredging Assistant ആയും, Draftsman Gr I/Overseer Gr I, Draftsman Gr II/Overseer Gr II, Draftsman Gr III/Overseer Gr III എന്നീ തസ്തികകൾ യഥാക്രമം Sub Engineer, Draftsman Gr I /Overseer Gr I, Draftsman Gr II /Overseer Gr II ആയും പുന:നാമകരണം ചെയ്യാൻ

പതിനൊന്നാം ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. (c) Local Self Government Engineering വകുപ്പിലെ Overseer Gr I/Draftsman Gr I, Overseer Gr II/ Draftsman Gr II, Overseer Gr III എന്നീ തസ്തികകൾ യഥാക്രമം Sub Engineer, Overseer Gr I/Draftsman Gr I, Overseer Gr II/ Draftsman Gr II ആയും പുന: നാമകരണം ചെയ്യാൻ പതിനൊന്നാം ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ പതിനൊന്നാം ശമ്പള കമ്മീഷൽ ശിപാർശ ചെയ്ത മേല്പറഞ്ഞ തസ്തികകളുടെ പുന:നാമകരണം നടപ്പിൽ വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പിലെ സമാനയോഗ്യതയും ശമ്പളവുമുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെ നാമകരണത്തിൽ മാറ്റം വരുത്തുമോയെന്ന കാര്യം വ്യക്തമാക്കുമോ?

പതിനൊന്നാം ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ പി.ഡബ്ല്യു.ഡി ഇറിഗേഷൻ, പഞ്ചായത്ത് മുതലായ വകുപ്പുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ പുന:നാമകരണം ശിപാർശ ചെയ്തിരുന്നെങ്കിലും ആയത് നടപ്പിൽവരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയതിനാൽ മണ്ണ്

പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ നാമകരണത്തിൽ മാറ്റം വരുത്തുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) മണ്ണ് പര്യവേക്ഷണ- മണ്ണ് സംരക്ഷണ വകുപ്പിലെപോലെ സമാന പ്രവൃത്തികൾ ചെയ്യുന്ന ഇറിഗേഷൻ, പഞ്ചായത്ത് വകുപ്പുകളിൽ അളവുകൾ എം-ബുക്കിൽ രേഖപ്പെടുത്തുന്ന സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികയുടെ പേരും അവരുടെ അടിസ്ഥാന സാങ്കേതികയോഗ്യതകളും വിശദമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ അളവുകൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തുന്നത് അസിസ്റ്റന്റ് എഞ്ചിനീയർ ആണ്. പി.എസ്.സി മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ അടിസ്ഥാന യോഗ്യത ബി.ടെക് സിവിൽ എഞ്ചിനീയറിംഗും പ്രൊമോഷൻ മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ അടിസ്ഥാന യോഗ്യത ഐ.ടി.ഐ സർട്ടിഫിക്കറ്റ് (സിവിൽ)/പോളിടെക്നിക് ഡിപ്ലോമ (സിവിൽ)-യും ആണ്. ജലസേചന വകുപ്പിലെ പ്രവൃത്തികളുടെ അളവുകൾ എം. ബുക്കിൽ രേഖപ്പെടുത്തുന്ന സാങ്കേതിക വിഭാഗം ജീവനക്കാരുടെ

തസ്തികയുടെ പേര് അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) എന്നും അവരുടെ അടിസ്ഥാന സാങ്കേതിക യോഗ്യത Degree B.Tech (Civil)ആണ്.

പങ്കാളിത്ത പെൻഷൻ പുന:പരിശോധനാ സമിതി റിപ്പോർട്ട്

46(5201) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പുന:പരിശോധന സമിതിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്നും പ്രധാന ശിപാർശകളും വിശദമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ സ്കീം പിൻവലിക്കുന്നതിൽ സമിതിയുടെ അഭിപ്രായം എന്തെന്നും കേന്ദ്രസർക്കാർ അനുവദിച്ചതിനുപുറമെ എന്തെല്ലാം ആനുകൂല്യങ്ങളാണ് സമിതിയുടെ ശിപാർശകളിലുള്ളതെന്നും വെളിപ്പെടുത്തുമോ?

(എ&ബി) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കാൻ നിയമിച്ച സമിതി 30.04.2021-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭാവിയിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ചുകൊണ്ട് പങ്കാളിത്ത പെൻഷൻ പദ്ധതി തുടരാവുന്നതാണോ എന്ന വിഷയത്തിൽ സർക്കാരിന് നയപരമായ തീരുമാനം

കൈക്കൊള്ളാമെന്നതാണ് റിപ്പോർട്ടിലെ ഒരു നിർദ്ദേശം. പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാർക്ക് ഡി.സി.ആർ.ജി അനുവദിക്കുക, സർക്കാർ വിഹിതം 14% ആക്കി ഉയർത്തുക, 10 വർഷം പൂർത്തിയാക്കാതെ വിരമിക്കുന്ന ജീവനക്കാർക്ക് എക്സ് - ഗ്രേഷ്യ പെൻഷന്റെ മിനിമത്തിന് തുല്യമായ തുകകൂടി അനുവദിക്കുക, 01.04.2013-ന് മുൻപ് നിയമന നടപടികൾ പൂർത്തിയാക്കി, ഭരണപരമായ കാരണങ്ങളാൽ നിയമനം വൈകി, 01.04.2013-നുശേഷം നിയമനം ലഭിച്ചവർക്ക് കെ.എസ്.ആർ. ഭാഗം 3 പെൻഷൻ പദ്ധതിയിൽ തുടരുന്നതിനുള്ള ഓപ്ഷൻ അനുവദിക്കുക എന്നിങ്ങനെയാണ് റിപ്പോർട്ടിലെ മറ്റ് പ്രധാന ശിപാർശകൾ. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിക്കുന്നത് സംബന്ധിച്ച ഫയലിന്റെ വിശദാംശങ്ങൾ നിലവിലെ സ്ഥിതി സഹിതം വിശദമാക്കുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ E - 179035/Pen A5/31/FIN എന്ന ഫയലിൽ വിശദമായി പരിശോധിച്ചുവരികയാണ്.

(ഡി) സമിതിയെ നിയമിച്ചതെന്നാണെന്നും എത്ര കാലംകൊണ്ടാണ്

സമിതി നിയുക്ത പ്രവർത്തനം പൂർത്തിയാക്കിയതെന്നും സമിതിയുടെ പ്രവർത്തന പൂർത്തീകരണത്തിന് കാലതാമസമുണ്ടായോയെന്നും വിശദമാക്കുമോ?

സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ 07.11.2018-ലെ സ.ഉ (ആ) നം. 172/2018/ധന. ഉത്തരവ് പ്രകാരം* ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും, ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി എന്നിവർ അംഗങ്ങളുമായി പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധന സമിതിയെ നിയമിച്ചിരുന്നു. 06/05/2019-ലെ സ.ഉ (ആ) നം. 56/2019/ധന., 01/11/2019-ലെ സ.ഉ (ആ) നം. 147/2019/ധന., 16/04/2020-ലെ സ.ഉ (ആ) നം. 2790/2020/ധന., 21/10/2020-ലെ സ.ഉ (സാധാ) നം. 6065/2020/ധന. എന്നീ ഉത്തരവുകൾ * പ്രകാരം സമിതിയുടെ പ്രവർത്തനം 30/04/2021 വരെ ദീർഘിപ്പിച്ചുനൽകുകയും 30/04/2021 തീയതിയിൽ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) സമിതിയുടെ ശിപാർശകൾ പ്രാവർത്തികമാക്കുന്നതിൽ സർക്കാർ കാലവിളംബം വരുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എപ്രകാരം പരിഹരിക്കപ്പെടുമെന്നും സമിതി നിർദ്ദേശങ്ങളും ശിപാർശകളും അടിയന്തരമായി നടപ്പിലാക്കുമോ എന്നും വ്യക്തമാക്കുമോ?

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

ടൈപ്പിസ്റ്റ് തസ്തികയുടെ പുനർവിന്യാസം

47(5202) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധനകാര്യ വകുപ്പിന്റെ 05.11.2020-ലെ ജി.ഒ.(പി)152/2020/ധന പ്രകാരം പുറത്തിറങ്ങിയ ടൈപ്പിസ്റ്റ് തസ്തികയുടെ പുനർവിന്യാസം സംബന്ധിച്ച ഉത്തരവ് മരവിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ടൈപ്പിസ്റ്റ് തസ്തികയുടെ പുനർവിന്യാസം സംബന്ധിച്ച 05.11.2020-ലെ സ.ഉ.(അ) 152/2020/ധന. - യിലെ നിർദ്ദേശം നിലവിൽ മരവിപ്പിച്ചിട്ടില്ല.

സ്പാർക്ക് സംവിധാനത്തിന്റെ പരിമിതികൾ

48(5203) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ സർവ്വീസ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്പാർക്കിന്റെ പ്രവർത്തനക്ഷമത പരിശോധിച്ചിട്ടുണ്ടോ; ആയതിന്റെ ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

സ്പാർക്ക് സോഫ്റ്റ്വെയറിന്റെ പ്രവർത്തനക്ഷമത പരിശോധിക്കേണ്ട സാഹചര്യം നിലവിൽ ഇല്ല.

(ബി) സ്പാർക്ക് ജീവനക്കാരെ ഫോണിലോ മെയിലിലോ മറ്റേത് മാർഗ്ഗം മുഖേനയോ ആണ് ഓഫീസ് സമയത്ത് ബന്ധപ്പെടാൻ സാധിക്കുകയെന്ന് വിശദമാക്കുമോ?

സ്പാർക്കിലെ ഹെൽപ്പ് ഡെസ്കിൽ ഉള്ള ഫോൺ, മെയിൽ, ചാറ്റ് എന്നിവ വഴിയും അത്യാവശ്യമെങ്കിൽ ഓഫീസ് സന്ദർശനത്തിനുള്ള സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്.

(സി) പരാതികളുമായി എത്തുന്ന ജീവനക്കാരോട് അപമര്യാദയായി പെരുമാറുന്ന സ്പാർക്ക് ജീവനക്കാരെ സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോയെന്നും അവ എങ്ങനെ പരിഹരിക്കുമെന്നും അറിയിക്കുമോ?

ഇതുസംബന്ധിച്ച് പരാതികളൊന്നുംതന്നെ ലഭിച്ചിട്ടില്ല. പരാതികൾ ലഭിക്കുകയാണെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സ്പാർക്കിലേയ്ക്ക് അയയ്ക്കുന്ന മെയിൽ സന്ദേശങ്ങൾക്ക് യഥാസമയം മറുപടി നൽകാൻ നടപടി സ്വീകരിക്കുമോ; നിലവിൽ ഇത്തരത്തിലുള്ള എത്ര മെയിലുകൾക്ക് ഇനിയും മറുപടി നൽകാനുണ്ടെന്ന് അറിയിക്കുമോ?

സ്പാർക്കിൽ ലഭ്യമാകുന്ന മെയിൽ സന്ദേശങ്ങളിലെ വിഷയത്തിന്റെ വ്യാപ്തിയനുസരിച്ച് യഥാസമയം മറുപടി നൽകാറുണ്ട്. 09.08.2021 (സമയം:11 മണി) വരെ 6723 മെയിലുകൾ മറുപടി നൽകുന്നതിനായി ലഭ്യമായിട്ടുണ്ട്.

(ഇ) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സൗഹാർദ്ദപരവുമാക്കിമാറ്റുന്നതിന് അടിയന്തരമായി ഇടപെടുമോയെന്ന് വ്യക്തമാക്കുമോ?

സ്പാർക്ക് (പി.എം.യു) ഓഫീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എൻ.പി.എസ്. പുന:പരിശോധന റിപ്പോർട്ട്

49(5204) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.പി.എസ്. പുന:പരിശോധനാ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) എൻ.പി.എസ്. പുന:പരിശോധനാ കമ്മിറ്റി 30.04.2021-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

മെഡിസെപ് പദ്ധതി

50(5205) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയുടെ ഭാഗമായി നിലവിൽ ഏതൊക്കെ ഇൻഷ്വറൻസ് സ്ഥാപനങ്ങളാണ് പ്രൊപ്പോസലുകൾ നൽകിയിട്ടുള്ളത്; അറിയിക്കുമോ?

മെഡിസെപ് പദ്ധതിയുടെ പുതുക്കിയ Request For Proposal (RFP) 22.01.2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികളുടെ ഭാഗമായി വിവിധ ഇൻഷുറൻസ് കമ്പനികളിൽനിന്നും ടെണ്ടർ ക്ഷണിക്കുകയുമുണ്ടായി. റീ-ടെണ്ടർ ക്ഷണപ്രകാരം 1. Oriental Insurance Company 2. National Insurance Company 3. New India Insurance Company 4. Reliance General Insurance Company എന്നീ കമ്പനികളാണ് പ്രൊപ്പോസലുകൾ

സമർപ്പിച്ചത്.

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും എത്ര രൂപയാണ് വിഹിതമായി നൽകേണ്ടിവരുന്നതെന്ന് വ്യക്തമാക്കുമോ?

മെഡിസെപ് പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഇൻഷ്വറൻസ് കമ്പനിയെ തെരെഞ്ഞെടുത്തതിനുശേഷം ഔദ്യോഗികമായി പ്രഖ്യാപിക്കുന്നമുറയ്ക്കുമാത്രമേ സർക്കാർ ജീവനക്കാരിൽനിന്നും പെൻഷൻകാരിൽനിന്നും ഈടാക്കുന്ന പ്രീമിയം തുക സംബന്ധിച്ച വിവരങ്ങൾക്ക് വ്യക്തത വരികയുള്ളൂ.

സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി

51(5206) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

സർക്കാർ ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കുമുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യം എന്നുമുതൽ ജീവനക്കാർക്ക് ലഭിച്ചു തുടങ്ങും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ടെണ്ടർ നടപടികളിൽ പങ്കെടുത്ത ഹെൽത്ത് ഇൻഷ്വറൻസ് കമ്പനിയായ RGICL (Reliance General Insurance Company Ltd.) സർക്കാരിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ

(WA.No.615/2021) ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻപാടുള്ളുവെന്ന് ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നിയമനടപടി ത്വരിതപ്പെടുത്തി പദ്ധതി വേഗത്തിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

മെഡിസെപ്

52(5207) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കുംവേണ്ടിയുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് എപ്രകാരമാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

സർക്കാർ നിയമിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി ശിപാർശ ചെയ്ത പരിഷ്കരിച്ച ചികിത്സാ പദ്ധതികളുടെയും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെയും അടിസ്ഥാനത്തിലുള്ള നിബന്ധനകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച Request For Proposal(RFP)22.01.2021-ൽ

പ്രസിദ്ധീകരിച്ച് റീ-ടെണ്ടർ നടപടി ആരംഭിച്ചിരുന്നു. കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരളസർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐശ്ചികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവകലാശാലകളിലേയും തദ്ദേശഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ / പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരും ഈ പദ്ധതിയുടെ

ഗുണഭോക്താക്കളായിരിക്കുന്നതാണ്. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത ചികിത്സാ പ്രക്രിയകൾക്കും അവയ്ക്ക് അനുബന്ധമായി വരുന്ന ഡേ കെയർ ചികിത്സാ പ്രക്രിയകൾക്കും ഗുണഭോക്താവിന് നേരിടേണ്ടിവരുന്ന ചെലവുകൾക്ക് പരിരക്ഷ നൽകുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലെ ചികിത്സാ സംബന്ധമായ പ്രക്രിയകളുടെ ചെലവ്, മരുന്നുവില, ഡോക്ടർ/അറ്റൻഡന്റ് ഫീസ്, മുറി വാടക, പരിശോധനാ ചാർജ്ജുകൾ (Diagnostic), രോഗാനുബന്ധ ഭക്ഷണ ചെലവുകൾ എന്നിവ പരിരക്ഷയിൽ ഉൾപ്പെടും.

i. നിലവിലുള്ള രോഗങ്ങൾക്കുൾപ്പെടെ ജീവന് ഭീഷണിയുള്ള അടിയന്തര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യപ്പെടാത്ത ആശുപത്രികളിലെ ചികിത്സയ്ക്കും പദ്ധതിയിൻകീഴിൽ പരിരക്ഷ ലഭിക്കുന്നതാണ്.

ii. പദ്ധതിയുടെ പരിരക്ഷ താഴെ വിവരിക്കുന്നതിൻപ്രകാരം ആയിരിക്കും.

(i) അടിസ്ഥാന പരിരക്ഷ - പദ്ധതിയുടെകീഴിൽവരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും മൂന്നു വർഷത്തെ പോളിസി പിരീഡിനകത്ത് പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിലാണ് അടിസ്ഥാന പരിരക്ഷ. ഇതിൽ 1.5 ലക്ഷം രൂപ

ഓരോ വർഷത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ളതും ആവശ്യം വരാത്തപക്ഷം ലാപ്സാകുന്നതുമാണ്. പ്രതിവർഷ കവറേജിൽ 1.5 ലക്ഷം രൂപ മൂന്ന് വർഷത്തെ ബ്ലോക് പിരീഡിനകത്ത് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കപ്പെടുന്ന തരത്തിൽ ഫ്ലോട്ടർ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന പരിരക്ഷയിൽ (1) Procedure Cost (2) Implant Cost if any (3) Room charges എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്.

(ii) മേൽ സൂചിപ്പിച്ച പരിരക്ഷ കൂടാതെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽനിന്ന് (മൂന്നു വർഷത്തെ പോളിസി കാലയളവിനകത്ത്) വിനിയോഗിക്കാവുന്നതാണ്. മേൽപരാമർശിച്ച രീതിയിൽ 22.01.2021-ൽ പ്രസിദ്ധീകരിച്ച Request For Proposal (RFP) പ്രകാരം ഇ-ടെണ്ടർ നടപടികളിൽ പങ്കെടുത്ത് L1 ആകുന്ന ആരോഗ്യ ഇൻഷുറൻസ് കമ്പനി എംപാനൽ ചെയ്തിരിക്കുന്ന വിവിധ കാറ്റഗറിയിലുള്ള ആശുപത്രികൾ മുഖേനയാണ് മെഡിസെപ് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത്.

ജീവനക്കാരുടെ ബോണസും ഉത്സവബത്തയും

53(5208) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ബോണസും ഉത്സവബത്തയും നൽകാൻകഴിയാത്തതുപോലെയുള്ള സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

കോവിഡ് മഹാമാരിയും തുടർന്നുള്ള ലോക്ക്ഡൗണും കാരണം അഭ്യന്തര ഉത്പാദനത്തിനുണ്ടായ കുറവും ജി.എസ്.ടി നഷ്ടപരിഹാരം ഉൾപ്പെടെ കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങളിൽ കാലതാമസമുണ്ടാകുന്നതും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ബോണസും ഉത്സവബത്തയും നൽകുന്ന വിഷയം സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് സർക്കാർ തീരുമാനിക്കുന്നതാണ്.

(ബി) കോവിഡ് കാലത്ത് സേവന സന്നദ്ധരായി പ്രവർത്തിച്ച ആരോഗ്യവകുപ്പുൾപ്പെടെയുള്ള വിവിധ വകുപ്പുകളിലെ ജീവനക്കാർക്കും കുടുംബ പെൻഷൻകാർ ഉൾപ്പെടെയുള്ള പെൻഷൻകാർക്കും ബോണസും

ഉത്സവബത്തയും അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കുമോ?

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ബോണസും ഉത്സവബത്തയും അനുവദിക്കുന്ന കാര്യത്തിൽ നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

ആഡിറ്റ് ഒബ്ജക്ഷൻ

54(5209) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ നാളിതുവരെ ഐ.എച്ച്.ആർ.ഡി.-യിൽ എ.ഐ.സി.റ്റി.ഇ./യു.ജി.സി. സ്കെയിലിൽ ജോലി ചെയ്യുന്നവരിൽ എത്ര പേരുടെ ശമ്പളവുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് ഒബ്ജക്ഷൻ നിലവിലുണ്ടെന്ന് അറിയിക്കാമോ?

ഐ.എച്ച്.ആർ.ഡി.-യിൽ നടന്ന 2011-12 സാമ്പത്തിക വർഷത്തിലെ AG ആഡിറ്റിൽ ഐ.എച്ച്.ആർ.ഡി.-യിലെ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് AICTE/UGC ശമ്പളനിർണ്ണയം നടത്തിയതുമായി ബന്ധപ്പെട്ട ചില അപാകതകളുള്ളതായി AG റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ വെളിച്ചത്തിൽ വിശദമായ പരിശോധന നടത്തി ഉചിതമായ പരിഹാരനടപടികൾ സ്വീകരിക്കുകയും ആയത് AG-യെ ധരിപ്പിക്കുകയും

ചെയ്തിരുന്നു. 2017-18 സാമ്പത്തിക വർഷത്തിലെ ഐ.എച്ച്.ആർ.ഡി.-യിലെ ആഡിറ്റിൽ ഇവ വിശദമായി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ AG-യിൽ നിന്നും ലഭിച്ച 23.03.2021-ലെ AMG II (HQ) IV/EAP/10-173/18-19/223 നമ്പർ കത്തുപ്രകാരം AICTE/UGC പേ സ്കെയിൽ നൽകിയതുമായി ബന്ധപ്പെട്ടുള്ള ആഡിറ്റ് ക്വറികൾ AG ഡ്രോപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് പ്രകാരം അസിസ്റ്റന്റ് പ്രൊഫസറായി നിയമിതരായതിനുശേഷം 7 വർഷത്തിനുള്ളിൽ PhD യോഗ്യത നേടിയെടുക്കാത്ത 23 പേരുടെ പേ ഫിക്സേഷനുമായി ബന്ധപ്പെട്ട് നൽകിയ ആഡിറ്റ് ക്വറി AG ഡ്രോപ്പ് ചെയ്തിട്ടില്ല. അതുപോലെതന്നെ 2011-12 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് പ്രകാരം കണ്ടെത്തിയ 6 അദ്ധ്യാപകരുടെ അസിസ്റ്റന്റ് പ്രൊഫസർ പോസ്റ്റിലേയ്ക്കുള്ള പ്രൊമോഷൻ സംബന്ധിച്ച ആഡിറ്റ് ക്വറിയും ഡ്രോപ്പ് ചെയ്തിട്ടില്ല. എന്നാൽ ആയത് AG-യുടെ പരിഗണനയിലാണ്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് ഒബ്ജക്ഷനുണ്ടായിട്ട് 2021 ജൂലൈ 15 വരെ എത്ര വർഷം, മാസം, ദിവസം എന്നറിയിക്കുമോ?

9 വർഷം 11 മാസം.

(സി) ആഡിറ്റ് ഒബ്ജക്ഷനിൽ പറഞ്ഞിട്ടുള്ള എത്ര പേർക്ക് ശമ്പള ഇനത്തിൽ അധിക തുക നൽകിയതായി ആഡിറ്റ് ടീം റിപ്പോർട്ട് നൽകിയിട്ടുണ്ട്; ഇതുമൂലം സർക്കാരിനുണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം വിശദമാക്കുമോ?

29 പേർക്ക്. എന്നാൽ ശമ്പള പുനർനിർണ്ണയം നടത്തി അധികമായി നൽകിയ തുക തിരിച്ചുപിടിച്ചിട്ടുണ്ട്. ആയതിനാൽ സർക്കാരിന് യാതൊരുവിധ സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ല.

(ഡി) ഇത്തരത്തിൽ അധിക ശമ്പളം നൽകിയതും വാങ്ങിയതുമായ എത്ര പേർ നിലവിൽ സർവ്വീസിലുണ്ടെന്നും എത്ര പേർ റിട്ടയറായെന്നും അവരുടെ തസ്തിക സഹിതം വ്യക്തമാക്കുമോ?

അധികമായി ശമ്പളം കൈപ്പറ്റിക്കൊണ്ട് സർവ്വീസിൽ തുടരുന്നതോ റിട്ടയർ ചെയ്തതോ ആയ ആരും നിലവിലില്ല.

പങ്കാളിത്ത പെൻഷൻ പദ്ധതി

55(5210) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതിയും പി.എഫ്.ആർ.ഡി.എ. ബില്ലും തമ്മിലുള്ള ബന്ധം

വ്യക്തമാക്കാമോ?

പി.എഫ്.ആർ.ഡി.എ ആക്ട് - 2013 ലെ സെക്ഷൻ 12(4)-ന് വിധേയമായി സംസ്ഥാനസർക്കാർ 13/05/2020-ലെ സ.ഉ.(അ)നം.58/2020/ധന (S.R.O. No. 368/2020) ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി നിലവിൽ വന്നതെന്നാണെന്നും പി.എഫ്.ആർ.ഡി.എ. ബിൽ പാസ്സായതെന്നാണെന്നും അറിയിക്കാമോ?

07/01/2013-ലെ സ.ഉ.(അ)നം.20/2013/ധന ഉത്തരവ് പ്രകാരം,* 31/03/2013 വരെ കെ.എസ്.ആർ ഭാഗം 3 പെൻഷൻ ബാധകമായ വിഭാഗങ്ങളിൽ 01/04/2013-നോ അതിനുശേഷമോ സർവ്വീസിൽ പ്രവേശിക്കുന്നവർക്കാണ് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയിരിക്കുന്നത്. 2013 സെപ്റ്റംബർ 19-നാണ് പി.എഫ്.ആർ.ഡി.എ ആക്ട് പാസാക്കിയിരിക്കുന്നത്.

നാഷണൽ പെൻഷൻ സ്കീം

56(5211) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നാഷണൽ പെൻഷൻ സ്കീം പുന:പരിശോധനാ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കാൻ നിയമിച്ച സമിതി 30.04.2021 -ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പുന:പരിശോധനാ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി

57(5212) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ ഇതുവരെ 20,933 അപേക്ഷകർക്ക് ആകെ 207.29 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ വർഷം എത്ര പേർക്ക്

ആനുകൂല്യം നൽകിയെന്നറിയിക്കുമോ?

ഈ പദ്ധതിയുടെ കീഴിൽ കഴിഞ്ഞ സാമ്പത്തിക വർഷം 2016-18-ലെ 950 അപേക്ഷകളിലും 2018-19-ലെ 501 അപേക്ഷകളിലും 2019-20-ലെ 4 അപേക്ഷകളിലുമായി ആകെ 10.83 കോടി രൂപ സഹായധനമായി അനുവദിച്ചിട്ടുണ്ട്.

2020-21 ലെ ബഡ്ജറ്റ്

58(5214) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ ബഡ്ജറ്റാണ് നിയമസഭ പാസ്സാക്കിയത്; 2021 മാർച്ച് 31 വരെ ഓരോ വകുപ്പിനും നീക്കിവച്ച തുകയും ചെലവഴിക്കപ്പെട്ട തുകയും വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷം 208946.79 കോടി രൂപയുടെ ബഡ്ജറ്റാണ് നിയമസഭ പാസ്സാക്കിയത് (ഉപധനാഭ്യർത്ഥന ഉൾപ്പെടെ). ഓരോ വകുപ്പിനും ധനാഭ്യർത്ഥനകളിലൂടെ അനുവദിച്ച തുക (ഉപധനാഭ്യർത്ഥന ഉൾപ്പെടെ), അക്കൗണ്ടന്റ് ജനറലിന്റെ 2021 മാർച്ച് 31 വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരമുള്ള ചെലവ് എന്നിവ സംബന്ധിച്ച

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

സാമൂഹ്യസുരക്ഷാ പെൻഷൻ

59(5216) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യസുരക്ഷാ പെൻഷൻ നൽകുന്നതിന് ഒരു മാസം സർക്കാരിന് എത്ര തുക ചെലവാകും; വിശദാംശം ലഭ്യമാക്കാമോ?

2021 ആഗസ്റ്റ് മാസത്തെ കണക്കുകൾ പ്രകാരം, സംസ്ഥാനത്ത് ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 740.94 കോടി രൂപയും, സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ വിതരണത്തിനായി 103.94 കോടി രൂപയും ആവശ്യമുണ്ട്. ഇതിനുപുറമെ, കായിക-യുവജന ക്ഷേമവകുപ്പു മുഖേന നൽകുന്ന സർക്കസ് കലാകാര പെൻഷൻ, അവശ കായികതാര പെൻഷൻ എന്നിവ നൽകുന്നതിനായി 0.16 കോടി രൂപയും, സാംസ്കാരിക വകുപ്പു മുഖേന കലാകാര പെൻഷൻ 0.43 കോടി രൂപയും, ചലച്ചിത്ര അക്കാഡമി വിതരണം ചെയ്യുന്ന അവശകലാകാര പെൻഷൻ നൽകുന്നതിന് 0.02 കോടി രൂപയും ചേർത്ത് ആകെ 845.49 കോടി രൂപ ചെലവാകും.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രളയ സെസ്

60(5217) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയ സെസ് നിർത്തലാക്കിയ സാഹചര്യത്തിൽ അത് ഈടാക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

പ്രളയ സെസ് നിർത്തലാക്കുന്നത് സംബന്ധിച്ച് വ്യാപാരികൾക്കും പൊതുജനങ്ങൾക്കും അവബോധം ഉണ്ടാക്കുന്നതിനായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് എല്ലാ പ്രമുഖ മലയാളം, ഇംഗ്ലീഷ് പത്രങ്ങളിലും പ്രസ് റിലീസ് നൽകിയിട്ടുണ്ട്. ഇതുകൂടാതെ വകുപ്പിന്റെ വെബ് സൈറ്റിലും ഫേസ് ബുക്ക് പേജിലും ഇതുസംബന്ധിച്ച അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ഇന്റലിജൻസ് സ്ക്വാഡുകൾ നടത്തുന്ന ചരക്കുവാഹന പരിശോധനകളിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

സി.എ.ജി. കണ്ടെത്തിയ നികുതി വെട്ടിപ്പുകൾ

61(5218) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19, 2019-20, 2020-21 എന്നീ മൂന്ന് സാമ്പത്തിക

വർഷങ്ങളിൽ നികുതി ചോർച്ചയുടെയും ക്രമക്കേടുകളുടെയും എത്ര കുറ്റങ്ങൾ സി.എ.ജി. റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ പരിശോധനയ്ക്ക് വിധേയമാക്കി തീർപ്പുകല്പിച്ചിട്ടുണ്ടോ;

. (സി) എങ്കിൽ എത്ര എണ്ണം തീർപ്പുകല്പിച്ചുവെന്നും ഇതുമൂലം എത്ര രൂപയുടെ നികുതി ചോർച്ച കണ്ടെത്തിയെന്നും വ്യക്തമാക്കുമോ;

(ഡി) നികുതി വെട്ടിപ്പുകൾ തടയുന്നതിന് സോഫ്റ്റ്വെയർ പുതുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

പ്രളയ സെസ്

62(5219) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്കുസേവന നികുതിക്കൊപ്പം പ്രളയ സെസ് ഏർപ്പെടുത്തിയത് എന്നാണെന്ന് വ്യക്തമാക്കാമോ?

2019 ഓഗസ്റ്റ് 1 മുതലാണ് സംസ്ഥാനത്ത് ചരക്കുസേവന നികുതിക്കൊപ്പം പ്രളയ സെസ് ഏർപ്പെടുത്തിയത്.

(ബി) ഉത്പന്നങ്ങൾക്ക് എത്ര ശതമാനം വീതമാണ് പ്രളയ സെസ് ഏർപ്പെടുത്തിയിരുന്നതെന്ന് വിശദമാക്കാമോ?

30-06-2017-ലെ എസ്.ആർ.ഒ. 360/2017-ൽ ഷെഡ്യൂൾ II, III, IV എന്നിവയിൽ വരുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങൾക്ക് 1% പ്രളയ സെസ് ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. എസ്.ആർ.ഒ. 360/2017-ലെ അഞ്ചാം ഷെഡ്യൂളിൽ വരുന്ന ചരക്കുകളുടെ (സ്വർണ്ണം, വെള്ളി മുതലായവ) കൈമാറ്റങ്ങൾക്ക് 0.25% പ്രളയ സെസ് ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു.

(സി) ഇതിലൂടെ ലക്ഷ്യംവച്ചിരുന്ന തുകയേക്കാൾ കൂടുതൽ പിരിഞ്ഞു കിട്ടിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

2019-20-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് (ഖണ്ഡിക 256) പ്രളയ സെസ് മുഖേന പ്രതിവർഷം 600 കോടി രൂപ അധിക വരുമാനം വരുമെന്നാണ് പ്രതീക്ഷിച്ചത്. 01-08-2019 മുതൽ 30-06-2021 വരെയുള്ള കണക്കനുസരിച്ച് 1929.78 കോടി രൂപ പ്രളയ സെസ്സിലൂടെ സമാഹരിച്ചിട്ടുണ്ട്.

സഞ്ചയിക പദ്ധതി

63(5221) ശ്രീമതി. ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിനുള്ള

പദ്ധതികൾ നിലവിലുണ്ടോ; സഞ്ചയിക പദ്ധതി സംസ്ഥാനത്തെ എത്ര സ്കൂളുകളിലാണ് നിലവിലുള്ളത്?

ഉണ്ട്. സഞ്ചയികാ പദ്ധതി 01.10.2016 പ്രാബല്യത്തോടെ നിർത്തിവയ്ക്കുന്നതായി 09.09.2016-ലെ എഫ്.എൻ.നം.01/04/2015-എൻ.എസ് നമ്പർ കത്ത് പ്രകാരം കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ സാമ്പത്തികകാര്യ വിഭാഗം സംസ്ഥാന സർക്കാരിനെ അറിയിച്ചതിനെത്തുടർന്ന് സഞ്ചയികാ സമ്പാദ്യ പദ്ധതിയുടെ അതേ മാനദണ്ഡങ്ങൾ നിലനിർത്തിക്കൊണ്ട് സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം എന്ന പേരിൽ 29.09.2016 -ലെ സ.ഉ.(സാധാ) നം.7883/16/ധന. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ട്രഷറി വകുപ്പുമായി സഹകരിച്ച് വിദ്യാർത്ഥികൾക്കായുള്ള സമ്പാദ്യ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സഞ്ചയികാ പദ്ധതി നിർത്തലാക്കിയതിനെത്തുടർന്ന് ആരംഭിച്ച സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീമിൽ 349 സ്കൂളുകളാണ് നിലവിലുള്ളത്.

(ബി) എത്ര ശതമാനം വിദ്യാർത്ഥികൾ പ്രസ്തുത പദ്ധതിയിൽ നിക്ഷേപം നടത്തുന്നുണ്ട്?

യു.പി, എച്ച്.എസ് വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികളിൽ 1.74% വിദ്യാർത്ഥികൾ സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം പദ്ധതിയിൽ നിക്ഷേപം

നടത്തിവരുന്നു.

(സി) സ്കൂൾ വിദ്യാർത്ഥികൾക്ക് സാമ്പത്തിക വിദ്യാഭ്യാസം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കോവിഡ്- 19 മഹാമാരിമൂലം 2020 മാർച്ച് മുതൽ സ്കൂളുകൾ അടഞ്ഞുകിടക്കുന്നതിനാൽ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീമുമായി ബന്ധപ്പെടുത്തി സാമ്പത്തിക വിദ്യാഭ്യാസം നൽകുന്നതിനുള്ള പദ്ധതികൾ പരിഗണനയിലില്ല.

അക്രെഡിറ്റഡ് ഏജൻസികൾ

64(5222) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്രെഡിറ്റഡ് ഏജൻസികൾക്ക് എസ്റ്റിമേറ്റ് നിരക്കിൽ കുറവ് വരുത്തിക്കൊണ്ട് പ്രവൃത്തി ഏല്പിക്കുന്നതുമൂലം പ്രവൃത്തി നടപ്പിലാക്കുന്നതിൽ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പല പ്രവൃത്തികൾക്കും ടെണ്ടർ എക്സസ് അനുവദിക്കുന്ന സമയത്ത് ഇത്തരത്തിൽ കുറഞ്ഞ നിരക്കിൽ അക്രെഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏല്പിക്കുന്നത് മികച്ച അക്രെഡിറ്റഡ് ഏജൻസികളുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ടെങ്കിൽ ഏതുതരത്തിൽ ഈ പ്രശ്നത്തെ പരിഹരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ട്രഷറികളുടെ പുനരുദ്ധാരണം

65(5223) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളുടെ പുനരുദ്ധാരണത്തിനും പുതിയവ നിർമ്മിക്കുന്നതിനും ഡി.പി.ആർ. തയ്യാറാക്കാൻ ധനകാര്യവകുപ്പ് ചുമതലപ്പെടുത്തിയിരുന്ന ഏജൻസികൾ ഏതെല്ലാമായിരുന്നു; വ്യക്തമാക്കാമോ?

2011 - 2014, 2016 - 2020 എന്നീ കാലഘട്ടങ്ങളിൽ നടന്ന ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണപ്രവൃത്തികൾക്ക് പ്രധാനമായും ഇൻകെൽ ലിമിറ്റഡിനെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. കൂടാതെ സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിച്ച പൊൻകുന്നം, ഹരിപ്പാട്, മുളന്തുരുത്തി, തൃപ്രയാർ എന്നീ ട്രഷറിയുടെ ഫർണിഷിംഗ് ജോലികൾ ARTCO LTD മുഖേനെയാണ് നിർവ്വഹിച്ചിട്ടുള്ളത്. ട്രഷറി ഡയറക്ടറേറ്റിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട്സ് കോ-

ഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. നിർമ്മാണ കാലതാമസം കാരണം പുതിയ നിർമ്മാണ പ്രവൃത്തികളൊന്നുംതന്നെ INKEL Ltd.-ന് നൽകേണ്ടതില്ലെന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഭരണാനുമതി ലഭ്യമായിട്ടുള്ളതും പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ചുകിട്ടിയതുമായ 14 ട്രഷറിയുടെ കെട്ടിടനിർമ്മാണ പ്രവൃത്തികൾക്കായി പുതിയ ഒരു അക്രഡിറ്റഡ് ഏജൻസിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) കെട്ടിട നിർമ്മാണത്തിന് ബഡ്ജറ്റിൽ ഇരുപതുശതമാനം തുക വകയിരുത്തിയ ട്രഷറികളുടെ നിർമ്മാണത്തിന് മുന്നോടിയായി ഡി.പി.ആർ. തയ്യാറാക്കാൻ ധനവകുപ്പ് ഏജൻസികളെ നിശ്ചയിച്ച് ഉത്തരവിറക്കുമോ; വിശദമാക്കാമോ?

ഉത്തരവിറക്കിയിട്ടില്ല.

(സി) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ 2021-22-ലേയ്ക്കുള്ള ബഡ്ജറ്റിൽ ഇരുപതുശതമാനം തുക വകയിരുത്തിയത് വകുപ്പിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. വകുപ്പിന്റെ മുൻ ബഡ്ജറ്റിൽതന്നെ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊയിലാണ്ടി സബ് ട്രഷറി പ്രവർത്തിച്ചുവരുന്ന ശോച്യാവസ്ഥയിലുള്ള കെട്ടിടം നിലവിൽ സ്ഥിതി ചെയ്യുന്നതും റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ 4 ആർ സ്ഥലം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ട്രഷറി വകുപ്പിന് അനുവദിച്ചുനൽകുന്നതിന്, കോഴിക്കോട് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിലേയ്ക്കുള്ള നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിച്ചുവരികയുമാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും പുതിയ അക്രെഡിറ്റഡ് ഏജൻസിയെ അനുവദിച്ച ലഭ്യമാകുന്ന മുറയ്ക്കും DPR തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം വകുപ്പിൽനിന്നും അക്രെഡിറ്റഡ് ഏജൻസിക്ക് നൽകുന്നതാണ്.

(ഡി) എങ്കിൽ ഏത് ഏജൻസി/വകുപ്പ്/എഞ്ചിനീയറിംഗ് വിഭാഗം മുഖേനയാണ് ഡി.പി.ആർ./എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ ഭരണാനുമതിക്കായി സമർപ്പിക്കേണ്ടത്; വിശദമാക്കാമോ?

പുതിയ അക്രെഡിറ്റഡ് ഏജൻസിയെ അനുവദിച്ച് ഉത്തരവാകുന്ന മുറയ്ക്കും, സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും പ്രസ്തുത അക്രെഡിറ്റഡ് ഏജൻസി മുഖേന DPR തയ്യാറാക്കി സമർപ്പിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

പ്രകൃതി ദുരന്തങ്ങളെ അതിജീവിച്ച മാർഗ്ഗങ്ങൾ

66(5224) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓഖി ചുഴലിക്കാറ്റ്, രണ്ട് പ്രളയങ്ങൾ, കോവിഡ് മഹാമാരി എന്നിവയെ ധീരമായി നേരിട്ട്, സാമ്പത്തിക അച്ചടക്കം പാലിക്കാൻ എന്തൊക്കെ നടപടികളായിരുന്നു സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാനതത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടുമുള്ള വികസനതന്ത്രമാണ് പ്രതികൂല സാഹചര്യങ്ങളിൽ വിഭാവനം ചെയ്ത് നടപ്പിലാക്കിയത്. തത്ഫലമായി മേൽ വിഷമസന്ധികളിലും വികസനക്ഷേമ പ്രവർത്തനങ്ങൾ അഭംഗുരം നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാരിൽ നിന്നും അർഹമായി ലഭിക്കേണ്ട തുകയും ജി.എസ്.ടി. കുടിശ്ശികയും പെട്രോൾ അധിക നികുതി വിഹിതവും കൂടാതെ പ്രത്യേക സഹായ പദ്ധതിയും നേടിയെടുക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ

വിശദാംശം ലഭ്യമാക്കുമോ?

പ്രകൃതിദുരന്തങ്ങൾ അടക്കമുള്ള വിഷമ/പ്രതിസന്ധി ഘട്ടങ്ങളിൽ ആയത് തരണം ചെയ്യുന്നതിന് കേന്ദ്രസർക്കാരിൽനിന്നും സാമ്പത്തിക സഹായം തേടുന്നതടക്കം പ്രായോഗികവും ഉത്തമവുമായ നടപടികൾ യഥാസമയം ബന്ധപ്പെട്ട ഭരണ വകുപ്പുകൾ സ്വീകരിച്ചുവരുന്നുണ്ട്.

കേരള മണി ലെൻഡേഴ്സ് ആക്ട് പ്രകാരം നടപടി

67(5225) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മണി ലെൻഡേഴ്സ് ആക്ടിന് കീഴിൽ 2021 മാർച്ച് 31 വരെ സംസ്ഥാനത്ത് എത്ര സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇപ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) മണി ലെൻഡേഴ്സ് ആക്ട് പ്രകാരമുള്ള ലൈസൻസില്ലാതെയോ കമ്പനി ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ എടുക്കാതെയോ അനധികൃതമായി പ്രവർത്തിക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ഇതനുസരിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം ധനകാര്യ

സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കേരള മണി ലെൻഡേഴ്സ് ആക്ടിന് കീഴിൽ 2021 മാർച്ച് 31 വരെ സംസ്ഥാനത്ത് 11427 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള മണി ലെൻഡേഴ്സ് ആക്ട് 1958 പ്രകാരം ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നുവെന്ന് മനസ്സിലാക്കിയ താഴെപ്പറയുന്ന രണ്ടു സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

1. ശ്രീനിധി ഫൈനാൻസ്, പൂന്തുറ, തിരുവനന്തപുരം

2. സ്വാതി ഫൈനാൻസ്, കരുമം, തിരുവനന്തപുരം.

എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ ടി രണ്ടു സ്ഥാപനങ്ങളും കേരള മണി ലെൻഡേഴ്സ് ആക്ട് 1958 പ്രകാരം ലൈസൻസെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ലൈസൻസെടുക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ മണി ലെൻഡേഴ്സ് ആക്ട് പ്രകാരമുള്ള ലൈസൻസ് ഇല്ലാതെയോ കമ്പനി ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ എടുക്കാതെയോ അനധികൃതമായി സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാന സർക്കാരിലേയ്ക്ക് വന്നുചേരേണ്ട നികുതികൾ

68(5227) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി മുതൽ സംസ്ഥാന സർക്കാരിലേയ്ക്ക് വന്നുചേരേണ്ട നികുതികൾ എത്രയായിരുന്നു; ഇതിൽ എത്ര രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്;

(ബി) 2016 ജനുവരി മുതൽ സ്റ്റേ ലഭിച്ച സ്ഥാപനങ്ങളും വ്യക്തികളും ഏതെല്ലാം; അറിയിക്കുമോ;

(സി) ഇവർ അടയ്ക്കേണ്ട തുകയും അടച്ച തുകയും എത്ര വീതമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) VAT വഴി എത്ര തുക പിരിഞ്ഞുകിട്ടേണ്ടതായിരുന്നുവെന്നും എത്ര തുകയ്ക്ക് സ്റ്റേ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) 2021 ജനുവരി വരെ ധനകാര്യ വകുപ്പിലേയ്ക്ക് വിവിധ നികുതിയിനത്തിൽ ലഭിക്കേണ്ട തുക എത്രയായിരുന്നു; ഇതിൽ എത്ര തുക പിരിഞ്ഞ് കിട്ടിയിട്ടുണ്ട്?

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

ആംനെസ്റ്റി പദ്ധതി പ്രകാരമുള്ള നികുതി പിരിവ്

69(5228) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ച ആംനെസ്റ്റി പദ്ധതി പ്രകാരം തനതുവർഷത്തിൽ എത്ര കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

നികുതി പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ച ആംനെസ്റ്റി പദ്ധതി പ്രകാരം തനതുവർഷത്തിൽ 164.14 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ബി) 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര കോടി രൂപ കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷ നൽകിയിട്ടും തിരിച്ചടയ്ക്കാതെ കുടിശ്ശികയായ തുക പിരിച്ചെടുക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം 292.58 കോടി രൂപ കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷ നൽകിയിട്ടും തിരിച്ചടയ്ക്കാതെ കുടിശ്ശികയായ തുക പിരിച്ചെടുക്കുവാൻ, 2021-22 വർഷം പുതിയ ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. 2020-ലെ ആംനെസ്റ്റി പദ്ധതിയിൽ കുറഞ്ഞത് ഒരു

തവണയെങ്കിലും അടയ്ക്കുകയും ബാക്കിയുള്ളവയിൽ വീഴ്ചവരുത്തുകയും ചെയ്ത നികുതിദായകർക്ക്, തവണയായി അടച്ച തുക കുടിശ്ശികകളിൽ ഏറ്റവും പഴയ കുടിശ്ശികയിലേയ്ക്കുള്ള നികുതി അടവായി കണക്കാക്കപ്പെടും. കൂടാതെ, റവന്യൂ റിക്കവറിയുള്ള ഡീലർമാരെ ബന്ധപ്പെട്ട് ആംനെസ്റ്റി പദ്ധതിയുടെ ഗുണങ്ങൾ വിശദമാക്കി തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സമ്പദ് വ്യവസ്ഥയിൽ കോവിഡ് ഏല്പിച്ച ആഘാതം

70(5229) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പദ് വ്യവസ്ഥയെ കോവിഡ് നിശ്ചലമാക്കിയതിനാൽ നികുതി, നികുതിയിതര വരുമാനം ഗണ്യമായി കുറയാൻ ഇടയാക്കിയപ്പോഴും റവന്യൂ ചെലവ് ഏറെ വർദ്ധിപ്പിക്കേണ്ടിവന്നിട്ടുണ്ടോ; കേന്ദ്രസർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിരുന്നോ; എങ്കിൽ പ്രതികരണം അറിവായിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോവിഡ് രണ്ടാംതരംഗത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ തനത് വരുമാനം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കോവിഡ്-19 നേരിടുന്നതിനുള്ള വിവിധ ക്ഷേമപ്രവർത്തനങ്ങൾക്കായി അധിക വിഹിതം വിവിധ

സെക്ടറുകൾക്കായി അനുവദിക്കേണ്ടിവന്നതുമൂലം റവന്യൂ ചെലവിനത്തിൽ പുനഃക്രമീകരണം നടത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനങ്ങളുടെ വാർഷിക കടമെടുപ്പ് പരിധി GSDP-യുടെ 5 ശതമാനമായി ഉയർത്തി ഉപാധികളില്ലാതെ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹു. കേന്ദ്ര ധനകാര്യമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കോവിഡ്-19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31.12.2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹു. മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരിൽനിന്ന് മറുപടിയൊന്നും ലഭ്യമായിട്ടില്ല.

(ബി) മുഖ്യ നികുതിയിതര റവന്യൂ സ്രോതസ്സായ സ്റ്റേറ്റ് ലോട്ടറി രംഗത്ത് ഇതര സംസ്ഥാന ലോട്ടറി തട്ടിപ്പുകാർ കടന്നുകയറാതിരിക്കാൻ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഇതര സംസ്ഥാന ലോട്ടറി നടത്തിപ്പുകാരുടെ സംസ്ഥാനത്തിനുള്ളിലെ ലോട്ടറി നടത്തിപ്പ് റെഗുലേറ്റ് ചെയ്യുന്നതിന് സംസ്ഥാനസർക്കാർ 2018-ൽ കേരള സംസ്ഥാന ലോട്ടറീസ് (റെഗുലേഷൻ) ഭേദഗതി റൂൾസ്

കൊണ്ടുവന്നിട്ടുണ്ട്. ഈ റൂൾ പ്രകാരം സംസ്ഥാന സർക്കാരിന്റെ അനുമതിയില്ലാതെ കേരളത്തിനുള്ളിൽ ഇതര സംസ്ഥാന ലോട്ടറികൾ നടത്താൻ സാധിക്കുകയില്ല. നാഗാലാന്റ് ലോട്ടറിയുമായി ബന്ധപ്പെട്ട് റൂളുകളുടെ നിയമസാധുത ചോദ്യം ചെയ്തിരുന്നുവെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പ്രസ്തുത റൂളുകളുടെ ഭരണഘടനാ സാധുത ശരിവച്ചിരുന്നു (റൂൾ 4(4) ഒഴികെ), കൂടാതെ 27/07/2017-ലെ SRO നമ്പർ 470/2017/ പ്രകാരം കേരള GST ഡിപ്പാർട്ടുമെന്റ് നിഷ്കർച്ചിരിക്കുന്ന ഇൻഫർമേഷൻ റിട്ടേൺ സമർപ്പിച്ച് സർക്കാർ അനുമതിയോടുകൂടി മാത്രമേ കേരളത്തിൽ ലോട്ടറി നടത്താൻ കഴിയുകയുള്ളൂ.

(സി) ജി.എസ്.ടി. വില്പന നികുതിയുൾപ്പെടെ വിവിധ നികുതികളുടെ ചോർച്ച തടയാനായി വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായി നികുതി പിരിവ് ചോർച്ചരഹിതമാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ?

ജി.എസ്.ടി.എൻ. ഇൻഫർമേഷൻ സിസ്റ്റത്തിലൂടെ ലഭിക്കുന്ന വിവരങ്ങൾ ചരക്കുകളും സേവനങ്ങളും തരംതിരിച്ച് വിശകലനം ചെയ്യുന്നതിനുള്ള ഡാറ്റ അനലിറ്റിക്സ്, ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് സംവിധാനം, ജി.എസ്.ടി. രജിസ്ട്രേഷനുകളുടെ ആധികാരികത പരിശോധിക്കാനും രജിസ്ട്രേഷൻ എടുക്കാത്തവരുടെ

വിവരശേഖരത്തിനായുള്ള മൊബൈൽ ആപ്പുകൾ, ഗ്രഡ്സ് വാഹന സർവയ്ലൻസിനുവേണ്ടിയുള്ള ഇന്റലിജന്റ് എൻ.പി.ആർ സിസ്റ്റം, ജില്ലാ സൈബർ ഫോറൻസിക് ലാബുകൾ, വെഹിക്കിൾ മൗണ്ടഡ് ക്യാമറയും ജി.പി.എസ് സർവയ്ലൻസ് സിസ്റ്റവും തുടങ്ങിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അനിവാര്യമായതൊഴികെയുള്ള സർക്കാർ ചെലവുകൾ നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് ചുരുക്കുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

സംസ്ഥാന ജി.എസ്.ടി. വരുമാനം

71(5230) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തിൽ സംസ്ഥാന ജി.എസ്.ടി.-യിൽനിന്ന് സർക്കാർ പ്രതീക്ഷിച്ച വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

2020-21 വർഷത്തിൽ സംസ്ഥാനത്തെ ജി.എസ്.ടി റിവൈസ്ഡ്

ബഡ്ജറ്റ് എസ്റ്റിമേറ്റ് 18,999.57 കോടി രൂപയായിരുന്നു.

(ബി) പ്രസ്തുത വർഷത്തിൽ സംസ്ഥാന ജി.എസ്.ടി. വഴി എത്ര രൂപ വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത വർഷത്തിൽ സംസ്ഥാനത്തിന് ജി.എസ്.ടി കളക്ഷൻ (എസ്.ജി.എസ്.ടി, ഐ.ജി.എസ്.ടി സെറ്റിൽമെന്റ്, ഐ.ജി.എസ്.ടി അഡ് ഹോക്ക്) ആയി ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. വർഷം 2020-21 എസ്.ജി. എസ്.ടി (തുക കോടിയിൽ) : 8337.35 ഐ.ജി. എസ്. ടി സെറ്റിൽ മെന്റ് (തുക കോടിയിൽ) : 9196.71 ആകെ (തുക കോടിയിൽ) : 17534.06 അഡ് ഹോക്ക് സെറ്റിൽമെന്റ് (തുക കോടിയിൽ): 1596.11

(സി) വാഹന മേഖലയിലെ പ്രതിസന്ധി ജി.എസ്.ടി. വരുമാനത്തിൽ പ്രതിഫലിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പ്രളയം, കോവിഡ് ലോക്ക്ഡൗൺ എന്നിവമൂലം എല്ലാ മേഖലകളിലും ഉണ്ടായ പ്രതിസന്ധി ജി.എസ്.ടി കളക്ഷനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വാഹനമേഖലയിലുണ്ടായ പ്രതിസന്ധിയും ഇതിലുൾപ്പെടുന്നു. ഈ മേഖലയിൽനിന്നും എത്ര കോടി രൂപയുടെ നികുതി നഷ്ടമുണ്ടായിയെന്ന് കൃത്യമായി കണക്കാക്കാൻ സാദ്ധ്യമല്ല. ജി.എസ്.ടി പിരിവിൽ കുറവുണ്ടായെങ്കിലും ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന്

സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽനിന്നും എസ്.ജി.എസ്.ടി കളക്ഷനും ഐ.ജി.എസ്.ടി ക്രെഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി ഒഴിച്ചുള്ള വാറ്റ് കളക്ഷനും കൂട്ടിക്കിഴിച്ചുള്ള ബാക്കി തുക നഷ്ടപരിഹാരമായി സംസ്ഥാനങ്ങൾക്ക് നൽകുന്നുണ്ട്.

നികുതി വെട്ടിപ്പ്

72(5231) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി. നടപ്പിലാക്കിയശേഷം നികുതി വെട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നികുതി വെട്ടിപ്പ് തടയുന്നതിനായി നിരവധി പദ്ധതികൾ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ജി.എസ്.ടി വെട്ടിപ്പ് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗം ഊർജ്ജിതമായ വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ.എൻ.പി.ആർ. ക്യാമറ

(ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, പഴയ ചെക്ക്പോസ്റ്റ് പ്രദേശങ്ങളിൽ പ്രത്യേക സർവൈലൻസ് സ്ക്വാഡുകൾ, രജിസ്ട്രേഷൻ ബാദ്ധ്യതയുള്ളവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനായി തിരുവനന്തപുരം - അമരവിള, പാലക്കാട് - വാളയാർ, കാസർഗോഡ്-ബംഗ്ലമഞ്ചേശ്വരം എന്നിവിടങ്ങളിൽ കമാൻഡ് സെന്ററുകൾ സ്ഥാപിച്ച് റോഡുകളിൽ സ്ക്വാഡുകളുടെ സജീവ സാന്നിധ്യം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥർക്ക് " ബോഡിവോൺ " ക്യാമറയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അണ്ടർ വാല്യുവേഷൻ കേസുകൾ, ബില്ല് തുടങ്ങിയവ ജി.എസ്.ടി പോർട്ടലിലേയ്ക്ക് അപ്ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി. ഇവകൂടാതെ വാഹന പരിശോധന ഫോറങ്ങൾ പൂർണ്ണമായും ഓൺലൈനായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.-യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം

സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം നികുതിവെട്ടിപ്പിനെതിരെയുള്ള നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ജി.എസ്.ടി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 5 കോടിക്ക് മുകളിൽ ഇൻപുട്ട് ടാക്സ് തട്ടിപ്പു നടത്തിയ രണ്ടു വ്യക്തികളെ സംസ്ഥാന ചരക്കു സേവന നികുതി നിയമപ്രകാരം അറസ്റ്റ് ചെയ്യുകയുണ്ടായി.

ജി.എസ്.ടി. റിട്ടേണുകൾ

73(5232) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്തെ ലോക്ഡൗൺമൂലം വ്യാപാര, വ്യവസായ സ്ഥാപനങ്ങൾ അടഞ്ഞുകിടന്നതിനാൽ ജി.എസ്.ടി. റിട്ടേണുകൾ സമർപ്പിക്കുന്നതിനുള്ള തീയതി നീട്ടി നൽകിയെങ്കിലും ഫ്ലഡ് സെസ്സിന്മേൽ പതിനെട്ട് ശതമാനം പിഴ ഈടാക്കിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ പ്രളയ സെസ്സിന്മേൽ പതിനെട്ട് ശതമാനം പിഴ ഈടാക്കുന്നില്ല. പ്രളയ സെസ്സ് റിട്ടേൺ ഫയൽ ചെയ്യേണ്ട

കാലാവധിക്കുശേഷം ഫയൽ ചെയ്യുന്ന റിട്ടേണുകളിൽ പ്രളയ സെസ്സിന്മേൽ 18% പലിശ ബാധകമാണ്. കാലാവധിക്കുശേഷം ഫയൽ ചെയ്യുന്ന പ്രളയ സെസ്സ് റിട്ടേണുകളിൽ പ്രളയ സെസ്സിന്മേൽ പലിശ ഒഴിവാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷകളിൽ ഉചിതമായ തീരുമാനമെടുക്കുന്നതിനായി സംസ്ഥാന ചരക്കുസേവന നികുതി കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ഇത് നിർത്തിവയ്ക്കണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

നിലവിൽ പ്രളയ സെസ്സിന്മേൽ പതിനെട്ട് ശതമാനം പിഴ ഈടാക്കുന്നില്ല. പ്രളയ സെസ്സ് റിട്ടേൺ ഫയൽ ചെയ്യേണ്ട കാലാവധിക്കുശേഷം ഫയൽ ചെയ്യുന്ന റിട്ടേണുകളിൽ പ്രളയ സെസ്സിന്മേൽ 18% പലിശ ബാധകമാണ്. കാലാവധിക്കുശേഷം ഫയൽ ചെയ്യുന്ന പ്രളയ സെസ്സ് റിട്ടേണുകളിൽ പ്രളയ സെസ്സിന്മേൽ പലിശ ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷകളിൽ ഉചിതമായ തീരുമാനമെടുക്കുന്നതിനായി സംസ്ഥാന ചരക്കുസേവന നികുതി കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

(സി) പ്രസ്തുത തുക തിരിച്ച് നൽകുന്നതിനോ ഭാവിയിലുള്ള ജി.എസ്.ടി.-

യിൽ വകയിരുത്തുന്നതിനോ ആവശ്യമായ നിർദ്ദേശം നൽകുമോ?

കേരള പ്രളയ സെസ്സ് ചട്ടം, 2019 പ്രകാരം കേരള പ്രളയ സെസ്സ് റിട്ടേൺ പ്രകാരം ഒടുക്കിയ പ്രളയ സെസ്സിന് റീഫണ്ട് അനുവദിക്കുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചരക്കുസേവന നികുതി നിയമത്തിൽ ഏതെങ്കിലും തരത്തിലുള്ള ഭേദഗതി വരുത്തണമെങ്കിൽ ചരക്കുസേവന നികുതി കൗൺസിലിന്റെ ശിപാർശ ആവശ്യമായതിനാൽ ടി തുക ചരക്കുസേവന നികുതിയിൽ വകയിരുത്തുന്നതിന് സംസ്ഥാന സർക്കാരിനു മാത്രമായി തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയില്ല.

(ഡി) കോവിഡ് മൂലം പ്രതിസന്ധിയിലായ വ്യാപാരികളെ സഹായിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിവരം ശേഖരിച്ചുവരുന്നു.

വാമനപുരം മണ്ഡലത്തിൽ ടഷറി ആരംഭിക്കാൻ നടപടി

74(5233) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വാമനപുരം നിയോജകമണ്ഡല പരിധിയിൽ ടഷറി ഇല്ലായെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ

വന്നിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ മണ്ഡലത്തിൽ ഒരു പുതിയ ട്രഷറി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

സബ് ട്രഷറി തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ

75(5234) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സബ് ട്രഷറികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 201 സബ് ട്രഷറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പുതിയ സബ് ട്രഷറി തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

പുതിയ ട്രഷറികൾ ആരംഭിക്കുന്നതിന് മാനദണ്ഡങ്ങളൊന്നും നിലവിലില്ല. ട്രഷറികളുടെ കമ്പ്യൂട്ടർവത്കരണം പൂർണ്ണതയിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലും കോർബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തിയതിനാലും ഏത് ട്രഷറിയിൽനിന്നും ഇടപാടുകൾ സുഗമമായി

നടത്തുവാൻ ട്രഷറി വകുപ്പ് സജ്ജമാണ്. എന്നിരുന്നാലും പുതിയ ട്രഷറികൾ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജനപ്രതിനിധികൾ, ബഹുജന സംഘടനകൾ, പെൻഷൻകാർ എന്നിവർ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ആയതിന്റെ ആവശ്യകത സർക്കാരിന് ബോധ്യമാകുമ്പോഴാണ് പുതിയ ട്രഷറികൾ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നത്.

(സി) മഞ്ചേശ്വരം താലൂക്കിലെ കുമ്പളയിൽ സബ് ട്രഷറി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

നേമത്ത് സബ് ട്രഷറി അനുവദിക്കാൻ നടപടി

76(5235) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമത്ത് നിർമ്മിക്കുന്ന സിവിൽ സ്റ്റേഷനിൽ സബ് ട്രഷറി അനുവദിച്ച് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

മണലൂർ സബ്ട്രഷറി ഓഫീസിന് പുതിയ കെട്ടിടം

77(5236) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ പഞ്ചായത്ത് ഓഫീസിനോടുചേർന്ന് പ്രവർത്തിക്കുന്ന സബ്ട്രഷറി ഓഫീസിന് മതിയായ സ്ഥലസൗകര്യങ്ങളില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഓഫീസ് കാരമുക്ക് ആയുർവേദ ആശുപത്രിയുടെ സമീപത്ത് നിർമ്മിക്കുന്നതിലേയ്ക്കായി മണലൂർ പഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ?

ഇല്ല. ട്രഷറി വകുപ്പാണ് മണലൂർ പഞ്ചായത്തിനോട് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ആവശ്യപ്പെട്ടിട്ടുള്ളത്.

(സി) സൗകര്യപ്രദമായ പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

സ്വീകരിച്ചിട്ടുണ്ട്. ട്രഷറിയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി മണലൂർ പഞ്ചായത്തിനോട് സ്ഥലം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മണലൂർ പഞ്ചായത്ത് കൈമാറാൻ

ഉദ്ദേശിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ മുഖേന സ്വീകരിച്ചുവരുന്നു.

പയ്യന്നൂർ സബ് ട്രഷറിക്കായി പുതിയ കെട്ടിട നിർമ്മാണം

78(5237) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി എപ്പോഴാണ് ആരംഭിച്ചതെന്ന് അറിയിക്കാമോ?

പയ്യന്നൂർ സബ് ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2019 നവംബർ 4-നാണ് ആരംഭിച്ചത്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

നിലവിൽ പുതിയ കെട്ടിടത്തിന്റെ കോൺക്രീറ്റ് വർക്കുകൾ പൂർത്തിയായിട്ടുണ്ട്. താഴത്തെ നിലയിലെ ചുമരുകളുടെ ജോലികൾ പൂർത്തിയായി. പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ പുരോഗമിക്കുന്നു. മുകളിലത്തെ നിലയുടെ ഭിത്തിയുടെ ജോലികൾ പുരോഗമിക്കുന്നു.

(സി) നിർമ്മാണ പ്രവൃത്തി വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; പ്രവൃത്തി പൂർത്തീകരിച്ച് പുതിയ കെട്ടിടം എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് പറയാമോ?

കോവിഡ് - 19 രോഗ വ്യാപനവുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള അസാധാരണ സാഹചര്യങ്ങളാണ് ഒരു പരിധിവരെ നിർമ്മാണ പ്രവൃത്തികൾ വൈകുന്നതിനുള്ള കാരണം. 2021 ഡിസംബർ 31 - ന് മുമ്പ് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത തീയതിക്കകം നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

(ഡി) നിർമ്മാണത്തിനനുവദിച്ച സമയപരിധി നീട്ടി നൽകിയിട്ടുണ്ടോ; എങ്കിൽ സമയപരിധി എത്രവരെ നീട്ടി നൽകിയെന്ന് അറിയിക്കാമോ?

നിർമ്മാണത്തിന് അനുവദിച്ച സമയപരിധി നീട്ടി നൽകിയിട്ടില്ല.

കോതമംഗലത്ത് ലൈസൻസുള്ള സ്റ്റാമ്പ് വെണ്ടർമാരുടെ ദൗർലഭ്യം

79(5238) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് നിലവിൽ ലൈസൻസുള്ള എത്ര സ്റ്റാമ്പ് വെണ്ടർമാരുണ്ടെന്ന് വ്യക്തമാക്കാമോ?

ഒൻപത്.

(ബി) പുതുതായി സ്റ്റാമ്പ് വെണ്ടർ ലൈസൻസിനുള്ള അപേക്ഷകൾ

കോതമംഗലത്ത്നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചെന്നും ഇതിൽ എത്ര പേർക്ക് ലൈസൻസ് അനുവദിച്ചുവെന്നും വ്യക്തമാക്കാമോ?

ഇല്ല; ബാധകമല്ല.

(സി) കോതമംഗലത്ത് ആധാരമെഴുത്ത് ആഫീസുമായി ബന്ധപ്പെട്ട് ചുരുക്കം ആളുകൾക്ക് മാത്രം സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിച്ചിട്ടുള്ളതിനാൽ പ്രസ്തുത ആധാരമെഴുത്ത് ഓഫീസിന് ആവശ്യമായ മുദ്രപത്രം മാത്രമാണ് ട്രഷറിയിൽനിന്നും എടുക്കുന്നുള്ളൂ എന്നതിനാൽ മറ്റ് പല ആവശ്യങ്ങൾക്കും ആവശ്യമായ മുദ്രപത്രങ്ങൾക്ക് ക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോതമംഗലം താലൂക്കിൽ മുദ്രപത്ര ക്ഷാമമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇത്തരത്തിലുള്ള മുദ്രപ്പത്രക്ഷാമം പരിഹരിക്കുന്നതിനായി കൂടുതൽ ആളുകൾക്ക് സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിക്കുന്നതിനുവേണ്ട നടപടി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

ട്രഷറി ഇടപാടുകളുടെ കമ്പ്യൂട്ടർവത്കരണം

80(5239) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിലെ ഇടപാടുകൾ പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ച സാഹചര്യത്തിൽ നെറ്റ്വർക്കിന്റെയും സോഫ്റ്റ്വെയറിന്റെയും സർവ്വറിന്റെയും ന്യൂനതകൾമൂലം ഇടപാടുകാർക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മെയ് 2021-ൽ ഉയർന്ന സ്പെസിഫിക്കേഷനുള്ള പുതിയ ട്രഷറി സർവ്വർ സ്ഥാപിച്ചശേഷം ട്രഷറി ഇടപാടുകൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ട്രഷറി സോഫ്റ്റ്വെയറിലോ നെറ്റ്വർക്കിലോ ഏതെങ്കിലും തകരാറ് കണ്ടെത്തിയാൽ ഉടൻതന്നെ പരിഹരിക്കാറുണ്ട്.

(സി) കോവിഡ് കാലത്ത് സംസ്ഥാനത്തെ പെൻഷൻകാരിൽ ഭൂരിഭാഗവും ട്രഷറിയിൽ നേരിട്ടെത്തി ഇടപാടുകൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് സാഹചര്യം പരിഗണിച്ച് തിരക്ക് നിയന്ത്രിക്കുന്നതിനായി

നേരിട്ട് ട്രഷറിയിലെത്തുന്നവരുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറിന്റെ അവസാന അക്കത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻകാർക്ക് പെൻഷൻ സ്വീകരിക്കാൻ നിശ്ചിത ദിവസം നിശ്ചയിച്ചുനൽകി തിരക്ക് നിയന്ത്രിക്കുന്നുണ്ട്.

(ഡി) ഓൺലൈൻ ഇടപാടുകളെക്കുറിച്ചുള്ള അജ്ഞത പരിഹരിക്കാൻ ബോധവത്കരണം നടത്തുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ട്രഷറി വകുപ്പിന്റെ വെബ്സൈറ്റ് മുഖേനയും ട്രഷറികൾ മുഖേന ഇടപാടുകാർക്ക് പരസ്യ നോട്ടീസുകൾ വിതരണം ചെയ്തും ജീവനക്കാരുടെയും പെൻഷൻകാരുടെയും സംഘടനകളുടെ സഹായത്തോടെ അവരുടെയിടയിൽ പ്രചാരണം നടത്തിയും വാട്സ്ആപ് സന്ദേശങ്ങൾ പ്രചരിപ്പിച്ചും എഫ്.എം റേഡിയോ മുഖേന പരസ്യം നൽകിയും ട്രഷറി നൽകുന്ന സേവനങ്ങളെക്കുറിച്ചും റ്റി.എസ്.ബി ഓൺലൈൻ-നെക്കുറിച്ചും വ്യാപക പ്രചാരണം വകുപ്പ് നൽകിയിട്ടുണ്ട്. ഇത്തരം പ്രചാരണങ്ങൾ ഇനിയും തുടരുന്നതാണ്.

(ഇ) ഓൺലൈൻ ഇടപാടുകളെക്കുറിച്ച് ബോധവത്കരണം നടത്തി അവരെ ഓൺലൈൻ ഇടപാടുകൾക്ക് പ്രാപ്തരാക്കുന്നതിനായി വിവിധ

പെൻഷൻകാരുടെ സംഘടനകളുടെ സഹായത്തോടെ പദ്ധതി ശ്രുപീകരിച്ച് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; അറിയിക്കുമോ?

വകുപ്പ് നൽകുന്ന സേവനങ്ങളെക്കുറിച്ച് പൊതുജനമധ്യത്തിൽ പ്രചാരണം നടത്തുന്നതിന് പെൻഷൻകാരുടെ സംഘടനകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാരിതര സംഘടനകളുടെയും സേവനം പ്രയോജനപ്പെടുത്തുന്നതാണ്.

ട്രഷറികളിൽ എ.റ്റി.എം. സൗകര്യം

81(5240) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം. സൗകര്യം ഏർപ്പെടുത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം എത്ര ട്രഷറികളിൽ ഈ സൗകര്യം ഏർപ്പെടുത്തിയെന്നറിയിക്കാമോ; സൗകര്യം ഏർപ്പെടുത്തിയിട്ടില്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ?

റ്റി.എസ്.ബി അക്കൗണ്ടുകളിൽനിന്ന് എ.ടി.എം.വഴി പണം പിൻവലിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നെങ്കിലും RBI-യുടെ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

ട്രഷറികളിലെ കോർ ബാങ്കിംഗ് സംവിധാനം

82(5241) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കിയതിനുശേഷം ഗുണപരമായ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളതെന്നറിയിക്കുമോ?

ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയതിനുശേഷമുണ്ടായ ഗുണപരമായ മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.

1. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമയ്ക്ക് സംസ്ഥാനത്തെ ഏതു ട്രഷറിയിൽനിന്നും പണമിടപാടുകൾ നടത്തുവാൻ കഴിയുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട നേട്ടം. വിവിധ വകുപ്പുകളുടെ പദ്ധതി/പദ്ധതിയേതര ചെലവ് ശീർഷകത്തിൽനിന്നും/ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകൾ, പി.ഡി അക്കൗണ്ടുകൾ എന്നിവയിൽനിന്നും തുക ഗുണഭോക്താവിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടിലേയ്ക്ക് നൽകുവാൻ കഴിയുന്നു. കൂടാതെ, സർക്കാർ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നേരിട്ട് ബാങ്ക് അക്കൗണ്ടിലേയ്ക്കും,

ജീവനക്കാരുടെ താത്പര്യമനുസരിച്ച് ട്രഷറി അക്കൗണ്ടിൽ നിലനിർത്തുന്ന തുക ആവശ്യാനുസരണം ഓൺലൈൻ ഇടപാടിലൂടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുവാനുള്ള സൗകര്യവും നിലവിൽ വന്നു. പ്രതിമാസ പെൻഷനും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും പെൻഷൻകാരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുവാനുള്ള സൗകര്യവും നിലവിലുണ്ട്.

2. https://tsbonline.kerala.gov.in/ എന്ന വെബ് ആപ്ലിക്കേഷൻ മുഖേന ട്രഷറി അക്കൗണ്ടിൽനിന്ന് പണം ബാങ്ക് അക്കൗണ്ടിലേയ്ക്കും, etreasury.kerala.gov.in ആപ്ലിക്കേഷൻ മുഖേന ബാങ്ക് അക്കൗണ്ടിൽനിന്ന് ട്രഷറി അക്കൗണ്ടിലേയ്ക്കും ഓൺലൈനായി പണം ട്രാൻസ്ഫർ ചെയ്യാവുന്നതാണ്.

3. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽനിന്നും ബെനിഫിഷ്യറിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിനായി NEFT/RTGS സൗകര്യം ഏർപ്പെടുത്തുകയുണ്ടായി.

4. കേരള സർക്കാരിന്റെ ഔദ്യോഗിക PAYMENT GATEWAY ആയ ഇ-ട്രഷറി (etreasury.kerala.gov.in) മുഖാന്തരം കേരള സർക്കാരിന്റെ എല്ലാവിധ ELECTRONIC FUND SETTLEMENT-കളും നടത്തുവാൻ കഴിയുന്നു. ഐ.എഫ്.എം.എസ് നടപ്പിലാക്കിയതിന്റെ ഭാഗമായി

സർക്കാരിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾക്ക് പൊതുജനങ്ങൾ നൽകേണ്ട നികുതി, മറ്റ് ഫീസുകൾ എന്നിവ ഇ-ട്രഷറി മുഖേന ഒടുക്കാവുന്നതാണ്. 65-ഓളം ബാങ്കുകളുടെ നെറ്റ് ബാങ്കിംഗ് സൗകര്യം, ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് പേമെന്റ്, UPI, e-POS സംവിധാനം എന്നിവ ഉപയോഗിച്ച് സർക്കാരിൽ നിന്നും ലഭിക്കുന്ന വിവിധ സേവനങ്ങൾക്കുള്ള പണം ഇ-ട്രഷറി മുഖേന ഒടുക്കാവുന്നതാണ്. ഇ-ട്രഷറി ആപ്ലിക്കേഷൻ മറ്റ് വകുപ്പുകളുടെ സോഫ്റ്റ്വെയർ ആപ്ലിക്കേഷനുമായി സംയോജിപ്പിച്ചിട്ടുണ്ട്.

(ബി) ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകളിലേയ്ക്ക് പൊതുജനങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനുതകുന്ന തരത്തിൽ ക്രമീകരണങ്ങൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകളിലേയ്ക്ക് പൊതുജനങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനായി നിലവിൽ നൽകിവരുന്ന സേവനങ്ങളും അതോടനുബന്ധിച്ച് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളും ചുവടെ ചേർക്കുന്നു.

1. ട്രഷറി സ്ഥിരനിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നൽകിവരുന്നുണ്ട്. സ്ഥിര നിക്ഷേപത്തിന്റെ പ്രതിമാസ പലിശ ഓരോ മാസത്തിലെയും ആദ്യ പ്രവൃത്തി ദിവസംതന്നെ സേവിംഗ്സ് ബാങ്ക്

അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് നൽകുന്നു. ഇടപാടുകാരുടെ താത്പര്യ പ്രകാരം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽനിന്നും തുക ഓൺലൈനായി മറ്റ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുവാനും ബാങ്ക് അക്കൗണ്ടിൽനിന്നും ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റുവാനും നിലവിൽ സൗകര്യമുണ്ട്.

2. ട്രഷറി സേവിംഗ്സ് ബാങ്ക് പാസ്സ് ബുക്ക് നവീകരിക്കുകയും, ഇടപാട് വിവരങ്ങൾ പാസ്സ്ബുക്കിൽ പ്രിന്റ് ചെയ്ത നൽകുകയും ചെയ്തുവരുന്നു. സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റും പ്രിന്റ് ചെയ്ത നൽകുന്നുണ്ട്.

3. നിക്ഷേപകൻ മുൻകൂട്ടി നിർദ്ദേശിക്കുന്നപക്ഷം കാലാവധി തീരുന്ന സ്ഥിരനിക്ഷേപങ്ങൾ സ്വയമേവ പുതുക്കുക, ഓൺലൈനായി സ്ഥിരനിക്ഷേപം/സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുവാനുള്ള സൗകര്യം എന്നിവയ്ക്കായിട്ടുള്ള സോഫ്റ്റ്വെയർ നിർമ്മാണം പുരോഗമിക്കുന്നു.

4. 1873-ലെ Government Savings Bank നിയമം 15-ലെ അധികാരമുപയോഗിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച Government Savings Promotion Rules, 2018 ചട്ടം 14, 15(6) എന്നിവയെ അടിസ്ഥാനമാക്കി കേരള ട്രഷറി കോഡ് വാല്യം II, അനുബന്ധം 3, ചട്ടം 15 ആവശ്യമായ ഭേദഗതി നിലവിൽവരുമ്പോൾ അക്കൗണ്ട് ഉടമ/നിക്ഷേപകൻ ആഗ്രഹിക്കുന്ന തരത്തിൽ രണ്ട് രീതിയിൽ നോമിനേഷൻ

സമർപ്പിക്കാവുന്നതാണ്. നോമിനിക്ക് നിക്ഷേപ തുക കൈപ്പറ്റി അനുഭവിക്കാനുള്ള പൂർണ്ണ അവകാശം നൽകുന്നതും മറ്റൊന്ന് അവകാശികൾക്കുവേണ്ടി നിക്ഷേപ തുക കൈപ്പറ്റുവാൻ നോമിനിക്ക് അവകാശം നൽകുന്നതും. മേൽ പ്രകാരമുള്ള നോമിനേഷൻ അക്കൗണ്ട് ഉടമ സമർപ്പിച്ചിട്ടില്ലായെങ്കിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചപ്പോൾ അക്കൗണ്ട് ഉടമ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ള കെ.വൈ.സി-യിൽ രേഖപ്പെടുത്തിയിട്ടുള്ള നോമിനിക്ക്/നോമിനികൾക്ക് തുക കൈപ്പറ്റുവാനുള്ള അവകാശം നൽകുന്ന തരത്തിൽ ചട്ടം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ഇപ്രകാരം ട്രഷറി ഉപയോക്താക്കൾക്ക് നൽകുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. ട്രഷറികളിലെത്തുന്ന ഇടപാടുകാർക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിന് ക്യൂ മാനേജ്മെന്റ് സംവിധാനം ഒരുക്കുന്നതിനുള്ള ഉപകരണം GEM മുഖാന്തരം വാങ്ങി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഐ.എഫ്.എം.എസ് സംവിധാനത്തിന്റെ കാര്യക്ഷമതയും ഇടപാടുകളുടെ വേഗതയും വർദ്ധിപ്പിക്കുന്നതിനായി 2.5 കോടി രൂപ മുടക്കി പുതിയ സർവ്വർ സ്ഥാപിക്കുകയും ചെയ്തതിനെത്തുടർന്ന് നിലവിൽ ഇടപാടുകൾ സുഗമമായി നടക്കുന്നു.

(സി) ട്രഷറി ബാങ്കിംഗ് സംവിധാനത്തിലൂടെ ഇടപാടുകാരുടെ ദൈനംദിന സാമ്പത്തിക ഇടപാടുകൾ നടത്താൻ കഴിയുന്ന വിധത്തിൽ എ.ടി.എം. ഉൾപ്പെടെയുള്ള ഓൺലൈൻ സംവിധാനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

വാണിജ്യ ബാങ്കുകളുമായി ചേർന്ന് ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് എ.ടി.എം സൗകര്യം ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിരുന്നുവെങ്കിലും ആയതിന് റിസർവ്വ് ബാങ്കിന്റെ അനുമതി ലഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

ട്രഷറി ഇടപാടുകളുടെ കമ്പ്യൂട്ടർവത്കരണം

83(5242) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറി ഇടപാടുകൾ കമ്പ്യൂട്ടർവത്കരിച്ചതിന് ശേഷമുണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ?

സംസ്ഥാനത്തെ മുഴുവൻ ട്രഷറി ഇടപാടുകളും ഓൺലൈനായിട്ടാണ് നടക്കുന്നത്. ട്രഷറിയിൽനിന്നുമുള്ള എല്ലാ പേമെന്റും ഇലക്ട്രോണിക്കായി

ഇടപാടുകാരുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. തന്മൂലം പണമിടപാടിലെ കാലതാമസം ഒഴിവായി. കൂടാതെ ഇടനിലക്കാരെ ഒഴിവാക്കുകവഴി ഇടപാട് സുതാര്യമായി. സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട എല്ലാ വരവുകളും ഓൺലൈനായി സ്വീകരിക്കുന്നതിനായി ഇ-ട്രഷറി നടപ്പിലാക്കിയതോടുകൂടി 24x7 രീതിയിൽ ഇന്ത്യയിൽ എവിടെനിന്നും പണം സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിന് കഴിയുന്നു. ഇതര വകുപ്പുകളുടെ സോഫ്റ്റ്വെയറുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള സൗകര്യം ഇ-ട്രഷറിക്കുള്ളതുകൊണ്ട് ഇടപാടുകാർക്ക് പല സ്ഥലത്ത് കയറിയിറങ്ങേണ്ട സാഹചര്യം ഒഴിവായി. ഇ-ബിൽ ബുക്ക് ഏർപ്പെടുത്തിയതോടുകൂടി ട്രഷറിയിലേയ്ക്കുള്ള ബിൽ സമർപ്പണം കൂടുതൽ സുഗമമായി. ബില്ലുകൾ ഓൺലൈനായി സമർപ്പിക്കുന്നതുകൊണ്ടും പേപ്പർലെസ് ബിൽ സിസ്റ്റത്തിലേയ്ക്ക് മാറുന്നതുകൊണ്ടും ഇടപാടുകൾക്ക് ട്രഷറിയിലേയ്ക്ക് പോകേണ്ട സാഹചര്യം ഒഴിവായി. ധനസ്ഥിതിയുടെ തൽസ്ഥിതി ലഭിക്കുന്നതുമൂലം ധനകാര്യ മാനേജ്മെന്റ് കൂടുതൽ വേഗത്തിലും ശരിയായും എടുക്കുന്നതിന് കഴിയുന്നു. കണക്കുണ്ടാക്കുന്നതും അത് അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കുന്നതും വേഗത്തിലും സുഗമവുമായിത്തീർന്നു.

(ബി) നെറ്റ്വർക്കിന്റെയും സോഫ്റ്റ്വെയറിന്റെയും സർവ്വറിന്റെയും

ന്യൂനതമൂലം ഇടപാടുകാർക്കുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ?

നിലവിലെ ട്രഷറി സർവ്വർ 8 വർഷം പഴക്കമുള്ളതായിരുന്നു. മാത്രവുമല്ല, ട്രഷറി ഇടപാടുകളുടെ വർദ്ധിച്ചുവരുന്ന ബാഹുല്യത്തിനനുസൃതമായി പ്രവർത്തിക്കാൻ തക്കവണ്ണം ശേഷിയുമുണ്ടായിരുന്നില്ല. ഇത് പരിഹരിക്കുന്നതിനായി ഉയർന്ന സ്പെസിഫിക്കേഷനുള്ള പുതിയ സർവ്വർ വാങ്ങി 05/2021-ൽ സ്ഥാപിച്ചു. ട്രഷറി സോഫ്റ്റ്വെയറിലോ നെറ്റ്വർക്കിലോ എന്തെങ്കിലും തകരാറ് കണ്ടെത്തിയാൽ ഉടൻ തന്നെ പരിഹരിക്കാറുണ്ട്.

(സി) കോവിഡ് കാലത്തും ട്രഷറി സേവനങ്ങൾക്കായി ഇടപാടുകാർ നേരിട്ട് വരേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് സൗകര്യപ്രദമായ തരത്തിൽ എ.ടി.എം. കൗണ്ടറുകൾ സ്ഥാപിക്കുന്നതിനും ഇടപാടുകൾ സംബന്ധിച്ച വിവരങ്ങൾ അപ്പോൾത്തന്നെ എസ്.എം.എസ്. മുഖേന നൽകുന്നതിനും ആവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോ?

റ്റി.എസ്.ബി അക്കൗണ്ടുകളിൽനിന്ന് എ.ടി.എം.വഴി പണം പിൻവലിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നെങ്കിലും RBI-യുടെ അനുമതി ലഭിക്കാത്ത

സാഹചര്യത്തിൽ ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ട്രഷറി ഇടപാടുകൾക്ക് SMS-alert നൽകുന്നതിനുള്ള സോഫ്റ്റ്വെയർ നിർമ്മാണം പുരോഗമിക്കുന്നു.

(ഡി) ട്രഷറി മുഖേനയുള്ള സാമ്പത്തിക ഇടപാടുകളുടെ സുരക്ഷിതത്വവും സുതാര്യതയും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനുതകുന്ന പ്രചരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആലോചിക്കുമോയെന്ന് വ്യക്തമാക്കുമോ?

ട്രഷറി വകുപ്പിന്റെ വെബ്സൈറ്റ് മുഖേനയും ട്രഷറികൾ മുഖേന ഇടപാടുകാർക്ക് പരസ്യ നോട്ടീസുകൾ വിതരണം ചെയ്തും ജീവനക്കാരുടെയും പെൻഷൻകാരുടെയും സംഘടനകളുടെ സഹായത്തോടെ അവരുടെയിടയിൽ പ്രചാരണം നടത്തിയും വാട്ട്സ് ആപ് സന്ദേശങ്ങൾ പ്രചരിപ്പിച്ചും എഫ്.എം റേഡിയോ മുഖേന പരസ്യം നൽകിയും പൊതുജനസമ്പർക്ക വകുപ്പിന്റെ സഹായത്തോടെയും ട്രഷറി നൽകുന്ന സേവനങ്ങളെക്കുറിച്ചും റ്റി.എസ്.ബി ഓൺലൈൻ-നെക്കുറിച്ചും ട്രഷറി ഇടപാടുകളുടെ സുരക്ഷിതത്വത്തെക്കുറിച്ചും വ്യാപക പ്രചാരണം വകുപ്പ് നൽകിവരുന്നുണ്ട്.

ലോട്ടറി കച്ചവടം നടത്തുന്നവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ

84(5243) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി കച്ചവടം നടത്തുന്ന പാവപ്പെട്ടവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോവിഡ്-19 ഒന്നാംഘട്ട ലോക്ക്ഡൗൺ പശ്ചാത്തലത്തിൽ ഭാഗ്യക്കുറി നറുക്കെടുപ്പുകൾ റദ്ദു ചെയ്തതുമൂലം ലോട്ടറി മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമുണ്ടായതിനാൽ തൊഴിലാളികളുടെ സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്ത് കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ സജീവ അംഗങ്ങൾക്ക് കോവിഡ് ആശ്വാസ ധനസഹായമായി 1000/- രൂപ വീതം രണ്ട് ഗഡുക്കളായി നൽകിയിരുന്നു. സ്തംഭനാവസ്ഥയിലായ ഭാഗ്യക്കുറി വിപണിയെ ഉത്തേജിപ്പിക്കുന്നതിനായി സജീവ അംഗങ്ങൾക്കും പെൻഷൻകാർക്കും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിന് യഥാക്രമം 3500/- രൂപയുടെയും 2000/- രൂപയുടെയും ഭാഗ്യക്കൂപ്പണുകൾ വിതരണം ചെയ്യുകയുണ്ടായി. തൊഴിൽ മേഖലയിൽ സുരക്ഷിതരായി തുടരുന്നതിലേയ്ക്കായി ഒരു ജോഡി മാസ്ക്, സാനിറ്റൈസർ എന്നിവ സൗജന്യമായി വിതരണം ചെയ്തു. രണ്ടാംഘട്ട ലോക്ക്ഡൗണിന്റെ

പശ്ചാത്തലത്തിൽ ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിലെ എല്ലാ സജീവ അംഗങ്ങൾക്കും 1000/- രൂപ വീതം അടിയന്തര ആശ്വാസ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളികളെ തൊഴിൽ മേഖലയിൽ സജീവമാക്കുന്നതിന് ക്ഷേമനിധി പദ്ധതി വിജ്ഞാപന പ്രകാരം അംഗത്വ കാലാവധി ഒരു വർഷം പൂർത്തിയാക്കിയ സജീവ അംഗങ്ങൾക്കും, 2021 ജൂലൈ 31 വരെയുള്ള കാലയളവിനുള്ളിൽ അംശദായ കുടിശ്ശിക ഒടുക്കി സജീവമാകുന്ന അംഗങ്ങൾക്കും 3000/- രൂപ വീതവും പ്രസ്തുത വർഷം ഏപ്രിൽ 1 മുതൽ പെൻഷന് അർഹത നേടുന്ന പെൻഷൻകാർക്ക് 1000/- രൂപ വീതവും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിലേയ്ക്കായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ലോട്ടറി കച്ചവടക്കാർക്ക് ചികിത്സാ സഹായം ഉൾപ്പെടെ കൂടുതൽ ആനുകൂല്യങ്ങൾ നൽകി ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

ക്ഷേമനിധിയിലെ സജീവ അംഗങ്ങൾക്ക് ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് പരമാവധി 5,000/- രൂപ വാർഷിക ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി, അപകടം/ ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സ തേടുന്ന അംഗങ്ങൾക്ക് 50,000/- രൂപവരെ ചികിത്സാ ധനസഹായം നൽകുന്ന

പ്രത്യേക ചികിത്സാ പദ്ധതി എന്നിവ ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്നു.

ഓൺലൈൻ പഠനത്തിന് കെ.എസ്.എഫ്.ഇ. മുഖേന ലാപ്ടോപ്പ്

85(5244) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.എഫ്.ഇ. മുഖേന കുട്ടികൾക്ക് ഓൺലൈൻ പഠനത്തിന് ലാപ്ടോപ്പ് നൽകുന്നത് സർക്കാർ നിർത്തിവച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി മുഖേന ലാപ്ടോപ്പ് വിതരണം ചെയ്യുന്നത് നിർത്തിവച്ചിട്ടില്ല. എന്നാൽ കോവിഡ് സാഹചര്യംമൂലം ലാപ്ടോപ്പ് ഘടകങ്ങൾ ലഭിക്കുന്നതിന് ബുദ്ധിമുട്ടനുഭവിക്കുന്നതിനാൽ ലാപ്ടോപ്പ് കമ്പനികൾ ലാപ്ടോപ്പ് വിതരണം ചെയ്യുവാൻ വൈകുന്ന സാഹചര്യം നിലവിലുണ്ട്. ലാപ്ടോപ്പുകൾ പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിലും കമ്പനികൾ ലാപ്ടോപ്പുകൾ സപ്ലൈ ചെയ്യുവാൻ വൈകുന്ന സാഹചര്യത്തിലും വിദ്യാശ്രീ പദ്ധതിയിൽ ചേർന്നിട്ടുള്ള ഗുണഭോക്താക്കൾക്ക് പൊതുവിപണിയിൽനിന്നും ഇഷ്ടമുള്ള ലാപ്ടോപ്പ്/ ടാബ്ലറ്റ് വാങ്ങി ആയതിന്റെ ഇൻവോയ്സ്/ ബിൽ ഹാജരാക്കുന്ന മുറയ്ക്ക്

ലാപ്ടോപ്പിന്റെ / ടാബ്ലറ്റിന്റെ വില അല്ലെങ്കിൽ പരമാവധി 20,000/- രൂപ ഏതാണോ കുറവ് ആ തുക കെ.എസ്.എഫ്.ഇ വായ്പയായി നൽകുന്നതാണ്.

(ബി) കുട്ടികൾക്ക് നൽകിയ ഉപകരണങ്ങളിൽ കേടായവ നന്നാക്കിക്കൊടുക്കുന്നതിൽ കമ്പനികൾ വിമുഖത കാണിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

COCONICS കമ്പനി വിതരണം ചെയ്ത ലാപ്ടോപ്പുകളാണ് തകരാറായിട്ടുള്ളതായി അറിയുന്നത്. പരാതികൾ റിപ്പോർട്ട് ചെയ്തതു പ്രകാരം കമ്പനിതന്നെ കേടായ ലാപ്ടോപ്പുകൾ തിരിച്ചെടുക്കുകയും മാറ്റിനൽകുകയും ചെയ്യുന്നുണ്ട്.

(സി) ഇത്തരം കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

തകരാറായ ലാപ്ടോപ്പുകൾ COCONICS കമ്പനി നിലവിൽ തിരിച്ചെടുക്കുന്നുണ്ട്. HP, Lenovo എന്നീ കമ്പനികൾ ജൂലൈ മാസം അവസാനത്തോടുകൂടി വിതരണം ചെയ്യേണ്ട ലാപ്ടോപ്പുകൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത കമ്പനികൾക്കെതിരെ ഉചിതമായ നിയമനടപടി സ്വീകരിക്കുവാൻ മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ലാപ്ടോപ്പുമായി

ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് വിമുഖത കാണിക്കുന്നപക്ഷം കമ്പനിക്കെതിരെ പേമെന്റ് നൽകാത്തതുൾപ്പെടെ ഉചിതമായ നടപടികൾ കെ.എസ്.എഫ്.ഇ എം.ഡി കൈക്കൊള്ളുന്നതാണ്.

കെ.എസ്.എഫ്.ഇ.- യിലെ ട്രാൻസ്ഫർ നോംസ്

86(5245) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ ട്രാൻസ്ഫർ നോംസ് പ്രകാരം സ്ഥലം മാറ്റം നടത്തുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

കെ.എസ്.എഫ്.ഇ ജീവനക്കാരുടെ ട്രാൻസ്ഫർ നോംസ് 15.05.2017-ൽ പ്രസിദ്ധീകരിച്ചു. തുടർന്നുള്ള കാലയളവിൽ നടത്തിയ സ്ഥലംമാറ്റങ്ങളിൽ ട്രാൻസ്ഫർ നോംസിലെ പരമാവധി മാനദണ്ഡങ്ങൾ പാലിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. ജീവനക്കാരുടെ സംഘടനകളുമായി 05.02.2021-ൽ ഒപ്പുവച്ച കരാർ പ്രകാരം നിലവിലുള്ള ട്രാൻസ്ഫർ നോംസ് പുതുക്കുന്നതും, ഓൺലൈൻ സംവിധാനം പൂർത്തിയാകാത്തതുമാണ് തടസ്സങ്ങൾ.

(ബി) പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ജീവനക്കാരുടെ സംഘടനകളുമായി ചർച്ചകൾ നടത്തി നിലവിലുള്ള

ട്രാൻസ്ഫർ നോംസ് പുതുക്കി നിശ്ചയിക്കുന്നതിനും ഓൺലൈൻ സംവിധാനം പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ഈ വർഷം പൂർണ്ണമായും ട്രാൻസ്ഫർ നോംസ് പ്രകാരം സ്ഥലം മാറ്റം നടപ്പാക്കുന്നത് സാധ്യമാണോ; വെളിപ്പെടുത്തുമോ?

ട്രാൻസ്ഫർ നോംസിലെ പരമാവധി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് സ്ഥലംമാറ്റം നടപ്പാക്കുന്നത്. ജീവനക്കാരുടെ സംഘടനകളുമായി ചർച്ചകൾ നടത്തി നിലവിലുള്ള ട്രാൻസ്ഫർ നോംസ് പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അത് പൂർത്തിയായാൽ പൂർണ്ണമായും ട്രാൻസ്ഫർ നോംസ് പ്രകാരം സ്ഥലംമാറ്റം നടത്താൻ സാധിക്കുന്നതാണ്.

ലാപ്ടോപ്പ് അനുവദിക്കുന്ന പദ്ധതി

87(5246) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. കുട്ടികളുടെ പഠനത്തിനായി കുടുംബശ്രീ മുഖേന ലാപ്ടോപ്പ് അനുവദിക്കുന്ന പദ്ധതിയുടെ നടത്തിപ്പിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ?

കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി പ്രകാരം കുടുംബശ്രീ വെബ് പോർട്ടലിൽ ഇതുവരെ 95,297 കുടുംബശ്രീ അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അതിൽ ലാപ്ടോപ്പ് തെരഞ്ഞെടുത്തിട്ടുള്ളവർ 68,498 അംഗങ്ങളും കെ.എസ്.എഫ്.ഇ.-യിൽ അക്കൗണ്ട് തുടങ്ങിയിട്ടുള്ളവർ 62,478 അംഗങ്ങളുമാണ്. അതിൽ 61,981 പേർക്കുള്ള ലാപ്ടോപ്പുകൾക്ക് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഇതിനകം 5180 ലാപ്ടോപ്പുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 1235 എണ്ണം കൂടി വിതരണം ചെയ്യുവരുന്നുണ്ട്. പർച്ചേസ് ഓർഡർ നൽകിയതു പ്രകാരം ജൂലായ് മാസം 45,128 ലാപ്ടോപ്പുകൾ ലഭ്യമാകേണ്ടതായിരുന്നു. എന്നാൽ കോവിഡ് സാഹചര്യംമൂലം ലാപ്ടോപ്പ് ഘടകങ്ങൾ ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതിനാൽ HP, LENOVO എന്നീ ലാപ്ടോപ്പ് കമ്പനികൾ ലാപ്ടോപ്പ് വിതരണം ചെയ്യുവാൻ വൈകുന്ന സാഹചര്യം നിലവിലുണ്ട്. ഒക്ടോബർ മാസത്തോടെ മാത്രമേ ബാക്കിയുള്ള ലാപ്ടോപ്പുകൾ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ എന്ന് HP കമ്പനി അറിയിച്ചിട്ടുണ്ട്. എന്നാൽ LENOVO കമ്പനി എന്ന് വിതരണം നടത്താനാകുമെന്ന് ഉറപ്പ് നൽകിയിട്ടില്ല. കൂടാതെ COCONICS കമ്പനി വിതരണം ചെയ്ത ലാപ്ടോപ്പുകൾ തകരാറാവുന്ന സാഹചര്യം നിലവിലുണ്ട്.

(ബി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി പ്രസ്തുത പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ലാപ്ടോപ്പുകൾ പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിലും കമ്പനികൾ ലാപ്ടോപ്പുകൾ സപ്ലൈ ചെയ്യുവാൻ വൈകുന്ന സാഹചര്യത്തിലും പദ്ധതിയിൽ പുനഃക്രമീകരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതുപ്രകാരം ഗുണഭോക്താക്കൾക്ക് പൊതുവിപണിയിൽ നിന്നും ഇഷ്ടമുള്ള ലാപ്ടോപ്പ്/ ടാബ്ലറ്റ് വാങ്ങി ആയതിന്റെ ഇൻവോയ്സ്/ ബിൽ ഹാജരാക്കുന്ന മുറയ്ക്ക് ലാപ്ടോപ്പിന്റെ/ ടാബ്ലറ്റിന്റെ വില അല്ലെങ്കിൽ പരമാവധി 20,000/- രൂപ ഏതാണോ കുറവ് ആ തുക വായ്പയായി കെ.എസ്.എഫ്.ഇ അനുവദിക്കുന്നതാണ്. ലാപ്ടോപ്പ് ലഭ്യമാകാൻ കാലതാമസം ഉണ്ടാകുമെന്നറിയിച്ച ശേഷവും ആയത് വാങ്ങാൻ തയ്യാറാവുന്ന ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയിൽ ഇനിയും അർഹതയുള്ള മുഴുവൻ ആളുകളെയും ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പദ്ധതിയിൽ ചേർന്നതിനുശേഷം ലാപ്ടോപ്പിന് അർഹത നേടിയ എല്ലാ അംഗങ്ങൾക്കും പുതിയ പദ്ധതി പ്രകാരം മേൽപ്പറഞ്ഞ വായ്പയ്ക്ക് അർഹതയുണ്ടായിരിക്കും. എന്നാൽ പുതിയതായി അംഗങ്ങളെ ഉൾപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സ്ഥലം മാറ്റം

88(5247) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ സ.ഉ.(പി)നം.3/2017 പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് കെ.എസ്.എഫ്.ഇ.-യിൽ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചതെന്നറിയിക്കാമോ?

ഉണ്ട്. കെ.എസ്.എഫ്.ഇ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശരേഖ 15.05.2017-ൽ പ്രസിദ്ധീകരിച്ചു.

(ബി) മാർഗ്ഗനിർദ്ദേശരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരമാണോ സ്ഥലംമാറ്റങ്ങൾ നടത്തുന്നത്; വ്യക്തമാക്കാമോ?

മാർഗ്ഗനിർദ്ദേശരേഖയിലെ പരമാവധി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് സ്ഥലംമാറ്റങ്ങൾ നടത്തുന്നത്.

(സി) മാർഗ്ഗനിർദ്ദേശരേഖ പ്രകാരം സ്ഥലമാറ്റത്തിനുള്ള അപേക്ഷകരുടെ വിവരങ്ങളും തുടർന്ന് മാനദണ്ഡങ്ങൾ പാലിച്ചുള്ള മുൻഗണനാ പട്ടികയും കഴിഞ്ഞ നാല് വർഷമായി പ്രസിദ്ധീകരിക്കാറുണ്ടോ; വിശദമാക്കാമോ?

മുൻഗണനാ പട്ടിക കമ്പനി പ്രസിദ്ധീകരിക്കാറില്ല.

(ഡി) പ്രസ്തുത മാർഗ്ഗനിർദ്ദേശരേഖ പാലിക്കണമെന്നാവശ്യപ്പെട്ട് സംഘടനകൾ കോടതിയെ സമീപിച്ചത് കെ.എസ്.എഫ്.ഇ.-യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിൽ എന്ത് നടപടി സ്വീകരിച്ചെന്നറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഘടനകൾ സമർപ്പിച്ച ഹർജികളിൽ അവരുടെ നിവേദനങ്ങൾ തീർപ്പ് കല്പിക്കണമെന്നാണ് ബഹു. ഹൈക്കോടതിയുടെ വിധി. അതുപ്രകാരം നിവേദനങ്ങൾ തീർപ്പ് കല്പിച്ചിട്ടുണ്ട്.

കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സ്ഥലം മാറ്റം

89(5248) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ സ.ഉ.(പി)നം.3/2017/ഉ.ഭ.വ പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് കെ.എസ്.എഫ്.ഇ.-യിൽ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചത്; വ്യക്തമാക്കാമോ?

ഉണ്ട്; കെ.എസ്.എഫ്.ഇ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശരേഖ 15.05.2017-ൽ പ്രസിദ്ധീകരിച്ചു.

(ബി) മാർഗ്ഗനിർദ്ദേശരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരമാണോ സ്ഥലം മാറ്റങ്ങൾ നടത്തുന്നത്; വ്യക്തമാക്കാമോ?

മാർഗ്ഗനിർദ്ദേശരേഖയിലെ പരമാവധി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് സ്ഥലംമാറ്റങ്ങൾ നടത്തുന്നത്.

(സി) മാർഗ്ഗനിർദ്ദേശരേഖ പ്രകാരം ട്രാൻസ്ഫർ അപേക്ഷകരുടെ വിവരങ്ങളും തുടർന്ന് മാനദണ്ഡങ്ങൾ പാലിച്ചുള്ള മുൻഗണനാ പട്ടികയും കഴിഞ്ഞ നാല് വർഷങ്ങളായി പ്രസിദ്ധീകരിക്കാറുണ്ടോ; വ്യക്തമാക്കാമോ?

മുൻഗണനാ പട്ടിക കമ്പനി പ്രസിദ്ധീകരിക്കാറില്ല.

(ഡി) സ്ഥലം മാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശരേഖ പാലിക്കണമെന്നാവശ്യപ്പെട്ട് സംഘടനകൾ കോടതിയെ സമീപിച്ചത് കെ.എസ്.എഫ്.ഇ.-യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഘടനകൾ സമർപ്പിച്ച ഹർജികളിൽ അവരുടെ നിവേദനങ്ങൾ തീർപ്പ് കല്പിക്കണമെന്നാണ് ബഹുഃഹൈക്കോടതിയുടെ വിധി. അത് പ്രകാരം നിവേദനങ്ങൾ തീർപ്പ് കല്പിച്ചിട്ടുണ്ട്.

കെ.എസ്.എഫ്.ഇ.-ക്ക് പുതിയ ബ്രാഞ്ചുകൾ

90(5249) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

തീരുമാനിച്ചിട്ടുണ്ട്.

(ബി) പയ്യന്നൂർ മണ്ഡലത്തിലെ പാടിച്ചാലിൽ കെ.എസ്.എഫ്.ഇ.-ക്ക് പുതിയ ബ്രാഞ്ച് ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ബിസിനസ്സ് പ്രായോഗികത വിലയിരുത്തി കെ.എസ്.എഫ്.ഇ എം.ഡി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കെ.എഫ്.സി. വായ്പാ നയം

91(5250) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സി. വായ്പാ നയം പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വായ്പാ നയം പരിഷ്കരിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം 4500 കോടി രൂപയുടെ വായ്പാ അനുമതി നൽകാനും 3400 കോടി രൂപ വായ്പാ വിതരണം നടത്തുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 50% MSME-കൾക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ വ്യവസായ മേഖലയെ സഹായിക്കാനായി താഴെപ്പറയുന്ന പരിഷ്കാരങ്ങളാണ് കെ.എഫ്.സി പുതിയ വായ്പാനയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1) കെ.എഫ്.സി വായ്പകൾക്ക് RBI നിബന്ധനകൾക്ക് വിധേയമായുള്ള മൊറട്ടോറിയവും തിരിച്ചടവ് പുന:ക്രമീകരണവും.

2) പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്ക് 20% അധിക വായ്പ.

3) കോവിഡ് പ്രതിരോധ ഉത്പന്ന നിർമ്മാണ സ്ഥാപനങ്ങൾക്ക് 90% വരെ വായ്പ.

4) ചെറുകിട വ്യവസായം, ആരോഗ്യ പരിപാലനം, ടൂറിസം മേഖലയിലെ യൂണിറ്റുകളുടെ കുറഞ്ഞ പലിശ 9.5 ശതമാനത്തിൽനിന്ന് 8 ശതമാനമായി കുറച്ചു. ഉയർന്ന പലിശ നിരക്ക് 12 ശതമാനത്തിൽനിന്ന് 10.50 ശതമാനമായി കുറച്ചു.

5) സ്റ്റാർട്ടപ്പുകൾക്ക് 10 കോടി വരെ വായ്പ.

6) വ്യവസായ എസ്റ്റേറ്റിലെ യൂണിറ്റുകൾക്ക് പ്രത്യേക വായ്പാ പദ്ധതി.

(ബി) ചെറുകിട സംരംഭകരുടെയും സ്റ്റാർട്ടപ്പുകളുടെയും പ്രൊപ്പോസലുകൾ കെ.എഫ്.സി. പാടെ അവഗണിക്കുന്നതായിട്ടുള്ള വാർത്ത പരിശോധിക്കുമോ?

ചെറുകിട സംരംഭകരുടെയും സ്റ്റാർട്ടപ്പുകളുടെയും പ്രൊപ്പോസലുകൾ കെ.എഫ്.സി. അവഗണിക്കുന്ന നയം സ്വീകരിക്കുന്നില്ല. സൂചന (എ)-യിലെ ഉത്തരം ശ്രദ്ധിച്ചാലും.

(സി) കെ.എഫ്.സി.-യിൽനിന്നും ലോൺ എടുത്തവരിൽ എത്ര ശതമാനം പേർ കൃത്യമായി തിരിച്ചടവ് നടത്തിയിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു.

കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം

92(5251) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ശശി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വാണിജ്യ മേഖലയ്ക്ക് വായ്പാ സഹായം ലഭ്യമാക്കുന്ന കാര്യത്തിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ

പ്രവർത്തനങ്ങൾ എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരളത്തിന്റെ വ്യവസായ മേഖലയ്ക്ക് വായ്പാ സഹായം ലഭ്യമാകുന്ന ധനകാര്യ സ്ഥാപനങ്ങളിൽ കെ.എഫ്.സി.-യുടെ പങ്ക് വളരെ വലുതാണ്. നാളിതുവരെ കേരളത്തിലുടനീളം 65000 പ്രോജക്ടുകൾക്ക് കെ.എഫ്.സി വായ്പാ സഹായം നൽകുകയുണ്ടായി. MSME വായ്പ വഴി ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. കൂടാതെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് വായ്പ നൽകുന്നതിൽ മുഖ്യപങ്ക് കെ.എഫ്.സി.-യുടേതാണ്. 2020-21 സാമ്പത്തിക വർഷം മാത്രം 4660 സംരംഭങ്ങൾക്കായി ഏകദേശം 4164 കോടി രൂപ വായ്പാനുമതി കെ.എഫ്.സി നൽകുകയുണ്ടായി.

(ബി) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ലോൺ പോർട്ട്ഫോളിയോ അടുത്ത അഞ്ചുവർഷംകൊണ്ട് ഗണ്യമായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉണ്ട്. അടുത്ത 5 വർഷംകൊണ്ട് കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ വായ്പാ ആസ്തി (ലോൺ പോർട്ട്ഫോളിയോ) 10,000 കോടി രൂപയായി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെറുകിട സംരംഭകർക്ക് വാണിജ്യ ബാങ്കുകൾ നൽകുന്നതുപോലെ പ്രവർത്തന

മൂലധനം നൽകാൻ കെ.എഫ്.സി തത്വത്തിൽ തീരുമാനമെടുക്കുകയും അതു പ്രാവർത്തികമാക്കാൻ വിവിധ ബാങ്കുകളുടെ അനുമതിക്കായി ശ്രമിച്ചുവരുകയും ചെയ്യുന്നു.

(സി) നടപ്പുസാമ്പത്തിക വർഷം കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ വായ്പാ ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

ഉണ്ട്. 2021-22 സാമ്പത്തിക വർഷം 4500 കോടി രൂപയുടെ വായ്പാ അനുമതി നൽകാനും 3400 കോടി രൂപ വിതരണം നടത്താനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 50% MSME-കൾക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) കോവിഡിന്റെ പശ്ചാത്തലത്തിൽ ചെറുകിട വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി കണക്കിലെടുത്ത് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പ്രത്യേക വായ്പ പാക്കേജ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ കോവിഡിന്റെ പശ്ചാത്തലത്തിൽ ചെറുകിട വ്യവസായ മേഖലയെ സഹായിക്കുവാനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) കെ.എഫ്.സി വായ്പകൾക്ക് RBI നിബന്ധനകൾക്ക് വിധേയമായുള്ള മൊറട്ടോറിയവും തിരിച്ചടവ് പുന:ക്രമീകരണവും.

2) പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്ക് 20% അധിക വായ്പ. 3) കോവിഡ് പ്രതിരോധ ഉത്പന്ന നിർമ്മാണ സ്ഥാപനങ്ങൾക്ക് 90% വരെ വായ്പ.

4) ചെറുകിട വ്യവസായം, ആരോഗ്യ പരിപാലനം, ടൂറിസം മേഖലയിലെ യൂണിറ്റുകളുടെ കുറഞ്ഞ പലിശ 9.5 ശതമാനത്തിൽനിന്ന് 8 ശതമാനമായി കുറച്ചു. ഉയർന്ന പലിശ നിരക്ക് 12 ശതമാനത്തിൽനിന്ന് 10.50 ശതമാനമായി കുറച്ചു.

5) സ്റ്റാർട്ടപ്പുകൾക്ക് 10 കോടി വരെ വായ്പ.

6) വ്യവസായ എസ്റ്റേറ്റിലെ യൂണിറ്റുകൾക്ക് പ്രത്യേക വായ്പാ പദ്ധതി.

സ്റ്റാമ്പ്, മുദ്രപത്രം, വെണ്ടർ ലൈസൻസ് എന്നിവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

93(5252) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാമ്പ്, മുദ്രപത്രം, വെണ്ടർ ലൈസൻസ് എന്നിവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ജില്ലാ കളക്ടർ അദ്ധ്യക്ഷനായും, ജില്ലാ രജിസ്ട്രാർ (ജനറൽ), ജില്ലാ

ട്രഷറി ഓഫീസർ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റിയാണ് വെണ്ടർമാരെ നിയമിക്കുന്നത്. രണ്ട് സ്റ്റാമ്പ് വെണ്ടർമാരുടെ ഓഫീസുകൾ തമ്മിലുള്ള ഏറ്റവും കുറഞ്ഞ ദൂരം കോർപ്പറേഷൻ പ്രദേശം രണ്ട് കിലോമീറ്റർ, മുനിസിപ്പാലിറ്റി പ്രദേശം നാല് കിലോമീറ്റർ, പഞ്ചായത്ത് പ്രദേശം എട്ട് കിലോമീറ്റർ എന്നിങ്ങനെയാണ്. സംസ്ഥാനത്ത് എവിടെയെങ്കിലും സ്റ്റാമ്പ് വെണ്ടർ ലൈസൻസോ ആധാരമെഴുത്ത് ലൈസൻസോ ഉള്ളവർക്ക് സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല. ഒഴിവ് വിജ്ഞാപനം നടത്തുന്ന വർഷം ജനുവരി 1-ന് 18 വയസ്സ് പൂർത്തിയാകാത്തവർക്കും, 60 വയസ്സ് പൂർത്തിയായവർക്കും, എസ്.എസ്.എൽ.സി.-യോ തത്തുല്യ പരീക്ഷയോ ജയിക്കാത്തവർക്കും സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല.

(ബി) നിലവിൽ സ്റ്റാമ്പ് വെണ്ടർ ലൈസൻസിയായ ഒരാൾക്ക് ലൈസൻസ് കൈമാറ്റം ചെയ്യാൻ സാധിക്കുമോ എന്നറിയിക്കാമോ?

സാധിക്കുകയില്ല.

(സി) സ്റ്റാമ്പ് വെണ്ടർ ലൈസൻസുള്ള ഉടമസ്ഥന് ഇത് മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ സാധിക്കുമെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ബാധകമല്ല.

കാസർഗോഡ് ജില്ലയിലെ സ്റ്റാമ്പ് വെണ്ടർമാർ

94(5253) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര സ്റ്റാമ്പ് വെണ്ടർമാരുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

ആകെ 15 വെണ്ടർമാരാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്ത് തലത്തിൽ:- ചെങ്കള– 3, ബദിയഡുക്ക– 1, തൃക്കരിപ്പൂർ– 1, ബളാൽ-1, മഞ്ചേശ്വരം-2, ഉദുമ-1, കള്ളാർ-1 മുനിസിപ്പാലിറ്റി തലത്തിൽ:- കാസർഗോഡ്-1, നീലേശ്വരം-2, കാഞ്ഞങ്ങാട്-2.

(ബി) ഏത് പഞ്ചായത്തിലെ ഏത് വെണ്ടറാണ് ഏറ്റവും കൂടുതൽ വ്യവഹാരം നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

കൂടുതൽ മുദ്രയും മുദ്രപ്പത്രങ്ങളും വ്യവഹാരം നടത്തുന്നത് ചെങ്കള പഞ്ചായത്തിൽ കാസറഗോഡ് സബ് ട്രഷറിയുടെ പരിധിയിലുള്ള സ്റ്റാമ്പ് വെണ്ടർ ശ്രീ. ഗോകുലനായ്ക് കെ. ആണ്.

(സി) സ്റ്റാമ്പ് വെണ്ടറിനായി അപേക്ഷിച്ച എല്ലാപേർക്കും അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി അനുമതി നൽകാൻ ബാക്കിയുള്ളവർ

ആരാണെന്നും കാലതാമസത്തിന് കാരണമെന്താണെന്നും വ്യക്തമാക്കാമോ?

സ്റ്റാമ്പ് വെണ്ടർ നിയമനത്തിനുള്ള അപേക്ഷകളൊന്നും നിലവിലില്ല; കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ ഹോസ്ദുർഗ്ഗ് സബ് ട്രഷറിയുടെ കീഴിൽ ഒരു സ്റ്റാമ്പ് വെണ്ടർ ഒഴിവുണ്ട്; സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ നിലവിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് നൽകുന്നില്ല.

(ഡി) ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് സ്റ്റാമ്പ് വെണ്ടർമാരെ നിയമിക്കാൻ ബാക്കിയുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

സ്റ്റാമ്പ് വെണ്ടർ നിയമനത്തിനുള്ള അപേക്ഷകളൊന്നും നിലവിലില്ല; കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ ഹോസ്ദുർഗ്ഗ് സബ് ട്രഷറിയുടെ കീഴിൽ ഒരു സ്റ്റാമ്പ് വെണ്ടർ ഒഴിവുണ്ട്; സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ നിലവിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് നൽകുന്നില്ല.

പുനർഗേഹം പദ്ധതി

95(5254) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിയിൽ ഭൂമി വാങ്ങുന്നവർക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത വിഷയം പരിഗണനയിലുണ്ടെങ്കിൽ ഇതുസംബന്ധിച്ച ഉത്തരവ് സമയബന്ധിതമായി എന്നത്തേയ്ക്ക് പുറപ്പെടുവിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു

നിയമസഭാ കയ്യാങ്കളി കേസിന് ഖജനാവിൽനിന്ന് ചെലവഴിച്ച തുക

96(5255) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിയമസഭാ കയ്യാങ്കളി കേസിൽ പ്രതിചേർക്കപ്പെട്ടവരെ വിചാരണയിൽനിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സുപ്രീം കോടതിയെവരെ സമീപിച്ച വിഷയത്തിൽ അഭിഭാഷകർക്ക് ഫീസിനത്തിൽ നൽകിയ തുക ഉൾപ്പെടെ സർക്കാർ ഖജനാവിൽനിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ചു വ്യക്തമാക്കാമോ?

നിയമസഭാ കയ്യാങ്കളി കേസിൽ, ബഹു. സുപ്രീം കോടതിയിൽ ഹാജരായതുമായി ബന്ധപ്പെട്ട് യാതൊരു ബില്ലുകളും ലഭിച്ചിട്ടില്ല. ബഹു. ഹൈക്കോടതിയിൽ സംസ്ഥാനസർക്കാർ അഭിഭാഷകരാണ് ഹാജരായത്. പുറമെ നിന്നുള്ള അഭിഭാഷകരുടെ സേവനം ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

നോട്ടറി അഭിഭാഷക തസ്തിക

97(5256) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്രസർക്കാർ അനുവദിച്ച എത്ര നോട്ടറി അഭിഭാഷക തസ്തികയാണുള്ളതെന്ന് വ്യക്തമാക്കാമോ?

1250 എണ്ണം.

(ബി) സംസ്ഥാനത്തിനനുവദിച്ചിട്ടുള്ള നോട്ടറി അഭിഭാഷക തസ്തികയിൽ വർദ്ധന വേണമെന്ന ആവശ്യം കേന്ദ്രസർക്കാരിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

06.06.2018-ൽ കേന്ദ്രസർക്കാരിന് അന്ന് നിലവിലുണ്ടായിരുന്ന 1000 എണ്ണത്തിൽനിന്നും 1500 എണ്ണമായി സംസ്ഥാന നോട്ടറിമാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയും കേന്ദ്രസർക്കാരിന്റെ 23.08.2018-ലെ ജി.എസ്.ആർ. 815(E)

നോട്ടിഫിക്കേഷൻ പ്രകാരം 1000-ൽനിന്നും 1250 ആയി സംസ്ഥാന നോട്ടറിമാരുടെ എണ്ണം വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത വിജ്ഞാപനത്തിനുശേഷം നോട്ടറി അഭിഭാഷക തസ്തികയിൽ വർദ്ധന വേണമെന്ന ആവശ്യം കേന്ദ്രസർക്കാരിന് മുമ്പാകെ സമർപ്പിച്ചിട്ടില്ല.

(സി) നിലവിൽ ഓരോ ജില്ലയിലും അനുവദിച്ചിട്ടുള്ള നോട്ടറി അഭിഭാഷക തസ്തികകളുടെ എണ്ണം വെളിപ്പെടുത്താമോ?

നോട്ടറി അഭിഭാഷകരുടെ തസ്തികകൾക്ക് ജില്ലതിരിച്ച് എണ്ണം നിശ്ചയിക്കപ്പെട്ടിട്ടില്ല. സംസ്ഥാനത്തിന് ലഭ്യമാകുന്ന ക്വാട്ടയിൽനിന്ന് വിവിധ ജില്ലകളിലെ ആവശ്യാനുസരണം നിയമനം നൽകുകയാണ് ചെയ്യുന്നത്.

വക്കീൽ ഗുമസ്ഥന്മാരുടെ ക്ഷേമനിധി അപേക്ഷകൾ

98(5257) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കീൽ ഗുമസ്ഥന്മാരുടെ ക്ഷേമനിധി അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി അംഗങ്ങളായ വക്കീൽ

ഗുമസ്തന്മാർ ക്ഷേമനിധി ആനുകൂല്യങ്ങൾക്കായി സമർപ്പിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് നിലവിൽ കാലതാമസമുണ്ടാകുന്നില്ല.

(ബി) വക്കീൽ ഗുമസ്തന്മാരെ ഇ.എസ്.ഐ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി അംഗങ്ങളായ വക്കീൽ ഗുമസ്തന്മാരെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി മുഖാന്തരം ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്.

കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ

99(5258) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ എന്നാണ് രൂപീകൃതമായതെന്ന് അറിയിക്കുമോ; പ്രസ്തുത കോർപ്പറേഷൻ എന്നാണ് പ്രവർത്തനമാരംഭിച്ചതെന്ന് അറിയിക്കുമോ?

24/12/2011-ലെ സ.ഉ.(എം.എസ്) 191/2011/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കളിമൺ പാത്ര നിർമ്മാണം കുലത്തൊഴിലാക്കി സ്വീകരിച്ചിട്ടുള്ള

സമുദായങ്ങളുടെ ക്ഷേമത്തിനായി കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ രൂപീകരിച്ചു. 2020 മാർച്ച് മാസത്തിൽ ഓഹരി മൂലധനം അനുവദിച്ചപ്പോൾ കമ്പനി പ്രവർത്തനമാരംഭിച്ചു.

(ബി) കോർപ്പറേഷന് ഇതേവരെയായി ഓഹരി മൂലധനമായി എത്ര രൂപ നൽകിയിട്ടുണ്ടെന്നറിയിക്കുമോ; ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

കോർപ്പറേഷന് 1.25 കോടി രൂപ ഓഹരി മൂലധനമായി ലഭിച്ചിട്ടുണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) എത്ര തസ്തികകളാണ് പ്രസ്തുത കോർപ്പറേഷനിൽ നാളിതുവരെയായി സൃഷ്ടിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോർപ്പറേഷനിൽ സ്ഥിരം തസ്തികകളൊന്നും ഇതുവരെ സൃഷ്ടിച്ചിട്ടില്ല.

(ഡി) ഇതുവരെ സേവനമനുഷ്ഠിച്ച ചെയർമാൻമാരുടെയും മാനേജിംഗ് ഡയറക്ടർമാരുടെയും പേര് വിവരങ്ങൾ ലഭ്യമാക്കാമോ?

അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. *

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) പ്രസ്തുത വിഭാഗം ഉദ്യോഗസ്ഥർ ശമ്പളം, ടി.എ., അലവൻസുകൾ എന്നീ ഇനങ്ങളിൽ എത്ര രൂപ വീതം കൈപ്പറ്റിയിട്ടുണ്ടെന്നറിയിക്കുമോ?

അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. *

പാറമടകളും ജനവാസ കേന്ദ്രങ്ങളും തമ്മിലുള്ള ദൂരം

100(5259) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറമടകളും ജനവാസ കേന്ദ്രങ്ങളും തമ്മിലുള്ള ദൂരം ഇരുന്നൂറ് മീറ്ററായി കൂട്ടണമെന്ന നിയമസഭാ പരിസ്ഥിതി സമിതിയുടെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നറിയിക്കുമോ; ശിപാർശ നടപ്പാക്കുന്നതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിയമസഭാ പരിസ്ഥിതി സമിതിയുടെ ശിപാർശയിന്മേൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ചുള്ള വിഷയം പരിശോധിച്ചുവരികയാണ്. ബഹു.ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 21.07.2020-ലെ OA No.304/2019-ന്മേലുള്ള ഉത്തരവു പ്രകാരം ജനവാസകേന്ദ്രങ്ങളിൽനിന്നും സ്ഫോടകവസ്തുക്കളുപയോഗിച്ച് ഖനനം നടത്തുന്ന സ്റ്റോൺ ക്വാറികളിലേയ്ക്കുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദൂരപരിധി 200 മീറ്ററായി നിജപ്പെടുത്തിയിട്ടുള്ളതാണ്. ട്രിബ്യൂണലിന്റെ മേൽ ഉത്തരവിനെതിരെ കേരളത്തിലെ ക്വാറിയുടമകൾ ഫയൽ ചെയ്തിട്ടുള്ള ഒരു കൂട്ടം SLP കേസുകൾ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

അതിസൂക്ഷ്മ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

101(5260) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അതിസൂക്ഷ്മ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

സംസ്ഥാനത്തെ അതിസൂക്ഷ്മ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട്. സംരംഭക സഹായ പദ്ധതി, വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രവർത്തന സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളിലായാണ് സഹായം നൽകുന്നത്. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ

സബ്സിഡി പദ്ധതി 5 ലക്ഷം രൂപ വരെ സ്ഥിര മൂലധന നിക്ഷേപമുള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോടുചേർന്നോ നടത്തുന്ന ഉത്പാദക, ജോബ് വർക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നൽകിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രവർത്തനരഹിതമായ എം.എസ്.എം.ഇ യൂണിറ്റുകൾ സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ വഹിക്കുന്ന പങ്ക് കണക്കിലെടുത്ത് പുനരുജ്ജീവിപ്പിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്നതിലേക്ക് a) Revival and Rehablitaton Scheme for Defunct MSMEs and Cashew Processing Units b) The Kerala Stressed MSMEs Revival & Rehabilitation Scheme എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വ്യവസായ ഭദ്രത - കോവിഡ് കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ -ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കാണ് ഈ പദ്ധതിക്ക്

സർക്കാർ രൂപം നൽകിയിട്ടുള്ളത്. കൂടാതെ കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി കോവിഡ് -19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജും ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ അതിസൂക്ഷ്മ സംരംഭകത്വ മേഖലകളിലേയ്ക്ക് സ്ത്രീകളെ ആകർഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്?

സംസ്ഥാനത്തെ അതിസൂക്ഷ്മ സംരംഭ മേഖലകളിലേയ്ക്ക് സ്ത്രീകളെ ആകർഷിക്കുന്നതിന് താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട്.

1. സംരംഭകസഹായപപദ്ധതി- വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതിപ്രകാരം ഉത്പാദനസംരംഭങ്ങൾക്ക് സ്ഥിര മൂലധനനിക്ഷേപത്തിന്റെ 15% മുതൽ 30% വരെ, പരമാവധി 30 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു. സംരംഭകത്വ സഹായ പദ്ധതിയിൽ വനിതകൾക്ക് അധികമായി

10% സബ്സിഡി നൽകുന്നതിന് വ്യവസ്ഥയുണ്ട്.

2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി- 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധനനിക്ഷേപമുള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണനിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട് വീട്ടിലുള്ളതോ വീടിനോടുചേർന്നോ നടത്തുന്ന ഉത്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ്, ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽനിന്നും ടേം വായ്പയെടുത്ത വനിതാ സംരംഭകർക്ക് വാർഷിക പലിശയിൽ മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. മൂന്ന് വർഷത്തേയ്ക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്.

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് -വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നൽകിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. വനിതകൾ, വികലാംഗർ, വിമുക്തഭടന്മാർ, പട്ടികജാതി/പട്ടികവർഗ്ഗ

വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും. ഉത്പന്നനിർമ്മാണം, ഭക്ഷ്യസംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറുസംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവനമേഖല ഉൾപ്പെടെ) സ്ഥിരമൂലധനവും പ്രവർത്തനമൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്.

1. ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള വായ്പ- ആകെ പ്രോജക്ട് ചെലവിന്റെ 40 %

2. പ്രൊമോട്ടർമാരുടെ സംഭാവന - ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനമോ അതിൽ കൂടുതലോ

3. വ്യവസായ വകുപ്പിന്റെ മാർജിൻ മണിഗ്രാന്റ് - ആകെ പ്രോജക്ട് ചെലവിന്റെ പരമാവധി 30 ശതമാനം എസ്.സി/എസ്.ടി/വനിതകൾ, വിമുക്തഭടന്മാർ/40 വയസ്സുവരെയുള്ള യുവസംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും പ്രൊമോട്ടർമാരുടെ സംഭാവന കുറഞ്ഞത് 20 ശതമാനവും

ആയിരിക്കും. കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേയ്ക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിനും കെ.എസ്.ഐ.ഡി.സി മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ വി മിഷൻ. വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും, നെറ്റ് വർക്കിംഗ് മീറ്റിംഗുകളും, വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുവാൻ സഹായിക്കുന്നതിനും അതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിനുമുമ്പിൽ പ്രദർശിപ്പിക്കുന്നതിനും സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണനസാധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയുമാണ് വി മിഷൻവഴി കെ.എസ്.ഐ.ഡി.സി ചെയ്തുവരുന്നത്.

(സി) കുടുംബശ്രീ മിഷനുമായി ചേർന്ന് നാനോ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംസ്കരണ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) എന്ന പദ്ധതി

വ്യവസായ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ വ്യക്തിഗത സംരംഭങ്ങൾക്കുപുറമെ ഗ്രൂപ്പ് സംരംഭങ്ങൾക്കും സഹായം നൽകുന്നു. ഭക്ഷ്യ സംസ്കരണ മേഖലയിലെ ഗ്രൂപ്പ് അംഗങ്ങൾക്കുള്ള സീഡ് ക്യാപിറ്റൽ തുകയായ 40,000/- രൂപ സഹായം നൽകുന്നതിനുള്ള വ്യക്തിഗത ഗുണഭോക്താക്കളെ കണ്ടെത്തുന്നത് കുടുംബശ്രീ മിഷന്റെ മേൽനോട്ടത്തിലാണ്. അസംഘടിതമേഖലയിലുള്ള സൂക്ഷ്മ ഭക്ഷ്യസംസ്കരണ സംരംഭങ്ങളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനും ആ മേഖലയുടെ ഔപചാരികാവത്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക ഉത്പാദക സംഘടനകൾ (FPOs), സ്വയം സഹായ സംഘങ്ങൾ (SHGs), ഉത്പാദക സഹകരണ സംഘങ്ങൾ എന്നിവയെ അവയുടെ മൂല്യ ശൃംഖലകളിൽ ആകമാനം പിന്തുണക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രോജക്ട് ചെലവിന്റെ 35%, പരമാവധി 10 ലക്ഷം രൂപ വരെ 60-40 അനുപാതത്തിൽ കേന്ദ്രം - കേരളം സർക്കാരുകൾ സബ്സിഡിയായി നൽകുന്നതാണ് പ്രസ്തുത പദ്ധതി.

മെഡിക്കൽ ഓക്സിജൻ ഉത്പാദകർ

102(5261) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ ഓക്സിജൻ ഉത്പാദനരംഗത്തുള്ള കമ്പനികൾ ഏതൊക്കെയാണ്; ഇവയിൽനിന്ന് സംസ്ഥാനത്തിന് പ്രതിദിനം ലഭിക്കുന്ന ഓക്സിജന്റെ അളവ് എത്രയാണ്?

സംസ്ഥാനത്ത് മെഡിക്കൽ ഓക്സിജൻ ഉത്പാദനരംഗത്തുള്ള കമ്പനികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) കെ.എം.എം.എൽ. പ്രതിദിനം ഉത്പാദിക്കുന്ന ഓക്സിജന്റെ അളവ് എത്രയാണ്; ഇതിൽ കമ്പനിയുടെ ഉപയോഗത്തിന് വേണ്ടിവരുന്ന ഓക്സിജന്റെ അളവ് എത്രയാണ്?

കെ.എം.എം.എൽ പ്രതിദിനം 63 ടൺ വാതക ഓക്സിജനും, 9-10 ടണ്ണോളം ദ്രവീകൃത ഓക്സിജനും ഉത്പാദിപ്പിക്കുന്നു. ഇതിൽ 63 ടണ്ണോളം വാതക ഓക്സിജൻ കമ്പനിയുടെ TiO_2 പിഗ്മെന്റ് ഉത്പാദനത്തിനായി ഉപയോഗിക്കുന്നു.

(സി) സംസ്ഥാനത്തെ വിവിധ ആശുപത്രികൾക്കായി എത്ര അളവ് ഓക്സിജൻ വിതരണം ചെയ്യുന്നുണ്ട്; ഏത് നിരക്കിലാണ് ആശുപത്രികൾക്ക് ഓക്സിജൻ നൽകുന്നത്?

ഉത്പാദിപ്പിക്കപ്പെടുന്ന ദ്രവീകൃത ഓക്സിജൻ പൂർണ്ണമായും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എം.എം.എൽ PESO അംഗീകൃത ഓക്സിജൻ വിതരണക്കാർവഴി കേരളത്തിലെ ആരോഗ്യ മേഖലയ്ക്ക് നൽകിവരുന്നു. ഒക്ടോബർ, 2020-ൽ പുതിയ ഓക്സിജൻ പ്ലാന്റ് നിലവിൽ വന്നതിനുശേഷം നാളിതുവരെ 1600 ടണ്ണിൽ കൂടുതൽ ദ്രവീകൃത ഓക്സിജൻ വിതരണം ചെയ്തു. ഒരു ടൺ ദ്രവീകൃത ഓക്സിജന്റെ നിലവിലെ വില 10,000/- രൂപയാണ്.

(ഡി) സംസ്ഥാനത്ത് ഓക്സിജൻ ക്ഷാമം അനുഭവപ്പെടാതിരിക്കാൻ പൊതുമേഖലാസ്ഥാപനം എന്ന നിലയിൽ സംസ്ഥാന സർക്കാരിനെ ഏതെല്ലാം രീതിയിൽ സഹായിക്കാൻ കെ.എം.എം.എൽ-ന് കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

ഓക്സിജൻ ക്ഷാമം പരിഹരിക്കുന്നതിനായി കെ.എം.എം.എൽ സ്വീകരിച്ചിരിക്കുന്ന ആക്ഷൻ പ്ലാൻ താഴെപ്പറയും പ്രകാരമാണ്

1. കമ്പനിയുടെ 70 ടി.പി.ഡി ഓക്സിജൻ പ്ലാന്റിൽനിന്നുള്ള ദ്രവീകൃത ഓക്സിജൻ ഉത്പാദനശേഷി പ്രതിദിനം 7 ടണ്ണിൽനിന്നും 9-10 ടണ്ണാക്കി ഉയർത്തി.

2. ദിനംപ്രതി ഉത്പാദിപ്പിക്കപ്പെടുന്ന ദ്രവീകൃത ഓക്സിജൻ പൂർണ്ണമായും കേരളത്തിലെ ആരോഗ്യമേഖലയിലേയ്ക്ക് വിതരണം ചെയ്യുന്നു.

3. 854 കിടക്കകളുള്ള കോവിഡ് ദ്വിതീയ ചികിത്സാ കേന്ദ്രം

കെ.എം.എം.എൽ-ൽനിന്നുള്ള വാതക ഓക്സിജൻ സൗകര്യത്തോടുകൂടി കമ്പനിയുടെ സമീപമുള്ള ശങ്കരമംഗലം ഗവ. സ്കൂളിൽ സജ്ജീകരിച്ച് NHRM-ന് പ്രവർത്തനത്തിനായി കൈമാറി.

4. ദിനംപ്രതി 300 വാതക ഓക്സിജൻ സിലിണ്ടർ നിറയ്ക്കുവാൻ (7M3 * 300 എണ്ണം) ശേഷിയുള്ള ഒരു പുതിയ ഫില്ലിംഗ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്.

കെ.എസ്.ഡി.പി. പദ്ധതി

103(5262) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അവയവമാറ്റ ശസ്ത്രക്രിയയ്ക്കുശേഷം രോഗികൾ ഉപയോഗിക്കുന്ന മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിനുള്ള കെ.എസ്.ഡി.പി. പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

അവയവമാറ്റ ശാസ്ത്രക്രിയയ്ക്ക് വിധേയമായവർക്കുള്ള മരുന്നുകൾ മനുഷ്യരിൽ Bioequivalence Study നടത്തിയതിനുശേഷം മാത്രമേ നിർമ്മാണ വിതരണത്തിനുള്ള ലൈസൻസ് ലഭിക്കുകയുള്ളൂ. Bioequivalence Study-യ്ക്കുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിനുള്ള കെ.എസ്.ഡി.പി പദ്ധതി

104(5263) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശ്വാസകോശ രോഗം, അവയവമാറ്റ ശസ്ത്രക്രിയ, ഹൃദയാഘാതം എന്നിവയുടെ ചികിത്സയ്ക്കുള്ള മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിനുള്ള കെ.എസ്.ഡി.പി. പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ?

അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയമായവർക്കുള്ള മരുന്നുകൾ Bioequivalence Study നടത്തിയതിനുശേഷം മാത്രമേ നിർമ്മാണ വിതരണത്തിനുള്ള ലൈസൻസ് ലഭിക്കുകയുള്ളൂ. Bioequivalence Study നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ശ്വാസകോശ രോഗം, ഹൃദയാഘാതം തുടങ്ങിയവയ്ക്കുള്ള മരുന്നുകളുടെ നിർമ്മാണ ഗവേഷണ നടപടികളുടെ ഭാഗമായി ആദ്യഘട്ടത്തിൽ CSIR-NIIST-യുമായി കരാർ ഒപ്പിടുകയും ഗവേഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഇലക്ട്രിക് ഓട്ടോകൾ

105(5264) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആട്ടോമൊബൈയിൽസ് ലിമിറ്റഡ് നിലവിൽ പ്രതിമാസം നിർമ്മിച്ചുവരുന്ന ഇലക്ട്രിക് ഓട്ടോകളുടെ എണ്ണമെത്രയെന്ന് അറിയിക്കുമോ; നാളിതുവരെ എത്ര ഇലക്ട്രിക് ഓട്ടോ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ പ്രതിമാസം പരമാവധി 15 ഇ-ഓട്ടോയാണ് നിർമ്മിക്കുവാൻ സാധിക്കുന്നത്. കെ.എ.എൽ. ഇതുവരെ വിവിധ ഘട്ടങ്ങളിലുള്ള, വിപണനം ചെയ്യാവുന്ന 450 ഇ - ഓട്ടോ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ പൂർണ്ണമായും പണിതീർന്ന 180 ഇ-ഓട്ടോകളിൽ 149 എണ്ണം വിപണനം ചെയ്തിട്ടുണ്ട്.

(ബി) ഇ-ഓട്ടോ പദ്ധതി വിജയകരമാണെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

ഇ-ഓട്ടോ പദ്ധതി വിജയകരമാണ്. കോവിഡ് മഹാമാരി കാരണം അഖിലേന്ത്യാതലത്തിൽത്തന്നെ എല്ലാ ഓട്ടോമൊബൈൽ വ്യവസായവും മന്ദഗതിയിലാണ്. കൂടാതെ പുതിയ Electric Vehicle technology ജനങ്ങൾ പൂർണ്ണതോതിൽ ഉൾക്കൊള്ളാൻ കാലതാമസമെടുക്കുന്നതിനാൽ വിപണനത്തിന് കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും ഒരു വർഷത്തിനുള്ളിൽ ഇലക്ട്രിക് ഓട്ടോയുടെ വിപണനം വർദ്ധിപ്പിക്കുവാൻ

സാധിക്കുമെന്നാണ് കരുതുന്നത്.

കേരള ആട്ടോ മൊബൈൽസ്

106(5265) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആട്ടോമൊബൈൽസിൽ 2010 മുതലുള്ള നാലര കോടി രൂപയുടെ ഇ.പി.എഫ്. കുടിശ്ശിക അടച്ചുതീർക്കുന്നതിന് വ്യവസായ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

2010 മുതലുള്ള ഇ.പി.എഫ്. കുടിശ്ശികകളിൽ ഏകദേശം 4 കോടിയോളം രൂപ കമ്പനി അടച്ചുകഴിഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇ.പി.എഫ്. കുടിശ്ശികകൾപോലുള്ള സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ അതാത് സ്ഥാപനത്തിന്റെ പ്രവർത്തന ലാഭത്തിൽ/വരുമാനത്തിൽനിന്നാണ് അടയ്ക്കേണ്ടത്. കേരള സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ, ഇലക്ട്രിക് ഓട്ടോ നിർമ്മാണത്തിനും പുതിയ മെഷീനുകൾ വാങ്ങുന്നതിനും പ്രവർത്തന സഹായമായി കഴിഞ്ഞ 5 വർഷക്കാലയളവിൽ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് ഏകദേശം 34 കോടിയോളം രൂപ സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഇ.പി.എഫ്. കുടിശിക തീർപ്പാക്കുവാൻ കെ.എസ്.ഐ.ഡി.സി. മുഖേന വായ്പയെടുക്കുന്നതിന് സർക്കാർതലത്തിൽ നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഇ.പി.എഫ്. കുടിശ്ശിക തീർപ്പാക്കുവാൻ കെ.എസ്.ഐ.ഡി.സി. മുഖേന വായ്പയെടുക്കുന്നത് സംബന്ധിച്ച ശിപാർശ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് നടപടി

107(5266) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവരെ സഹായിക്കാനുമുതകുന്ന വിവിധ നിയമനിർമ്മാണങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. '2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' , '2019-ലെ

കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ ഇത്തരത്തിലുള്ളതാണ്. പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികളും ലഭ്യമാക്കാൻ K- SWIFT എന്ന ഓൺലൈൻ ഏകജാലക സംവിധാനവും വ്യവസായങ്ങൾക്ക് അനുമതി നൽകുന്നതിന് ഒരു ഇൻവെസ്റ്റുമെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ എന്നിവ മേൽനിയമനിർമ്മാണത്തിലൂടെ പുതുതായി കൊണ്ടുവന്നിട്ടുള്ള സംവിധാനങ്ങളാണ്. നിക്ഷേപകരുടെ പരാതി, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിലേയ്ക്കായി ഒരു നിയമനിർമ്മാണം നടത്തുവാൻ 20.05.2021-ലെ ആദ്യ മന്ത്രിസഭായോഗത്തിൽ തീരുമാനിക്കുകയും പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണത്തിന്റ കരട് ബഹുഃ മന്ത്രിസഭ അംഗീകരിച്ചിട്ടുമുണ്ട്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനുംവേണ്ടിയാണ് സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നത്. 1999-ലെ കേരള

വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ഈ കമ്മിറ്റി രൂപീകരിക്കുന്നത്. സംസ്ഥാനത്തെ വ്യവസായ പുരോഗതിയും അതുപോലെ സംരംഭകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി വ്യവസായ, കയർ, നിയമ വകുപ്പുമന്ത്രി ജില്ലാടിസ്ഥാനത്തിൽ നേരിട്ട് സംരംഭകരുമായി ആശയവിനിമയം നടത്തുന്ന 'മീറ്റ് ദി മിനിസ്റ്റർ' എന്ന പ്രോഗ്രാം സംഘടിപ്പിച്ചുവരുന്നു. നിലവിലെ വ്യവസായ പുരോഗതി വിലയിരുത്തുന്നതിനും കൂടുതൽ പുരോഗതി കൈവരിക്കുന്നതിനും സംസ്ഥാനത്തെ വ്യവസായ മേഖലയെ പ്രതിനിധാനം ചെയ്യുന്ന വിവിധ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി വ്യവസായ വകുപ്പുമന്ത്രി നേരിട്ട് നിരവധി തവണ കൂടിക്കാഴ്ച നടത്തിയിരുന്നു. വ്യവസായ സംഘടനകളെല്ലാംതന്നെ സംസ്ഥാനത്തെ നിക്ഷേപ സൗഹൃദാന്തരീക്ഷത്തെ പിന്തുണച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ വ്യവസായികളുടെ പരാതികൾ കേൾക്കുന്നതിനും അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി താലൂക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ സംവിധാനങ്ങൾ നിലവിലുണ്ട്. എന്നിരുന്നാലും നിലവിലെ സംവിധാനത്തിൽ കാലോചിതമായ മാറ്റങ്ങൾ

വരുത്തി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായാണ് ടി സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നത്. വ്യവസായ സ്ഥാപനങ്ങളിലെ വിവിധ വകുപ്പുകളുടെ പരിശോധന ഏകോപിതവും സുതാര്യവുമാക്കുവാൻവേണ്ടി ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനമായ കെ-സിസ് (Kerala Centralised Inspection System)ഏർപ്പെടുത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി വിവിധ സാമ്പത്തിക സഹായ പദ്ധതികളും മറ്റു പദ്ധതികളും DIC, KSIDC, KINFRA മുഖേന ആവിഷ്കരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. DIC. സംരംഭക സഹായ പദ്ധതി. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്. പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾ. വ്യവസായ ഭദ്രത. PMFME (Prime Ministers Formalisation of Micro Food Processing Enterprises).

സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ (ARISE). Kerala Single Window Interface for Fast and Transparent Clearance (KSWIFT 3.0). ഓൺലൈനായുള്ള വ്യവസായ ഭൂമിയുടെ അനുവദിക്കൽ. പുതിയ വ്യവസായ ഭൂമിയുടെ വികസനം. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുള്ള അടിസ്ഥാന സൗകര്യ വികസനം. സംരംഭക വികസന കേന്ദ്രങ്ങൾ (EDCs) KINFRA 1.കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, കൊച്ചി എറണാകുളം 2. പെട്രോ കെമിക്കൽ പാർക്ക്, എറണാകുളം 3. മെഗാ ഫുഡ് പാർക്ക്, പാലക്കാട് 4. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട് 5. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം 6 .ഐ.ടി.ഐ.ടി അധിഷ്ഠിത കെട്ടിട സമുച്ചയം-പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, തിരുവനന്തപുരം 7. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം 8. കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ 9. സ്പൈസസ് പാർക്ക്, ഇടുക്കി 10. ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ, പാലക്കാട് KSIDC ചെറുകിട, ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.75% -10.75%) 10000 ലക്ഷം രൂപ വരെ വായ്പയായി നൽകിവരുന്ന

ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഇവയുടെ വ്യവസ്ഥകളും മാനദണ്ഡങ്ങളും കാലാനുസൃതമായി ലഘൂകരിച്ചിട്ടുണ്ട്. ഓരോ ആറു മാസത്തിന്റെയും അവസാനം കുടിശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. കൂടാതെ, ഈ പ്രോജക്ടുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രോജക്ടുകളിൽ വായ്പ - ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1-ന് മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നൽകിവരുന്നു. മറ്റു പ്രോജക്ടുകൾക്ക് ഇത് യഥാക്രമം 1:1 ഉം 1.5:1-ഉം ആണ്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 7.00%) 25 ലക്ഷം രൂപ മുതൽ 200 ലക്ഷം രൂപവരെ വായ്പയായി ധനസഹായം നൽകുന്നതിനായി ' മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായ പദ്ധതി' എന്ന പേരിൽ ഒരു ധനസഹായ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്.

പുതിയ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരണം

108(5267) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

തോട്ടം മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഓണറി കൺസൾട്ടന്റായ ശ്രീ. വി. നമശിവായം സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ തോട്ടം മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുമാത്രമായി ഒരു വകുപ്പ് സംസ്ഥാനത്തില്ലെന്നും തോട്ടം മേഖലയുടെ ഉന്നമനത്തിനായി ഒരു സ്വതന്ത്ര പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കണമെന്നും ശിപാർശ ചെയ്യുകയുണ്ടായി. തുടർന്ന് 11/02/2021-ലെ സ.ഉ. (കൈ)നം.12/2021/തൊഴിൽ പ്രകാരം തൊഴിൽ വകുപ്പിനുകീഴിൽ ഒരു പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി. 20.05.2021- ലെ Pol.5/43(1)/2021-GAD നമ്പർ വിജ്ഞാപനം പ്രകാരം പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്ന വിഷയം വ്യവസായ വകുപ്പിനുകീഴിൽ കൊണ്ടുവരികയും പ്ലാന്റേഷൻ ഡയറക്ടറേറ്റ്

രൂപീകരിക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പിൽ പുരോഗമിക്കുകയും ചെയ്യുന്നു. ബ്രിട്ടീഷ് കാലഘട്ടം മുതൽ തലമുറകളായി തോട്ടങ്ങളിൽ ജോലിയെടുക്കുന്ന തൊഴിലാളികൾ ധാരാളമാണ്. അവർ മലയോര മേഖലകളിൽ തോട്ടങ്ങളോടുചേർന്നുതന്നെ താമസിക്കുകയും ചെയ്യുന്നു. തേയില, കാപ്പി, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ കയറ്റുമതിയിലൂടെ സംസ്ഥാന സമ്പദ്വ്യവസ്ഥയ്ക്ക് വലിയൊരു സംഭാവന തോട്ടം മേഖലയിലെ തൊഴിലാളികൾ നൽകുന്നു. ഇക്കാരണത്താൽ ഈ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്. തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹിക അംഗീകാരവും ഈ മേഖലയ്ക്ക് വികസനവും സാധ്യമാക്കുകയെന്നതാണ് പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്നാണ് നിലവിൽ വന്നതെന്ന് പറയാമോ; ഇത്തരത്തിൽ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ?

പ്ലാന്റേഷൻ ഡയറക്ടറേറ്റ് നിലവിൽ വന്നിട്ടില്ല. തോട്ടം മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠനം നടത്തിയ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഓണററി കൺസൾട്ടന്റായ ശ്രീ. വി. നമശിവായം

സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ ഒരു സ്വതന്ത്ര പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കണമെന്ന് ശിപാർശ ചെയ്യുകയും സർക്കാർ പരിഗണിക്കുകയും പ്ലാന്റേഷൻ ഡയറക്ടറേറ്റ് വ്യവസായ വകുപ്പിനുകീഴിൽ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ആയതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. മേൽ പരാമർശിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) തൊഴിൽ വകുപ്പിനുകീഴിൽ രൂപീകരിക്കേണ്ട പ്ലാന്റേഷൻ ഡയറക്ടറേറ്റ് വ്യവസായ വകുപ്പിനുകീഴിലേയ്ക്ക് മാറ്റുന്നതിനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) പ്ലാന്റേഷൻ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഈ വകുപ്പ് തൊഴിൽ വകുപ്പിനുകീഴിൽ കൊണ്ടുവരുന്നതിന് സർക്കാർ തയ്യാറാകുമോ?

(സി&ഡി) തോട്ടം മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഓണററി കൺസൾട്ടന്റായ ശ്രീ.വി.നമശിവായം സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം.

(ഇ) വ്യവസായ വകുപ്പിനുകീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപീകരിച്ചത് നിലവിലെ പ്ലാന്റേഷൻ, ലേബർ ആക്ടുകളുടെ ലംഘനമായിട്ടുണ്ടോയെന്നും, തൊഴിലാളി വിരുദ്ധ തീരുമാനമായിട്ടുണ്ടോയെന്നും പരിശോധിക്കുമോ?

1956-ലെ പ്ലാന്റേഷൻ ലേബർ നിയമത്തിന്റേയും കേരള പ്ലാന്റേഷൻ ലേബർ ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ തോട്ടങ്ങളിൽ തൊഴിൽവകുപ്പ് പരിശോധന നടത്തുന്നതും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതും. അതിനാൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരണം തൊഴിലാളി വിരുദ്ധമാകുന്നില്ല. 20.05.2021-ലെ Pol.5/43(1)/2021-GAD നമ്പർ വിജ്ഞാപനം പ്രകാരം പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്ന വിഷയം വ്യവസായ വകുപ്പിനുകീഴിൽ കൊണ്ടുവന്നതിനാലാണ് വ്യവസായ വകുപ്പിനുകീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ രൂപീകരണ നടപടികൾ നടന്നുവരുന്നത്.

തഴക്കര കൊച്ചാലുമ്മൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

109(5268) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര കൊച്ചാലുമ്മൂട്

ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും അവയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ കൊച്ചാലുമ്മൂട്, കൊല്ലകടവ് എന്നീ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെയും സിഡ്കോ-യുടെയും സ്ഥാപനങ്ങളുടെ വിവരങ്ങൾ യഥാക്രമം അനുബന്ധം-1, അനുബന്ധം-2 എന്നിവയായി ചേർക്കുന്നു. *

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് ഭൂമി/കെട്ടിടം എന്നിവ വിട്ടുനൽകിയതിന് പരിഗണിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ?

ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വ്യാവസായികാവശ്യത്തിന് ഭൂമി അനുവദിച്ചുനൽകുന്നത് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുന്നതിന്റെ അടിസ്ഥാനത്തിലാണ്. മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുന്നതിലേയ്ക്കായി സമർപ്പിക്കപ്പെടുന്ന പ്രോജക്ടുകൾ പരിശോധിച്ച് ടി പ്രോജക്ട് പ്രസ്തുത ഡെവലപ്പ്മെന്റ് ഏരിയയുടെ ഭൂമിശാസ്ത്രപരമായ സ്വഭാവത്തിന് യോജിച്ചതാണോയെന്നും അഭിലഷണീയമാണോയെന്നും വിലയിരുത്തുകയും പ്രോജക്ടുകളുടെ സാങ്കേതിക മികവും സാമ്പത്തികക്ഷമതയും ടി പ്രോജക്ട് വിഭാവനം ചെയ്യുന്ന നിക്ഷേപവും തൊഴിലവസരങ്ങളും പരിഗണിച്ചും ടി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രോജക്ട് വിജയകരമായി നടത്തിക്കൊണ്ടുപോകുന്നതിന് അപേക്ഷകനുള്ള സാങ്കേതിക അറിവും സാമ്പത്തിക സ്ഥിതിയും പരിഗണിച്ചും ടി ഏരിയയുടെ പരിസ്ഥിതി മലിനീകരണ സംവേദനക്ഷമത കണക്കിലെടുത്തും മുൻഗണന നിശ്ചയിക്കുന്നു.

(സി) ഇവിടെ പ്രവർത്തിക്കുന്ന അംഗീകൃത സ്ഥാപനങ്ങൾ/ അംഗീകാരമില്ലാത്തവ ഏതൊക്കെയെന്ന് വിശദമാക്കുമോ?

അനുബന്ധം-1, അനുബന്ധം-2 എന്നിവയിൽ പറഞ്ഞിരിക്കുന്ന എല്ലാ സ്ഥാപനങ്ങളും അംഗീകാരമുള്ളവയാണ്. ഇതിൽ അനുബന്ധം-1-ലെ ക്രമ നമ്പർ 4, 7, 24 എന്നിവയായി കാണിച്ചിരിക്കുന്ന M/s.യുണൈറ്റഡ് ഓയിൽ മിൽ, M/s.അശ്വതി ഇൻഡസ്ട്രീസ്, M/s.കിരൺ പ്ലാസ്റ്റിക്സ് എന്നീ 3 യൂണിറ്റുകൾക്ക്, അവയ്ക്ക് വകുപ്പ് അനുവദിക്കപ്പെട്ട ഉത്പാദന പ്രവർത്തനത്തിൽ അനുവാദം വാങ്ങാതെ മാറ്റം വരുത്തിയതിനാൽ നോട്ടീസ് നൽകി നിയമപരമായ നടപടികൾ സ്വീകരിച്ചു വരുന്നു.

പാറത്തോട് പഞ്ചായത്തിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

110(5269) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുന്നതിനായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സ്ഥലം വാങ്ങി വ്യവസായ വകുപ്പിന് കൈമാറിയ സ്ഥലത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 2 ഏക്കർ സ്ഥലം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലം ടി സംഘത്തിന്റെ കൈവശത്തിലാണ്. നിർമ്മാണപ്രവർത്തനങ്ങൾ നടത്തുവാൻ നിയമാനുസൃതം 10 മീറ്റർ വീതി റോഡ് ആവശ്യമാണ്. നിലവിൽ ഇത് 4 മീറ്റർ ആണ്. എസ്റ്റേറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ലാൻഡ് അക്വിസിഷൻ നടപടികളുടെ ഭാഗമായുള്ള സാമൂഹിക പ്രത്യാഘാത പഠനം പൂർത്തീകരിച്ച് ലഭിച്ച റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലാ കളക്ടർ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിക്കാനുണ്ട്. എസ്റ്റേറ്റ് നിർമ്മാണ പ്രവർത്തനം ഏറ്റെടുക്കുവാൻ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സന്നദ്ധമാണ്. നിലവിൽ വ്യവസായം തുടങ്ങുവാൻ 70-ഓളം വ്യവസായ സംരംഭകർ താല്പര്യം അറിയിച്ചിട്ടുണ്ട്.

ഗുരുവായൂർ മണ്ഡലത്തിലെ വ്യവസായ വികസനം

111(5270) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ വ്യവസായ എസ്റ്റേറ്റുകളുടെയും മിനി വ്യവസായ യൂണിറ്റുകളുടെയും നവീകരണത്തിനായി ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നില്ല. തൃശ്ശൂർ ജില്ലാ മിനി വ്യവസായ സഹകരണ സംഘത്തിന്റെ കീഴിൽ ചാവക്കാട് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തിച്ചുവരുന്നു. സംഘത്തിന്റെ ഉടമസ്ഥതയിലുള്ള ഷെഡ്ഡുകളിൽ അറ്റകുറ്റപ്പണികൾ ചെയ്തനൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ക്കൊടുക്കുന്നതിനും നടപടികൾ സ്വീകരിക്കാറുണ്ട്. പ്രവർത്തന വിപുലീകരണം, വൈവിധ്യവത്കരണം, ആധുനികവത്കരണം തുടങ്ങിയവയ്ക്കാവശ്യമായ പദ്ധതിരേഖ തയ്യാറാക്കി നൽകുക, വായ്പ ലഭ്യമാക്കുക, അർഹമായ സബ്സിഡി അനുവദിച്ച്ുനൽകുക തുടങ്ങിയവ വകുപ്പ് മുഖാന്തരം നൽകിവരുന്നുണ്ട്.

(ബി) വ്യവസായ എസ്റ്റേറ്റുകളുടെ വിപുലീകരണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് വകുപ്പിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ; ഏതെല്ലാം വ്യവസായ എസ്റ്റേറ്റുകൾക്ക് സ്ഥലപരിമിതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വ്യവസായ എസ്റ്റേറ്റുകളുടെ വിപുലീകരണത്തിന് അനുയോജ്യമായ സ്ഥലത്തിന്റെ അഭാവംമൂലം ബഹുനില വ്യവസായ സമുച്ചയം എന്ന ആശയം സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ആയതിന്റെ ഭാഗമായി തൃശ്ശൂർ പുഴയ്ക്കൽപ്പാടം വ്യവസായ എസ്റ്റേറ്റ്, ആലപ്പുഴ ജില്ലയിലെ അരൂർ വ്യവസായ എസ്റ്റേറ്റ് എന്നിവിടങ്ങളിലായി മൂന്ന് ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. എറണാകുളം ജില്ലയിലെ എടയാർ വ്യവസായ എസ്റ്റേറ്റിലെ ബഹുനില വ്യവസായ സമുച്ചയം പൂർത്തിയാക്കി സംരംഭകർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ്

112(5271) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടി വ്യവസായത്തിന് കേൾവികേട്ട നിലമ്പൂർ നിയോജക

മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ പദ്ധതികളൊന്നുമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി നിലമ്പൂർ നിയോജക മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; ഇത്തരത്തിൽ ഒരു നിർദ്ദേശം വ്യവസായ വകുപ്പിന്റെ പരിഗണനയിലുണ്ടോ?

നിലമ്പൂർ മുനിസിപ്പാലിറ്റിയിൽപ്പെട്ട മയ്യന്താണിയിൽ 5 ഏക്കർ സ്ഥലത്ത് വ്യവസായ എസ്റ്റേറ്റ് നിലവിലുണ്ട്. മര ഫർണിച്ചർ ഉൾപ്പെടെയുള്ള 22 വ്യവസായ സംരംഭങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്ന സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നവർക്കുള്ള വായ്പ, സബ്സിഡി ഉൾപ്പെടെയുള്ള പദ്ധതികൾ നിലമ്പൂർ മണ്ഡലത്തിലെ സംരംഭകർക്കും ലഭ്യമാക്കിയിട്ടുണ്ട്. നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ ചന്തക്കുന്ന് ആയുർവേദ ഹോസ്പിറ്റലിനടുത്ത് വ്യവസായ വകുപ്പിന് 20 സെന്റ് സ്ഥലമുണ്ട്. ടി സ്ഥലം കരകൗശല മേഖലയിൽ മൺപാത്ര തൊഴിലാളികൾക്ക്, ക്ലസ്റ്റർ രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കാർഷിക നാളികേരാധിഷ്ഠിത വ്യവസായങ്ങൾക്കായി ഒരു ഫുഡ് പാർക്ക് നിലമ്പൂരിൽ സ്ഥാപിക്കുന്നതിനുള്ള ഒരു അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയതു

പരിശോധിച്ചുവരുന്നു.

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എത്ര ഏക്കർ ഭൂമിയാണ് വ്യവസായ എസ്റ്റേറ്റിന് അനുയോജ്യമെന്ന് കണ്ടെത്തിയതെന്നും ഇത് സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ഭൂമിയാണോയെന്നും അറിയിക്കാമോ; പ്രസ്തുത ഭൂമിയുടെ വില്ലേജും സർവ്വേ നമ്പരുമടക്കമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

കാർഷിക നാളികേരാധിഷ്ഠിത വ്യവസായങ്ങൾക്കായി ഒരു ഫുഡ് പാർക്ക് നിലമ്പൂരിൽ സ്ഥാപിക്കുന്നതിനുവേണ്ടി, നിലമ്പൂർ താലൂക്ക് ചുങ്കത്തറ വില്ലേജിൽ പാലുണ്ട എന്ന സ്ഥലത്ത് നിലമ്പൂർ റബ്ബർ കമ്പനി ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 342/95-ൽപ്പെട്ട 100 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

(സി) ഭൂമി ലഭ്യമാക്കുന്നതിന് സ്ഥലം ഉടമകളുമായി വ്യവസായ വകുപ്പ് രേഖാമൂലം ബന്ധപ്പെട്ടിരുന്നോ; സ്ഥലം ഉടമസ്ഥർ താല്പര്യപത്രം വ്യവസായ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; സ്ഥലം ഉടമകളുടെ ഇക്കാര്യത്തിലെ താത്പര്യം ആരാണ് അറിയിച്ചതെന്നും എന്താണ് താത്പര്യമെന്നും അറിയിക്കാമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റുമായി കത്തിടപാടുകൾ

നടത്തിയിട്ടുണ്ട്. ഉടമസ്ഥൻ സ്ഥലം വിട്ടുനൽകാൻ തയ്യാറാണെന്നും കോമ്പൻസേഷൻ നിലമ്പൂർ റബ്ബർ കമ്പനി ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് മുൻകൂറായി നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം വിലകൊടുത്ത് വാങ്ങാനാണോ അതോ പി.പി.പി. മോഡലിൽ ലഭ്യമാക്കാനാണോ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; നിലമ്പൂരിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നറിയിക്കുമോ; ഇതിനുള്ള ഫണ്ട് കിഫ്ബി-യിൽ നിന്നും ലഭ്യമാക്കാൻ സാധിക്കുമോ; ഇതിനായി നടപടികൾ സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയതിൽ വിശദമായ പദ്ധതിരേഖ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഭൂമി അനുവദിക്കുന്നതിന് നടപടി

113(5272) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഭൂമി അനുവദിക്കുന്നത് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ട എന്ന മാനദണ്ഡമനുസരിച്ചാണോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ വ്യവസായ ഭൂമി അനുവദിക്കുന്നത് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ സീനിയോറിറ്റി അനുസരിച്ചാണ്. വ്യവസായ ഭൂമിക്കായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ District Land Allotment Committee (DILAC) പരിഗണിച്ച്, അപേക്ഷകരുമായി കൂടിക്കാഴ്ച നടത്തി ഓരോ പ്രോജക്ടിന്റെയും project viability കണക്കാക്കിയാണ് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്. തുടർന്ന് വ്യവസായ പ്ലോട്ടുകളിൽ ഭൂമി ഒഴിവുവരുന്ന മുറയ്ക്ക് മുൻഗണനാ ലിസ്റ്റ് അടിസ്ഥാനമാക്കി ക്രമാനുഗതമായാണ് സംരംഭകർക്ക് ഭൂമി അനുവദിക്കുന്നത്.

(ബി) ഇപ്രകാരം ഭൂമി അനുവദിക്കുന്നതിനായി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്നും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്നതിനാവശ്യമായ യോഗ്യതകൾ എന്തെല്ലാമാണെന്നുമുള്ളതിന്റെ വിശദവിവരം നൽകുമോ?

ജില്ലകളിൽ വ്യവസായ ഭൂമി അനുവദിക്കുന്നതിനായിട്ടുള്ള മുൻഗണനാ

ലിസ്റ്റ് അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ചെയർമാൻ ആയിട്ടുള്ള District Land Allotment Committee (DILAC) ആണ് തയ്യാറാക്കുന്നത്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാനുള്ള യോഗ്യതകൾ ഇപ്രകാരമാണ്. നിശ്ചിത ഫീസ് അടവാക്കി പ്രോജക്ട് റിപ്പോർട്ട് സഹിതം ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. അപേക്ഷകരെ ചട്ടപ്രകാരം District Land Allotment Committee (DILAC) ഇന്റർവ്യൂ നടത്തി മുൻഗണന കണക്കാക്കി ലിസ്റ്റ് തയ്യാറാക്കുന്നു. പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് അനുയോജ്യവും വിജയകരമായി നടപ്പിലാക്കാൻ കഴിയുന്നതുമായ പദ്ധതികൾക്ക് മുൻഗണന നൽകുന്നു. കൂടാതെ നിക്ഷേപം, സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ, യൂണിറ്റിന്റെ ഉത്പാദനക്ഷമത, അപേക്ഷകന് സംരംഭം നടത്തിക്കൊണ്ടുപോകുന്നതിനുള്ള കഴിവ്, സർക്കാരിലേയ്ക്കുള്ള റവന്യൂ വരുമാനം, പ്രദേശത്തെ മലിനീകരണ തോത് എന്നീ മാനദണ്ഡങ്ങളും പരിഗണിച്ചാണ് മുൻഗണന കണക്കാക്കുന്നത്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുൻഗണനാ ലിസ്റ്റ് മറികടന്ന് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ എവിടെയെല്ലാം ഭൂമി അനുവദിച്ചിട്ടുണ്ടെന്നും ആർക്കെല്ലാമാണ് ഭൂമി അനുവദിച്ചതെന്നുമുള്ളതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഭൂമി അനുവദിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ് മറികടന്നുകൊണ്ട് തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ വ്യവസായ ഭൂമി അനുവദിച്ചിട്ടുണ്ട്. അപ്രകാരം അനുവദിച്ച ഭൂമിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തിരുവനന്തപുരം - മെ.അനന്തപുരം പപ്പടം ക്ലസ്റ്റർ - 46.97 സെന്റ് എറണാകുളം (എടയാർ വ്യവസായ ഏരിയ) – മെ.സീ ക്വീൻ എൻവയോൺമെന്റൽ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് - 2 ഏക്കർ

(ഡി) ഇപ്രകാരം ഭൂമി അനുവദിച്ചത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

മുൻഗണന മറികടന്ന് വ്യവസായ ഭൂമി അനുവദിച്ചതിന്റെ കാരണം ചുവടെ ചേർക്കുന്നു.

എ) കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ ക്ലസ്റ്റർ ഡവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കോമൺ ഫെസിലിറ്റി സെന്റർ നിർമ്മിക്കുന്നതിനാണ് തിരുവനന്തപുരം ജില്ലയിൽ മുൻഗണനാ ലിസ്റ്റ് മറികടന്ന് ഭൂമി അനുവദിച്ചത്.

ബി) 29/12/2020-ലെ സ.ഉ.(കൈ) നം.311/2020/റവന്യൂ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനിമൽ വേസ്റ്റ് റെൻഡറിംഗ്

കൺസ്ട്രക്ഷൻ ഡീമോളിഷൻ വേസ്റ്റ് പ്രോസസ്സ് ആൻഡ് റീസൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കാനാണ് എറണാകുളം ജില്ലയിൽ മുൻഗണനാ ലിസ്റ്റ് മറികടന്ന് ഭൂമി അനുവദിച്ചത്.

കുന്നംകുളം മിനി വ്യവസായ എസ്റ്റേറ്റ്

114(5273) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മിനി വ്യവസായ എസ്റ്റേറ്റിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ പരിധിയിൽ കുന്നംകുളത്ത് മിനി വ്യവസായ എസ്റ്റേറ്റ് പ്രവർത്തിക്കുന്നില്ല. എന്നാൽ വ്യവസായ വികസന പ്ലോട്ടിൽ 25 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. യൂണിറ്റുകളുടെ പേര് താഴെ നൽകുന്നു.

1. മെ. സഫിയ ബേക്കേഴ്സ്

2. മെ. ഗ്രാന്റ്ഫോസ്റ്റ് പ്രിന്റ് & പാക്ക്

3. മെ. യൂണിവേഴ്സൽ ഇൻഡസ്ട്രീസ്

4. എ-വൺ ബേക്കറി

5. മെ. പൈലറ്റ് ഓഫ് സെറ്റ് പ്രസ്സ്

6. മെ. ഐശ്വര്യ പ്ലാസ്റ്റിക്ക്

7. മെ. അരുൺ ഇൻഡസ്ട്രീസ്

8. മെ. ശ്രീ. പ്ലാസ്റ്റിക്സ്

9. മെ. ജി.വി പ്ലാസ്റ്റിക്സ്

10. മെ. ജി.വി കമ്പനി

11. മെ. റോയ്സൺസ് കോപാബ് നോട്ട് ബുക്ക്സ്

12. മെ. ഗോൾഡൻ പ്ലാസ്റ്റിക്സ്

13. മെ. ആർട്ട് ടച്ച്

14. മെ. കെ. എം. ഫാസ്റ്റിനേഴ്സ്

15. മെ. നവരംഗ് അസോസിയേറ്റ്സ്

16. മെ. ജി.വി.പോളിപെറ്റ്

17. മെ. ടെക്നോ ഹബ്

18. മെ. ഐഡിയൽ പ്ലാസ്റ്റിക്സ്

19. മെ.മോഡൽ പ്ലാസ്റ്റിക്സ്

20. മെ. പാം. ഫുഡ് പ്രോഡക്ട്സ്

21. മെ. വി-വിൻ പ്ലാസ്റ്റിക്സ്

22. മെ. ജെ.വി.പോളിമേഴ്സ്

23. മെ. വി-വിൻ ഇൻഡസ്ട്രീസ്

24. മെ. ഗ്രീൻ ലാന്റ് ഇൻഡസ്ട്രീസ്

25. മെ. ഏബിൾ പ്ലാസ്റ്റിക്സ്

(ബി) പ്രസ്തുത എസ്റ്റേറ്റിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജലദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ എസ്റ്റേറ്റിന്റെ കോമ്പൗണ്ട് വാൾ ഉൾപ്പെടെയുള്ളവയുടെ നവീകരണത്തിന് നടപടി സ്വീകരിക്കാമോ?

കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനായി പി.ഡബ്ല്യു.ഡി എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്.

വ്യവസായ ജാലകം പദ്ധതി

115(5274) ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തിന് സഹായകരമാകുംവിധം പദ്ധതികൾ ആസൂത്രണം ചെയ്യണമെങ്കിൽ ഇക്കാര്യത്തിൽ സമഗ്രമായ വിവരശേഖരണം നടത്തണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംരംഭങ്ങളുടെ ബാഹുല്യം നിമിത്തം കൃത്യമായ വിവരം ശേഖരിക്കുന്നതിനുള്ള പ്രയാസം കണക്കിലെടുത്ത് വിവരശേഖരണത്തിനായി വ്യവസായ ജാലകം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തിന് സഹായകരമാകുംവിധം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സമഗ്രമായ വിവരശേഖരണം നടത്തുന്നതിന്റെ ഭാഗമായി വ്യവസായ ജാലകം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാനത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ച് മൊബൈൽ ആപ്പ് വഴിയാണ് വിവരങ്ങൾ ശേഖരിക്കുന്നത്. ഇതിനോടകം ഒരു ലക്ഷത്തി നാല്പതിനായിരത്തോളം വ്യവസായ യൂണിറ്റുകളുടെ വിവരങ്ങൾ മേൽ പ്രകാരം സർവ്വേ നടത്തി വ്യവസായ ജാലകം സ്ഥിതി വിവര

ശേഖരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുമോ?

വ്യവസായ ജാലകം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എൻ ഐ സി കോഡ് -2004 പ്രകാരമുള്ള ആക്ടിവിറ്റികളുടെ അടിസ്ഥാനത്തിലാണ് നിലവിൽ വിവര ശേഖരണം നടത്തിയിട്ടുള്ളത്.

(ഡി) ചെറുകിട വ്യവസായ സംരംഭങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി വ്യവസായ ഭൂപടം സജ്ജീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വ്യവസായ ജാലകം പദ്ധതിയുടെ ഭാഗമായി കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിച്ചതിൽനിന്നും എം.എസ്.എം.ഇ.-കളുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം അനുസരിച്ച് വ്യവസായ ഭൂപടം തയാറാക്കിയിട്ടുണ്ട്.

ഭക്ഷ്യ സംസ്കരണ മേഖലയിൽ കേരള ബ്രാൻഡ്

116(5275) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സംസ്കരണ മേഖലയിൽ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ

പ്രാധാന്യം കണക്കാക്കി പ്രസ്തുത മേഖലയുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ വ്യവസായ വകുപ്പ് സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യസംസ്കരണ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് വിവിധ പദ്ധതികൾ കേന്ദ്രസംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിവരുന്നുണ്ട്.

1. ഭക്ഷ്യസംസ്കരണ മേഖലയിലെ സൂക്ഷ്മ സംസ്കരണ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ മേൽ നോട്ടത്തിൽ നടപ്പിലാക്കിവരുന്നു.

2. സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ (ARISE) എന്ന പദ്ധതിവഴി കാർഷിക ഭക്ഷ്യസംസ്കരണ മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നവരെ Kerala Institute of Entrepreneurship Development (KIED) മുഖേന ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുകയും അവർക്കാവശ്യമായ incubation support പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കുകയും ചെയ്യുന്നു.

3. ഭക്ഷ്യ സംസ്കരണ മേഖലയിൽ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രാധാന്യം

കണക്കാക്കി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കിവരുന്ന സംരംഭക സഹായപദ്ധതിയിൽ (ESS) ഭക്ഷ്യ സംസ്കരണ മേഖലയിലുള്ള സംരംഭങ്ങൾക്ക് 10% അധികസബ്സിഡി നൽകിവരുന്നുണ്ട്. വ്യവസായ വകുപ്പ് ഭക്ഷ്യസംസ്കരണ മേഖലയിൽ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് വിശകലനം ചെയ്യുന്ന ദ്വിദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. ഭക്ഷ്യ സംസ്കരണ മേഖലയിൽ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രാധാന്യം കണക്കാക്കി കിൻഫ്ര നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. കിൻഫ്ര സ്ഥാപിച്ചിട്ടുള്ള പദ്ധതികൾ ഭക്ഷ്യ സംസ്കരണ പാർക്ക്, കാക്കഞ്ചേരി, മലപ്പുറം കാർഷിക ഭക്ഷ്യ സംസ്കരണത്തിനായുള്ള പ്രത്യേക സാമ്പത്തിക മേഖല, കാക്കഞ്ചേരി, മലപ്പുറം ഭക്ഷ്യ സംസ്കരണ പാർക്ക്, അട്ടൂർ ഭക്ഷ്യ സംസ്കരണ മേഖല, കിൻഫ്ര വ്യവസായ പാർക്ക്, മഴുവന്നൂർ സീഫുഡ് പാർക്ക്, അത്താണി, ആലപ്പുഴ-കിൻഫ്രയും എം.പി.ഇ.ഡി.എ-യും സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷനുമായി ചേർന്നുള്ള സംയുക്ത സംരംഭം. നിലവിൽ നടപ്പിലാക്കിയ പദ്ധതി മെഗാഫുഡ് പാർക്ക്, പാലക്കാട് പുതിയ പദ്ധതികൾ സൈസസ് പാർക്ക്, മുട്ടം, തൊടുപുഴ, ഇടുക്കി റൈസ് ടെക്നോളജി പാർക്ക്, പാലക്കാട് & ആലപ്പുഴ ഭക്ഷ്യ സംസ്കരണ മേഖലയുടെ വികസനത്തിനായി

ചേർത്തല താലൂക്കിൽ പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ മെഗാ ഫുഡ് പാർക്ക്, മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രീസിന്റെ സഹായത്തോടെ നടപ്പാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് ഉത്പന്ന വിതരണ ശൃംഖല മെച്ചപ്പെടുത്താനായി സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ ഉത്പന്ന വിതരണത്തിനായി ജില്ലാ തലത്തിൽ MSME എക്സിബിഷനുകൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്. കൂടാതെ ഭക്ഷ്യ മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് സംസ്ഥാനതലത്തിൽ അഗ്രോ ഫുഡ്പ്രോ എക്സിബിഷനുകൾ നടത്തിവരുന്നുണ്ട്. സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ ഉത്പന്നങ്ങളുടെ വിപണനത്തിനായി പ്രത്യേക വെബ്പോർട്ടൽ നിലവിലുണ്ട്. ഇതുകൂടാതെ വാണിജ്യ മേഖലയുടെ പ്രശ്ന പരിഹാരത്തിനായി commerce mission നിലവിലുണ്ട്.

(സി) വ്യവസായ മേഖലയിൽ കേരള ബ്രാൻഡ് സൃഷ്ടിച്ച് ആയതുവഴി കേരള ബ്രാൻഡ് ഉത്പന്നങ്ങൾ എന്ന രീതിയിൽ യാഥാർത്ഥ്യമാക്കാനുള്ള തുടർ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിക്ഷേപകർക്ക് പരമാവധി പിന്തുണ നൽകുന്നതിനും

വ്യവസായ മേഖലയ്ക്ക് ഒരു പുതിയ വളർച്ചാ ശ്രമം സൃഷ്ടിക്കുന്നതിനും നിക്ഷേപകരും കേരള സർക്കാരും തമ്മിലുള്ള ആശയവിനിമയ വിടവ് നികത്തുന്നതിനുമുള്ള സമഗ്രമായ ശ്രമങ്ങൾ നടത്തി കേരള ബ്രാൻഡ് രാജ്യത്തിനുള്ളിലും ആഗോളതലത്തിലും പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പ് വാണിജ്യ മിഷൻ മുഖേന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

മഞ്ചേശ്വരം താലൂക്ക് വ്യവസായ കേന്ദ്രം

117(5276) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി നിലവിൽ വന്ന മഞ്ചേശ്വരം താലൂക്കിൽ വ്യവസായ കേന്ദ്രം ഇല്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ അവിടെ വ്യവസായ കേന്ദ്രം ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ എന്ന് വിശദമാക്കുമോ; ഈ വർഷംതന്നെ താലൂക്ക് വ്യവസായ കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മഞ്ചേശ്വരം ഉൾപ്പെടെ നിലവിൽ വ്യവസായ കേന്ദ്രങ്ങളില്ലാത്ത

താലൂക്കുകളിൽ താലൂക്ക് വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രവൃത്തി പഠനത്തിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല.

ഉത്തരവാദിത്ത വ്യവസായം

118(5277) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത വ്യവസായം സംസ്ഥാന പുരോഗതിക്കായി എപ്രകാരം ഉപയോഗപ്രദമാക്കാമെന്നും അതിനായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ ഏതെല്ലാം വ്യവസായങ്ങൾക്കാണ് സർക്കാർ പ്രാധാന്യം നൽകുന്നതെന്നും വ്യവസായം തുടങ്ങാനാഗ്രഹിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ വാഗ്ദാനം ചെയ്തിട്ടുള്ളതെന്നും എത്ര പേർ അപേക്ഷകരായി എത്തിയെന്നും അറിയിക്കാമോ; ആയത് സംബന്ധിച്ച തുടർപ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

(എ&ബി) പരിസ്ഥിതിക്കനുയോജ്യവും താരതമ്യേന മലിനീകരണം

കുറഞ്ഞതുമായ വ്യവസായങ്ങൾ കേരളത്തിന്റെ ആവാസവ്യവസ്ഥക്ക് അനുയോജ്യമാണെന്നുള്ള വിലയിരുത്തലാണ് സർക്കാരിനുള്ളത്. ഇൻഫർമേഷൻ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, ബയോടെക്നോളജി, മെഡിക്കൽ ഡിവൈസസ്, കൺസ്യൂമബിൾസ്, ഇലക്ട്രോണിക്സ്, ഫുഡ് പ്രോസസിംഗ് എന്നീ വിഭാഗങ്ങളിൽപ്പെടുന്ന വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നത്, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനോടൊപ്പം പരിസ്ഥിതിക്കനുയോജ്യമായിട്ടുള്ള ഉത്തരവാദിത്ത വ്യവസായങ്ങളാണെന്ന് വിലയിരുത്തിയിട്ടുണ്ട്. വ്യവസായ രംഗത്തു കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവരെ സഹായിക്കാനുമുതകുന്ന വിവിധ നിയമനിർമ്മാണങ്ങൾ മുൻ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. '2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' , '2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള

സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

പിൻവാതിൽ നിയമനം

119(5278) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ വ്യവസായ വകുപ്പിന് കീഴിൽവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ എവിടെയെങ്കിലും താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ ആരെയൊക്കെ സ്ഥിരപ്പെടുത്തിയെന്നും അവരുടെ തസ്തിക, ശമ്പള സ്കെയിൽ, സ്ഥിരപ്പെടുത്തിയ തീയതി തുടങ്ങിയ വിശദാംശങ്ങളും അറിയിക്കാമോ?

ഇതുസംബന്ധിച്ച വിശദവിവരം അനുബന്ധം 1*, അനുബന്ധം 2* എന്നിവയായി ചേർത്തിരിക്കുന്നു.

(സി) ഇത്തരത്തിൽ പിൻവാതിൽ നിയമനം നൽകുന്നത് സർക്കാരിന്റെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രഖ്യാപിത നയത്തിനനുസൃതമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പിൻവാതിൽ നിയമനം സർക്കാർ നടത്തിയിട്ടില്ല. കരാർ അടിസ്ഥാനത്തിൽ ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ പത്ത് വർഷത്തിൽ കൂടുതൽ ജോലി ചെയ്തുവന്നിരുന്ന ജീവനക്കാരുടെ പ്രവൃത്തി പരിചയവും സാങ്കേതിക വൈദഗ്ധ്യവും കണക്കിലെടുത്ത് അവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടായിരുന്നു. പ്രസ്തുത കരാർ ജീവനക്കാരെ കരാർ വ്യവസ്ഥയിൽ നിശ്ചിത നിയമനവ്യവസ്ഥയിലൂടെയാണ് തെരഞ്ഞെടുത്തിരുന്നത്.

വിപണി സാധ്യത പ്രോത്സാഹിപ്പിക്കാൻ പദ്ധതി

120(5279) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ചെറുകിട ഇടത്തരം സൂക്ഷ്മസംരംഭങ്ങളിലെ ഉത്പന്നങ്ങളുടെ വിപണി സാധ്യത പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ സൂക്ഷ്മ -ചെറുകിട- ഇടത്തരം വ്യവസായ

സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി സംസ്ഥാനത്തെയും ജില്ലകളിലെയും മികച്ച വ്യവസായ സംരംഭകർക്ക് ജനറൽ, വനിത, എസ്.സി/എസ്.ടി/ വിഭാഗങ്ങൾക്ക് സംസ്ഥാന ജില്ലാതല അവാർഡുകൾ നൽകുന്നു. സംരംഭകരുടെ ഉത്പന്നങ്ങൾക്ക് വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനായി വിശേഷാവസരങ്ങളിൽ എക്സിബിഷനുകൾ നടത്തുന്നു. അഖിലേന്ത്യാതലത്തിൽ മികച്ച ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നു. കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ -ചെറുകിട- ഇടത്തരം സംരംഭകരുടെ ഉത്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി വ്യവസായ വകുപ്പിനുവേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന ഒരു ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ (www.keralaemarket.com/ www.keralaemarket.org/www.keralaemarket.kerala.gov.in) രൂപീകരിച്ചു. ഈ വെബ്പ് പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ -ചെറുകിട -ഇടത്തരം സംരംഭങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉത്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയതലത്തിൽ വിപണി

കണ്ടെത്തുവാൻ സാധിക്കും. പ്രസ്തുത പോർട്ടൽ വികസിപ്പിച്ചതിലൂടെ സംസ്ഥാനത്തെ സൂക്ഷ്മ -ചെറുകിട- ഇടത്തരം വ്യവസായ സംരംഭങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആഗോളതലത്തിലുള്ള വ്യവസായികൾ/ബയർമാർ എന്നിവരുമായി ആശയവിനിമയം നടത്തുവാൻ സാധിക്കും. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന പ്രസ്തുത പോർട്ടലിലൂടെ സൂക്ഷ്മ -ചെറുകിട- ഇടത്തരം വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്ത് അവരുടെ ഉത്പന്നങ്ങളെയും സേവനങ്ങളെയുംകുറിച്ച് പ്രചരിപ്പിക്കുവാൻ സാധിക്കും. നിലവിൽ 1451 കമ്പനികളും കേരളത്തിലെ 28 പൊതുമേഖലാ സ്ഥാപനങ്ങളും ഈ വെബ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ തുടർന്നുവരുന്നു. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യുവാനും ഈ പോർട്ടൽ സഹായകരമാകും. നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ്പ് പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്താൻ സാധിക്കും. ഇത്തരത്തിലുള്ള സംരംഭങ്ങൾ കേരളത്തിലെ വ്യവസായങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും

ദേശീയ-അന്തർദ്ദേശീയ വിപണികളിൽ കടന്നു ചെല്ലുവാനും പ്രത്യേകിച്ച് കോവിഡ് കാലത്തിനുശേഷം അവർക്കു പ്രയോജനപ്പെടുന്ന ദേശീയ-അന്തർദ്ദേശീയ ബയർമാർ / കമ്പനികളുമായി വ്യാപാര പങ്കാളിത്തത്തിൽ ഏർപ്പെടുവാനും സാധിക്കും. ഇതിനുപുറമെ ചെറുകിട-ഇടത്തരം-സൂക്ഷ്മ സംരംഭങ്ങളുടെ വിപണി സാധ്യത പ്രോൽസാഹിപ്പിക്കുന്നതിനായി കിൻഫ്ര കാക്കനാട് ഒരു അന്തർദേശീയ നിലവാരമുള്ള എക്സിബിഷൻ സെന്റർ സ്ഥാപിക്കുവാനുള്ള പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതി

121(5280) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി എം.എസ്.എം.ഇ. യൂണിറ്റുകളുടെ ഉത്പാദന വികസനത്തിനും നവീകരണത്തിനുമുതകുന്ന രീതിയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരളത്തിലും പുറത്തും പ്രവർത്തിക്കുന്ന വിവിധ സാങ്കേതിക/ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലന സഹായങ്ങൾ സൂക്ഷ്മ -ചെറുകിട- ഇടത്തരം സംരംഭകരുടെ വികസനത്തിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിലും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റിന്റെ നേതൃത്വത്തിലും ചെയ്തുവരുന്നുണ്ട്. ഇതുകൂടാതെ വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുന്നതിനും സംരംഭകത്വം പരിചയപ്പെടുത്തുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ.ഡി ക്ലബ്ബുകൾ രൂപീകരിച്ചും സഹായം നൽകിവരുന്നുണ്ട്. സർക്കാർ-ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

ചെറുകിട വ്യവസായ മേഖലയുടെ വികസനം

122(5281) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ മേഖലയുടെ വികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം

സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉത്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്കാവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാനാവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം നൽകുകയും ചെയ്യുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും, ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ

ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നൽകിയിട്ടുണ്ട്. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക് - ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തിവരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും; മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ചയ്ക്കായി കേന്ദ്രസർക്കാരിന്റെ MSE-CDP പദ്ധതി പ്രകാരം വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ക്ലസ്റ്റർ വികസന പദ്ധതി. ഒരു പ്രദേശത്ത് സമാന മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനും അവർക്കാവശ്യമായ പൊതുവായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കൽ, സാങ്കേതിക മികവ് വർദ്ധിപ്പിക്കൽ, വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കൽ, സാങ്കേതിക പരിശീലനങ്ങൾ തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

സൂക്ഷ്മ – ചെറുകിട - ഇടത്തരം സംരംഭങ്ങളുടെ വാണിജ്യ വികസനം ലക്ഷ്യമാക്കി എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. എക്സിബിഷനുകൾ സംഘടിപ്പിക്കുന്നു. കാർഷിക-ഭക്ഷ്യസംസ്കരണ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടും ആ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്നതിനുമായി സംസ്ഥാനതലത്തിൽ കേരള അഗ്രോ ഫുഡ് പ്രോ സംഘടിപ്പിക്കുന്നു. കൂടാതെ സംരംഭങ്ങൾക്ക് പുതിയ സാങ്കേതിക വിദ്യ പരിചയപ്പെടുത്തുന്നതിനും സാങ്കേതിക വിദ്യ നൽകുന്ന സ്ഥാപനങ്ങളുമായി നേരിട്ട് ആശയവിനിമയം നടത്തുന്നതിനും ലക്ഷ്യമാക്കി മെഷിനറി എക്സ്പോ സംഘടിപ്പിക്കുന്നു. കേരളത്തിലെ വാണിജ്യ മേഖലയുടെ പ്രോത്സാഹനത്തിനും വികസനത്തിനും, സംസ്ഥാനത്തിലെ തനതായ ഉത്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതും തുടങ്ങി വിവിധ ലക്ഷ്യങ്ങളെ മുൻനിർത്തി വാണിജ്യ മിഷന് സർക്കാർ രൂപം നല്കിയിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയുടെ വികസനത്തിനായി ചുവടെ സൂചിപ്പിച്ചിരിക്കുന്ന സാമ്പത്തിക സഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. 1. സംരംഭക സഹായ പദ്ധതി (ESS) 2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി 3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി 4. പ്രവർത്തനരഹിതമായ എം

എസ് എം ഇ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നത്/ പുനരധിവസിപ്പിക്കുന്നതിനായി a. Revival and rehabilitation scheme for defunct MSMEs and cashew processing units b. The Kerala stressed MSMEs Revival & Rehabilitation Scheme 5.കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി.

(ബി) പ്രസ്തുത മേഖലയുടെ പുനരുദ്ധാരണത്തിനായി നടപ്പ് ബഡ്ജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രവർത്തനരഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. യൂണിറ്റുകളെ പിന്തുണയ്ക്കാൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. a.Revival and rehabilitation scheme for defunct MSMEs and cashew processing units b. The Kerala stressed MSMEs Revival & Rehabilitation Scheme. പ്രസ്തുത പദ്ധതികൾക്കായി ആകെ 11 കോടി രൂപ നടപ്പ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നിലവിൽ എന്തെല്ലാം ധന സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

1. Prime Ministers Formalization of Micro Food Processing Enterprises (PMFME) - ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ

സംസ്കരണ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) വ്യവസായ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നു. അസംഘടിതമേഖലയിലുള്ള സൂക്ഷ്മ ഭക്ഷ്യസംസ്കരണ സംരംഭങ്ങളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനും ആ മേഖലയുടെ ഔപചാരികവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, കാർഷിക ഉത്പ്പാദകസംഘടനകൾ (FPOs), സ്വയംസഹായ സംഘങ്ങൾ (SHGs), ഉത്പ്പാദക സഹകരണ സംഘങ്ങൾ എന്നിവയെ അവയുടെ മൂല്യ ശൃംഖലകളിൽ ആകമാനം പിന്തുണയ്ക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പി.എം.എഫ്.എം.ഇ പദ്ധതി ഒരു ജില്ലയിൽ ഒരു ഉത്പന്നം എന്ന രീതിയിലാണ് ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയനുസരിച്ച് ഓരോ ജില്ലയിലും ഭക്ഷ്യസംസ്കരണ മേഖലയിൽനിന്നുള്ള ഒരു ഉത്പന്നം വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ട് ആയി തെരഞ്ഞെടുത്തിട്ടുണ്ട്. പ്രോജക്ട് ചെലവിന്റെ 35%, പരമാവധി 10 ലക്ഷം രൂപ വരെ 60-40 അനുപാതത്തിൽ കേന്ദ്ര-കേരളം സർക്കാരുകൾ സബ്സിഡി ആയി നൽകുന്നതാണ് പ്രസ്തുത പദ്ധതി.

2. MSE-CDP പദ്ധതി- സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ചയ്ക്കായി കേന്ദ്രസർക്കാരിന്റെ MSE-CDP പദ്ധതി പ്രകാരം വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ക്ലസ്റ്റർ വികസന പദ്ധതി. ഒരു പ്രദേശത്ത് സമാന മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനും അവർക്കാവശ്യമായ പൊതുവായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കൽ, സാങ്കേതിക മികവ് വർദ്ധിപ്പിക്കൽ, വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കൽ, സാങ്കേതിക പരിശീലനങ്ങൾ തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

3. സംരംഭക സഹായ പദ്ധതി - വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്

4. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി- 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധനനിക്ഷേപം ഉള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണബോർഡിന്റെ

മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉത്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. 5. ചെറുകിട യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി- വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നൽകിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

6. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി.

റബ്ബറധിഷ്ഠിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന ഫാക്ടറികൾ

123(5282) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റബ്ബർ കർഷകരെ സഹായിക്കാൻ പ്രകൃതിദത്ത റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗപ്പെടുത്തി വിവിധ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഫാക്ടറികൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മൂല്യവർദ്ധിത റബ്ബർ ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ, സിയാൽ മാതൃകയിൽ, ഒരു കമ്പനി

സർക്കാർ ശുപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ കരട് പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ സമർപ്പിച്ചിട്ടുണ്ട്. KSIDC-യുടെ പങ്കാളിത്തത്തോടെയാണ് പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നത്. പദ്ധതിക്കാവശ്യമായ ഭൂമി കണ്ടെത്തുവാൻ കിൻഫ്രയെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് സംസ്ഥാന സർക്കാരിനു ലഭിച്ച HNL-ന്റെ ഭൂമിയിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. കേരള റബർ ലിമിറ്റഡിന് ഭൂമി ലഭ്യമായാലുടൻതന്നെ പദ്ധതിക്ക് തറക്കല്ലിടാനും അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ച് പ്രസ്തുത പദ്ധതിയുടെ തുടർപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുവാനുമാണ് ഉദ്ദേശിക്കുന്നത്. വടക്കൻ മലബാറിലെ റബ്ബർ കർഷകരുടെ ഉന്നമനത്തിനായി കണ്ണൂർ ജില്ലയിൽ KSIDC-യുടെ പങ്കാളിത്തത്തോടുകൂടി റബ്ബറധിഷ്ഠിത വ്യവസായ യൂണിറ്റ് സ്ഥാപിക്കുന്നതിനായുള്ള നടപടി പുരോഗമിക്കുന്നു. ആദ്യഘട്ടത്തിൽ എക്സ്ട്രാമിനേഷൻ ഗ്ലൗസ്/സർജിക്കൽ ഗ്ലൗസ് തുടങ്ങിയ ഉത്പന്നങ്ങളാവും ഉത്പാദിപ്പിക്കുക. റബ്ബർ ബോർഡിന്റെ സാങ്കേതിക സഹായത്തോടെയാകും നിർദ്ദിഷ്ട യൂണിറ്റ് നിലവിൽ വരുക. ഈ കമ്പനിയിൽ ഓഹരി പങ്കാളിത്തം ആകർഷിക്കുന്നതിനായി റബ്ബർ കർഷകരെയും സൊസൈറ്റികളെയും സ്വകാര്യ സംരംഭകരെയും പ്രവാസികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു

നിക്ഷേപക സംഗമം 18/02/2020-ൽ കണ്ണൂരിൽ വച്ച് നടത്തപ്പെടുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

പരമ്പരാഗത വ്യവസായം

124(5283) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്ക വ്യവസായത്തിൽനിന്നും ലഭിക്കുന്ന വരുമാനം പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പരമ്പരാഗത രീതിയിൽ കക്ക വാരി ഉപജീവനം നടത്തുന്ന ഇത്തരം തൊഴിലാളികൾക്ക് കക്ക വാരാനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) കേരള ഇൻലാന്റ് ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ആക്ട് 2010-ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കക്ക ശേഖരിക്കുന്നതിന് തടസ്സങ്ങൾ ഇല്ല. പരമ്പരാഗത രീതിയിൽ കക്ക വാരി ഉപജീവനം നടത്തുന്ന

തൊഴിലാളികളുടെ സഹകരണ സംഘങ്ങൾക്ക് കക്ക വാരുന്നതിനുള്ള ലൈസൻസും കക്ക ഗതാഗതം ചെയ്യുന്നതിനുള്ള പെർമിറ്റും നിശ്ചിത തുക റോയൽറ്റി ഈടാക്കി നൽകിവരുന്നുണ്ട്.

കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി

125(5284) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി പ്രാവർത്തികമാക്കാൻ നാളിതുവരെയായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും ആയതിന്റെ പുരോഗതിയും അറിയിക്കാമോ?

വ്യവസായ രംഗത്ത് വൻ കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന മേഖലയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉത്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴിയുടെ ഭാഗമായി കേരളത്തിൽ നടപ്പാക്കുന്നത്. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്ക് ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും.

ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരം ഒരുക്കും. കൊച്ചി-ബാംഗ്ലൂർ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50%-ഉം National Industrial Corridor Development & Implementation Trust (NICDIT)-ന്റെ 50% ഉം പങ്കാളിത്തമുള്ള ഒരു Special Purpose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നിർവ്വഹണത്തിനായി കിൻഫ്രയുടെ നേതൃത്വത്തിൽ "ദി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്" എന്ന കമ്പനി രൂപീകൃതമായിട്ടുള്ളതാണ്. കൊച്ചി-ബാംഗ്ളൂർ വ്യവസായ ഇടനാഴി പദ്ധതി സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ കിൻഫ്ര നടത്തിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, കൊച്ചിയിൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ആന്റ് ഫിനാൻഷ്യൽ ട്രേഡ് സിറ്റി (GIFT) വികസിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. പാലക്കാട്, കണ്ണമ്പ്ര, പുതുശ്ശേരി സെൻട്രൽ ഒഴലപ്പതി, പുതുശ്ശേരി സെൻട്രൽ & ഈസ്റ്റ്

എന്നീ സ്ഥലങ്ങളിൽ 1720 ഏക്കർ ഭൂമി കണ്ടെത്തുകയും, പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്രയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. മറ്റ് സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിംഗ് ഉൾപ്പെടെയുള്ള തുടർനടപടികൾ പുരോഗമിച്ചുവരുന്നു. ഡിസംബർ 2021-ഓടുകൂടി ഭൂമി ഏറ്റെടുക്കുവാൻ വേണ്ട നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊച്ചിയിൽ സ്ഥാപിക്കുന്ന ഗിഫ്റ്റ് സിറ്റിക്ക് എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 220 Hectres (543 ഏക്കർ) ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹിക ആഘാത പഠന റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. വ്യവസായ ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കലും തുടർപ്രവർത്തനങ്ങളും സസൂക്ഷ്മം വിലയിരുത്തുന്നതിനായി പോർട്ടൽ വഴി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി

126(5285) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി ചെറുതും വലുതുമായ വ്യവസായ പാർക്കുകളും വ്യവസായശാലകളും സൃഷ്ടിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായുള്ള ഭൂമി ഏറ്റെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഇതിനകം എത്ര ഏക്കർ ഭൂമി ഏറ്റെടുത്തുവെന്നും വെളിപ്പെടുത്താമോ?

(എ&ബി) സംസ്ഥാനത്ത് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നോഡൽ ഏജൻസിയായ കിൻഫ്ര പാലക്കാട് നോഡ് വികസിപ്പിക്കുന്നതിന് 1720 ഏക്കർ ഭൂമിയും കൊച്ചിയിൽ ഒരു 'ഗിഫ്റ്റ് സിറ്റി' (GIFT City) സ്ഥാപിക്കുന്നതിന് ആലുവ താലൂക്കിൽ അയ്യമ്പുഴയിൽ 500 ഏക്കർ ഭൂമിയും കണ്ടെത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര 312 ഏക്കർ, പുതുശ്ശേരി-I 600 ഏക്കർ, പുതുശ്ശേരി-II 558 ഏക്കർ, ഒഴലപ്പതിയിൽ 250 ഏക്കർ എന്നീ ഭൂമികളാണ് വ്യവസായ

ഇടനാഴിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്രയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. അയ്യമ്പുഴയിലെ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിംഗ് പൂർത്തീകരിച്ചുകഴിഞ്ഞു. തുടർനടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലം ഏറ്റെടുക്കൽ ഡിസംബർ 2021-ഓടുകൂടി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

വ്യവസായ പാർക്ക്

127(5286) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ വ്യവസായ പാർക്ക് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത മണ്ഡലത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

(എ&ബി) വ്യവസായ വകുപ്പിന്റെ കീഴിൽ മഞ്ചേശ്വരം താലൂക്കിൽ കണ്ണൂർ വില്ലേജിൽപ്പെട്ട അനന്തപുരം എന്ന സ്ഥലത്ത് വ്യവസായ പാർക്ക് നിലവിലുണ്ട്.

വ്യവസായ പാർക്കുകളിലെ സംരംഭങ്ങൾ

128(5287) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ പാർക്കുകളിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ വേണ്ടി സ്ഥലം ലഭിച്ചവരിൽ പലരും ഭൂമിയും കെട്ടിടവും ഒഴിച്ചിട്ടിരിക്കുന്ന കാര്യം പരിശോധിക്കുമോ?

സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള വ്യവസായ പാർക്കുകളിൽ ഭൂമി അനുവദിക്കപ്പെട്ടിട്ടുള്ള യൂണിറ്റുകൾ ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽത്തന്നെ പ്രവർത്തനം ആരംഭിക്കുന്നുണ്ടോയെന്ന് അതാത് എസ്റ്റേറ്റ് ഓഫീസർമാർ പരിശോധിച്ച് ബന്ധപ്പെട്ട ജനറൽ മാനേജർമാർക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്. പ്രവർത്തനം ആരംഭിക്കാത്ത യൂണിറ്റുകളിന്മേൽ നിയമാനുസൃതമായ നടപടികൾ ജനറൽ മാനേജർമാർ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കാത്ത സ്ഥലങ്ങളിലെ

കെട്ടിടങ്ങൾ തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ 08/01/2020-ലെ GO(MS)No.08/2020/ID സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് പ്രവർത്തനരഹിതമായ വ്യവസായ ഭൂമി തിരിച്ചെടുക്കുന്നത്. ടി ഉത്തരവിലെ ഖണ്ഡിക (9)-ൽ, വ്യവസായ ഭൂമി ലഭിക്കുന്ന സംരംഭകൻ 6 മാസത്തിനുള്ളിൽ പ്രാരംഭ പ്രവർത്തനം ആരംഭിക്കേണ്ടതാണെന്നും ടിയാൻ കരാറിൽ ഏർപ്പെട്ട തീയതി മുതൽ 1 വർഷത്തിനുള്ളിൽ വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനം ആരംഭിക്കണമെന്നും കൂടാതെ നിഷ്കർഷിക്കപ്പെട്ട കാലയളവിനുള്ളിൽ ന്യായമായ എന്തെങ്കിലും കാരണത്താൽ ടിയാന് പ്രവർത്തനം ആരംഭിക്കുന്നതിനോ ഉത്പാദനം തുടങ്ങുന്നതിനോ കഴിയാതെ വന്നാൽ ബന്ധപ്പെട്ട അധികാരിക്ക് (ജനറൽ മാനേജർ) 12 മാസക്കാലയളവുകൂടി നീട്ടി നൽകാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ നടപടികൾ സംരംഭകൻ പ്രാവർത്തികമാക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് എല്ലാ എസ്റ്റേറ്റുകളിലും ഒരു എസ്റ്റേറ്റ് ഓഫീസറെ നിയമിച്ചിട്ടുണ്ട്. ടി വ്യവസ്ഥ പാലിക്കാത്ത പക്ഷം, എസ്റ്റേറ്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, നിയമപ്രകാരമുള്ള നടപടികളിലൂടെ അതാത് ജനറൽ മാനേജർമാർ ടി ഭൂമി തിരിച്ചുപിടിക്കാറുണ്ട്. കൂടാതെ

പ്രവർത്തനത്തിലിരിക്കെ പ്രവർത്തനരഹിതമായ യൂണിറ്റുകൾക്ക് യൂണിറ്റ് പുനരാരംഭിക്കുന്നതിന് പരമാവധി ഒരു വർഷം അനുവദിക്കുകയും, ആരംഭിക്കാത്തപക്ഷം നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വ്യവസായ ഭൂമി തിരിച്ചെടുക്കുകയും ചെയ്യുന്നു.

പാലക്കാട് റൈസ് പാർക്കിന്റെ നിർമ്മാണ പുരോഗതി

129(5288) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ ആരംഭിക്കുന്ന ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിലെ കിൻഫ്ര മെഗാഫുഡ് പാർക്കിൽ ഒരു റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കാൻ പദ്ധതിയുണ്ട്. നെൽ കർഷകരുടെ ഉന്നമനത്തേയും ഈ മേഖലയുടെ മൂല്യവർദ്ധനയും ലക്ഷ്യമാക്കി അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ പാർക്കിൽ വിഭാവനം ചെയ്തിട്ടുണ്ട്. നെല്ല് സംസ്കരണ യൂണിറ്റും നെല്ലിൽ നിന്ന് ഉത്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനുള്ള സംവിധാനവുമാണ് പാർക്കിൽ വിഭാവനം

ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത പാർക്ക് എന്ന് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാവുമെന്നറിയിക്കാമോ?

2022 മാർച്ച് മാസത്തിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കിൻഫ്രയുടെ പെട്രോ കെമിക്കൽ പാർക്ക്

130(5289) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ ഫാക്ടിൽനിന്നും ഏറ്റെടുക്കുന്ന ഭൂമിയിൽ കിൻഫ്ര ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പെട്രോ കെമിക്കൽ പാർക്ക് പദ്ധതിക്കായി കൊച്ചിയിലെ ഫാക്ടിൽനിന്നും 481 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറി. ഇതിനായി കിഫ്ബി മുഖാന്തരം 977 കോടി രൂപയാണ് ഫാക്ടിന് നല്കിയത്. പ്രസ്തുത 481 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചു. ഈ 481 ഏക്കർ ഭൂമിയിൽ നിന്നും 170 ഏക്കർ

ഭൂമി ബി.പി.എസി.എൽ-ന് കിൻഫ്ര അലോട്ട് ചെയ്യുകയും രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. പദ്ധതിക്ക് കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. M/s Voyants Consultants Private Limited എന്ന കമ്പനിയാണ് ഇതിന്റെ രൂപരേഖ തയ്യാറാക്കിയത്. ഇപ്രകാരം അംഗീകരിച്ച രൂപരേഖ അടിസ്ഥാനമാക്കിയാണ് പ്രസ്തുത പദ്ധതിയുടെ അലോട്ട്മെന്റും വികസന പദ്ധതികളും നടപ്പിലാക്കുന്നത്. നാളിതുവരെ കിൻഫ്ര 29 സംരംഭകർക്ക് വിവിധ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ നേരിടുന്ന തടസ്സങ്ങളെന്താണെന്ന് വ്യക്തമാക്കാമോ?

നിലവിൽ പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സങ്ങൾ ഒന്നുമില്ല.

(സി) പ്രസ്തുത പദ്ധതി നടപ്പിലായാൽ സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

പെട്രോ കെമിക്കൽ പാർക്ക് പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാവുമ്പോൾ 10000-ഓളം തൊഴിലവസരങ്ങൾ പ്രത്യക്ഷമായും അതിലധികം തൊഴിലവസരങ്ങൾ പരോക്ഷമായും സൃഷ്ടിക്കപ്പെടുമെന്നാണ്

പ്രതീക്ഷിക്കുന്നത്.

വേളം ഗ്രാമപഞ്ചായത്തിലെ നാളികേര പാർക്ക്

131(5290) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ വേളം ഗ്രാമപഞ്ചായത്തിലെ മണിമലയിൽ നാളികേര പാർക്കിനായി ഏറ്റെടുത്ത സ്ഥലം കാടുവെട്ടി മതിൽ നിർമ്മിച്ച് സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് ഏജൻസിയാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതെന്നറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) LA നഷ്ടപരിഹാരത്തിന്റെ കേസ് സുപ്രീം കോടതിയിലും ഹൈക്കോടതിയിലും നിലനിൽക്കുന്നുണ്ട്. ആയതിനാൽ ഭൂമി ഏറ്റെടുത്തിട്ടുണ്ടെങ്കിലും നിയമപരമായ ഉടമസ്ഥാവകാശം ഇപ്പോഴും കെ.എസ്.ഐ.ഡി.സി.-യുടെ പക്കലില്ല. ഹൈക്കോടതിയുടെ ഉത്തരവു

പ്രകാരം കണക്കാക്കിയ നഷ്ടപരിഹാരത്തുക സ്പെഷ്യൽ തഹസിൽദാർ (LA) കൊയിലാണ്ടിക്ക് 02/08/2021-ന കൈമാറിയിട്ടുണ്ട്. സുപ്രീം കോടതി, ഹൈക്കോടതി വിധികൾക്കനുസൃതമായി കോഴിക്കോട് ജില്ലാ ഭരണകൂടവും കെ.എസ്.ഐ.ഡി.സി.-യും ഭൂവുടമകളുമായി നിലവിലുള്ള നഷ്ടപരിഹാര ത്തുകയിന്മേലുള്ള തർക്കങ്ങൾ പരിഹരിച്ച് എത്രയും വേഗം പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മണലൂർ മണ്ഡലത്തിലെ മിനിവ്യവസായ എസ്റ്റേറ്റുകൾ

132(5291) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ മിനി വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

മണലൂർ മണ്ഡലത്തിൽ - ചൂണ്ടൽ ഗ്രാമപഞ്ചായത്തിൽ തൃശ്ശൂർ ജില്ലാ മിനി വ്യവസായ സഹകരണ സംഘത്തിന്റെ കീഴിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇത്തരത്തിലുള്ള ഓരോ മിനിവ്യവസായ എസ്റ്റേറ്റിന്റെയും

വിസ്തീർണ്ണം എത്രയാണെന്നറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽ - ചൂണ്ടൽ ഗ്രാമപഞ്ചായത്തിൽ തൃശ്ശൂർ ജില്ലാ മിനിവ്യവസായ സഹകരണ സംഘത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ വിസ്തീർണ്ണം ഒരേക്കർ ആണ്.

(സി) ഓരോ മിനിവ്യവസായ എസ്റ്റേറ്റിലുമായി ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ മിനി എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ പേര് ചുവടെ ചേർക്കുന്നു. 1. കെ.പി.കെ എഞ്ചിനീയറിംഗ് വർക്സ് 2. കാരാട്ടിയിൽ സ്റ്റീൽ ഫാബ്രിക്കേറ്റേഴ്സ് 3. സി.വി.സൺസ് 4. എവർഷൈൻ പൗഡർ കോട്ടിംഗ് 5. പീജെ റബ്ബർ പ്രോഡക്ട്സ് 6. ബെസ്റ്റ് എഞ്ചിനീയറിംഗ് വർക്സ് 7. പൂണർതം പ്ലാസ്റ്റിക്സ് 8. ജോളി മെറ്റൽസ് 9. ടയർ ടെഡ്സ് 10. തൃശ്ശൂർ മോഡേൺ ഹോം പ്ലസ് പ്രൈവറ്റ് ലിമിറ്റഡ് 11. വിവിധ് പ്ലാസ്റ്റിക്സ് 12. ഇന്റലിജന്റ് ഡിസൈൻ 13. ബെഞ്ചി ഇൻഡസ്ട്രീസ് 14. റാഡോ ഇൻഡസ്ട്രീസ് 15. സെന്റ് ജോസഫ് ഇൻഡസ്ട്രീസ്

(ഡി) മിനിവ്യവസായ പാർക്കുകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനായി വ്യവസായ വകുപ്പ് എന്തെല്ലാം

പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

മിനി വ്യവസായ പാർക്കുകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ പുതിയ സംരംഭം തുടങ്ങുന്നവർക്ക് സംരംഭത്തിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ അർഹമായ പരിശീലനവും സംരംഭക സഹായ പദ്ധതി മുഖാന്തരമുള്ള സാമ്പത്തിക ആനുകൂല്യങ്ങളും വിവിധ ലൈസൻസുകളും പെർമിറ്റുകളും ലഭ്യമാക്കുന്നതിനും മാർക്കറ്റിംഗിനുള്ള സഹായവും വകുപ്പ് നൽകിവരുന്നു.

വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് പ്രവർത്തനങ്ങൾ

133(5292) ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി. നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വ്യവസായ മേഖലയിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സാമ്പത്തിക സഹായങ്ങൾ നൽകുക, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി

പ്രവർത്തിക്കുന്ന, കേരള സർക്കാരിന്റെ ഏറ്റവും പ്രമുഖമായ പൊതുമേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.). ഒരു സംരംഭത്തിന്റെ വിജയത്തിന് അത്യാവശ്യമായ നാല് പ്രധാന ഘടകങ്ങളാണ് ഉത്തേജനം നൽകൽ, പിന്തുണ നൽകൽ, പരിപോഷിപ്പിക്കൽ, സാമ്പത്തിക സഹായം നൽകൽ എന്നിവ. ഇപ്പറഞ്ഞ നാല് പ്രധാന ഘടകങ്ങളുമായി ബന്ധപ്പെട്ട് വിവിധങ്ങളായ സേവനങ്ങളാണ് കെഎസ്.ഐ.ഡി.സി നൽകിവരുന്നത്. ആകർഷകമായ വായ്പകൾ, വ്യവസായ പാർക്കുകളിലൂടെയുള്ള അടിസ്ഥാന സൗകര്യവികസനം, ഇൻകൃുബേഷൻ സൗകര്യം, വ്യവസായ അനുമതികൾ ലഭ്യമാക്കൽ, മാർഗ്ഗദർശനം നൽകൽ, മാർക്കറ്റിംഗ് സഹായം എന്നിവ ഇത്തരത്തിലുള്ള സഹായങ്ങളിൽ ചിലതാണ്. നിക്ഷേപകരെ ആകർഷിക്കാൻ സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാരിന്റെ പദ്ധതികൾക്കനുസരിച്ച് കെ.എസ്.ഐ.ഡി.സി. ആകർഷകമായ വായ്പകൾ നൽകിവരുന്നുണ്ട്. വായ്പാപരിധി 35 കോടി രൂപയിൽനിന്നും 100 കോടി രൂപയാക്കുന്നതിന് കെ.എസ്.ഐ.ഡി.സി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു വ്യവസായ സംരംഭത്തിനാവശ്യമായ എല്ലാ അനുമതികളും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി K-SWIFT എന്ന

ഓൺലൈൻ ഏകജാലക സംവിധാനം KSIDC നടപ്പിലാക്കിയിട്ടുണ്ട്. K-SWIFT-ലൂടെയാണ് വ്യവസായ സംരംഭങ്ങളുടെ അനുമതിയപേക്ഷകൾ സ്വീകരിക്കുന്നതും സംസ്ഥാന നിയമങ്ങളുടെ കീഴിലുള്ള അനുമതികൾ ലഭ്യമാക്കുന്നതും. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. 21 വകുപ്പുകളുടെയും ഏജൻസികളുടെയും 79 അനുമതികളും പെർമിറ്റുകളും ഇപ്പോൾ K-SWIFT വഴി നൽകിവരുന്നു. ഈ സംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി നിലവിലുള്ള വകുപ്പുകളുടെ കൂടുതൽ സേവനങ്ങളും, കൂടുതൽ വകുപ്പുകളും K-SWIFT-ൽ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി. എടുത്തുവരുന്നു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ (EODB) സംസ്ഥാനത്തിന്റെ നോഡൽ ഏജൻസിയാണ് കെ.എസ്.ഐ.ഡി.സി. EODB-യുടെ ഭാഗമായി കേന്ദ്രസർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (DPIIT) സംസ്ഥാനങ്ങൾക്ക് നിർദേശിച്ചിട്ടുള്ള സ്റ്റേറ്റ്/ഡിസ്ട്രിക്ട് ബിസിനസ് റിഫോം ആക്ഷൻ പ്ലാനുകൾ, റെഗുലേറ്ററി കംപ്ലൈയെന്സ്

ലഘൂകരിക്കൽ നടപടികൾ മുതലായവ മറ്റു വകുപ്പുകളുമായി ഏകോപനം നടത്തി DPIIT-ക്ക് അയച്ചുകൊടുക്കുന്ന ചുമതലയും കെ.എസ്.ഐ.ഡി.സി നിർവ്വഹിക്കുന്നു. ചുറ്റുമുള്ള മാറ്റങ്ങൾക്കനുസരിച്ച് കാലാനുസൃതമായി നയങ്ങളിലും, പദ്ധതികളിലും മാറ്റംവരുത്തി സംരംഭകന് ഏറ്റവും നല്ല സേവനം നൽകുക എന്ന കെ.എസ്.ഐ.ഡി.സി. മുൻകാലങ്ങളിൽ തുടർന്ന് വന്നിരുന്ന സമീപനം ഇനിയും തുടരുന്നതായിരിക്കും. ഇടത്തരം, വൻകിട പദ്ധതികൾക്കുമാത്രം വായ്പ അനുവദിച്ചിരുന്ന കെ.എസ്.ഐ.ഡി.സി., സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ ഭാഗമായി അത്തരം സംരംഭകരെ സഹായിക്കുന്നതിനുവേണ്ടി നയമാറ്റം വരുത്തി സീഡ് ഫണ്ട്/സ്റ്റാർട്ടപ്പ് ഫണ്ട് നൽകിത്തുടങ്ങിയത് ഒരുദാഹരണമാണ്. വനിതാ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വി-മിഷൻ സ്കീം മുഖേന വനിതാ സംരംഭകർക്ക് വായ്പ ലഭ്യമാക്കുന്നതും മറ്റൊരുദാഹരണമാണ്. സംരംഭകരുടെ ആവശ്യങ്ങൾക്കനുസരിച്ച് മികച്ച സേവനം നൽകാൻ കെ.എസ്.ഐ.ഡി.സി. എക്കാലവും പ്രതിജ്ഞാബദ്ധമാണ്. ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.75%-10.75%) 10000 ലക്ഷം രൂപവരെ വായ്പയായി നൽകിവരുന്നു. ഓരോ ആറു മാസത്തിന്റെയും അവസാനം കുടിശിക

ഇല്ലായെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. കൂടാതെ, ഈ പ്രോജക്ടുകളിൽ പ്രമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രോജക്ടുകളിൽ വായ്പ - ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈടില്ലാതെയും വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1-ന് മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നൽകിവരുന്നു. മറ്റ് പ്രോജക്ടുകൾക്ക് ഇത് യഥാക്രമം 1:1-ഉം 1.5:1-ഉം ആണ്. ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിട്ടുള്ള പ്രത്യേക പരിഗണനയും കെ.എസ്.ഐ.ഡി.സി നൽകി പോരുന്നുണ്ട്. മാത്രമല്ല, കോവിഡ് മഹാമാരിയാൽ ബാധിക്കപ്പെട്ട എല്ലാ വ്യവസായങ്ങൾക്കും, കോവിഡ് 19 സമാശ്വാസ പദ്ധതി പാക്കേജ് അനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ

ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി.-യുടെ എസ്.ഡി.എഫ്.-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതുസൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷംകൊണ്ട് പലിശരഹിത അടവോടുംകൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്കാവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു. മാത്രമല്ല, പുതിയ ഉത്പാദന വ്യവസായങ്ങൾക്ക് (MSME) കേരള ഗവൺമെന്റിന്റെ സംരംഭകത്വ സഹായ പദ്ധതി (ESS) പ്രകാരം 40 ലക്ഷം രൂപവരെ സഹായധനം നൽകുന്നുണ്ട്.

(ബി) കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള വ്യവസായ പാർക്കുകളും ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളും എവിടെയൊക്കെയാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി വ്യവസായ രംഗത്ത് അടിസ്ഥാന സൗകര്യം ലഭ്യമാക്കിക്കൊണ്ട് കെ.എസ്. ഐ.ഡി.സി.-യുടെ കീഴിൽ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ വ്യവസായ വളർച്ചാകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത

വ്യവസായ വളർച്ചാകേന്ദ്രങ്ങളിൽ സ്ഥലം, കെട്ടിടം എന്നിവ വ്യവസായികൾക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടി ലഭ്യമാക്കുന്നുണ്ട്. എഞ്ചിനീയറിംഗ്/ജനറൽവ്യവസായങ്ങൾക്ക് അവസരമൊരുക്കുന്നതിനു വേണ്ടി കെ.എസ്.ഐ.ഡി.സി പാലക്കാട് ജില്ലയിൽ ഇൻവെസ്റ്റുമെന്റ് സോൺ സ്ഥാപിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് (ആമ്പല്ലൂർ, എറണാകുളം) സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. കൂടാതെ തിരുവനന്തപുരത്ത് തോന്നക്കലിൽ കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. മാത്രമല്ല ഭക്ഷ്യസംസ്കരണ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആലപ്പുഴ വ്യവസായ വളർച്ചാകേന്ദ്രത്തിൽ മെഗാ ഫുഡ്പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കൂടാതെ കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രീസ് കോറിഡോർ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് വ്യവസായ ഏകീകൃത ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലമെടുക്കൽ നടപടികൾ കിൻഫ്ര വഴി പുരോഗമിക്കുന്നുണ്ട്.

(സി) വ്യവസായ പുരോഗതിയോടൊപ്പം റബ്ബർ കർഷകർക്കും ഏറെ പ്രയോജനപ്രദമായേക്കാവുന്ന റബ്ബറിൽനിന്ന് മൂല്യവർദ്ധിതോല്പന്നങ്ങൾ നിർമ്മിക്കാൻ സിയാൽ മോഡൽ കമ്പനി സ്ഥാപിക്കാനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കുമോ?

മൂല്യവർദ്ധിത റബ്ബർ ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ, സിയാൽ മാതൃകയിൽ, ഒരു കമ്പനി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി, സർക്കാർ നിർദ്ദേശപ്രകാരം, കിറ്റ്കോയെ കൺസൾട്ടന്റായി കെ എസ് ഐ ഡി സി ഏർപ്പെടുത്തുകയും പദ്ധതിയുടെ കരട് ഡിപിആർ കിറ്റ്കോ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ തരത്തിലുള്ള റബ്ബർ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം സുഗമമാക്കുവാനുള്ള അടിസ്ഥാന സൗകര്യം, സ്ഥലം, മൂലധനം എന്നിവ കേരള റബ്ബർ ലിമിറ്റഡിലൂടെ ലക്ഷ്യമിടുന്നു. ഉയർന്ന വളർച്ചാനിരക്ക്, പ്രകൃതിദത്ത റബ്ബറിന്റെ (എൻആർ) ഉയർന്ന ഉപഭോഗം, കയറ്റുമതിയുടെ കൂടുതൽ സാധ്യത, ഉയർന്ന പ്രവർത്തന മാർജിൻ തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് ഉല്പാദിപ്പിക്കപ്പെടേണ്ട ഉത്പന്നങ്ങൾ കണ്ടെത്തി മൂല്യവർദ്ധന സംരംഭങ്ങൾ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. പദ്ധതിക്കാവശ്യമായ

ഭൂമി കണ്ടെത്തുവാൻ കിൻഫ്രയെ ചുമതലപ്പെടുത്തിയിരുന്നു, തുടർന്ന് സംസ്ഥാനസർക്കാരിന് ലഭിച്ച HNL-ന്റെ ഭൂമിയിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. കേരള റബ്ബർ ലിമിറ്റഡിന് ഭൂമി ലഭ്യമായാൽ ഉടൻതന്നെ പദ്ധതിക്ക് തറക്കല്ലിടാനും അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ച് പ്രസ്തുത പദ്ധതിയുടെ തുടർപ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുവാനുമാണ് കേരള റബ്ബർ ലിമിറ്റഡ് ഉദ്ദേശിക്കുന്നത്.

(ഡി) ചേർത്തലയിലെ മെഗാ ഫുഡ് പാർക്ക് വികസിപ്പിക്കുന്നതിലുള്ള തടസ്സം ഒഴിവാക്കാനായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ചേർത്തലയിലെ മെഗാ ഫുഡ് പാർക്ക് വികസിപ്പിക്കുന്നതിനുള്ള മുഖ്യ തടസ്സമായിരുന്ന സീവേജ് പൈപ്പ് ലൈൻ സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്.

പെട്രോ കെമിക്കൽ പാർക്കിന്റെ നിർമ്മാണം

134(5293) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി റിഫൈനറിയോടനുബന്ധിച്ച് സംസ്ഥാന സർക്കാർ ആരംഭിച്ച പെട്രോ കെമിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികളുടെ നാളിതുവരെയുള്ള പുരോഗതി വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പെട്രോ കെമിക്കൽ

പാർക്ക് പദ്ധതിക്കായി കൊച്ചിയിലെ ഫാക്ടിൽനിന്നും 481 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറി. ഇതിനായി കിഫ്ബി മുഖാന്തരം 977 കോടി രൂപയാണ് ഫാക്ടിന് നൽകിയത്. പ്രസ്തുത 481 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചു. ഈ 481 ഏക്കർ ഭൂമിയിൽനിന്നും 170 ഏക്കർ ഭൂമി ബി.പി.എസ്.എൽ-ന് കിൻഫ്ര അലോട്ട് ചെയ്യുകയും രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. പദ്ധതിക്ക് കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. M/s Voyants Consultants Private Limited എന്ന കമ്പനിയാണ് ഇതിന്റെ രൂപരേഖ തയ്യാറാക്കിയത്. ഇപ്രകാരം അംഗീകരിച്ച രൂപരേഖ അടിസ്ഥാനമാക്കിയാണ് പ്രസ്തുത പദ്ധതിയുടെ അലോട്ടുമെന്റും വികസന പദ്ധതികളും നടപ്പിലാക്കുന്നത്. നാളിതുവരെ കിൻഫ്ര 29 സംരംഭകർക്ക് വിവിധ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.

അത്താണി സിഡ്കോ പാർക്കിന്റെ അധീനതയിലുള്ള ഭൂമി

135(5294) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ അത്താണി സിഡ്കോ പാർക്കിന്റെ അധീനതയിലുള്ള ഭൂമി കയ്യേറ്റംമൂലം അന്യാധീനപ്പെട്ട സാഹചര്യം നിലവിലുണ്ടോയെന്നറിയിക്കുമോ;

(ബി) എങ്കിൽ അത് തിരിച്ചുപിടിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇപ്രകാരം ഭൂമി അന്യാധീനപ്പെട്ടിട്ടില്ലെങ്കിൽ പ്രസ്തുത പ്ലോട്ടുകൾ ചെറുകിട വ്യവസായ സംരംഭകർക്ക് അലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-സി) 04/03/1998-ലെ തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ ബി-9-5091/82 ഉത്തരവ് പ്രകാരം 11.81 ഏക്കർ ഭൂമി സിഡ്കോയ്ക്ക് വ്യവസായ പാർക്ക് ആരംഭിക്കുവാൻ അനുവദിച്ചുനൽകി. പ്രസ്തുത ഉത്തരവിൽ ടി പാർക്കിനോട് ചേർന്ന് മെ. തൃശ്ശൂർ ജില്ലാ പാഡി മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ചു നൽകിയ 91 സെന്റ് ഭൂമി തിരികെ സർക്കാരിൽ ഏല്പിക്കാനും പ്രസ്തുത സ്ഥലം സിഡ്കോ റീ-അലോട്ട് ചെയ്യുവാനും ഉത്തരവായിരുന്നു. എന്നാൽ സൊസൈറ്റിക്ക് പ്രസ്തുത പാർക്കിനോടുചേർന്ന് വ്യവസായ വകുപ്പ്

അനുവദിച്ച ഭൂമിക്ക് ഈടാക്കിയ അതേ വില ലീസ് പ്രീമിയമായി കണക്കാക്കണമെന്ന ആവശ്യത്തിന്മേൽ തീരുമാനമായിട്ടില്ല. വിലയിന്മേൽ തീരുമാനമായാൽ പാട്ട വ്യവസ്ഥയിലായിരിക്കും സൊസൈറ്റിക്ക് ഭൂമി അനുവദിച്ചുനൽകുക. കയ്യേറ്റംമൂലം ഭൂമി അന്യാധീനപ്പെട്ട സാഹചര്യം കാണുന്നില്ല. മറ്റ് ചെറുകിട വ്യവസായികൾക്ക് അനുവദിച്ച് നൽകുന്നതിന് അത്താണി വ്യവസായ വികസന പ്ലോട്ടിൽ ഒഴിവുള്ള ഭൂമി നിലവിലില്ല.

ഒരു മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക്

136(5295) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് എന്ന പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയെന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി അപേക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ-സി) ഒരു മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് എന്ന പദ്ധതി നിലവിൽ നടപ്പിലാക്കുന്നില്ല. എന്നാൽ പ്രൈവറ്റ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനായുള്ള സ്ഥലം ഓരോ മണ്ഡലത്തിലും കണ്ടെത്തുകയാണെങ്കിൽ പാർക്കിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ഇരിക്കൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിലെ സ്ഥാപനങ്ങൾ

137(5296) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഇല്ല. ജില്ലാ വ്യവസായ കേന്ദ്രത്തിനുകീഴിൽ ഇരിക്കൂർ മണ്ഡലത്തിൽ താഴെപ്പറയുന്ന 4

പഞ്ചായത്തിലും 1 മുനിസിപ്പാലിറ്റിയിലും ഓരോ സ്കിൽ ഡെവലപ്പ്മെന്റ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1. ഇരിക്കൂർ ഗ്രാമ പഞ്ചായത്ത്, 2. ആലക്കോട് ഗ്രാമ പഞ്ചായത്ത്, 3. ചെങ്ങളായി ഗ്രാമ പഞ്ചായത്ത്, 4. ഉളിക്കൽ ഗ്രാമ പഞ്ചായത്ത്, 5. ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റി. മേൽ സൊസൈറ്റികൾ പൂർണ്ണമായി പ്രവർത്തന സജ്ജമായിട്ടില്ല.

(സി) പ്രസ്തുത സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

സ്കിൽ ഡെലപ്പ്മെന്റ് മൾട്ടിപർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് 2 ലക്ഷം രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ടി പദ്ധതി വഴി നടപടികൾ സ്വീകരിച്ചുവരുന്നു.

കുട്ടനാട്ടിലെ വ്യവസായ സംരംഭങ്ങൾ

138(5297) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ സുലഭമായി ലഭിക്കുന്ന നെല്ല്, കായൽ മത്സ്യം, താറാവ് എന്നിവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കുന്നതിന്

നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

കുട്ടനാട്ടിൽ ലഭ്യമാകുന്ന നെല്ല്, കായൽ മത്സ്യം, താറാവ് എന്നിവയിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ വ്യവസായ വകുപ്പിനുകീഴിൽ നിലവിലുള്ള വിവിധ പദ്ധതികൾ ഉപയോഗപ്പെടുത്തി നടപടികൾ സ്വീകരിക്കാവുന്നതാണ്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതി, പ്രൈംമിനിസ്റ്റേഴ്സ് ഫോമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ), നാനോ സംരംഭകർക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി തുടങ്ങിയ സാമ്പത്തിക സഹായ പദ്ധതികൾ ഈ മേഖലയിലുൾപ്പെടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് നടപ്പിലാക്കുന്നത്. കാർഷികോത്പന്നങ്ങളിൽനിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതികൾ ലക്ഷ്യമാക്കി നെൽ കർഷകരുടെ ഉന്നമനവും ഈ മേഖലയുടെ മൂല്യവർദ്ധനയും പരിഗണിച്ച് ആലപ്പുഴ ജില്ലയിൽ റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. നെൽ കർഷകരുടെ ഉന്നമനവും ഈ മേഖലയുടെ മൂല്യവർദ്ധനയും ലക്ഷ്യമാക്കി അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, എഫ്ളുവെന്റ് ട്രീറ്റ്മെന്റ്

പ്ലാന്റ് എന്നിവ പാർക്കിൽ വിഭാവനം ചെയ്തിട്ടുണ്ട്. നെല്ല് സംസ്കരണ യൂണിറ്റ്, നെല്ലിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനുള്ള സംവിധാനവും പാർക്കിൽ വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്പന്നങ്ങളുടെ സ്വദേശ-വിദേശ ആവശ്യങ്ങൾ മനസ്സിലാക്കി ഇവയുടെ ഉത്പാദനത്തിനും സംസ്കരണത്തിനും വിതരണത്തിനും എന്തൊക്കെ പ്രത്യേക വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടികളുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യ ഉത്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ സംരംഭം ആരംഭിക്കുന്നതിന് കുട്ടനാട്ടിൽ വിവിധ സാധ്യതകളുണ്ട്. കുട്ടനാട്ടിൽ ലഭ്യമാകുന്ന നെല്ലിൽനിന്നും അരി, അരിപ്പൊടി കൂടാതെ പ്രദേശത്ത് ലഭ്യമാകുന്ന മത്സ്യസമ്പത്തിൽനിന്നും മത്സ്യ അച്ചാറുകൾ, സംസ്കരിച്ച മത്സ്യ ഉത്പന്നങ്ങൾ, കുട്ടനാടൻ താറാവ് ഇറച്ചി എന്നീ ഉത്പന്നങ്ങൾ പ്രാദേശികമായും വിദേശത്തേയ്ക്കും കയറ്റുമതി ചെയ്യുന്ന സംരംഭങ്ങൾക്കും സംരംഭസാധ്യതയുണ്ട്. വിനോദ സഞ്ചാര മേഖലയ്ക്ക് വളരെയധികം പ്രാധാന്യമുള്ള കുട്ടനാടിന് സ്വദേശികളും വിദേശികളുമായ വിനോദ സഞ്ചാരികൾക്ക് സന്ദർശിക്കാനുതകുന്ന തരത്തിൽ പ്രാദേശികമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള വിപണന കേന്ദ്രങ്ങൾ ഒരുക്കുകവഴി

ഉത്പന്നങ്ങൾ പ്രാദേശികമായിത്തന്നെ വിറ്റഴിക്കാൻ സാധിക്കുന്നതാണ്. സംരംഭക സഹായ പദ്ധതിയിൽ കാർഷികാധിഷ്ഠിത – ഭക്ഷ്യസംസ്കരണ മേഖലയിലുള്ള സംരംഭങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി അനുവദിക്കുന്നുണ്ട്. ഭക്ഷ്യസംസ്കരണ മേഖലയിലെ സൂക്ഷ്മസംസ്കരണ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള കേന്ദ്രഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ പ്രൈംമിനിസ്റ്റേഴ്സ് ഫോമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രൊസസിംഗ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ) എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നു. അസംഘടിതമേഖലയിലുള്ള സൂക്ഷ്മ വ്യക്തിഗത സംരംഭങ്ങളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനും ആ മേഖലയുടെ ഔപചാരികവത്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, കാർഷിക ഉത്പാദക സംഘടനകൾ (FPOs), സ്വയം സഹായ സംഘങ്ങൾ (SHGs), ഉത്പാദക സഹകരണ സംഘങ്ങൾ എന്നിവയെ അവയുടെ മൂല്യ ശൃംഖലകളിൽ ആകമാനം പിന്തുണയ്ക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

വ്യവസായാധിഷ്ഠിത ഗവേഷണ സ്ഥാപനങ്ങൾ

139(5298) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

വിദേശ രാജ്യങ്ങളിലുള്ളതുപോലെ വ്യവസായാധിഷ്ഠിതമായ പ്രായോഗിക ഗവേഷണ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സെൻട്രൽ ട്യൂബർ ക്രോപ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സെൻട്രൽ പ്ലാന്റേഷൻ ക്രോപ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുതലായ സ്ഥാപനങ്ങളുടെ സാങ്കേതിക പ്രാവീണ്യവും അവരുടെ ഇൻകുബേഷൻ സൗകര്യവും വ്യവസായികൾക്ക് സഹായകമാകുംവിധം ഉപയോഗിക്കാനുള്ള പ്രവർത്തനം വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചെയ്തുവരുന്നുണ്ട്.

കോവിഡ് രണ്ടാം വരവിൽ തകർന്ന വ്യാപാര - വാണിജ്യ മേഖല

140(5299)ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രണ്ടാം തരംഗത്തിൽ തകർന്ന ഹോട്ടൽ, ടൂറിസം, കാറ്ററിംഗ്, വസ്ത്ര വ്യാപാരികൾ, ഫൂട്ട്വെയർ, ചെറുകിട സംരംഭകർ, ഗൃഹോപകരണ വിപണി, മറ്റ് അനുബന്ധ വ്യവസായ മേഖലകൾ

എന്നിവയെ പുനരുജ്ജീവിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; പ്രസ്തുത മേഖലകളെ സംരക്ഷിക്കുവാൻ പ്രത്യേക പാക്കേജുകൾ പ്രഖ്യാപിക്കുമോ?

കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് ചെറുകിട വ്യവസായ സംരംഭകരെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, ഉത്പാദനവും വിപണനവും പ്രതിസന്ധിയിലായ വ്യവസായ സംരംഭകർക്കായി വിവിധ ദുരിതാശ്വാസ പദ്ധതികൾ ഉൾപ്പെടുത്തി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് വ്യവസായ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ് 19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശയിളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ

സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. ഉത്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള എം.എസ്.എം.ഇ യൂണിറ്റുകളാണ് പദ്ധതിവഴി സഹായത്തിന് അർഹമായിട്ടുള്ളത്.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽനിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണനാ വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപവരെ ഉയർത്തും. ഉത്പാദക മേഖലയിലുള്ള എല്ലാ സംരംഭങ്ങൾക്കും പദ്ധതിവഴി നിബന്ധനകൾക്ക് വിധേയമായി സഹായം ലഭ്യമാകും.

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവന മേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾകൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. നിലവിൽ 5 ലക്ഷം രൂപവരെ മൂലധന നിക്ഷേപമുള്ള

യൂണിറ്റുകൾക്കുമാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപവരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖലാ നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. വ്യാപാരി ക്ഷേമനിധി ബോർഡ് 2020-21 സാമ്പത്തിക വർഷങ്ങളിൽ ദുരിതത്തിലായ വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് പിഴ ഒഴിവാക്കി അംഗത്വം പുതുക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. അതോടൊപ്പം അംഗത്വം പുതുക്കുന്നതിനുള്ള കാലാവധിയും നീട്ടിയിട്ടുണ്ട്. സർക്കാരിൽനിന്നോ വ്യാപാരി ക്ഷേമനിധിയിൽനിന്നോ പെൻഷനോ മറ്റ് കോവിഡ് സാമ്പത്തിക സഹായമോ ലഭിക്കാത്ത വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് 1000/- രൂപ കോവിഡ് 19 ലോക്ക്ഡൗൺ ധനസഹായം അനുവദിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. വ്യാപാരി ക്ഷേമനിധിവഴി 9000 അംഗങ്ങൾക്ക് പ്രതിമാസം പെൻഷൻ വിതരണം ചെയ്തുവരുന്നുമുണ്ട്. കൂടാതെ 2021-2022 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജിൽ സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി

എന്നിവയ്ക്കായി 8300 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) വാടക, വൈദ്യുതി, നികുതി, വെള്ളക്കരം എന്നീ ഇനങ്ങൾക്ക് ഇളവുകൾ നൽകുമോ?

കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉടമസ്ഥതയിലുള്ളതും ലേലം ചെയ്ത് നൽകിയതുമായ എല്ലാ ഇനങ്ങൾക്കും കോവിഡ്-19 പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അടച്ചിട്ടിരുന്ന കാലയളവിനാനുപാതികമായി കിഴിവ് അനുവദിച്ചുകൊണ്ട് 27/07/2021 -ലെ സ.ഉ.(സാധാ)നം.1410/2021 ത.സ്വ.ഭ.വ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ നികുതി, വെള്ളക്കരം, വൈദ്യുതി എന്നീ ഇനങ്ങൾക്ക് നിലവിൽ ഇളവുകൾ അനുവദിച്ചിട്ടില്ല.

(സി) വ്യാപാരികൾക്ക് സബ്സിഡിയോടുകൂടിയ വായ്പകൾ നൽകുന്ന കാര്യം പരിഗണിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

സ്ത്രീ സംരംഭകർക്ക് പ്രോത്സാഹനം

141(5300) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സംരംഭകർക്ക് അവർ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനുള്ള പ്രോത്സാഹനം നൽകുവാനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് കുടുംബശ്രീ മുഖേനയുള്ള മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരിലൂടെ സ്ത്രീ സംരംഭകർ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് യഥാസമയം മനസ്സിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഈ രംഗത്ത് താഴെപ്പറയുന്ന പദ്ധതികളും നിലവിലുണ്ട്.

1. പെർഫോമൻസ് ട്രാക്കിംഗ് സോഫ്റ്റ്-വെയർ സംവിധാനത്തിലൂടെ സംരംഭങ്ങളുടെ നിലവിലെ അവസ്ഥ വിലയിരുത്തുന്നു.

2. സിക്ക് എം.ഇ റിവൈവൽ ഫണ്ട് സ്കീം പ്രകാരം പ്രവർത്തനം നിലച്ച/പൂട്ടിപ്പോയ സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നു.

3. വനിതാസംരംഭകരുടെ ഉത്പന്നങ്ങൾക്ക് വേണ്ടുന്ന മാർക്കറ്റിംഗ് സഹായങ്ങളും നൽകിവരുന്നു.

4. സാമ്പത്തികമായി വെല്ലുവിളികൾ നേരിടുന്ന യൂണിറ്റുകൾക്ക് വിവിധതരത്തിലുള്ള താത്കാലിക ആശ്വാസ സഹായ പദ്ധതിയും നിലവിലുണ്ട്.

5. സ്ത്രീ സംരംഭകർക്ക് സംരംഭക രംഗത്തെ നൂതന സാങ്കേതികവിദ്യകൾ

പരിചയപ്പെടുത്തുന്നതിനായി പെർഫോമൻസ് ഇംപ്രൂവ്മെന്റ് പോഗ്രാം രൂപീകരിച്ചിട്ടുണ്ട്.

6. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിന് വനിതാ വികസന കോർപ്പറേഷൻ ലളിതമായ വ്യവസ്ഥയിൽ 4-6% പലിശ നിരക്കിൽ വായ്പ നൽകിവരുന്നു. സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക മേഖലകളിലേയ്ക്ക് സ്ത്രീ സംരംഭകരെ ആകർഷിക്കുന്നതിന് താഴെപ്പറയുന്ന സഹായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സംരംഭക സഹായ പദ്ധതിയിൽ വനിതാസംരംഭകർക്ക് അധികമായി 10% സബ്സിഡി നൽകുന്നുണ്ട്. ടി പദ്ധതി പ്രകാരം ഉത്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 30 ലക്ഷംവരെ ധനസഹായം നൽകുന്നുണ്ട്. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ വനിതാ സംരംഭകർക്ക് 2% അധിക സബ്സിഡി അനുവദിക്കുന്നുണ്ട്. ചെറുകിട വ്യവസായ സംരംഭകർക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതിയിൽ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൽ വനിതാസംരംഭകരെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി

പദ്ധതിയിലൂടെ വനിതകളുൾപ്പെടുന്ന മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് പരമാവധി 4 ലക്ഷം രൂപ വരെ സഹായം നൽകും.

(ബി) സ്ത്രീ സംരംഭകരുടെ രജിസ്ട്രേഷൻ നടത്തുന്നതിനും മറ്റ് സാങ്കേതികവശങ്ങളെക്കുറിച്ചുള്ള അറിവ് പകർന്നുനൽകുന്നതിനും വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

കേന്ദ്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മന്ത്രാലയത്തിന്റെ രജിസ്ട്രേഷൻ പോർട്ടലായ ഉദ്യം രജിസ്ട്രേഷൻ ആണ് നിലവിലുള്ള പ്രധാന സംവിധാനം. സംസ്ഥാന വ്യവസായ വകുപ്പിന്റെ ഓൺലൈൻ സംവിധാനമായ 'വ്യവസായ ജാലകം' എന്ന പോർട്ടലിലൂടെയും സംരംഭക വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. സാങ്കേതിക വിദ്യയിലും മാനേജ്മെന്റിലും അറിവ് നൽകുന്നതിന് ടെക്നോളജി ക്ലിനിക്കുകളും ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകളും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കുടുംബശ്രീയുടെ ഭാഗമായി പ്രവർത്തിക്കുന്ന എല്ലാ സൂക്ഷ്മ സംരംഭ യൂണിറ്റുകളും സി.ഡി.എസ്സ്-കളിൽ രജിസ്റ്റർ ചെയ്യുകയും ജിയോടാഗിംഗ് ഉൾപ്പെടെ യൂണിറ്റുകളുടെ രജിസ്ട്രേഷനും സംരംഭകരുടെ വിവരങ്ങളും രേഖപ്പെടുത്തുന്നതിനായി എം.ഇ. സോഫ്റ്റ്വെയർ സംവിധാനവും നിലവിലുണ്ട്.

(സി) സ്ത്രീ സംരംഭകരുടെ ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിന് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്പന്നങ്ങൾ വിതരണം നടത്തുന്നതിന് എക്സിബിഷനുകൾ, വിപണന മേളകൾ, മാസചന്തകൾ, സരസ്സ് ഫെയറുകൾ, സ്ഥിര വിപണന കേന്ദ്രങ്ങൾ, കുടുംബശ്രീ ബസാർ, മാർക്കറ്റിംഗ് ഔട്ട്-ലെറ്റ് എന്നിവ നടത്തിവരുന്നു. കാർഷിക-ഭക്ഷ്യ സംസ്കരണ മേഖലയിലെ ഉത്പന്നങ്ങൾക്ക് വിപണിയൊരുക്കുന്നതിന് കേരള അഗ്രോ ഫുഡ് പ്രോ സംഘടിപ്പിക്കുന്നു. കൂടാതെ ഉത്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതിന് വാണിജ്യ മിഷന് രൂപം നൽകിയിട്ടുണ്ട്. ഓൺലൈൻ വ്യാപാരത്തിനായി www.keralaemarket.kerala.gov.in എന്ന പോർട്ടലും ആരംഭിച്ചിട്ടുണ്ട്. കൂടാതെ എറണാകുളത്ത് അന്തർദ്ദേശീയ നിലവാരമുള്ള ഒരു എക്സിബിഷൻ സെന്റർ നിർമ്മിച്ചുകൊണ്ട് ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

വ്യവസായ പദ്ധതികൾ

142(5301) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക പ്രശ്നങ്ങളും മറ്റ് എതിർപ്പുകളുംമൂലം ഏതെങ്കിലും

വ്യവസായ പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭ്യമാകാതെയും മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ അനുമതി ലഭിക്കാതെയും വിവിധ കാരണങ്ങളാൽ പരിസരവാസികളുടെ എതിർപ്പ് കാരണവും ചില സംരംഭങ്ങൾ നടപ്പിലാക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഇത്തരത്തിൽ വ്യവസായ സംരംഭകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളുടെ പരിഹാരവുമായി ബന്ധപ്പെട്ട് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പരാതി പരിഹാര സെൽ രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണം പരിഗണനയിലാണ്.

(ബി) വിവിധ വ്യവസായ സംരംഭങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനം വ്യവസായ സൗഹൃദമാക്കുന്നതിനും വ്യവസായ സംരംഭങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുമായി 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റുമെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ

വകുപ്പുകളിൽനിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടലായി കെ-സ്വിഫ്ട് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങൾക്ക് സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽവഴി മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്ട് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്.

(സി) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ എന്തെങ്കിലും വ്യവസായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലുള്ള സംരംഭങ്ങളുടെ (MSME) പ്രോത്സാഹനത്തിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കിവരുന്ന പൊതുവായ പദ്ധതികളല്ലാതെ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ പ്രത്യേക വ്യവസായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നില്ല. എന്നാൽ കിൻഫ്രയുടെകീഴിൽ കാർബൺ ന്യൂട്രൽ പാർക്ക്, കാർഷികാധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പാർക്ക് എന്നീ വ്യവസായ പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

കൊറ്റാമം കെൽപ്പാം ഫാക്ടറിയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

143(5302) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കൊറ്റാമം കെൽപ്പാം ഫാക്ടറിയിൽ 2016 മുതൽ 2021 വരെ എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വിശദമാക്കാമോ?

കെൽപ്പാമിന്റെ കൊറ്റാമം ഫാക്ടറിക്ക് 2016 മുതൽ 2021 വരെ ലോൺ ഇനത്തിൽ 75 ലക്ഷവും ഗ്രാന്റ് ഇനത്തിൽ 125 ലക്ഷവും ചേർത്ത് ആകെ

200 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) കെൽപ്പാമിൽ പുതിയതായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

കെൽപ്പാം പുതിയതായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. മോഡേൺ ജാഗറി മാനുഫാക്ച്ചറിംഗ് യൂണിറ്റ് CSIR ടെക്നോളജി പ്രകാരം നടപ്പിലാക്കുന്നു.

2. ചുക്ക്കാപ്പിപ്പൊടി നിർമ്മാണ യൂണിറ്റ്.

3. പനയോല ഉപയോഗിച്ച് സ്ട്രോ നിർമ്മാണ യൂണിറ്റ്.

4. മോഡേണൈസേഷൻ & റിജുവനൈസേഷൻ ഓഫ് സോഫ്റ്റ് ഡ്രിങ്ക്സ് യൂണിറ്റ്.

5. മൂല്യാധിഷ്ഠിത ഉത്പന്നങ്ങളായ ജാം, സ്ക്വാഷ്, സർബത്ത്, പാംഫ്രൂട്ട് ജ്യൂസ് മുതലായവയുടെ നിർമ്മാണം.

6. ബയോ ഫെൻസിംഗ് പദ്ധതി.

7. മോഡേൺ റൈസ്മിൽ.

8. NBCFDC ലോൺ സ്കീം.

(സി) 2016 ജനുവരി മുതൽ 2021 ജൂലൈ മാസംവരെ ഓരോ വർഷവും

കെൽപ്പാമിന്റെ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ?

2016 ജനുവരി മുതൽ 2021 ജൂലൈ മാസം വരെയുള്ള വരുമാനം ചുവടെ ചേർക്കുന്നു. 2015-16 - 13.08 ലക്ഷം 2016-17 - 13.72 ലക്ഷം 2017-18 - 3.50 ലക്ഷം 2018-19 - 11.14 ലക്ഷം 2019-20 -10.61 ലക്ഷം 2020-21 - 57.01 ലക്ഷം 2021- ഏപ്രിൽ മുതൽ ജൂലായ് വരെ - 4.48 ലക്ഷം.

കാർഷികോത്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ

144(5303) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക ഉത്പന്നങ്ങളായ ചക്ക, കപ്പ (മരച്ചീനി) പോലുള്ളവയിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് വകുപ്പ് പ്രോത്സാഹനം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ കാർഷിക ഉത്പന്നങ്ങളായ ചക്ക, മരച്ചീനി മുതലായവയിൽനിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്. വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ട് ആശയത്തിൽ അധിഷ്ഠിതമായി സംരംഭത്തിന് പ്രോജക്ട്

ചെലവിന്റെ 35%, പരമാവധി 10 ലക്ഷം രൂപവരെ ലഭിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രൈംമിനിസ്റ്റേഴ്സ് ഫോമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ)-ൽ പത്തനംതിട്ട ജില്ലയുടെ ഉത്പന്നം ചക്കയും, തിരുവനന്തപുരം, കൊല്ലം ജില്ലകളുടെ ഉത്പന്നം മരച്ചീനിയുമാണ്. പ്രസ്തുത ജില്ലകളിൽ ഈ ഉത്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കുള്ള പുതിയ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ ചെറിയ രീതിയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ വിപുലീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കും ഈ പദ്ധതി പ്രകാരം സഹായം നൽകുന്നുണ്ട്. ചക്ക, മരച്ചീനി എന്നീ ഉത്പന്നങ്ങൾ വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ട് അല്ലാത്ത മറ്റു ജില്ലകളിൽ നിലവിൽ ഈ ഉത്പന്നങ്ങളെ അടിസ്ഥാനമാക്കി ചെറിയ രീതിയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ വിപുലീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള സഹായത്തിന് അപേക്ഷിക്കാവുന്നതാണ്. കൂടാതെ ഈ ഉത്പന്നങ്ങളിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ സംരംഭകർക്ക് പരിചയപ്പെടുത്താനും ഉത്പാനത്തിന് സജ്ജരാക്കാനും അതാത് മേഖലയിൽ പ്രവർത്തിക്കുന്ന സാങ്കേതിക സ്ഥാപനങ്ങളുടെ സഹായവും സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വകുപ്പിന്റെ സുപ്രധാന സാമ്പത്തിക സഹായ

പദ്ധതിയായ സംരംഭകത്വ സഹായ പദ്ധതിയിൽ (ESS) കാർഷികാധിഷ്ഠിത - ഭക്ഷ്യ സംസ്കരണ മേഖലയെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി അനുവദിച്ചുവരുന്നുണ്ട്.

(ബി) ഇവ കാർഷിക ഉത്പന്നങ്ങളായി അയൽ സംസ്ഥാനങ്ങളിലേയ്ക്ക് എത്തുകയും മൂല്യവർദ്ധിത ഉത്പന്നമായി തിരിച്ചെത്തുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ഇത്തരം സാഹചര്യം നിലവിലില്ല.

(സി) ഇത്തരം ഉത്പാദന മേഖലയിലേയ്ക്ക് സംരംഭകരെ ആകർഷിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംസ്കരണ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ പ്രൈംമിനിസ്റ്റേഴ്സ് ഫോമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ) എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നു. അസംഘടിത മേഖലയിലുള്ള സൂക്ഷ്മ വ്യക്തിഗത സംരംഭങ്ങളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനും ആ മേഖലയുടെ

ഔപചാരികവത്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക ഉത്പാദക സംഘടനകൾ (FPOs), സ്വയംസഹായ സംഘങ്ങൾ (SHGs), ഉത്പാദക സഹകരണ സംഘങ്ങൾ എന്നിവയെ അവയുടെ മൂല്യശൃംഖലകളിൽ ആകമാനം പിന്തുണയ്ക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നടപ്പാക്കുന്നതിനായി കേരള സർക്കാർ, വ്യവസായ വകുപ്പിനെ നോഡൽ വകുപ്പായും കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷനെ (KBip) സംസ്ഥാന നോഡൽ ഏജൻസിയായും നോഡൽ ഓഫീസറായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (കെഎസ്ഐഡിസി) മാനേജിംഗ് ഡയറക്ടറെയും തിരഞ്ഞെടുത്തിട്ടുണ്ട്. അടുത്ത 4 വർഷംകൊണ്ട് ഭക്ഷ്യ സംസ്കരണ മേഖലയിൽ സംസ്ഥാനത്ത് 4000 ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്രവിഹിതമായ 675 ലക്ഷം രൂപയുടെ ഭാഗമായ സംസ്ഥാനവിഹിതമായി 450 ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഉത്പാദന മേഖലയിലേയ്ക്ക് സംരംഭകരെ ആകർഷിക്കുന്നതിന് താഴെപ്പറയുന്ന പ്രധാന ധനസഹായപദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നുണ്ട്.

1. സംരംഭക സഹായപദ്ധതി, വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രാരംഭസഹായം, നിക്ഷേപസഹായം, സാങ്കേതികസഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉത്പാദനസംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ, പരമാവധി 30 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു. ഇതിൽ കാർഷികാധിഷ്ഠിത - ഭക്ഷ്യ സംസ്കരണ മേഖലയെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി അനുവദിച്ചുവരുന്നുണ്ട്.

2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി 5 ലക്ഷം രൂപവരെ സ്ഥിരം മൂലധനനിക്ഷേപമുള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണനിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉത്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽനിന്നും ടേം വായ്പ എടുത്ത വനിതാസംരംഭകർക്ക്

വാർഷിക പലിശയിൽ മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. മൂന്ന് വർഷത്തേയ്ക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്തുനൽകുന്നത്.

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്, വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നൽകിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. വനിതകൾ, വികലാംഗർ, വിമുക്തഭടന്മാർ, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും. ഉത്പന്നനിർമ്മാണം, ഭക്ഷ്യസംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറുസംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവനമേഖല ഉൾപ്പെടെ) സ്ഥിരമൂലധനവും പ്രവർത്തനമൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപവരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി

145(5304) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം തൊഴിൽരഹിതരായി മടങ്ങിവരുന്ന സംസ്ഥാനത്തെ പ്രത്യേകിച്ചും മലപ്പുറം ജില്ലയിലെ പ്രവാസികളുടെ പുനരധിവാസവും തൊഴിലും ഉദ്ദേശിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ പ്രവാസികൾ ഏറെയുള്ള വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഇത്തരത്തിലുള്ള പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കാമോ; വ്യക്തമാക്കുമോ?

(എ&ബി) കോവിഡ്മൂലം തൊഴിൽരഹിതരായി സംസ്ഥാനത്ത് മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സഹായകമായിട്ടുള്ള വായ്പാ പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). 30 ലക്ഷം രൂപവരെയുള്ള ബാങ്ക്

വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയുമാണ് ഈ പദ്ധതി മുഖേന ലഭിക്കുക. കോവിഡ്മൂലം മടങ്ങിയെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും തൊഴിൽ സംരംഭ പദ്ധതികൾ തുടങ്ങുന്നതിനുമായി രൂപംകൊടുത്തിട്ടുള്ള മറ്റൊരു പദ്ധതിയാണ് പ്രവാസി ഭദ്രത. 2021-22-ൽ ഈ പദ്ധതിക്കായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ കീഴിൽ താഴെപ്പറയുന്ന സ്കീമുകൾ വിഭാവനം ചെയ്യുന്നു.

(1) കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കുന്ന പലിശരഹിത വായ്പാ പദ്ധതിയായ നാനോ എന്റർപ്രൈസസ് അസിസ്റ്റൻസ് സ്കീം (2 ലക്ഷം രൂപവരെയുള്ള വായ്പകൾ ലഭിക്കുന്നു)

(2) മൈക്രോ എന്റർപ്രൈസസ് അസിസ്റ്റൻസ് സ്കീം (ടി പദ്ധതിയിൽ 5 ലക്ഷം രൂപവരെയുള്ള സംരംഭകത്വ വായ്പകൾക്ക് 1 ലക്ഷം രൂപവരെ മൂലധന സബ്സിഡിയും 3% പലിശ സബ്സിഡിയും നൽകുന്നു)

(3) മെഗാ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (കെ.എസ്.ഐ.ഡി.സി) മുഖേന 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെയുള്ള സംരംഭങ്ങൾക്ക് 3% പലിശ സബ്സിഡി ലഭിക്കുന്നു). എന്നാൽ പ്രവാസികൾക്ക് വ്യവസായ

സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു ജില്ലയ്ക്കായി പ്രത്യേകം പദ്ധതികൾ നിലവിലില്ല.

മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ സംരംഭങ്ങൾ

146(5305) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഭക്ഷ്യവസ്തുക്കളായ കാർഷികോത്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളായ സംരംഭക സഹായ പദ്ധതി, നാനോ സംരംഭകർക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി, നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ ഇളവ് പദ്ധതി, പ്രൈംമിനിസ്റ്റേഴ്സ് ഫോമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ), പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (പി.എം.ഇ.ജി.പി) എന്നീ പദ്ധതികൾ പ്രകാരവും ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ

ഉൾപ്പെടുത്തിയും ഭക്ഷ്യവസ്തുക്കളായ കാർഷികോത്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാങ്കേതിക സഹായവും ധനസഹായവും നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് ബ്ലോക്കുതലത്തിൽ വ്യവസായ വികസന ഓഫീസറുടെയും താലൂക്കുതലത്തിൽ താലൂക്ക് വ്യവസായ ഓഫീസിന്റെയും സേവനം ലഭ്യമാക്കുന്നുണ്ട്. താലൂക്ക് വ്യവസായ ഓഫീസുകളിൽ സംരംഭകത്വ സഹായ കേന്ദ്രങ്ങൾ (കിയോസ്കുകൾ) പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പൂഞ്ഞാർ നിയോജകമണ്ഡലത്തിലുൾപ്പെട്ട ഈരാറ്റുപേട്ട ബ്ലോക്കിൽ 2020-21 മുതൽ സംരംഭക ഫെസിലിറ്റേഷൻ സെന്ററും പ്രവർത്തിക്കുന്നുണ്ട്. വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളായ സംരംഭകസഹായ പദ്ധതി, നാനോ സംരംഭകർക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി, പ്രൈംമിനിസ്റ്റേഴ്സ് ഫോമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ്

(പി.എം.എഫ്.എം.ഇ), പ്രൈംമിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (പി.എം.ഇ.ജി.പി) എന്നീ പദ്ധതികൾ പ്രകാരം 15% മുതൽ 40% വരെ ഗ്രാന്റ് ലഭ്യമാകുന്നതാണ്. ഇതിൽ സംരംഭകസഹായ പദ്ധതിയിൽ കാർഷികാധിഷ്ഠിത - ഭക്ഷ്യസംസ്കരണ മേഖലയിലുള്ള സംരംഭങ്ങളെ മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തി 10% അധിക സബ്സിഡി അനുവദിക്കുന്നുണ്ട്. കൂടാതെ ഭക്ഷ്യസംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ പ്രൈംമിനിസ്റ്റേഴ്സ് ഫോമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ) എന്ന പദ്ധതി അസംഘടിത മേഖലയിലുള്ള സൂക്ഷ്മ വ്യക്തിഗത സംരംഭങ്ങളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനും ആ മേഖലയുടെ ഔപചാരികവത്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, കാർഷിക ഉത്പാദക സംഘടനകൾ (എഫ്.പി.ഒ), സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്.ജി), ഉത്പാദക സഹകരണ സംഘങ്ങൾ എന്നിവയെ അവയുടെ മൂല്യശൃംഖലകളിൽ ആകമാനം പിന്തുണയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ നടപടി

147(5306) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യത്തിന്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്ത്രീ സംരംഭകരുടെ പ്രസക്തി വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ പ്രസ്തുത സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ അതിസൂക്ഷ്മസംരംഭ മേഖലകളിലേയ്ക്ക് സ്ത്രീകളെ ആകർഷിക്കുന്നതിന് താഴെപ്പറയുന്ന ധനസഹായപദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി - വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭകസഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രാരംഭസഹായം, നിക്ഷേപസഹായം, സാങ്കേതികസഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതി പ്രകാരം ഉത്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ, പരമാവധി 30 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു. സംരംഭകത്വ സഹായ പദ്ധതിയിൽ വനിതകൾക്ക് അധികമായി 10% സബ്സിഡി നൽകുന്നതിന് വ്യവസ്ഥയുണ്ട്.

2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി - 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി വരെ

വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉത്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ്, ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽനിന്നും ടേം വായ്പയെടുത്ത വനിതാസംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 98% വരെ സബ്സിഡിയായി തിരികെ നൽകുന്നു. മൂന്ന് വർഷത്തേയ്ക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്.

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് - വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നൽകിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും വനിതാസംരംഭകരായിരിക്കും. ഉത്പന്നനിർമ്മാണം, ഭക്ഷ്യസംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറുസംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖലകൾ ഉൾപ്പെടെ) സ്ഥിരമൂലധനവും പ്രവർത്തനമൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപവരെയുള്ള യൂണിറ്റുകൾ ഈ

പദ്ധതിയുടെ സഹായത്തിന് അർഹരാണ്. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്.

1. ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള വായ്പ ആകെ പ്രോജക്ട് ചെലവിന്റെ 40%

2. പ്രൊമോട്ടർമാരുടെ സംഭാവന - ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനമോ അതിൽ കൂടുതലോ

3. വ്യവസായ വകുപ്പിന്റെ മാർജിൻ മണിഗ്രാന്റ് - ആകെ പ്രോജക്ട് ചെലവിന്റെ പരമാവധി 30% എസ്.സി/എസ്.ടി/വനിതകൾ വിമുക്തഭടന്മാർ/40 വയസ്സുവരെയുള്ള യുവസംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും പ്രൊമോട്ടർമാരുടെ സംഭാവന കുറഞ്ഞത് 20 ശതമാനവും ആയിരിക്കും. സംരംഭക വികസനത്തിനാവശ്യമായ പൊതു അവബോധ പരിശീലനങ്ങൾ, വൈദഗ്ധ്യ പരിശീലനങ്ങൾ, സാമ്പത്തിക സഹായങ്ങൾ, മാർക്കറ്റിംഗ് സഹായങ്ങൾ, ഇൻഷുറൻസ് പരിരക്ഷ, മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ സേവനം തുടങ്ങിയവ കുടുംബശ്രീ മുഖേന ലഭ്യമാക്കിവരുന്നു. കൂടാതെ 2021-22 വർഷത്തിൽ സംരംഭങ്ങൾ

ആരംഭിക്കാൻ താൽപ്പര്യമുള്ളവർക്ക് തങ്ങളുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും തൊഴിൽ നേടാൻ താൽപ്പര്യമുള്ള മേഖല തെരഞ്ഞെടുക്കുന്നതിനുമായി 'ജോബ് പോർട്ടൽ' ആരംഭിച്ചിട്ടുണ്ട്. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കമുള്ള വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിന് വനിതാ വികസന കോർപ്പറേഷൻ ലളിതമായ വ്യവസ്ഥയിൽ കുറഞ്ഞ പലിശയിൽ (4-6%) സ്വയം തൊഴിൽ വായ്പ നൽകിവരുന്നുണ്ട്.

വ്യാപാരസ്ഥാപനങ്ങളും ഹോട്ടലുകളും തുറക്കാൻ നടപടി

148(5307) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് സംസ്ഥാനത്ത് ധാരാളം വ്യാപാര സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിക്കാത്തതുമൂലം ഉളവായിട്ടുള്ള പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഹോട്ടലുകൾക്ക് പിടിച്ചുനിൽക്കാൻ കഴിയാത്ത സാഹചര്യത്തെ

ഏത് രീതിയിലാണ് പരിഹരിക്കാൻ ശ്രമിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ വ്യാപാരി സൗഹൃദനയം സ്വീകരിക്കുന്നത് സംബന്ധിച്ചുള്ള അഭിപ്രായം വിശദീകരിക്കാമോ?

(എ-സി) കോവിഡ് പകർച്ച കാരണം ഏർപ്പെടുത്തിയ ലോക്ക്ഡൗൺ നിമിത്തം വ്യാപാര സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാപാര മേഖലയ്ക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ലെങ്കിലും കോവിഡ് 19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സഹായിക്കുന്നതിലേയ്ക്കായി വ്യവസായ ഭദ്രതാ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കോവിഡ്-19 രണ്ടാം തരംഗത്തിൽ പ്രതിസന്ധിയിലായ ചെറുകിട കച്ചവടക്കാർ ഉൾപ്പെടെയുള്ളവരുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സഹായകരമായ പ്രത്യേക പാക്കേജും സർക്കാർ പരിഗണിച്ചുവരുന്നുണ്ട്.

സിമന്റ് വ്യാപാരികൾ നേരിടുന്ന പ്രതിസന്ധി

149(5308)ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തുടർച്ചയായുള്ള ലോക്ക്ഡൗൺമൂലം സിമന്റ് വ്യാപാരികൾക്കുണ്ടായിട്ടുള്ള നഷ്ടവും പ്രസ്തുത മേഖലയിലെ പ്രതിസന്ധിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

കോവിഡിനെത്തുടർന്ന് സംസ്ഥാനത്ത് തുടർച്ചയായുണ്ടായ ലോക്ഡൗൺമൂലം കടകൾ തുറക്കാൻ സാധിക്കാതെ വന്നത് സിമന്റ് വിൽപ്പനയിൽ കുറവുണ്ടാകുവാൻ ഇടയായിട്ടുണ്ട്. മാത്രമല്ല കോവിഡിനെത്തുടർന്ന് നിർമ്മാണ വസ്തുക്കൾക്കുണ്ടായ വിലക്കയറ്റം നിർമ്മാണ മേഖലയെ ബാധിച്ചിരുന്നു. നിലവിലെ കോവിഡ് മഹാമാരിയുടെ കാലത്ത് നിർമ്മാണപ്രവർത്തനങ്ങൾ നിലയ്ക്കുന്നത് ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന വ്യാപാരികൾ ഉൾപ്പെടെയുള്ളവർക്ക് പ്രതിസന്ധി സൃഷ്ടിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ഉത്പാദകരെയും വിതരണക്കാരെയും പങ്കെടുപ്പിച്ച് സർക്കാർ തലത്തിൽ മീറ്റിംഗ് വിളിച്ച് നിലവിലുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ്

മഹാമാരിയുടെ 2-ാം തരംഗംമൂലമുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി ചെറുകിട വ്യാപാരികൾ ഉൾപ്പെടെയുള്ളവരുടെ ലോണിന്റെ പലിശയുടെ ഒരു ഭാഗം സർക്കാർ വഹിക്കുന്നതടക്കമുള്ള പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്.

അടച്ചുപൂട്ടിയ വ്യാപാരസ്ഥാപനങ്ങൾ

150(5309)ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധിമൂലം എത്ര വ്യാപാര സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്; അതിൽ ചെറുകിട സ്ഥാപനങ്ങൾ എത്രയെന്നും വൻകിട സ്ഥാപനങ്ങൾ എത്രയെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ?

(ബി) ഇത്തരത്തിൽ അടച്ചുപൂട്ടേണ്ടിവന്ന വ്യാപാര സ്ഥാപനങ്ങൾ തുറക്കുന്നതിന് എന്തെല്ലാം സഹായങ്ങൾ സർക്കാർ നൽകുന്നുണ്ടെന്ന് അറിയിക്കുമോ?

(എ&ബി) സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധിമൂലം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽപ്പെട്ട 77 സ്ഥാപനങ്ങൾ 2020 ജനുവരിക്കുശേഷം അടച്ചുപൂട്ടുകയോ ഉത്പാദനം ഗണ്യമായി കുറയ്ക്കുകയോ

ചെയ്തിട്ടുണ്ട്. വ്യാപാര മേഖലയ്ക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ലെങ്കിലും കോവിഡ് 19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സഹായിക്കുന്നതിലേയ്ക്കായി വ്യവസായ ഭദ്രതാ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ റിവൈവൽ ആൻഡ് റീഹാബിലിറ്റേഷൻ സ്കീം ഫോർ ഡിഫൻക്ട് എം.എസ്.എം.ഇ ആൻഡ് കാഷ്യൂ പ്രോസസിംഗ് യൂണിറ്റ്സ് എന്ന പദ്ധതിയും നിലവിലുണ്ട്. സർക്കാർ ബഡ്ജറ്റിൽ വകയിരുത്തി നൽകുന്ന പ്രവർത്തന മൂലധന സഹായം കോവിഡ്മൂലമുണ്ടായ പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് സംസ്ഥാനത്തെ വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വളരെയധികം സഹായമായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഇതിനായി 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രവാസി മലയാളികൾക്ക് സഹായം

151(5310) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശങ്ങളിലേയ്ക്ക് കയറ്റുമതി-ഇറക്കുമതി വ്യാപാരം നടത്തുന്ന പ്രവാസി മലയാളികൾക്ക് പ്രത്യേക സഹായങ്ങൾ നൽകാൻ പദ്ധതി ഉണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) കേരളത്തിന്റെ സുഗന്ധ ദ്രവ്യങ്ങളും, കയർ, കൂട്ടനാടൻ അരി മുതലായവ കൂടുതലായി കയറ്റി അയയ്ക്കുന്നതിന് പ്രത്യേക സഹായങ്ങൾ നൽകുന്നത് പരിഗണിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) സംരംഭക സഹായ പദ്ധതിയിൽ ഉത്പാദന മേഖലയിൽ പ്രവർത്തിക്കുന്ന 100% കയറ്റുമതി അധിഷ്ഠിതമായ സംരംഭങ്ങൾക്ക് മൂൻഗണനാ മേഖലയിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി അനുവദിച്ചുവരുന്നു. കേരളത്തിൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി (SLEPC) രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ യോഗതീരുമാനപ്രകാരം സംസ്ഥാനത്ത് കരട് എക്സ്പോർട്ട് പോളിസി തയ്യാറാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, ജില്ലാതല എക്സ്പോർട്ട് ഹബ്ബ് രൂപീകരിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിവരുന്നു.

കയറ്റുമതി വ്യാപാരം സുഗമമാക്കുന്നതിനായും കയറ്റുമതി ഉത്പന്നങ്ങൾ കണ്ടെത്തുന്നതിനും ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും ജില്ലാതല എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി (DLEPC) രൂപീകരിക്കാൻ സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി (SLEPC) തീരുമാനിച്ചു. സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റിയുടെ കീഴിൽ കൃഷി വകുപ്പ് സംസ്ഥാനതല അഗ്രിക്കൾച്ചറൽ പോളിസി തയ്യാറാക്കി അനുമതിക്കായി കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

നിർമ്മാണ സാമഗ്രികളുടെ ലഭ്യതയിലെ പ്രതിസന്ധി

152(5311) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിലെ അവശ്യ വസ്തുക്കളായ മണൽ, പാറ, ചെളി, സാധാരണ മണ്ണ് എന്നിവ ഖനനം ചെയ്യുന്നതിലുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

എല്ലാ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി

നിർബന്ധമാകയാലും ഈ അനുമതി നൽകുന്നതിന് സംസ്ഥാനത്ത് ഒരു ഏജൻസി (SEIAA) മാത്രമുള്ള സാഹചര്യത്തിലും ഖനനാനുമതികൾ നൽകുന്നതിന് പൊതുവെ കാലതാമസം നേരിടുന്നുണ്ട്. എക്സ്പ്ലോസീവ് ഉപയോഗിച്ചുള്ള പാറ ഖനനത്തിന് പൊതുനിർമ്മിതികളിൽനിന്നും വാസഗൃഹത്തിൽനിന്നുമുള്ള ദൂരപരിധി 200 മീറ്ററായി ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചതിനെതിരെ സംസ്ഥാന സർക്കാർ ബഹു. ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിരുന്നുവെങ്കിലും അനുകൂല ഉത്തരവ് ലഭിച്ചിരുന്നില്ല. നിലവിൽ ഈ വിഷയം ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലാണ്. സർക്കാർ ഭൂമിയിൽനിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിന് നിരാക്ഷേപസാക്ഷ്യപത്രം അനുവദിക്കുന്നതിന് പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗാർഹികാവശ്യത്തിന് സാധാരണ മണ്ണ് ഖനനം ചെയ്യുന്നതിനാവശ്യമായ ഇളവുകൾ ചട്ടങ്ങളിലുൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ 20,000 സ്ക്വയർ മീറ്റർവരെ ബിൽറ്റ് അപ് ഏരിയയുള്ള നിർമ്മിതികൾക്ക് ബേസ്മെന്റ് നിർമ്മാണത്തിന് പാരിസ്ഥിതികാനുമതിയില്ലാതെ മണ്ണ് നീക്കംചെയ്യുന്നതിന് പ്രത്യേക അനുമതികൾ നൽകിവരുന്നു. നിർമ്മാണ മേഖലയിലെ വസ്തുക്കളായ പാറ,

മണൽ എന്നിവ മറ്റ് സംസ്ഥാനങ്ങളിൽനിന്നും രാജ്യങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് പ്രോത്സാഹനം നൽകിക്കൊണ്ട് സർക്കാർ പ്രത്യേക മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മൈനിംഗ് & ജിയോളജി വകുപ്പിൽ ഖനനാനുമതിക്കായി നൽകുന്ന അപേക്ഷകളിൽ തീർപ്പുകല്പിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

വകുപ്പിൽ ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതവും സുതാര്യവുമായി തീർപ്പാക്കുന്നതിന്റെ ഭാഗമായി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സർക്കാരിന് ഓഹരി പങ്കാളിത്തമുള്ള സ്ഥാപനങ്ങളെ ഖനനമേഖലയിൽകൊണ്ടുവന്ന് പൊതുജനങ്ങൾക്കും വൻകിട നിർമ്മാണങ്ങൾക്കും നിർമ്മാണവസ്തുക്കൾ ലഭ്യമാക്കാൻ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിൽ ഉത്പാദന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഖനന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കെ.എം.എം.എൽ, കേരള സിറാമിക്സ്, മലബാർ സിമന്റ്സ്.

കെ.സി.സി.പി.എൽ, ട്രാവൻകൂർ സിമന്റ്സ്, കെംഡൽ എന്നീ സ്ഥാപനങ്ങളാണ്. പ്രസ്തുത സ്ഥാപനങ്ങളിൽ നിർമ്മാണ മേഖലയ്ക്കാവശ്യമായ സിമന്റിന്റെ നിർമ്മാണം നടത്തുന്ന മലബാർ സിമന്റ്സിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാവൻകൂർ സിമന്റ്സിൽ ഗ്രെ സിമന്റിന്റെ ഉത്പാദനം ആരംഭിക്കുന്നതിനും നിലവിലുള്ള വൈറ്റ് സിമന്റ്, വാൾ പുട്ടി എന്നിവയുടെ നിർമ്മാണം കൂട്ടുന്നതിനുമുള്ള നടപടികൾ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി സ്വീകരിച്ചുവരുന്നുണ്ട്. കെംഡലിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി അണക്കെട്ടുകളിൽ അടിയുന്ന മണൽ സംസ്കരിച്ച് നിർമ്മാണപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള സാധ്യതകളും പരിശോധിക്കുന്നുണ്ട്. ഇതിനായി ആരംഭത്തിൽ ആവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനായി 2 കോടി രൂപ അനുവദിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കേരള സിറാമിക്സ് ലിമിറ്റഡിൽ ഖനികളിൽനിന്ന് ഖനനം ചെയ്തെടുക്കുന്ന കളിമണ്ണ് സംസ്കരിച്ച് വൻകിട പേപ്പർ, റിഫ്രാക്ടറി, വളം-കീടനാശിനി, സെറാമിക്, ഡിറ്റർജെന്റ് നിർമ്മാണ മേഖലയ്ക്കുള്ള അസംസ്കൃത വസ്തുവായി വിപണനം ചെയ്തുവരുന്നു. കെ.സി.സി.പി.എൽ വടക്കൻ മേഖലകളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി കരിങ്കൽ ക്വാറിയും അതോടനുബന്ധിച്ച് ക്രഷർ യൂണിറ്റും

തുടങ്ങാനുള്ള നിർദ്ദേശം മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ് ലൂം ടെക്നോളജി കണ്ണൂർ

153(5312) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ് ലൂം ടെക്നോളജി-കണ്ണൂർ എന്നാണ് സ്ഥാപിതമായത്; പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ?

1987 ജനുവരി 14-നാണ് സ്ഥാപിതമായത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ -

i. കൈത്തറി/വസ്ത്ര/ഫാഷൻ രംഗവുമായി ബന്ധപ്പെട്ട ഹ്രസ്വ-ദീർഘകാല പരിശീലനങ്ങളും കോഴ്സുകളും നടത്തുക.

ii. ഈ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണ പദ്ധതികൾ നടപ്പിലാക്കുക.

iii. കൈത്തറി-വസ്ത്ര മേഖലയ്ക്ക് സാങ്കേതിക സഹായം നൽകുക.

iv. ഈ മേഖലയെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന് ബുക്കുകളും, പ്രബന്ധങ്ങളും പ്രസിദ്ധീകരിക്കുക.

v. സെമിനാറുകളും, കോൺഫറൻസുകളും സംഘടിപ്പിക്കുക.

vi. കൈത്തറിയുടെ വികസനത്തിനാവശ്യമായ പദ്ധതികളും പരിശീലന പരിപാടികളും നടത്തുക.

vii. സമാന സ്ഥാപനങ്ങളുമായി ഒത്തുചേർന്ന് കൈത്തറി - വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക

viii. കൈത്തറിയുമായി ബന്ധപ്പെട്ട അസംസ്കൃത വസ്തുക്കളുടെയും ഉത്പന്നങ്ങളുടെയും ഗുണമേന്മാ പരിശോധന നടത്തുക.

ix. വിവിധ കൈത്തറി ഉത്പന്നങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും ലൈബ്രറി ഒരുക്കുക.

(ബി) ഐ.ഐ.എച്ച്.ടി. കണ്ണൂരിൽ നടത്തുന്ന കോഴ്സുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത കോഴ്സുകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സർക്കാരിന്റെ അംഗീകാരത്തോടെ ഐ.ഐ.എച്ച്.ടി നടത്തുന്ന കോഴ്സുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)ഡിപ്ലോമ ഇൻ ഹാൻഡ് ലൂം ആൻഡ് ടെക്സ്റ്റൈൽ ടെക്നോളജി - 3 വർഷം G.O.Rt.No.714/2011/ID dated 26.05.2011

2)ബി.എസ്.സി കോസ്റ്റ്യൂം ആൻഡ് ഫാഷൻ ഡിസൈനിംഗ് - 3 വർഷം

G.O.Ms.No.11/2021/HEDN dated 12.1.21.

ഗവേണിംഗ് ബോഡി അംഗീകാരത്തോടെ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്ന ഹ്രസ്വകാല കോഴ്സുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)ക്ലോത്തിംഗ് ആൻഡ് ഫാഷൻ ടെക്നോളജി - 1 വർഷം

2)കമ്പ്യൂട്ടർ എയ്ഡഡ് ഫാഷൻ ഡിസൈനിംഗ് - 3 മാസം

3)കമ്പ്യൂട്ടർ എയ്ഡഡ് ടെക്സ്റ്റൈൽ ഡിസൈനിംഗ് - 3 മാസം

4)ട്രെയിനിംഗ് ഇൻ വാല്യൂ എഡിഷൻ ടെക്നിക് & ഫാഷൻ ക്ലോത്തിംഗ് (TVT&FC)

5)ട്രെയിനിംഗ് ഇൻ ഇന്റീരിയർ ഡിസൈനിംഗ് & ഹോം ഫർണിഷിംഗ് (TID & FC)

6)അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ പാറ്റേൺ മേക്കിംഗ് ആൻഡ് ഗാർമെന്റ് കൺസ്ട്രക്ഷൻ (APMGC)

(സി) 2016 മുതൽ 2021 വരെ ഐ.ഐ.എച്ച്.ടി.-ക്ക് സർക്കാർ ധനസഹായമായി എത്ര തുക നൽകി; പ്രസ്തുത സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; ഈ തുക സ്ഥാപനം പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത വിനിയോഗപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

2016 മുതൽ 2021 വരെ ഐ.ഐ.എച്ച്.ടി.-ക്ക് സർക്കാർ ധനസഹായമായി അനുവദിച്ച തുകയുടെ വിശദവിവരങ്ങൾ Year Govt. Order Amount 2016-17 G.O.Rt.No.409/2017/ID dated 21.3.2017 80 ലക്ഷം 2017-18 G.O.Rt.No.1417/2017/ID dated 5.10.2017 80 ലക്ഷം 2018-19 G.O.Rt.No.177/2019/ID dated 22.02.2019 1 കോടി 2019-20 G.O.Rt.No.1239/2019/ID dated 10.12.2019 80 ലക്ഷം 2020-21 G.O.Rt.No.624/2020/ID dated 13.08.2020 70 ലക്ഷം മേൽ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.+

(ഡി) ഐ.ഐ.എച്ച്.ടി.-യിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; സ്ഥിരം, താത്കാലികം എന്നിങ്ങനെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഐ.ഐ.എച്ച്.ടി കണ്ണൂരിൽ നിലവിൽ 43 ജീവനക്കാരുണ്ട്. സ്ഥിര ജീവനക്കാർ - 14, കരാർ ജീവനക്കാർ - 13, ദിവസവേതന ജീവനക്കാർ - 12, കാഷ്വൽ ജീവനക്കാർ - 4

കൈത്തറി വ്യവസായത്തിന് ബഡ്ജറ്റിൽ അനുവദിച്ച തുക

154(5313) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 സാമ്പത്തിക വർഷത്തിൽ കൈത്തറി വ്യവസായത്തിന് ബഡ്ജറ്റിൽ എത്ര തുക അനുവദിച്ചു; സ്കീമുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തിൽ കൈത്തറി വ്യവസായത്തിന് ബഡ്ജറ്റിൽ 3145 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സ്കീമുകളും അവയ്ക്കായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതവും ചുവടെ ചേർക്കുന്നു.

1)പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ ഓഹരി പങ്കാളിത്തം - 84 ലക്ഷം രൂപ

2) i.ഹാന്റ്ക്സ് ഓഹരി പങ്കാളിത്തം - 150 ലക്ഷം രൂപ

ii.ഹാൻവീവ് ഓഹരി പങ്കാളിത്തം - 100 ലക്ഷം രൂപ

3) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി - 150 ലക്ഷം രൂപ

4) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ - 100 ലക്ഷം രൂപ

5) i.കൈത്തറി മേഖലയിൽ സ്വയംതൊഴിൽ സൃഷ്ടിക്കൽ/ ഹാൻഡ് ലൂം ബിസിനസ്സ് ഇൻകുബേറ്റർ - 75 ലക്ഷം രൂപ

ii.യുവ നെയ്ത്ത് പദ്ധതി - 25 ലക്ഷം രൂപ

6) നെയ്ത്തുകാർക്കും മറ്റു തൊഴിലാളികൾക്കും പ്രചോദന പരിപാടി - 400 ലക്ഷം രൂപ

7)കൈത്തറി ഗ്രാമത്തിന്റെയും സമഗ്ര കൈത്തറി ഗ്രാമത്തിന്റെയും സ്ഥാപനം - 1 ലക്ഷം രൂപ

8) അംശദാന സമ്പാദ്യ പദ്ധതി - 100 ലക്ഷം രൂപ

9) കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി - 10 ലക്ഷം രൂപ

10) വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി - 200 ലക്ഷം രൂപ

11) കൈത്തറി സംഘങ്ങളുടെ ആധുനികവത്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനവും - 550 ലക്ഷം രൂപ

12) പരിശീലന വൈദഗ്ധ്യ വികസന പരിപാടി - 150 ലക്ഷം രൂപ

13) നാടുകാണി ടെക്സ്റ്റൈൽ പ്രോസസ്സിംഗ് സെന്റർ സ്ഥാപനം (പുതിയ പദ്ധതി) - 1000 ലക്ഷം രൂപ

14) കാഞ്ഞിരോട് കൈത്തറി ഗ്രാമം /ഹാൻഡ് ലൂം വില്ലേജ് (പുതിയ പദ്ധതി) - 50 ലക്ഷം രൂപ ആകെ - 3145 ലക്ഷം രൂപ.

കുളത്തൂർ പവ്വർലൂം ഫാക്ടറിക്ക് അനുവദിച്ച ഫണ്ട്

155(5314) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂരിൽ പ്രവർത്തിക്കുന്ന പവർലൂം ഫാക്ടറിക്ക് 2016 ജനുവരി മുതൽ 2021 മാർച്ച് വരെ ഏതൊക്കെ വികസന പ്രവർത്തനങ്ങൾക്കാണ് ഫണ്ടനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

കുളത്തൂർ പവർലൂം ഫാക്ടറി എന്ന സ്ഥാപനം ഇപ്പോൾ അറിയപ്പെടുന്നത് നെയ്യാറ്റിൻകര ഇന്റഗ്രേറ്റഡ് പവർലൂം, കാരോട് എന്നാണ്. പ്രസ്തുത സ്ഥാപത്തിന് മോഡണൈസേഷൻ ഓഫ് പവർലൂം പദ്ധതിയുടെ കീഴിൽ 2016-17, 2017-18 വർഷങ്ങളിൽ യഥാക്രമം 5,00,000 രൂപയും 10,00,000 രൂപയും ആകെ 15,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പവർലൂം ഫാക്ടറിക്ക് 2021-22 സാമ്പത്തിക വർഷത്തിൽ പുതിയതായി ഏതൊക്കെ പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2021-22 കാലയളവിലേയ്ക്ക് പുതിയതായി തുക അനുവദിച്ചിട്ടില്ല.

കൈത്തറി തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

156(5315) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ?

സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിൽ 2019 ഡിസംബർ മാസം മുതൽ പരിഷ്കരിച്ച മിനിമം കൂലി വർദ്ധനവ് നടപ്പിലാക്കിവരുന്നു. കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉത്പാദന യൂണിറ്റുകൾ തുടങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് സ്വയംതൊഴിൽ സംരംഭം. ഈ പദ്ധതി പ്രകാരം സ്ഥിര നിക്ഷേപം, പ്രവർത്തന മൂലധനം, പരിശീലനം, വിപണനം എന്നിവയ്ക്കായി സംരംഭകർക്ക് മാർജിൻമണി ഗ്രാന്റ് നൽകി പുതിയ സംരംഭം ആരംഭിക്കുന്നതിന് സഹായം നൽകുന്നു. സ്ഥിര നിക്ഷേപത്തിന്റെ 40% തുക പരമാവധി 4 ലക്ഷം രൂപയായി നിജപ്പെടുത്തി പ്രവർത്തന മൂലധനത്തിന്റെ 30% തുക പരമാവധി 1,50,000 രൂപ മാർജിൻമണി ധനസഹായമായി നൽകുന്നു. കൈത്തറി നെയ്ത്തുകാർക്ക് മഹാത്മാഗാന്ധി ബങ്കർ ബീമാ യോജന എന്ന ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പാഠശാല നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാർ

കാലയളവിൽ പ്രസ്തുത ഇനത്തിൽ എത്ര രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ അനുവദിച്ച പദ്ധതികളും അവയ്ക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1. "സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി " - സംഘങ്ങൾക്കും നെയ്ത്തുകാർക്കും അനുവദിച്ചത്-5,30,34,609 രൂപ

2. "ഇൻകം സപ്പോർട്ട് പദ്ധതി" (പരമ്പരാഗത കൈത്തറി വ്യവസായം) - 26,94,000 രൂപ

3. പ്രൊഡക്ഷൻ ഇൻസെന്റീവ് - 9,92,303 രൂപ

4. ക്ഷേമനിധി ബോർഡിൽനിന്ന് കോവിഡ് പ്രതിസന്ധിയിൽപ്പെട്ട നെയ്ത്തുകാർക്ക് നൽകിയ സഹായം - 18,000 രൂപ

5. യുവവീവ് സ്കീം - 4,12,000 രൂപ

6. ഒരു വീട്ടിൽ ഒരു തറി പദ്ധതി -2,40,000 രൂപ

7. വർക്ക്ഷെഡ് മെയിന്റനൻസ് സ്കീം, ലൂം അക്സസറീസ് - 7,08,000 രൂപ

8. സർക്കാരിൽനിന്നും സംഘത്തിൽനിന്നും നെയ്ത്തുകാർക്ക് നൽകുന്ന ത്രിഫ്റ്റ് ഫണ്ട് വിഹിതം - 8,75,860 രൂപ ആകെ - 5,89,74,772 രൂപ.

(സി) ആയിരത്തിലധികം വരുന്ന കൈത്തറി യൂണിറ്റുകൾ പ്രവർത്തിക്കുന്ന കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ പൂവത്തൂർ കേന്ദ്രമായി ഒരു ഹാൻഡ് ലൂം ഹബ് സ്ഥാപിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ;

(ഡി) പ്രസ്തുത യൂണിറ്റ് കേന്ദ്രമാക്കി ഒരു ഹാൻഡ് ലൂം ടൂറിസം വില്ലേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(സി&ഡി) ഇതുസംബന്ധിച്ച നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടില്ല.

സഖാവ് എന്ന പേരിൽ ഖാദി ബോർഡ് ഷർട്ടുകൾ

157(5316) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ബോർഡ് പുറത്തിറക്കുന്ന തുണിത്തരങ്ങൾക്ക് ബ്രാൻഡ് നെയിം ഉപയോഗിക്കാറുണ്ടോ; എങ്കിൽ നിലവിൽ ഉപയോഗിക്കുന്ന ബ്രാൻഡ് നെയിമുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ബ്രാൻഡ് നെയിം ഉപയോഗിക്കാറുണ്ട്. ഖാദി ക്ലൂൾ, ലീഡർ, മില്ലെനി, സമ്മർ ക്ലൂൾ, സഖാവ്, സുന്ദരിപ്പട്ട്, പയ്യന്നൂർ പട്ട്, ശ്രീകൃഷ്ണപുരം പട്ട്, അനന്തപുരി സിൽക്സ് തുടങ്ങിയവ.

(ബി) സഖാവ് എന്ന പേരിൽ ഖാദി ബോർഡ് ഷർട്ടുകൾ

ഇറക്കിയിരുന്നോ; എങ്കിൽ ഈ പേരിലുള്ള ഒരു ഷർട്ടിന്റെ വില എത്രയായിരുന്നുവെന്നറിയിക്കാമോ?

ഇറക്കിയിരുന്നു. 700/- രൂപ മുതൽ 1000/- രൂപ വരെയുള്ള നിരക്കിൽ.

(സി) എത്ര രൂപയുടെ വില്പനയാണ് സഖാവ് എന്ന പേരിലുള്ള ബ്രാൻഡ് ഉത്പന്നങ്ങളിൽനിന്നും പ്രതീക്ഷിച്ചിരുന്നതെന്നും നിലവിൽ എത്ര രൂപയാണ് ഈ ഉത്പന്നങ്ങളുടെ വില്പനയിലൂടെ ലഭിച്ചതെന്നും അറിയിക്കാമോ?

ഖാദി ഉത്പന്നം എന്ന നിലയിൽ പൊതുജനങ്ങൾക്കിടയിൽ പ്രചാരണം മാത്രമായിരുന്ന ഖാദി ബോർഡ് ലക്ഷ്യമിട്ടിരുന്നത്. ഇതുവരെ 11.31 ലക്ഷം രൂപയുടെ വില്പന നടന്നു.

(ഡി) പ്രസ്തുത ബ്രാൻഡ് ഉത്പന്നങ്ങളുടെ വിൽപ്പനയിലൂടെ എത്ര ലാഭം കിട്ടിയെന്നും തുടർന്നും ഈ ബ്രാൻഡിൽ ഉത്പന്നങ്ങൾ വിൽക്കുന്നതിന് ഖാദി ബോർഡ് ഉദ്ദേശിക്കുന്നുണ്ടോയെന്നുമുള്ള വിശദാംശം വ്യക്തമാക്കാമോ?

ഖാദി ഉത്പന്നം എന്ന നിലയിൽ പൊതുജനങ്ങൾക്കിടയിൽ പ്രചാരണം മാത്രമായിരുന്ന 'സഖാവ്' ഷർട്ടിലൂടെ ബോർഡ് ലക്ഷ്യമിട്ടിരുന്നത്. ആയതിനാൽ, ലാഭം നേടുന്നതുസംബന്ധിച്ച് ബോർഡ് മുൻതൂക്കം നൽകിയിട്ടില്ല. ഈ ബ്രാൻഡിന് പൊതുജനങ്ങൾക്കിടയിൽ

കൂടുതൽ വിപണി ഉണ്ടാകുന്നപക്ഷം തുടർന്നും ഈ ഉത്പന്നം വിറ്റഴിക്കുന്നതിന് മുൻതൂക്കം നൽകുന്നതാണ്.

സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി

158(5317) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി പ്രകാരമുള്ള കൈത്തറി തുണികൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി മറ്റ് സംസ്ഥാനങ്ങളിലുള്ള ഏതെല്ലാം മില്ലുകളെയാണ് തുണി ഡൈയിംഗിനായി ചുമതലപ്പെടുത്തിയതെന്നറിയിക്കുമോ; ഓരോ മില്ലുകൾക്കും ഡൈയിംഗിനായി എത്ര മീറ്റർ തുണി നൽകുന്നുണ്ട്; വിശദ വിവരം നൽകാമോ?

2021-22 അദ്ധ്യയന വർഷത്തിലേയ്ക്കായി വിതരണം ചെയ്ത സ്കൂൾ യൂണിഫോം തുണികൾ വിവിധ കളറുകളിൽ ചായം മുക്കുന്നതിനായി ഇ-ടെണ്ടർ വ്യവസ്ഥയിലൂടെ തമിഴ്നാട്ടിലുള്ള അരുണ ടെക്സ്റ്റൈൽസ് പ്രോസസ്സിംഗ് മിൽസ്, യുണൈറ്റഡ് ബ്ലീച്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, മിനർവ സിങ്കോട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്നീ മില്ലുകളെയാണ് ചുമതലപ്പെടുത്തിയിരുന്നത്. അരുണ ടെക്സ്റ്റൈൽസ് പ്രോസസ്സിംഗ്

മിൽസിന് 28,15,400 മീറ്റർ തുണിയും യുണൈറ്റഡ് ബ്ലീച്ചേഴ്സിന് 12,61,900 മീറ്റർ തുണിയും മിനർവ സിങ്കോട്ട് പ്രൈവറ്റ് ലിമിറ്റഡിന് 58,800 മീറ്റർ തുണിയുമാണ് നൽകിയത്.

പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണം

159(5318) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേരളത്തിലെ പരമ്പരാഗത കരകൗശല മേഖലകളുടെ പരിപോഷണത്തിനായി കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപെക്സ് സഹകരണ സംഘം (സുരഭി), കേരള സംസ്ഥാന മുള വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻ വികസന കോർപ്പറേഷൻ (കാഡ്കോ), കേരള പനയുല്പന്ന വികസന കോർപ്പറേഷൻ (കെൽപാം) എന്നീ സംസ്ഥാനതല സ്ഥാപനങ്ങൾ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിച്ചവരുന്നു. പ്രസ്തുത സ്ഥാപനങ്ങൾ മുഖേന അതാത് മേഖലകളിലെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി വർഷാവർഷം ബഡ്ജറ്റ് വിഹിതം അനുവദിച്ചു

വരുന്നു. സർക്കാർ സാമ്പത്തിക സഹായം ഉൾപ്പെടുത്തി പ്രസ്തുത സ്ഥാപനങ്ങൾ ഉത്പന്നങ്ങൾക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ സംഭരിച്ച് തൊഴിലാളികൾക്ക് വിതരണം ചെയ്യുക, വിപണനത്തിനായി സ്ഥിരം സംവിധാനം ഒരുക്കുക എന്നിവയ്ക്കുപുറമേ വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിക്കുക, പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നിവയും ചെയ്തുവരുന്നു. കരകൗശല മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ്' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി കരകൗശല മേഖലയിൽ ആരംഭിക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് സ്ഥിരനിക്ഷേപത്തിന്റെ 40% തുക അതായത് പരമാവധി 2 ലക്ഷം രൂപവരെ ഗ്രാന്റായി നൽകുമ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വനിതാ സംരംഭകർക്ക് ധനസഹായത്തിന്റെ പരിധി 3 ലക്ഷം രൂപയാണ് നൽകുന്നത്. പരമ്പരാഗത കരകൗശല ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തി നൽകുന്നതിന് വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സാങ്കേതിക ഉപദേശവും നൽകിവരുന്നുണ്ട്. പരമ്പരാഗത കശുവണ്ടി മേഖലയെ പുനരുദ്ധരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി അടിസ്ഥാന സൗകര്യ

വികസനം, ആധുനികവത്കരണം, ഭാഗിക യന്ത്രവത്കരണം എന്നീ മേഖലകളിൽ ഫണ്ട് അനുവദിച്ചുവരുന്നു. ഖാദി മേഖലയിലെ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉത്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത 1750 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത് (നൂലിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും), ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ, അദ്ധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉത്പാദനവും കൂലിയും ലഭിക്കാനുതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഖാദി ഗ്രാമം പദ്ധതി തുടങ്ങിയവ നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി

പഴയവയ്ക്കുപകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവത്കരണം തുടങ്ങിയ പ്രവർത്തനവും നടത്തിവരുന്നു. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ എന്റെ ഗ്രാമം പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. ഇതിനുപുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കിവരുന്നു. കയർ മേഖലയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വിപണനം, പരസ്യപ്രചരണ വ്യാപാര പ്രവർത്തനങ്ങൾ, എക്സിബിഷനുകൾ മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം.

2. കയറും കയർ ഉത്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50% സംസ്ഥാന വിഹിതം മാച്ചിംഗ് ഫണ്ടായി നൽകുന്നു). മുൻവർഷത്തെ വിപണനത്തിന്റെ 10% ഉത്പന്ന സഹകരണ സംഘങ്ങൾക്ക്

വിപണി വികസനത്തിനായി നൽകിവരുന്നു.

3. കയർ ഭ്രവസ്തു വികസന പരിപാടി, കയർ ഭ്രവസ്തുത്തിന്റെ വിപണി കണ്ടെത്തുന്നതിന് സെമിനാറുകൾ, ശില്പശാലകൾ എന്നിവ നടത്തുന്നു.

4. കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം.

5. കയർ വ്യവസായത്തിന്റെ യന്ത്രവത്കരണവും പശ്ചാത്തല വികസനവും - കയർ വ്യവസായത്തിലെ നിയന്ത്രിത യന്ത്രവത്കരണം. അടിസ്ഥാനസൗകര്യം സംഘടിപ്പിക്കുന്നതിനും യന്ത്രവത്കരണം നടത്തുന്നതിനുമായി.

6. പരിശീലനവും നേതൃത്വ പാലനം മെച്ചപ്പെടുത്തലും- കയർ തൊഴിലാളികൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥതലത്തിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി.

7. ഉത്പാദനവും വിപണന പ്രചോദനവും - പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്ക് അവരുടെ മുൻവർഷത്തെ വിപണനത്തിന്റെ 10% ഉത്പാദന വിപണന പ്രചോദന ഗ്രാന്റായി നൽകിവരുന്നു.

8. വിലവ്യതിയാന സ്ഥിരതാ ഫണ്ട് - ചകിരി, കയർ, കയർ ഉത്പന്നങ്ങൾ എന്നിവ സംഭരിച്ച് വിപണനം ചെയ്യുന്നതിന്, കയർ കോർപ്പറേഷൻ,

കയർഫെഡ് എന്നിവർക്ക് നൽകിവരുന്ന ധനസഹായം.

9. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.

10. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടിയും തൊണ്ട് ശേഖരണ പരിപാടിയും.

11. കയർ വ്യവസായത്തിന്റെ പുന:സംഘടന രണ്ടാം ഘട്ടം - അടിസ്ഥാനസൗകര്യ വികസനത്തിനും യന്ത്രവത്കരണത്തിനും എൻ.സി.ഡി.സി സഹായം നൽകുന്നു.

12. പള്ളിപ്പുറം വികസന കേന്ദ്രത്തിൽ കയർ ക്ലസ്റ്റർ സ്ഥാപിക്കൽ - കയർ രണ്ടാം പുന:സംഘടനാ പദ്ധതിയിൽ ഭൂമി ഏറ്റെടുക്കുന്നതിനും ലാൻഡ് ഡവലപ്മെന്റിനുമായി ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

13. കണിച്ചുകുളങ്ങരയിൽ വ്യാവസായിക അടിസ്ഥാനത്തിൽ കയർ ബൈൻഡർലസ് ബോർഡ് ഉത്പാദിപ്പിക്കുന്ന ഫാക്ടറി സ്ഥാപിക്കൽ - കയർ രണ്ടാം പുന:സംഘടനാ പദ്ധതിയിൽ, ബൈൻഡർലസ് ബോർഡ് ഫാക്ടറി സ്ഥാപിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനും ഫാക്ടറിക്ക് യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും റിസർച്ച് & ഡവലപ്മെന്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനും പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.

14. യന്ത്രവത്കൃത സഹകരണ കയർ ഉത്പന്ന ഫാക്ടറികൾ സ്ഥാപിക്കൽ - കയർ രണ്ടാം പുന:സംഘടനയിലെ പ്രധാനപ്പെട്ട ഇനങ്ങളിൽ ഒന്നാണ് കയർ രംഗത്ത് നൂതന ഉത്പന്ന ഫാക്ടറികൾ സ്ഥാപിക്കുന്നതിനും നീഡിൽ ഫെൽറ്റ്, ടഫ്റ്റഡ് ഫാക്ടറികളും കയർ സഹകരണ മേഖലയിൽ ആരംഭിക്കുന്നതിനുമുള്ള പദ്ധതി.

15. കയർ സഹകരണ സംഘങ്ങളുടെ പുന:സംഘടനയും മാനേജീരിയൽ സബ്സിഡിയും - കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ വേതനത്തിന്റെ ഒരു ഭാഗം, പരമാവധി പ്രതിമാസം 5000 രൂപ സർക്കാർ ഗ്രാന്റായി നൽകിവരുന്ന പദ്ധതി.

കൈത്തറി മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി - കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കൈത്തറി വസ്ത്ര മേഖല. കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. പ്രസ്തുത പദ്ധതി നടപ്പിലാക്കി 4 വർഷം പിന്നിടുമ്പോഴും കൈത്തറി

മേഖലയിലെ നെയ്ത്ത തൊഴിലാളികളുടെ എണ്ണത്തിൽ വർദ്ധനവാണുണ്ടായിട്ടുള്ളത്.

2. കൈത്തറി മേഖലയിലെ സ്വയംതൊഴിൽ സഹായ പദ്ധതി - കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉല്പാദന യൂണിറ്റുകൾ തുടങ്ങി സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് സ്വയംതൊഴിൽ സംരംഭം. ഈ പദ്ധതി പ്രകാരം സ്ഥിരനിക്ഷേപം, പ്രവർത്തനമൂലധനം, പരിശീലനം, വിപണനം എന്നിവയ്ക്കായി സംരംഭകർക്ക് മാർജിൻമണി ഗ്രാന്റ് നൽകി പുതിയ സംരംഭം ആരംഭിക്കുന്നതിന് സഹായം നൽകുന്നു. ഈ പദ്ധതി പ്രകാരം സ്ഥിര നിക്ഷേപത്തിന്റെ 40% തുക പരമാവധി 4,00,000/- രൂപയായി നിജപ്പെടുത്തിയും പ്രവർത്തന മൂലധനത്തിന്റെ 30% തുക പരമാവധി 1,50,000/- രൂപയായി നിജപ്പെടുത്തിയും മാർജ്ജിൻ മണി ധനസഹായമായി നൽകുന്നു. പ്രാഥമിക കൈത്തറി സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി പങ്കാളിത്തം സഹകരണ സംഘങ്ങളിലെ അംഗങ്ങളിൽനിന്നും പിരിച്ചെടുത്ത ഓഹരി തുകയുടെ നിശ്ചിത ഇരട്ടി (ജനറൽ വിഭാഗത്തിന് ഇരട്ടി, വനിതാ വിഭാഗത്തിന് 3 ഇരട്ടി, എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് 5 ഇരട്ടി)

സർക്കാർ ഓഹരി ആയി നിക്ഷേപിക്കുന്നതാണ് സർക്കാർ ഓഹരി പങ്കാളിത്തം. സ്ഥിരാസ്തി/പ്രവർത്തന മൂലധനത്തിനായി പ്രസ്തുത തുക അംഗീകാരത്തിന് വിധേയമായി വിനിയോഗിക്കാവുന്നതാണ്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും ഹാന്റക്സ്, ഹാൻവീവ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കും. ഈ ധനസഹായം (ജി.എസ്.പി) തുക ലഭിച്ച് 15 വർഷം കഴിഞ്ഞ് 10 തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്. ഒരു സംഘത്തിന് പരമാവധി 5 ലക്ഷം രൂപ ലഭിക്കും.

3. ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി - പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുന്നതിനായി ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി നടപ്പിലാക്കുന്നുണ്ട്. തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും റിപ്പയർ ചെയ്യുന്നതിനും ഫണ്ട് ഉപയോഗിക്കുന്നു.

4. ഒരു വീട്ടിൽ ഒരു തറി പദ്ധതി - ഒരു വീട്ടിൽ ഒരു തറി പദ്ധതി പ്രകാരം കൂടുതൽ നെയ്ത്തുകാരെ തൊഴിലിലേയ്ക്ക് ആകർഷിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

5. യുവവീവ് പദ്ധതി - യുവതലമുറയെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണിത്. കൈത്തറി നെയ്ത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ നെയ്ത്തുകാർക്ക് വിശ്രമ

മുറികൾ, ടോയ്ലറ്റുകൾ, സ്റ്റോറിംഗ് സൗകര്യങ്ങൾ എന്നിവ അനുവദിച്ചുകൊടുക്കുന്നതിനായി ഒരു പുതിയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി സ്ത്രീകൾക്ക് അവരുടെ ജോലി സ്ഥലത്ത് ആരോഗ്യസംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുന്നു.

6. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺ ബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻ മണി വായ്പ നൽകുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.

7. കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും സ്ഥാപിക്കൽ - കൈത്തറി പഴമയുടെ കലാവൈഭവവും നെയ്ത്തുകാർ കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശങ്ങളിലെ വ്യവസായത്തിന്റെ പരിണാമവും പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള അവലോകനവും പ്രദർശിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(ബി) പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം,

നവീകരണം എന്നിവയ്ക്കായി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം, നവീകരണ പദ്ധതികൾ ഫില്ലിംഗ്-പാക്കിംഗ് ഷെഡ്ഡുകളുടെ സ്ഥാപനം, പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായുള്ള കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്ന തരത്തിലുള്ള ടോയ്ലറ്റ് ബ്ലോക്കുകളുടെ സ്ഥാപനം, ഡൈനിംഗ് ഹാൾ, തൊട്ടിപ്പുര ഷെഡ്ഡുകളുടെ നവീകരണം, ആവശ്യത്തിന് ഫാനുകൾ, തൊഴിലാളികൾക്ക് ഇരുന്ന് ജോലി ചെയ്യുന്നതിനുള്ള ക്രമീകരണം എന്നിവയും സാധ്യമാക്കിയിട്ടുള്ളതാണ്. കെ.എസ്.സി.ഡി.സി.-യിലെ ഫാക്ടറികൾ അടഞ്ഞുകിടന്ന കാലയളവിലേയ്ക്ക് തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ പ്രത്യേക നിധിയിൽ നിന്നും 2,500/- രൂപ വീതം ധനസഹായ വിതരണവും നടത്തിയിരുന്നു. ഖാദി മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ 2010-11 മുതൽ മിനിമം വേതനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉത്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത 1750 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉത്പാദന

ഇൻസെന്റീവ് ഇരട്ടിയാക്കിയത്, ഇ.എസ്.ഐ. ക്ഷേമനിധി ആനുകൂല്യങ്ങൾ, അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉത്പാദനവും കൂലിയും ലഭിക്കാനുതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ്പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഖാദി ഗ്രാമം പദ്ധതി തുടങ്ങിയവ നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കുപകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവ നടപ്പിലാക്കി. കയർ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി കയർ മേഖലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കയർപിരി മേഖലയിലെ ആധുനികവത്ക്കരണത്തിലൂടെ 2020-21-ൽ കയർ ഉത്പാദനത്തിൽ 25,000 ടൺ ഉല്പാദനം കൈവരിച്ചു. 2015-16-ൽ 50 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് 2020-21- ൽ 1000 മെഷീനുകൾ 100 കയർ സഹകരണ സംഘങ്ങളിൽ എൻ.സി.ഡി.സി സഹായത്തോടെ

സ്ഥാപിച്ചു. ഇനി 100 മെഷീനുകൾ 1000 സംഘങ്ങളിൽ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. 2015-16 കാലയളവിൽ ഒരു തൊഴിലാളിയുടെ ശരാശരി വാർഷിക വരുമാനം 13,380/- രൂപയായിരുന്നത് 2020-21-ൽ കയർ ഉൽപ്പാദനം വർദ്ധിച്ച തോതിൽ നടക്കുന്ന പ്രോജക്ടുകളിൽ 49,000/- രൂപയിലേയ്ക്ക് ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. കോവിഡ് കാലത്ത് തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ സംഘങ്ങളിൽ നിന്നും യൂണിറ്റ് അടിസ്ഥാനത്തിൽ കയർ പിരിക്കുന്ന തൊഴിലാളികൾക്ക് അവരുടെ വീടുകളിൽ ചകിരി, കയർഫെഡ് എത്തിച്ചുകൊടുത്തു. 2020 ജനുവരി മുതൽ 2021 ഏപ്രിൽ വരെ മാത്രം സംഘങ്ങളിൽ നിന്നും (കോവിഡ്-19 ന്റെ ഒന്നും രണ്ടും വ്യാപന ഘട്ടങ്ങളിൽ) കയർഫെഡ് 134.424 കോടി രൂപയുടെ 261924 ക്വിന്റൽ കയർ വില്പന നടത്തിയിട്ടുണ്ട്. കൂടാതെ സംഘങ്ങൾക്ക് കയർ വില മുടക്കം കൂടാതെ നൽകുന്നതിനും പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി തൊഴിലാളികൾക്ക് വേതനം കൃത്യമായി നൽകുന്നതിനും സാധിച്ചിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 25 കോടി രൂപ 2020-21 വർഷത്തേയ്ക്ക് സർക്കാർ അനുവദിച്ചിരുന്നു. ഈ തുക കൂടി ലഭിച്ചതോടെ കൂലിയിലെ സർക്കാർ വിഹിതവും പൂർണ്ണമായി നൽകുന്നതിന് സാധിച്ചു. സംസ്ഥാന പ്ലാനിംഗ് ബോർഡ് കോവിഡിന്റെ 1-ാം വ്യാപന ഘട്ടത്തിൽ

വളർച്ച രേഖപ്പെടുത്തിയ പരമ്പരാഗത വ്യവസായ മേഖലയായി കയറിനെ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി 1000/- രൂപ വീതം അംഗങ്ങളായ എല്ലാ കയർ തൊഴിലാളികൾക്കും അനുവദിച്ചു. തുകയിൽ വിനിയോഗിക്കാതെ ബാക്കിനിൽക്കുന്ന തുക ഉൾപ്പെടെ അനുവദിച്ചു നല്കുകയുണ്ടായി. 2019-20- ലും 2020-21-ലും തൊഴിലാളികളുടെ എണ്ണത്തിൽ വർദ്ധനവ് കയർ മേഖലയിലുണ്ടായിട്ടുണ്ട്. കയർ മേഖലയിലുണ്ടായ മാന്ദ്യം പരിഹരിക്കുന്നതിനായി കയർഫെഡിന് 10 കോടി രൂപയും കയർ ഉത്പന്നങ്ങൾ സംഭരിക്കുന്നതിന് കയർ കോർപ്പറേഷന് 15 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കയർഫെഡ് സംഘങ്ങളിൽ സ്റ്റോക്കുള്ള കയർ മുഴുവനും സംഭരിക്കും. സംഘങ്ങൾക്കുള്ള പിഎംഐ അനുവദിച്ചുവരുന്നു. എംഡിഎ സംസ്ഥാന വിഹിതം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലാളികൾക്ക് കോവിഡ് പശ്ചാത്തലത്തിൽ സാമ്പത്തിക ബുദ്ധിമുട്ടില്ലാതെ മുമ്പോട്ട് പോകാനുള്ള സാഹചര്യമാണ് സർക്കാർ ഒരുക്കുന്നത്. കൈത്തറി മേഖലയിൽ നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി, ഉത്പാദന പ്രോത്സാഹന ധനസഹായം എന്നിവ നല്കുന്നു. അംഗീകൃത മാർഗ്ഗനിർദ്ദേശ പ്രകാരം ശാസ്ത്രീയമായി ജോലി മൂല്യനിർണ്ണയം

നടത്തി വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് ആനുകൂല്യങ്ങൾ നൽകി നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പ്രോത്സാഹനം നൽകി ഉത്പാദനക്ഷമത മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അതോടൊപ്പം കൈത്തറി മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി അംശദാന സമ്പാദ്യ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിലെ വരിക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം മുതലായവയ്ക്കുള്ള ചെലവിലേയ്ക്കായി ധനസഹായം നൽകുന്നതിന് പദ്ധതി വിഹിതം ഉപയോഗിക്കുന്നു. ഇതിൽ 50% തുക വനിതാ നെയ്ത്തുകാർക്കായി മാത്രം ഉപയോഗിക്കുന്നു. ക്ഷേമനിധി ബോർഡിന്റെ കീഴിൽ വരുന്ന 23,000 നെയ്ത്തുകാരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നെയ്ത്ത് തൊഴിലാളിയുടെ കൂലിയുടെ കുറഞ്ഞത് 8% തുക ഇതിലേയ്ക്കായി ഈടാക്കുകയും അത്രതന്നെ തുക സർക്കാരിൽനിന്ന് ലഭ്യമാക്കുകയും ചെയ്യുന്നു. കൈത്തറി നെയ്ത്തുകാരുടെ ക്ഷേമത്തിനായി മഹാത്മാഗാന്ധി ബങ്കർ ബീമാ യോജന എന്ന ഇൻഷുറൻസ് പദ്ധതിയിൽ ഒരു നെയ്ത്തുകാരന്റെ വാർഷിക വരിസംഖ്യ ആയ 330 രൂപയിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം 150 രൂപയും എൽ.ഐ.സി ഓഫ് ഇൻഡ്യയുടെ

വിഹിതം 100 രൂപയും നെയ്ത്തുകാരന്റെ വിഹിതം 250 രൂപയുമാണ്. കൈത്തറി ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും കൈത്തറി സഹകരണ സംഘങ്ങൾക്കും ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്കും ഈ പദ്ധതി വഴി സഹായങ്ങൾ നൽകുന്നുണ്ട്.

കൈത്തറി മേഖലയിൽ കൂടുതൽ തൊഴിൽദിനങ്ങൾ

160(5319) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കൈത്തറി മേഖലയിൽ പരമ്പരാഗത തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനങ്ങൾ നൽകുന്നതിനും മെച്ചപ്പെട്ട കൂലി ഉറപ്പുവരുത്തുന്നതിനും സാധിക്കുന്ന രീതിയിൽ പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ് കൈത്തറി വസ്ത്ര മേഖല. കൈത്തറി തൊഴിലാളികൾ ഈ മേഖലയിൽനിന്നും കൊഴിഞ്ഞുപോയിക്കൊണ്ടിരുന്ന സാഹചര്യത്തിൽ കൈത്തറി മേഖലയുടെ ഉന്നമനത്തിനും കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുമായി 2016-17 സാമ്പത്തിക വർഷം മുതൽ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി

നടപ്പിലാക്കിവരുന്നു. ഈ പദ്ധതി നടപ്പിലാക്കിയതുമൂലം നെയ്ത്ത് തൊഴിലാളികൾക്ക് വർഷത്തിൽ 250-ൽ കൂടുതൽ തൊഴിൽദിനങ്ങളും പ്രതിദിനം 600 രൂപയില്ധികം വേതനവും ലഭിക്കുന്നുണ്ട്. പദ്ധതി നടപ്പിലാക്കിയതു മുതൽ ഇന്നുവരെ 196.89 കോടി രൂപ നെയ്ത്ത് കൂലിയായി വിതരണം ചെയ്തിട്ടുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിൽ 2019 ഡിസംബർ മാസം മുതൽ പരിഷ്കരിച്ച മിനിമം കൂലി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി കൈത്തറി മേഖലയ്ക്ക് ഒരു പുനരുജ്ജീവനം നൽകിയിട്ടുണ്ട്.

കൈത്തറി-ഖാദി മേഖലയെ ശാക്തീകരിക്കാൻ നടപടികൾ

161(5320) ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി - ഖാദി മേഖലകൾക്ക് റിബേറ്റ് ഇനത്തിൽ സർക്കാർ അനുവദിക്കേണ്ടതായ തുക കുടിശ്ശികയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൈത്തറി മേഖലയിൽ തുക കുടിശ്ശികയായുണ്ട്. കേരളത്തിലെ

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റ്ക്സ്, ഹാൻവീവ് എന്നിവയുടെ കൈത്തറി ഉത്പന്നങ്ങൾക്ക് റിബേറ്റ് നൽകുന്നതിനായി 2021-22 സാമ്പത്തിക വർഷം 10 കോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും ഹാന്റ്ക്സിനും ഹാൻവീവിനുമായി ലഭിച്ച ഏകദേശം 10,08,87,687/- രൂപയുടെ അപേക്ഷകളിൽ അർഹമായവയിൽ ഹാന്റ്ക്സിന് 1,15,14,740/- രൂപ അനുവദിച്ചിട്ടുണ്ട്. 12,05,194/- രൂപ കുടിശ്ശികയായി ബാക്കിയുണ്ട്. ഖാദി മേഖലയിലും തുക കുടിശ്ശികയായുണ്ട്. 2019-20 വർഷത്തെ ലഭ്യമായ ക്ലെയിമുകൾ പ്രകാരം 43 കോടി രൂപ റിബേറ്റ് കുടിശ്ശികയുണ്ട്. 2021-22 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ 14 കോടി രൂപ വകയിരുത്തിയതിൽ 10 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന കൈത്തറി - ഖാദി നെയ്ത്ത് സംഘങ്ങൾ തുറന്നുപ്രവർത്തിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

കൈത്തറി മേഖല സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഏകദേശം 300 സംഘങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സംഘങ്ങളിൽ നിന്നായി 5600

നെയ്ത്തുകാരും 1513 അനുബന്ധ തൊഴിലാളികളും സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി ജോലി ചെയ്തുവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി, പൂട്ടിക്കിടന്നിരുന്ന 15 സംഘങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഖാദി മേഖല കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള നെയ്ത്ത് സംഘങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. തുറന്നു പ്രവർത്തിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച സംഘങ്ങൾക്ക് അംഗീകാരം നൽകുകയും അവ തുറന്നുപ്രവർത്തിക്കുകയും ചെയ്തുവരുന്നു. ഖാദി ബോർഡിനുകീഴിലുള്ള സംഘങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനുള്ള അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് അവ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

കയർ മേഖലയുടെ രണ്ടാം പുനഃസംഘടന

162(5321) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ മേഖലയുടെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിച്ച കാര്യങ്ങൾ എന്തൊക്കെയാണ്; അത് പൂർണ്ണമായും നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ചകിരി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവത്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉത്പന്നരംഗത്ത് വൈവിദ്ധ്യവത്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുകയെന്നുള്ളതാണ് കയർ രണ്ടാം പുനഃസംഘടനയുടെ പ്രധാന ഘടകങ്ങൾ. യന്ത്രവത്കരണവും ആധുനികവത്കരണവും നടപ്പാക്കുന്നതോടൊപ്പം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുനഃസംഘടന ഇതുവഴി കൈവരിക്കാനാകുമെന്ന് കരുതുന്നു. ഈ ലക്ഷ്യത്തിനായി എൻ.സി.ഡി.സി വഴി 200 കോടി രൂപയുടെ പദ്ധതി കയർ മേഖലയ്ക്ക് ലഭ്യമാക്കി. ആയതിൽ 110 കോടിയുടെ പദ്ധതി ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഇതിനോടകംതന്നെ 8000 മുതൽ 1,00,000 തൊണ്ടുവരെ പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന 124 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. 2015-16-ൽ കേവലം 2.5%-ൽ താഴെമാത്രം ചകിരിയുത്പാദനം ഉണ്ടായിരുന്ന സ്ഥാനത്ത് 2020-21-ൽ 32% ചകിരിയുത്പാദനം കേരളം

കൈവരിച്ചു. തൊണ്ടിന്റെ ഉപയോഗം 5%-ൽ നിന്നും 18% ആയി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. 2015-16-ൽ 50 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ ഉണ്ടായിരുന്ന സ്ഥാനത്ത്, കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ഇതിനോടകം സ്ഥാപിച്ചുകഴിഞ്ഞു. ഇവ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ ളുക്കവും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പരമാവധി 500 രൂപ വരെ സർക്കാർ സഹായമില്ലാതെ തൊഴിലാളിക്ക് ഇത്തരം സംഘങ്ങളിൽ ലഭിക്കുന്നുണ്ട്. 2015-16 കാലയളവിൽ ഒരു തൊഴിലാളിയുടെ ശരാശരി വാർഷിക വരുമാനം 13500/- രൂപയായിരുന്നത് 2020-21-ൽ കയർ ഉത്പാദനം വർദ്ധിച്ച തോതിൽ നടക്കുന്ന പ്രോജക്ടുകളിൽ 49,000/- രൂപയിലേയ്ക്ക് ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2015-16-ൽ 6000 മുതൽ 8000 ടൺ ആയിരുന്ന കയറുത്പാദനം 2016-17-ൽത്തന്നെ 10000 ടൺ ഉത്പാദനം കൈവരിച്ച കയർപിരി രംഗം 2020-21-ൽ 25000 ടൺ ആയി ഉയർത്താൻ സാധിച്ചിട്ടുണ്ട്. 2015-16-ൽ ഇലക്ട്രോണിക് റാട്ടുകളുടെ എണ്ണം 8000 ആയിരുന്നത് 2020-21-ൽ 29,500 ആയി ഉയർന്നു. പരമ്പരാഗത കയർപിരി മേഖലയിലെ തൊഴിലാളികളുടെ പ്രതിദിന കൂലിയായിരുന്ന

300/- രൂപയുടെ ഒരു ഭാഗം പരമാവധി 110/-രൂപ സർക്കാർ വിഹിതമായി നൽകിവരുന്ന പദ്ധതിയാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ശരാശരി 12.5 കോടി രൂപ 2015-16 വരെ പ്രതിവർഷം നൽകിയപ്പോൾ 2016-17 മുതൽ വർദ്ധിപ്പിച്ച് 2020-21-ൽ 24 കോടിയിൽ എത്തി. ഈ കാലയളവിൽ കയർപിരി മേഖലയിലെ തൊഴിലാളികളുടെ കൂലി വർദ്ധനവ് നടപ്പാക്കാനായി പരമ്പരാഗത ഇലക്ട്രോണിക് റാട്ടുകളിൽ 300-ൽനിന്നും 350 ആയും ഓട്ടോമാറ്റിക് സ്പിന്നിംഗ് രംഗത്ത് 500/- രൂപയായും നിശ്ചയിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഉത്പാദിപ്പിച്ച കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ്.-മായി ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മണ്ണ് - ജല സംരക്ഷണ പദ്ധതിക്കും റോഡ് നിർമ്മാണത്തിനും കയർഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിവരുന്നു. 2011-12 മുതൽ 2015-16 വരെ 58 കോടി രൂപയുടെ കയർ ഭൂവസ്ത്രം വിറ്റഴിച്ചപ്പോൾ 2016-17 മുതൽ 2020-21 വരെ 82 കോടി രൂപയുടെ ഭൂവസ്ത്രത്തിന് വിപണി ലഭിച്ചു. 42% വർദ്ധനവ് കയർ ഭൂവസ്ത്ര രംഗത്ത് കൈവരിച്ചിട്ടുണ്ട്. കൂടാതെ എംജിഎൻആർഇജിഎസ്-ൽ 120 കോടി രൂപയുടെ ഭൂവസ്ത്ര പദ്ധതിക്ക് എം.ഒ.യു ഒപ്പിട്ടിട്ടുണ്ട്. കയറുത്പന്ന മേഖലയെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും ഒഴിവാക്കാൻ ആരംഭിച്ച

പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം 2015-16 വരെ പിന്നിട്ട 5 വർഷംകൊണ്ട് 399 കോടി രൂപയുടെ ഉത്പന്നങ്ങൾ കയർ കോർപ്പറേഷൻവഴി സംഭരിച്ച സ്ഥാനത്ത് 2016-17 മുതൽ 2020-21 വരെ 732 കോടി രൂപയുടെ ഉത്പന്ന സംഭരണം നടത്തുന്നതിന് കഴിഞ്ഞു. ഈ പദ്ധതിയിൽ 83% വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2016-ൽ 50 പൈസ കിലോയ്ക്ക് ലഭിച്ചിരുന്ന കയർപിത്തിന് ഇന്ന് 4.00 രൂപ വില ലഭിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഇത് കയർ രണ്ടാം പുനഃസംഘടനയുടെ എടുത്തുപറയേണ്ട ഒരു നേട്ടമാണ്. ഇതോടൊപ്പംതന്നെ രണ്ടാംപുനഃസംഘടനയുടെ ഭാഗമായി കേരള സർക്കാരിന്റെ കയർ വകുപ്പ് നെതർലന്റ്സിലെ വാഗ്നിംഗൻ സർവ്വകലാശാലയുമായി കയർ കോംപോസിറ്റ്സ് ബോർഡ് വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കാൻ കഴിയുന്ന ഒരു പദ്ധതിക്ക് എം ഒ യു ഒപ്പുവച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ മൊത്തം ചെലവ് 100 കോടി രൂപയാണ്.

വൈപ്പിൻ മണ്ഡലത്തിലെ കയർ വകുപ്പിന്റെ കീഴിലെ പദ്ധതികൾ

163(5322) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കയർ വകുപ്പിന്റെ കീഴിൽ നടക്കുന്ന വികസന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ നോർത്ത്പരവൂർ പ്രോജക്ടിന് കീഴിൽ നിലവിൽ 3 സംഘങ്ങളിലായി എം.ഡി.എ, പി.എം.ഐ, അടിസ്ഥാന വികസന പദ്ധതി, റിവൈവൽ, എ.എസ്.എം, മാനേജീരിയൽ ഗ്രാന്റ് , വില്ലോയിംഗ്, വർക്കിംഗ് ക്യാപിറ്റൽ, വരുമാനം ഉറപ്പാക്കൽ പദ്ധതി എന്നീ വികസന പദ്ധതികളിലായി 2016 മുതൽ 2021 വരെ 1,73,32,390/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി നിയോജകമണ്ഡലത്തിൽപ്പെട്ട പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ മുനമ്പത്ത് കയർഫെഡ് 1.33 കോടി രൂപ ചെലവിൽ ഗോഡൗൺ സമുച്ചയം കേരള സർക്കാർ ധനസഹായത്തോടുകൂടി പുതുക്കി നിർമ്മിക്കുകയും പുതുതായി ഷോറൂം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ മുനമ്പത്ത് കയർഫെഡിന്റെ കീഴിലുള്ള സ്ഥലത്ത് പിത്ത് സംസ്കരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ മുനമ്പത്ത് കയർഫെഡിന്റെ കീഴിലുള്ള സ്ഥലത്ത് പിത്ത് സംസ്കരണത്തിനായി ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

ചകിരിച്ചോറ് സംഭരിച്ച് സംസ്കരിച്ച് കൊക്കോഫെർട്ട് എന്ന ബ്രാൻഡിൽ സോയിൽ കണ്ടീഷണറായും, കോക്കോ ഗ്രീൻ എന്ന ബ്രാൻഡിൽ ജൈവമാലിന്യ സംസ്കരണത്തിനുള്ള ഇനോക്കുലേറ്റഡ് പിത്തായും മാറ്റുന്നതിനുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത ഉത്പന്നങ്ങൾ സംസ്ഥാന കൃഷി വകുപ്പ് വഴിയും ത്രിതല പഞ്ചായത്ത് സംവിധാനം വഴിയും വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

കയർ ഭൂവസ്ത്ര പദ്ധതി

164(5323) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തുകളിലൂടെ കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കുന്നതിന് ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ഭൂവസ്ത്രങ്ങൾ നൽകുന്നതിന് സാധിച്ചിട്ടുണ്ടോ; ഇതിലൂടെ എത്ര കോടി രൂപ ലഭിച്ചുവെന്നറിയിക്കുമോ?

സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന മുഴുവൻ കയറിനും വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ്സുമായി ചേർന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മണ്ണ്-ജല സംരക്ഷണ പദ്ധതിക്കും റോഡ് നിർമ്മാണത്തിനും കയർഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിവരുന്നു. 2021 വർഷത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസും കയർ വികസന വകുപ്പും

വിവിധ സ്വയംഭരണ സ്ഥാപനങ്ങളുമായിച്ചേർന്ന് 120 കോടി രൂപയുടെ (161,33,33 സ്ക്വയർ മീ.) കയർ ഭൂവസ്ത്ര പരിപാടിക്ക് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. കയർ ഭൂവസ്ത്ര വിതരണത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും കയർ വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് ലഭിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. +

കശുവണ്ടി സംസ്കരണ ഫാക്ടറികൾ നവീകരിക്കാൻ നടപടി

165(5324) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കശുവണ്ടി സംസ്കരണ ഫാക്ടറികൾ നവീകരിക്കുന്നതിനും യന്ത്രവത്കരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള 30 കശുവണ്ടി ഫാക്ടറികൾ നവീകരിക്കുന്നതിനും ഭാഗിക യന്ത്രവത്കരണത്തിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2017 - 2018 സാമ്പത്തിക വർഷം 40 കോടി രൂപയും 2020-2021-ൽ 13.5 കോടി രൂപയും ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളിൽ ഭാഗിക യന്ത്രവത്കരണത്തിന്റെ ഭാഗമായി കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഇവർക്കാവശ്യമായ ഡൈനിംഗ് ഹാൾ, ഡ്രസ്സിംഗ് റും, വായനാ മുറി, ആധുനിക സൗകര്യങ്ങളോടുകൂടിയ ഇൻസിനറേറ്ററുകൾ ഘടിപ്പിച്ച ടോയ്ലറ്റ് ബ്ലോക്കുകൾ, അന്തരീഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാൻ, സി.സി.റ്റി.വി സർവയിലൻസ് ക്യാമറകൾ, ചൂടട് അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ടെക്കുകൾ, ഷെഡുകളുടെ ഊഷ്മാവ് ക്രമീകരിക്കുന്നതിനുള്ള തെർമൽ സിസ്റ്റം, തൊഴിലാളികളുടെ കുട്ടികൾക്കാവശ്യമായ തൊട്ടിൽപ്പുര എന്നീ നവീകരണ യന്ത്രവത്കരണ നടപടികൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 2021-22 സാമ്പത്തിക വർഷം 550 ലക്ഷം രൂപ കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തുകയും ഇതിൽ 510 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു.

കശുവണ്ടി ഫാക്ടറികൾ

166(5325) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിന് ഒരു വർഷത്തേയ്ക്ക് എത്ര ടൺ കശുവണ്ടി ആവശ്യമുണ്ട്; സംസ്ഥാനത്ത് എത്ര ടൺ കശുവണ്ടി ഉത്പാദിപ്പിക്കുന്നുണ്ട്; അറിയിക്കാമോ?

സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിന് പ്രതിവർഷം 6 ലക്ഷം മെട്രിക് ടൺ കശുവണ്ടി ആവശ്യമുണ്ട്. Directorate of Cashew and Cocoa Development (DCCD)-ന്റെ 2018-19 വർഷത്തെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 83,000 മെട്രിക് ടൺ കശുവണ്ടി ഉത്പാദനം ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) കശുമാവ് കൃഷി സംസ്ഥാനത്ത് കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നത് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ രൂപീകരിച്ച കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിക്ക് 'ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനുമായി' 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 650 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ഭരണാനുമതി

നൽകിയിട്ടുണ്ട്. കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി കശുമാവ് കൃഷി വ്യാപനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കാഷ്യൂ മോഡൽ ഗാർഡൻ - പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ എന്നിവരുടെ സഹകരണത്തോടെ നോർമൽ ഡെൻസിറ്റി, ഹൈഡെൻസിറ്റി എന്നീ കൃഷി രീതികൾ അവലംബിച്ച് കശുമാവ് കൃഷി വ്യാപനത്തിനായി ഗ്രാഫ്റ്റുകളുടെ വിതരണം നടന്നുവരുന്നു. 666 ഹെക്ടർ സ്ഥലത്ത് ഈ രീതിയിൽ കൃഷി വ്യാപിപ്പിക്കുവാനാണ് കശുമാവ് കൃഷി വികസന ഏജൻസി ലക്ഷ്യമിടുന്നത്.

2. മോഡൽ കാഷ്യൂ ഫാം - പ്രസ്തുത പദ്ധതി പ്രകാരം കർഷകർ, സ്വകാര്യ സ്ഥാപനങ്ങൾ, കുടുംബശ്രീ, എൻ.ജി.ഒ.-കൾ എന്നിവരുടെ സഹകരണത്തോടെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. 2416 ഹെക്ടർ സ്ഥലത്ത് നോർമൽ ഡെൻസിറ്റി, ഹൈഡെൻസിറ്റി എന്നീ കൃഷി രീതികളിലൂടെ കശുമാവ് കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്.

3. മുറ്റത്തൊരു കശുമാവ് പദ്ധതി - കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുക എന്ന പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ്

അസോസിയേഷനുകൾ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ, കോളേജ് കുട്ടികൾ, അഗ്രികൾച്ചർ ക്ലബുകൾ എന്നിവർക്ക് കശുമാവ് തൈകൾ വിതരണം നടത്തി. പൊക്കം കുറഞ്ഞ, അധികം പടരാത്ത, വീട്ടുമുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻതൈകൾ ഈ പദ്ധതി പ്രകാരം സൗജന്യമായി നൽകുന്നു. ഈ പദ്ധതി പ്രകാരം 83335 ഗ്രാഫ്റ്റുകൾ വിതരണം ചെയ്യുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. കൂടാതെ നാടൻ തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുത്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉത്പാദിപ്പിക്കുന്നുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള 30 കശുവണ്ടി ഫാക്ടറികളിലായി 5500- ഓളം കശുമാവിൻതൈകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിക്കും കശുവണ്ടി വികസന കോർപ്പറേഷൻ രൂപം നൽകിയിട്ടുണ്ട്. കൂടാതെ കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി എന്നീ ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് 'മാതൃകാ കശുമാവ് തോട്ട' പദ്ധതിയിൽപ്പെടുത്തി അത്യുത്പാദനശേഷിയുള്ള കശുമാവ് തൈകൾ കൃഷി ചെയ്യുന്നുണ്ട്.

പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ

167(5326) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാൻന്റേഷൻ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

11.02.2021-ലെ സ.ഉ.(കൈ)നം.12/2021/തൊഴിൽ പ്രകാരം തൊഴിൽ വകുപ്പിനുകീഴിൽ ഒരു പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും 20.05.2021-ലെ Pol.5/43(1)/2021-GAD നമ്പർ വിജ്ഞാപനം പ്രകാരം പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്ന വിഷയം വ്യവസായ വകുപ്പിനുകീഴിൽ കൊണ്ടുവരികയും ചെയ്തു. പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള മറ്റ് നടപടികൾ വ്യവസായ വകുപ്പിനുകീഴിൽ പുരോഗമിക്കുന്നു.

(ബി) പ്ലാന്റേഷൻ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് പ്രസ്തുത ഡയറക്ടറേറ്റ് മുഖേന എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

11.02.2021-ലെ സ.ഉ.(കൈ)നം.12/2021/തൊഴിൽ പ്രകാരം തൊഴിൽ വകുപ്പിനുകീഴിൽ ഒരു പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന്

സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും 20.05.2021-ലെ Pol.5/43(1)/2021-GAD നമ്പർ വിജ്ഞാപനം പ്രകാരം പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്ന വിഷയം വ്യവസായ വകുപ്പിനുകീഴിൽ കൊണ്ടുവരികയും ചെയ്തു. പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള മറ്റ് നടപടികൾ വ്യവസായ വകുപ്പിനുകീഴിൽ പുരോഗമിക്കുന്നു.

(സി) തോട്ടവിളകൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനും വിപണി കണ്ടെത്തുന്നതിനും വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

തോട്ടം മേഖലയിലെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് മേഖലയിലെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിട്ട: ജസ്റ്റിസ് കൃഷ്ണൻനായരെ കമ്മീഷനായി നിയമിക്കുകയും കമ്മീഷന്റെ ശിപാർശകളിൽ ഭൂരിഭാഗവും സർക്കാർ അംഗീകരിക്കുകയും സമഗ്രമായ ഒരു പ്ലാന്റേഷൻ നയം രൂപീകരിച്ച് അന്തിമ രൂപം നൽകുകയും 22.01.2021-ലെ സ.ഉ.(കൈ)നം.6/2021/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. തോട്ടവിളകൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനും വിപണി കണ്ടെത്തുന്നതിനുമുള്ള പദ്ധതികൾ സർക്കാർ അംഗീകരിച്ച പ്ലാന്റേഷൻ നയത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനും മേൽനോട്ടത്തിനും പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കേണ്ടതുണ്ട്. പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്ന വിഷയം വ്യവസായ വകുപ്പിനുകീഴിൽകൊണ്ടുവരികയും ആയത് രൂപീകരിക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പിനുകീഴിൽ പുരോഗമിക്കുകയും ചെയ്യുന്നു.

വൈദ്യുതി മേഖലയിലെ വ്യവസായ സൗഹൃദസമീപനം

168(5327) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ എസ്റ്റേറ്റുകളിലും വ്യാവസായിക മേഖലകളിലും 22 കെ.വി. വൈദ്യുതി എത്തിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് പാലക്കാട് ജില്ലയിൽ കഞ്ചിക്കോട്, വാളയാർ എന്നീ സ്ഥലങ്ങളിലെ വ്യവസായ എസ്റ്റേറ്റുകളിൽ മാത്രമാണ് 22 കെ.വി വൈദ്യുതി വിതരണം നിലവിലുള്ളത്. എല്ലാ വ്യാവസായിക എസ്റ്റേറ്റുകളിലും മേഖലകളിലും 22 കെ.വി. വൈദ്യുതി എത്തിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) സംസ്ഥാനത്തിന് പുറത്തുനിന്ന് കുറഞ്ഞ നിരക്കിൽ വൈദ്യുതി

വാങ്ങാൻ മേൽപ്പറഞ്ഞ മേഖലകളിലെ കമ്പനികൾക്ക് അനുമതി നൽകുമോ?

KSERC (Connectivity and Open Access) Regulations 2013-ൽ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങാവുന്നതാണ്.

(സി) പുതിയ വ്യവസായങ്ങൾക്കും നിലവിലുള്ള ഫാക്ടറികളുടെ വിപുലീകരണ യൂണിറ്റുകൾക്കും ഇലക്ട്രിക് ഡ്യൂട്ടി നൽകുന്നതിൽനിന്ന് അഞ്ചുവർഷത്തെ ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് 1963 പ്രകാരമാണ് സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളിൽനിന്ന് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഈടാക്കിവരുന്നത്. ഇതിൽ ഭേദഗതി വരുത്തി ഇളവുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പുറത്തുനിന്ന് പാരമ്പര്യേതര സ്രോതസ്സിൽനിന്നുള്ള വൈദ്യുതി വാങ്ങാൻ ക്രോസ് സബ്സിഡി ചാർജ്ജ്, ഗ്രിഡ് സപ്പോർട്ട് ചാർജ്ജ് എന്നിവ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

KSERC (Connectivity and Open Access) Regulations 2013 പ്രകാരമാണ് ക്രോസ് സബ്സിഡി സർചാർജ്ജ് ഈടാക്കുന്നത്. KSERC (Renewable Energy and Net Metering) Regulations 2020 പ്രകാരമാണ്

ഗ്രിഡ് സപ്പോർട്ട് സർചാർജ്ജ് ഈടാക്കുന്നത്. KSERC റെഗുലേഷനുകളിൽ നിഷ്കർഷിക്കുന്ന ചാർജ്ജുകൾ ഒഴിവാക്കുവാൻ നിർവ്വാഹമില്ല.

പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി

169(5328) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതിയുത്പാദനം വർദ്ധിപ്പിച്ച് 25 ശതമാനം വാർഷിക വളർച്ച കൈവരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കാമോ?

സംസ്ഥാനത്ത് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതിയുത്പാദനം വർദ്ധിപ്പിച്ച് 25 ശതമാനം വാർഷിക വളർച്ച കൈവരിക്കുന്നതിനുള്ള ലക്ഷ്യം മുൻനിർത്തി വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംസ്ഥാനത്ത് 15,299 വീടുകളിലും 362 സ്ഥാപനങ്ങളിലുമായി 36.7 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ അനെർട്ട് മുഖേന ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി

ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM സംസ്ഥാനത്ത് കാർബൺരഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടെ അനെർട്ട് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രണ്ടായിരം പമ്പുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്നതിനാണ് ഈ വർഷം ലക്ഷ്യമിടുന്നത്. മറ്റ് പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽനിന്നും വൈദ്യുതിയുത്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു. 'ഊർജ്ജകേരള മിഷൻ' പരിപാടിയോടനുബന്ധിച്ച് 1,000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്ന 'സൗര' പദ്ധതി സംസ്ഥാനത്ത് നിലവിൽ കെ. എസ്. ഇ. ബി. എൽ. മുഖേനയാണ് നടപ്പിലാക്കുന്നത്. സ്ഥലപരിമിതിയും പൊതുജനങ്ങളുടെ എതിർപ്പുംമൂലം താപനിലയങ്ങളും വനഭൂമി-പരിസ്ഥിതി സംബന്ധമായ കാരണങ്ങളാൽ ജലവൈദ്യുത പദ്ധതികളും തുടങ്ങുവാൻ സാധിക്കാത്തതിനാൽ ചെറുകിട ജലവൈദ്യുത പദ്ധതികളും സൗരോർജ്ജ പദ്ധതികളുമാണ് പ്രാമുഖ്യം നൽകി

നിലവിൽ സംസ്ഥാനത്തിനുള്ളിൽ നടപ്പിലാക്കിവരുന്നത്. കേരളത്തിൽ സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള പ്രധാന തടസ്സം ഭൂമിയുടെ ഉയർന്ന വിലയാണ്. അതിനാൽ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 'സൗര' പദ്ധതി പ്രകാരം സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേരളത്തിൽ കഴിഞ്ഞ കൊല്ലങ്ങളിലുണ്ടായ പ്രകൃതിക്ഷോഭങ്ങൾ കാരണമുണ്ടായ തടസ്സങ്ങളും കോവിഡ്-19 കാരണം നിലനിൽക്കുന്ന സാഹചര്യങ്ങളും പുനരുപയോഗ സ്രോതസ്സുകളിൽനിന്നുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ ചെറിയ കുറവുകൾ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ, ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് പലവിധ സ്ഥലമേറ്റെടുക്കൽ തടസ്സങ്ങൾ (ഫോറസ്റ്റ്, റവന്യൂ മുതലായ വകുപ്പുകളുടെ ക്ലിയറൻസ്) നിലനിൽക്കുന്നത് ക്രമീകരിച്ച് ദ്രുതഗതിയിലാക്കുന്നതിനുള്ള ശ്രമം നടത്തി വരുന്നു.

അനെർട്ടിലെ സയന്റിസ്റ്റുകളുടെ പ്രൊമോഷൻ

170(5329) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിൽ എത്ര സയന്റിസ്റ്റുകൾ നിലവിലുണ്ടെന്നും ഇവരുടെ ശമ്പളം, പ്രൊമോഷൻ ആനുകൂല്യങ്ങൾ എന്നിവ ഏത് നിയമപ്രകാരമാണ്

നൽകേണ്ടതെന്നും വ്യക്തമാക്കുമോ?

അനെർട്ടിൽ 4 സയന്റിസ്റ്റുകൾ നിലവിലുണ്ട്. ഇവർക്ക് ശമ്പളം, പ്രമോഷൻ ആനുകൂല്യങ്ങൾ എന്നിവ CSIR Rules പ്രകാരമാണ് നൽകുന്നത്.

(ബി) ഇവർ നടത്തിയ ഗവേഷണങ്ങൾ പ്രൊമോഷനുവേണ്ടി അസ്സസ്സ്മെന്റ്, സ്ക്രീനിംഗ് കമ്മിറ്റികൾ അംഗീകരിച്ചതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഈ സയന്റിസ്റ്റുകൾ നാളിതുവരെ ഏതെങ്കിലും പേറ്റന്റിന് അപേക്ഷിച്ചിട്ടുണ്ടോ?

ഇവർ നടത്തിയ ഗവേഷണങ്ങൾ പ്രൊമോഷനുവേണ്ടി അസ്സസ്സ്മെന്റ്, സ്ക്രീനിംഗ് കമ്മിറ്റികൾ ശിപാർശ ചെയ്തിട്ടില്ല. ഒരു സയന്റിസ്റ്റ് പേറ്റന്റിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) സയന്റിസ്റ്റുകളുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് എ.ജി. നടത്തിയ ഓഡിറ്റിംഗിൽ എന്തെല്ലാം ഗുരുതര പരാമർശങ്ങളാണ് കണ്ടെത്തിയതെന്ന് വിശദീകരിക്കാമോ; പ്രസക്ത ഭാഗത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

CSIR മാനദണ്ഡമനുസരിച്ച് അനെർട്ട് രൂപീകരിച്ച സ്ക്രീനിംഗ് കമ്മിറ്റി അനെർട്ടിലെ ശാസ്ത്രജ്ഞന്മാർക്ക് പ്രൊമോഷൻ പരിഗണിക്കേണ്ടതില്ലെന്ന് ശിപാർശ ചെയ്തിരുന്നുവെങ്കിലും, ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ

അടിസ്ഥാനത്തിൽ, ബഹു. ഹൈക്കോടതി സർക്കാരിനോട് ഉചിതമായ തീരുമാനം കൈക്കൊള്ളാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ശാസ്ത്രജ്ഞർക്ക് പ്രൊമോഷൻ നൽകിയത്. അപ്രകാരം, നിലവിലുള്ള സി.എസ്.ഐ.ആർ വ്യവസ്ഥകളിൽ/കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയോൺമെന്റ് നിയമങ്ങളിൽനിന്നും വ്യതിചലിച്ച് പ്രൊമോഷൻ നൽകിയത് ക്രമപ്രകാരമല്ലെന്ന് എ.ജി.-യുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. പ്രസക്ത ഭാഗത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. +

(ഡി) ഫയലിൽ തിരിമറി നടത്തിയും സി.എസ്.ഐ.ആർ. റൂളും ഹൈക്കോടതി വിധിയും തെറ്റിദ്ധരിച്ചു പ്രൊമോഷനുവേണ്ടി കത്തയച്ചതായി എ.ജി കണ്ടെത്തിയിട്ടുണ്ടോ?

അനെർട്ടിലെ സയന്റിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. പി. വൽസരാജ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ചുമതല വഹിച്ച കാലയളവിൽ സയന്റിസ്റ്റുമാരുടെ പ്രമോഷൻ വിഷയത്തിൽ തെറ്റായ വിവരം നൽകിയതായി എ.ജി.-യുടെ ഓഡിറ്റിൽ പരാമർശമുണ്ട്.

(ഇ) ഇതിൽ അനെർട്ടിലെ ഉദ്യോഗസ്ഥരുടെ പേര് പരാമർശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെന്ന് തസ്തിക ഉൾപ്പെടെ വെളിപ്പെടുത്താമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനെർട്ട് ഡയറക്ടർ സർക്കാരിനയച്ച കത്തിൽ സയന്റിസ്റ്റായ ശ്രീ. പി. വത്സരാജിന്റെ പേര് പരാമർശിച്ചിട്ടുണ്ട്.

(എഫ്) മേൽ കത്തിന്റെ അടിസ്ഥാനത്തിൽ സയന്റിസ്റ്റുകൾക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോയെന്നും അതിനുശേഷം നാളിതുവരെ എത്ര തുക ശമ്പള - കുടിശ്ശിക ഇനങ്ങളിൽ ഇവർക്ക് നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

പ്രൊമോഷൻ നൽകിയിട്ടുണ്ട്. ശമ്പളക്കുടിശ്ശിക ഇനത്തിൽ 37,99,541/- രൂപ നൽകിയിട്ടുണ്ട്.

മലപ്പുറം മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ

171(5330) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെകീഴിൽ നടന്നുവരുന്ന വിവിധ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വെളിപ്പെടുത്തുമോ?

മലപ്പുറം നിയോജകമണ്ഡലത്തിൽ പ്രസരണ മേഖലയിൽ നിലവിലുള്ള 110 കെ.വി AIS (Air Insulated Substation) GIS (Gas Insulated Substation) ആക്കി മാറ്റുന്നതിനുള്ള പ്രവൃത്തിക്കുള്ള ഭരണാനുമതി

നൽകിയിട്ടുണ്ട്. രണ്ടോമൂന്നോ മാസങ്ങൾക്കുള്ളിൽ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. വരമ്പൂരിൽനിന്നും മലപ്പുറംവരെയുള്ള നിലവിലുള്ള 66 കെ.വി ലൈൻ 110 കെ.വി ആയി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. പ്രവൃത്തിക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. മലപ്പുറം നിയോജകമണ്ഡലത്തിൽ തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBL-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ‘ ദ്യുതി ' പദ്ധതി, ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ. ഇ. ഡി. ബൾബുകൾ വിതരണം ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം’ പദ്ധതി, പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്ന "നിലാവ് "പദ്ധതി, സൗര പദ്ധതി , MLA-യുടെ ആസ്തി വികസന ഫണ്ട്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് എന്നിവയിലുൾപ്പെട്ട പ്രവൃത്തികൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു. ഈ പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

1. ദ്യുതി പദ്ധതിയിലുൾപ്പെടുത്തി ലോ ടെൻഷൻ ലൈനുകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ 170 എണ്ണം പൂർത്തിയായി, 54 എണ്ണം പുരോഗതിയിലാണ്.

2. ദ്യുതി പദ്ധതിയിലുൾപ്പെടുത്തി ഹൈ ടെൻഷൻ ലൈനുകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ 102 എണ്ണം പൂർത്തിയായി, 70 എണ്ണം പുരോഗതിയിലാണ്.

3. ബഹു. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് ചെയ്ത ലോ ടെൻഷൻ ലൈനിന്റെ പ്രവൃത്തി 1 എണ്ണം പൂർത്തിയായി

4. നിലാവ് പദ്ധതിയിലുൾപ്പെടുത്തി പൂക്കോട്ടൂർ പഞ്ചായത്തിൽ 1000 ലാമ്പുകൾ സ്ഥാപിച്ചു. മൊറയൂർ പഞ്ചായത്തിൽ 500 ലാമ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു

5. ഫിലമെന്റ് രഹിത കേരളം പദ്ധതിയിൽ മലപ്പുറം നിയോജകമണ്ഡലത്തിൽ ഇതുവരെ 55625 എൽ.ഇ.ഡി. ലാമ്പുകൾ ഉപഭോക്താക്കൾക്കും അംഗനവാടികൾക്കും വിതരണം ചെയ്തു.

6. സൗര പദ്ധതിയിലുൾപ്പെടുത്തി - 6 എണ്ണം - ഉപഭോക്താക്കളുടെ വീടുകളുടെ മുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. 4 എണ്ണം - ഉപഭോക്താക്കളുടെ വീടുകളിലെ പ്രവൃത്തി പുരോഗമിക്കുന്നു. സൗര ഫേസ് 2- വിൽ നിർമ്മാണപ്രവൃത്തികൾ ഉടൻ ആരംഭിക്കും. രജിസ്ട്രേഷൻ പൂർത്തിയായ ഉപഭോക്താക്കൾക്ക് ഡെവലപ്പർ സെലക്ഷൻ നടന്നുകൊണ്ടിരിക്കുന്നു.

7. റോഡ് നവീകരണവുമായി ബന്ധപ്പെട്ട് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 5 എണ്ണം പുരോഗതിയിലാണ്.

8. തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് ആനക്കയം പഞ്ചായത്തിൽ 11 കെ.വി. ലൈൻ നീട്ടുന്നതും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതുമായ പ്രവൃത്തി, സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആക്കുന്ന പ്രവൃത്തി-1 എണ്ണം, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി - 8 എണ്ണം തുടങ്ങിയവ നടന്നുവരുന്നു.

9. കൂടാതെ മലപ്പുറം നിയോജകമണ്ഡലത്തിൽ പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിലെ അറവങ്കരയിൽ അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ച ഊർജ്ജമിത്ര കേന്ദ്രം നിലവിൽ പ്രവർത്തനം നടത്തിവരുന്നു.

(ബി) വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകളും ത്രീഫേസ് ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകുമോ?

വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകളും 3 ഫേസ് ലൈനുകളും സ്ഥാപിക്കുന്നതിന്റെ വിശദാംശം താഴെ നൽകുന്നു.

1. ദ്യുതി പദ്ധതിയുടെ ഭാഗമായി, സ്ഥാപിച്ച ട്രാൻസ്ഫോർമറുകൾ-21 എണ്ണം,

പുരോഗമിക്കുന്ന പ്രവൃത്തികൾ - 6 എണ്ണം

2. ദൃതി പദ്ധതിയുടെ ഭാഗമായി , പൂർത്തീകരിച്ച 11 കെവി ലൈൻ നിർമ്മാണ പ്രവൃത്തികൾ - 11 എണ്ണം, പുരോഗമിക്കുന്നവ – 24 എണ്ണം

3. ദൃതി പദ്ധതിയുടെ ഭാഗമായി, പുതുതായി സ്ഥാപിക്കുകയോ സിംഗിൾ ഫേസിൽ നിന്ന് 3 ഫേസ് ആക്കി മാറ്റുകയോ ചെയ്ത ലോ ടെൻഷൻ ലൈൻ പ്രവൃത്തികൾ - 29 എണ്ണം, പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ - 23 എണ്ണം

4. ജില്ലാ പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് ആനക്കയം പഞ്ചായത്തിൽ പുരോഗമിക്കുന്ന പ്രവൃത്തികൾ-11 കെവി ലൈൻ നിർമ്മാണവും ട്രാൻസ്ഫോർമർ സ്ഥാപിക്കലും – 1 എണ്ണം, ലോ ടെൻഷൻ സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ലൈൻ ആയി മാറ്റുന്ന പ്രവൃത്തി – 1 എണ്ണം

(സി) പ്രസ്തുത പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുകയും ജോലികളുടെ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിലും പ്രായോഗികമായും വേഗം പൂർത്തീകരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും അതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

റൈറ്റ് ഓഫ് വെ-യ്ജ് താഴെ വരുന്ന സ്ഥലത്തിന് ന്യായവില

172(5331) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസയിടങ്ങൾക്കും പറമ്പുകൾക്കും മുകളിലൂടെ പുതുതായി ഹൈടെൻഷൻ ലൈനുകൾ വലിക്കുമ്പോഴും മുമ്പ് സ്ഥാപിച്ചവ കെ.എസ്.ഇ.ബി അപ്ഗ്രേഡ് ചെയ്യുമ്പോഴും റൈറ്റ് ഓഫ് വെ-യ്ജ് താഴെ വരുന്ന സ്ഥലത്തിന് ന്യായവിലയുടെ പതിനഞ്ച് ശതമാനം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

14.08.2019-ലെ ഉത്തരവ് നമ്പർ. B.O (FTD) No.624/2019/ D(T&SO)/T6/ 61/2019-20 പ്രകാരം ജനവാസ ഇടങ്ങൾക്കും പറമ്പുകൾക്കും മുകളിലൂടെ പുതുതായി എക്സ്ട്രാ ഹൈ ടെൻഷൻ ലൈനുകൾ വലിക്കുമ്പോഴും മുമ്പ് സ്ഥാപിച്ചവ ശേഷി ഉയർത്തുമ്പോഴും റൈറ്റ് ഓഫ് വേ-ക്ക് താഴെ വരുന്ന സ്ഥലത്തിന് ന്യായവിലയുടെ 15% നഷ്ടപരിഹാരത്തുകയായി നൽകാറുണ്ട്. ഇതുസംബന്ധിച്ച ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. +

(ബി) മുമ്പ് പൂർത്തീകരിച്ച ഹൈടെൻഷൻ ലൈനുകളുടെ റൈറ്റ് ഓഫ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വെ പരിധിയിൽ വരുന്നവർക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ടോ?

ഇല്ല.

(സി) ഹൈടെൻഷൻ ലൈനുകൾ വലിക്കുന്നതിന്റെ ഭാഗമായി വെട്ടിമാറ്റപ്പെടുന്ന മരങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം ലഭിക്കുമോ; എങ്കിൽ ആയത് സംബന്ധിച്ച വിലനിർണ്ണയം നടത്തുന്നത് ഫോറസ്റ്റ് വകുപ്പാണോ; വിശദമാക്കാമോ?

എക്സ്ട്രാ ഹൈ ടെൻഷൻ ലൈനുകൾ വലിക്കുമ്പോൾ ആദായം ലഭിക്കുന്ന ഫലവൃക്ഷങ്ങൾക്കും ദേഹണ്ഡങ്ങൾക്കും ഡിപ്പാർട്ടുമെന്റ് ഓഫ് എക്കണോമിക്സ് സ്റ്റാസ്റ്റിക്സ് - ൽനിന്നും ലഭ്യമാകുന്ന വിലവിവരപ്പട്ടിക അനുസരിച്ചുള്ള നഷ്ടപരിഹാരത്തുക KSEBL അനുമതി പ്രകാരം നൽകാറുണ്ട്.

കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രവർത്തനം

173(5332) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ജെ. മാക്സി:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നഷ്ടം, ചാർജ് വർദ്ധിപ്പിക്കാതെതന്നെ

കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2016-17 സാമ്പത്തിക വർഷത്തിൽ 1494.67 കോടി രൂപയായിരുന്ന കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ നഷ്ടം, കാര്യക്ഷമമായ പ്രവർത്തനംമൂലം 269.56 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ, റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള മുൻവർഷങ്ങളിലെ റവന്യൂ ഗ്യാപ്പ്, താരിഫ് ഷോക്ക് ഒഴിവാക്കാൻവേണ്ടി പിൽക്കാലങ്ങളിലേയ്ക്ക് മാറ്റിവയ്ക്കപ്പെട്ടത് 6864.13 കോടി രൂപ വരും (2017-18 സാമ്പത്തിക വർഷം വരെ അംഗീകരിക്കപ്പെട്ട ട്രൂയിംഗ് അപ്പ് ഉത്തരവുകൾ പ്രകാരം). ഈ തുക അനിയന്ത്രിതമായി വർദ്ധിച്ചുവരുന്നതിനാലും, ഓരോ സാമ്പത്തിക വർഷത്തിലെയും ചെലവുകൾ കണ്ടെത്തേണ്ടതിനാലും രണ്ടുതവണ (18.04.2017-ലും 08.07.2019-ലും) താരിഫ് പരിഷ്കരിക്കേണ്ടത് അനിവാര്യമായിത്തീർന്നു.

(ബി) ആവർത്തിച്ചുണ്ടായ പ്രകൃതി ദുരന്തങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന് വരുത്തിയ ബാദ്ധ്യത എത്രയായിരുന്നു?

ഓഖി ദുരന്തത്തിൽ കെ.എസ്.ഇ.ബി.എൽ-ന് വിതരണ മേഖലയിൽ സംഭവിച്ച നാശനഷ്ടം 46.11 കോടി രൂപയായി കണക്കാക്കിയിരുന്നു. 2018-ലെ പ്രളയത്തിൽ 242.45 കോടി രൂപയുടെയും 2019-ലെ പ്രളയത്തിൽ

243.05 കോടി രൂപയുടെയും നാശനഷ്ടങ്ങൾ വിതരണമേഖലയിൽ വിലയിരുത്തിയിരുന്നു. 2020 ഓഗസ്റ്റ് മാസത്തിൽ മൺസൂണിന്റെ ഭാഗമായുണ്ടായ കാറ്റിലും മഴയിലും 86.18 കോടി രൂപയുടെയും 2021 മെയ് മാസത്തിൽ ടൗട്ടെ ചുഴലിക്കാറ്റിന്റെ ഭാഗമായുണ്ടായ കാറ്റിലും മഴയിലും 46.65 കോടി രൂപയുടെയും നഷ്ടം വിതരണ മേഖലയിൽ കണക്കാക്കിയിട്ടുണ്ട്.

(സി) വാണിജ്യ ഉപഭോക്താക്കളുടെയും വൻകിട ഉപഭോക്താക്കളുടെയും കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാൻ നടപടിയുണ്ടാകുമോ; നിലവിലെ ആകെ കുടിശ്ശിക എത്രയെന്നറിയിക്കാമോ?

കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകിയുമാണ് സാധാരണയായി കെ.എസ്.ഇ.ബി.എൽ കുടിശ്ശിക തുക ഈടാക്കി വന്നിരുന്നത്. കാലാകാലങ്ങളിൽ കെ.എസ്.ഇ.ആർ.സി. - യുടെ

അനുമതിയോടുകൂടി കെ.എസ്.ഇ.ബി.എൽ രണ്ടുവർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള കുടിശ്ശിക, കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖാപിച്ച് ഉപഭോക്താക്കളിൽനിന്നും ഈടാക്കുവാനും നടപടി സ്വീകരിച്ചിരുന്നു. എന്നാൽ കോവിഡ് മഹാമാരിമൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് കണക്കിലെടുത്ത് സർക്കാർ നിർദ്ദേശപ്രകാരം നിലവിൽ വൈദ്യുതി തുക കുടിശ്ശിക അടയ്ക്കാത്ത വാണിജ്യ ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള എല്ലാ ഉപഭോക്താക്കളുടെയും വൈദ്യുതി വിച്ഛേദിക്കുന്ന നടപടികൾ നിർത്തിവച്ചിട്ടുണ്ട്. തത്ഫലമായി കെ.എസ്.ഇ.ബി.എൽ-ന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുകയിൽ വൻ വർദ്ധനവുണ്ടായിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുക്കാൻ തവണകൾ അനുവദിച്ചും സെക്ഷൻതലത്തിൽ, ഉപഭോക്താക്കളോട് നേരിട്ട് ഫോൺവഴി അഭ്യർത്ഥിച്ചും കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസരണ-വിതരണ നഷ്ടം കുറച്ചുകൊണ്ടുവരാൻ 2016 മുതൽ നടത്തിയ ശ്രമത്തിന്റെ ഫലമായി കൈവരിക്കാൻ കഴിഞ്ഞ സാമ്പത്തിക നേട്ടം എത്രയെന്നറിയിക്കാമോ?

2015-16 സാമ്പത്തിക വർഷത്തിൽ, പ്രസരണ-വിതരണ നഷ്ടം 14.37% ആയിരുന്നത്, 2019-20 ആയപ്പോഴേയ്ക്കും 12.08% ആയി കുറയ്ക്കാൻ

കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം, പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാൻ കഴിഞ്ഞതിന്റെ ഭാഗമായി വൈദ്യുതി വാങ്ങൽ ചെലവിൽ 663.30 കോടി രൂപ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

ഇലക്ട്രിക് ലൈനിൽ ജോലി ചെയ്യേണ്ടി വരുന്ന ജീവനക്കാർക്ക് ഇൻഷുറൻസ്

174(5333) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇലക്ട്രിക് ലൈനിൽ ജോലി ചെയ്യേണ്ടിവരുന്ന ജീവനക്കാർക്ക് കെ.എസ്.ഇ.ബി. ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് 2021 കാലയളവിൽ സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പുമായി ബന്ധപ്പെട്ട് GPAIS ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്തതും ആയതിന് പകരമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എംപ്ലോയീസ് വെൽഫെയർ ഫണ്ട് മുഖാന്തരം അപകട ആശ്വാസ ധനസഹായ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതുമാകുന്നു. GPAIS പദ്ധതിയിലെ അംഗത്വം പുതുക്കുന്നതിനായി സർക്കാരിന്റെ SLI/GIS പദ്ധതികളിൽക്കൂടി അംഗത്വം നിർബന്ധമാക്കിയ സാഹചര്യത്തിൽ തൊഴിലാളി/ഓഫീസർ സംഘടനകൾ

SLI/GIS പദ്ധതികളിൽ ചേരുന്നതിന് വിമുഖത അറിയിച്ചതിനാൽ 2021 വർഷത്തെ GPAIS പദ്ധതിയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് അംഗത്വം പുതുക്കാനാകാതെ വരികയും അതിനുപകരമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് EWF(Employees' Welfare Fund) മുഖാന്തരം അപകട ആശ്വാസ ധനസഹായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം അപകടമരണങ്ങൾക്ക് 10,00,000/- രൂപയും മാരകമല്ലാത്ത അപകടങ്ങൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി അപകട ആശ്വാസധനസഹായം (പരമാവധി 10 ലക്ഷം രൂപ) കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി ലഭ്യമാകുന്നതിന് അർഹതയുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരെ (തൊഴിലാളി വിഭാഗത്തിനും (സ്കിൽഡ്, അൺസ്കിൽഡ് ഉൾപ്പെടെ) ഓഫീസർ വിഭാഗത്തിനും) കെ.എസ്.ഇ.ബി. EWF മുഖാന്തരമുള്ള അപകട ആശ്വാസ ധനസഹായ പദ്ധതിയിൽ അംഗമാക്കിയിട്ടുണ്ട്.

ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നിരക്കുകൾ

175(5334) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകളും സ്റ്റേ വയറുകളും മാറ്റി സ്ഥാപിക്കുന്നതിന് അമിതമായ ചാർജ്ജ് ഈടാക്കുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉപഭോക്താക്കളുടെ സൗകര്യാർത്ഥം ഇലക്ട്രിക് പോസ്റ്റുകളും സ്റ്റേ വയറുകളും മാറ്റി സ്ഥാപിക്കുന്നതിന് ഒരു നിശ്ചിത ചാർജ്ജ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇലക്ട്രിക് പോസ്റ്റുകളോ സ്റ്റേ വയറുകളോ മാറ്റി സ്ഥാപിക്കുവാൻ ഉപഭോക്താക്കൾ അപേക്ഷിച്ചാൽ, എത്ര അകലത്തേയ്ക്കാണ് മാറ്റി സ്ഥാപിക്കേണ്ടതെന്നതനുസരിച്ച് പ്രാഥമിക പരിശോധനയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത പ്രവൃത്തിക്കാവശ്യമായിവരുന്ന അധിക സാധന സാമഗ്രികളുടെയും പ്രവൃത്തിയുടെയും അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച കോസ്റ്റ് ഡേറ്റ നിരക്കുകൾക്കനുസൃതമായി സൂപ്പർവിഷൻ ചാർജ്ജ്, GST എന്നിവകൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയാണ് ചെയ്തുവരുന്നത്. നിലവിലെ കോസ്റ്റ് ഡാറ്റ നിരക്കുകൾ കമ്മീഷൻ പുറപ്പെടുവിച്ച 28.04.2018 -ലെ

O.A.No.17 of 2017 പ്രകാരമാണ്. ഉപഭോക്താക്കൾ തുക അടയ്ക്കുന്ന മുറയ്ക്ക്, ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ മുൻഗണനാക്രമം അനുസരിച്ച് സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ വൈദ്യുതി വിതരണം

176(5335) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വൈദ്യുതി വിതരണത്തിൽ നിരന്തരം തടസ്സമുണ്ടാകുന്നത് (പ്രത്യേകിച്ച് മഴക്കാലത്ത്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൈദ്യുതി ഉപകരണങ്ങൾ, മറ്റ അനുബന്ധ സാധന സാമഗ്രികൾ എന്നിവയുടെ കാര്യത്തിൽ ജില്ലയിലെ വിവിധ സെക്ഷൻ ഓഫീസുകൾ സ്വയം പര്യാപ്തമാണോ; അല്ലെങ്കിൽ എന്തിന്റെയെല്ലാം കുറവാണുള്ളതെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ?

അല്ല. നിലവിൽ ജില്ലയിലെ സെക്ഷനാഫീസുകളുടെ കീഴിൽ 9 മീറ്റർ പോസ്റ്റ്, 8 മീറ്റർ പോസ്റ്റ്, എ പോൾ എന്നിവയുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്.

(സി) വിവിധ സെക്ഷൻ ഓഫീസുകൾ ജീവനക്കാരുടെ കാര്യത്തിൽ

സ്വയം പര്യാപ്തമാണോ; വിവിധ സെക്ഷൻ ഓഫീസുകളിൽ എത്ര തസ്തികകൾ ഉണ്ടെന്നും അവയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതാണെന്നും, അവ എന്നത്തേയ്ക്ക് നികത്താനാകുമെന്നും വ്യക്തമാക്കാമോ?

അല്ല. ഓരോ സെക്ഷനാഫീസിന്റെ കീഴിലും ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെയും 3 സബ് എഞ്ചിനീയറുടെയും 6 ഓവർസിയറുടെയും 12 ലൈൻമാൻമാരുടെയും 6 ഇലക്ട്രിസിറ്റി വർക്കറുടെയും ഒരു സീനിയർസൂപ്രണ്ടിന്റെയും 1 സീനിയർ അസിസ്റ്റന്റിന്റെയും 1 കാഷ്യറുടെയും തസ്തികകളാണുള്ളത്. ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണമടങ്ങുന്ന വിവരം അനുബന്ധമായി ചേർക്കുന്നു. +

(ഡി) പുതിയ കണക്ഷനുവേണ്ടി എത്ര അപേക്ഷകൾ ഓരോ സെക്ഷനുകളിലും ലഭ്യമായിട്ടുണ്ടെന്നറിയിക്കുമോ; ഇവയിൽ കണക്ഷൻ നൽകാനാവാതെ എത്ര കാലമായി പ്രസ്തുത അപേക്ഷകൾ കെട്ടികിടക്കുന്നുണ്ടെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ?

പുതിയ കണക്ഷനുമായി ബന്ധപ്പെട്ട് ജൂലൈ മാസത്തിൽ ലഭിച്ച അപേക്ഷകളുടെ സെക്ഷൻതലത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. മേൽ അപേക്ഷകളൊന്നും കെട്ടിക്കിടക്കുന്നില്ല. എന്നാൽ മറ്റൊരു പുരയിടത്തിലൂടെ ലൈൻ വലിക്കുവാൻ അനുവാദം ലഭിക്കാത്തതുമൂലം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണക്ഷൻ നൽകുവാനായി ADM-ന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ വിവരം സെക്ഷൻ തിരിച്ച് ചുവടെ ചേർക്കുന്നു.+ ഇതുകൂടാതെ ഭീമനടി സെക്ഷനാഫീസിന്റെ കീഴിൽ ഫോറസ്റ്റ് ക്ലിയറൻസ് ലഭിക്കാത്തതുമൂലം ഒരു അപേക്ഷയ്ക്കും നിലവിൽ കണക്ഷൻ നൽകുവാൻ സാധിച്ചിട്ടില്ല.

(ഇ) കാസർഗോഡ് ജില്ലയിൽ അണ്ടർഗ്രൗണ്ട് കേബിൾ വഴി ഏതെല്ലാം ഭാഗങ്ങളിലേയ്ക്ക് വൈദ്യുതി വിതരണം ചെയ്യുന്നുണ്ടെന്ന് സെക്ഷൻ തിരിച്ച് അറിയിക്കാമോ?

കാസർഗോഡ് ടൗണിൽ ഭാഗികമായും അനന്തപുരം ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും, സിവിൽ സ്റ്റേഷൻ കോംപ്ലക്സിലും, കുറ്റിക്കോൽ സെക്ഷന്റെ പരിധിയിലും, കാഞ്ഞങ്ങാട് ടൗണിൽ ഭാഗികമായും, പടന്നക്കാടും, അമ്പലത്തറയിലും ഭാഗികമായി അണ്ടർഗ്രൗണ്ട് കേബിൾവഴി വൈദ്യുതി വിതരണം ചെയ്യുന്നു.

ക്യാപ്റ്റീവ് അടിസ്ഥാനത്തിൽ വൈദ്യുത നിലയങ്ങൾ

177(5336) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യാവസായിക സംരംഭങ്ങൾക്ക് ക്യാപ്റ്റീവ് അടിസ്ഥാനത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈദ്യുത നിലയങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഇലക്ട്രിസിറ്റി ആക്ട്, 2003 പ്രകാരം വൈദ്യുതി ഉത്പാദന നിലയങ്ങൾ ആരംഭിക്കുന്നതിന് റെഗുലേറ്ററി കമ്മീഷനുകളുടെ അനുമതി ആവശ്യമില്ല. കേരളത്തിൽ, ചെറുകിട ജല വൈദ്യുത പദ്ധതികൾ അനുവദിക്കുന്നതിനുള്ള അധികാരം കേരള സർക്കാരിൽ നിക്ഷിപ്തമാണ്. ചെറുകിട ജലവൈദ്യുത പദ്ധതി നയം 2012 പ്രകാരമാണ് ചെറുകിട ജല വൈദ്യുത പദ്ധതികൾ ക്യാപ്റ്റീവ് പവർ പ്രൊഡ്യൂസേഴ്സ് (CPP) അടിസ്ഥാനത്തിലും ഇൻഡിപെന്റന്റ് പവർ പ്രൊഡ്യൂസേഴ്സ് (IPP) അടിസ്ഥാനത്തിലും അലോട്ട് ചെയ്യുന്നത്. മത്സര ദർഘാസ് പ്രകാരം ബൂട്ട് അടിസ്ഥാനത്തിലാണ് പ്രസ്തുത പദ്ധതികൾ അനുവദിച്ചുവരുന്നത്. സർക്കാരിലേയ്ക്ക് മെഗാവാട്ട് ഒന്നിന് 15 ലക്ഷം രൂപയോ അതിൽ കൂടുതലോ പ്രീമിയം നൽകാൻ തയ്യാറുള്ള കമ്പനികളിൽ നിന്നും ഏറ്റവും കൂടുതൽ പ്രീമിയം ക്വാട്ട് ചെയ്യുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് അവയുടെ ആസ്തിയെ അടിസ്ഥാനമാക്കി 25 മെഗാവാട്ട് വരെ സ്ഥാപിതശേഷിയുള്ള പദ്ധതികൾക്ക് അനുമതി നൽകുന്നുണ്ട്.

കെ.എസ്.ഇ.ബി.-യിൽ ഓൺലൈൻ പേമെന്റ് സംവിധാനം

178(5337) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ ഓൺലൈൻ പേംെന്റ് സംവിധാനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ്; ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽനിന്ന് ഓട്ടോമാറ്റിക് പേമെന്റ് നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.-യിൽ ഓൺലൈൻ പേമെന്റ് സംവിധാനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ താഴെ വിവരിക്കുന്നു.

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, ഐ.സി.ഐ.സി.ഐ ബാങ്ക്, സി.എസ്.ബി എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് സർവ്വീസ് ചാർജ്ജില്ലാതെ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം.

2. ഫെഡറൽ ബാങ്ക്, ടെക് പ്രോസസ്സ് എന്നീ പേയ്മെന്റ് ഗേറ്റ് വേ സ്ഥാപനങ്ങളുമായി കെ.എസ്.ഇ.ബി. ഓൺലൈൻ സംവിധാനം ബന്ധിപ്പിച്ചിട്ടുണ്ട്. ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, നെറ്റ് ബാങ്കിംഗ് സംവിധാനങ്ങൾ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് പ്രസ്തുത സൗകര്യം പ്രയോജനപ്പെടുത്താം.

3. ബി.ബി.പി.എസ് സംവിധാനത്തിലൂടെ എല്ലാ പേമെന്റ് വെബ് സൈറ്റിലൂടെയും ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.

4. പുതിയ കണക്ഷൻ ആവശ്യമുള്ള ഉപഭോക്താവിന് അപേക്ഷ ഓൺലൈനിൽ നൽകാനും അപേക്ഷാ ഫീസ് ഓൺലൈനിൽ അടയ്ക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തി. കണക്ഷനുവേണ്ടി പോസ്റ്റ് ആവശ്യമില്ലാത്ത ഗാർഹിക ഉപഭോക്താക്കൾക്കും മറ്റ് ലോടെൻഷൻ ഉപഭോക്താക്കൾക്കും അപേക്ഷാ ഫീസിനോടൊപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷനുവേണ്ടി ചെലവും ഓൺലൈനിൽത്തന്നെ അടയ്ക്കാൻ കഴിയും. അപേക്ഷയുടെ പ്രിന്റൗട്ടും, അപേക്ഷകന്റെ ഫോട്ടോയും മറ്റു രേഖകളും കണക്ഷൻ നൽകാൻ വരുന്ന കെ.എസ്.ഇ.ബി ഉദ്യോഗസ്ഥന്റെ കൈവശം ഏൽപ്പിച്ചാൽ മതിയാകും. സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷനുവേണ്ട ചെലവും സ്ഥല പരിശോധനയ്ക്കുശേഷം ഇ-മെയിൽ വഴിയും എസ്.എം.എസ് വഴിയും അറിയിക്കുന്നതാണ്. ഈ തുക കെ.എസ്.ഇ.ബി - യുടെ എല്ലാ സെക്ഷൻ ഓഫീസുകൾ വഴിയും അടയ്ക്കാൻ കഴിയും. വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയത് മുതൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുവരെയുള്ള വിവരങ്ങൾ

എസ്.എം.എസ് വഴി ഉപഭോക്താക്കളെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

5. കെ.എസ്.ഇ.ബി എന്ന പേരിലുള്ള മൊബൈൽ ആപ്ലിക്കേഷനുപയോഗിച്ച് ഉപഭോക്താക്കൾക്ക് മൊബൈൽഫോൺ, ടാബ്ലെറ്റ് മുതലായ ഉപകരണങ്ങൾവഴി ഏതു സമയത്തും വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന തരത്തിൽ അനായാസകരമായ രീതിയിലാണ് മൊബൈൽ ആപ്ലിക്കേഷൻ വൈദ്യുതി ബോർഡിലെ ജീവനക്കാർ വികസിപ്പിച്ചിരിക്കുന്നത്. ഗൂഗിൾ പ്ലേ സ്റ്റോർ വഴി മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

6. വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽനിന്നും യഥാസമയം നേരിട്ടടയ്ക്കുന്നതിനുള്ള സംവിധാനം കെ.എസ്.ഇ.ബി.എൽ ഏർപ്പെടുത്തി. ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ അടയ്ക്കുന്നതിനുള്ള അനായാസകരമായ ഈ പദ്ധതി നാഷണൽ ആട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് (എൻ.എ.സി.എച്ച്) സംവിധാനം വഴിയാണ് നടപ്പിലാക്കിയത്. എൻ.പി.സി.ഐ അഥവാ നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്ന കേന്ദ്രസർക്കാർ സ്ഥാപനമാണ് ഈ സംവിധാനം ഒരുക്കുന്നത്.

കോർപ്പറേഷൻ ബാങ്ക് സ്പോൺസർ ബാങ്കായി പ്രവർത്തിക്കുന്നു.

7. ഫ്രണ്ട്സ്, അക്ഷയ ഇവ മുഖേനയും കെ.എസ്.ഇ.ബി വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും കൂടാതെ അപ്നാ സി.എസ്.സി എന്ന ദേശീയ പൊതു സേവന കേന്ദ്രവും കെ.എസ്.ഇ.ബി ലിമിറ്റഡുമായും വിനിമയ സമന്വയം സാധ്യമാക്കി. തൽഫലമായി അപ്നാ സി.എസ്.സി-യുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവനകേന്ദ്രം വഴിയും കെ.എസ്.ഇ.ബി. വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും.

(ബി) എത്ര ശതമാനം ഉപഭോക്താക്കളാണ് മൊബൈൽ ആപ്പുകൾ, ഇ-വാലറ്റുകൾ എന്നിവ വഴി പണമടയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജൂലൈ മാസം മൊത്തം 31.85% (1808268) LT ഉപഭോക്താക്കൾ പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(സി) നേരിട്ട് പണമടയ്ക്കാൻ കഴിയുന്ന സി.ഡി.എം സംവിധാനം കെ.എസ്.ഇ.ബി.-യുടെ ഏതെല്ലാം കേന്ദ്രങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത്; കൂടുതൽ സി.ഡി.എമ്മുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ വഴി

ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. ഒരു കാഷ്യറുടെ സഹായമില്ലാതെതന്നെ ഉപഭോക്താവിന് നേരിട്ട് തന്റെ കൺസ്യൂമർ നമ്പർ രേഖപ്പെടുത്തി ബിൽ തുക നോട്ടുകളായും ചില്ലറയായും നിക്ഷേപിക്കുവാൻ 24 മണിക്കൂറും സാധിക്കുന്ന സംവിധാനമാണിത്. ചെക്ക്, ഡി.ഡി ആയും ഇതിൽ പണമടയ്ക്കാം. ഡ്യൂപ്ലിക്കേറ്റ് ബില്ലുകളുടെ പ്രിന്റും ലഭ്യമാണ്. ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ കസ്റ്റമർ കെയർ സെന്റർ, ഫോർട്ട് സെക്ഷൻ (തിരുവനന്തപുരം), കന്റോൺമെന്റ് സെക്ഷൻ (കൊല്ലം), സെൻട്രൽ സെക്ഷൻ (എറണാകുളം), വിയ്യൂർ സെക്ഷൻ (തൃശ്ശൂർ), കോവൂർ സെക്ഷൻ (കോഴിക്കോട്) എന്നിവിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്നു. കൂടുതൽ സി.ഡി.എമ്മുകൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കേന്ദ്ര വൈദ്യുതി നിയമ ഭേദഗതിയും സംസ്ഥാന വൈദ്യുത മേഖലയും

179(5338) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി സംസ്ഥാനത്തെ വൈദ്യുതി ഉത്പാദന, വിതരണ, ഉപഭോഗ മേഖലകളെ ഏതുതരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത നിയമ ഭേദഗതിയുണ്ടാക്കുന്ന ആശങ്കകൾ

എന്താണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഡീ-ലൈസൻസിംഗ് വഴി വൈദ്യുതി മേഖലയുടെ സ്വകാര്യവത്കരണത്തിന് ആക്കം കൂട്ടുന്ന നിർദ്ദേശങ്ങളാണ് ഭേദഗതി നിർദ്ദേശത്തിലുള്ളത്. കൂട്ടത്തിൽ തന്നിഷ്ടപ്രകാരമുള്ള തിരഞ്ഞെടുപ്പിനുള്ള അവസരം (cherry picking) തുറന്നു കിട്ടുക വഴി സ്വകാര്യമേഖലയ്ക്ക് തങ്ങൾക്ക് ലാഭകരമായ ഉപഭോക്താക്കൾക്ക് മാത്രമായി സേവനം പരിമിതപ്പെടുത്താൻ സാധിക്കുകയും ചെയ്യും. ഇത് "സമ്പൂർണ്ണ വൈദ്യുതീകരണം" , "എല്ലാ വിഭാഗങ്ങൾക്കും താങ്ങാൻ ആകുന്ന വിലയ്ക്ക് വൈദ്യുതി" തുടങ്ങി വർഷങ്ങളുടെ പ്രയത്നംമൂലം കേരളം കൈവരിച്ച നേട്ടങ്ങൾ കൈവിട്ടുകളയുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ എത്തിക്കുമെന്ന് ഭയപ്പെടുന്നു. ഉപഭോക്താവിന് ഇഷ്ടാനുസരണം സേവനദാതാവിനെ തിരഞ്ഞെടുക്കാമെന്നും അതിലൂടെ മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താൻ സാധിക്കുമെന്നതും മിഥ്യാധാരണ മാത്രമാണ്. എന്നാൽ യഥാർത്ഥത്തിൽ സേവനദാതാവിനാണ് തിരഞ്ഞെടുക്കാൻ അവസരം നൽകുന്നത്. വർഷങ്ങൾക്കുശേഷം മാത്രം ലാഭം ലഭിക്കാൻ ഇടയുള്ള ശൃംഖലാ വികസന പദ്ധതികളിൽ മുതൽമുടക്കാൻ സ്വകാര്യനിക്ഷേപകർ തയ്യാറാകില്ല. ഇത് ഭാവിയിൽ വിതരണനഷ്ടം കൂടുന്നതിനും തദ്വാര വൈദ്യുതി വാങ്ങൽച്ചെലവ്

വർദ്ധിക്കാനും ഇടയാക്കും. വോൾട്ടേജ് ക്ഷാമം, അടിക്കടിയുണ്ടാകുന്ന വൈദ്യുതി മുടക്കം, ശൃംഖലയുടെ ശേഷിക്കുറവുമൂലം ഉണ്ടാകുന്ന ലോഡ് ഷെഡ്ഡിംഗ് എന്നിവ ഭാവിയിൽ തുടർക്കഥയാകും. ലാഭേച്ഛ കൂടാതെ വനാന്തരങ്ങളിലും മറ്റ് വിദൂരപ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാധ്യത ഇല്ലാതെയാകുമെന്നും ഭയപ്പെടുന്നു. ക്രോസ്-സബ്സിഡി ഇല്ലാതാകുന്ന സാഹചര്യം, നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്കുള്ളവ) വഴിയുള്ള ബാധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്തപക്ഷം കെ.എസ്.ഇ.ബി.-ക്ക് വരാൻ പോകുന്ന ബാധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള പ്രശ്നങ്ങളും ആശങ്കകളിൽ ഉൾപ്പെടുന്നവയാണ്.

(സി) പ്രസ്തുത ആശങ്കകൾ തരണംചെയ്ത് വൈദ്യുതി വിതരണം പൊതു മേഖലയിൽ നിലനിർത്തി നിലവിലെ സമ്പ്രദായം തുടരുവാനും സ്വകാര്യ കമ്പനികൾക്ക് പ്രവർത്തനാനുമതി സംസ്ഥാന തീരുമാനപ്രകാരം മാത്രമായി നിജപ്പെടുത്തുവാനുമായി എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉപഭോക്തൃ സൗഹൃദ നടപടികൾ വഴി ജനങ്ങളെ പൊതുമേഖലയുമായി ചേർത്തുനിർത്തുവാൻ നടപടികൾ സ്വീകരിച്ചു. ഒറ്റത്തവണ തീർപ്പാക്കൽ

പദ്ധതി, ഉപഭോക്തൃ സേവനകേന്ദ്രം ശക്തിപ്പെടുത്തുക, HT / EHT ഉപഭോക്താക്കൾക്കായി ഗ്രീൻചാനൽ സംവിധാനം, കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം, ഓൺലൈൻ സേവനവും വാതിൽപ്പടി സേവനങ്ങളും എന്നിവ ചില ഉദാഹരണങ്ങളാണ്. ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങൾ പരിഷ്കരിച്ചു. 100 ചതുരശ്രമീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖ കൂടാതെയും 1500 ചതുരശ്ര അടിവരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുതി കണക്ഷൻ നല്കുന്നതിന് നടപടി സ്വീകരിച്ചു. ആരാധനാലയങ്ങൾ, രാഷ്ട്രീയപാർട്ടി ഓഫീസുകൾ, ലൈബ്രറികൾ, കലാസാംസ്കാരിക സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അംഗൻവാടികൾ, ഹോർട്ടികോർപ്പുകൾ, മിൽമാ ബൂത്തുകൾ എന്നിവയ്ക്ക് സർവ്വീസ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ

ലഘൂകരിച്ചു. കൂടാതെ തറവാടുവീടുകളിൽ താമസിക്കുന്ന വെവ്വേറെ കുടുംബങ്ങൾക്ക് പ്രത്യേകം സർവ്വീസ് കണക്ഷൻ നൽകുന്നതിനുള്ള അനുമതിയും നൽകി. സൗരപദ്ധതിയിലൂടെ പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സാർവത്രികമാക്കാനും മുതൽമുടക്ക് കൂടാതെയോ, കുറഞ്ഞ മുതൽമുടക്കിലോ സൗരോർജ്ജപ്ലാന്റുകൾ സ്ഥാപിക്കാനും അവസരമൊരുക്കി രാജ്യത്തിനു തന്നെ മാതൃകയായി. ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനം ഉറപ്പുവരുത്താൻ സംസ്ഥാന വ്യാപകമായി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചു. ഇതിനോടകംതന്നെ 7 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു. കൂടാതെ പ്രസരണ-വിതരണനഷ്ടം 14.37% ആയിരുന്നത് 2019-20-ൽ 12.08% ആയി കുറച്ചു. ഇതിൽ വിതരണനഷ്ടം രാജ്യത്തിനുതന്നെ മാതൃകയാവുന്ന 8.7% മാത്രമാണ്. സമ്പൂർണ്ണ വൈദ്യുതീകരണത്തിലൂടെ സംസ്ഥാനത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ചതിനുപുറമേ ഇടതടവില്ലാതെ എല്ലാവർക്കും വൈദ്യുതി എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചു. കടുത്ത വേനലിലും പവർകട്ട്, ലോഡ്ഷെഡ്ഡിംഗ് എന്നിവ ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചു. 2021-ഓടുകൂടി ആഗോളനിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക്

ലഭ്യമാക്കുന്നതിനുതകുന്ന വിധത്തിൽ വിതരണമേഖലയെ ശക്തിപ്പെടുത്തുന്നതിനായി ദ്യുതി 2021 പദ്ധതിയുമായി മുന്നോട്ടുപോകുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചു. ഇത്തരം വിവിധമുഖങ്ങളായ പദ്ധതികളിലൂടെ വൈദ്യുതി ഉത്പാദന-പ്രസരണ-വിതരണരംഗങ്ങൾ പൊതുമേഖലയിൽത്തന്നെ തുടരുവാൻ സാധിക്കുമെന്ന് കരുതുന്നു.

സ്വകാര്യ മേഖലയിൽ ചാർജിംഗ് സ്റ്റേഷനുകൾ

180(5339) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇലക്ട്രിക് വാഹനങ്ങൾക്കായി സ്വകാര്യ മേഖലയിൽ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സ്വകാര്യ മേഖലയിൽ വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ലൈസൻസിന്റെ ആവശ്യം ഇല്ല. കേന്ദ്ര ഊർജ്ജ മന്ത്രാലയം, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി തുടങ്ങിയവ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആർക്കും ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്. വാഹനങ്ങൾക്ക് എളുപ്പത്തിൽ പ്രവേശിക്കുവാനും

ബഹിർഗമിക്കുവാനുമുള്ള സൗകര്യം, ആവശ്യമായ സ്ഥലലഭ്യത, വൈദ്യുതി ലഭ്യമാക്കുവാനുള്ള സൗകര്യം എന്നിവയാണ് ചാർജ്ജിംഗ് സ്റ്റേഷനുള്ള സ്ഥലം നിർണ്ണയിക്കുവാനുള്ള പ്രാഥമിക വ്യവസ്ഥകൾ. 2019-ലെ ഗൈഡ് ലൈൻസ് അനുസരിച്ച് ചാർജ്ജിംഗ് സ്റ്റേഷനിൽ ഉപയോഗിക്കുന്ന ഇലക്ട്രിക് വെഹിക്കിൾ സപ്ലൈ എക്വിപ്മെന്റ് (EVSE) അഥവാ ചാർജ്ജർ NABL അക്രഡിറ്റഡ് ആയ ലാബിലോ ഏജൻസിയിലോ ടെസ്റ്റ് ചെയ്തിരിക്കേണ്ടതാണ്. സംസ്ഥാനത്ത് സ്ഥാപിക്കുന്ന ചാർജ്ജിംഗ് സ്റ്റേഷനുകൾക്ക് കെ.എസ്.ഇ.ആർ.സി.-യുടെ ചട്ടങ്ങൾക്കനുസൃതമായി കണക്ഷൻ ലഭ്യമാക്കാൻ വിതരണ ലൈസൻസിയെ സമീപിക്കേണ്ടതാണ്. അധികലോഡ് കൈകാര്യം ചെയ്യുന്നതിനായി ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതുണ്ടോ എന്ന കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് വിതരണ ലൈസൻസിയാണ്. വാഹനം ഓടിക്കുന്ന ആൾക്ക് അടുത്തുള്ള ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ലൊക്കേഷൻ, അവിടെ ലഭ്യമായ ചാർജ്ജറുകളുടെ കോൺഫിഗറേഷൻ, അവൈലബിലിറ്റി എന്നിവയെക്കുറിച്ച് അറിവ് ലഭിക്കുന്നതും സ്ലോട്ട് ബുക്ക് ചെയ്യുന്നതും ഒരു മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തരമാണ്. ഇതിലേയ്ക്കായി ഉടമസ്ഥൻ ഒരു ഓൺലൈൻ നെറ്റ് വർക്ക് സർവ്വീസ് പ്രൊവൈഡറു (NSP)-മായി ടൈ അപ്പ് ചെയ്യേണ്ടതുണ്ട്. ഇലക്ട്രിക്

കാറുകൾക്കായി സ്വകാര്യ മേഖലയിൽ സോളാർ പവർ പ്ലാന്റ് ഉൾപ്പെടുത്തി ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഈ വർഷം സംസ്ഥാന സർക്കാർ സബ്സിഡി നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. കുറഞ്ഞത് 5 kWp മുതൽ 50 kWp വരെ സോളാർ പവർ പ്ലാന്റ് ഉൾപ്പെടുത്തി 50 kw ശേഷിയുള്ള ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന ഹോട്ടലുകൾ, മാളുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവർക്ക് സോളാറിലേയ്ക്ക് മാറുന്നതിന് ചിലവാകുന്നതിന്റെ 50% തുക (Rs. 20,000/kw) സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകുന്നു. NH, MC മറ്റ് പ്രധാന റോഡുകളിൽ നിലവിൽ കുറഞ്ഞത് 4 കാർ പാർക്ക് ചെയ്യുന്നതിനും 3 ചാർജിംഗ് മെഷീൻ സ്ഥാപിക്കുന്നതിനും 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും സ്ഥലമുള്ളവരും, റിഫ്രഷ്മെന്റ് ഫെസിലിറ്റി, വാഷ്റൂം ഫെസിലിറ്റി തുടങ്ങിയ സംവിധാനവുമുള്ള സ്ഥലങ്ങളിൽ സോളാർ പവേർഡ്ചാർജിംഗ് സ്റ്റേഷനുകൾ ഒരുക്കാവുന്നതാണ്.

വൈദ്യുതി ഉത്പാദനത്തിൽ സ്വയംപര്യാപ്തത

181(5340) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വൈദ്യുതി ഉത്പാദനത്തിൽ സ്വയംപര്യാപ്തത

കൈവരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പാരമ്പര്യേതര ഊർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് വ്യക്തമാക്കുമോ ?

(എ&ബി) കേരളത്തെ വൈദ്യുതി സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ 193.5 MW സ്ഥാപിതശേഷിയുള്ള ' 10' ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതി വിവരം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.+ കൂടാതെ പുതുതായി ' 11' ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുകവഴി 114 MW അധിക സ്ഥാപിതശേഷി ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച വിവരം അനുബന്ധം (ii) ആയി ചേർത്തിരിക്കുന്നു.+ ഇതിനുപുറമെ നിലവിലുള്ള ഇടുക്കി ജലാശയത്തിലെ ജലമുപയോഗിച്ച് 780 MW സ്ഥാപിതശേഷിയുള്ള ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാ പഠനം നടത്തി പദ്ധതി രൂപരേഖ തയ്യാറാക്കുവാൻ വാപ്കോസ് ന്യൂഡൽഹിക്ക് കരാർ നൽകിയിട്ടുണ്ട്. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.- യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20.01.2020-ൽ ഒപ്പുവച്ചു. പണി പുരോഗമിച്ചുവരുന്നു. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി.എൽ-ന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റ് 2021-22-ൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ,.ബി-യുടെ അധീനതയിലുള്ള ഭൂമിയിൽ 1.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് നിർമ്മാണത്തിന് വർക്ക് ഓർഡർ 04.05.2021-ൽ നൽകിയിട്ടുണ്ട്. ഇത് പ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 18 ലക്ഷം യൂണിറ്റ് ലൈദ്യുതി ഉത്പാദിപ്പിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതി എൻ.എച്ച്.പി.സി. ആണ് നടപ്പാക്കുന്നത്. ഇടുക്കി റിസർവോയറിൽ എൻ.റ്റി.പി.സി വിശദമായി പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 25

മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി ചെറുതോണിയിലും 100 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി അഞ്ചുരുളിയിലും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. SECI മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭദശയിലാണ്. PM-KUSUM പദ്ധതിയുടെ ഭാഗമായി ആകെ 40 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണത്തിനായി എം.എൻ.ആർ.ഇ-ൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കർഷകരുടെ തരിശുഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി കർഷകരിൽനിന്നും രജിസ്ട്രേഷൻ സ്വീകരിക്കുകയും അനുയോജ്യമായ തരിശുനിലങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ PM-KUSUM പദ്ധതിയുടെ ഭാഗമായി ഫീഡർതലത്തിലുള്ള സൗരോർജ്ജവത്കരണത്തിനായി എം.എൻ.ആർ.ഇ.-ൽനിന്നും അനുമതി ലഭ്യമായിട്ടുണ്ട്. 2000 ഗ്രിഡ് ബന്ധിത പമ്പുകളെ ഫീഡർതലത്തിൽ സൗരോർജ്ജവത്കരിക്കുകയാണ് ഇതിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷിക ആവശ്യത്തിനായുള്ള പമ്പുകൾ കൂടുതലായി ഉപയോഗിച്ചിട്ടുള്ള ഫീഡറുകളുടെ പരിധിയിൽ സൗരോർജ്ജ പ്ലാന്റ്

സ്ഥാപിച്ച് കൃഷിയാവശ്യത്തിനായുള്ള വൈദ്യുതി ഉത്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 30 ശതമാനം സബ്സിഡിയാണ് ഈ പദ്ധതിക്കായി എം.എൻ.ആർ.ഇ വകയിരുത്തിയിട്ടുള്ളത്. ഇതിനായുള്ള സ്ഥലം കണ്ടെത്തുന്നതിനായുള്ള രൂപരേഖ തയ്യാറാക്കിവരുന്നു. സംസ്ഥാനത്ത് വൈദ്യുതി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സഹായകരമായ രീതിയിൽ 2012-ലെ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ടി നയപ്രകാരം 2013 മുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ കരമനയാറ്, വാമനപുരം ആറ് (കെ.എസ്.ഇ.ബി - സ്പിൻ വഴി), പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിലാർ (തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് വഴി) എന്നീ നദീതടങ്ങളിലെ ചെറുകിട ജലവൈദ്യുത പദ്ധതി സാധ്യതാപഠനം നടത്തി. അതോടൊപ്പം കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോ കൈനറ്റിക്ക് സാങ്കേതികം) വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സാധ്യതാപഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് Expression of Interest (EOI) വിളിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ

സാധ്യതയുള്ള ഇടങ്ങൾ കണ്ടെത്തിയതിനുശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. പാരമ്പര്യേതര ഊർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2016-17 കാലയളവിൽ അനുവദിച്ച ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടവയുടെ വിശദാംശങ്ങൾ അനുബന്ധം-III ആയി ചേർത്തിരിക്കുന്നു.[+] സംസ്ഥാനത്ത് വൈദ്യുതി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെക്കൂടി പരമാവധി പ്രയോജനപ്പെടുത്തുന്നതിന് അനെർട്ട് മുഖേന താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. സംസ്ഥാനത്തെ വിവിധ സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദ്യുതി ആവശ്യത്തിനായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം ഡെപ്പോസിറ്റ് വർക്കായി അനെർട്ട് ചെയ്തുവരുന്നു. കൂടാതെ അനെർട്ടിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനവും നടത്തുന്നു.

2. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ സംസ്ഥാനത്ത് വ്യാപിപ്പിക്കുന്ന അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM സംസ്ഥാനത്ത് കാർബൺരഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടെ അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സ്വകാര്യ സംരംഭകരുടെ പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിവരുന്നു.

5. ഇലക്ട്രിക്ക് കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നല്കുന്നതിനുള്ള പദ്ധതി ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്നതാണ്. സംസ്ഥാനത്ത് തിരമാലയിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും, ഹൈഡ്രജൻ ഇന്ധനം ഗതാഗത രംഗത്ത്

പ്രയോജനപ്പെടുത്തുന്നതിനുമുള്ള സാധ്യതകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

6. ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ സൗരോർജ്ജവും കാറ്റിൽനിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തി ബാറ്ററി സംഭരണത്തോടുകൂടിയുള്ള അക്ഷയ ഊർജ്ജ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ അടുത്തഘട്ട പ്രവർത്തനം ഈ വർഷം ആരംഭിക്കും.

7. പാലക്കാട് കുഴൽമന്ദത്ത് റിന്യൂവബിൾ ടെക്നോളജി ഹബ് സ്ഥാപിക്കുന്നതിനുള്ള ഡി. പി. ആർ തയ്യാറാക്കും.

8. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അക്ഷയ ഊർജ്ജ മേഖലയിൽ അവരവരുടെ പ്രാദേശിക സാധ്യതയ്ക്കനുസരിച്ച് കൂടുതൽ ഫലപ്രദമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും സഹായകരമാകുന്നതിനുള്ള സാങ്കേതിക സഹായസംവിധാനം അനെർട്ട് കിലയുമായി ചേർന്ന് ഒരുക്കുന്നതാണ്.

9. കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തുന്നതാണ്.

10. ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുമായി ചേർന്ന്

സാധ്യതയുള്ള സ്ഥലങ്ങളിൽ ഹൈബ്രിഡ് മൈക്രോ ഗ്രിഡ് (സൗരോർജ്ജം, ചെറുകിട പവനോർജ്ജം, ചെറുകിട ജല വൈദ്യുതി) പദ്ധതി നടപ്പിലാക്കും.

ഇലക്ട്രിക് വാഹനങ്ങൾ നിരത്തിലിറക്കുന്നതിനും ഊർജ്ജ സംരക്ഷണത്തിനുമായുള്ള സേവനങ്ങൾ

182(5341) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇലക്ട്രിക് വാഹനങ്ങൾ നിരത്തിലിറക്കുന്നതിനും ഊർജ്ജ സംരക്ഷണത്തിനുമായി വൈദ്യുതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

പെട്രോൾ വില വർദ്ധനവുമൂലമുള്ള പ്രയാസം ഗണ്യമായി കുറയ്ക്കുക, പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ സുപ്രധാനമായ, അടുത്ത തലമുറയെവരെ സ്വാധീനിക്കുന്ന വൻലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് വൈദ്യുതി വാഹനങ്ങൾക്ക് അതീവ പ്രാധാന്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി, കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി 250-ൽപ്പരം

വരുന്ന ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. പ്രവർത്തിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഇ-മൊബിലിറ്റി പ്രമോഷൻ ഫണ്ടിൽനിന്നും പ്രാരംഭഘട്ടമായി ആറു ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ - ന്റെ സ്വന്തം സ്ഥലത്ത് ഫോർവീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 07.11.2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.

1. നേമം, തിരുവനന്തപുരം

2. ഓലൈ, കൊല്ലം

3. പാലാരിവട്ടം, എറണാകുളം

4. വിയ്യൂർ, തൃശ്ശൂർ

5. നല്ലളം, കോഴിക്കോട്

6. ചൊവ്വ, കണ്ണൂർ.

സംസ്ഥാന ഗവൺമെന്റിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും 26 പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതികൂടി ലഭിച്ചിട്ടുണ്ട്. അതുയും സ്റ്റേഷനുകളുടെ നിർമ്മാണ

പ്രവർത്തനം പുരോഗമിക്കുകയാണ്. അതോടൊപ്പം കേന്ദ്രഗവൺമെന്റിന്റെ ഫെയിം II പദ്ധതി പ്രകാരമുള്ള 30 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കൂടി നടന്നുവരികയാണ്. ഊർജ്ജ സംരക്ഷണത്തിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പാക്കുന്ന പദ്ധതികൾ

1. വിതരണമേഖലയിൽ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനായി ട്രാൻസ്ഫോർമറുകളുടെ നവീകരണം. വൈദ്യുതി വിതരണ മേഖലയിൽ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി വിതരണ ട്രാൻസ്ഫോർമറുകൾ ഉന്നത നിലവാരത്തിലെത്തിക്കുന്ന പ്രവർത്തനങ്ങൾ തുടരുന്നു. ഇതിന്റെ ഭാഗമായി അടിമാലി, രാജക്കാട്, ഒല്ലൂർ സെക്ഷനുകളുടെ പരിധിയിലുള്ള എല്ലാ ട്രാൻസ്ഫോർമറുകളുടെയും നവീകരണ പ്രവർത്തനങ്ങളും തുടർന്ന് കണ്ണൂർ, തിരൂർ, ആലപ്പുഴ ഇലക്ട്രിക്കൽ സർക്കിളുകൾക്ക് കീഴിലുള്ള വിതരണ ട്രാൻസ്ഫോർമറുകളുടെ നവീകരണ ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്.

2. ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്) പദ്ധതി, വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിനായി നടപ്പിലാക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്) പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ വിജയകരമായി തിരുവനന്തപുരം ജില്ലയിൽ പേയാട് ഇലക്ട്രിക്കൽ സെക്ഷനിൽ നടപ്പിലാക്കിയിരുന്നു. ഇതിലൂടെ

വൈദ്യുതി തടസ്സവും അപകടങ്ങളും നല്ലൊരളവുവരെ ഒഴിവാക്കുവാൻ കഴിയുന്നുണ്ട്. പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട, കോന്നി ഇലക്ട്രിക് സെക്ഷനുകളിൽ എച്ച്.വി.ഡി.എസ് പദ്ധതി നടപ്പിലാക്കി. കൂടാതെ 2018-19 ലെ 40 ലക്ഷം രൂപയുടെ സർക്കാർ ഫണ്ട് വിനിയോഗിച്ച് തിരുർ 15 കെവിഎ.-യുടെ 20 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്) പദ്ധതിയുടെ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ സുൽത്താൻപേട്ട ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ 40 ലക്ഷം രൂപയുടെ എച്ച്.വി.ഡി.എസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ഹരിപ്പാട് ഇലക്ട്രിക്കൽ സർക്കിൾ പരിധിയിൽ 46 ലക്ഷം രൂപയുടെ എച്ച്.വി.ഡി.എസ് പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു.

3. ഫിലമെന്റ് രഹിത കേരളം പദ്ധതി - കേരള സർക്കാർ, ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്ത അഞ്ചു പദ്ധതികളിൽ ഒന്നായ 'ഫിലമെന്റ് രഹിത കേരളം' (FFK) പദ്ധതി പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്കായി സഹായ വിലയിൽ ഗുണമേന്മയുള്ള LED ബൾബുകൾ ലഭ്യമാക്കിവരുന്നു. ഈ പദ്ധതി കെ.എസ്.ഇ.ബി.എൽ- ന്റെ നേതൃത്വത്തിൽ ഇ.എം.സി.-യുടെ പങ്കാളിത്തത്തോടുകൂടിയാണ്

നടപ്പാക്കുന്നത്. കാര്യക്ഷമമായ ഊർജ്ജ ഉപഭോഗത്തിലൂടെ ഊർജ്ജലഭ്യത ഉറപ്പാക്കുന്നതിനായി കേരളസർക്കാർ രൂപംകൊടുത്ത ഒരു കർമ്മ പദ്ധതിയാണിത്. ഈ പദ്ധതിവഴി ഉപഭോക്താക്കളുടെ കൈവശമുള്ള സാധാരണ ബൾബുകളും സി.എഫ്.എൽ-കളും തിരിച്ചെടുക്കാനും അവ സുരക്ഷിതമായി സംസ്കരിക്കുന്നതിനുമുള്ള ക്രമീകരണവും ഉൾപ്പെടുന്നു. ഇലക്ട്രിക് വാഹനങ്ങൾ നിലത്തിലിറക്കുന്നതിനും, ഊർജ്ജ സംരക്ഷണത്തിനുമായി സംസ്ഥാനസർക്കാരിന്റെ നയം പരിഗണിച്ച് നിലവിൽ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും കരാർ വ്യവസ്ഥയിൽ ഓടുന്ന ഡീസൽ/ പെട്രോൾ കാറുകൾക്കുപകരം അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ കരാർ വ്യവസ്ഥയിൽ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. 2020 - 21 വർഷം തുടങ്ങിയ പദ്ധതി പ്രകാരം ഇതുവരെ 119 വിവിധ മോഡൽ ഇലക്ട്രിക് കാറുകൾ 16 സർക്കാർ വകുപ്പുകൾക്ക് അനെർട്ട് മുഖേന നൽകിയിട്ടുണ്ട്. പൊതുനിരത്തുകളിൽ വൈദ്യുത വാഹനങ്ങൾക്ക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന പാതകൾ ഉൾപ്പടെയുള്ള പ്രധാന റോഡുകൾക്ക് സമീപം ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ,

എറണാകുളം എന്നീ ജില്ലകളിലായി ആകെ 6 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇടുക്കി, തൃശ്ശൂർ, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ 5 ജില്ലകളിൽ ഓരോ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. എനർജി എഫിഷ്യൻസി സെർവീസ് ലിമിറ്റഡ് (EESL) എന്ന കേന്ദ്രപൊതുമേഖലാ സ്ഥാപനവുമായിച്ചേർന്ന് സംസ്ഥാനത്ത് കൂടുതൽ പബ്ലിക് ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അനെർട്ട് നടത്തിവരുന്നു. ഇ-മൊബിലിറ്റി, ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ച്ചർ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി 'ഗോ ഇലക്ട്രിക് ക്യാമ്പയിൻ' എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ക്യാമ്പയിൻ എനർജി മാനേജ്മെന്റ് സെന്റർ നടത്തുന്നു. ഈ ക്യാമ്പയിന്റെ സംസ്ഥാനതല തുടക്കം 2021 ജൂൺ 5-ന് നടത്തുകയുണ്ടായി. ഈ ക്യാമ്പയിന്റെ ഭാഗമായി ഈ വർഷം എല്ലാ ആഴ്ചകളിലും ഒരു വെബിനാർ വീതം സംഘടിപ്പിക്കുന്നുണ്ട്. അവയിൽ 9 വെബിനാർ ഇതിനകം നടത്തിക്കഴിഞ്ഞു. ഇവകൂടാതെ ജൂൺ 10-ന് ഇലക്ട്രിക് വാഹനങ്ങളുടെ ഓൺലൈൻ/വെർച്വൽ എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ക്യാമ്പയിന്റെ ഭാഗമായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള

എനർജി എഫിഷ്യൻസി സർവീസ് ലിമിറ്റഡിന്റെ സബ്സിഡറിയായ കൺവെർജെൻസ് എനർജി സർവീസ്സ് ലിമിറ്റഡും (സി.ഇ.എസ്.എൽ) എനർജി മാനേജ്മെന്റ് സെന്ററും ചേർന്ന് സംസ്ഥാനത്തെ സർക്കാർ/ അർദ്ധ സർക്കാർ ഉദ്യോഗസ്ഥർക്ക് കുറഞ്ഞ വിലയ്ക്ക് ഇലക്ട്രിക് 2 വീലർ വാഹനങ്ങൾ വാങ്ങുവാനുള്ള സൗകര്യം ഒരുക്കുന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ സർക്കാർ സ്ഥാപനങ്ങൾക്ക് ഇലക്ട്രിക് കാറുകൾ വാടകയ്ക്ക് നൽകുന്നതിന് ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാതാക്കളിൽ നിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. ഉയർന്നുവരുന്ന പെട്രോൾ, ഡീസൽ വില വർദ്ധനവ് മൂലം പ്രയാസം നേരിടുന്ന ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് ഇതിൽനിന്നും മുക്തി നേടുന്നതിന് കുറഞ്ഞ വിലയിൽ ഇലക്ട്രിക് ഓട്ടോറിക്ഷ നൽകുന്നതിനുള്ള പദ്ധതി എനർജി മാനേജ്മെന്റ് സെന്റർ, കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ സബ്സിഡറിയായ കോൺവെർ ജെൻസ് എനർജി സർവീസസ് (സി.ഇ.എസ്.എൽ) ലിമിറ്റഡുമായി ചേർന്ന് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു. കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം 2001 പ്രകാരം നിയുക്ത ഉപഭോക്താക്കളായി പ്രഖ്യാപിക്കപ്പെട്ട 15 വൻകിട ഊർജ്ജ ഉപഭോക്താക്കളുടെ വാർഷിക ഊർജ്ജ ഉപഭോഗത്തിന്റെ

മേൽനോട്ടം എനർജി മാനേജ്മെന്റ് സെന്റർ നടത്തിവരുന്നു. പുതിയതായി നിർമ്മിക്കുന്ന വാണിജ്യ കെട്ടിടങ്ങളിൽ 100 kW / 120 kVA - ക്ക് മുകളിൽ വൈദ്യുതി ആവശ്യമുള്ള കെട്ടിടങ്ങൾക്ക് ഊർജ്ജസംരക്ഷണ നിയമ പ്രകാരം എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) നിർബന്ധിതമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2017 മുതൽ ഇത് കേരള സംസ്ഥാന കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 150-ന മുകളിൽ വരുന്ന എഞ്ചിനീയർമാർക്ക് ECBC മാനദണ്ഡങ്ങളനുസരിച്ച് കെട്ടിടം ഡിസൈൻ ചെയ്യുന്നതിനുള്ള കമ്പ്യൂട്ടർ സിമുലേഷനിലും സാങ്കേതിക വിദ്യയിലും Hands on training കൂടി നൽകുകയും ഇതിന്റെ ഭാഗമായി ECBC പ്രകാരം നിർമ്മിച്ച കെട്ടിടങ്ങൾ പരിശോധിച്ച് സർട്ടിഫൈ ചെയ്യുന്നതിന് BEEE (Building Energy Efficiency Experts) എന്ന ഒരു കേഡറിനെ എംപാനൽ ചെയ്യുകയും ചെയ്തു. ഊർജ്ജസംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സ്റ്റാൻഡേർഡ്സ് & ലേബലിംഗ് പരിപാടിയെക്കുറിച്ച് ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. കേരളത്തിലെ എല്ലാ വൻകിട വൈദ്യുത ഊർജ്ജ ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി 2011-ൽ സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള ചെറുകിട വൈദ്യുത ഊർജ്ജ

ഉപഭോക്താക്കൾക്ക് ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് സൗജന്യ പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതി നടപ്പിലാക്കുന്നു. സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ ഊർജ്ജ സംരക്ഷണ അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. ചൈതന്യം പദ്ധതിയുടെ ഭാഗമായി 2019-20 കാലയളവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയവ സ്ഥാപിച്ചിട്ടുണ്ട്. കേരള സർക്കാർ ഫണ്ടിൽ നിന്നും ഒരു കോടി രൂപ വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. ഇതുകൂടാതെ ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ, ചെസ്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കളമശ്ശേരി, ജനറൽ ഹോസ്പിറ്റൽ, പാലാ ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, തൃശ്ശൂർ എന്നിവിടങ്ങൾ ഊർജ്ജ കാര്യക്ഷമമാക്കിയിട്ടുണ്ട്. തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന തെരഞ്ഞെടുത്ത ഹൗസ് ബോട്ടിലെ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഊർജ്ജക്ഷമത കൂടിയ ലോ വോൾട്ട് ഡി.സി. ഉപകരണങ്ങൾ ഘടിപ്പിക്കുകയും സൗര വൈദ്യുതി ഉപയോഗിച്ച്

പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന പദ്ധതി 2021- ൽ പൂർത്തീകരിച്ചു. കുട്ടനാട്, തൃശ്ശൂർ, പൊന്നാനി കോൾ നിലയങ്ങളിൽ ഉപയോഗിക്കുന്ന ഊർജ്ജ കാര്യക്ഷമത കുറഞ്ഞ പെട്ടിപറ പമ്പുകൾക്കുപകരം ഉപയോഗിക്കുവാൻ സാധിക്കുന്ന ഊർജ്ജകാര്യക്ഷമത കൂടിയ പമ്പുകൾ വികസിപ്പിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ഇ.എം.സി, പാലക്കാട് സ്ഥിതി ചെയ്യുന്ന ഫ്ലയിഡ് കൺട്രോൾ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (FCRI), കേരള സർക്കാർ സ്ഥാപനമായ RAIDCO എന്നിവരും ചേർന്ന് സംയുക്തമായാണ് പദ്ധതി 2020-ൽ നടപ്പിലാക്കുന്നത്. ഗ്രാമ പഞ്ചായത്തുകളിൽ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാതൃകാ ഊർജ്ജകാര്യക്ഷമ ഗ്രാമ പഞ്ചായത്ത് എന്ന പദ്ധതി നിലവിലുണ്ട്. 2016-2021 കാലയളവിൽ കേരളത്തിലെ 14 ഗ്രാമപഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി മറ്റ് ഗ്രാമ പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കാൻ പദ്ധതിയിടുന്നു. വ്യവസായശാലകളിൽ ഊർജ്ജ സംരക്ഷണം ഉറപ്പുവരുത്തുവാൻ വ്യവസായ പാർക്കുകളും ക്ലസ്റ്ററുകളും കേന്ദ്രീകരിച്ച് 30 ശില്പശാലകൾ നടത്തുവാൻ പദ്ധതിയിടുന്നു. ഊർജ്ജ സംരക്ഷണ വിഷയത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ് സ്മാർട്ട്

എനർജി പ്രോഗ്രാം. ഇതിന്റെ ഭാഗമായി 7841 സ്കൂളുകളെ 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി സംഘടിപ്പിച്ച് 70000-ത്തോളം കുട്ടികളുടെ നേതൃത്വത്തിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി. ഈ പദ്ധതി മറ്റ് സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പൊതുജനങ്ങൾക്ക് ഊർജ്ജസംരക്ഷണ രംഗത്ത് അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി സർക്കാരിതര സ്ഥാപനങ്ങൾ വഴി (NGO) ഊർജ്ജസംരക്ഷണ ക്ലാസ്സുകളും പദ്ധതികളും നടപ്പിലാക്കിവരുന്നു.

കേന്ദ്രം നിർദ്ദേശിച്ച അധിക വായ്പ

183(5342) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണം സ്വകാര്യവത്കരിക്കാതെ കേന്ദ്രം നിർദ്ദേശിച്ച അധിക വായ്പ എടുക്കാൻ വൈദ്യുതി ബോർഡിന് കഴിയുമോയെന്ന് വ്യക്തമാക്കാമോ?

കഴിയും. സംസ്ഥാന സർക്കാരിന് കടമെടുക്കാനുള്ള വായ്പാപരിധി 0.50% വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിൽനിന്നും വൈദ്യുതി മേഖലയിൽ നടപ്പിലാക്കേണ്ട ചില നിർദ്ദേശങ്ങൾ ഉൾപ്പെട്ട ഒരു പദ്ധതി

സംസ്ഥാന സർക്കാരിനെ കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം സംസ്ഥാന സർക്കാരിന് ലഭ്യമാകണമെങ്കിൽ 2021-22-ൽ പത്ത് നിർബന്ധിത നിർദ്ദേശങ്ങളും തുടർന്നുള്ള വർഷങ്ങളിൽ പന്ത്രണ്ട് നിർബന്ധിത നിർദ്ദേശങ്ങളും പാലിക്കപ്പെടേണ്ടതായുണ്ട്. 2021-22-ൽ നാല് നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയും തുടർന്നുള്ള വർഷങ്ങളിൽ എട്ട് നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയുമുള്ള പ്രകടന മികവ് പ്രകാരം ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പദ്ധതിയിൽ കേരള സർക്കാരിനെ കേന്ദ്രസർക്കാർ പങ്കാളിയാക്കുന്നത്. വൈദ്യുതി മേഖല സ്വകാര്യവത്കരിക്കണമെന്നുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ബോണസ് മാർക്കിനുള്ള മാനദണ്ഡങ്ങളായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടി പദ്ധതി വിശദമായി പരിശോധിച്ചതിൽ നിന്നും പ്രസ്തുത ബോണസ് മാർക്ക് ഇല്ലാതെ തന്നെ കേരളസർക്കാർ സ്ഥാപനങ്ങളുടേയും വാട്ടർ അതോറിറ്റിയുടേയും വൈദ്യുതി കുടിശ്ശിക സമയബന്ധിതമായി തീർപ്പാക്കുകയും കാർഷിക ഉപഭോക്താക്കളുടെ സബ്സിഡി, ‘ ഡയറക്ട് ബെനിഫിഷറി ട്രാൻസ്ഫർ സ്കീം’ ചെയ്യുന്നതുവഴി പദ്ധതിയുടെ മുഴുവൻ ആനുകൂല്യവും സംസ്ഥാനസർക്കാരിന് ലഭ്യമാകുമെന്നാണ് കണക്കുകൂട്ടിയിരിക്കുന്നത്. ആയതിനാൽ ടി പദ്ധതിയിലുള്ള

സ്വകാര്യവത്കരണ നിർദ്ദേശങ്ങൾ പാലിക്കേണ്ട ആവശ്യമില്ല. പ്രസ്തുത പദ്ധതി സംബന്ധിച്ച് കെ.എസ്.ഇ.ബി-യുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത അധിക വായ്പ എടുക്കുന്നതിന് വൈദ്യുതി നിരക്ക് കൂട്ടേണ്ട സാഹചര്യം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; വൈദ്യുതി മേഖലയിൽ കേന്ദ്രം നിർദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തെല്ലാമെന്നറിയിക്കാമോ?

പ്രസ്തുത അധിക വായ്പ എടുക്കുന്നതിന് 2021-22 മുതലുള്ള കെ.എസ്.ഇ.ബി.-യുടെ നഷ്ടത്തിന്റെ ഒരു ഭാഗം സർക്കാർ ഏറ്റെടുക്കേണ്ടതുണ്ട്. 2021-22 മുതൽ കെ.എസ്.ഇ.ബി.-ക്ക് നഷ്ടം ഉണ്ടാകാതിരിക്കാൻ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ്പിന്റെ ഒരു ഭാഗം വൈദ്യുതി നിരക്ക് വർദ്ധനവിലൂടെ ശേഖരിക്കേണ്ടതാവശ്യമാണ്. പ്രസ്തുത മേഖലയിൽ കേന്ദ്രം നിർദ്ദേശിക്കുന്ന മറ്റ് പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.

1) ' ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം' മുഖേന സബ്സിഡി ഉപഭോക്താവിന് കൈമാറുക.

2) സ്മാർട്ട് ഗ്രിഡ്, സബ്സ്റ്റേഷൻ ആട്ടോമേഷൻ മുതലായവ.

3) AT&C നഷ്ടം കുറയ്ക്കുക.

4) ക്രോസ്സ് സബ്സിഡി കുറയ്ക്കുക.

5) സർക്കാർ ഓഫീസുകളിൽ പ്രീ-പെയ്ഡ് മീറ്റർ സ്ഥാപിക്കുക

മുതലായവയാണ്. കടമെടുപ്പ് പരിധി സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ അര (0.5) ശതമാനം വർദ്ധിപ്പിച്ചുനൽകുന്നതിനുള്ള നിർബന്ധിത നിബന്ധന എന്ന നിലയിൽ വൈദ്യുതി മേഖലയിൽ നടപ്പിലാക്കേണ്ട ചില പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. വൈദ്യുതി കണക്ഷനുകൾ പൂർണ്ണമായും മീറ്ററിലൂടെ (metered) നൽകുക, വിതരണ നഷ്ടം കുറയ്ക്കുക, സർക്കാർ കുടിശ്ശികയടക്കം വൈദ്യുതി ചാർജ്ജ് പൂർണ്ണമായും പിരിച്ചെടുക്കുക, വൈദ്യുതി വിതരണ രംഗം നവീകരിക്കുക എന്നിവയാണ് നിർദ്ദിഷ്ട വൈദ്യുതി മേഖലാ പരിഷ്കാരങ്ങൾ. പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് മാർക്കുകളും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2021 - 22 വർഷത്തെ കടമെടുപ്പ് പരിധി 0.5% ഉയർത്തുന്നതിനുതന്നെ നിർബന്ധമായി നടപ്പിലാക്കേണ്ട പത്ത് നിബന്ധനകളും, പുറമെ 50 മാർക്കിനുള്ള കാര്യക്ഷമതാ മാനദണ്ഡങ്ങളുമുണ്ട്. കുറഞ്ഞത് 30 മാർക്ക് നേടിയാൽ മാത്രമേ കടമെടുക്കൽ പരിധി വർദ്ധിപ്പിച്ചു നൽകുകയുള്ളൂ. എന്നാൽ, വൈദ്യുതി വിതരണ മേഖല സ്വകാര്യവത്കരിക്കുകയാണെങ്കിൽ, അധിക ബോണസ്

മാർക്കുകൾ ലഭിക്കുമെന്നും നിർദ്ദേശത്തിലുണ്ട്. നിലവിലുള്ള പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ, സ്വകാര്യവത്കരണം കൂടാതെതന്നെ 2021-22-ലും, തുടർ വർഷങ്ങളിലും, കടമെടുപ്പ് പരിധി വർദ്ധിപ്പിക്കുന്നതിനുവേണ്ട മാർക്കുകൾ നേടാൻ കേരളത്തിന് സാധിക്കും. നിർബന്ധമായും പാലിക്കേണ്ട വ്യവസ്ഥകളിൽ പ്രധാനം വൈദ്യുതി വിതരണ സ്ഥാപനത്തിന്റെ നഷ്ടം സർക്കാർ ഏറ്റെടുക്കണമെന്നുള്ളതാണ്. 2020 – 21 വർഷം നഷ്ടത്തിന്റെ 60 ശതമാനവും തുടർന്ന് ഓരോവർഷവും വർദ്ധിച്ച് 2025 – 26-ൽ നഷ്ടം പൂർണ്ണമായും ഏറ്റെടുക്കണം. നിയമാനുസരണമുള്ള മിതമായ (വിലക്കയറ്റ തോതിനേക്കാൾ കുറവായ) താരിഫ് പരിഷ്കരണങ്ങളും മറ്റും സമയബന്ധിതമായി തീരുമാനിച്ച് അനുവദിക്കാൻ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടായാൽ നഷ്ടമില്ലാതെ മുന്നോട്ട് പോകാൻ കെ.എസ്.ഇ.ബി.ലിമിറ്റഡി-ന് സാധിക്കും. പ്രവർത്തന ക്ഷമതയ്ക്കുള്ള 50 മാർക്കുകളിൽ 20 ലഭിക്കണമെങ്കിൽ 85% ഉപഭോക്താക്കളെങ്കിലും മീറ്ററുകളിലൂടെ വൈദ്യുതി ലഭിക്കുന്നവർ (metered consumers) ആയിരിക്കണം. 100% മീറ്റർഡ് ഉപഭോക്താക്കളുള്ള സംസ്ഥാനത്തിന് ഈയിനത്തിൽ 20 മാർക്കിനും അർഹതയുണ്ട്. അടുത്ത 20 മാർക്ക് കാർഷിക സബ്സിഡി നിർത്തലാക്കുകയോ നേരിട്ട് കർഷകന്റെ

ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുകയോ (Direct Benefit Transfer-ഡി.ബി.റ്റി) ചെയ്യുന്നതിനാണ്. നിലവിൽ സബ്സിഡിക്ക് അർഹരായ കാർഷിക ഉപഭോക്താക്കൾക്ക് മീറ്ററിൽ രേഖപ്പെടുത്തുന്ന വൈദ്യുതിക്ക് ബിൽ നൽകുകയും ഈ ബിൽ തുക കൃഷിവകുപ്പിൽ നിന്ന് ഒടുക്കുന്നുമുണ്ട്. പ്രായോഗികതലത്തിൽ ഇതിന് ഡി.ബി.റ്റി.-യുമായി വ്യത്യാസമൊന്നുമില്ല. അതിനാൽ ആയതിന്റെ 20 മാർക്കും ലഭിക്കാവുന്നതാണ്. ഇതിനുപുറമെ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക കൃത്യമായി തീർക്കുന്നതിന് അഞ്ച് മാർക്കും, വിതരണ ശൃംഖലയിൽ നൂതനസാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന് അഞ്ച് മാർക്കും ഉണ്ട്. സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക തീർത്തുകൊണ്ടും ദ്യുതി പദ്ധതിയുടെ ഭാഗമായും അല്ലാതെയും കൈക്കൊണ്ടുവരുന്ന നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ വിതരണ ശൃംഖലാ നവീകരണ പ്രവർത്തനങ്ങളിലൂടെ പത്തു മാർക്കും ഇവിടെ നേടാവുന്നതാണ്.

കർഷകർക്ക് സൗജന്യമായി വൈദ്യുതി

184(5343) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷകർക്ക് സൗജന്യമായി കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി

കണക്ഷൻ നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി നടപ്പിലാക്കാൻ സർക്കാർ തയ്യാറാവുമോ; വിശദാംശങ്ങൾ നൽകുമോ?

സംസ്ഥാനത്ത്, നിലവിൽ കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച LT V (A) അഗ്രിക്കൾച്ചർ താരിഫിലാണ് നൽകിവരുന്നത്. താഴെപ്പറയുന്ന ഇളവുകളാണ് നിലവിൽ സംസ്ഥാനത്തെ കാർഷിക ഉപഭോക്താക്കൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.

1. 2012-13 സാമ്പത്തിക വർഷം മുതൽ, കർഷകർക്ക് കമ്മീഷൻ നിശ്ചയിച്ചു വരുന്ന താരിഫ് നിരക്കിൽ (എനർജി ചാർജിന്) യൂണിറ്റൊന്നിന് 85 പൈസ നിരക്കിൽ ഗവൺമെന്റ് സബ്സിഡി നൽകിവരുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട ഏകദേശം 4.5 ലക്ഷം ഉപഭോക്താക്കൾക്ക്, ഈ ആനുകൂല്യം ലഭ്യമാകുന്നുണ്ട്. ടി ഇനത്തിൽ പ്രതിവർഷം ഏകദേശം 25 കോടിയോളം രൂപയാണ് നൽകിവരുന്നത്.

2. സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ദ്രപരിധിയിലുള്ള കാർഷിക ഉപഭോക്താക്കൾക്ക് കൃഷിഭവൻ മുഖേന വൈദ്യുതി പൂർണ്ണമായും സൗജന്യമായി നൽകുന്നു. ഇതിന്റെ ആനുകൂല്യം, ഏകദേശം 2.8 ലക്ഷം കാർഷിക ഉപഭോക്താക്കൾക്ക് നൽകിവരുന്നു. ടി ഉപഭോക്താക്കളുടെ

പ്രതിമാസ വൈദ്യുതി ചാർജ്ജ് ഏകദേശം 12 കോടിയോളം രൂപ വരും.

3. ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയില്ലാത്ത കാർഷിക ഉപഭോക്താക്കൾക്ക്, യൂണിറ്റൊന്നിന് 2.76 രൂപ നിരക്കിലാണ് നൽകിവരുന്നത്. അതായത്, ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന്റെ അടുക്കൽ എത്തിക്കുന്നതിനാവശ്യമായ ചിലവായ (Average cost of supply) 6.50 രൂപയേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് കാർഷിക ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകിവരുന്നത്.

ഫിലമെന്റ് രഹിത കേരളം പദ്ധതി

185(5344) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ബി) കെ.എസ്.ഇ.ബി.-യുടെ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ ഉപഭോക്താക്കൾക്കും എൽ.ഇ.ഡി. ബൾബ് ലഭിക്കുന്ന രീതിയിൽ പദ്ധതി വിപുലീകരിക്കാൻ തയ്യാറാവുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കേരള സർക്കാർ, ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്ത അഞ്ചു പദ്ധതികളിൽ ഒന്നായ ഫിലമെന്റ് രഹിത കേരളം

(FFK) പദ്ധതി പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്കായി സഹായ വിലയിൽ ഗുണമേന്മയുള്ള LED ബൾബുകൾ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതി പൂർത്തിയാകുമ്പോൾ 250 മെഗാവാട്ട് വൈദ്യുതിയുടെ ഉപഭോഗം കുറയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ പദ്ധതി ഇപ്പോൾ നടന്നു വരികയാണ്. ഉപഭോക്താക്കളുടെ കൈവശമുള്ള സാധാരണ ബൾബുകളും സി.എഫ്.എൽ.-കളും തിരിച്ചെടുക്കാനും അവ സുരക്ഷിതമായി സംസ്കരിക്കുന്നതിനുമുള്ള ക്രമീകരണവും ഇതിൽ ഉൾപ്പെടുന്നു. ആദ്യഘട്ടത്തിൽ 13.3 ലക്ഷം ഉപഭോക്താക്കൾ 107 ലക്ഷം ബൾബുകൾക്കായി രജിസ്റ്റർ ചെയ്തിരുന്നു. ഇവ വിതരണം ചെയ്യുന്നതിനായി ഒരു കോടി ബൾബുകൾ കെ.എസ്.ഇ.ബി.എൽ വാങ്ങുകയും 2021 ജനുവരി മാസം മുതൽ ഇതിന്റെ വിതരണം ആരംഭിക്കുകയും ചെയ്തിരുന്നു. 09.08.2021- ലെ കണക്കനുസരിച്ച് 11.76 ലക്ഷം ഉപഭോക്താക്കൾക്ക് 93.56 ലക്ഷം ബൾബുകൾ വിതരണം നടത്തിക്കഴിഞ്ഞു. ഈ പദ്ധതിയുടെ രജിസ്ട്രേഷനും ബൾബുകളുടെ വിതരണവും ഇപ്പോഴും നടന്നുവരുന്നു. നിലവിലെ കണക്കനുസരിച്ച് 3.35 ലക്ഷം ഉപഭോക്താക്കൾക്ക് 28.5 ലക്ഷം ബൾബുകൾ കൂടി വിതരണം ചെയ്യാനുണ്ട്. ഇവ വിതരണം ചെയ്യുന്നതിനായി 25 ലക്ഷം ബൾബുകൾ കൂടി വാങ്ങുന്നതിന് കെ.എസ്.ഇ.ബി.എൽ

അഡീഷണൽ പർച്ചേസ് ഓർഡർ 24.06.2021-ന് നൽകിയിട്ടുണ്ട്. മൂന്നു മാസത്തിനകം ബൾബുകൾ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അനെർട്ടിന്റെ പ്രധാന പ്രവർത്തന മേഖലകൾ

186(5345) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനെർട്ടിന്റെ പ്രധാന പ്രവർത്തന മേഖലകൾ ഏതൊക്കെ; ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കാമോ?

പാരമ്പര്യേതര ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട വികസന ഗവേഷണ പ്രവർത്തനങ്ങൾക്ക് വൈദ്യുതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് അനെർട്ട്. അനെർട്ടിന്റെ പ്രധാന പ്രവർത്തന മേഖലകൾ താഴെപ്പറയുന്നു. സൗരോർജ്ജ വൈദ്യുതി ഉത്പാദനം; സൗര താപ ഉപകരണ വ്യാപനം; കാറ്റിൽ നിന്നുള്ള ഊർജ്ജ ഉത്പാദനം; ജൈവ ഊർജ്ജ ഉത്പാദനം; പാരമ്പര്യേതര ഊർജ്ജ മേഖലയിലെ ഗവേഷണം; പാരമ്പര്യേതര ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനം; ബോധവത്കരണ, പ്രചരണ പ്രവർത്തനങ്ങൾ; പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ സംബന്ധിച്ച

വിഭവ പഠനം; റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ (RPO) സംബന്ധിച്ച വിവര ശേഖരണവും ക്രോഡീകരണവും; റിന്യൂവബിൾ എനർജി സർട്ടിഫിക്കറ്റ് (REC) സംബന്ധിച്ച അക്രഡിറ്റഡ് എജൻസി; ഇ-മോബിലിറ്റി; ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ്. സംസ്ഥാനത്ത് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികളാണ് അനെർട്ട് നടപ്പിലാക്കി വരുന്നത്. ഇതിനായി പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ ഏറ്റവും പ്രധാനപ്പെട്ട സൗരോർജ്ജത്തെ നമ്മുടെ വൈദ്യുതി ആവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള സംവിധാനമായ സോളാർപവർ പ്ലാന്റുകൾ വീടുകളിലും സ്ഥാപനങ്ങളിലും വ്യാപകമാക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള PM-KUSUM പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനവും അനെർട്ട് ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കാർബൺ ന്യൂട്രൽ ഗവേണൻസ് പദ്ധതിയിൽ ഇ-മൊബിലിറ്റിയുടെ പ്രാധാന്യം കണക്കിലെടുത്ത് ഇലക്ട്രിക് കാറുകൾ വ്യാപമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇലക്ട്രിക്

കാറുകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സംസ്ഥാനത്ത് കൂടുതലായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ജൈവമാലിന്യങ്ങളിൽ നിന്ന് പാചക ഇന്ധനവും, വൈദ്യുതിയും ഉത്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യയും അക്ഷയോർജ്ജ മേഖലയിൽ പ്രയോജനപ്പെടുത്തിവരുന്നു. സംസ്ഥാനത്ത് തിരമാലയിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും ഹൈഡ്രജൻ ഇന്ധനം ഗതാഗത രംഗത്ത് പ്രയോജനപ്പെടുത്തുന്നതിനുമുള്ള സാധ്യതകളും പരിശോധിച്ചുവരുന്നു. ഗ്രണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്കാവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗ്രണ നിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ്

ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ് പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും ഗുണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനുംവേണ്ടി അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിൽ അക്ഷയ ഊർജ്ജ സേവന കേന്ദ്രമായ ഊർജ്ജമിത്ര കേന്ദ്രങ്ങൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ മേഖലയിലെ വിഷയങ്ങൾ സംബന്ധിച്ച് വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് അനെർട്ടും KASE-ഉം (Kerala Academy for Skill Excellence) സംയുക്തമായി ഓൺലൈൻ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും വിവിധ വിഭാഗം ടെക്നീഷ്യന്മാർക്കുള്ള പരിശീലനവും അനെർട്ട് നടത്തിവരുന്നു.

(ബി) അനെർട്ടിന്റെ പ്രവർത്തനങ്ങളിൽ വൈദ്യുതി എത്താത്ത വിദൂരസ്ഥല ഭവനങ്ങൾ വൈദ്യുതീകരിക്കുക, സോളാർ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

വൈദ്യുതി എത്താത്ത വിദൂരസ്ഥലങ്ങളിലെ ഭവനങ്ങൾ വൈദ്യുതീകരിക്കുക, സോളാർ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങൾ മുൻവർഷങ്ങളിൽ അനെർട്ടിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി നടത്തിയിരുന്നു. നിലവിൽ വൈദ്യുതി എത്താത്ത വിദൂരസ്ഥലങ്ങളിലെ 18 അംഗൻവാടികളിൽ വൈദ്യുതി ആവശ്യത്തിനായി അനെർട്ട് മുഖേന സോളാർ സംവിധാനം സ്ഥാപിക്കുന്നതിന് സംസ്ഥാന വനിതാ ശിശു വികസന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. അനെർട്ട് സ്ഥല പരിശോധന പൂർത്തിയാക്കി ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതി എത്താത്ത വിദൂരസ്ഥലങ്ങളിലെ ആദിവാസി കോളനികളിലെ പഠന മുറികൾക്കാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി സോളാർ സംവിധാനം സ്ഥാപിക്കുന്നതിന് സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പ് അനെർട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥലങ്ങൾ സന്ദർശിച്ച് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്ന

പ്രവർത്തനം അനെർട്ട് നടത്തിവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സോളാർ പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും സ്റ്റാർട്ട് അപ്പ് അക്ഷയ ഊർജ്ജ സേവനകേന്ദ്രങ്ങൾ അരംഭിച്ചിട്ടുണ്ടോ; അവയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ?

അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും ഗുണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനുംവേണ്ടി സംസ്ഥാനത്ത് എല്ലാ അസംബ്ലി നിയോജകമണ്ഡലത്തിലും ഊർജ്ജമിത്ര എന്ന പേരിൽ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ 2018-19 വർഷം മുതൽ ആരംഭിച്ചു. നിശ്ചിത നടപടിക്രമങ്ങൾ പാലിച്ച് സ്വകാര്യ സംരംഭകരെയാണ് ഇതിനായി തെരഞ്ഞെടുത്തത്. മൂന്ന് വർഷം വിജയകരമായി സംരംഭം നടത്തുന്നവർക്ക് പ്രവർത്തനം വിലയിരുത്തി മൂന്നാം വർഷം പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയുടെ (PMEGP) മാതൃകയിൽ നിശ്ചിത ധനസഹായം അനുവദിക്കുക എന്നതായിരുന്നു പദ്ധതി. സംസ്ഥാന സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് -

(സി.എം.ഡി.) നെയാണ് ഊർജ്ജ മിത്ര കേന്ദ്രങ്ങളുടെ പ്രവർത്തനം നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതിന് അനെർട്ട് ചുമതല പ്പെടുത്തിയിരിക്കുന്നത്. മൂന്ന് വർഷം പൂർത്തിയാക്കുന്ന സംരംഭത്തിന് സി.എം.ഡി. മുഖേനയുള്ള ഗ്രേഡിംഗ് പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി ധനസഹായം നൽകുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. സംരംഭകൻ സാധാരണ വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യക്തിയാണെങ്കിൽ നിയോജകമണ്ഡലത്തിലെ നഗര പ്രദേശത്താണ് സേവന കേന്ദ്രം നടത്തുന്നതെങ്കിൽ അരുപതിനായിരം രൂപയും ഗ്രാമ പ്രദേശത്താണെങ്കിൽ ഒരു ലക്ഷം രൂപയുമാണ് ധനസഹായം നൽകുന്നത്. സംരംഭകൻ എസ്.സി./എസ്.ടി/ഒ.ബി.സി/ന്യൂനപക്ഷം/വനിതകൾ/ വിമുക്തഭടന്മാർ/ഭിന്ന ശേഷിക്കാർ എന്നീ പ്രത്യേക വിഭാഗത്തിലാണ് ഉൾപ്പെടുന്നതെങ്കിൽ സേവന കേന്ദ്രം നഗര പ്രദേശത്താണെങ്കിൽ ഒരു ലക്ഷം രൂപയും ഗ്രാമ പ്രദേശത്താണെങ്കിൽ ഒരു ലക്ഷത്തി നാൽപതിനായിരം രൂപയുമാണ് ധനസഹായം നൽകുന്നത്. 140 ഊർജ്ജ മിത്ര കേന്ദ്രങ്ങളിൽ 7 എണ്ണം ഒഴികെ 133 നിയോജകമണ്ഡലങ്ങളിലും നിലവിൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. എനർജി മാനേജ്മെൻറ് സെന്റർ (ഇ.എം.സി) സ്റ്റാർ റേറ്റിംഗ് ഉള്ള വിവിധ വൈദ്യുത ഉപകരണങ്ങളുടെ വിതരണം ഊർജ്ജമിത്ര

കേന്ദ്രങ്ങളിലൂടെ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അനെർട്ട് അംഗീകരിക്കുന്ന സർവ്വീസ് ചാർജ്ജ് നിരക്കിൽ ഊർജ്ജമിത്ര കേന്ദ്രങ്ങളെ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ പരിപാലനം, വാർഷിക അറ്റകുറ്റപ്പണി കരാർ (AMC) എന്നിവയുടെ ചുമതലകൾ സ്റ്റോർ പർച്ചേസ് മാന്വൽ നിബന്ധനകൾ പാലിച്ച് നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകുപ്പ് അനുവാദം നൽകിയിട്ടുണ്ട്. അനെർട്ട് നടപ്പിലാക്കുന്ന ചില അക്ഷയ ഊർജ്ജ പദ്ധതികളുമായി ബന്ധപ്പെട്ട് അവയുടെ പരിപാലനത്തിനായി ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ സേവനം വിനിയോഗിച്ചു വരുന്നുണ്ട്. വാറണ്ടി കാലാവധി കഴിഞ്ഞ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ റിപ്പയറിംഗിനായി പൊതുജനങ്ങളും വിവിധ സ്ഥാപനങ്ങളും ഈ കേന്ദ്രങ്ങളുടെ സേവനം വിനിയോഗിക്കുന്നുണ്ട്. അംഗീകൃത എം-പാനൽ ഏജൻസികൾ അവരുടെ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും വാറണ്ടി കാലാവധിയിലുള്ള സർവ്വീസും റിപ്പയറും ചെയ്യുന്നതിനും ചില ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു. അനെർട്ട് ഈ കേന്ദ്രങ്ങളിലെ 307 ടെക്നീഷ്യന്മാർക്ക് അപകട ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ് ലോക്ക് ഡൗൺ കാരണം പല കേന്ദ്രങ്ങൾക്കും ആ കാലയളവിൽ

ഇറന്ന് പ്രവർത്തിക്കാൻ കഴിഞ്ഞിരുന്നില്ല. ടെക്നീഷ്യന്മാർക്ക് നിശ്ചയിച്ചിരുന്ന പല ട്രെയിനിംഗ് പരിപാടികളും നടത്താൻ കഴിഞ്ഞിരുന്നില്ല. ഇവർക്ക് ആവശ്യമായ ട്രെയിനിംഗ് പരിപാടികൾ ഈ വർഷം നടത്തുന്നതാണ്. അക്ഷയ ഊർജ്ജ മേഖലയിൽ ആരംഭിച്ച ആദ്യ സംരംഭ പരിപാടി എന്ന നിലയിൽ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ അനെർട്ട് സ്വീകരിക്കുന്നതാണ്.

(ഡി) കാർബൺ ന്യൂട്രൽ ഗവേണൻസ് എന്ന പദ്ധതിയിലൂടെ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിട്ടത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

കാർബൺ ന്യൂട്രൽ ഗവേണൻസ് എന്ന പദ്ധതിയിലൂടെ പ്രധാനമായും ലക്ഷ്യമിട്ടത് സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന വൈദ്യുതി ഘട്ടംഘട്ടമായി സോളാറിലേയ്ക്ക് മാറ്റുക എന്നതും, കൂടാതെ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും നിലവിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ വാഹനങ്ങൾ ഘട്ടംഘട്ടമായി മാറ്റി പൂർണ്ണമായും ഇലക്ട്രിക്ക് വാഹനങ്ങൾ ഉപയോഗിക്കുക എന്നതുമാണ്. സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ വൈദ്യുതി ആവശ്യത്തിനായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം

ഡെപ്പോസിറ്റ് വർക്കായി അനെർട്ട് ചെയ്യുവരുന്നു. കൂടാതെ അനെർട്ടിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനവും നടത്തുന്നു. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ അനെർട്ട് മുഖേന സംസ്ഥാനത്ത് പൊതുമേഖല/സഹകരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM സംസ്ഥാനത്ത് കാർബൺരഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടെ അനെർട്ട് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രിക് മൊബിലിറ്റി വ്യാപകമാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ നിലവിൽ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും കരാർ വ്യവസ്ഥയിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ വാഹനങ്ങൾ മാറ്റി അനെർട്ട് വഴി ഇലക്ട്രിക് കാറുകൾ നൽകുന്ന പദ്ധതി ആരംഭിച്ചു. 2020 - 21 വർഷം തുടങ്ങിയ പദ്ധതി പ്രകാരം

ഇതുവരെ വിവിധ മോഡലുകളിലുള്ള 123 ഇലക്ട്രിക് കാറുകൾ 18 സർക്കാർ വകുപ്പുകളിലായി അനെർട്ട് നൽകിയിട്ടുണ്ട്. പൊതുനിരത്തുകളിൽ വൈദ്യുത വാഹനങ്ങൾക്ക് റീചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപം ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലായി ആകെ 6 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇടുക്കി, തൃശ്ശൂർ, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ 5 ജില്ലകളിൽ ഓരോ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായിച്ചേർന്ന് സംസ്ഥാനത്ത് കൂടുതൽ പബ്ലിക് ഇ.വി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അനെർട്ട് നടത്തിവരുന്നു. സ്വകാര്യ സംരംഭകരെക്കൂടി ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിൽ പങ്കാളികളാക്കാനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന

ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രചരണ, ബോധവത്കരണ പ്രവർത്തനങ്ങൾ വിവിധ മാധ്യമങ്ങളിലൂടെ അനെർട്ട് നടത്തിവരുന്നു.

കെ.എസ്.ഇ.ബി. ലിമിറ്റഡ് 'അനർട്ട്' വഴി നടപ്പാക്കുന്ന പദ്ധതികൾ

187(5346) ശ്രീ. യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് 'അനർട്ട് ' വഴി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

കേന്ദ്ര നവനവീന ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) ഗാർഹിക ഉപഭോക്താക്കൾക്ക് കേന്ദ്ര സബ്സിഡിയോടുകൂടി കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ Phase II സബ്സിഡി സ്കീമിൽ നിന്നും ലഭ്യമായ ആദ്യഘട്ട 50 MW-ൽ 12.5 MW പദ്ധതിയിൽ അനെർട്ടിനെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരുന്നു.

(ബി) വീടുകളിൽ സമ്പൂർണ്ണ സോളാർ വൈദ്യുതി ഉപയോഗിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതൊക്കെയെന്നും, കായംകുളം മണ്ഡലത്തിൽ

ഈ പദ്ധതി എത്ര ഗാർഹിക ഉപഭോക്താക്കൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട് എന്നും വിശദമാക്കാമോ?

പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ നിലവിൽ 500 MW പുരപ്പുറ സൗര നിലയങ്ങളിൽനിന്നും വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കുന്ന പദ്ധതിയാണ് 'സൗര'. ഇതിൽ ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമായുള്ള സബ്സിഡി പദ്ധതിയാണ് 'സൗര' രണ്ടാം ഘട്ടം. കായംകുളം നിയോജകമണ്ഡലത്തിൽ ഈ പദ്ധതി പതിനൊന്ന് ഗാർഹിക ഉപഭോക്താക്കൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി

188(5347) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിക്കുവേണ്ടി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്നറിയിക്കുമോ?

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിക്കായി 92.61 കോടി രൂപയാണ് നീക്കി വച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരം വ്യക്തമാക്കാമോ; ഈ പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നറിയിക്കുമോ?

25.01.2021-ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s കിർലോസ്കർ ബ്രദേഴ്സ് ലിമിറ്റഡിന് അവാർഡ് ചെയ്തിട്ടുണ്ട്. ഡിസൈൻ ജോലികൾ പുരോഗമിക്കുന്നു. 2023 മാർച്ച് മാസം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

നിലാവ് പദ്ധതി

189(5348) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലാവ് പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി. ഓഫീസുകൾ നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

നിലാവ് പദ്ധതി പ്രകാരം, മണലൂർ മണ്ഡലത്തിൽ 537 എണ്ണം 18 വാട്സ് എൽ.ഇ.ഡി.ബൾബുകളും 400 എണ്ണം 35 വാട്സ് എൽ.ഇ.ഡി. ബൾബുകളും സ്ഥാപിച്ചിട്ടുണ്ട്. മണലൂർ മണ്ഡലത്തിൽ സെക്ഷൻതലത്തിൽ നിലാവ് പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.-

അനുബന്ധം +

ചെറിയ നദികളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് പദ്ധതി

190(5349) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറിയ നദികളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) ഇത്തരത്തിൽ കൂടുതൽ നദികളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ചെറിയ നദികളിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള പ്രത്യേക പദ്ധതി, മറ്റു ചെറുകിട/സാധാരണ ജലവൈദ്യുത പദ്ധതികളിൽ നിന്നും വ്യത്യസ്തമായി നടപ്പിലാക്കിവരുന്നില്ല. നിലവിൽ ആകെ 560 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള വിവിധ ജലവൈദ്യുത പദ്ധതികളുടെ പ്രാരംഭ പര്യവേഷണ പ്രവർത്തനങ്ങൾ, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇടമലയാർ എക്സ്റ്റൻഷൻ, ലോവർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂഴിത്തോട്, ലച്ച്മി, മാങ്കുളം സ്റ്റേജ് II, പള്ളിവാസൽ വിപുലീകരണ പദ്ധതി തുടങ്ങിയ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ജലസ്രോതസ്സുകളാൽ സമ്പന്നമായ സംസ്ഥാനത്ത് പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തികൊണ്ട് പരമാവധി ഊർജ്ജം ഉല്പാദിപ്പിക്കുവാനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. എന്നാൽ സൂക്ഷ്മ/അതിസൂക്ഷ്മ പദ്ധതികൾ ചെറുനദികളിലും നീരൊഴുക്കുകളിലും ചുരുങ്ങിയ കാലയളവിൽ പ്രവർത്തിപ്പിക്കുവാൻ കഴിയുംവിധം പ്രത്യേകമായി രൂപകല്പന ചെയ്ത നടപ്പാക്കുവാൻ ശ്രമിക്കുന്നു. കേരള ചെറുകിട ജലവൈദ്യുത പദ്ധതി നയം 2012 പ്രകാരം എല്ലാ സാദ്ധ്യമായ ഇടങ്ങളിലും ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ പ്രോത്സാഹനം നൽകിവരുന്നു. തിരുവനന്തപുരം ജില്ലയിലെ കരമനയാർ, വാമനപുരം ആറ് (കെ.എസ്.ബി - സ്പിൻ വഴി), പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിലാർ (തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് വഴി) എന്നീ നദീതടങ്ങളിലെ ചെറുകിട ജലവൈദ്യുത പദ്ധതി സാധ്യതാപഠനം ഇതുവരെ നടത്തിയിട്ടുണ്ട്. ഇവ ഉൾപ്പടെ ഇരുന്നൂറോളം സാദ്ധ്യമായ പദ്ധതി പ്രദേശങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. അതോടൊപ്പം കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോകൈനറ്റിക്ക് സാങ്കേതികത) വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള

സാധ്യതാ പഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് Expression of Interest (EOI) വിളിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ സാധ്യതയുള്ള ഇടങ്ങൾ കണ്ടെത്തിയതിനുശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം

191(5350) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ മേഖലയുടെ നവീകരണം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആർ.ഡി.എസ്.എസ്. (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണം ലക്ഷ്യമാക്കി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് ആർ. ഡി. എസ്. എസ്. (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം). ഗുണമേന്മയുള്ള 24x7 വൈദ്യുതിയും ഊർജ്ജ മേഖലയുടെ സാമ്പത്തിക

സുസ്ഥിരതയും മെച്ചപ്പെട്ട കാര്യക്ഷമതയും വിശ്വാസ്യതയും പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നു.

(ബി) പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ കരട് മാർഗ്ഗരേഖ പ്രകാരം എന്തെല്ലാം പ്രവർത്തന ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ?

പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ ലഭിച്ചിട്ടുണ്ട്. ലഭ്യമായ മാർഗ്ഗരേഖ പ്രകാരം താഴെപ്പറയുന്ന ഘടകങ്ങൾ പ്രസ്തുത RDSS പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

പാർട്ട് A - മീറ്ററിംഗ്, വിതരണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവ ഉൾപ്പെടുന്ന പ്രവൃത്തികൾ. മീറ്ററിംഗ് ഘടകത്തിൽ എല്ലാ വിഭാഗത്തിലുമുള്ള ഉപഭോക്താക്കൾക്കുള്ള സ്മാർട്ട് മീറ്ററിംഗ്, ഫീഡർ, ട്രാൻസ്ഫോർമർ എന്നിവയ്ക്ക് AMI Communicable മീറ്റർ തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെട്ടിരിക്കുന്നു. ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികളും, ഉപ-പ്രസരണ, വിതരണരംഗം നവീകരണത്തിനും ശക്തിപ്പെടുത്തുന്നതിനും, ആധുനികവൽക്കരിക്കുന്നതിനുമുള്ള പ്രവൃത്തികളും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു.

പാർട്ട് B - പരിശീലനം, മാനവ-വിഭവശേഷി വർദ്ധിപ്പിക്കൽ തുടങ്ങി

മറ്റ് പദ്ധതിയെ പിന്തുണയ്ക്കുന്ന പ്രവർത്തനങ്ങൾ.

(സി) വൈദ്യുതി വിതരണ മേഖലയിൽ മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ച സർവ്വീസ് അറ്റ് ഡോർ സ്റ്റെപ്പ് എന്ന പദ്ധതി വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

പൊതുജനങ്ങൾക്ക് സുരക്ഷിതമായ രീതിയിൽ വൈദ്യുതി സംബന്ധമായ സേവനങ്ങൾ (പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കാനും ഉടമസ്ഥാവകാശമാറ്റം കണക്ടഡ് ലോഡ്/ കോൺട്രാക്ട് ലോഡ് മാറ്റം, താരിഫ് മാറ്റം, വൈദ്യുതി ലൈൻ / മീറ്റർ മാറ്റി സ്ഥാപിക്കുക തുടങ്ങിയവ) നൽകുന്നതിനായി ആരംഭിച്ച ' സേവനം വാതിൽപ്പടിയിൽ' (Service at Door Steps) എന്ന പദ്ധതി ഇപ്പോൾ കേരളത്തിലെ 425 സെക്ഷൻ ഓഫീസുകളിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഇത് എല്ലാ സെക്ഷൻ ഓഫീസുകളിലേയ്ക്കും പൂർണ്ണതോതിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) വൈദ്യുതി തടസ്സം പരമാവധി പരിഹരിക്കുന്നതിനായി നിരീക്ഷണ, നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിതരണ മേഖലയിലെ എച്ച്.റ്റി. ലൈനുകളിലെ കമ്പി പൊട്ടി

വീഴുന്നതുമൂലമോ ഇൻസുലേറ്റർ തകരാറിലാവുന്നതുകൊണ്ടോ വൈദ്യുതി തടസ്സം ഉണ്ടാവുകയാണെങ്കിൽ തകരാറുണ്ടായ സ്ഥലം ഉടനടി അറിയുന്നതിനായി കമ്മ്യൂണിക്കേറ്റിംഗ് ഫോൾട്ട് പാസ് ഡിറ്റക്ടർ (CFPD) എന്ന ഉപകരണം സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കിവരുന്നു. ഇതൊരു GSM നെറ്റ് വർക്ക് അധിഷ്ഠിത സാങ്കേതിക വിദ്യയാണ്. 11 കെ.വി, 33 കെ.വി വൈദ്യുത വിതരണ ലൈനുകളിലുണ്ടാകുന്ന തകരാറുകൾ പെട്ടെന്നു കണ്ടുപിടിച്ച് വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ എസ്.എം.എസ്.മൂലവും തകരാറുണ്ടായ സ്ഥലം GIS മാപ് വഴിയും അറിയിച്ച് പ്രശ്നപരിഹാരം വേഗത്തിലാക്കാൻ സഹായിക്കുന്ന നൂതന സംവിധാനമാണിത്. ഇതുവരെ 7400 എണ്ണം (11 കെ.വി - 7250 + 33 കെ.വി - 150) Communicable Fault Pass Detector സ്ഥാപിച്ചിട്ടുണ്ട്.

ദ്യുതി പദ്ധതി

192(5351) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി ആവിഷ്കരിച്ച ദ്യുതി പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്; ആയത് എത്രത്തോളം യാഥാർത്ഥ്യമാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ?

സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പാക്കുന്നതിനോടൊപ്പം ഗുണനിലവാരമുള്ള വൈദ്യുതി, ഇടതടവില്ലാതെ, എല്ലാവർക്കും ലഭ്യമാക്കുക, വൈദ്യുതി സേവനം നൽകുന്നതിലുള്ള നഗര - ഗ്രാമ വിവേചനം ഒഴിവാക്കുക, വൈദ്യുതി വിതരണത്തിലെ സാങ്കേതിക വാണിജ്യ നഷ്ടങ്ങൾ പരമാവധി കുറയ്ക്കുക, ഏറ്റവും മെച്ചപ്പെട്ട സുരക്ഷാമാനദണ്ഡങ്ങൾ ഉറപ്പുവരുത്തുക, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളെ വൈദ്യുതി ശൃംഖലയുമായി സുഗമമായി ബന്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ആരംഭിച്ച ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി എച്ച്.ടി ലൈൻ/ ഭൂഗർഭ കേബിൾ നിർമ്മാണം, എൽ ടി ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ശേഷി വർദ്ധിപ്പിക്കൽ ലൈനിന്റെ സ്ഥാപിതശേഷി കൂട്ടുന്ന പ്രവൃത്തികൾ, എച്ച്.ടി ലൈനും എൽ.ടി ലൈനും റീ കണ്ടക്ടറിംഗ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റു പ്രതിഷ്ഠാപനങ്ങളുടെയും standardization പ്രവൃത്തികൾ, സിസ്റ്റത്തിന്റെ വിതരണ നഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ 4035.57 കോടി രൂപയുടെ പ്രവൃത്തികളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നത്. 2018-ൽ ആരംഭിച്ച് 2022-ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന ഈ പദ്ധതിയിൽ, 2018, 2019 വർഷങ്ങളിലെ

മഹാപ്രളയങ്ങളും, കോവിഡ്-19 ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക് ഡൗണും കാരണം ഉദ്ദേശിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രധാനമായും 2791.33 കി. മീ എച്ച്. ടി OH ലൈനും, 737 കി. മീ എച്ച്. ടി എബിസി ലൈനും 296 കി. മീ എച്ച്. ടി ഭൂഗർഭ കേബിളും 25 കി. മീ കവേർഡ് കണ്ടക്ടർ ഉപയോഗിച്ചുള്ള എച്ച്. ടി ലൈനും 1500.65 കി. മീ എൽ.ടി OH ലൈനും 856 കി. മീ എൽ.ടി എബിസി ലൈനും നിർമ്മിക്കുകയും, 2543 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും, 5028 കി. മീ ലൈനിന്റെ സ്ഥാപിതശേഷി കൂട്ടുകയും 1812 കി. മീ എച്ച്. ടി ലൈനും 54244 കി. മീ എൽ.ടി ലൈനും റീ കണ്ടക്ടറിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. ദ്യുതി പദ്ധതിക്കായി നാളിതുവരെ KSEBL 1577.73 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിക്കായി കെ.എസ്.ഇ.ബി, നാളിതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

ദ്യുതി പദ്ധതിക്കായി നാളിതുവരെ KSEBL 1577.73 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.+

മാർമല ജലവൈദ്യുത പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

193(5352) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിലെ മാർമല ജലവൈദ്യുതി പദ്ധതിക്ക് നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികളും പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

24.12.2014 തീയതിയിലെ ബോർഡ് ഉത്തരവ് അനുസരിച്ച് പദ്ധതി നടപ്പാക്കുന്നതിന് IDC&MNRE സബ്സിഡിയും ഉൾപ്പെടെ 56.10 കോടി രൂപയ്ക്കുള്ള അനുമതി കെ.എസ്.ഇ.ബി നല്കിയിട്ടുണ്ട്. 16.02.2015 -ലെ G.O(Rt)No.42/2015/PD അനുസരിച്ച് പദ്ധതി നടപ്പാക്കുന്നതിന് സർക്കാരിൽനിന്നുമുള്ള അനുമതിയും നല്കിയിട്ടുണ്ട്. മാർമല ചെറുകിട ജലവൈദ്യുതി പദ്ധതി നടപ്പിലാക്കുന്നതിന് 5.9099 ഹെക്ടർ പട്ടയഭൂമിയും 1.5627 ഹെക്ടർ പട്ടയരഹിത ഭൂമിയും ഉൾപ്പെടെ 7.4726 ഹെക്ടർ സ്ഥലം ആവശ്യമുണ്ട്. 14.07.2016 തീയതിയിലെ ബോർഡ് ഉത്തരവ് അനുസരിച്ച് നെഗോഷ്യേയേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് കെ.എസ്.ഇ.ബി. അനുമതി നൽകിയിട്ടുണ്ട്. 20.11.2017-ലെ

G.O(Rt)No.4937/2017/RD പ്രകാരം നെഗോഷ്യേറ്റഡ് പർച്ചേസ് അനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് സർക്കാരിൽ നിന്നുമുള്ള അനുമതിയും നൽകിയിട്ടുണ്ട്. കോട്ടയം ജില്ലാ കളക്ടർ, ഭൂമി ഏറ്റെടുക്കുന്നതിന് ചുമതലപ്പെടുത്തിയതനുസരിച്ച് പാലാ സ്പെഷ്യൽ തഹസിൽദാർ (LA) ഓഫീസിൽനിന്നും സർവ്വേ ജോലികൾ പൂർത്തിയാക്കി, സർവ്വേ സ്കെച്ചുകൾ സർവ്വേ സൂപ്രണ്ടിന് സമർപ്പിക്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലാ കളക്ടർ 30.12.2019-ലും 09.01.2020-ലും രണ്ട് ജില്ലാതല പർച്ചേസ് കമ്മിറ്റി യോഗങ്ങൾ വിളിച്ചിരുന്നു. എന്നാൽ പട്ടയമില്ലാത്ത ഭൂമിയുടെ അസസ്സ്മെന്റിൽ സർക്കാർ തീരുമാനം ആകാത്തതിനാൽ യോഗങ്ങൾ നടത്താൻ കഴിഞ്ഞില്ല. പിന്നീട് പട്ടയരഹിത ഭൂമി സൗജന്യമായി നൽകു വാനുള്ള സമ്മതപത്രം ഭൂമി ഉടമകൾ സമർപ്പിക്കുകയും തുടർന്ന് 5.9099 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള ഡി.എൽ.പി.സി കൂടുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ) 24.08.2020-ൽ പുറപ്പെടുവിച്ച കത്ത് വഴി ജില്ലാ കളക്ടറോട്, മാർമല ചെറുകിട ജല വൈദ്യുത പദ്ധതിക്കായി ലാൻഡ് അക്യൂസിഷൻ ആക്ട് 2013

പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. അതിൻപ്രകാരം റിക്വിസിഷൻ ഫോം സമർപ്പിക്കുകയും കണ്ടിൻജൻസി ചാർജ് ആയി 4,38,243/- രൂപ 10.06.2021-ൽ, പാലാ LA (General) തഹസിൽദാർ ഓഫീസിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. പട്ടയ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കാനായുള്ള നടപടികൾ അന്തിമ ഘട്ടത്തിലായതിനുശേഷം നടപടിക്രമങ്ങൾ മാറുന്നത് കാലതാമസം സൃഷ്ടിക്കുമെന്ന് കരുതുന്നു. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുടർനടപടി സ്വീകരിക്കാനും നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടി ഒരു പ്രോജക്ട് മാനേജരേയും അനുബന്ധ സ്റ്റാഫിനേയും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിയമിച്ചിട്ടുണ്ട്.

വൈദ്യുതി സ്വയംപര്യാപ്തതയ്ക്ക് സമഗ്ര പദ്ധതി

194(5353) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തെ വൈദ്യുതി സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കുന്നതിന് സമഗ്രമായ പദ്ധതി സർക്കാരിന്റെ പക്കൽ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ?

സ്ഥലപരിമിതിയും പൊതുജനങ്ങളുടെ എതിർപ്പുംമൂലം താപനിലയങ്ങളും വനഭൂമി-പരിസ്ഥിതി സംബന്ധമായ കാരണങ്ങളാൽ ജലവൈദ്യുത പദ്ധതികളും തുടങ്ങുവാൻ സാധിക്കാത്ത അവസ്ഥയാണ്. ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും സൗരോജ്ജ പദ്ധതികൾക്കുമാണ് പ്രാമുഖ്യം നൽകി നിലവിൽ സംസ്ഥാനത്തിനുള്ളിൽ നടപ്പിലാക്കിവരുന്നത്. പുതിയ ജലവൈദ്യുത പദ്ധതികൾ: സംസ്ഥാനത്ത് കെഎസ്ഇബി.-യുടെ കീഴിൽ ആകെ 193.5 MW സ്ഥാപിതശേഷിയുള്ള ഭൂതത്താൻകെട്ട് (24 MW), പെരുവണ്ണാമുഴി (6 MW), പള്ളിവാസൽ എക്സ്റ്റൻഷൻ (60 MW), പൊരിങ്ങൽക്കുത്ത് (24 MW), തോട്ടിയാർ (40 MW), ചിന്നാർ (24 MW) അപ്പർകല്ലാർ (2 MW), ചാത്തൻകോട്ട്നട (6 MW), പഴശ്ശി സാഗർ (7.5 MW) തുടങ്ങിയ ജലവൈദ്യുത പദ്ധതികളുടെയും 85 ദശലക്ഷം യൂണിറ്റ് അധിക സംഭരണശേഷി ലഭ്യമാക്കുന്ന ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതിയുടെയും നിർമ്മാണം പുരോഗമിക്കുന്നു. ഈ ജലവൈദ്യുത പദ്ധതികൾ പൂർത്തിയാകുമ്പോൾ വാർഷിക ഉത്പാദനശേഷി 539.20 ദശലക്ഷം യൂണിറ്റ് കണ്ട് വർദ്ധിക്കും. ചെറുകിട ജലവൈദ്യുത പദ്ധതികളായ ആനക്കയം (7.5 MW), ഓലിക്കൽ (5 MW), പൂവാരംതോട് (3 MW), മാരിപ്പുഴ (6 MW) എന്നീ പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഇടുക്കി

ജലവൈദ്യുതി പദ്ധതിയുടെ ഭാഗമായി 780 MW കൂട്ടിച്ചേർക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള കരാറും നൽകിയിട്ടുണ്ട്. കൂടാതെ അപ്പർ ചെങ്കുളം (24 MW), ലാന്ദ്രും (3.5 MW), ചെമ്പുകടവ് III (7.5 MW), മാങ്കുളം (40 MW), പീച്ചാട് (3 MW), വെസ്റ്റേൺ കല്ലാർ (5 MW), വളാംതോട് (7.5 MW), കീരിത്തോട് (12 MW), പശുക്കടവ് (4 MW), ചാത്തൻകോട്ട്നട I (5MW), മാർമ്മല (7 MW) എന്നിവിടങ്ങളിലായി ആകെ 118.5 മെഗാവാട്ട് ശേഷിയുള്ള 11 ജലവൈദ്യുത പദ്ധതികളും പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നിലവിലെ പ്രതികൂല സാഹചര്യങ്ങളിലും കേരളത്തിൽ 310 MW സൗരോർജ്ജ നിലയങ്ങളിൽ നിന്നും 70MW കാറ്റാടിപ്പാടങ്ങളിൽ നിന്നും ഉത്പാദിപ്പിക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി ആയിരം മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയാണ് സൗര. 500 മെഗാവാട്ട് പുരപ്പുറ സൗരനിലയങ്ങളിൽനിന്നും ശേഷിക്കുന്നവ സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെ വിവിധമാർഗ്ഗങ്ങളിലൂടെ കൈവരിക്കാനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. കിഫ്ബി ധനസഹായത്തോടെ സർക്കാർ കെട്ടിടങ്ങളുടെ

പുരപ്പുറത്ത് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് 250 കോടി രൂപ കേരള സർക്കാർ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇവ കൂടാതെ സംസ്ഥാനത്ത് വൈദ്യുതി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സഹായകരമായ രീതിയിൽ 2012-ലെ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. ഊർജ്ജ സ്വയംപര്യാപതയ്ക്ക് ഊർജ്ജ സംരക്ഷണവും ഊർജ്ജ കാര്യക്ഷമതയും ഒരു സുപ്രധാന ഘടകമാണെന്നുള്ള ബോധത്തോടെ എനർജി മാനേജ്മെന്റ് സെന്റർ മുഖേന സർക്കാർ സമസ്ത മേഖലയിലും വേണ്ട ഊർജ്ജ കാര്യക്ഷമതാ പദ്ധതികളും ബോധവത്കരണ ശില്പശാലകളും നടപ്പിലാക്കിവരുന്നു. ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ ഊർജ്ജ ഉപയോഗം ഗണ്യമായി കുറയുകയും അതിലൂടെ അധികമായി വേണ്ടിവന്നേയ്ക്കാവുന്ന ഊർജ്ജ ഉത്പാദനം തത്തുല്യമായി കുറയ്ക്കുവാനും സാധിക്കും. സംസ്ഥാനത്തെ വൈദ്യുതി സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കുന്നതിന് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെക്കൂടി പരമാവധി പ്രയോജനപ്പെടുത്തുന്നതിന് അനെർട്ട് മുഖേന താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദ്യുതി ആവശ്യത്തിനായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം ഡെപ്പോസിറ്റ് വർക്കായി അനെർട്ട് ചെയ്തുവരുന്നു. കൂടാതെ അനെർട്ടിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനവും നടത്തുന്നു.

2. റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM സംസ്ഥാനത്ത് കാർബൺരഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടെ അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജിംഗ്

സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്.

5. സംസ്ഥാനത്ത് തിരമാലയിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും ഹൈഡ്രജൻ ഇന്ധനം ഗതാഗത രംഗത്ത് പ്രയോജനപ്പെടുത്തുന്നതിനുമുള്ള സാധ്യതകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

6. ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ സൗരോർജ്ജവും കാറ്റിൽ നിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തി ബാറ്ററി സംഭരണത്തോടുകൂടിയുള്ള അക്ഷയ ഊർജ്ജ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ അടുത്ത ഘട്ട പ്രവർത്തനം ഈ വർഷം ആരംഭിക്കും.

7. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അക്ഷയ ഊർജ്ജ മേഖലയിൽ അവരവരുടെ പ്രാദേശിക സാധ്യതയ്ക്കനുസരിച്ച് കൂടുതൽ ഫലപ്രദമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും സഹായകരമാകുന്നതിനുള്ള സാങ്കേതികസഹായ സംവിധാനം അനെർട്ട് കിലയുമായി ചേർന്ന് ഒരുക്കുന്നതാണ്.

8. കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ

കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനു വേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തുന്നതാണ്.

9. ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുമായി ചേർന്ന് സാധ്യതയുള്ള സ്ഥലങ്ങളിൽ ഹൈബ്രിഡ് മൈക്രോ ഗ്രിഡ് (സൗരോർജ്ജം, ചെറുകിട പവനോർജ്ജം, ചെറുകിട ജല വൈദ്യുതി) പദ്ധതി നടപ്പിലാക്കും.

ഫിലമെന്റ് രഹിത കേരളം പദ്ധതി

195(5354) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ വിശദാംശങ്ങളും പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ?

കേരള സർക്കാർ, ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്ത അഞ്ചു പദ്ധതികളിൽ ഒന്നായ ഫിലമെന്റ് രഹിത കേരളം (FFK) പദ്ധതി പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്കായി സഹായ വിലയിൽ ഗുണമേന്മയുള്ള LED ബൾബുകൾ ലഭ്യമാക്കിവരുന്നു. ഈ പദ്ധതി കെ. എസ്. ഇ. ബി. എൽ.-ന്റെ നേതൃത്വത്തിൽ ഇ.എം.സി.-യുടെ പങ്കാളിത്തത്തോടുകൂടിയാണ് നടപ്പാക്കുന്നത്. കാര്യക്ഷമമായ ഊർജ്ജ ഉപഭോഗത്തിലൂടെ ഊർജ്ജലഭ്യത ഉറപ്പാക്കുന്നതിനായി കേരള സർക്കാർ

രൂപം കൊടുത്ത ഒരു കർമ്മ പദ്ധതിയാണിത്. ഈ പദ്ധതി വഴി ഉപഭോക്താക്കളുടെ കൈവശമുള്ള സാധാരണ ബൾബുകളും സി.എഫ്.എൽ.-കളും തിരിച്ചെടുക്കാനും അവ സുരക്ഷിതമായി സംസ്കരിക്കുന്നതിനുമുള്ള ക്രമീകരണവും ഉൾപ്പെടുന്നു. ഫിലമെന്റ് രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു കോടി ബൾബുകൾ കെ.എസ്.ഇ.ബി.എൽ ആദ്യപടിയായി വാങ്ങിയിരുന്നു. 9.08.2021-ലെ കണക്കനുസരിച്ച് രജിസ്റ്റർ ചെയ്ത 11.76 ലക്ഷം ഉപഭോക്താക്കൾക്ക് 93.56 ലക്ഷം LED ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) പല ജില്ലകളിലും പ്രസ്തുത പദ്ധതിക്ക് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ആവശ്യമായ പ്രോത്സാഹനം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സർക്കാർ സമയ പരിധി നിശ്ചയിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ഇതുവരെ രജിസ്റ്റർ ചെയ്ത 3.35 ലക്ഷം ഉപഭോക്താക്കളിൽ 28.45 ലക്ഷം

ബൾബുകൾ കൂടി ഇനി വിതരണം ചെയ്യാനുണ്ട്. 25 ലക്ഷം ബൾബുകൾ കൂടി വാങ്ങുന്നതിന് കെ.എസ്.ഇ.ബി.എൽ അഡീഷണൽ പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്.

(ഡി) കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; സമയപരിധി നിശ്ചയിച്ച് ലക്ഷ്യം കൈവരിക്കാൻ വകുപ്പുതലത്തിൽ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി 5529 ഉപഭോക്താക്കൾക്ക് 59943 എണ്ണം എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. ഫിലമെന്റ് രഹിത കേരളം പദ്ധതി പ്രകാരമുള്ള ഉപഭോക്താക്കളുടെ രജിസ്ട്രേഷൻ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതിനാൽ പ്രസ്തുത പദ്ധതിയുടെ സമയപരിധി നിശ്ചയിച്ചിട്ടില്ല.

വാഴാനിയിൽ ചെറുകിട ജലവൈദ്യുത നിലയം

196(5355) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയിൽ ആധുനിക വൈദ്യുതി

വിതരണ സംവിധാനമായ അണ്ടർ ഗ്രൗണ്ട് കേബിൾ ഉപയോഗിച്ചുള്ള റിംഗ് മെയിൻ ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) വാഴാനി ഡാമിലെ വെള്ളം ഉപയോഗിച്ച് വാഴാനിയിൽ ചെറുകിട ജലവൈദ്യുത നിലയം ആരംഭിക്കുവാൻ പദ്ധതികൾ പരിഗണനയിലുണ്ടോ?

വാഴാനി ഡാമിലെ വെള്ളം ഉപയോഗിച്ച് വാഴാനിയിൽ ഒരു സൂക്ഷ്മ പദ്ധതി പരിഗണനയിലാണ്. പഠനങ്ങൾ നടന്നുവരുന്നു.

മാവേലിക്കര മണ്ഡലത്തിലെ നിലാവ് പദ്ധതി

197(5356) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതും പൂർത്തീകരിച്ചതുമായ എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.[+] ആവശ്യമായ എൽ.ഇ.ഡി. ബൾബുകൾ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നറിയിക്കാമോ?

ഉദ്ദേശിച്ചിട്ടുള്ളതും പൂർത്തീകരിച്ചതുമായ എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.[+] ആവശ്യമായ എൽ.ഇ.ഡി. ബൾബുകൾ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രസരണ നഷ്ടവും വൈദ്യുതി മോഷണവും തടയാൻ നടപടി

198(5357) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസരണ നഷ്ടം, വൈദ്യുതി മോഷണം എന്നിവ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; അറിയിക്കാമോ;

(ബി) ഇതിനായി സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും ഫലപ്രദമാണോ; അല്ലെങ്കിൽ ആവശ്യമായ പുതിയ നടപടികൾ സ്വീകരിക്കുമോയെന്നറിയിക്കുമോ?

(എ&ബി) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി വിശദമായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും വോൾട്ടേജ് നിലവാരം ഉയർത്തുകയും ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക. ലൈനുകളിലെ ശേഷി കുറഞ്ഞ കണ്ടക്ടറുകൾ മാറ്റി പുതുതലമുറ കണ്ടക്ടറുകൾ ഉപയോഗിക്കുക തുടങ്ങിയ നടപടികളാണ് സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്ത് വൈദ്യുതിയുടെ ദുരുപയോഗം തടയുന്നതിനും വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും സംസ്ഥാനാടിസ്ഥാനത്തിലുള്ള ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ സെക്ഷൻതലത്തിലും ഡിവിഷൻതലത്തിലും സ്പെഷ്യൽ സ്ക്വാഡുകളും നിലവിൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്ക്വാഡുകൾ മിന്നൽ പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടുപിടിക്കുന്നുണ്ട്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ നിയമങ്ങൾക്കനുസൃതമായി വൈദ്യുതി മോഷണത്തിനും വൈദ്യുതി ദുരുപയോഗത്തിനുമുള്ള പിഴ ഈടാക്കുന്നുണ്ട്. വൈദ്യുതി മോഷണം പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ വിജിലൻസ് വിഭാഗം ഓഫീസർമാരുടെയും അതാത് ഓഫീസ് മേലധികാരികളുടെയും ഫോൺ നമ്പർ എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

വൈദ്യുതി മോഷണം സംബന്ധിച്ചുള്ള വിവരം കൈമാറുന്നവർക്ക് പാരിതോഷികവും പ്രഖ്യാപിച്ചിട്ടുണ്ട്. വൈദ്യുതി മോഷണം കണ്ടുപിടിക്കപ്പെട്ടാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ദൃശ്യമാധ്യമങ്ങളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും ആവശ്യമായ പ്രചാരം പൊതുജനങ്ങൾക്ക് നൽകുന്നുമുണ്ട്. എന്നാൽ ലോക്ക്ഡൗൺ കാലയളവിൽ ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം നിർത്തിവച്ചിരുന്നു. വൈദ്യുതി മോഷണം തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രദമെന്നാണ് വിലയിരുത്തുന്നത്.

(സി) നിലവിൽ സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി വാങ്ങുന്നതിന്റെയും വിൽക്കുന്നതിന്റെയും നിരക്കുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

2021 മെയ് മാസത്തിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന് പുറമേയുള്ള വിവിധ സ്രോതസ്സുകളിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി വില യൂണിറ്റിന് 4.73 രൂപയാണ്. ഇതിൽ പവർ എക്സ്ചേഞ്ച് വഴി വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി വില യൂണിറ്റിന് 1.48 രൂപയാണ്. അധിക ലഭ്യതയുള്ള സമയങ്ങളിൽ വൈദ്യുതി വിൽക്കുന്നത് പവർ എക്സ്ചേഞ്ച് വഴിയാണ്. 2021 ജൂലൈ മാസത്തിലെ കണക്കുകൾ പ്രകാരം

പവർ എക്സ്ചേഞ്ച് വഴി വിൽക്കുന്ന വൈദ്യുതിയുടെ ശരാശരി വില യൂണിറ്റിന് 3.28 രൂപയും വാങ്ങുന്ന വില ശരാശരി 1.93 രൂപയുമാണ്.

വോൾട്ടേജ് നിലനിർത്തുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും നടപടി

199(5358) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ വിവിധ ജില്ലകളിൽ വോൾട്ടേജ് ശരിയായ അളവിൽ നിലനിർത്തുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വോൾട്ടേജ് ശരിയായ അളവിൽ നിലനിർത്തുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി വിശദമായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെന്നു കാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും വോൾട്ടേജ് നിലവാരം ഉയർത്തുകയും ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക, കാലപ്പഴക്കം ചെന്ന ഉപകരണങ്ങളും യന്ത്ര സാമഗ്രികളും മാറ്റി സ്ഥാപിക്കുക എന്നീ നടപടികളാണ് പ്രസരണ മേഖലയിൽ സ്വീകരിച്ചുവരുന്നത്. ഈ നടപടികളുടെ ഭാഗമായി മലബാറിലെ പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ

ജില്ലകളിലായി കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ (2016-2021) വോൾട്ടേജ് നിലവാരം ഉയർത്തിയവയുൾപ്പെടെ 29 സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കി. ഇതിനായി 473.26 കോടി രൂപ ചെലവായിട്ടുണ്ട്. കൂടാതെ ദ്യുതി 2021, IPDS, DDUGJY തുടങ്ങിയ പദ്ധതികളിൽപ്പെടുത്തി പുതിയ HT ലൈനുകൾ വലിച്ച് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കുക, LT/HT ലൈനുകൾ റീ-കണ്ടക്ടറിംഗ് ചെയ്യുക എന്നിങ്ങനെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി തടസ്സം കുറയ്ക്കുന്നതിന് എച്ച്.ടി. ലൈനുകളിലും എൽ.റ്റി. ലൈനുകളിലും ഏരിയൽ ബഞ്ച്ഡ് കേബിൾ (എ.ബി.സി.) നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ; എങ്കിൽ മലബാറിലെ ഏതെല്ലാം ജില്ലകളിൽ ഇത് നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. മലബാർ മേഖലയിലെ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലായി ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി 29.07.2021 വരെ എ.ബി.സി. ഉപയോഗിച്ച് 208.67 കി.മീ HT ലൈനുകളും, 477.67 കി.മീ LT ലൈനുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 80.4 കി.മീ HT ലൈനുകൾ എ.ബി.സി. ആക്കുന്ന

പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. എ.ബി.സി. ഉപയോഗിച്ച് നിർമ്മിക്കുന്ന 124.36 കി.മീ HT ലൈനുകളുടെയും 130.39 കി.മീ LT ലൈനുകളുടെയും പണി പൂർത്തിയായിവരുന്നു. കൂടാതെ 17.79 കി.മീ HT ലൈനുകൾ എ.ബി.സി. ആക്കുന്ന പ്രവൃത്തി നടന്നുവരുന്നു.

വൈദ്യുതോത്പാദന മേഖല ശക്തിപ്പെടുത്തുന്നതിന് പദ്ധതികൾ

200(5359)ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതോത്പാദന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കാനും പുതിയ പദ്ധതികൾ ഏറ്റെടുക്കാനും തീരുമാനിച്ചിട്ടുണ്ടോ?

സ്ഥലപരിമിതിയും പൊതുജനങ്ങളുടെ എതിർപ്പുംമൂലം താപനിലയങ്ങളും വനഭൂമി-പരിസ്ഥിതി സംബന്ധമായ കാരണങ്ങളാൽ ജലവൈദ്യുത പദ്ധതികളും തുടങ്ങുവാൻ സാധിക്കാത്ത അവസ്ഥയാണ്. ചെറുകിട ജലവൈദ്യുത പദ്ധതികളും സൗരോർജ്ജ പദ്ധതികളുമാണ് നിലവിൽ സംസ്ഥാനത്തിനുള്ളിൽ നടപ്പിലാക്കിവരുന്നത്. പുതിയ

ജലവൈദ്യുത പദ്ധതികൾ: സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-യുടെ കീഴിൽ ആകെ 193.5 MW സ്ഥാപിത ശേഷിയുള്ള ഭൂതത്താൻകെട്ട് (24 MW), പെരുവണ്ണാമുഴി (6 MW), പള്ളിവാസൽ എക്സ്റ്റൻഷൻ (60 MW), പൊരിങ്ങൽക്കുത്ത് (24 MW), തോട്ടിയാർ (40 MW), ചിന്നാർ (24 MW) അപ്പർകല്ലാർ (2 MW), ചാത്തൻകോട്ട്നട (6 MW), പഴശ്ശിസാഗർ (7.5 MW) തുടങ്ങിയ ജല വൈദ്യുത പദ്ധതികളുടെയും 85 ദശലക്ഷം യൂണിറ്റ് അധിക സംഭരണശേഷി ലഭ്യമാക്കുന്ന ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതിയുടെയും നിർമ്മാണം പുരോഗമിക്കുന്നു. ഈ ജലവൈദ്യുത പദ്ധതികൾ പൂർത്തിയാകുമ്പോൾ വാർഷിക ഉത്പാദന ശേഷി 539.20 ദശലക്ഷം യൂണിറ്റ് വർദ്ധിക്കും. ചെറുകിട ജലവൈദ്യുത പദ്ധതികളായ ആനക്കയം (7.5 MW) ഓലിക്കൽ (5 MW), പൂവാരംതോട് (3 MW), മാരിപ്പുഴ (6 MW) എന്നീ പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഇടുക്കി ജലവൈദ്യുതി പദ്ധതിയുടെ ഭാഗമായി 780 MW കൂട്ടിച്ചേർക്കുന്നതു സംബന്ധിച്ച് സാധ്യതാപഠനം നടത്തി വിശദമായ പദ്ധതി രൂപം തയ്യാറാക്കുന്നതിനുള്ള കരാറും നൽകിയിട്ടുണ്ട്. കൂടാതെ അപ്പർ ചെങ്കുളം, (24 MW), ലാഡ്രും (3.5 MW), ചെമ്പുകടവ് III (7.5 MW), മാങ്കുളം (40 MW), പീച്ചാട് (3 MW), വെസ്റ്റേൺകല്ലാർ (5 MW), വളാംതോട് (7.5 MW),

കീരിത്തോട് (12 MW), പശ്രുക്കടവ് (4 MW), ചാത്തൻകോട്ട്നട (5 MW), മാർമ്മല (7 MW) എന്നിവിടങ്ങളിലായി ആകെ 118.5 മെഗാവാട്ട് ശേഷിയുള്ള 11 ജലവൈദ്യുത പദ്ധതികളും പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നിലവിലെ പ്രതികൂല സാഹചര്യങ്ങളിലും കേരളത്തിൽ 310 MW സൗരോർജ്ജ നിലയങ്ങളിൽ നിന്നും 70 MW കാറ്റാടിപ്പാടങ്ങളിൽ നിന്നും ഉത്പാദിപ്പിക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ഊർജ്ജ കേരളമിഷന്റെ ഭാഗമായി ആയിരം മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയാണ് സൗര. 500 മെഗാവാട്ട് പുരപ്പുറ സൗരനിലയങ്ങളിൽ നിന്നും ശേഷിക്കുന്നവ സോളാർപാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെ വിവിധ മാർഗ്ഗങ്ങളിലൂടെ കൈവരിക്കാനുമുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. കിഫ്ബി ധനസഹായത്തോടെ സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറത്ത് സൗരോർജ്ജനിലയങ്ങൾ സ്ഥാപിക്കുന്നതിന് 250 കോടി രൂപ കേരളസർക്കാർ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പുരപ്പുറ നിലയങ്ങളിൽനിന്നും ഡിസംബർ 2021-ഓടു കൂടി 35 MW ശേഷിയുള്ള നിലയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. സംസ്ഥാനത്ത് വൈദ്യുതോല്പാദന മേഖല

ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2012-ലെ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. നയപ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ ഏറ്റവും നേരത്തെ നടപ്പിലാക്കുന്നതിനുള്ള മേൽനോട്ടം നടത്തുന്നുണ്ട്. പുതിയ സാദ്ധ്യതകൾ പരീക്ഷിക്കണമെന്ന ഉദ്ദേശത്തോടുകൂടി കനാലുകളിലെ ഒഴുക്കിൽ നിന്ന് (ഹൈഡ്രോകൈനറ്റിക്ക് സാങ്കേതികം) വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് Expression of Interest (EOI) വിളിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ സാധ്യതയുള്ള ഇടങ്ങൾ കണ്ടെത്തിയതിനുശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ സൗരോർജ്ജവും കാറ്റിൽ നിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തി ബാറ്ററി സംഭരണത്തോടുകൂടിയുള്ള അക്ഷയ ഊർജ്ജ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനം പൂർത്തിയായി. അടുത്ത ഘട്ട പ്രവർത്തനം ഈ വർഷം പൂർത്തിയാക്കുന്നതാണ്.

(ബി) ഇടുക്കിയിൽ രണ്ടാം നിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച്

പഠനം നടക്കുന്നുണ്ടോ; ജലവൈദ്യുത പദ്ധതികളുടെ കാലപ്പഴക്കം പരിഗണിച്ച് നവീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

ഇടുക്കിയിൽ 780 MW ശേഷിയുള്ള രണ്ടാം നിലയത്തിന്റെ സാധ്യതാ പഠനം നടക്കുന്നു. ഇടുക്കിയിൽ നിലവിലുള്ള നിലയത്തിന്റെ രണ്ടാം ഘട്ടം (3 x 130 MW) പുനരുദ്ധാരണത്തിനു വേണ്ടിയുള്ള RLA പഠനം നടത്തുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ജലവൈദ്യുത പദ്ധതികളായ ഇടുക്കി ഒന്നാം ഘട്ടം (3 x 130 MW), ഷോളയാർ (3 x 18 MW) എന്നീ നിലയങ്ങളുടെ പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾ പൂർത്തിയായി. കുറ്റ്യാടി (3 x 25 MW to 3 x 27.5 MW) നവീകരണ പദ്ധതി പുരോഗമിക്കുന്നു.

(സി) പുരപ്പുറ സൗരോർജ്ജോത്പാദന പദ്ധതിയിൽ കൈവരിക്കാനായ നേട്ടം അറിയിക്കാമോ; കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിലുള്ള ഡാമുകളിൽ ബാണാസുര സാഗർ മാതൃകയിൽ ഫ്ലോട്ടിംഗ് സോളാർ പാനലുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ മുഖേന 3.782 MW ശേഷി നിലയങ്ങൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 8 MW നിലയങ്ങൾ

പൂർത്തീകരിച്ച് ടെസ്റ്റിംഗ് ഘട്ടത്തിലാണ്. 12.5 MW നിലയങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിലുള്ള ഡാമുകളിലെ റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന്റെ പഠനങ്ങൾ നടന്നുവരുന്നു. കേന്ദ്രസർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (SECI) മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാൻ ലക്ഷ്യമിടുന്നുണ്ട്. ഈ പദ്ധതിയുടെ തുടർനടപടികൾ വനം വകുപ്പിന്റെ എൻ.ഒ.സി കിട്ടിയതിനുശേഷമേ സാധിക്കുകയുള്ളൂ. വനം വകുപ്പിന്റെ അന്തിമ അനുമതിക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. ഇടുക്കി റിസർവോയറിൽ എൻ.റ്റി.പി.സി വിശദമായി പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 25 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി ചെറുതോണിയിലും 100 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി അഞ്ചുരുളിയിലും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. പദ്ധതിക്ക് വനം വകുപ്പിന്റെ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. അനെർട്ട് മുഖേന സംസ്ഥാനത്ത് 15,299 വീടുകളിലും 362 സ്ഥാപനങ്ങളിലുമായി 34.7 മെഗാവാട്ട് ശേഷിയുള്ള പുരപ്പുറ സൗരോർജ്ജോല്പാദന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ചെലവിലുണ്ടാകുന്ന വർദ്ധനവിനാനുപാതികമായി നിരക്കുവർദ്ധന അപ്രായോഗികമായതിനാൽ ചെലവു കുറയ്ക്കാനായി പ്രസരണ വിതരണ രംഗത്തെ നഷ്ടവും പ്രവർത്തന ചെലവും കുറയ്ക്കാൻ പരിപാടിയുണ്ടോ എന്നറിയിക്കാമോ?

ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021 തുടങ്ങി കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ പ്രസരണ-വിതരണ നഷ്ടം കുറച്ചുകൊണ്ടുവരികയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ്. കേന്ദ്രസർക്കാർ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള Revamped Distribution Sector Scheme മുഖേനയും വിതരണ നഷ്ടം കുറച്ചുകൊണ്ടുവരാനുതകുന്ന പ്രവൃത്തികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. അതോടൊപ്പം കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചും വൈദ്യുതി വാങ്ങൽച്ചെലവ് കഴിയുന്നതും കുറച്ച് ചെലവ് നിയന്ത്രിക്കാനും നടപടികൾ കൈക്കൊള്ളുന്നു. മാനുഷിക വിഭവശേഷിയുടെ പുനർവിന്യാസത്തിലൂടെ ശമ്പളച്ചെലവ് വർദ്ധിക്കാതെതന്നെ കൂടുതൽ കാര്യശേഷി വർദ്ധിപ്പിക്കാനും ശ്രമം തുടരുന്നു.

വൈദ്യുതി ചാർജ്ജ് ഇനത്തിലെ കുടിശ്ശിക

201(5360) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ വൈദ്യുതി ചാർജ്ജിനത്തിൽ പിരിഞ്ഞുകിട്ടാൻ കുടിശ്ശികയായിട്ടുള്ളത് ഏതൊക്കെ വിഭാഗങ്ങളിൽനിന്നാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് കുടിശ്ശിക അനുബന്ധമായി ചേർത്തിരിക്കുന്ന എല്ലാ വിഭാഗം ഉപഭോക്താക്കളിൽനിന്നും പിരിഞ്ഞു കിട്ടാനുണ്ട്. +

(ബി) ഇതിൽ ഫ്ലാറ്റുകൾ ഉൾപ്പെടെയുള്ള ഗാർഹികേതര കണക്ഷനുകളിൽനിന്നും ആകെ എത്രതുക കഴിഞ്ഞ സർക്കാർ പിരിച്ചെടുത്തിട്ടുണ്ട്?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി ലിമിറ്റഡിന് 30.09.2018 വരെ നൽകുവാനുള്ള തുക 1326.69 കോടി രൂപയായി നിജപ്പെടുത്തി 4 വാർഷിക തവണകളായി ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി നൽകുവാൻ സർക്കാർ ഉത്തരവാകുകയും ആയതുപ്രകാരം 2 ഗഡുക്കൾ പൂർണ്ണമായും 3-ാം ഗഡു ഭാഗികമായും ഇതിനോടകം കെ.എസ്.ഇ.ബി.എൽ - ന് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. 10/2018 മുതലുള്ള കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചാർജ്ജ് കുടിശ്ശികയായി ലോക്കൽ സെൽഫ് ഗവൺമെന്റിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളുടെ വെള്ളക്കര കുടിശ്ശിക തനതു ഫണ്ടിൽ നിന്നും പൊതുആവശ്യ ഫണ്ടിൽനിന്നും തിരിച്ചുപിടിച്ച് ജല അതോറിറ്റി മുഖേന 140.64 കോടി രൂപയും കെ.എസ്.ഇ.ബി.ലിമിറ്റഡിന് ലഭ്യമായിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ആരോഗ്യ വകുപ്പിന്റെ സ്ഥാപനങ്ങളുടെ (LT വിഭാഗത്തിലുള്ള) 30.06.2018 വരെയുള്ള വൈദ്യുത ചാർജ്ജ് കുടിശ്ശികയായ 5.65 കോടി രൂപ സർക്കാർ ഉത്തരവു മുഖേന ലഭ്യമായിട്ടുണ്ട്. ഗാർഹികേതര വിഭാഗം ഫ്ലാറ്റുകളിൽനിന്ന് പിരിച്ചെടുത്ത തുക സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എന്ത് തുക കുടിശ്ശികയായുണ്ടായിരുന്നു; പ്രസ്തുത തുക പൂർണ്ണമായി പിരിച്ചെടുക്കാനുള്ള സത്വരനടപടി സ്വീകരിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ആകെ 2461.82 കോടി രൂപയാണ് (30.04.2021-ലെ കണക്കുപ്രകാരം) കുടിശ്ശികയായുണ്ടായിരുന്നത്. എന്നാൽ കോവിഡ് -19 മഹാമാരിയോടനുബന്ധിച്ച് 25.03.2020 മുതൽ കേരളത്തിൽ നിലനിന്ന " സമ്പൂർണ്ണ അടച്ചിടലും" രാജ്യം മുഴുവനായും അഭിമുഖീകരിച്ച സാമ്പത്തിക

തകർച്ചയും കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ കുടിശ്ശിക പിരിവിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും, വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകിയുമാണ് കെ.എസ്.ഇ.ബി ലിമിറ്റഡ് കുടിശ്ശിക തുക ഈടാക്കി വന്നിരുന്നത്. കാലാകാലങ്ങളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി കെ.എസ്.ഇ.ബി ലിമിറ്റഡ് രണ്ടു വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള കുടിശ്ശിക, കുറഞ്ഞ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽനിന്നും ഈടാക്കുവാനും നടപടി സ്വീകരിച്ചിരുന്നു. എന്നാൽ കോവിഡ് മഹാമാരിമൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് കണക്കിലെടുത്ത് സർക്കാർ നിർദ്ദേശപ്രകാരം നിലവിൽ വൈദ്യുതി കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുതി വിച്ഛേദിക്കുന്ന നടപടികൾ നിർത്തിവച്ചിട്ടുണ്ട്. തത്ഫലമായി കെ.എസ്.ഇ.ബി ലിമിറ്റഡിന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക

ുകയിൽ വൻ വർദ്ധനവുണ്ടായിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുക്കാൻ തവണകൾ അനുവദിച്ചും സെക്ഷൻതലത്തിൽ ഉപഭോക്താക്കളോട് നേരിട്ട് ഫോൺ വഴി അഭ്യർത്ഥിച്ചും കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വൈദ്യുത ചാർജ്ജ് വർദ്ധനവ്

202(5361) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ എത്ര തവണ സംസ്ഥാനത്ത് വൈദ്യുത ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നും ഓരോ തവണയുമുള്ള വർദ്ധനവിന്റെ നിരക്ക് എത്രയാണെന്നും അറിയിക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രണ്ട് തവണ വൈദ്യുത ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. 17.04.2017-ൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, സ്വമേധയാ പുറത്തിറക്കിയ താരിഫ് പരിഷ്കരണ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് 18.04.2017 മുതൽ പരിഷ്കരിച്ചിട്ടുണ്ടായിരുന്നു. 4.77% വർദ്ധനവ് രേഖപ്പെടുത്തിയ ടി താരിഫ് പരിഷ്കരണംമൂലം, 550 കോടി രൂപയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ട്. രണ്ടാമത്തെ പരിഷ്കരണം, സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ 08.07.2019-ലെ ഉത്തരവിന്റെ

അടിസ്ഥാനത്തിലാണ് നടപ്പിലാക്കിയത്. 7.32% വർദ്ധനവ് രേഖപ്പെടുത്തിയ ടി താരിഫ് പരിഷ്കരണത്തിലൂടെ 2019-20 സാമ്പത്തിക വർഷത്തിൽ 902.94 കോടി രൂപയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ട്.

ലോക്ഡൗൺ കാലത്ത് വൈദ്യുതി ഉപഭോക്താക്കൾക്ക് ഇളവ്

203(5362) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ തുടങ്ങിയതുമുതൽ എത്രപേർക്ക് തവണകളായി വൈദ്യുതി ബില്ലടയ്ക്കാൻ സൗകര്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ലോക്ഡൗൺ തുടങ്ങിയതുമുതൽ 1,39,585 ഉപഭോക്താക്കൾക്ക് തവണകളായി വൈദ്യുതി ബിൽ അടയ്ക്കുവാൻ സൗകര്യം നൽകിയിരുന്നു.

(ബി) തവണകളായി പണം അടയ്ക്കാനുള്ള സൗകര്യം നൽകിയിട്ടും വീഴ്ചവരുത്തിയവർ എത്രയാണെന്നും ആ നിലയിൽ എത്ര കുടിശ്ശികകൾ ഉണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

തവണകളായി വൈദ്യുതി ബിൽ അടയ്ക്കാൻ സൗകര്യം നൽകിയിട്ടും 10041 ഉപഭോക്താക്കൾ വൈദ്യുതി ചാർജ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ആ നിലയിൽ നിലവിലെ കുടിശ്ശിക 2,24,84,746.54 രൂപയാണ്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. +

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കുടിശ്ശിക നിവാരണത്തിന് എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ കുടിശ്ശിക എപ്പോഴാണ് പിരിച്ചെടുക്കാൻ സാധിക്കുകയെന്ന് വ്യക്തമാക്കാമോ?

കോവിഡ് മഹാമാരിമൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് കണക്കിലെടുത്ത് ഗവണ്മെന്റ് നിർദ്ദേശപ്രകാരം നിലവിൽ വൈദ്യുതി തുക കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുതി വിച്ഛേദിക്കുന്ന നടപടികൾ നിർത്തിവച്ചിട്ടുണ്ട്. തത്ഫലമായി കെ.എസ്.ഇ.ബി.എൽ-ന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുകയിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുക്കാൻ തവണകൾ അനുവദിച്ചും സെക്ഷൻതലത്തിൽ, ഉപഭോക്താക്കളോട് നേരിട്ട് ഫോൺവഴി അഭ്യർത്ഥിച്ചും കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആലത്തൂർ മണ്ഡലത്തിലെ സൗജന്യ വൈദ്യുതി കണക്ഷനുകൾ

204(5363) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് വൈദ്യുതി സൗജന്യമായി ലഭിക്കുന്നുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത ഗുണഭോക്താക്കൾ ആരൊക്കെയെന്നും എത്ര യൂണിറ്റ് വൈദ്യുതി വീതമാണ് നൽകുന്നതെന്നും

വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ 275 കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി ലഭിക്കുന്നുണ്ട്. പ്രസ്തുത ഉപഭോക്താക്കളുടെ വിവരങ്ങളും വൈദ്യുതി ഉപഭോഗവും അനുബന്ധമായി ചേർത്തിരിക്കുന്നു. +

വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശിക

205(5364) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ വൈദ്യുതി ബോർഡിന് ഗാർഹിക ഉപഭോക്താക്കൾ ഒഴികെയുള്ള ഉപഭോക്താക്കളിൽനിന്ന് ചാർജ്ജിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കാനായിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തുക കുടിശ്ശികയായി പിരിച്ചെടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ വൈദ്യുതി ബോർഡിന് ഗാർഹിക ഉപഭോക്താക്കൾ ഒഴികെയുള്ള ഉപഭോക്താക്കളിൽനിന്ന് ചാർജ്ജിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക അനുബന്ധമായി ചേർത്തിട്ടുണ്ട്.

+

ഇരിക്കൂർ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

206(5365) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകിയെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 1545 വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) ഇനി എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ടെന്നറിയിക്കുമോ;

(സി) ആയതിന്റെ ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ നൽകാമോ;

(ഡി) ഇനിയും കണക്ഷൻ ലഭിക്കാത്തവർക്ക് കണക്ഷൻ നൽകാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെട്ട എല്ലാ അപേക്ഷകർക്കും KSEBL വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിരുന്നു. വയറിംഗ് പൂർത്തീകരിച്ചുകൊണ്ട്

വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുകയും ആവശ്യമായ തുക അടയ്ക്കുകയും ചെയ്യുന്ന എല്ലാ അപേക്ഷകർക്കും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചുകൊണ്ട് വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി.എൽ നൽകിവരുന്നു. അതോടൊപ്പം 1000W വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും, 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി KSEBL-ന്റെ ഫണ്ടുപയോഗിച്ച് നൽകിവരുന്നു. എന്നാൽ വയറിംഗ് പൂർത്തീകരിക്കാത്തതോ വയറിംഗ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിക്കാത്തതോ ആയ വീടുകളുടെ എണ്ണം കെ.എസ്.ഇ.ബി-യിൽ ലഭ്യമല്ല. ഇനിയും വൈദ്യുതി കണക്ഷൻ എടുക്കാത്ത വീടുകളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ശേഖരിക്കുവാനും തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കാനും KSEBL നടപടി ആരംഭിച്ചിട്ടുണ്ട്. വൈദ്യുതീകരണത്തിനാവശ്യമായ തുക തദ്ദേശ സ്വയംഭരണ വകുപ്പ് / പട്ടിക വർഗ്ഗ വകുപ്പ് / ഉപഭോക്താവ് അടയ്ക്കുന്ന മുറയ്ക്ക് വൈദ്യുതീകരണം പൂർത്തീകരിക്കുന്നതാണ്.

വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

207(5366) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ മലയോര ഗ്രാമ പഞ്ചായത്തുകളിൽ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ; പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ട്. ഈ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനുള്ള സാങ്കതിക പഠനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടില്ല. സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഒറ്റശേഖരമംഗലം, വെള്ളറട, അമ്പൂരി, കള്ളിക്കാട് എന്നിവിടങ്ങളിൽ കാലാവസ്ഥാ വ്യതിയാനം ഉണ്ടാകുമ്പോൾ വൈദ്യുതി ലൈനുകളും പോസ്റ്റുകളും തകരുന്നതുകൊണ്ടുണ്ടാകുന്ന

സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത പഞ്ചായത്തുകളിൽ പൂർണ്ണമായും കവേർഡ് ഇലക്ട്രിസിറ്റി ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

(ബി&സി) സ്വീകരിച്ചിട്ടുണ്ട്. പാറശ്ശാല നിയോജകമണ്ഡലത്തിലെ ഒറ്റശേഖരമംഗലം, വെള്ളറട, അമ്പൂരി, കള്ളിക്കാട് എന്നിവിടങ്ങളിൽ ഭൂരിഭാഗം HT/ LT ലൈനുകൾ റോഡരികിലൂടെയാണ് വലിച്ചിട്ടുള്ളതെങ്കിലും കാലാവസ്ഥ വ്യതിയാനംമൂലമുണ്ടാകുന്ന കാറ്റിലും മഴയിലും വലിയ മരക്കൊമ്പുകൾ വീഴുന്നതുമൂലവും മരങ്ങൾ കടപുഴകി വീഴുന്നതുകാരണവും നിരവധി പോസ്റ്റുകൾക്കും ലൈനുകൾക്കും തകരാർ സംഭവിക്കുകയും ആയത് ഉടനടി പരിഹരിക്കുകയും ചെയ്തുവരുന്നു. ടി പഞ്ചായത്തുകളിലെ LT/HT ലൈനുകൾ കവചിത ലൈനുകളാക്കിമാറ്റുന്ന പ്രവൃത്തി ഘട്ടംഘട്ടമായി ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി ദ്യുതി 2021 പദ്ധതിയിൽപ്പെടുത്തി 5 കി.മീ. LT ABC (Arial Bunched Cable) വലിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. കൂടാതെ 8 കി.മീ. LT ABC-യും 1.5 കി.മീ. HT ABC-യും വലിക്കുന്ന പ്രവൃത്തി ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പാറശ്ശാല നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ മലയോര ഗ്രാമപ്രദേശങ്ങളിൽ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ട്. ഈ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക പഠനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പാറശ്ശാല നിയോജകമണ്ഡലത്തിൽ ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ HT OH ലൈനുകളും, എ.ബി.സി. ഉപയോഗിച്ച് HT ലൈനുകളും LT OH ലൈനുകളും പുതുതായി സ്ഥാപിച്ചുവരുന്നു. കൂടാതെ 12 കി.മീ LT ലൈനുകളുടെ റീ-കണ്ടക്ടറിംഗ് 8 കി.മീ HT ലൈനുകളുടെ റീ-കണ്ടക്ടറിംഗും നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 3 കി.മീ. LT ലൈനുകളുടെ റീ-കണ്ടക്ടറിംഗ് 8 കി.മീ HT ലൈനുകളുടെ റീ-കണ്ടക്ടറിംഗും ചെയ്തുവരുന്നു. ഫിലമെന്റ് രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 31975 LED ബൾബുകൾ ഇതുവരെ ഉപഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഒറ്റശേഖരമംഗലത്തെ ചേനാട് ഒരു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്. കള്ളിക്കാട് ഒരു

ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്.

നിലാവ് പദ്ധതിയിൽ ഉൾപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ

208(5367) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ തെരുവ് വിളക്കുകൾക്കായുള്ള ലൈൻ വലിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ എത്ര രൂപയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുണ്ടെന്നുള്ള വിവരം തദ്ദേശഭരണ സ്ഥാപന അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ കടപ്പുറം പഞ്ചായത്തിന്റെ പരിധിയിൽ തെരുവ് വിളക്കുകൾക്കായുള്ള ലൈൻ വലിക്കുന്നതിനും മറ്റു പ്രവൃത്തികൾക്കുമായുള്ള എസ്റ്റിമേറ്റ് തുകയായ 13,96,129/- രൂപയിൽ 12 ലക്ഷം രൂപ അടവാക്കിയിട്ടുണ്ട്. ടി പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

(ബി) ഗുരുവായൂർ മണ്ഡലത്തിൽ നിലാവ് പദ്ധതിയിലുൾപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവരം അറിയിക്കുമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെട്ട ഒരുമനയൂർ, പുന്നയൂർ എന്നീ പഞ്ചായത്തുകളിൽ 500 LED തെരുവ് വിളക്കുകൾ വീതം

സ്ഥാപിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. വടക്കേക്കാട് പഞ്ചായത്തിൽ 450 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. ബാക്കി 50 എണ്ണം ഇനിയും സ്ഥാപിക്കുവാനുണ്ട്.

ആദിവാസി കോളനികളിലെ വൈദ്യുതീകരണം

209(5368) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ഇനിയും വൈദ്യുതീകരണം പൂർത്തിയാക്കാത്ത എത്ര ആദിവാസി കോളനികളുണ്ടെന്നും, അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

കോതമംഗലം മണ്ഡലത്തിലെ തലവച്ചപാറ, കുഞ്ചിപ്പാറ, തേര, വാരിയം, ഉറിയം പെട്ടി, കോട്ടകുത്ത്, പെരുവാര, ഞണ്ടുകുളം എന്നീ 8 ആദിവാസി കോളനികളുടെ വൈദ്യുതീകരണം നടത്തിയിട്ടില്ല.

(ബി) ആദിവാസി കോളനികളിൽ വൈദ്യുതീകരണം എത്താത്തതിനാൽ കുട്ടികളുടെ ഓൺലൈൻ പഠനമടക്കം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ, ഇനിയും വൈദ്യുതി എത്താത്ത കോളനികളിൽ വൈദ്യുതീകരണം പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

വിശദമാക്കാമോ?

സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി സർക്കാർ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായി വനാന്തരങ്ങളിൽ സ്ഥിതിചെയ്യുന്ന 64 പട്ടിക ഗോത്രവർഗ്ഗക്കാരുടെ കോളനികളിൽ വൈദ്യുതി ലഭ്യമല്ലെന്നുള്ളത് KSEBL കണ്ടെത്തുകയും അവയുടെ DPR തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിനായി പട്ടികവർഗ്ഗവികസന വകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കോതമംഗലം മണ്ഡലത്തിലെ മേൽപ്പറഞ്ഞ 8 കോളനികളും ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ ഗോത്രവർഗ്ഗ ഊരുകൾ വനാന്തർഭാഗത്ത് സ്ഥിതി ചെയ്യുന്ന വിദൂരകോളനികളായതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽക്കൂടി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ചു കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടിവരുമെന്നതും കണക്കിലെടുത്ത് വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന/ ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗവികസന വകുപ്പിൽനിന്നും വൈദ്യുതീകരണത്തിനാവശ്യമായ തുക ലഭ്യമാക്കുന്ന മുറയ്ക്ക് ഗ്രിഡ് വൈദ്യുതി എത്തിക്കാൻ കഴിയുന്ന കോളനികളുടെ വൈദ്യുതീകരണം

KSEBL നടപ്പിലാക്കുന്നതാണ്. ഈ കോളനികളുടെ വൈദ്യുതീകരണം സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

ലൊക്കേഷൻ 1 – കല്ലേലിമേട്, തലവച്ചപാറ, കുഞ്ചിപ്പാറ തലവച്ചപാറ, കുഞ്ചിപ്പാറ എന്നിവ ട്രൈബൽ കോളനികളും കല്ലേലിമേട് ട്രൈബൽ കോളനിയല്ലാത്ത പ്രദേശവുമാണ്. ലൈൻ വലിച്ച് വൈദ്യുതീകരിക്കുകയാണെങ്കിൽ നിലവിൽ കുട്ടമുഴയിലെ ബ്ലാവന കടത്തിന് തെക്കുവശമുള്ള മെയിൻ റോഡിൽ 11 കെ.വി. ലൈൻ ഉണ്ട്. ബ്ലാവനകടത്ത് കടന്ന് (OH) പിന്നീട് കോൺക്രീറ്റ് റോഡിന് വശത്ത് വനത്തിലൂടെ 5.5 കി.മീ. കേബിൾ ഇട്ടാൽ കല്ലേലിമേട് എത്താം. അവിടെ ഒരു 100 kVA ട്രാൻസ്ഫോർമറും 6 കി.മീ. LT ലൈനും വലിച്ചാൽ ജനറൽ വിഭാഗത്തിലുള്ള 115 വീടുകൾക്ക് വൈദ്യുതി നൽകാം. കല്ലേലിമേട് നിന്ന് പടിഞ്ഞാറേയ്ക്ക് 4 കി.മീ. UG കേബിൾ വലിച്ചാൽ തലവച്ചപാറ ട്രൈബൽ കോളനിയിൽ വൈദ്യുതി എത്തിക്കാം. 100 kVA ട്രാൻസ്ഫോർമറും 4 കി.മീ. LT ലൈനും വലിച്ച് 70 പട്ടികവർഗ്ഗ വീടുകൾക്ക് വൈദ്യുതി നൽകാം. കല്ലേലിമേട് നിന്നും കിഴക്കോട്ട് 3.5 കി.മീ. UG കേബിൾ ഇട്ടാൽ 4 കി.മീ. LT ലൈനും 100 kVA ട്രാൻസ്ഫോർമറും നിർമ്മിച്ച് കുഞ്ചിപ്പാറ ട്രൈബൽ കോളനിയിൽ 95 പട്ടികവർഗ്ഗ വീടുകൾക്ക് വൈദ്യുതി നൽകാം. ടി മൂന്ന് പ്രവൃത്തികൾക്കുംകൂടി

4.06 കോടിയുടെ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ടെങ്കിലും ഭരണാനുമതി ആയിട്ടില്ല. മൂന്ന് പ്രവൃത്തികൾക്കും കൂടിയുള്ള എസ്റ്റിമേറ്റ് തുക 4.06 കോടി രൂപയാണെങ്കിലും ഓരോ പ്രവൃത്തിക്കും പ്രത്യേകമായും എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ട് ഡെപ്പോസിറ്റ് വർക്കിനത്തിൽ KSEBL-ന് ലഭ്യമാക്കേണ്ടുന്നതിനോടൊപ്പം ലൈൻ വനത്തിലൂടെ വലിച്ച് ടി പ്രദേശങ്ങളുടെ വൈദ്യുതീകരണം പൂർത്തീകരിക്കുന്നതിന് വനം വകുപ്പിന്റെ അനുമതികൂടി ആവശ്യമുണ്ട്. കല്ലേലിമേട് ജനറൽ വിഭാഗത്തിൽപ്പെടുന്ന കോളനി ആയതുകൊണ്ട് വനാവകാശ നിയമത്തിൽപ്പെടാത്തതിനാൽ Forest sanction-നുവേണ്ടി മൂന്നുംകൂടി ഒന്നായി കണക്കാക്കി Forest portal -ൽ അപേക്ഷ നൽകിയത് നിരസിച്ചിരുന്നു. അതിനാൽ Ministry of Environment, Forests and Climate Change, Government of India പോർട്ടലിൽ വീണ്ടും അപേക്ഷ നൽകിയിട്ടുണ്ട്.

ലൊക്കേഷൻ 2- തേര, വാരിയം ടൈബൽ കോളനികൾ

ലൊക്കേഷൻ 1 - ലെ കല്ലേലിമേട് പ്രവൃത്തി ചെയ്തുകഴിഞ്ഞാൽ മാത്രമേ ലോക്കേഷൻ 2 - ലെ പ്രവൃത്തികൾ ചെയ്യാൻ സാധിക്കൂ. കല്ലേലിമേട് നിന്നും 12 കി.മീ. UG കേബിളും 100 kVA ട്രാൻസ്ഫോർമറും 4 കി.മീ. LT ലൈനും

വലിച്ചാൽ മാത്രമേ തേര ടൈബൽ കോളനിയിലെ 26 വീടുകൾക്ക് വൈദ്യുതി നൽകാൻ സാധിക്കൂ. ഇതിന്റെ ഏകദേശ എസ്റ്റിമേറ്റ് തുക 3.7 കോടി രൂപയാണ്. കുഞ്ഞിപ്പാറനിന്നും 14 കി.മീ. 11 കെ.വി. കേബിളും 100 kVA ട്രാൻസ്ഫോർമറും 4 കി.മീ. LT ലൈനും വലിച്ചാൽ മാത്രമേ വാരിയം ടൈബൽ കോളനിയിലെ 75 പട്ടികവർഗ്ഗ വീടുകൾക്ക് വൈദ്യുതി നൽകാൻ സാധിക്കൂ. ഇതിന്റെ ഏകദേശ എസ്റ്റിമേറ്റ് തുക 4.3 കോടി രൂപയാണ്.

ലൊക്കേഷൻ 3 – ഉറിയംപെട്ടി ടൈബൽ കോളനി മണികണ്ഠൻചാലിൽ നിലവിൽ 11 കെ.വി. ലൈൻ ഉണ്ട്. അവിടെനിന്നും 24 കി.മീ. UG കേബിൾ വനത്തിലൂടെ വലിച്ച് 100 kVA ട്രാൻസ്ഫോർമറും 4 കി.മീ. LT ലൈനും സ്ഥാപിച്ചാൽ 75 പട്ടികവർഗ്ഗ വീടുകൾക്ക് വൈദ്യുതി നൽകാൻ സാധിക്കും. ഇതിന്റെ ഏകദേശ എസ്റ്റിമേറ്റ് തുക 7.4 കോടി രൂപയാണ്. ദുർഘട പ്രദേശങ്ങളാകയാൽ തേര, വാരിയം, ഉറിയംപെട്ടി, കോട്ടകുത്ത്, പെരുവാര, ഞണ്ടുകുളം എന്നീ കോളനികളിൽ സോളാർ പാനലുകൾ ഉപയോഗിച്ച് വൈദ്യുതി ലഭ്യമാക്കുന്നതാണ് അഭികാമ്യമെന്നാണ് പട്ടികവർഗ്ഗവികസന വകുപ്പിനോട് നിർദ്ദേശിച്ചിരിക്കുന്നത്

നിലമ്പൂരിലെ 110 കെ.വി. സബ് സ്റ്റേഷനിലേയ്ക്കുള്ള പ്രസരണ ലൈൻ ശേഷി വർദ്ധിപ്പിക്കുന്ന നടപടി

210(5369) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലമ്പൂരിലെ 110 കെ.വി. സബ്സ്റ്റേഷനിലേയ്ക്കുള്ള പ്രസരണ ലൈൻ മോണോപ്പോൾ സ്ഥാപിച്ച് ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ വിശദമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ സമർപ്പിച്ചിട്ടുണ്ടോ; എന്നാണ് എസ്റ്റിമേറ്റ് സമർപ്പിച്ചതെന്നും എത്ര തുകയാണ് ഇതിനായി പൊതുമരാമത്ത് വകുപ്പ് അടയ്ക്കേണ്ടതെന്നും അറിയിക്കാമോ?

നിലമ്പൂരിലെ 110 കെ.വി സബ് സ്റ്റേഷനിലേയ്ക്കുള്ള പ്രസരണ ലൈൻ മോണോപ്പോൾ സ്ഥാപിച്ച് ശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് 3.04.2019-ന് മലപ്പുറം ട്രാൻസ്മിഷൻ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, മലപ്പുറം, എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD Roads, Manjeri-ക്ക് നൽകിയിട്ടുണ്ട്. 7.383 കോടി രൂപയാണ് ഈ ഇനത്തിൽ പൊതുമരാമത്ത് വകുപ്പ് അടയ്ക്കേണ്ടത്.

(ബി) 110 കെ.വി. ലൈൻ നിലമ്പൂർ ബൈപ്പാസിന്റെ 1.5 മീറ്റർ മീഡിയൻ സ്ട്രിപ്പിലൂടെ ആണോ കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ബൈപ്പാസിന്റെ തുടക്കം മുതൽ ഒടുക്കം വരെ ഇപ്രകാരം

പ്രസരണ ലൈൻ സ്ഥാപിക്കാനാണോ തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; നിലമ്പൂർ ബൈപ്പാസിന്റെ എത്ര കിലോ മീറ്റർ ദൂരത്തിലാണ് മീഡിയൻ സ്ട്രിപ്പിൽ മോണോപ്പോൾ സ്ഥാപിച്ച് പ്രസരണ ലൈൻ നിർമ്മിക്കേണ്ടതെന്നും ഏത് പ്രദേശം മുതൽ ഏത് പ്രദേശം വരെയാണ് ഇങ്ങനെ നിർമ്മിക്കേണ്ടതെന്നും വ്യക്തമാക്കാമോ?

നിർദ്ദിഷ്ട ബൈപ്പാസ് റോഡിന്റെ മീഡിയൻ സ്ട്രിപ്പിലൂടെയാണ് 110 കെ. വി ലൈൻ ഡബിൾ സർക്യൂട്ട് ആക്കി കൊണ്ടുപോകാൻ ഉദ്ദേശിച്ചിട്ടുള്ളത്. ബൈപ്പാസ് റോഡ് നിലമ്പൂർ ജ്യോതിപ്പടിയിൽ നിന്നും തുടങ്ങി 800 മീറ്റർ കഴിഞ്ഞ് വീട്ടിക്കുത്ത് എന്ന സ്ഥലത്ത് KSEB-യുടെ നിലവിലുള്ള Right of Way (RoW)-യിൽ പ്രവേശിക്കുന്ന സ്ഥലം മുതൽ ബൈപ്പാസ് റോഡിന്റെ ഒടുക്കം (വെളിയന്തോട്) വരെയാണ് റോഡിന്റെ മീഡിയൻ സ്ട്രിപ്പിലൂടെ പ്രസരണ ലൈൻ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. വീട്ടിക്കുത്ത് മുതൽ വെളിയന്തോട് വരെയുള്ള ഉദ്ദേശം 5.2 കി.മീ ദൂരത്തിലാണ് മോണോപ്പോൾ സ്ഥാപിച്ച് ലൈൻ നിർമ്മിക്കേണ്ടത് (ശേഷി വർദ്ധിപ്പിക്കൽ).

(സി) നിലവിൽ നിലമ്പൂർ 110 കെ.വി സബ് സ്റ്റേഷനിലേയ്ക്കുള്ള പ്രസരണ ലൈൻ എത്ര സർക്യൂട്ടുകളായിട്ടാണ് സ്ഥാപിച്ചിട്ടുള്ളതെന്നും ഇത് നിലവിലുള്ള ടവറുകളിലാണോ സ്ഥാപിച്ചിട്ടുള്ളതെന്നും ഭാവിയിൽ എത്ര

സർക്യൂട്ടുകളാണ് പരമാവധി സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

വീട്ടിക്കുത്ത് എന്ന സ്ഥലത്താണ് നിർദ്ദിഷ്ട ബൈപ്പാസ് റോഡ് കെ.എസ്.ഇ.ബി.-യുടെ പ്രസരണ ലൈനിന്റെ Right of Way (RoW) യിലേയ്ക്ക് പ്രവേശിക്കുന്നത്. നിലമ്പൂർ 110 കെ.വി സബ്സ്റ്റേഷനിലേയ്ക്കുള്ള പ്രസരണ ലൈൻ മഞ്ചേരി മുതൽ വീട്ടിക്കുത്ത് വരെ നിലവിലുള്ള 66 കെ.വി ടവറുകൾ മാറ്റി 110 കെ.വി ടവറുകൾ സ്ഥാപിച്ച് ഡബിൾ സർക്യൂട്ട് ആയി വലിച്ചിട്ടുണ്ട്. വീട്ടിക്കുത്ത് മുതൽ വെളിയങ്കോടുവരെ നിലവിലുള്ള 66 കെ.വി ടവറുകളിൽ ഇൻസുലേറ്റഡ് ക്രോസ് ആം (Insulated cross arm) ഉപയോഗിച്ച് ഒരു സർക്യൂട്ട് 110 കെ.വി ലൈൻ താല്കാലികമായി വലിച്ചാണ് 110 കെ.വി സബ്സ്റ്റേഷനുകളായ നിലമ്പൂർ, എടക്കര എന്നീ സബ്സ്റ്റേഷനുകൾ ചാർജ്ജ് ചെയ്തിട്ടുള്ളത്. ആകെ രണ്ട് 110 കെ.വി സർക്യൂട്ടുകൾ (ഡബിൾ സർക്യൂട്ട്) ആണ് ഭാവിയിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) നിർദ്ദിഷ്ട നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള 66 കെ.വി. എച്ച്.ടി. ടവറുകളിൽത്തന്നെ പ്രസരണ ലൈൻ 110 കെ.വി.-യാക്കി ശേഷിവർദ്ധിപ്പിക്കുന്നതിന് സാങ്കേതിക

തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ; എന്തുകൊണ്ടാണ് മോണോപ്പോൾ സ്ഥാപിക്കണമെന്ന തീരുമാനത്തിലേയ്ക്ക് വൈദ്യുതി വകുപ്പ് എത്തിച്ചേർന്നതെന്നും വിശദമാക്കാമോ; സുരക്ഷാ പ്രശ്നങ്ങളാണെങ്കിൽ അവ എന്താണെന്നും മോണോപ്പോൾ അല്ലാത്ത മറ്റ് പരിഹാരമാർഗ്ഗങ്ങൾ ഉണ്ടോയെന്നും അറിയിക്കാമോ?

നിർദ്ദിഷ്ട ബൈപാസ് റോഡ് കെ.എസ്.ഇ.ബി.-യുടെ പ്രസരണ ലൈനിന്റെ Right of Way (RoW)-യിൽ പ്രവേശിക്കുന്നുണ്ട്. CEA അനുശാസിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ പ്രകാരം ടവർ ഫൂട്ടിംഗും റോഡിന്റെ അരികും തമ്മിൽ 10 മീറ്റർ എങ്കിലും അകലം വേണം. ബൈപാസ് റോഡിന്റെ അലൈൻമെന്റ് അനുസരിച്ച് ടി സുരക്ഷാ അകലം പാലിക്കാൻ സാധിക്കുകയില്ല. ഇത് പൊതുജനങ്ങളുടെ ജീവന് ഭീഷണിയാണ്. ബൈപാസ് റോഡിന്റെ ലെവൽ ചില സ്ഥലങ്ങളിൽ ഉയർത്താൻ സാധ്യതയുള്ളതിനാൽ ലൈനിന് ആവശ്യമായ ഗ്രൗണ്ട് ക്ലിയറൻസ് ലഭിക്കാതെ വരും. നിലവിലുള്ള ലൈൻ നിർദ്ദിഷ്ട റോഡിനെ എട്ടോളം ലൊക്കേഷനുകളിൽ മുറിച്ചുകടക്കുന്നുണ്ട്. ആവശ്യമായ ഗ്രൗണ്ട് ക്ലിയറൻസ് ഇല്ലെങ്കിൽ അപകടസാധ്യത ഉണ്ട്. ടി കാരണങ്ങൾമൂലം നിർദ്ദിഷ്ട ബൈപാസ് റോഡിന്റെ നിർമ്മാണം തടസ്സപ്പെടാതിരിക്കാനും

മുകളിൽ പറഞ്ഞിരിക്കുന്ന സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാനും മോണോപ്പോൾ ഉപയോഗിച്ച് ലൈൻ വലിക്കുക മാത്രമാണ് പോംവഴി എന്ന തീരുമാനത്തിൽ എത്തിയത്.

(ഇ) നിർദ്ദിഷ്ട നിലമ്പൂർ ബൈപ്പാസിന്റെയും 110 കെ.വി. പ്രസരണ ലൈനിന്റെയും സംയോജിപ്പിച്ച അലൈൻമെന്റ് ഡിസൈൻ ലഭ്യമാക്കാമോ; എവിടെയൊക്കെയാണ് പ്രസരണ ലൈൻ റോഡ് മുറിച്ച് കടക്കുന്നതെന്നും വ്യക്തമാക്കാമോ?

ചക്കാലക്കുത്ത് (2 ക്രോസ്സിംഗ്), കാർബൺ ഫാക്ടറി (1 ക്രോസ്സിംഗ്), പട്ടരാക്ക (1 ക്രോസ്സിംഗ്), നെടുമുണ്ടകുന്ന് (1 ക്രോസ്സിംഗ്), അയ്യാർ പൊയിൽ (1 ക്രോസ്സിംഗ്), മയ്യന്താനി (1 ക്രോസ്സിംഗ്), വെളിയന്തോട് (1 ക്രോസ്സിംഗ്) തുടങ്ങി എട്ടോളം ഭാഗത്ത് നിലവിലുള്ള ലൈനിനെ ബൈപാസ് റോഡ് മുറിച്ചുകടക്കുന്നുണ്ട്. ബൈപ്പാസ് റോഡിന്റെ ലെവൽ (വീതിയും ഉയരവും) വിശദമാക്കിക്കൊണ്ടുള്ള സ്കെച്ച് പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയിട്ടില്ല. ഇത് ലഭ്യമായാൽ മാത്രമേ സംയോജിപ്പിച്ച് അലൈൻമെന്റ് ഡിസൈൻ ഉണ്ടാക്കാൻ കഴിയുകയുള്ളൂ. സ്കെച്ച് ലഭ്യമാക്കുന്നതിന് പി.ഡബ്ല്യു.ഡി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സൗരോർജ്ജ പദ്ധതികൾ

211(5370) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജത്തിൽനിന്നും എത്ര കിലോ വാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നത്; ഇപ്രകാരം ഉത്പാദിപ്പിക്കുന്ന വൈദ്യുതി പ്രധാനമായും ഏതെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ സൗരോർജ്ജ സ്ഥാപിതശേഷി 304.26 മെഗാവാട്ടാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ ഇപ്രകാരം ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഗാർഹികാവശ്യത്തിനും വാണിജ്യാവശ്യത്തിനും കൃഷിയാവശ്യത്തിനും വ്യാവസായികാവശ്യത്തിനും പ്രധാനമായും ഉപയോഗിക്കുന്നു. സംസ്ഥാനത്ത് 15,299 വീടുകളിലായി 29,120 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളാണ് അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുള്ളത്. 361 സ്ഥാപനങ്ങളിലായി 5,580 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളാണ് അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുള്ളത്. ഇതിൽ സർക്കാർ ഓഫീസുകൾ. പൊതുമേഖലാ സ്ഥാപനങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ്. അനെർട്ടിന് സ്വന്തമായുള്ള സ്ഥലത്ത് 2,000 കിലോ വാട്ട് ശേഷിയുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതിൽനിന്നുള്ള വൈദ്യുതി കെ.എസ്. ഇ.ബി. എൽ. ഗ്രിഡിലേയ്ക്കാണ് നൽകുന്നത്.

(ബി) സൗരോർജ്ജ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇതിന്റെ പ്രവർത്തന പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ - ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20.01.2020-ൽ ഒപ്പുവച്ചു. പണി പുരോഗമിച്ചുവരുന്നു. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി.എൽ - ന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റ് 2021-22-ൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ.ബി.എൽ-ന്റെ അധീനതയിലുള്ള ഭൂമിയിൽ 1.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റ്

നിർമ്മാണത്തിനായുള്ള വർക്ക് ഓർഡർ 04.05.2021-ൽ നൽകിയിട്ടുണ്ട്. ഇതുപ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 18 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. വെസ്റ്റ് കല്ലടയിൽ എൻ.എച്ച്.പി.സി.നടപ്പാക്കുന്ന 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതി എൻ.എച്ച്.പി.സി. ആണ് നടപ്പാക്കുന്നത്. ഇടുക്കി റിസർവോയറിൽ എൻ.റ്റി.പി.സി വിശദമായി പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 25 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി ചെറുതോണിയിലും 100 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി അഞ്ചുരുളിയിലും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ട്. SECI മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭ ദശയിലാണ്. PM-KUSUM പദ്ധതിയുടെ ഭാഗമായി ആകെ 40 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണത്തിനായി എം.എൻ.ആർ.ഇ. - യിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കർഷകരുടെ തരിശു ഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുക എന്നതാണ് ഈ

പദ്ധതിയുടെ ലക്ഷ്യം. ഇതിനായി കർഷകരിൽ നിന്നും രജിസ്ട്രേഷൻ സ്വീകരിച്ച് അനുയോജ്യമായ തരിശുനിലങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇതുകൂടാതെ PM-KUSUM പദ്ധതിയുടെ ഭാഗമായി ഫീഡർ തലത്തിലുള്ള സൗരോർജ്ജവത്കരണത്തിനായി എം.എൻ. ആർ.ഇ. - യിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ട്. 2000 ഗ്രിഡ് ബന്ധിത പമ്പുകളെ ഫീഡർതലത്തിൽ സൗരോർജ്ജവത്കരിക്കുകയാണ് ഇതിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷിക ആവശ്യത്തിനായുള്ള പമ്പുകൾ കൂടുതലായി ഉപയോഗിച്ചിട്ടുള്ള ഫീഡറുകളുടെ പരിധിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് കൃഷിയാവശ്യത്തിനായുള്ള വൈദ്യുതി ഉത്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 30 ശതമാനം സബ്സിഡിയാണ് ഈ പദ്ധതിക്കായി എം.എൻ.ആർ.ഇ വകയിരുത്തിയിട്ടുള്ളത്. ഇതിനായുള്ള സ്ഥലം കണ്ടെത്തുന്നതിനായുള്ള രൂപരേഖ തയ്യാറാക്കിവരുന്നു. നിശ്ചിത സ്പെസിഫിക്കേഷൻ ഉള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന അംഗീകൃത സേവനദാതാക്കളെയും നിർമ്മാതാക്കളെയും സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ച് എംപാനൽ ചെയ്യുന്നതിനുള്ള പരിപാടി അനെർട്ട് ആവിഷ്കരിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്കാവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ

സാധിക്കുംവിധം അംഗീകൃത സേവന ദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ "ബൈ മൈ സൺ" (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ് പോർട്ടലിൽ അനെർട്ട് ലഭ്യമാക്കിയിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അനെർട്ട് ഡെപ്പോസിറ്റ്, കൺസൽട്ടൻസി വ്യവസ്ഥകളിൽ ഏറ്റെടുത്ത് നടത്തുന്നു. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും ഗുണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനുംവേണ്ടി അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിൽ അക്ഷയ ഊർജ്ജ സേവന കേന്ദ്രമായ ഊർജ്ജമിത്ര കേന്ദ്രങ്ങൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. സൗരോർജ്ജ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള മേൽ സംവിധാനങ്ങളുടെ പ്രവർത്തനപുരോഗതി യഥാസമയം അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ ധനസഹായങ്ങൾ ലഭ്യമാക്കുന്നുണ്ടോ; വിശദാംശങ്ങൾ

ലഭ്യമാക്കാമോ?

കേന്ദ്രഗവൺമെന്റിന്റെ ഐ.പി.ഡി.എസ്. ഫണ്ടുപയോഗിച്ച് കൊല്ലങ്കോട്, ഇടയാർ, കൊട്ടിയം എന്നിവിടങ്ങളിൽ ഗ്രൗണ്ട് മൗണ്ടഡ് പദ്ധതികളും ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ കെട്ടിടങ്ങളുടെ മുകളിൽ റൂഫ് ടോപ്പ് പദ്ധതികളും സ്ഥാപിച്ചിട്ടുണ്ട്. പി.എം.കുസും പദ്ധതിയുടെ കീഴിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റുകളിൽനിന്നും വൈദ്യുതി വാങ്ങുന്നതിന് ഒരു യൂണിറ്റിന് 40 പൈസ അല്ലെങ്കിൽ ഒരു മെഗാവാട്ടിന് 6 ലക്ഷം രൂപ ഇതിലേതാണോ കുറവ് അത് 5 വർഷത്തേയ്ക്ക് ഇൻസെന്റീവായി കെ.എസ്.ഇ.ബി.-ക്ക് കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിക്കുന്നതാണ്. ഇത് നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ഈ പദ്ധതിയുടെ ഭാഗമായ ഫീഡർതലത്തിലുള്ള സൗരോർജ്ജവത്കരണത്തിന് 30 ശതമാനം കേന്ദ്ര ധനസഹായം നേടിക്കൊണ്ട് നടപ്പിലാക്കാൻ സാധിക്കുന്നതാണ്. സംസ്ഥാനത്ത് സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന കേന്ദ്രാവിഷ്കൃതപദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കി വരുന്നു. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30%

ആണ് സബ്സിഡിയായി കേന്ദ്രം നൽകുന്നത്. സംസ്ഥാനത്ത് 60 സർക്കാർ സ്ഥാപനങ്ങളിൽ ഈ പദ്ധതി പ്രകാരം സൗരോർജ്ജനിലയം സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കി. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM സംസ്ഥാനത്ത് കാർബൺരഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതി ചെലവിൽ 30% കേന്ദ്രസർക്കാരും, 30% സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. ശേഷിക്കുന്ന 40% ഗുണഭോക്തൃ വിഹിതമാണ്.

സോളാർ വൈദ്യുതി

212(5371) ശ്രീ. യു. എ. ലത്തീഫ്:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സോളാർ വൈദ്യുതി കൂടുതലായി ഉത്പാദിപ്പിക്കാൻ നടപ്പാക്കുന്ന പദ്ധതിയുടെ വിശദവിവരം നൽകുമോ; ഇതിന്റെ നിർവ്വഹണ ഏജൻസി ഏതാണെന്നറിയിക്കാമോ?

സംസ്ഥാനത്ത് വൈദ്യുതോത്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ

ഭാഗമായി സോളാർ വൈദ്യുതി കൂടുതലായി ഉത്പാദിപ്പിക്കാൻ നടപ്പാക്കുന്ന പദ്ധതിയാണ് 'സൗര'. സൗര ഒന്നാംഘട്ട പദ്ധതിയിൽ ടാറ്റാ പവർ സോളാർ സിസ്റ്റം ലിമിറ്റഡ് (മുംബൈ), വാരീ എനർജ്ജീസ് (മുംബൈ), ഇൻകൽ ലിമിറ്റഡ് (കൊച്ചി) എന്നിവരാണ് നിർവ്വഹണ ഏജൻസികൾ (ആകെ 46.5 മെഗാവാട്ട്). സൗര ഒന്നാംഘട്ട സബ്സിഡി പദ്ധതി, 2019-20 വർഷത്തിൽ താഴെപ്പറയുന്ന കോൺട്രാക്ടർമാരെയാണ് എംപാനൽ ചെയ്തിട്ടുള്ളത്.

1. റിഫക്സ് എനർജി ലിമിറ്റഡ്, ചെന്നൈ.

2. ഹൈവ് സോളാർ, തിരുവനന്തപുരം.

3. കോണ്ടാസ് ആട്ടൊമേഷൻ, കോയമ്പത്തൂർ.

സബ്സിഡി 2020-21 വർഷത്തെ പദ്ധതിയിൽ താഴെപ്പറയുന്ന 7 ഡവലപ്പർമാരെ എംപാനൽ ചെയ്തിട്ടുണ്ട്.

1. ബി.എസ്സ്.എസ്സ്.സോളാർ, തിരുവനന്തപുരം.

2. ട്രയിഡിക് എനർജി, തിരുവല്ല.

3. ബിംഗാസ് സോളാർ, തൃശ്ശൂർ.

4. ടാറ്റാപവർ സോളാർ, മുംബൈ.

5. പവർ വൺ മൈക്രോ സിസ്റ്റംസ്, തിരുവനന്തപുരം.

6. ഇഷാൻ സോളാർ, ചെന്നൈ.

7. കോണ്ടാസ് ആട്ടൊമേഷൻ, കോയമ്പത്തൂർ.

സംസ്ഥാനത്ത് വൈദ്യുതോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സോളാർ വൈദ്യുതി കൂടുതലായി ഉത്പാദിപ്പിക്കാൻ അനെർട്ട് നിർവ്വഹണ ഏജൻസിയായി നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ വിവിധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദ്യുതി ആവശ്യത്തിനായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം ഡെപ്പോസിറ്റ് വർക്കായും, കൺസൾട്ടൻസി വ്യവസ്ഥയിലും അനെർട്ട് ചെയ്തുവരുന്നു. കൂടാതെ അനെർട്ടിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനവും നടത്തുന്നു.

2. കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM, കാർബൺരഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടെ അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നു.

3. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ

(RESCO) മോഡൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്.

(ബി) ഈ പദ്ധതി പ്രകാരം വീടുകൾ, ഫ്ലാറ്റുകൾ, വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ എന്നിവയിൽ ഏതെങ്കിലും വിഭാഗത്തിന് സോളാർ വൈദ്യുതോത്പാദന ഉപകരണങ്ങൾ സ്ഥാപിക്കണമെന്ന് നിർബന്ധം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഒരു വിഭാഗത്തിനും സോളാർ വൈദ്യുതോത്പാദന ഉപകരണങ്ങൾ സ്ഥാപിക്കണമെന്ന് നിർബന്ധം ഏർപ്പെടുത്തിയിട്ടില്ല.

(സി) ഇല്ലെങ്കിൽ സോളാർ വൈദ്യുതിയുത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അമ്പതു ലക്ഷം രൂപയിലധികം ചെലവു ചെയ്തു നിർമ്മിക്കുന്ന വീടുകൾക്കും ഫ്ലാറ്റുകൾക്കും വ്യവസായ വാണിജ്യസ്ഥാപനങ്ങൾക്കും സോളാർ വൈദ്യുതോത്പാദന ഉപകരണങ്ങൾ

നിർബന്ധമാക്കി ചട്ടങ്ങളിൽ മാറ്റം വരുത്തുമോയെന്ന് വിശദീകരിക്കാമോ?

ഒരു വിഭാഗത്തിനും സോളാർ വൈദ്യുതോത്പാദന ഉപകരണങ്ങൾ സ്ഥാപിക്കണമെന്ന് നിർബന്ധം ഏർപ്പെടുത്തിയിട്ടില്ല.

വീടുകളിൽ സോളാർ പാനൽ

213(5372) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത്, വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പദ്ധതി വിജയകരമാണെന്ന് വിലയിരുത്തുന്നുണ്ടോയെന്നറിയിക്കുമോ?

'സൗര' പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽനിന്നും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതിൽ ഒന്നാംഘട്ടത്തിൽ വീടുകൾ ഉൾപ്പെടെ ആകെ 25 മെഗാവാട്ട് ശേഷിയുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 8 മെഗാവാട്ടിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും 3.382 മെഗാവാട്ട് ഗ്രിഡുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 12.5 മെഗാവാട്ട് സൗരനിലയങ്ങൾക്കായുള്ള മെറ്റീരിയൽ ലഭ്യമാക്കുകയും പദ്ധതി ഡിസംബർ 21-ഓടുകൂടി പൂർത്തിയാക്കാൻ ലക്ഷ്യമിടുകയും ചെയ്യുന്നു.

ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമായുള്ള 'സൗര' രണ്ടാം ഘട്ട സബ്സിഡി പദ്ധതിയിൽ 10.05 മെഗാവാട്ട് ശേഷിക്ക് വർക്ക്ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 400KW നിലയങ്ങൾ (127) ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ സബ്സിഡി പദ്ധതിയിൽ 2020-21 വർഷത്തേയ്ക്കുള്ള എം-പാനൽ ലിസ്റ്റ് ജൂലൈ മാസത്തിൽ പ്രസിദ്ധീകരിക്കുകയും ഇതിൽനിന്ന് പൈലറ്റ് പ്രോജക്ടായി തിരഞ്ഞെടുത്ത 24 സൈറ്റുകളിൽ (85 KW) പ്രാഥമിക സർവ്വേ നടന്നു വരുകയും ചെയ്യുന്നു. പദ്ധതി വിജയകരമാണെന്ന് വിലയിരുത്തപ്പെടുന്നു.

പുരപ്പുറ സൗരോർജ്ജ പ്ലാന്റ്

214(5373) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര വീടുകളിൽ പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചുവെന്നറിയിക്കാമോ; വിശദവിവരങ്ങൾ നൽകാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി.-യുടെ സൗരോർജ്ജ പദ്ധതിയിലൂടെ 370 വീടുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനെർട്ട് മുഖേന വിവിധ

പദ്ധതികളിലൂടെ ആകെ 5,329 വീടുകളിലായി 16 മെഗാവാട്ട് ശേഷിയുള്ള പുരപ്പുറ സൗരോർജ്ജപ്ലാന്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിൽ 2950 വീടുകളിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി ബാറ്ററിയിൽ ശേഖരിച്ച് ആവശ്യത്തിന് വിനിയോഗിക്കുന്ന സംവിധാനമായ ഓഫ് ഗ്രിഡ്സോളാർ പവർ പ്ലാന്റുകളാണ് സ്ഥാപിച്ചത്. ആകെ ശേഷി 6.2 മെഗാവാട്ട്. 2379 വീടുകളിൽ ഗ്രിഡ് കണക്ടഡ് സോളാർ പവർ പ്ലാന്റുകളാണ് സ്ഥാപിച്ചത്. ആകെ ശേഷി 9.8 മെഗാവാട്ട്. ഗ്രിഡ് കണക്ടഡ് സോളാർ പവർ പ്ലാന്റുകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിലൂടെ അവ സ്ഥാപിക്കുന്ന കെട്ടിടത്തിലെ വൈദ്യുതാവശ്യം നിറവേറ്റുന്നതിനും അധികമായി ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനും കഴിയുന്നു. അങ്ങനെ ഉത്പാദിപ്പിച്ച് നൽകുന്ന വൈദ്യുതിയുടെ അളവ് ഗുണഭോക്താവിന് സ്വന്തം ബില്ലിൽ കുറവ് ചെയ്ത കിട്ടുകയും ചെയ്യും.

(ബി) പ്രസ്തുത കാലയളവിൽ ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നറിയിക്കാമോ?

ഈ കാലയളവിൽ 2,50,000 അപേക്ഷകൾ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. - ൽ രജിസ്റ്റർ ചെയ്ത. ഓഫ്

ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾക്ക് 3,066 അപേക്ഷകളും ഗ്രിഡ് കണക്ടഡ് സോളാർ പവർ പ്ലാന്റുകൾക്ക് 4,412 അപേക്ഷകളുമാണ് അനെർട്ടിന് ലഭിച്ചത്.

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര വീടുകളിലാണ് പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

2020-ൽ രജിസ്ട്രേഷൻ ആരംഭിച്ച സബ്സിഡി പദ്ധതിയിൽ ഇതേവരെ 21,000-ത്തോളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ ഏകദേശം 1,00,000 വീടുകളിൽ കെ.എസ്.ഇ.ബി.എൽ. മുഖാന്തരം സൗരനിലയം സ്ഥാപിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പ്രസ്തുത സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; അറിയിക്കാമോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

(ഡി&ഇ) സംസ്ഥാനത്ത് വൈദ്യുതോത്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സോളാർ വൈദ്യുതി കൂടുതലായി ഉൽപ്പാദിപ്പിക്കാൻ നടപ്പാക്കുന്ന പദ്ധതിയാണ് 'സൗര' പദ്ധതി. 'സൗര' ഒന്നാംഘട്ട പദ്ധതിയിൽ ടാറ്റാ പവർ സോളാർ സിസ്റ്റം ലിമിറ്റഡ് (മുംബൈ), വാരീ എനർജ്ജീസ് (മുംബൈ), ഇൻകൽ ലിമിറ്റഡ് (കൊച്ചി) എന്നിവരാണ്

നിർവ്വഹണ ഏജൻസികൾ (ആകെ 46.5 മെഗാവാട്ട്). 'സൗര' ഒന്നാം ഘട്ട സബ്സിഡി പദ്ധതി, 2019-20 വർഷത്തിൽ താഴെപ്പറയുന്ന കോൺട്രാക്ടർമാരെയാണ് എംപാനൽ ചെയ്തിട്ടുള്ളത്.

1. റിഫക്സ് എനർജി ലിമിറ്റഡ്, ചെന്നൈ.

2. ഹൈവ് സോളാർ, തിരുവനന്തപുരം.

3. കോണ്ടാസ് ആട്ടൊമേഷൻ, കോയമ്പത്തൂർ.

സബ്സിഡി 2020-21 വർഷത്തെ പദ്ധതിയിൽ താഴെപ്പറയുന്ന 7 ഡെവലപ്പർമാരെ എംപാനൽ ചെയ്തിട്ടുണ്ട്.

1. ബി.എസ്സ്.എസ്സ്. സോളാർ, തിരുവനന്തപുരം.

2. ട്രയിഡിക് എനർജി, തിരുവല്ല.

3. ബിംഗാസ് സോളാർ, തൃശ്ശൂർ.

4. ടാറ്റാപവർ സോളാർ, മുംബൈ.

5. പവർ വൺ മൈക്രോ സിസ്റ്റംസ്, തിരുവനന്തപുരം.

6. ഇഷാൻ സോളാർ, ചെന്നൈ.

7. കോണ്ടാസ് ആട്ടൊമേഷൻ, കോയമ്പത്തൂർ.

റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി

215(5374) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ വൈദ്യുതോത്പാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും പ്രസ്തുത പദ്ധതിയിൽ കൈവരിച്ച പുരോഗതി എന്തെന്നും വിശദീകരിക്കാമോ?

സംസ്ഥാന സർക്കാർ, സൗരോർജ്ജ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര' പദ്ധതി. ഇതിനായി എല്ലാ സെക്ഷൻ ഓഫീസുകളിലും (770) സോളാർ കോ-ഓർഡിനേറ്റേഴ്സിനെ തെരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ഇലക്ട്രിക്കൽ സർക്കിളുകളിലും സൗര എക്സിക്യൂട്ടീവിനെ നടത്തിപ്പിനായി നിയമിച്ചിട്ടുണ്ട്. 'സൗര' ഒന്നാംഘട്ട പദ്ധതിയിൽ എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്നതാണ്. ഇതിൽ മൂന്ന് മോഡലുകളാണുള്ളത്. മോഡൽ 1, 2 എന്നിവ KSEBL മുതൽ മുടക്കിലാണ് നടപ്പാക്കുന്നത്. മോഡൽ 3 ഉപഭോക്താവ് മുതൽ മുടക്കുന്ന പദ്ധതിയാണ്. ഒന്നാംഘട്ടത്തിൽ 25 മെഗാവാട്ട് ശേഷിയുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 8 മെഗാവാട്ട് നിർമ്മാണം പൂർത്തീകരിക്കുകയും

3.382 മെഗാവാട്ട് ശേഷിയുടെ പദ്ധതി ഗ്രിഡുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 12.5 മെഗാവാട്ട് സൗര നിലയങ്ങൾക്കുവേണ്ടിയുള്ള മെറ്റീരിയൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാംഘട്ട പദ്ധതി 2021 ഡിസംബറോടെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ 10.05 മെഗാവാട്ട് ശേഷിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 400 KW നിലയങ്ങൾ ഗ്രിഡുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷത്തേയ്ക്കുള്ള എം-പാനൽ ലിസ്റ്റ് ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ചു. ഏഴ് കോൺട്രാക്ടർമാരാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽനിന്നും പൈലറ്റ് പ്രോജക്ടുകളായി തിരഞ്ഞെടുക്കപ്പെട്ട 24 സൈറ്റുകളിൽ (85KW), പ്രാഥമിക സർവ്വേ നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി എന്ത തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിനായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

'സൗര' പദ്ധതിക്കായി സംസ്ഥാന വൈദ്യുതി ബോർഡിന്റെ 2021-22 ലെ ബജറ്റിൽ 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സൗര പദ്ധതിയിൽ ഇതുവരെ ചെലവഴിച്ച തുക 7,99,99,183/- (up to 06/08/2021) ആണ്.

സോളാർ വൈദ്യുത നിലയങ്ങൾ

216(5375) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന

ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ സ്വകാര്യ/സർക്കാർ ഉടമസ്ഥതയിൽ എത്ര സോളാർ വൈദ്യുത നിലയങ്ങൾ ഉണ്ടെന്നും ഇതുവഴി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്നും സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

കേരളത്തിൽ സ്വകാര്യ/സർക്കാർ ഉടമസ്ഥതയിൽ 18786 സോളാർ വൈദ്യുതി നിലയങ്ങൾ ഉണ്ട്. കെ.എസ്.ഇ.ബി.എൽ. - ന്റെ ഉടമസ്ഥതയിൽ 17.469 മെഗാവാട്ട് ശേഷിയുള്ള 26 സോളാർ വൈദ്യുത നിലയങ്ങളും സർക്കാർ ഉടമസ്ഥതയിൽ 2.0095 മെഗാവാട്ട് ശേഷിയുള്ള 8 സോളാർ വൈദ്യുത നിലയങ്ങളും സ്വകാര്യ ഉടമസ്ഥതയിൽ 284.73 മെഗാവാട്ട് ശേഷിയുള്ള 18752 സോളാർ വൈദ്യുത നിലയങ്ങളും ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. +

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി

217(5376) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രസർക്കാരിന്റെ സഹായത്തോടെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ഇ.ബി.എൽ, കേന്ദ്രഗവൺമെന്റിന്റെ ഐ.പി.ഡി.എസ്. ഫണ്ട് ഉപയോഗിച്ച് കൊല്ലങ്കോട്, ഇടയാർ, കൊട്ടിയം എന്നിവിടങ്ങിൽ ഗ്രൗണ്ട് മൗണ്ടഡ് പദ്ധതികളും ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ കെട്ടിടങ്ങളുടെ മുകളിൽ റൂഫ് ടോപ്പ് പദ്ധതികളും സ്ഥാപിച്ചിട്ടുണ്ട്. PM-KUSUM പദ്ധതിയുടെ കീഴിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റുകളിൽനിന്നും വൈദ്യുതി വാങ്ങുന്നതിന് ഒരു യൂണിറ്റിന് 40 പൈസ അല്ലെങ്കിൽ ഒരു മെഗാവാട്ടിന് 6 ലക്ഷം രൂപ ഇതിലേതാണോ കുറവ് അത് 5 വർഷത്തേയ്ക്ക് ഇൻസെന്റീവായി കെ.എസ്.ഇ.ബി.-ക്ക് കേന്ദ്രഗവൺമെന്റിൽനിന്നും ലഭിക്കുന്നതാണ്. ഇത് നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ ഈ പദ്ധതിയുടെ ഭാഗമായ ഫീഡർതലത്തിലുള്ള സൗരോർജ്ജ വത്ക്കരണത്തിന് 30 ശതമാനം കേന്ദ്ര ധനസഹായം നേടിക്കൊണ്ട് നടപ്പിലാക്കാൻ സാധിക്കുന്നതാണ്. കേന്ദ്രസർക്കാരിന്റെ സഹായത്തോടെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് അനെർട്ട് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്ത് 15,299 വീടുകളിലും സ്ഥാപനങ്ങളിലും കേന്ദ്ര നവനവീന ഊർജ്ജ മന്ത്രാലയത്തിന്റെ (എം.എൻ.ആർ.ഇ.) സബ്സിഡിയോടുകൂടി

സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

2. സംസ്ഥാനത്ത് സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജനിലയം സ്ഥാപിക്കുന്ന കേന്ദ്ര നവനവീന ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ) സബ്സിഡി നൽകുന്ന പദ്ധതി. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി കേന്ദ്രം നൽകുന്നത്. സംസ്ഥാനത്ത് 60 സർക്കാർ സ്ഥാപനങ്ങളിൽ ഈ പദ്ധതി പ്രകാരം സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കി.

3. കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര സബ്സിഡിയായ 30 ശതമാനത്തോടൊപ്പം സംസ്ഥാന സർക്കാരും 30 ശതമാനം സബ്സിഡി ഈ പദ്ധതിക്കായി നൽകുന്നതാണ്.

പാരമ്പര്യേതര ഊർജ്ജോത്പാദനവും പ്രചരണവും

218(5377) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ആൻസലൻ:

ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ ഉത്പാദനത്തിനും അതിന്റെ പ്രചരണത്തിനും അനെർട്ട് നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ഇ.ബി-യിൽ ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ താഴെ വിവരിക്കുന്നു.

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, ഐ.സി.ഐ.സി.ഐ ബാങ്ക്, സി.എസ്.ബി എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് സർവ്വീസ് ചാർജ്ജില്ലാതെ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം.

2. ഫെഡറൽ ബാങ്ക്, ടെക് പ്രോസസ്സ് എന്നീ പേയ്മെന്റ് ഗേറ്റ് വേ സ്ഥാപനങ്ങളുമായി കെ.എസ്.ഇ.ബി ഓൺലൈൻ സംവിധാനം ബന്ധിപ്പിച്ചിട്ടുണ്ട്. ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, നെറ്റ് ബാങ്കിംഗ് സംവിധാനങ്ങൾ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് പ്രസ്തുത സൗകര്യം പ്രയോജനപ്പെടുത്താം.

3. ബി.ബി.പി.എസ് സംവിധാനത്തിലൂടെ എല്ലാ പേമെന്റ്

വെബ്സൈറ്റിലൂടെയും ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.

4. പുതിയ കണക്ഷൻ ആവശ്യമുള്ള ഉപഭോക്താവിന് അപേക്ഷ ഓൺലൈനിൽ നൽകാനും അപേക്ഷാ ഫീസ് ഓൺലൈനിൽ അടയ്ക്കാനും ഉള്ള സംവിധാനം ഏർപ്പെടുത്തി. കണക്ഷനുവേണ്ടി പോസ്റ്റ് ആവശ്യമില്ലാത്ത ഗാർഹിക ഉപഭോക്താക്കൾക്കും മറ്റ് ലോടെൻഷൻ ഉപഭോക്താക്കൾക്കും അപേക്ഷാ ഫീസിനോടൊപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റും സർവീസ് കണക്ഷനുവേണ്ടി ചെലവും ഓൺലൈനിൽത്തന്നെ അടയ്ക്കാൻ കഴിയും. അപേക്ഷയുടെ പ്രിന്റൗട്ടും, അപേക്ഷകന്റെ ഫോട്ടോയും മറ്റു രേഖകളും കണക്ഷൻ നൽകാൻ വരുന്ന കെ.എസ്.ഇ.ബി ഉദ്യോഗസ്ഥന്റെ കൈവശം ഏൽപ്പിച്ചാൽ മതിയാകും. സെക്യൂരിറ്റി ഡെപ്പോസിറ്റും സർവീസ് കണക്ഷനുവേണ്ട ചെലവും സ്ഥല പരിശോധനയ്ക്കുശേഷം ഇ-മെയിൽ വഴിയും എസ്.എം.എസ് വഴിയും അറിയിക്കുന്നതാണ്. ഈ തുക കെ.എസ്.ഇ.ബി. - യുടെ എല്ലാ സെക്ഷൻ ഓഫീസുകൾ വഴിയും അടയ്ക്കാൻ കഴിയും. വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയത് മുതൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുവരെയുള്ള വിവരങ്ങൾ എസ്.എം.എസ് വഴി ഉപഭോക്താക്കളെ അറിയിക്കുന്നതിനുള്ള സംവിധാനം

ഏർപ്പെടുത്തി.

5. കെ.എസ്.ഇ.ബി എന്ന പേരിലുള്ള മൊബൈൽ ആപ്ലിക്കേഷനുപയോഗിച്ച് ഉപഭോക്താക്കൾക്ക് മൊബൈൽ ഫോൺ, ടാബ്ലെറ്റ് മുതലായ ഉപകരണങ്ങൾ വഴി ഏതു സമയത്തും വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന തരത്തിൽ അനായാസകരമായ രീതിയിലാണ് മൊബൈൽ ആപ്ലിക്കേഷൻ വൈദ്യുതി ബോർഡിലെ ജീവനക്കാർ വികസിപ്പിച്ചിരിക്കുന്നത്. ഗൂഗിൾ പ്ലേ സ്റ്റോർ വഴി മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

6. വൈദ്യുതിബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽനിന്നും യഥാസമയം നേരിട്ടടയ്ക്കുന്നതിനുള്ള സംവിധാനം കെ.എസ്.ഇ.ബി.എൽ ഏർപ്പെടുത്തി. ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ അടയ്ക്കുന്നതിനുള്ള അനായാസകരമായ ഈ പദ്ധതി നാഷണൽ ആട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് (എൻ.എ.സി.എച്ച്) സംവിധാനം വഴിയാണ് നടപ്പിലാക്കിയത്. എൻ.പി.സി.ഐ അഥവാ നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്ന കേന്ദ്രസർക്കാർ സ്ഥാപനമാണ് ഈ സംവിധാനം ഒരുക്കുന്നത്. കോർപ്പറേഷൻ ബാങ്ക് സ്പോൺസർ ബാങ്കായി പ്രവർത്തിക്കുന്നു.

7. ഫ്രണ്ട്സ്, അക്ഷയ ഇവ മുഖേനയും കെ.എസ്.ഇ.ബി വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. കൂടാതെ അപ്ന സി.എസ്.സി എന്ന ദേശീയ പൊതു സേവന കേന്ദ്രവും കെ.എസ്.ഇ.ബി ലിമിറ്റഡുമായും വിനിമയ സമന്വയം സാദ്ധ്യമാക്കി, തൽഫലമായി അപ്ന സി.എസ്.സി-യുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവനകേന്ദ്രം വഴിയും കെ.എസ്.ഇ.ബി വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും.

(ബി) സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഗൃഹോപകരണങ്ങളുടെ ഉത്പാദന വിതരണത്തിൽ അനെർട്ട് വഹിക്കുന്ന പങ്ക് എന്താണ്; ഇത്തരം ഗൃഹോപകരണങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്ന ഏജൻസി ഏതാണ്; വിശദമാക്കുമോ?

ജൂലൈ മാസം മൊത്തം 31.85% (1808268) LT ഉപഭോക്താക്കൾ പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(സി) സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന എന്തെല്ലാം ഉത്പന്നങ്ങളാണ് ഇന്ന് വിപണിയിൽ ലഭ്യമായിട്ടുള്ളതെന്നും അവയുടെ ഉത്പാദന വിപണനത്തിനായി എന്തെങ്കിലും ധനസഹായമോ സാങ്കേതിക സഹായമോ നവസംരംഭകർക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും

വിശദമാക്കുമോ?

കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡിപ്പോസിറ്റ് മെഷീനുകൾ വഴി ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. ഒരു കാഷ്യറുടെ സഹായമില്ലാതെ തന്നെ ഉപഭോക്താവിന് നേരിട്ട് തന്റെ കൺസ്യൂമർ നമ്പർ രേഖപ്പെടുത്തി ബിൽ തുക നോട്ടുകളായും ചില്ലറയായും നിക്ഷേപിക്കുവാൻ 24 മണിക്കൂറും സാധിക്കുന്ന സംവിധാനമാണിത്. ചെക്ക്, ഡി.ഡി ആയും ഇതിൽ പണമടയ്ക്കാം. ഡ്യൂപ്ലിക്കേറ്റ് ബില്ലുകളുടെ പ്രിന്റും ലഭ്യമാണ്. ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ കസ്റ്റമർ കെയർ സെന്ററർ, ഫോർട്ട് സെക്ഷൻ (തിരുവനന്തപുരം), കന്റോൺമെന്റ് സെക്ഷൻ (കൊല്ലം), സെൻട്രൽ സെക്ഷൻ (എറണാകുളം), വിയ്യൂർ സെക്ഷൻ (തൃശ്ശൂർ), കോവൂർ സെക്ഷൻ (കോഴിക്കോട്) എന്നിവിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്നു. കൂടുതൽ സി.ഡി.എമ്മുകൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വൈദ്യുതി വിതരണ മേഖലയിലെ സുരക്ഷാക്രമീകരണങ്ങൾ

219(5378) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണ ലൈനുകളിൽനിന്നും അനുബന്ധ ഉപകരണങ്ങളിൽനിന്നും ഷോക്കേറ്റ് മരണമടയുന്ന ജീവനക്കാരിൽ ഏറെയും കരാർ ജീവനക്കാരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് വൈദ്യുതി വിതരണ ലൈനുകളിൽ നിന്നും അനുബന്ധ ഉപകരണങ്ങളിൽ നിന്നും ഷോക്കേറ്റ് മരണപ്പെടുന്നവരിൽ സ്ഥിരം ജീവനക്കാരും കരാർ തൊഴിലാളികളും ഉള്ളതായും മരണപ്പെടുന്ന ജീവനക്കാർ/കരാർ തൊഴിലാളികൾ എന്നിവരുടെ എണ്ണത്തിൽ നേരിയ രീതിയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിൽ അപകടത്തിൽപ്പെടുന്ന സ്ഥിരം ജീവനക്കാരുടെ കുടുംബത്തിന് ലഭിക്കുന്ന സഹായ ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

ഇത്തരത്തിൽ അപകടത്തിൽപ്പെടുന്ന സ്ഥിരം ജീവനക്കാരുടെ കുടുംബത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ താഴെപ്പറയും പ്രകാരമാണ്.

(എ) മരണാനന്തര നഷ്ടപരിഹാരം 1. പ്രായവും മാസവേതനവും അനുസരിച്ച് 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമ പ്രകാരം 7,45,275/- രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക്

വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.

2. KSEB EWF-ന്റെ അപകട ആശ്വാസ ധനസഹായ പദ്ധതി 2021 പ്രകാരം 10 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 10 ലക്ഷം രൂപയും (ജൂലൈ 2021 മുതൽ 12 ലക്ഷം രൂപ) ലഭിക്കുവാൻ അർഹതയുണ്ട്.

4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനം ലഭിക്കുന്നതിനും മറ്റെല്ലാവിധ സർവ്വീസ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 10,000/- രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021 പ്രകാരം)

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

(ബി). മാരകമല്ലാത്ത അപകടത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്ക് നൽകുന്ന നഷ്ടപരിഹാരം.

1. സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന

സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായവും മാസവേതനവും അനുസരിച്ച് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി അവശതാ നഷ്ടപരിഹാരം.

2. അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശിപാർശ ചെയ്തുകൊണ്ട് ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധമാസികാ നഷ്ടപരിഹാരമോ അല്ലെങ്കിൽ പ്രത്യേക അവശതാ അവധിക്കോ അർഹതയുണ്ട്.

3. കെ.എസ്.ഇ.ബി ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം അപകടത്തിനിരയാകുന്ന ജീവനക്കാർക്ക് പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്. കെ.എസ്.ഇ.ബി ലിമിറ്റഡിലെ ഓഫീസർ വിഭാഗത്തിൽ വരുന്ന ജീവനക്കാർ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. എന്നിരുന്നാലും ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന ഓഫീസർ വിഭാഗത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്കും KSEB Ltd.-ന്റെ തീരുമാനങ്ങൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി പ്രായവും മാസവേതനവുമനുസരിച്ച് ആശ്വാസധനസഹായവും പൂർണ്ണമായ

ചികിത്സാച്ചെലവും നൽകുന്നു. ഇതിലുപരിയായി ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് നൽകുന്ന മുകളിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ മരണാനന്തര സാമ്പത്തിക ആനുകൂല്യങ്ങളും ഓഫീസർ വിഭാഗത്തിനും ലഭിക്കുന്നതിന് അർഹതയുണ്ട്.

ബാലുശ്ശേരി മണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷനുകൾ

220(5379) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര കെ.എസ്.ഇ.ബി. സെക്ഷനുകളാണ് പ്രവർത്തിക്കുന്നത്; ഈ സെക്ഷനുകളിൽ ഓരോന്നിലും എത്ര കണക്ഷനുകളുണ്ടെന്നറിയിക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ നിലവിൽ 7 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പേരുകളും ഉപഭോക്താക്കളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു. +

(ബി) തടസ്സമില്ലാതെ വൈദ്യുതി ലഭിക്കുന്നതിനും ജീവനക്കാരുടെ ജോലി ഭാരം കുറയ്ക്കുന്നതിനുമായി ബാലുശ്ശേരി മണ്ഡലത്തിലെ ഏതെങ്കിലും സെക്ഷൻ വിഭജിക്കാൻ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ല. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായിവരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ ബാലുശ്ശേരി മണ്ഡലത്തിൽ ഏതെങ്കിലും സെക്ഷനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ?

ഇല്ല.

(ഡി) ബാലുശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി കെ.എസ്.ഇ.ബി.-യുടെ കൈവശം ഭൂമിയുള്ളത് എന്നറിയിക്കാമോ?

ബാലുശ്ശേരി സെക്ഷനാഫീസ് കെട്ടിടം ബാലുശ്ശേരി സബ്സ്റ്റേഷൻ പരിസരത്ത് പണിയുന്നതിനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്.

ഈരാറ്റുപേട്ട കെ.എസ്.ഇ.ബി. മേജർ സെക്ഷൻ വിഭജനം

221(5380) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരുപത്തിരണ്ടായിരം ഉപഭോക്താക്കളുള്ള ഈരാറ്റുപേട്ട കെ.എസ്.ഇ.ബി. മേജർ സെക്ഷൻ വിഭജിച്ച് പാലാ നിയോജക മണ്ഡലത്തിലെ കളത്തുക്കടവിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഈരാറ്റുപേട്ട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വിഭജിച്ച് പാലാ നിയോജക മണ്ഡലത്തിലെ കളത്തുകടവ് കേന്ദ്രമാക്കി കെ.എസ്.ഇ. ബി.എൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിവേദനത്തിന്മേൽ പരിശോധന നടത്തിയിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾ

കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

വയനാട് ജില്ലയിലെ വൈദ്യുതി വകുപ്പിന്റെ ഓഫീസുകൾ

222(5381) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വൈദ്യുതി വകുപ്പിന്റെ എത്ര ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനത്തിനായി വാടക ഇനത്തിൽ എത്ര രൂപ ഒരു മാസം ചെലവഴിക്കുന്നുണ്ട്?

വയനാട് ജില്ലയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ മേഖലയിലെ 20 ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസുകളുടെ പ്രവർത്തനത്തിനായി പ്രതിമാസം ശരാശരി 3.78 ലക്ഷം രൂപ വാടക ഇനത്തിൽ ചെലവഴിക്കുന്നുണ്ട്.

(ബി) സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നതിനും ഇത്തരം ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

വയനാട് ജില്ലയിൽ കൽപ്പറ്റ ഇലക്ട്രിക്കൽ സർക്കിൾ, കൽപ്പറ്റ ഇലക്ട്രിക്കൽ ഡിവിഷൻ, റീജണൽ ഓഡിറ്റ് ഓഫീസ്, പി.എം.യു.ഓഫീസ്, APTS ഓഫീസ്, കൽപ്പറ്റ ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കൽപ്പറ്റ ഇലക്ട്രിക്കൽ സെക്ഷൻ കൂടാതെ സബ് റീജണൽ സ്റ്റോർ എന്നീ ഓഫീസുകൾ ഉൾക്കൊള്ളുന്ന ഒരു വൈദ്യുതി ഭവന സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ ടി ജില്ലയിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മറ്റ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്കുവേണ്ടി സൗകര്യപ്രദമായ സ്ഥലം സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

മഞ്ചേശ്വരം മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകൾ

223(5382) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിലുള്ള കെ. എസ്. ഇ. ബി ഓഫീസുകളിൽ സ്വന്തമായി കെട്ടിടമുള്ള ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന പ്രസരണ വിഭാഗത്തിലുള്ള 110 കെ.വി സബ്സ്റ്റേഷൻ മഞ്ചേശ്വരം, 110 കെ.വി കുമ്പള്ള എന്നിവ

കെ.എസ്.ഇ.ബി.-യുടെ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ. എസ്. ഇ. ബി സെക്ഷൻ ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി-യുടെ ഉപ്പള, മഞ്ചേശ്വരം, പൈവളിഗെ എന്നീ സെക്ഷൻ ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. വൊർക്കാടി, സീതാംഗോളി, പെർള എന്നീ സെക്ഷൻ ഓഫീസുകൾ അതത് ഗ്രാമ പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ വാടകയില്ലാതെ പ്രവർത്തിക്കുന്നു.

(സി) സ്വന്തം കെട്ടിടമില്ലാത്ത ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; ഇത്തരത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) മഞ്ചേശ്വരം മണ്ഡലത്തിൽ കെട്ടിടമില്ലാത്ത കെ. എസ്. ഇ. ബി സെക്ഷൻ ഓഫീസുകൾക്ക് ഈ വർഷം തന്നെ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) കെ.എസ്.ഇ.ബി-യുടെ കീഴിൽ സ്വന്തമായി സ്ഥലം

ലഭ്യമല്ലാത്തതിനാൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്കുവേണ്ടി സൗകര്യപ്രദമായ സ്ഥലം സന്നദ്ധസംഘടനകളോ, തദ്ദേശഭരണസ്ഥാപനങ്ങളോ സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷൻ

224(5383) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

പിണ്ണാക്കനാട് 33 കെ.വി സബ്സ്റ്റേഷനുവേണ്ടി ആദ്യം തിരഞ്ഞെടുത്ത സ്ഥലം (Survey No. 282/9) ഗവൺമെന്റ് ഉത്തരവ് GO(Rt)No.3819/2020/RD dated 21.12.2020 പ്രകാരം KSEBL-ന് അനുമതി നൽകിയിരുന്നു. എന്നാൽ തുടർന്ന്, അതിന്റെ ഉടമ ആ സ്ഥലം മറ്റൊരാൾക്ക് വിൽപ്പന നടത്തി. പുതിയ ഉടമയ്ക്ക് കെ.എസ്.ഇ.ബി.എൽ - നു സ്ഥലം വിൽക്കാൻ താല്പര്യവുമില്ല. ഇപ്പോൾ അനുയോജ്യമായ മൂന്ന് സ്ഥലങ്ങൾ കണ്ടെത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി 14.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കെ.എസ്.ഇ.ബി. സബ് സ്റ്റേഷനുകൾ

225(5384) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എവിടെയെല്ലാമാണ് കെ.എസ്.ഇ.ബി. പുതിയ സബ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) മുൻ സർക്കാരിന്റെ കാലത്ത് സ്ഥാപിച്ച സബ്സ്റ്റേഷനുകളുടെ പേരുവിവരവും ചെലവഴിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു. +

(സി) സംസ്ഥാനത്ത് പുതിയ കെ.എസ്.ഇ.ബി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമാക്കുമോ?

വിശദമായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെന്നുകാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതും നിലവിലുള്ളവയുടെ വോൾട്ടേജ് നിലവാരം ഉയർത്തുന്നതും പരിഗണനയിലുണ്ട്. ഇപ്രകാരം നടപ്പുസാമ്പത്തിക വർഷം ഒരു 400 കെ.വി സബ്സ്റ്റേഷനും ആറ് 220 കെ.വി സബ്സ്റ്റേഷനുകളുമടക്കം 28 പുതിയ സബ്സ്റ്റേഷനുകൾ പൂർത്തികരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

കെ.എസ്.ഇ.ബി.-യുടെ ജി.ഐ.എസ് സബ്സ്റ്റേഷനുകൾ

226(5385) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ ജി.ഐ.എസ് സബ്സ്റ്റേഷനുകളുടെ പ്രത്യേകത എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സബ്സ്റ്റേഷൻ നിർമ്മിക്കാൻ കുറഞ്ഞ സ്ഥല ആവശ്യകത, അറ്റകുറ്റപ്പണികൾക്കുള്ള കുറഞ്ഞ ചിലവ്, താരതമ്യേന തകരാർരഹിത പ്രവർത്തനം എന്നിവയാണ് ജി.ഐ.എസ് സബ്സ്റ്റേഷനുകളുടെ പ്രധാന പ്രത്യേകതകൾ. മുൻകാലങ്ങളിൽ ജി. ഐ. എസ് സബ്സ്റ്റേഷനുകളുടെ നിർമ്മാണച്ചെലവ് സാധാരണ എ.ഐ.എസ് സബ്സ്റ്റേഷനുകളെ

അപേക്ഷിച്ച് വളരെ കൂടുതലായിരുന്നുവെങ്കിലും ഇപ്പോൾ ചെലവുകൾ താരതമ്യം ചെയ്യാവുന്ന നിലയിലേയ്ക്കെത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഏതെല്ലാം മണ്ഡലങ്ങളിലാണ് ജി.ഐ.എസ് സബ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത്; ഇവ ഓരോന്നിനും കണക്കാക്കിയ ചെലവ് എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ സ്ഥാപിച്ചിട്ടുള്ള ജി. ഐ. എസ് സബ്സ്റ്റേഷനുകൾ ചുവടെ ചേർക്കുന്നു.- Annexure + മേൽപ്പറഞ്ഞ സബ്സ്റ്റേഷനുകളിൽ ക്രമനമ്പർ 8-12 വരെ (പുതിയറ, ഫോർട്ട് കൊച്ചി, മറൈൻ ഡ്രൈവ്, എൽ.എ കോംപ്ലക്സ്, പവ്വർ ഹൗസ്)-യുള്ള 66 കെ.വി. ജി.ഐ.എസ് സബ്സ്റ്റേഷനുകൾ വളരെക്കാലം മുമ്പ് നിർമ്മാണ കരാർ നൽകി പൂർത്തിയാക്കിയവയാണ്. ആകയാൽ അടങ്കൽ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

കാസർഗോഡ് ജില്ലയിൽ 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം

227(5386) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കാൻ ഏതെല്ലാം സ്ഥലങ്ങളാണ് കെ.എസ്.ഇ.ബി-യുടെ പരിഗണനയിലുള്ളതെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറിയിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ 33 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി ഉപ്പള, അട്ടൂർ, വെള്ളരിക്കുണ്ട് തുടങ്ങിയ സ്ഥലങ്ങളാണ് പരിഗണനയിലുള്ളത്. ഇതിന്റെ ആവശ്യകത സംബന്ധിച്ചുള്ള സാങ്കേതിക സാധ്യതാ പഠനം നടന്നുവരികയാണ്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

പൂവാർ സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള നടപടി

228(5387) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കരുങ്കുളം, കാഞ്ഞിരംകുളം, പൂവാർ, തിരുപുറം, കോട്ടുകാൽ, കാരോട്, കുളത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ട തീരദേശത്തും പരിസരപ്രദേശങ്ങളിലും അനുഭവപ്പെടുന്ന വൈദ്യുതി ക്ഷാമവും വൈദ്യുതി തടസ്സവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആയതിനുള്ള പരിഹാരമെന്ന നിലയിൽ പൂവാർ കെ. എസ്. ഇ.

ബി 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്ന പ്രവൃത്തിയുടെ ഡി.പി.ആർ അംഗീകരിച്ചുണ്ടോ; ഇല്ലെങ്കിൽ ഡി.പി.ആർ അംഗീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തിരുവനന്തപുരം ജില്ലയിലെ കരുംകുളം, കാഞ്ഞിരംകുളം, പൂവാർ, തിരുപുറം, കോട്ടുകാൽ, കാരോട്, കുളത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ തീരദേശത്തും പരിസരപ്രദേശങ്ങളിലും അനുഭവപ്പെടുന്ന വൈദ്യുതി ക്ഷാമത്തിനും വൈദ്യുതി തടസ്സത്തിനും പരിഹാരം എന്ന നിലയിൽ നിലവിലുള്ള 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി ആക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ ഉണ്ട്. ഇതിനുള്ള സാങ്കേതിക പഠനം നടത്തി അപ്രൂവൽ ലഭിച്ചിട്ടുണ്ട്. ഡി.പി.ആർ അംഗീകരിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

മസ്ദൂർ തസ്തികയിലേയ്ക്കുള്ള നിയമനം

229(5388) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ പെറ്റി കോൺട്രാക്ട് വർക്കേഴ്സിൽനിന്ന് മസ്ദൂർ തസ്തികയിലേയ്ക്കുള്ള അന്തിമ സീനിയോരിറ്റി പട്ടികയിൽ (കാറ്റഗറി നം. 63/2017) ഉൾപ്പെട്ടവരുടെ നിയമന

വിശദാംശങ്ങൾ നൽകുമോ?

കെ.എസ്.ഇ.ബി.ലിമിറ്റഡിൽ പെറ്റി കോൺട്രാക്ടേഴ്സ്/കോൺട്രാക്ട് ലൈൻ വർക്കേഴ്സ് ആയി 1200 പ്രവൃത്തിദിവസം പൂർത്തീകരിച്ചിട്ടുള്ളവരെ സ്ഥിരപ്പെടുത്തണമെന്ന പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ 2004-ലെ വിധിയെത്തുടർന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടവരിൽ അർഹത നിർണ്ണയ പരീക്ഷ നടത്തി സാമുദായിക സംവരണാടിസ്ഥാനത്തിൽ മുൻഗണന ക്രമീകരിച്ച് തയ്യാറാക്കി പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽനിന്നും (കാറ്റഗറി നമ്പർ 63/2017) നിയമന ശിപാർശ ചെയ്ത 1486 പെറ്റി കോൺട്രാക്ട് വർക്കേഴ്സിന് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മസ്ദൂർ തസ്തികയിൽ നിയമന ഉത്തരവ് നൽകുകയും ആയതിൽ 1455 പേർ ജോലിക്ക് ഹാജരാകുകയും ചെയ്തു. അപ്രകാരമുണ്ടായ 31 എൻ.ജെ.ഡി ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുകയും ആയതിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയ എല്ലാ പേർക്കും കെ.എസ്.ഇ.ബി.ലിമിറ്റഡ് ഇതിനകം നിയമന ഉത്തരവ് നൽകുകയും അവർ ജോലിക്ക് ഹാജരായിട്ടുള്ളതുമാണ്. ഇപ്രകാരം നിയമിച്ച 1486 പെറ്റി കോൺട്രാക്ടർമാരിൽ ഭൂരിഭാഗംപേരെയും ഒഴിവുകൾ ഇല്ലാത്തതിനാൽ സൂപ്പർ

ന്യൂമററി ആയിട്ടാണ് മസ്ദൂർ തസ്തികയിൽ നിയമിച്ചിട്ടുള്ളത്. പ്രസ്തുത നിയമന സമയത്ത് 165 ഒഴിവുകൾ മാത്രമാണ് മസ്ദൂർ തസ്തികയിൽ ഉണ്ടായിരുന്നത്. എന്നിരുന്നാലും വിവിധ കോടതി വിധികളുടെ അനുസരണാർത്ഥം ഒഴിവുകളുടെ അഭാവത്തിൽ ബാക്കിയുള്ള 1321 പേരെ ഭാവിയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾകൂടി കണക്കിലെടുത്ത് സൂപ്പർ ന്യൂമററി ആയിട്ടാണ് നിയമിച്ചത്. പ്രസ്തുത നിയമന തീയതിക്കുശേഷം ഇറങ്ങിയ പ്രമോഷൻ ഉത്തരവുകൾവഴിയുണ്ടായ മസ്ദൂർ തസ്തികയിലെ ഒഴിവുകളിൽ ടി ലിസ്റ്റിലെ ഭൂരിഭാഗം പേരേയും ഉൾക്കൊണ്ടിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ മസ്ദൂർ തസ്തികയിലെ അനുവദനീയമായ എണ്ണം 5311 ആണെങ്കിലും നിലവിൽ 5444 പേർ മസ്ദൂർ തസ്തികയിൽ ജോലി നോക്കിവരുന്നു. 133 ജീവനക്കാർ അനുവദനീയമായ എണ്ണത്തേക്കാൾ അധികമായി ജോലിയിൽ തുടരുകയാണ്.

(ബി) ഇരുപത് വർഷത്തിലേറെയായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഇവർക്ക് നിയമനം നൽകുന്ന കാര്യം പരിഗണിക്കുമോ?

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള അന്തിമ സീനിയോറിറ്റി പട്ടികയിൽ അവശേഷിക്കുന്നവരുടെ നിയമനം സംബന്ധിച്ച വിഷയത്തിൽ ഉചിതതലത്തിൽ പരിശോധിച്ച് തുടർനടപടികൾ

കൈക്കൊള്ളുന്നതാണ്.

പമ്പ് ഹൗസുകളിലുണ്ടാകുന്ന വൈദ്യുതിയുടെ ഏറ്റക്കുറച്ചിലുകൾ

230(5389) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്ന വാട്ടർ അതോറിറ്റിയുടെ പുഴക്കടവ്, തെറ്റിക്കുളം, മണനൂർ, നാവായിക്കുളം, ഇടവ, കായൽപ്പുറം, പാലച്ചിറ തുടങ്ങിയ പമ്പ് ഹൗസുകളിൽ പലപ്പോഴും ഉണ്ടാകുന്ന വൈദ്യുതിയുടെ ഏറ്റക്കുറച്ചിലുകൾ, വെള്ളം പമ്പ് ചെയ്യുന്ന മോട്ടോറുകൾക്ക് തകരാർ സംഭവിക്കുകയും ആയത് കുടിവെള്ള വിതരണത്തിന് തടസ്സം വരുത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത പമ്പ് ഹൗസുകളിലേയ്ക്കുള്ള വൈദ്യുതിക്ക് തടസ്സംവരാത്ത തരത്തിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വർക്കല മണ്ഡലത്തിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്ന വാട്ടർ അതോറിറ്റിയുടെ പുഴകടവ്, തെറ്റിക്കുളം, മണനൂർ, നാവായികുളം, തൊട്ടുമുഖം, കായൽപ്പുറം എന്നീ പമ്പ് ഹൗസുകളിൽ മണനൂർ പമ്പ് ഹൗസ് ഒഴികെയുള്ള പമ്പ് ഹൗസുകളിൽ അറ്റകുറ്റപ്പണികൾക്കായി ലൈൻ ഓഫ് ചെയ്യുമ്പോൾ മാത്രമേ വൈദ്യുതി തടസ്സം ഉണ്ടാകാറുള്ളൂ. ഇതിൽ ഇടവ

തൊട്ടുമുഖം പമ്പ്ഹൗസിലെ വൈദ്യുതി എത്തിക്കുന്ന ഹരിഹരപുരം ഫീഡർ തകരാറാകുന്ന സമയത്ത് വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി 11 കെ.വി ബാക്ക്-ഫീഡിംഗ് സംവിധാനത്തിലൂടെ വൈദ്യുതി പുനഃസ്ഥാപിക്കുന്ന സമയങ്ങളിൽ നേരിയ വോൾട്ടേജ് വ്യതിയാനം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 33 കെ.വി. കല്ലമ്പലം സബ്സ്റ്റേഷനിൽ നിന്നുള്ള കല്ലമ്പലം 11 കെ.വി. ഫീഡറിൽ നിന്നുമുള്ള ഒറ്റർ 160 കെ.വി.എ. ട്രാൻസ്ഫോർമറിലൂടെയാണ് മണമ്പൂർ പമ്പ് ഹൗസിലേയ്ക്ക് എൽ ടി വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളത്. വാട്ടർ അതോറിറ്റി പഴയ പമ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ചതിനുശേഷം ഇടയ്ക്കിടയ്ക്ക് വോൾട്ടേജ് വ്യതിയാനം മണമ്പൂർ പമ്പ് ഹൗസിൽ ഉണ്ടാകുന്നതായി അറിയിച്ചതിനെത്തുടർന്ന് കണക്ഷൻ നൽകിയിരുന്ന വെതർപ്രൂഫ് വയർ മാറ്റി സ്ഥാപിച്ചും വൈദ്യുതി ലൈനിലെ ബ്രിഡ്ജിംഗുകൾ മാറ്റി സ്ഥാപിച്ചും അധികമായി എർത്തിംഗ് നടത്തിയിട്ടുള്ളതുമാണ്. ഒറ്റർ ട്രാൻസ്ഫോർമർ മുതൽ മണമ്പൂർ പമ്പ് ഹൗസിലേയ്ക്കുള്ള ലോ ടെൻഷൻ ഫീഡറിന്റെ (1.5 കിലോമീറ്റർ) ദൂരം കാരണം, വൈദ്യുതി തടസ്സം കുറയ്ക്കുന്നതിനും വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനും ഒരു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്ന വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്.

പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും ഫീഡറിന്റെ പഴകിയ കണ്ടക്ടറുകൾ മാറ്റി പുതിയ കണ്ടക്ടർ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതേ ഫീഡറിൽ സ്ഥിതിചെയ്യുന്ന മണ്ണൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ വൈദ്യുതി തടസ്സം പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ടി പ്രവൃത്തി ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. മണ്ണൂർ പമ്പ് ഹൗസിലെ വൈദ്യുതി തടസ്സം അടിയന്തരമായി പരിഹരിക്കുന്നതിനുള്ള ലൈൻ റീ-കണ്ടക്ടറിംഗ് പ്രവൃത്തി മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

വൈദ്യുതി വിതരണരംഗം സ്വകാര്യവത്കരിക്കുന്ന നടപടി

231(5390) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി വിതരണരംഗം സ്വകാര്യവത്കരിക്കുന്നത് സംബന്ധിച്ച കേന്ദ്രസർക്കാർ നിർദ്ദേശങ്ങളോട് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വിതരണ രംഗം സ്വകാര്യവത്കരിക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ നിലപാടും, ഭേദഗതിമൂലം സാധാരണ

ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും ബദൽ നിർദ്ദേശങ്ങളും കാര്യകാരണ സഹിതം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഡീ-ലൈസൻസിംഗും, തുടർന്ന് വിതരണ കമ്പനികൾ തന്നിഷ്ടപ്രകാരം നടത്താൻ ഇടയുള്ള ഉപഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, ക്രോസ്-സബ്സിഡി ഇല്ലാതാകുന്ന സാഹചര്യം, നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്കുള്ളവ) വഴിയുള്ള ബാധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്തപക്ഷം കെ.എസ്.ഇ.ബി.-ക്ക് വരാൻ പോകുന്ന ബാധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകളും, കേരളം വൈദ്യുതി വിതരണം പൊതുമേഖലയിൽ നിർത്തിക്കൊണ്ട് കൈവരിച്ച നേട്ടങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

ജനപ്രതിനിധികൾക്ക് ബാങ്ക് ഭരണ സമിതി അംഗമാകാൻ വിലക്ക്

232(5391) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനപ്രതിനിധികൾക്ക് അർബൻ സഹകരണ ബാങ്കുകളുടെ

എം.ഡി., മുഴുവൻ സമയ ഡയറക്ടർ എന്നിവ ആകാൻ കഴിയില്ലെന്ന നിർദ്ദേശം/ഉത്തരവ് റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

റിസർവ്വ് ബാങ്കിന്റെ 25.06.2021-ലെ RBI/2021-22/60 DOR.GOV.REC.25/12.10.000/2021-22 നമ്പർ സർക്കുലർ പ്രകാരം, അർബൻ സഹകരണ ബാങ്കുകളിൽ മാനേജിംഗ് ഡയറക്ടർ/മുഴുവൻ സമയ ഡയറക്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അർബൻ സഹകരണ ബാങ്കുകൾക്കും റിസർവ്വ് ബാങ്ക് നൽകിയിട്ടുണ്ട്. ആയതനുസരിച്ച് പാർലമെന്റ്, സംസ്ഥാന നിയമസഭ, മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, മറ്റ് തദ്ദേശ സ്ഥാപനങ്ങൾ എന്നിവയിലെ അംഗമായിരിക്കുന്നയാളിന് മാനേജിംഗ് ഡയറക്ടർ/മുഴുവൻ സമയ ഡയറക്ടറാകാൻ കഴിയുന്നതല്ല.

(ബി) ഇതുസംബന്ധിച്ച രേഖാമൂലമുള്ള ഉത്തരവ് റിസർവ്വ് ബാങ്കിൽ നിന്നും ലഭിച്ചിട്ടുണ്ടോ?

ലഭിച്ചിട്ടില്ല.

(സി) എങ്കിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ലഭിച്ചിട്ടില്ല.

സഹകരണ സംരംഭകത്വം

233(5392) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സഹകരണ സംരംഭകത്വം വഴി തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ ഓരോ ജില്ലകളിലും ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് സഹകരണ മേഖലയെ വികസിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സഹകരണ സംരംഭകത്വം-തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനുള്ള സഹായം എന്ന പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 2020-21 സാമ്പത്തികവർഷം 400 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2021-22 സാമ്പത്തികവർഷം 300 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സുശക്തമായ പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റികളെ തിരഞ്ഞെടുത്ത്, പ്രാദേശികമായി ലഭിക്കുന്ന കൃഷി ഉത്പന്നങ്ങളെ ആസ്പദമാക്കി ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനും

കൃഷി അനുബന്ധ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുക എന്നീ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ വിഭാവനം ചെയ്യുന്നത്. മൂല്യ വർദ്ധനവ്, പ്രോസസ്സിംഗ്, വിപണനം എന്നീ മേഖലകളിലാണ് ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നത്. ടി പദ്ധതിയിലുൾപ്പെടുത്തി നിലവിൽ പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി 1449 (പാപ്കോസ്) സഹകരണ സംരംഭകത്വം-തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനുള്ള സഹായം എന്ന പദ്ധതിയിലുൾപ്പെടുത്തി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് ആൻഡ് പ്രോസസ്സിംഗ് സഹകരണ സംഘത്തിന് ആധുനിക റൈസ് മില്ല് സ്ഥാപിക്കുന്നതിനും സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമാണ് സർക്കാർ ധനസഹായം അനുവദിച്ചു വരുന്നത്. പാലക്കാട് ജില്ലയിലെ നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടെത്തുകയെന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ചിട്ടുള്ള ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ കണ്ണമ്പ്ര -1 വില്ലേജിൽ മാങ്ങോട് എന്ന സ്ഥലത്ത് 27.66 ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല

നബാർഡിന്റെ കൺസൾട്ടൻസി ഏജൻസിയായ NABCONS-നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. 75.04 കോടി രൂപയാണ് പദ്ധതിക്ക് ചെലവ് കണക്കാക്കുന്നത്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി സിവിൽ വർക്കിന്റെ ഇ-ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2020-21 സാമ്പത്തിക വർഷം സർക്കാർ ഓഹരിമൂലധനമായി 100 ലക്ഷം രൂപയും സബ്സിഡിയായി 100 ലക്ഷം രൂപയുമായി ആകെ 200 ലക്ഷം രൂപ സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ തുടർ നിർമ്മാണ പ്രവർത്തനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ അരിയും മൂല്യവർദ്ധിത ഉത്പന്നങ്ങൾ സൂക്ഷിക്കുന്നതിനുമായി ഗോഡൗൺ നിർമ്മിക്കുന്നതിന് സർക്കാർ ഓഹരിമൂലധനമായി 100 ലക്ഷം രൂപയും സബ്സിഡിയായി 150 ലക്ഷം രൂപയുമായി ആകെ 250 ലക്ഷം രൂപ അനുവദിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

സഹകരണ മേഖലയിലെ സാമ്പത്തിക ക്രമക്കേടുകൾ

234(5393)ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ നടക്കുന്നതായി പറയപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകൾ, പണാപഹരണം, വായ്പാ തട്ടിപ്പുകൾ, സ്വർണ്ണപ്പണയ തട്ടിപ്പ് എന്നിവ നടത്തുന്നവരുടെ സ്ഥാവര ജംഗമ വസ്തുക്കൾ കണ്ടുകെട്ടുന്നതിനും നഷ്ടം അവരിൽനിന്നുതന്നെ ഈടാക്കുന്നതിനും നിലവിലുള്ള നിയമം അനുവദിക്കുന്നുണ്ടോ?

സഹകരണ മേഖലയിൽ നടക്കുന്നതായി പറയപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകൾ, പണാപഹരണം, വായ്പാ തട്ടിപ്പുകൾ, സ്വർണ്ണപ്പണയ തട്ടിപ്പ് എന്നിവ നടത്തുന്നവരുടെ സ്ഥാവര-ജംഗമ വസ്തുക്കൾ കണ്ടുകെട്ടുന്നതിനും നഷ്ടം അവരിൽനിന്നുതന്നെ ഈടാക്കുന്നതിനും, നിലവിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 68 (2) ചട്ടം 66 (7) (ii) (f)-ലെ വ്യവസ്ഥ പ്രകാരം, ഏതെങ്കിലും കാരണത്താൽ ഉത്തരവാദപ്പെട്ട വ്യക്തി നിശ്ചിത സമയപരിധിക്കുള്ളിൽ തുക അടയ്ക്കുന്നില്ലായെങ്കിൽ വിവരം രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും രജിസ്ട്രാർ റവന്യൂ റിക്കവറി നിയമത്തിലെ വ്യവസ്ഥപ്രകാരം ഈടാക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ സമഗ്രമായ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) സഹകരണ വിജിലൻസിന് അവർ കണ്ടെത്തുന്ന ക്രമക്കേടുകളിൽ ക്രിമിനൽ നടപടി സ്വീകരിക്കാനുള്ള അധികാരം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും തട്ടിപ്പുകൾ കണ്ടെത്തി കുറ്റക്കാർക്ക് ശിക്ഷ ഉറപ്പുവരുത്തി കുറ്റമറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമഭേദഗതി പരിഗണനയിലാണ്.

ഓഡിറ്റ് സമയബന്ധിതമാക്കാൻ നടപടി

235(5394) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ഓഡിറ്റ് സമയബന്ധിതമായി നടത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

സഹകരണ നിയമത്തിൽ നിഷ്കർഷിക്കുന്ന സമയത്ത് ഓഡിറ്റ് പൂർത്തിയാക്കുന്നതിന് മുൻകൂർ വാർഷിക പ്രോഗ്രാം തയ്യാറാക്കി ആയതനുസരിച്ച് ഓഡിറ്റ് പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഓഡിറ്റ് പുരോഗതി സംസ്ഥാന/ജില്ലാ/സർക്കിൾ

തലത്തിൽ പ്രതിമാസം അവലോകനം ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു. വിവിധ കാരണങ്ങളാൽ കോടതിയിലോ പോലീസിലോ റിക്കാർഡുകൾ സൂക്ഷിച്ചതുകൊണ്ടും കണക്കെഴുതി പൂർത്തിയാക്കുന്നതിൽ കാലതാമസമുള്ളതുകൊണ്ടും സോഫ്റ്റ്വെയറിൽ കൃത്രിമം കാണിച്ചിട്ടുള്ളതുമായ സംഘങ്ങളുടെ ഓഡിറ്റ് ഒഴികെ മറ്റ് ഓഡിറ്റുകൾ അനുവദനീയമായ സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ന്യൂനതകൾ കണ്ടെത്തിയാൽ അത് പരിശോധിക്കാനും തുടർനടപടികൾ സ്വീകരിക്കാനും ഓഡിറ്റ് കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പുവരുത്താനും നിലവിലുള്ള നിയമത്തിലും ചട്ടങ്ങളിലും ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; ഇതിനായി നടപടി സ്വീകരിക്കുമോ?

ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സഹകരണ ബാങ്കുകളിലെ മൂല്യനിർണയം

236(5395) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾക്ക് പരിഹാരം കാണുവാൻ മൂല്യനിർണയ ഓഫീസർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിൽ അസിസ്റ്റന്റ് രജിസ്ട്രാർമാർ മൂല്യനിർണ്ണയ ആഫീസർമാരായി സേവനമനുഷ്ഠിച്ചുവരുന്നുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങളിൽ സ്വർണ്ണ ഉരുപ്പടികൾ പണയം വയ്ക്കുമ്പോൾ ആയത് പരിശോധിക്കുന്നതിന് വിദഗ്ധമായ പരിശോധനാ രീതിയില്ലാത്തത് തട്ടിപ്പുകൾ കൂടുന്നതിന് കാരണമാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

സ്വർണ്ണപ്പണ്ട പണയ വായ്പ അനുവദിക്കുമ്പോൾ ഈടായി സ്വീകരിക്കുന്ന സ്വർണ്ണാഭരണങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ടി തൊഴിലിൽ പ്രാവീണ്യമുള്ള അപ്രൈസർമാരുടെ സേവനം ലഭ്യമാക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി മാത്രമേ ടി വായ്പയുമായി ബന്ധപ്പെട്ട ഉപനിബന്ധന അംഗീകരിച്ച് സ്വർണ്ണപ്പണയ വായ്പ നൽകുന്നതിന് സഹകരണവകുപ്പ് അനുമതി നൽകുകയുള്ളൂ. സംഘത്തിന് പുറത്തുള്ള അപ്രൈസർമാരുടെ സേവനം ഉപയോഗപ്പെടുത്തി വകുപ്പ്

ഉദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തുന്നുണ്ട്. നിലവിൽ സംഘംതലത്തിൽ ഉള്ള അപ്രൈസർ അല്ലെങ്കിൽ പരിശീലനം ലഭിച്ച സംഘം സ്റ്റാഫ് സ്വർണ്ണപ്പണയ ഉരുപ്പടികളുടെ ഗുണനിലവാരം പരിശോധിക്കുകയും ഗോൾഡ് പ്യൂരിഫൈയിംഗ് മെഷീൻ ഉപയോഗിച്ചും മൂല്യനിർണ്ണയം നടത്തുന്നു. സഹകരണസംഘം രജിസ്ട്രാറുടെ 19.07.16-ലെ 22/2016, 16.02.2018-ലെ 13/2018 നമ്പർ സർക്കുലർ നിർദ്ദേശപ്രകാരം സംഘം ഭരണസമിതി അംഗങ്ങൾ ഉൾപ്പെടുന്ന സമിതിക്ക് ടി വിഷയത്തിൽ ഉത്തരവാദിത്തം നിഷ്കർഷിച്ചിട്ടുണ്ട്. രജിസ്ട്രാറുടെ 13/18 സർക്കുലർ പ്രകാരം സ്വർണ്ണപ്പണയ വായ്പാ വിതരണം എല്ലാ സഹകരണ സംഘങ്ങളും ഓരോ മുന്നുമാസം കൂടുമ്പോഴും സംഘത്തിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണ ഉരുപ്പടികളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പു വരുത്തുന്നതിന് സംഘംതലത്തിൽ സെക്രട്ടറി /ചീഫ് എക്സിക്യൂട്ടീവ്, സംഘം ജീവനക്കാരിൽ നിന്നും ഒരു പ്രതിനിധി, ഒരു ഭരണസമിതി അംഗം, ഒരു അപ്രൈസർ എന്നിവർ ഉൾപ്പെട്ട പരിശോധനാ കമ്മിറ്റി രൂപീകരിച്ച് ഭൗതിക പരിശോധന നടത്തി വിലയിരുത്തി സാക്ഷ്യപത്രം സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ക്രമക്കേട് കണ്ടെത്തിയ കാര്യങ്ങളിൽ കർശന നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ സർക്കിൾ സഹകരണ

യൂണിയന്റെ ആഭിമുഖ്യത്തിൽ സഹകരണസംഘം സെക്രട്ടറിമാർക്കും ജീവനക്കാർക്കും സ്വർണ്ണ ഉരുപ്പടികൾ പരിശോധിക്കുന്നതിനുള്ള വിദഗ്ധ ക്ലാസ്സുകൾ നൽകുന്നുണ്ട്. അപ്രകാരം പരിശീലനം നൽകുന്നതുവഴി സ്വർണ്ണപ്പണയ വായ്പയിലെ തട്ടിപ്പുകൾ തടയാൻ സാധിക്കുന്നതാണ്.

(സി) സഹകരണ ബാങ്കുകളിൽ ഈടു വയ്ക്കുന്ന വസ്തുക്കളുടെ ആധാരങ്ങളും കരം തീർത്ത രസീതുകളും കൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കാൻ ബാങ്കുകൾക്ക് കർശനനിർദ്ദേശം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

സ്റ്റാറ്റ്യൂട്ടറി ആഡിറ്റ്, ഇൻസ്പെക്ഷൻ എന്നിവയുടെ ഭാഗമായി വായ്പയുമായി ബന്ധപ്പെട്ട ആധാരങ്ങളുടെ രസീതുകളും പരിശോധിക്കാറുണ്ട്. കൂടാതെ ടി വായ്പ അനുവദിക്കുന്നതിന് മുമ്പായി സംഘം ചുമതലപ്പെടുത്തിയ നിയമോപദേശകൻ ആധാരം, നികുതി രസീതി, കൈവശാവകാശ സർട്ടിഫിക്കറ്റ് മുതലായ രേഖകൾ പരിശോധിച്ച് സാധുത ഉറപ്പുവരുത്തിക്കൊണ്ടുള്ള റിപ്പോർട്ട് ലഭ്യമായതിനുശേഷമേ വായ്പ അനുവദിക്കാറുള്ളൂ. ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കാൻ ബാങ്കുകൾക്ക് കർശനനിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

നിക്ഷേപ പ്രതിസന്ധി പരിഹരിക്കാൻ നടപടി

237(5396) ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണമേഖലയിൽ നിരന്തരം വായ്പാ തട്ടിപ്പുകൾ നടക്കുന്നതായുള്ള വാർത്തകൾ സഹകരണ മേഖലയിലെ നിക്ഷേപത്തെ ദോഷകരമായി ബാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) എങ്കിൽ ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഇല്ല.

കരുവന്നൂർ സഹകരണ ബാങ്കിലെ ഓഡിറ്റ് പരിശോധന

238(5397) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ സഹകരണ ബാങ്കുകളിലും നടക്കുന്ന പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനുള്ള ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് എല്ലാ സഹകരണ ബാങ്കുകളിലും നടക്കുന്ന പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനുള്ള ചുമതല സഹകരണ

വകുപ്പിനാണ്.

(ബി) തൃശ്ശൂർ കരുവന്നൂർ സഹകരണ ബാങ്കിൽ 01.01.2017 മുതൽ നാളിതുവരെ ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെയും അതിന് മേൽനോട്ടം വഹിച്ചവരുടെയും പേര് വിവരങ്ങൾ ലഭ്യമാക്കാമോ?

ആഡിറ്റ് നിർവ്വഹിച്ചത് * ഷെർളി ടി.കെ., സീനിയർ ആഡിറ്റർ 01/04/2017 - 02/05/2021 * 03/05/2021 – 26/07/2021 വരെ തസ്തിക ഒഴിവ് * 27/07/2021 മുതൽ ആഡിറ്റർമാർ നിർവ്വഹിച്ച് വരുന്നു. മേൽനോട്ടം വഹിച്ചവർ (ജോയിന്റ് ഡയറക്ടർ) *സുഷമ എസ് - 31/01/2018 വരെ *സുരേഷ് കുമാർ എം.കെ - 01/02/2018 - 31/07/2018 *ജയപ്രകാശ് കെ.എസ്., (ഡെപ്യൂട്ടി രജിസ്ട്രാർ) ഭരണം (അധികച്ചുമതല) 01/08/2018-18/09/2019 *പി.ബി. അനിൽകുമാർ - 19/09/2018- 30/11/2018 *ജയപ്രകാശ് കെ.എസ്. (ഡെപ്യൂട്ടി രജിസ്ട്രാർ) ഭരണം (അധികച്ചുമതല), 01/12/2018-10/12/2018 *ഹരിദാസ് ടി., 10/12/2018-31/05/2020 *രാജവർഗ്ഗീസ്, ജോയിന്റ് രജിസ്ട്രാർ (ജനറൽ) അധികച്ചുമതല, 01/06/2020- 24/06/2020 *മോഹൻമോൻ പി. ജോസഫ് - 24/06/2020-20/01/2021 *ശബരീദാസം എം. -21/01/2021- 26/02/2021 (അപരാഹ്നം) *ഷാലി ടി. നാരായണൻ, അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്) അധികച്ചുമതല,

26/02/2021 - 01/03/2021 * രഘു എം.ഡി 01/03/2021-25/06/2021 * ലളിതാംബിക ടി.കെ. - 25/06/2021 അപരാഹ്നം മുതൽ മേൽനോട്ടം വഹിച്ചവർ (അസിസ്റ്റന്റ് ഡയറക്ടർ) *എം.സി. അജിത്ത്, 01/04/2017-16/05/2019 അസിസ്റ്റന്റ് ഡയറക്ടർ *മോഹൻമോൻ പി. ജോസഫ് - 16/05/2018-28/05/2019, അസിസ്റ്റന്റ് ഡയറക്ടർ, മുകുന്ദപുരം, *എം.സി. അജിത്ത്, അസിസ്റ്റന്റ് രജിസ്ട്രാർ, മുകുന്ദപുരം (അധികച്ചുമതല) 29/05/2019-04/07/2019 * കെ. ഒ. ഡേവിസ്, അസിസ്റ്റന്റ് ഡയറക്ടർ 05/07/2019 – 20/07/2021 *എം.സി. അജിത്ത്, അസിസ്റ്റന്റ് രജിസ്ട്രാർ, മുകുന്ദപുരം (അധികച്ചുമതല) 21/07/2021-22/07/2021 *സുരേഷ് സി., അസിസ്റ്റന്റ് ഡയറക്ടർ, മുകുന്ദപുരം 23/07/2021 മുതൽ

(സി) പ്രസ്തുത ബാങ്കിൽ നടന്ന വായ്പാ തട്ടിപ്പിൽ തിരിമറികൾ നടത്തിയ രേഖകൾ കാണാതെ പോയത് എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ; സഹകരണ രജിസ്ട്രാർ ഇതിൽ എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ?

സംഘത്തിന്റെ രേഖകൾ കാണ്മാനില്ലെന്നത് സംബന്ധിച്ച് സഹകരണ നിയമം 65 പ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ടിലെ പരാമർശം പരിശോധിച്ചിട്ടുണ്ട്. സഹകരണ നിയമം ചട്ടം 47 പ്രകാരം സംഘത്തിന്റെ

രേഖകളുടെ സൂക്ഷിപ്പിനും രേഖകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിനും ഉത്തരവാദിത്തമുള്ള സെക്രട്ടറിയെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ആഫീസർമാർ അവരുടെ ജോലികൾ നിർവ്വഹിക്കുന്നതും ചുമതലകൾ നിറവേറ്റുന്നതും നോക്കി ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയ ബാങ്ക് ഭരണസമിതിയെ സഹകരണ നിയമം വകുപ്പ് 32 പ്രകാരം നീക്കം ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത ബാങ്കിൽ ഓഡിറ്റിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ഈ തട്ടിപ്പ് കണ്ടുപിടിക്കാത്തതിന്റെ കാരണം പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്ന ഉന്നതതലസമിതി ഈ വിഷയം പരിശോധിക്കുന്നതാണ്.

(ഇ) പ്രസ്തുത ബാങ്കിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ബാങ്കിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. +

സഹകരണ മേഖലയിലെ നിക്ഷേപം

239(5398) ശ്രീ. എം. എം. മണി:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വളർച്ചയിലും വികസനത്തിലും സഹകരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്; വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിലുണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന " മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി പ്രകാരം സംസ്ഥാനത്തെ കാർഷിക വായ്പാ സഹകരണ സംഘങ്ങൾ കുടുംബശ്രീ വഴി സാധാരണക്കാരന് 12 % പലിശയ്ക്ക് 1000/- മുതൽ 50,000/- രൂപവരെ വായ്പാ സഹായം നൽകുന്നു. സഹകരണ അംഗസമാശ്വാസ

പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ/ബാങ്കുകൾ അവരുടെ അറ്റലാഭത്തിന്റെ 10 ശതമാനം സഹകരണ സംഘം രജിസ്ട്രാറുടെ അംഗസമാശ്വാസ പദ്ധതിക്കായി രൂപീകരിച്ച അക്കൗണ്ടിൽ നിക്ഷേപിക്കുകയും ടി തുകയിൽനിന്നും സഹകരണ സംഘങ്ങളിലെ എ ക്ലാസ്സ് അംഗങ്ങളായ മാരകരോഗം ബാധിച്ചവർക്കും മാതാപിതാക്കൾ മരണപ്പെട്ട് അവരുടെ വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയായ മക്കൾക്കും പരമാവധി 50,000/- രൂപവരെ ധനസഹായം അനുവദിച്ചനൽകുകയും ചെയ്യുന്നു. കോവിഡ് മഹാമാരിക്കാലത്ത് 1 മുതൽ 12 ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനം നടത്തുന്നതിനായി മൊബൈൽ ഫോൺ വാങ്ങുന്നതിന് സഹകരണ സംഘങ്ങൾ/ബാങ്കുകൾ 10,000/- രൂപവരെ പലിശരഹിത വായ്പ വിദ്യാതരംഗിണി പദ്ധതി പ്രകാരം നൽകുകയുണ്ടായി. സർക്കാരിന്റെ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന ഹരിതം സഹകരണ പദ്ധതി വഴി 5 വർഷം കൊണ്ട് 5 ലക്ഷം വൃക്ഷതൈകൾ സഹകരണ സംഘങ്ങളിലൂടെ നട്ടു വളർത്തുന്നു. 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന ഭവനനിർമ്മാണ

പദ്ധതിയാണ് കെയർ ഹോം. ടി പദ്ധതി പ്രകാരം 2021 ജൂലൈ 14 വരെ 2067 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ഇ-ത്രിവേണികൾ എന്നിവവഴി സാധാരണ ജനങ്ങൾക്ക് ജനോപകാരപ്രദമായ രീതിയിൽ വിപണിയിൽ ഇടപെടുന്നതിനും ത്രിവേണി സൂപ്പർമാർക്കറ്റുകൾവഴി വിപണിയിലെ വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിനും പൊതുവിപണി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിറ്റഴിക്കുന്നതിനും ഉത്സവകാലങ്ങളിൽ വിപണി സജീവമാക്കുന്നതിനും പൊതുജനങ്ങളുടെ വാങ്ങൽശേഷിക്ക് ഉത്തേജനം പകരുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും മറ്റും ഉതകുന്ന വിധത്തിൽ സബ്സിഡി വില്പന ഉറപ്പാക്കുന്നതിനും കൺസ്യൂമർഫെഡിന് കഴിഞ്ഞിട്ടുണ്ട്. ഔഷധ വിപണിയിലെ ചൂഷണം തടയുന്നതിനായി നീതി മെഡിക്കൽ സ്റ്റോറുകൾവഴി കൺസ്യൂമർഫെഡ് ഔഷധ വ്യാപാരത്തിൽ ഇടപെടുന്നുണ്ട്. സ്കൂൾ സീസണിലെ അമിത വില നിയന്ത്രിക്കുന്നതിനായി ഇ-ത്രിവേണികളിലൂടെയും, ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും നോട്ട് ബുക്കുകൾ ഉൾപ്പെടെയുള്ള പഠനോപകരണങ്ങൾ വിലക്കുറവിൽ നൽകുന്നുണ്ട്. വനിതാ സഹകരണ സംഘങ്ങളിൽ

അംഗങ്ങളായ വനിതകൾക്ക് സാമൂഹികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിന് വനിതാ ഫെഡറേഷൻ മുഖേന ധനസഹായം നൽകി വരുന്നു. ഹൗസിംഗ് ഫെഡറേഷൻ 1970 മുതൽ ഭവനവായ്പാ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ഇതുവരെ രണ്ട് ലക്ഷത്തോളം വീടുകൾ നിർമ്മിക്കുന്നതിനായി കേരളത്തിലെ സാധാരണക്കാർക്ക് പ്രാഥമിക ഹൗസിംഗ് സംഘങ്ങൾ മുഖേന വായ്പ നൽകിയിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ വനിതകൾക്ക് സാമൂഹികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിന് വനിതാ ഫെഡറേഷൻ മുഖേന ധനസഹായം നൽകിവരുന്നു. സ്ത്രീ ശാക്തീകരണത്തിനും സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനും വനിതകൾക്കുവേണ്ടി വനിതകളാൽ നിയന്ത്രിക്കപ്പെടുന്ന വനിതാ സഹകരണ സംഘങ്ങളും അവയുടെ നിയന്ത്രണത്തിനുവേണ്ടി വനിതാ സഹകരണ ഫെഡറേഷനും പ്രവർത്തിച്ചുവരുന്നു. വനിതാഫെഡ് മുഖേന വിവിധ പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ വനിതാ സഹകരണ സംഘങ്ങൾ വഴി തൊഴിലവസരം സൃഷ്ടിക്കുന്നതിനും അതുവഴി വനിതകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയന്ന ഉദ്ദേശത്തോടുകൂടി വനിതാ സംഘങ്ങൾക്ക് വായ്പ നൽകിവരുന്നു. സർക്കാരിന്റെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം

ഗുണഭോക്താക്കളുടെ വീട്ടുപടിക്കൽ എത്തിക്കുന്ന പദ്ധതി സഹകരണ സംഘങ്ങളിലെ കളക്ഷൻ ഏജന്റുമാർ മുഖാന്തരം നടപ്പിലാക്കിവരുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ നടപ്പിലാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കൺസോർഷ്യത്തിലേയ്ക്ക് സഹകരണ സംഘങ്ങളിൽനിന്നും നിശ്ചിത ശതമാനം പലിശ നിരക്ക് നൽകിക്കൊണ്ട് ഫണ്ട് സ്വീകരിക്കുന്നു. കേരള സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാനത്തിന്റെ സർവ്വോന്മുഖ വികസനത്തിനായി പല വായ്പാ പദ്ധതികളും കേരള ബാങ്ക് നടപ്പിലാക്കി വരുന്നു. ജനങ്ങളുടെ വിവിധ വായ്പാ ആവശ്യങ്ങൾ നിറവേറ്റുന്നതിനുതകുന്ന വായ്പാ പദ്ധതികളാണ് നിലവിലുള്ളത്. ചില പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+] സൂക്ഷ്മ-ചെറുകിട-ഇടത്തരം വായ്പാ പദ്ധതി വഴി സ്റ്റാർട്ടപ്പുകൾക്കും സ്വയംസംരംഭകർക്കും വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സംസ്ഥാന സഹകരണ ബാങ്ക് വായ്പകൾ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ വിവിധോദ്ദേശ്യ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്ന PACS as MSC നബാർഡ് സ്കീം ആരംഭിച്ചിട്ടുണ്ട്. ആയതു കൂടുതൽ ഊർജ്ജിതമാക്കി കർഷകർക്ക് കൂടുതൽ വായ്പകൾ അനുവദിച്ചുനൽകുന്നതാണ്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി കേരള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബാങ്ക് KB SAMAGRA PACS എന്ന വായ്പാ സ്കീം നടപ്പിലാക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെക്കൂടാതെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സംഘങ്ങൾക്ക് അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF) സ്കീമിൽനിന്നുള്ള 3% പലിശ സബ്സിഡിയോടുകൂടിയ വായ്പ നൽകിവരുന്നുണ്ട്. ആയത് ഇതര സഹകരണ സംഘങ്ങൾവഴി കാർഷിക മേഖലയെ പരിപോഷിക്കുന്നതിന് സഹായകരമാകും. സർക്കാരിന്റെ ഒന്നാം ഘട്ട പദ്ധതി പ്രകാരം 10453 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി 222.54 കോടി രൂപ കേരള ബാങ്ക് വായ്പയായി നൽകിയിട്ടുണ്ട്. കോവിഡ് കാലത്ത് കർഷകർക്ക് സഹായഹസ്തമായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന എസ്.എൽ.എഫ്. വായ്പയായി 1806.59 കോടി രൂപ നൽകുകയുണ്ടായി. സ്വയംസഹായ സംഘങ്ങൾക്കും (SHG) കൂട്ടുബാദ്ധ്യതാ സംഘങ്ങൾക്കും (JLG) വേണ്ടി 121 കോടി രൂപ കേരള സംസ്ഥാന സഹകരണ ബാങ്ക് വഴി വിതരണം ചെയ്തിട്ടുണ്ട്. ഭക്ഷ്യസംസ്കരണ വ്യവസായ വായ്പാ പദ്ധതി, കാർഷിക അനുബന്ധ വ്യവസായങ്ങൾക്കുള്ള വായ്പ തുടങ്ങിയ പദ്ധതികൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾവഴി നടപ്പാക്കിയിട്ടുണ്ട്. 2018 ഫെബ്രുവരി മാസം മുതൽ കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ച

ജീവനക്കാർക്കുള്ള പെൻഷൻ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് വിതരണം ചെയ്തുവരുന്നു. ആഭ്യന്തര ടൂറിസം വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് വിവിധങ്ങളായ പദ്ധതികൾ ടൂർഫെഡ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇൻഫ്രാസ്ട്രക്ചർ ഒരുക്കി നാടിന്റെ വികസനം സാധ്യമാക്കുന്നതിൽ കേരളത്തിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. കേരളത്തിലെ തൊഴിൽരഹിതരായ ആളുകൾക്ക് തൊഴിൽ നൽകി അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതും സംസ്ഥാനത്തിന്റെ വികസനത്തിന് സഹായിക്കുന്നുണ്ട്. സഹകരണ മേഖലയിലെ സഹകരണ ആശുപത്രികൾ സാധാരണക്കാരായ ജനങ്ങൾക്ക് ആധുനിക ചികിത്സാ സൗകര്യങ്ങൾ മിതമായ നിരക്കിൽ നല്കിവരുന്നു. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനും പ്രൊഫഷണൽസിനെ വളർത്തിയെടുക്കുന്നതിനും co-operative academy for professional education പ്രധാനപ്പെട്ട പങ്കു വഹിക്കുന്നു. സാഹിത്യ പ്രവർത്തക സഹകരണ സംഘം സാഹിത്യ മേഖലയിലുള്ളവരുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സഹകരണ സംഘമാണ്. ജനങ്ങൾക്ക് മിതമായ നിരക്കിൽ പാർപ്പിട സൗകര്യമൊരുക്കുന്നതിനായി സഹകരണ മേഖലയിൽ

അത്യാധുനിക സജ്ജീകരണത്തോടെ ഫ്ലാറ്റ് സമുച്ചയങ്ങൾ സഹകരണ മേഖലയിൽ നിർമ്മിച്ചു നൽകിവരുന്നു. പ്രവാസിക്ഷേമ സഹകരണ സംഘങ്ങൾവഴി പ്രവാസികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു. യുവാക്കളുടെ സാമ്പത്തികവും സാമൂഹികവും സംസ്കാരികവുമായ പുരോഗതി കൈവരിക്കുന്നതിലേയ്ക്കായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാനമൊട്ടാകെ യുവാക്കളുടെ സഹകരണസംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ വളർച്ചയിലും വികസനത്തിലും കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് എന്നിവ സുപ്രധാന പങ്ക് വഹിക്കുന്നു. കാർഷിക/കാർഷികേതര മേഖലയിൽ ദീർഘകാല വായ്പകൾ നൽകി വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം കാർഷിക മേഖലയിൽ 1300 കോടി രൂപയിലധികം വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. കർഷകർക്കായി പലിശ ഇളവ് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി, കാർഷികോത്പാദന സമാശ്വാസ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തിന്റെ വികസനത്തിലും വളർച്ചയിലും മാർക്കറ്റിംഗ് സഹകരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് ചുവടെ ചേർക്കുന്നു.

1. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.

2. കർഷകരുടെ പ്രതിസന്ധി പരിഹരിക്കുംവിധം നെല്ല്, തേങ്ങ, റബ്ബർ, കാർഷികോത്പന്നങ്ങൾ എന്നിവ സംഭരിച്ച്, സംസ്കരിച്ച് വിപണനം നടത്തുന്നു.

3. സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തിയും തൊഴിലവസരങ്ങൾ സംജാതമാക്കിയും ഉത്പാദന സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിച്ചു കൊണ്ട് കേരളത്തിലെ സഹകരണ മേഖലയിലെ ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ coopkerala എന്ന ഏകീകൃത സഹകരണ ബ്രാൻഡിലൂടെ വിപണിയിൽ സജീവമാക്കുക എന്ന ലക്ഷ്യത്തോടെ " ബ്രാന്റിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി സഹകരണ ഉത്പന്നങ്ങൾ വിപണനശാലയായ coopmart-കൾ 13 ജില്ലകളിൽ ആരംഭിച്ച് പ്രവർത്തിച്ച് വരുന്നു. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പാലക്കാട്ടെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുംവിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്വയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ചു. അതിന്റെ അധീനതയിൽ

അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനായുള്ള നടപടി പുരോഗമിച്ചുവരുന്നു. കേരളത്തിലെ 16 ഇനം കാർഷികവിളകൾക്ക് അടിസ്ഥാനവില നിശ്ചയിച്ചുകൊണ്ടും പദ്ധതി നടത്തിപ്പുരീതി നിശ്ചയിച്ചുകൊണ്ടുമുള്ള 26.10.2021-ലെ GO (Ms) No. 80/2020/Agri നമ്പർ ഉത്തരവ് പ്രകാരം സഹകരണസംഘം രജിസ്ട്രാറുടെ 72/2020 സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന സംസ്ഥാന വ്യാപകമായി Co-op Mart-Veg Fresh എന്ന പേരിൽ പച്ചക്കറികൾ പ്രാദേശിക കർഷകരിൽനിന്നും ശേഖരിച്ച് വിപണനം ചെയ്യുന്നതിനായി വെജിറ്റബിൾ ഔട്ട്ലെറ്റുകൾ ആരംഭിച്ച് നിലവിൽ 217 ഔട്ട് ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സഹകരണ വകുപ്പ് മുഖേന സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് വിവിധങ്ങളായ പദ്ധതി നടത്തിപ്പിനായി ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ടി ധനസഹായം അനുവദിക്കുന്നതിലൂടെ സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിന് ആക്കം കൂട്ടുന്നതിനായി സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ/ബാങ്കുകളെ പ്രാപ്തരാക്കുന്നു.

(ബി) സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപ വായ്പ അനുപാതം കുറയുന്നതും നിക്ഷേപം കെട്ടിക്കിടക്കുന്നതും സംഘങ്ങളെ നഷ്ടത്തിലേയ്ക്ക്

നയിക്കുന്നതിനിടയാക്കുന്നതിനാൽ ഇത്തരം നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കാൻ വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുമോ?

കേരള ബാങ്കിൽ സേവിംഗ്സ്, കറന്റ് അക്കൗണ്ട് വർദ്ധിപ്പിക്കുന്നതിനായി ശാഖാതലത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. CASA ഡെപ്പോസിറ്റ് വർദ്ധിപ്പിക്കുന്നതിനനുസരിച്ച് Cost of Fund കുറയുന്നതാണ്. മിതമായ നിരക്കിൽ പല വായ്പാ പദ്ധതികളും നടപ്പാക്കി വരുന്നുണ്ട്. കേരളാ ബാങ്ക് ഇടപാടുകാരന്റെ സ്ഥാപനം എന്ന ജനകീയത നിലനിർത്തിക്കൊണ്ടുതന്നെ കൂടുതൽ ജനകീയമായ വായ്പാ പദ്ധതികളും നിക്ഷേപ പദ്ധതികളും നടപ്പാക്കിവരുന്നു. കൂടാതെ വിവിധ മേഖലകളെ സ്വാധീനിക്കുന്ന വായ്പാ പദ്ധതികളും ബാങ്കിന്റെ പരിഗണനയിലാണ്. പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ ആകർഷണീയമായ വിവിധ വായ്പാ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്. സഹകരണ സംഘങ്ങളിലുള്ള നിക്ഷേപങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന്റെ ഭാഗമായി 2018 ഫെബ്രുവരി മാസം മുതൽ KSRTC പെൻഷൻ കൺസോർഷ്യത്തിലേയ്ക്കും സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൺസോർഷ്യത്തിലേയ്ക്കും സഹകരണ സംഘങ്ങളിൽനിന്നും ഫണ്ട് ശേഖരിച്ച് വിനിയോഗിക്കുന്നുണ്ട്. ഇപ്രകാരം KSRTC പെൻഷൻ കൺസോർഷ്യത്തിലേയ്ക്ക് തുക നിക്ഷേപിക്കുന്ന

സഹകരണ സംഘങ്ങൾക്ക് 2018 ഫെബ്രുവരി മുതൽ 2021 ജൂൺ വരെ 10% നിരക്കിൽ പലിശ നൽകിയിട്ടുണ്ട്. 2021 ജൂലൈ മുതൽ 8.5% പലിശ നിരക്കിലാണ് KSRTC പെൻഷൻ കൺസോർഷ്യത്തിലേയ്ക്ക് ഫണ്ട് ശേഖരിച്ചുവരുന്നത്. സാമൂഹ്യസുരക്ഷാ പെൻഷൻ നടപ്പിലാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കൺസോർഷ്യത്തിലേയ്ക്ക് സഹകരണ സംഘങ്ങളിൽ നിന്നും 9% പലിശ നിരക്ക് നൽകിക്കൊണ്ട് ഫണ്ട് സ്വീകരിക്കുന്നു. സഹകരണ സംഘങ്ങളിലെ അധിക നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുന്നതിന് ലക്ഷ്യമിട്ടതിന്റെ ഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി സംസ്ഥാന അധികാര പരിധിയോടുകൂടിയ ഒരു ഫെഡറൽ നെല്ല് സഹകരണ സംഘവും അതിന്റെ അധീനതയിൽ കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുള്ളതാണ്.

(സി) സഹകരണ ബാങ്കുകളും സ്ഥാപനങ്ങളും നൽകുന്ന വായ്പയുടെ നിലവിലുള്ള വ്യവസ്ഥകൾ ലഘൂകരിക്കാൻ കഴിഞ്ഞാൽ കെട്ടിക്കിടക്കുന്ന നിക്ഷേപങ്ങൾ നാടിന്റെ വികസനത്തിന് പ്രയോജനപ്പെടുത്താൻ കഴിയുമെന്ന സാമ്പത്തിക വിദഗ്ദരുടെ അഭിപ്രായം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനങ്ങൾ

240(5399)ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനങ്ങൾ വിശദമാക്കാമോ; നിലവിലെ ഓഡിറ്റ് സംവിധാനത്തിലെ പോരായ്മകൾ പരിശോധന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ ഓഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ഓഡിറ്റ് ആൻഡ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പിൽ ഉൾപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തന വ്യാപ്തിക്കനുസരിച്ച് ആവശ്യമായ തസ്തികയിലുള്ള ഓഡിറ്റർമാരുടെ ടീം രൂപീകരിക്കുകയും ടീം ഓഡിറ്റ് നടത്തുന്നതുമാണ്. എല്ലാതരം സംഘങ്ങളിലും ടീം ഓഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതാണ്. കേരള സർവ്വീസ് റൂൾസ് 156 പ്രകാരം സംഘങ്ങൾ ഓഡിറ്റർമാരുടെ തസ്തിക നിശ്ചയിച്ച് തീരുമാനമെടുത്ത് കോസ്റ്റ് അടയ്ക്കുന്ന രീതിക്ക് മാറ്റം വരുത്തി

സംഘത്തിന്റെ പ്രവർത്തന വ്യാപ്തിക്കനുസരിച്ച് ഓഡിറ്റ് ഫീസ് നിശ്ചയിക്കുകയും പ്രസ്തുത ഓഡിറ്റ് ഫീസ് പ്രത്യേക ഫണ്ടിലേയ്ക്ക് സ്വീകരിച്ചുകൊണ്ട് ഓഡിറ്റർമാർക്ക് ശമ്പളം ലഭ്യമാക്കുന്ന തരത്തിൽ പുതിയ സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതാണ്. സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് സഹകരണ വകുപ്പ് ആരംഭിച്ചിട്ടുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതാണ്. ഓഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സഹകരണ നിയമം, ചട്ടം, ഓഡിറ്റ് മാന്വൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതും സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതുമാണ്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും നിലവിലുള്ള ഓഡിറ്റ് നോട്ട്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ കാലോചിതമായും ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്, ഓഡിറ്റ് സമ്പ്രദായങ്ങൾക്കും അനുസരണമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതാണ്.

(ബി) സഹകരണ ബാങ്കുകളിലെ ഓഡിറ്റുകൾ സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; എങ്കിൽ കരുവന്നൂർ ബാങ്കിലേതിന് സമാനമായ ക്രമേക്കേടുകൾ കണ്ടെത്തിയ ബാങ്കുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടത്തുന്ന ഓഡിറ്റ് റിപ്പോർട്ട് സാധാരണഗതിയിൽ സർക്കാരിന് സമർപ്പിക്കേണ്ടതില്ല.

സഹകരണ സ്ഥാപനങ്ങളുടെ ആധുനികീകരണം

241(5400)ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ നിയമം പരിഷ്കരിക്കുന്നതടക്കം സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ആധുനീകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനുവേണ്ടി 1969-ലെ കേരള സഹകരണ സംഘ നിയമം കാലോചിതമായി പരിഷ്കരിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ഈ വിഷയത്തെ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അഡീഷണൽ

അഡ്വക്കേറ്റ് ജനറൽ അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി അംഗങ്ങളിൽനിന്നും വകുപ്പിൽനിന്നും ലഭ്യമായ ഭേദഗതി നിർദ്ദേശങ്ങൾ കമ്മിറ്റി സിറ്റിംഗിൽ ചർച്ചചെയ്ത് ആയതിൻപ്രകാരം കരട് ഭേദഗതി നിർദ്ദേശം തയ്യാറാക്കുകയും ആയത് മാധ്യമങ്ങളിലും വെബ്സൈറ്റിലും പ്രസിദ്ധീകരിച്ച് ജില്ലാതലങ്ങളിൽ ഇതുസംബന്ധിച്ച് യോഗങ്ങൾ നടത്തി പൊതുജനങ്ങളുടെയും സഹകാരികളുടെയും നിർദ്ദേശങ്ങൾ ലഭ്യമാക്കി അന്തിമ റിപ്പോർട്ട് തയ്യാറാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കേരള ബാങ്കിന്റെ രൂപീകരണത്തോടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കരിക്കുന്നതിന്റെയും ആധുനീകരിക്കുന്നതിന്റെയും ഭാഗമായി കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി തയ്യാറാക്കിയ RFP അംഗീകരിക്കുകയും, ഇ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലാണ് ഏകീകൃത സോഫ്റ്റ്

വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് RFP തയ്യാറാക്കിയിട്ടുള്ളത്. കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി, വാർഷിക പദ്ധതി 2020-2021 പ്രകാരം, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലായി 47 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

(ബി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ കോർ ബാങ്കിംഗിന്റെ ഭാഗമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സഹകരണ പദ്ധതികളിൽ കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന്റെയും ആധുനീകരിക്കുന്നതിന്റെയും ഭാഗമായി കേരളത്തിലെ പ്രാഥമിക കാർഷിക

വായ്പാ സഹകരണ സംഘങ്ങളിൽ ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ പദ്ധതികളിൽ കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള കാർഷിക മേഖല സംരക്ഷിച്ച് സംസ്ഥാനത്ത് നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി ലാഭകരമാക്കുന്നതിനുമുള്ള ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേന നെൽകർഷകർക്ക് പലിശരഹിത വായ്പ നൽകുകയും വായ്പയിന്മേലുള്ള പലിശ സംഘങ്ങൾക്ക് സർക്കാർ നൽകുകയും ചെയ്യുന്നു. സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, ഫാർമേഴ്സ് സർവ്വീസ് സഹകരണ സൊസൈറ്റി എന്നിവ നെൽകൃഷിക്കായി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വായ്പ നൽകിയിട്ടുണ്ടെങ്കിൽ വർദ്ധനവിന്റെ 5%, പരമാവധി 1 ലക്ഷം രൂപ വരെ പ്രോത്സാഹന സഹായം നൽകുന്നുണ്ട്. കഴിഞ്ഞ വർഷം അനുവദിച്ച

മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഗ്രാന്റായി പരമാവധി 25000 രൂപ നിരക്കിൽ പ്രോത്സാഹന സഹായം നൽകിവരുന്നുണ്ട്. സഹകരണ സംഘത്തിന് കൊയ്ത്ത് - മെതി യന്ത്രം വാങ്ങുന്നതിന് പ്രോത്സാഹന ഗ്രാന്റായി വിലയുടെ 20 ശതമാനമോ 4 ലക്ഷം രൂപയോ ഏതാണോ കുറവ് ടി തുക നൽകി വരുന്നുണ്ട്. ഹൈടെക് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിത ഭവനങ്ങൾ സ്ഥാപിക്കുന്നതിനും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. നെൽകൃഷിക്ക് വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന സഹായം നൽകിവരുന്നുണ്ട്. കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെയും കാർഷിക പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനും കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകിവരുന്നു. ഓരോ പഞ്ചായത്തിലും അതാത് പ്രദേശത്തെ ഉത്പന്നങ്ങളുടെ ലഭ്യതയനുസരിച്ച് സഹകരണ മേഖലയുടെ ആഭിമുഖ്യത്തിൽ PACS വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി,

മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/ പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കാർഷിക ഉത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുമായുള്ള രണ്ട് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2021-22-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കാർഷിക മേഖലയുടെ വികസനത്തിനായി സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. Co-operative Initiative for Agriculture Infrastructure in Kerala (CAIK) എന്ന പേരിൽ പ്രഖ്യാപിച്ച പദ്ധതി കാർഷിക മേഖലയുടെ വികസനം ലക്ഷ്യമിട്ടിട്ടുള്ളതാണ്. പ്രാദേശിക വിപണികൾ, ഗോഡൗണുകൾ, കോൾഡ് ചെയിൻ സൗകര്യങ്ങൾ എന്നിവയും പൈനാപ്പിൾ, വാഴപ്പഴം, മാമ്പഴം മുതലായ പഴവർഗ്ഗങ്ങളുടെ സംസ്കരണ കേന്ദ്രങ്ങളും സൃഷ്ടിക്കുന്നതിന് പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

(സി) കോവിഡ് മഹാമാരി, ഓണാഘോഷം എന്നിവയുടെ പശ്ചാത്തലത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്താൻ, സഹകരണ വകുപ്പ് പ്രത്യേക പദ്ധതികൾ

ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

കോവിഡ്കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി കൺസ്യൂമർ ഫെഡ് ഭക്ഷ്യശേഖരം ഇരട്ടിയായി വർദ്ധിപ്പിച്ചു. മരുന്നുകളും, ഭക്ഷ്യസാധനങ്ങളും വാട്സ്ആപ്പ് നമ്പറുകളിൽ ഓർഡറുകൾ സ്വീകരിച്ച് ഹോം ഡെലിവറിയായി വീടുകളിൽ എത്തിച്ചുനൽകുന്നു. ക്വാറന്റയിനിൽ ഇരിക്കുന്നവരുടെയും കണ്ടയിൻമെന്റ് സോണുകളിൽ താമസിക്കുന്നവരുടെയും കൂടാതെ ഒറ്റപ്പെട്ട് താമസിക്കുന്ന വൃദ്ധജനങ്ങളുടെയും വീടുകളിലേയ്ക്ക് ഭക്ഷ്യസാധനങ്ങൾ കൺസ്യൂമർഫെഡ് എത്തിച്ചുനൽകുന്നുണ്ട്. www.consumerfed.in എന്ന വെബ് പോർട്ടൽ ആരംഭിച്ച് ഓൺലൈനായി ഓർഡറുകൾ സ്വീകരിക്കുകയും സാധനങ്ങൾ ഓൺലൈൻ വ്യാപാരത്തിലൂടെ വീടുകളിലെത്തിക്കുകയും, മൊബൈൽ ത്രിവേണികളുടെ റൂട്ടുകൾ പ്രത്യേകം ഷെഡ്യൂൾ ചെയ്ത് മലയോര തീരദേശ മേഖലകളിലും കണ്ടയിൻമെന്റ് സോണുകളിലും അവശ്യസാധനങ്ങൾ വിതരണം നടത്തുകയും ചെയ്യുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ത്രിവേണി സൂപ്പർമാർക്കറ്റുകൾ ഉപഭോക്താക്കൾക്കായി പൂർണ്ണ സമയവും അവശ്യ സർവ്വീസായി തുറന്ന് പ്രവർത്തിച്ചും കോവിഡ്കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി ഇടപെടലുകൾ നടത്തുന്നു. ഓണം ഉത്സവ കാലത്തോടനുബന്ധിച്ച്

അവശ്യസാധനങ്ങളുടെ വില വർദ്ധനവിനെ നിയന്ത്രിക്കുന്നതിനുവേണ്ടി സർക്കാർ ധനസഹായത്തോടെ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ സബ്സിഡി വിപണി മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും നടത്തുന്നതാണ്. 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡിയോടു കൂടി സംസ്ഥാനത്തെ 2000 വിപണന കേന്ദ്രങ്ങളിലൂടെ പൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അമിത പലിശ ഈടാക്കൽ

242(5401) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്ക് അമിതപലിശ ഈടാക്കുന്നതായുള്ള ആക്ഷേപം ഗൗരവമായി കണ്ട് പരിഹാരനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

വാണിജ്യ ബാങ്കുകളുടെ പലിശ നിരക്കുമായി താരതമ്യം ചെയ്താൽ സംസ്ഥാന സഹകരണ ബാങ്കിന്റെ വായ്പാ പലിശ നിരക്ക് ഉയർന്നതാണ്. ബാങ്കിലെ നിക്ഷേപത്തിന്റെ കോസ്റ്റ് ഓഫ് ഫണ്ടിന് അനുസരിച്ചാണ്

പലിശ നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. വാണിജ്യ ബാങ്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കേരള ബാങ്കിന്റെ കോസ്റ്റ് ഓഫ് ഫണ്ട് കൂടുതലാണ്. ആയതിനാലാണ് പലിശനിരക്ക് ഉയർന്നുവരുന്നത്. കോസ്റ്റ് ഓഫ് ഫണ്ട് കുറയുന്നതനുസരിച്ച് വായ്പാ പലിശനിരക്ക് കുറയ്ക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. കുറഞ്ഞ പലിശ നിരക്കിലുള്ള നിരവധി വായ്പാ പദ്ധതികൾ ബാങ്ക് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ നടന്നു വരുന്നു.

കേരള ബാങ്കിൽ കോർ ബാങ്കിംഗ് സംവിധാനം

243(5402) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ ലയിച്ച പതിമൂന്ന് ജില്ലാ സഹകരണ ബാങ്കുകളെയും കോർ ബാങ്കിംഗ് സംവിധാനത്തിലൂടെ ഒരു പൊതു പ്ലാറ്റ്ഫോമിൽ കൊണ്ടുവരുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

വ്യത്യസ്ത കോർ ബാങ്കിംഗ് സൊല്യൂഷനുകളിൽ പ്രവർത്തിക്കുന്ന കേരള

ബാങ്കിന്റെ ഓഫീസുകളെ ഒരു ഏകീകൃത കോർ ബാങ്കിംഗ് സംവിധാനത്തിൽ കൊണ്ടുവരുന്നതിന് സർവ്വീസ് പ്രൊവൈഡറെ തെരഞ്ഞെടുക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) ഇല്ലെങ്കിൽ അടിയന്തരമായി കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

വ്യത്യസ്ത കോർ ബാങ്കിംഗ് സൊല്യൂഷനുകളിൽ പ്രവർത്തിക്കുന്ന കേരള ബാങ്കിന്റെ ഓഫീസുകളെ ഒരു ഏകീകൃത കോർ ബാങ്കിംഗ് സംവിധാനത്തിൽ കൊണ്ടുവരുന്നതിന് സർവ്വീസ് പ്രൊവൈഡറെ തെരഞ്ഞെടുക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്.

കേരള ബാങ്കിലെ ഒഴിവുകൾ നികത്താൻ നടപടി

244(5403) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്കിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കേരള ബാങ്കിന്റെ സ്പെഷ്യൽ റൂൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. നിയമന നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

മുക്കുപണ്ടം പണയം വച്ച് വായ്പ തട്ടിപ്പ്

245(5404) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. പി. എ. മജീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ മുക്കുപണ്ടം പണയം വച്ച് വായ്പ തട്ടിപ്പ് നടക്കുന്നതായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം അയിരൂപ്പാറ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ മുതലിനത്തിൽ 3,24,54,000/- രൂപയുടെ ക്രമക്കേട് കണ്ടെത്തുകയും ആയതിന്മേൽ അന്വേഷണം നടത്തിവരികയും ചെയ്യുന്നു. ആർബിട്രേഷൻ ഫയൽ ചെയ്ത കേസുകളിൽ എക്സിക്യൂഷൻ നടപടികളും നടന്നുവരുന്നു. തിരുവനന്തപുരം ജില്ലാ ടൂറിസം വർക്കേഴ്സ് വെൽഫയർ സഹകരണസംഘത്തിൽ മുതലിനത്തിൽ 40,31,900/- രൂപയുടെ ക്രമക്കേട് നടത്തിയിട്ടുള്ളതും ആയത് ഈടാക്കുന്നതിന് സംഘം ബന്ധപ്പെട്ട

കക്ഷികളിൽ നിന്നും 40 സെന്റ് വസ്തു അറ്റാച്ച് ചെയ്യുകയും ചെയ്തിട്ടുണ്ട്.

കൊല്ലം ജില്ലയിൽ കൊല്ലം സിറ്റി സർവ്വീസ് സഹകരണ ബാങ്കിലെ സെക്രട്ടറിയായിരുന്ന ശ്രീമതി ഷീജാകുമാരി മുക്കുപണ്ടം പണയം വച്ച് തട്ടിപ്പ് നടത്തിയത് ശ്രദ്ധയിൽപ്പെടുകയും വകുപ്പുതല അന്വേഷണം നടത്തി സർചാർജ്ജ് ഉത്തരവുകൾ നൽകുകയും പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ടി ജീവനക്കാരിയെ ബാങ്ക് സേവനത്തിൽനിന്നും പിരിച്ചു വിടുകയും തുകകൾ ഈടാക്കിയെടുക്കുന്നതിന് അന്യായം ഫയൽചെയ്യുകയും ചെയ്തിട്ടുണ്ട്.

കോട്ടയം ചെങ്ങളം സർവ്വീസ് സഹകരണ ബാങ്കിൽ 3,96,600/- രൂപ മനോജ് എം. എന്നയാൾ മുക്കുപണ്ടം പണയം വച്ച് സ്വർണ്ണ വായ്പ എടുക്കുകയും ടിയാൾക്കെതിരെ 18.11.2017-ന് 1309/2017, 151310/2017 എന്നീ നമ്പറുകളിലായി പോലീസ് കേസ് ഫയൽ ചെയ്തിട്ടുണ്ട്. 2015-16 വർഷം കുമരകം റീജിയണൽ സർവ്വീസ് സഹകരണ ബാങ്കിന്റെ ഹെഡ് ആഫീസിൽ സ്വർണ്ണപ്പണയ വായ്പയിൽ മുൻ ജീവനക്കാരായിരുന്ന ലീലാമണി പി.സി., ഇന്ദിരാഭായി കെ.ആർ. എന്നിവർ 19,53,900/- രൂപയുടെ ക്രമക്കേട് നടത്തുകയും ആയതിന്മേൽ സഹകരണ നിയമം 66(1) പ്രകാരം അന്വേഷണം നടത്തി ടി തുക പ്രസ്തുത ജീവനക്കാരിൽനിന്നും

ഈടാക്കുകയും ടിയാളുകൾക്കെതിരെ 1323/18 നമ്പരായി ക്രിമിനൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഏഴാച്ചേരി സർവ്വീസ് സഹകരണ ബാങ്കിൽ 3 വായ്പകളിലായി 19,400/- രൂപയും കൊഴുവനാൽ സർവ്വീസ് സഹകരണ ബാങ്കിൽ 3 വായ്പകളിലായി 2,68,000/- രൂപയും മുക്കുപണ്ടം തട്ടിപ്പ് കണ്ടെത്തുകയും ടി തുകകൾ കക്ഷികളിൽനിന്ന് ഈടാക്കി വായ്പ ക്ലോസ് ചെയ്തിട്ടുള്ളതുമാണ്. കിഴതടിയൂർ സർവ്വീസ് സഹകരണ ബാങ്കിൽ 7 വായ്പകളിലായി 4,99,000/- രൂപയുടെ മുക്കുപണ്ട ക്രമക്കേടിന്മേൽ നിലവിൽ പാലാ മജിസ്ട്രേറ്റ് കോടതിയിൽ 712/16 നമ്പരായി കേസ് തുടർന്നുവരുന്നു. തലപ്പലം സർവ്വീസ് സഹകരണ ബാങ്കിൽ 2 വായ്പകളിലായി 90,000/- രൂപയുടെ മുക്കുപണ്ട ക്രമക്കേട് കണ്ടെത്തുകയും ഈരാറ്റുപേട്ട പോലീസ് പ്രതിയെ അറസ്റ്റ് ചെയ്ത് കേസ് തുടർന്നുവരുന്നു. ഈരാറ്റുപേട്ട സർവ്വീസ് സഹകരണ ബാങ്കിൽ 3,21,452/- രൂപയുടെ മുക്കുപണ്ട പണയ ക്രമക്കേടിൽ തുക ഈടാക്കിയിട്ടുള്ളതും കേരള സഹകരണ നിയമം വകുപ്പ് 66(2) പ്രകാരം അന്വേഷണം തുടർന്നുവരുകയും ചെയ്യുന്നു.

ഇടുക്കി ജില്ലയിലെ തങ്കമണി സർവ്വീസ് സഹകരണ ബാങ്കിൽ 30.07.2019-ന് നടത്തിയ പരിശോധനയിൽ 5 അംഗങ്ങൾ 25 വായ്പകളിലായി 501.7 ഗ്രാം മുക്കുപണ്ടം പണയപ്പെടുത്തി 10,86,000/- രൂപ

എടുത്തിട്ടുണ്ട്. തുടർന്ന് തങ്കമണി പോലീസ് സ്റ്റേഷനിൽ 0145/2019 നമ്പരായി കേസ് ഫയൽ ചെയ്യുകയും ടി കക്ഷികൾക്കെതിരെ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്.

എറണാകുളം മലയിടംതുരുത്ത് സർവ്വീസ് സഹകരണ ബാങ്കിൽ 91.900 ഗ്രാം വ്യാജസ്വർണ്ണം പണയം വച്ച് 2,06,700/- രൂപ വായ്പയെടുത്തിട്ടുള്ളതായി കണ്ടെത്തുകയും ആയതുസംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ഉത്തരവാദപ്പെട്ട ജീവനക്കാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. പിണ്ടിമന സർവ്വീസ് സഹകരണ ബാങ്കിൽ 2014 വർഷം മുക്കുപണ്ടം പണയം വച്ച് 83.5 ലക്ഷം രൂപയുടെ തട്ടിപ്പ് കണ്ടെത്തുകയും പ്രസ്തുത തുകകൾ പണയം വച്ച വ്യക്തികളിൽ നിന്ന് ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിച്ചിട്ടുള്ളതും ഉത്തരവാദപ്പെട്ട ജീവനക്കാർക്കെതിരെ ചട്ടം 198 പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മാഞ്ഞാലി സർവ്വീസ് സഹകരണ ബാങ്കിൽ 2020-21 വർഷത്തിൽ 20,19,000/- രൂപയുടെ വ്യാജസ്വർണ്ണ പണ്ട പണയം കണ്ടെത്തുകയും ഉത്തരവാദപ്പെട്ട ജീവനക്കാരിൽനിന്നും തൊട്ടടുത്ത പ്രവൃത്തി ദിവസം ഈടാക്കിയിട്ടുള്ളതും ക്രിമിനൽ കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്. മലപ്പുറം ജില്ലയിൽ താനാളൂർ സഹകരണ ബാങ്കിൽ 7,57,421/- രൂപയുടെ

വ്യാജ സ്വർണ്ണം പണയം വയ്ക്കുകയും പ്രസ്തുത തുക തിരികെ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ടി ബാങ്കിലെ അപ്രൈസറെ പിരിച്ചുവിടുകയും സെക്രട്ടറിയെ അസിസ്റ്റന്റ് സെക്രട്ടറിയായി തരംതാഴ്ത്തുകയും ആരോപണ വിധേയരായ മറ്റ് ജീവനക്കാരുടെ ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് താനൂർ പോലീസ് സ്റ്റേഷനിൽ 93/2017 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആനമങ്ങാട് സഹകരണ ബാങ്കിൽ 1.75 ലക്ഷം രൂപയുടെ ക്രമക്കേട് നടന്നിട്ടുണ്ട്. 02.08.2018-ന് FIR No. 572/2018 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ വടകര ബ്ലോക്ക് എംപ്ലോയീസ് സഹകരണ സംഘത്തിൽ 4 വായ്പകളിലായി 1,45,300/- രൂപയുടെയും പുറമേരി സർവ്വീസ് സഹകരണ ബാങ്കിൽ ഒരു വായ്പയിൽ 80,000/- രൂപയുടെയും കാലിക്കറ്റ് കോ-ഓപ്പറേറ്റീവ് ഫാംസ് ഫീഡ്സ് ആൻഡ് അഗ്രിക്കൾച്ചറൽ ഇൻഡസ്ട്രിയൽ സൊസൈറ്റിയിൽ 5,05,000/- രൂപയുടെയും പെരുമണ്ണ സർവ്വീസ് സഹകരണ ബാങ്കിന്റെ കുറ്റിക്കാട്ടൂർ ശാഖയിൽ 1,70,000/- രൂപയുടെയും കാലിക്കറ്റ് സിറ്റി സർവ്വീസ് സഹകരണ ബാങ്കിൽ മൂന്ന് വായ്പകളിലായി 4,95,500/- രൂപയുടെയും ക്രമക്കേടുകൾ കണ്ടെത്തുകയും ആയത് നടപടികൾക്കായി പോലീസിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

വയനാട് 2009 കാലഘട്ടത്തിൽ സുൽത്താൻ ബത്തേരി, മാനന്തവാടി താലൂക്കുകളിൽ മാനന്തവാടി ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, മാനന്തവാടി താലൂക്ക് എംപ്ലോയിസ് സഹകരണ സംഘം, പുൽപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്, പൂതാടി സർവ്വീസ് സഹകരണ ബാങ്ക് എന്നീ സംഘങ്ങളിൽ ക്രമക്കേട് റിപ്പോർട്ട് ചെയ്യപ്പെടുകയും ആയതുസംബന്ധിച്ച് വകുപ്പുതല ക്രമിനൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ മേൽ കേസുകൾ കോടതിയുടെ പരിഗണനയിലാണ്.

കണ്ണൂർ ജില്ലയിലെ ഇരിട്ടി പബ്ലിക്ക് സർവന്റ്സ് സഹകരണ സംഘം, പേരാവൂർ റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക്, മണത്തണ സർവ്വീസ് സഹകരണ ബാങ്ക്, കരിവെള്ളൂർ സോഷ്യൽ വെൽഫെയർ സഹകരണ സംഘം, ചക്കരക്കൽ അർബൻ സഹകരണ സംഘം എന്നിവിടങ്ങളിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുകയും കുറ്റക്കാർക്കെതിരെ ക്രമിനൽ കേസ് ഫയൽ ചെയ്യുകയും സംഘങ്ങൾക്ക് ലഭിക്കേണ്ട തുക ഈടാക്കുന്നതിന് വകുപ്പ് 78 പ്രകാരമുള്ള നടപടികളും ആർബിട്രേഷൻ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് പീലിക്കോട് സഹകരണ ബാങ്കിൽ 2015-16 കാലയളവിൽ മുക്കുപണ്ടം പണയപ്പെടുത്തി 1,15,97,527/- രൂപയുടെ വായ്പാ തട്ടിപ്പ് നടത്തുകയും വകുപ്പ് 68(1) പ്രകാരം അന്വേഷണം നടത്താൻ ഹോസ്ദുർഗ്

അസിസ്റ്റന്റ് രജിസ്ട്രാറിനെ ചുമതല പ്പെടുത്തി കാസർഗോഡ് ജോയിന്റ് രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. ടി ജില്ലയിലെ ഉദുമ വനയാൽ അർബൻ സഹകരണ സംഘത്തിൽ കണ്ടെത്തിയ ക്രമക്കേടുകളിന്മേൽ വകുപ്പുതല അന്വേഷണവും ആർബിട്രേഷൻ നടപടികളും നടന്നുവരുകയും മുട്ടത്തോടി സർവ്വീസ് സഹകരണ ബാങ്കിൽ 3.92 കോടി രൂപയുടെ ക്രമക്കേട് കണ്ടെത്തുകയും 3.44 കോടി രൂപ തിരികെ ലഭിക്കാനുള്ളതുമാണ്. വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തി, വകുപ്പ് 68 പ്രകാരം സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിനെതിരെ ബാങ്ക് ബഹു. ഹൈക്കോടതിയെ സമീപിക്കുകയും, കോടതി സർക്കാരിനെ സമീപിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ബാങ്ക് സർക്കാരിലേയ്ക്ക് അപ്പീൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മഞ്ചേശ്വരം സർവ്വീസ് സഹകരണ സംഘത്തിൽ മുക്കുപണ്ടം പണയം വച്ച് അപ്രൈസറായിരുന്നയാളും മറ്റ് ഏഴുപേരും ചേർന്ന് 51,02,700/- രൂപയുടെ പണാപഹരണം നടത്തുകയും ബാങ്ക് പോലീസിൽ കേസ് ഫയൽ ചെയ്യുകയും അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) തട്ടിപ്പുകാർക്ക് കൂട്ടുനിൽക്കുന്നവർക്കെതിരെ സ്വീകരിച്ചുവരുന്ന

നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന സഹകരണനിയമം വകുപ്പ് 65/66 പ്രകാരമുള്ള അന്വേഷണം നടത്തുകയും തുടർന്ന് കേരള സംസ്ഥാന സഹകരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണം നടത്തി ബാദ്ധ്യത തിട്ടപ്പെടുത്തിയ ശേഷം ബന്ധപ്പെട്ടവരുടെ പേരിൽ കേരള സംസ്ഥാന സഹകരണ നിയമം വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ്ജ് നടപടികളും സിവിൽ, ക്രിമിനൽ നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഈ രീതിയിലുള്ള തട്ടിപ്പുകൾ തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ?

സഹകരണ സ്ഥാപനങ്ങളിലെ ഇത്തരം തട്ടിപ്പുകൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

ബാങ്കിംഗ് റഗുലേഷൻ ആക്ട് ഭേദഗതി

246(5405) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ വരുത്തിയ ഭേദഗതിയെത്തുടർന്ന് സഹകരണ ജനാധിപത്യം നഷ്ടപ്പെടുന്ന രീതിയിൽ കേരളത്തിലെ സഹകരണ അർബൻ ബാങ്കുകളുടെ മേൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

നടപ്പിലാക്കുന്ന പുതിയ നിയന്ത്രണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിൽ വരുത്തിയ ഭേദഗതിയിലൂടെ സെക്ഷൻ 10-ലെ വ്യവസ്ഥകൾ ബാങ്കിംഗ് ലൈസൻസുള്ള സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. പ്രസ്തുത നിയമ വ്യവസ്ഥകൾ പ്രകാരം മാനേജിംഗ് ഡയറക്ടറുടെ നിയമനത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്. 10(B)-യിലെ വ്യവസ്ഥകൾ ചെയർമാന്റെ യോഗ്യത നിശ്ചയിക്കുന്നതാണ്. ചെയർമാനെ നിയമിക്കുന്നതിനും നീക്കം ചെയ്യുന്നതിനും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് അധികാരം നൽകുന്നുണ്ട്. ബാങ്കിംഗ് നിയമത്തിലെ വകുപ്പ് 36 AA പ്രകാരം, ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ RBI-യ്ക്ക് അധികാരമുണ്ട്. നിയമഭേദഗതിയിലൂടെ 36 AAA എന്ന പുതിയ ഭേദഗതി ഉൾപ്പെടുത്തുകയുണ്ടായി. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണസമിതിക്കെതിരെ നടപടിയെടുക്കാനും

ബാങ്കിംഗ് ലൈസൻസുള്ള സഹകരണ ബാങ്കുകളുടെ ഭരണസമിതിയെ നീക്കംചെയ്യാനും RBI-യ്ക്ക് അധികാരം നൽകുന്നുണ്ട്. ആക്ടിന്റെ 56-ാം വകുപ്പിൽ വരുത്തിയ ഭേദഗതിയിലൂടെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ RBI-യ്ക്ക് വിപുലമായ അധികാരം നൽകുന്നുണ്ട്. സംഘത്തിന്റെ ബൈലോ റദ്ദാക്കാൻപോലും RBI-യ്ക്ക് അധികാരം നൽകുന്നുണ്ട്. ബാങ്കിംഗ് നിയമ (ഭേദഗതി) 2020 ബിൽ, നിയമമാകുന്നതിന് മുമ്പ് ആയതിലെ, സഹകരണബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് 14-ാം കേരള നിയമസഭ ഒരു പ്രമേയത്തിലൂടെ ഐകകണ്ഠ്യേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തരവും പ്രശ്നം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

സഹകരണ അർബൻ ബാങ്കുകളുടെ ഉന്നമനം

247(5406) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ അർബൻ ബാങ്കുകളുടെ ഉന്നമനത്തിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നയങ്ങൾ വ്യക്തമാക്കാമോ

(ബി) കേരളത്തിലെ സഹകരണ അർബൻ ബാങ്കുകളെ കേരള ബാങ്കിന്റെ ഭാഗമാക്കി മാറ്റുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ?

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) സഹകരണ അർബൻ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അനോമലി പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വീസ് സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനോമലികൾ പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉണ്ട്. സർവ്വീസ് സംഘടനകളും ഏതാനും ജീവനക്കാരും സമർപ്പിച്ച അപേക്ഷകൾ എല്ലാം ഒരുമിച്ച് പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്

248(5407)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) കരുവന്നൂർ ബാങ്ക് തട്ടിപ്പിനെക്കുറിച്ച് 2019-ൽ സഹകരണ വകുപ്പുമന്ത്രിക്ക് പരാതി ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. വി. സുരേഷ് ബഹു. സഹകരണ വകുപ്പുമന്ത്രിയെ ധരിപ്പിച്ച പരാതിയുടെയും തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ക്ക് 16.01.2019-ന് രേഖാമൂലം നൽകിയ പരാതിയുടെയും അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും സഹകരണ നിയമം 65 പ്രകാരമുള്ള അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) എങ്കിൽ പ്രസ്തുത പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ?

ശ്രീ.എം.വി. സുരേഷ് ബഹു. സഹകരണ വകുപ്പുമന്ത്രിയെ ധരിപ്പിച്ച പരാതിയുടെയും തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ക്ക് 16.01.2019-ന് രേഖാമൂലം നൽകിയ പരാതിയുടെയും അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും സഹകരണ നിയമം 65 പ്രകാരമുള്ള അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(സി) ഇല്ലെങ്കിൽ തട്ടിപ്പിനെക്കുറിച്ച് 2019-ൽ പരാതി ലഭിച്ചിട്ടും നടപടിയെടുക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ?

ബാധകമല്ല.

കരുവന്നൂർ സഹകരണ ബാങ്കിലെ അഴിമതി

249(5408) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

16.01.2019-ലെ ജോയിന്റ് രജിസ്ട്രാറുടെ റിപ്പോർട്ട് പ്രകാരം കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ അഴിമതി കണ്ടെത്തിയിരുന്നോ; എങ്കിൽ ഈ കാര്യത്തിൽ 2021 ജൂൺ വരെ എന്തൊക്കെ തുടർനടപടി സ്വീകരിച്ചുവെന്നറിയിക്കാമോ?

16/01/2019-ൽ കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതിയുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളൊന്നും ജോയിന്റ് രജിസ്ട്രാർക്ക് ലഭിച്ചിട്ടില്ല. 16/01/2019 -ൽ ജോയിന്റ് രജിസ്ട്രാർക്ക് ലഭിച്ച പരാതിയിന്മേലുള്ള അന്വേഷണത്തിന്റെ ഭാഗമായി ബാങ്കിന്റെ പ്രവർത്തനങ്ങളിൽ ക്രമക്കേടുകളുള്ളതായി കണ്ടെത്തുകയും സഹകരണ നിയമം പ്രകാരമുള്ള അന്വേഷണം ശിപാർശ ചെയ്യുകയും 30/07/2019-ന് റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. 31/08/2019-ൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം ഉത്തരവായിട്ടുള്ളതും 22/12/2020-ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. റിപ്പോർട്ടിൽ ഹിയറിംഗ് ഉൾപ്പെടെയുള്ള

നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതും 22/07/2021-ന് ബാങ്ക് ഭരണസമിതിയെ സഹകരണ നിയമം വകുപ്പ് 32 പ്രകാരം നീക്കം ചെയ്തിട്ടുള്ളതുമാണ്. സർചാർജ്ജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 (1) പ്രകാരം അന്വേഷണം 06/07/2021-ന് ഉത്തരവായിട്ടുണ്ട്.

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതി

250(5409) ശ്രീ. സി. ആർ മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ ഇരുന്നൂറ് കോടി രൂപയുടെ അഴിമതി കണ്ടെത്തിയതായി മുൻ സഹകരണ വകുപ്പുമന്ത്രിക്ക് നേരിട്ട് പരാതി ലഭിച്ചിരുന്നോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ 2021 ജൂൺ വരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ശ്രീ.എം.വി. സുരേഷ് ബഹു. സഹകരണ വകുപ്പുമന്ത്രിയെ ധരിപ്പിച്ച പരാതിയുടെയും തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ക്ക് 16.01.2019-ന് രേഖാമൂലം നൽകിയ പരാതിയുടെയും അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും സഹകരണ നിയമം 65 പ്രകാരമുള്ള അന്വേഷണം നടത്തി

നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

കേരളത്തിന് നബാർഡിൽ നിന്നും ലഭിച്ച തുക

251(5410) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷം സഹകരണ വകുപ്പിന്റെ എതെല്ലാം പദ്ധതികൾക്കായി നബാർഡിൽനിന്നും എത്ര കോടി രൂപ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. +

(ബി) കേന്ദ്ര സർക്കാരിന്റെ പുതിയ സഹകരണ നിയമം പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളെ ഏതെല്ലാം തരത്തിലാണ് ബാധിക്കുക എന്ന് വിശദമാക്കാമോ?

കേന്ദ്രസർക്കാർ 2020-ൽ ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ടി നിയമത്തിലെ വകുപ്പ് 3 പ്രകാരം ടി ഭേദഗതികൾ പ്രാഥമിക കാർഷിക വികസന ബാങ്കുകൾക്ക് ബാധകമല്ല. അതിനാൽ കാർഷിക വായ്പ നൽകുന്ന പ്രാഥമിക സംഘങ്ങൾ ' Bank, Banker, Banking' എന്നീ പദങ്ങൾ അവയുടെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതും ഇടപാടുകാർക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെക്ക് പോലുള്ള സൗകര്യങ്ങൾ ഉപയോഗിക്കാനാവാത്തതുമാണ്. തന്മൂലം Bank എന്ന പേരിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ മതിപ്പ് ഇല്ലാതാകാനും ആയത് വഴി നിക്ഷേപത്തിൽ കുറവുവരുന്നതിനും സാഹചര്യമുണ്ടാകാം.

കരുവന്നൂർ ബാങ്കിന് പുനരുദ്ധാരണ പാക്കേജ്

252(5411) ശ്രീ. റോജി എം. ജോൺ:
ശ്രീ. സജീവ് ജോസഫ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്കിനായി പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിനായി നിലവിൽ പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കിയിട്ടില്ല.

(ബി) കരുവന്നൂർ സഹകരണ ബാങ്കിന്റെ പേരിൽ ക്രമക്കേട് നടത്തിയ വ്യക്തികളുടെ സ്വത്തുക്കൾ കണ്ടുകെട്ടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പേരിൽ ക്രമക്കേട് നടത്തിയ വ്യക്തികളെ സർച്ചാർജ്ജ് ചെയ്യുന്നതിന്റെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്.

(സി) സഹകരണ ബാങ്ക് ഉദ്യോഗസ്ഥർ മനഃപൂർവം വീഴ്ച വരുത്തിയാൽ കർശനനടപടി എടുക്കാൻ സഹകരണ നിയമത്തിൽ വ്യവസ്ഥകളുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നിയമ ഭേദഗതി വരുത്താൻ തയ്യാറാകുമോ?

സഹകരണ നിയമത്തിൽ വ്യവസ്ഥയുണ്ട്.

പൂഞ്ഞാർ സർവ്വീസ് സഹകരണ ബാങ്കിലെ വായ്പ കുടിശ്ശിക

253(5412) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്മിനിസ്ട്രേറ്റർ ഭരണത്തിലുള്ളതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ പൂഞ്ഞാർ സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ പണം തിരിച്ചുനല്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വായ്പാ കുടിശ്ശിക, GDCS കുടിശ്ശിക എന്നീ ഇനങ്ങളിൽ സംഘത്തിലേയ്ക്ക് വരുന്ന പണം വിവാഹം, ചികിത്സ തുടങ്ങിയ അടിയന്തര ആവശ്യങ്ങൾക്ക് ബാങ്കിനെ സമീപിക്കുന്ന നിക്ഷേപകർക്ക് നൽകിവരുന്നു.

(ബി) ഭീമമായ വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

സംഘത്തിന്റെ 2019-20 വർഷം വരെയുള്ള ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം 50.97 കോടി രൂപയുടെ നിക്ഷേപ ബാക്കിനിൽപ്പും 60.48 കോടി രൂപയുടെ വായ്പാ ബാക്കിനിൽപ്പും ഉണ്ട്. വായ്പാ ബാക്കി നിൽപ്പിൽ 49.85 കോടി രൂപ കുടിശ്ശികയാണ്. കുടിശ്ശിക വായ്പകളിന്മേൽ 44.5 കോടി രൂപയ്ക്ക് നിയമാനുസരണം രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുള്ളതാണ്. 382 വായ്പാ ഫയലുകളിലായി 22.35 കോടി രൂപയുടെ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിരിക്കുന്നു. കൂടാതെ 6.98 കോടി രൂപയുടെ എക്സിക്യൂഷൻ പെറ്റീഷൻ നിലനിൽക്കുന്നു. 31.03.2020 വരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. നിലവിലെ വർദ്ധിച്ചുവരുന്ന വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനായി കേരള സർക്കാരിന്റെ നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതി പ്രകാരമുള്ള അദാലത്തുകൾ സംഘടിപ്പിച്ചുവരുന്നു. 01.01.2019 മുതൽ 31.03.2021 വരെയുള്ള കാലയളവിൽ ‘ നവകേരളീയം കുടിശ്ശിക നിവാരണം’ പദ്ധതി പ്രകാരം 12 ദിവസങ്ങളിൽ അദാലത്ത് സംഘടിപ്പിക്കുകയും 261 വായ്പകളിന്മേൽ പലിശ, പിഴപ്പലിശ, മറ്റിനം ചെലവുകൾ എന്നിവയിലായി 73.69 ലക്ഷം രൂപയുടെ ആനുകൂല്യം കുടിശ്ശിക വായ്പക്കാർക്ക് ലഭ്യമാക്കുകയും ചെയ്തു. (ടി ബാങ്കിന് പ്രത്യേകമായി

03.12.2019 മുതൽ 31.12.2019 വരെ കാലയളവിൽ രൊക്കം പണമടച്ച് തീർപ്പാക്കുന്നവർക്ക് ' നവകേരളീയം കുടിശ്ശിക നിവാരണം-2019' പദ്ധതി പ്രകാരമുള്ള നിയമാനുസൃത ഇളവുകൾ നൽകുന്നതിന് ബാങ്കിന് അനുവാദം നൽകിയിരുന്നു.) 2019 ജൂലൈ മുതൽ വെള്ളപ്പൊക്ക കെടുതികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി നിലവിൽവന്ന മൊറട്ടോറിയവും തുടർന്ന് കോവിഡ്-19 മഹാമാരിയുടെ ഭാഗമായി 31.03.2021 വരെ നിലനിന്ന മൊറട്ടോറിയവും നിമിത്തം കുടിശ്ശിക വായ്പകളിന്മേൽ നിയമാനുസരണ നടപടികൾ കൈക്കൊള്ളുന്നതിന് കഴിഞ്ഞിരുന്നില്ല.

(സി) വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനുമുള്ള കോവിഡ് സാഹചര്യത്തിലെ നിയന്ത്രണങ്ങൾ നീക്കുമോയെന്നും വായ്പയുടെ പലിശനിരക്കിൽ ഇളവ് നൽകുന്നതിന് പ്രത്യേക പാക്കേജ് അനുവദിക്കുമോയെന്നും വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

അക്കൗണ്ടിംഗ് സുതാര്യമാക്കാൻ നടപടി

254(5413) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകളിൽ സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനായി അക്കൗണ്ടിംഗ് സുതാര്യവും കുറ്റമറ്റതുമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സഹകരണ ബാങ്കുകളിൽ സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനായി അക്കൗണ്ടിംഗ് സുതാര്യവും കുറ്റമറ്റതുമാക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. കമ്പ്യൂട്ടർവത്കൃത സംഘങ്ങളിൽ ആഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്ക രീതിയിൽ മാർഗ്ഗനിർദ്ദേശം ആഡിറ്റർമാർക്ക് നൽകിയിട്ടുണ്ട്.

2. ആഡിറ്റർമാർക്ക് ആഡിറ്റ് സംബന്ധിച്ച് തുടർച്ചയായ പരിശീലനം നൽകിവരുന്നു.

3. സ്വർണ്ണപ്പണയ പണ്ടങ്ങളുടെ പരിശോധന കാലാനുസൃതമായി കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

4. വകുപ്പുതലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം പ്രതിമാസം താലൂക്ക്/ജില്ലാ/സംസ്ഥാനതലത്തിലും നടത്തുന്നുണ്ട്.

5. പരിഷ്കരിച്ച ആഡിറ്റ് മാന്വൽ പ്രകാരം ആഡിറ്റ് നടത്തുന്നതിന്

ആഡിറ്റർമാർക്കാവശ്യമായ പരിശീലനം നൽകിവരുന്നു.

6. പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

7. അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തിക നില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

8. ആഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

9.ആഡിറ്റ് ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചാവക്കാട് ഫർക്ക റൂറൽ ബാങ്കിലെ അഴിമതി

255(5414) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് ഫർക്ക കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിലെ അഴിമതി ആരോപണത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ചാവക്കാട് ഫർക്ക കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിലെ അഴിമതി

ആരോപണത്തിന്മേൽ സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം അന്വേഷണം നടന്നുവരുന്നു.

(ബി) ഗുരുവായൂർ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിലെ നിയമനവുമായി ബന്ധപ്പെട്ട് പോലീസ് വിജിലൻസ് കേസെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സഹകരണ വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉണ്ട്. സഹകരണ നിയമം 66 പ്രകാരം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് ബാങ്കിനുണ്ടായ നഷ്ടം ഈടാക്കുന്നതിന്റെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 പ്രകാരം അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതാണ്.

മുഹ സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേടുകൾ

256(5415) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മുഹ സഹകരണ ബാങ്കിലെ പണമിടപാടുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ?

കണ്ടെത്തിയിട്ടുണ്ട്.

(ബി) എങ്കിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയതെന്ന് അറിയിക്കുമോ; ഇതിന് ഉത്തരവാദികൾ ആരൊക്കെയാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

മുഹ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.എഫ്. 33-ന്റെ മുൻ സെക്രട്ടറിമാരും, ഭരണസമിതിയും ചട്ട വിരുദ്ധമായും അനധികൃതമായും അംഗങ്ങൾക്ക് വായ്പ നൽകിയതിലൂടെ ഭീമമായ തുക കുടിശ്ശിക വരുത്തുകയും ബാങ്ക് പ്രതിസന്ധിയിലാവുകയും ചെയ്തു. നൽകിയ വായ്പ വർഷാവർഷം പലിശയോടുകൂടി പുതുക്കി നൽകിയതിനാലാണ് ഈടുവച്ച ആസ്തിയെക്കാൾ കൂടുതൽ തുക വായ്പയായി മാറിയത്. ബാങ്കിലെ മുൻ സെക്രട്ടറിമാരായ ശ്രീ.നാരായണൻ നമ്പ്യാർ, ശ്രീ. ശങ്കരഭട്ട്, മുൻ പ്രസിഡന്റ് എസ്. നാരായണ, പ്യൂൺ ശ്രീ. വാസു ബി. എന്നിവരാണ് ഉത്തരവാദികൾ.

(സി) ഉത്തരവാദികളായവർക്കെതിരെ തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സ്വീകരിച്ചിട്ടുണ്ട്. വകുപ്പ് 65, 68 പ്രകാരമുള്ള അന്വേഷണങ്ങൾ നടത്തുകയും തുടർന്ന് വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവിനെതിരെ മുൻ സെക്രട്ടറി ശ്രീ.നാരായണൻ നമ്പ്യാർ ബഹു.ഹൈക്കോടതിയിൽനിന്നും നിലവിൽ സ്റ്റേ

വാങ്ങിയിട്ടുണ്ട്.

സഹകരണ സംഘങ്ങൾ നടത്തുന്ന ചിട്ടികൾ

257(5416) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ മറ്റ് സ്കീമുകളെന്ന വ്യാജേന ചിട്ടികൾ നടത്തി നികുതി വെട്ടിപ്പ് നടത്തുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സഹകരണ സ്ഥാപനങ്ങൾ മറ്റ് സ്കീമുകളെന്ന വ്യാജേന നികുതി വെട്ടിപ്പ് നടത്തുന്നതായി ഒരു പരാതി ലഭിച്ചിട്ടുണ്ട്. പരാതി പരിശോധിച്ചതിൽ, പരാതിയിലെ പരാമർശ വിഷയങ്ങൾ അടിസ്ഥാനരഹിതമാണെന്ന് ബോധ്യപ്പെട്ടതിനാൽ മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) സംഘങ്ങൾക്ക് ചിട്ടി നടത്താൻ സഹകരണ നിയമത്തിൽ വ്യവസ്ഥയുണ്ടോ?

സംഘങ്ങൾക്ക് ചിട്ടി നടത്താൻ സഹകരണ നിയമത്തിൽ

വ്യവസ്ഥയില്ല.

(സി) സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന എം.ഡി.എസ്., ജി.ഡി.എസ്. തുടങ്ങിയ സ്കീമുകൾ ചിട്ടിയായി കണക്കാക്കാറുണ്ടോ?

സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന എം.ഡി.എസ്, ജി.ഡി.എസ്. തുടങ്ങിയ സ്കീമുകൾ ചിട്ടിയായി കണക്കാക്കാറില്ല.

(ഡി) ഇത്തരം സ്കീമുകൾ നടത്തുന്നതിന് സർക്കുലറുകൾ പുറപ്പെടുവിക്കാൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരം നൽകുന്നത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ്; വിശദമാക്കാമോ?

1969-ലെ കേരള സഹകരണ നിയമം വകുപ്പ് 66 (എ) പ്രകാരം സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുന്ന അധികാരത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കുലറുകൾ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്നത്.

യുവ സഹകരണ സംഘം പദ്ധതി

258(5417) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവ സഹകരണ സംഘം എന്ന പദ്ധതി നടപ്പാക്കാൻ സഹകരണ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും രൂപീകരണ മാനദണ്ഡങ്ങളെക്കുറിച്ചും വിശദമാക്കാമോ?

18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവരും നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ തത്പരരുമായ സഹകരണ മൂല്യങ്ങളിൽ വിശ്വസിക്കുന്ന യുവജനങ്ങൾക്ക് സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുക ആയതുവഴി യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നുള്ളതാണ് യുവ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. ഒരു ജില്ലയ്ക്കുള്ളിൽ പ്രവർത്തന പരിധിയായിട്ടാണ് ഇത്തരം സംഘങ്ങൾ രജിസ്റ്റർ ചെയ്യ നൽകുന്നത്. യുവജന സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചായിരിക്കും.

(സി) ഏതെങ്കിലും സഹകരണ സംഘങ്ങൾ ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

വിവിധ ജില്ലകളിലായി 07-08-2021 വരെ 11 സഹകരണ സംഘങ്ങൾ ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) എങ്കിൽ ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

07-08-2021 വരെ രജിസ്റ്റർ ചെയ്ത യുവ സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. തിരുവനന്തപുരം-2, കൊല്ലം -4, പത്തനംതിട്ട -1, കോട്ടയം -2, പാലക്കാട് -1, കാസറഗോഡ് -1. ആകെ -11

കാർഷിക സംഘങ്ങൾക്ക് ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ

259(5418) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരള ബാങ്കിന്റെ രൂപീകരണത്തോടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്ന തരത്തിലുള്ള ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനായി 10-08-2020-ലെ സ.ഉ.(സാധാ) 345/2020/സഹ നമ്പർ ഉത്തരവ് പ്രകാരം

സഹകരണ സംഘം രജിസ്ട്രാർ ചെയർമാനായി NIC, IT Mission, Kerala Bank, PACS പ്രതിനിധി എന്നിവർ ഉൾപ്പെട്ട ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും ടി മോണിറ്ററിംഗ് കമ്മിറ്റി Request for Proposal (RFP) തയ്യാറാക്കുകയും ചെയ്തിരുന്നു. ടി RFP പ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ പരിശോധിക്കുന്നതിനായി, 13-01-2021-ലെ സ.ഉ.(സാധാ) 21/2021/സഹ നമ്പർ ഉത്തരവ് പ്രകാരം, സഹകരണ സംഘം രജിസ്ട്രാർ ചെയർമാനായി NIC, IT Mission, Kerala Bank, PACS പ്രതിനിധി, സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), നോഡൽ ആഫീസർ (ഐ.ടി) എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി തയ്യാറാക്കിയ RFP സർക്കാർ അംഗീകരിക്കുകയും ഇ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 31.12.2021-നകം ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലാണ് ഏകീകൃത സോഫ്റ്റ് വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM

തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലും, ഏകീകൃത സോഫ്റ്റ് വെയറിൽ പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് RFP തയ്യാറാക്കിയിട്ടുള്ളത്.

സഹകരണ സംഘങ്ങളിൽനിന്ന് വിദ്യാഭ്യാസ വായ്പ

260(5419)ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽനിന്നും പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും ഇപ്പോൾ വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ടോ എന്നറിയിക്കാമോ?

സഹകരണ ബാങ്കുകളിൽനിന്നും പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും നിലവിൽ വിദ്യാഭ്യാസ വായ്പ നൽകിവരുന്നുണ്ട്.

(ബി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഈ സമയത്ത് ഗ്രാമീണ മേഖലയിൽ കൂടുതൽ

ആളുകൾക്ക് വിദ്യാഭ്യാസ വായ്പ അനുവദിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ?

സഹകരണ ബാങ്കുകളിൽ നിന്നും പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും നിലവിൽ വിദ്യാഭ്യാസ വായ്പ നൽകിവരുന്നുണ്ട്.

(സി) എങ്കിൽ സഹകരണ മേഖലയിൽനിന്നും കൂടുതൽ വായ്പ അനുവദിക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

നിലവിൽ വിദ്യാഭ്യാസ ആവശ്യത്തിനായി സഹകരണ ബാങ്കുകൾ/സംഘങ്ങൾ അപേക്ഷകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വായ്പ അനുവദിച്ചുവരുന്നുണ്ട്. കൂടാതെ സർക്കാരിന്റെ നൂറ് ദിന കർമ്മ പദ്ധതിയോടനുബന്ധിച്ച് കോവിഡ് കാലത്ത് ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾവഴി മൊബൈൽ ഫോൺ വാങ്ങുന്നതിനുവേണ്ടി പലിശരഹിത വായ്പ നൽകുന്നതിലേയ്ക്കായി വിദ്യാതരംഗിണി എന്ന പേരിൽ ഒരു പദ്ധതി 2021 ജൂലൈ 31 വരെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതുവരെ 64,132 വായ്പകളിലായി 60,99,28,569/- രൂപ ലഭ്യമാക്കിയിട്ടുണ്ട്.

കുന്നത്തുനാട് മണ്ഡലത്തിലെ വിദ്യാതരംഗിണി പദ്ധതി

261(5420) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാ തരംഗിണി വായ്പാ പദ്ധതി പ്രകാരം കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങളിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശം ലഭ്യമാക്കാമോ?

വിദ്യാതരംഗിണി പദ്ധതി പ്രകാരം കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങളിൽനിന്നും ആകെ 411 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 411 വായ്പകളും അനുവദിച്ചിട്ടുണ്ട്. ആകെ 40,55,820/- രൂപ വായ്പ ഇനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച വായ്പകളുടെയും തുകയുടെയും വിശദാംശം നൽകാമോ?

09.08.2021 വരെ ലഭ്യമായ വിവരങ്ങൾ അനുസരിച്ച് പ്രസ്തുത പദ്ധതി പ്രകാരം വിതരണം ചെയ്ത വായ്പകളുടെയും തുകകളുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. +

സഹകരണ വായ്പാ തിരിച്ചടവ്

262(5421) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽനിന്നും കേരള ബാങ്കിൽനിന്നും വായ്പയെടുത്തവർ നിര്യാതരായാൽ പ്രസ്തുത ലോൺ ക്ലോസ് ചെയ്യുന്നതിനായി ടിയാളുടെ അവകാശികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽനിന്ന് വായ്പ എടുത്തിട്ടുള്ളവരിൽ മാരക രോഗം ബാധിച്ചവർക്ക് ലോൺ തിരിച്ചടവിന് എന്തെങ്കിലും ഇളവുകൾ നൽകുന്നുണ്ടോ; ആയതിന്റെ വിവരം അറിയിക്കാമോ?

(എ&ബി) അനുബന്ധം [+]

കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായി വായ്പ

263(5422) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങൾവഴി കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായി കൂടുതൽ വായ്പ വിതരണം ചെയ്യുന്നതിന് വായ്പാ നിബന്ധനകൾ ഭേദഗതി ചെയ്യുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങൾ, പ്രാഥമിക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവവഴി കാർഷിക, കാർഷിക അനുബന്ധ വായ്പകൾ നിലവിൽ വിതരണം ചെയ്തുവരുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നിലവിൽ ആകെ വായ്പയുടെ 20% വായ്പകളാണ് ടി ഇനത്തിൽ വിതരണം നടത്തിയിട്ടുള്ളത്. ആയത് 40% വരെ വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം ടി സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.

വായ്പാ തിരിച്ചടവിന് മൊറട്ടോറിയം

264(5423) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം കോവിഡ് വ്യാപന സമയത്ത് കേന്ദ്രസർക്കാർ പൊതുമേഖല/വാണിജ്യ ബാങ്കുകളിൽനിന്നും വായ്പ എടുത്തവർക്ക് തിരിച്ചടവിന് പ്രഖ്യാപിച്ച മൊറട്ടോറിയം സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും ബാധകമാക്കിയിട്ടുണ്ടോ?

2020-ൽ സംസ്ഥാനത്ത് കോവിഡ്-19 രോഗവ്യാപനം രൂക്ഷമായ സാഹചര്യത്തിൽ വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധി

ഉണ്ടാകുകയും ബാങ്കുകളിൽനിന്നും വ്യക്തിഗതമായും അല്ലാതെയും എടുത്ത വായ്പകളുടെ തിരിച്ചടവുകൾ നടക്കാതെ വരികയുംചെയ്ത സാഹചര്യത്തിൽ വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, NBCFCs എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾക്ക് 01.03.2020 മുതൽ 31.05.2020 വരെ മൊറട്ടോറയം അനുവദിക്കുന്നതിന് 27.03.2020-ലെ RBI/2019-20/186, DOR.No.BP.BC.47/21.04.048/2019-20 നമ്പർ കത്ത് മുഖാന്തരം നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിലെ എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01.03.2020 മുതൽ 31.05.2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ തത്സ്ഥിതി രൂക്ഷമായിത്തന്നെ തുടർന്ന സാഹചര്യത്തിൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ 23.05.2020-ലെ RBI/2019-20/244.DOR.No.BP.BC.71/21.04.048/2019-20 നമ്പർ കത്തിലെ നിർദ്ദേശപ്രകാരം ടി മൊറട്ടോറിയത്തിന്റെ കാലാവധി 01.06.2020 മുതൽ 31.08.2020 വരെ വീണ്ടും ദീർഘിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്തവർക്ക് പലിശ

ഇളവ് ചെയ്ത് കൊടുക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ഇത്തരത്തിൽ പലിശ ഇളവ് ചെയ്ത് കൊടുക്കുമ്പോൾ സംഘങ്ങൾക്കുണ്ടാകുന്ന പലിശ നഷ്ടം എങ്ങനെ നികത്താനാണ് ഉദ്ദേശിക്കുന്നത്?

(എ&ബി) ഇല്ല.

റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ

265(5424) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാരക രോഗങ്ങൾ ബാധിച്ചുമരിക്കുന്നവരുടെ വായ്പകൾക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മാരകരോഗം ബാധിക്കുന്ന/മരണപ്പെടുന്ന വായ്പക്കാർക്കുള്ള ചികിത്സാ സഹായവും മരണാനന്തര സഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്/സംഘമാണ് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ടത്. പ്രസ്തുത അപേക്ഷകളിന്മേലുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന്റെ കടം കണക്കിൽ

വരവ് വയ്ക്കുന്നതിനായി ബന്ധപ്പെട്ട സംഘം/ ബാങ്കിന് അനുവദിച്ചുനൽകുന്നു. തുക അനുവദിച്ചശേഷം വിവരം വായ്പക്കാരനെ അറിയിക്കുകയും ചെയ്യുന്നുണ്ട്. റിസ്ക് ഫണ്ട് നിയമാവലിക്ക് വിധേയമായി അർഹതപ്പെട്ട മുഴുവൻ വായ്പക്കാർക്കും ആനുകൂല്യം അനുവദിച്ചുവരുന്നുണ്ട്. റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി കഴിയുന്നത്ര വേഗത്തിൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അപേക്ഷകന് ഓൺലൈനായി അപേക്ഷ സമർപ്പിച്ച് സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനുള്ള സോഫ്റ്റ്വെയർ സംവിധാനം ബോർഡിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കൂടുതൽ ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

സഹകരണ പെൻഷൻകാർക്ക് ക്ഷാമബത്ത

266(5425) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സഹകരണ മേഖലയിലെ പെൻഷൻകാർക്ക് ജീവിത നിലവാര സൂചികയ്ക്കാനുപാതികമായി ക്ഷാമബത്ത അനുവദിക്കണമെന്ന

ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡിൽ നിന്നും പെൻഷൻ വാങ്ങിവരുന്ന പെൻഷൻകാർക്ക് 26.02.2021-ലെ സ.ഉ.(സാധാ)നം.176/2021/സഹ ഉത്തരവ് പ്രകാരം 01.03.2021 പ്രാബല്യത്തിൽ പെൻഷൻ പരിഷ്കരിച്ച് ഉത്തരവായിട്ടുള്ളതാണ്. എല്ലാ വിഷയങ്ങളും പരിഗണിച്ചാണ് പെൻഷൻ പരിഷ്കരണം നടപ്പിലാക്കിയത്.

സഹകരണ റിക്രൂട്ട്മെന്റ് ബോർഡ്

267(5426) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ ഒഴിവുകൾ നികത്തുന്നതിന് രൂപം കൊടുത്ത റിക്രൂട്ട്മെന്റ് ബോർഡ് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്ന രീതി വിശദമാക്കാമോ?

കേരള സഹകരണ സംഘം ആക്ട് 1969-ലെ വകുപ്പ് 80 ബി അനുസരിച്ച് കേരളത്തിലെ പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന

ബാങ്കുകൾ എന്നീ സംഘങ്ങളിൽ നേരിട്ട് നിയമനം നടത്തപ്പെടുന്ന ജൂനിയർ ക്ലാർക്ക് മുതൽ മുകളിലോട്ടുള്ള എല്ലാ തസ്തികകളിലേയ്ക്കും എഴുത്തുപരീക്ഷ നടത്തുന്നതിന് വേണ്ടിയാണ് ബോർഡ് രൂപീകരിച്ചിട്ടുള്ളത്. സംഘം/ബാങ്കുകളിൽ വരുന്ന ഒഴിവുകളിൽ പരീക്ഷാ ബോർഡ് വിജ്ഞാപനം നടത്തി ഒ.എം.ആർ പരീക്ഷ നടത്തുന്നു. ഇന്റർവ്യൂവിന് അർഹരായ ഒരൊഴിവിന് പതിനഞ്ച് ഉദ്യോഗാർത്ഥികളെ വീതം സംഘം/ബാങ്കിന് നൽകുന്നു. സംഘം/ബാങ്ക് അഭിമുഖം നടത്തി പരീക്ഷാ ബോർഡിന് നൽകുന്ന ലിസ്റ്റ് അനുസരിച്ച് പരീക്ഷാ ബോർഡ് റാങ്ക് ലിസ്റ്റ് തയ്യാറാക്കി ഒഴിവുകളിലേയ്ക്ക് അഡ്വൈസ് ചെയ്യുന്നു. തുടർന്ന് സംഘം/ബാങ്ക് നിയമനം നടത്തുന്നു. ഒ.എം.ആർ പരീക്ഷ 80 മാർക്കിനും ഇന്റർവ്യൂ 15 മാർക്കിനും ആണ് നടത്തുക.

(ബി) റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നിയമനം നടത്തേണ്ട തസ്തികകളുടെ റേഷ്യോ നിശ്ചയിക്കുന്നത് ഏത് മാനദണ്ഡപ്രകാരമാണ്?

സംഘം/ബാങ്ക് ജൂനിയർ ക്ലാർക്ക് തസ്തികയിലെ നിയമനം 1:4 എന്ന അനുപാതത്തിലായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സഹകരണ നിയമം, ചട്ടം 185(2) (IV) പ്രകാരം 10 കോടി രൂപയിൽ അധികരിച്ച നിക്ഷേപമുള്ള പ്രാഥമിക സഹകരണ സംഘം/അർബൻ ബാങ്കുകളിലെ അസിസ്റ്റന്റ്

സെക്രട്ടറി/മാനേജർമാരും തത്തുല്യ തസ്തികകളിലെയും ഒഴിവുകൾ സ്ഥാനക്കയറ്റം വഴിയും നേരിട്ടുള്ള നിയമനം വഴിയും നികത്തുന്നത് 3:1 എന്ന റേഷ്യോയിൽ ആയിരിക്കും.

(സി) ബാങ്ക് ഭരണ സമിതികൾക്ക് ഏതൊക്കെ തസ്തികകളിലേയ്ക്കാണ് പരീക്ഷ/ഇന്റർവ്യൂ നടത്തി നേരിട്ട് നിയമിക്കാൻ അനുമതിയുള്ളതെന്ന് വ്യക്തമാക്കാമോ?

സബ്-സ്റ്റാഫ് വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ നേരിട്ട് നിയമിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ബാങ്ക് ഭരണസമിതികളിൽ നിക്ഷിപ്തമാണ്.

ഉദ്യോഗസ്ഥ പാറ്റേൺ പരിഷ്കരണം

268(5427) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ നിലവിലുള്ള ഉദ്യോഗസ്ഥ പാറ്റേൺ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) ഉദ്യോഗസ്ഥ പാറ്റേൺ പരിഷ്കരിക്കാത്തതിനാൽ

ഉദ്യോഗസ്ഥരുടെ എണ്ണത്തിലുണ്ടാകുന്ന കുറവുമൂലം സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് പരിശോധന ശരിയായ രീതിയിൽ നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിഷയം പരിശോധിക്കുന്നതാണ്.

(സി) അടുത്ത കാലത്ത് സംസ്ഥാനത്ത് സഹകരണ മേഖലയിൽ നടന്ന തട്ടിപ്പുകൾക്ക് കാരണം ശരിയായ രീതിയിൽ ഓഡിറ്റ് നടത്താത്തതുകൊണ്ടാണോ എന്ന് വിശദീകരിക്കുമോ?

വിഷയം പരിശോധിക്കുന്നതാണ്.

(ഡി) ഇത്തരം തട്ടിപ്പുകൾ കണ്ടുപിടിക്കുന്നതിന് പ്രസ്തുത മേഖലയിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ച് ഓഡിറ്റിംഗ് വിഭാഗം ശക്തിപ്പെടുത്തുമോ; അറിയിക്കുമോ?

ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ ഓഡിറ്റ് ശക്തിപ്പെടുത്താൻ നടപടി

269(5428)ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ ഓഡിറ്റ് വിഭാഗം കണ്ടെത്തുന്ന ക്രമക്കേടുകൾ വിശദമായി പരിശോധിക്കുന്നതിന് പ്രസ്തുത വകുപ്പിലെ വിജിലൻസ് വിഭാഗത്തിന് കൈമാറാൻ നിലവിൽ വ്യവസ്ഥയുണ്ടോ; അറിയിക്കാമോ?

വ്യവസ്ഥയുണ്ട്.

(ബി) ഇതിനാവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

സഹകരണ നിയമത്തിൽ സമഗ്ര ഭേദഗതിക്കുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സഹകരണ ബാങ്കുകളിൽ വ്യാപകമായി ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്യുന്ന പശ്ചാത്തലത്തിൽ സഹകരണ ഓഡിറ്റ് ശക്തിപ്പെടുത്താൻ നടപടിയുണ്ടാകുമോ; വിശദമാക്കുമോ?

സഹകരണ ഓഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ഓഡിറ്റ് ആൻഡ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പിൽ ഉൾപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തന വ്യാപ്തിക്ക് അനുസരിച്ച് ആവശ്യമായ തസ്തികയിൽ ഉള്ള ഓഡിറ്റർമാരുടെ ടീം രൂപീകരിക്കുകയും ടീം ഓഡിറ്റ്

നടത്തുന്നതുമാണ്. എല്ലാതരം സംഘങ്ങളിലും ടീം ഓഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതാണ്. കേരള സർവ്വീസ് റൂൾസ് 156 പ്രകാരം സംഘങ്ങൾ ഓഡിറ്റർമാരുടെ തസ്തിക നിശ്ചയിച്ച് തീരുമാനമെടുത്ത് കോസ്റ്റ് അടയ്ക്കുന്ന രീതിക്ക് മാറ്റം വരുത്തി സംഘത്തിന്റെ പ്രവർത്തന വ്യാപ്തിക്കനുസരിച്ച് ഓഡിറ്റ് ഫീസ് നിശ്ചയിക്കുകയും പ്രസ്തുത ഓഡിറ്റ് ഫീസ് പ്രത്യേക ഫണ്ടിലേയ്ക്ക് സ്വീകരിച്ചുകൊണ്ട് ഓഡിറ്റർമാർക്ക് ശമ്പളം ലഭ്യമാക്കുന്ന തരത്തിൽ പുതിയ സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതാണ്. സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് ആരംഭിച്ചിട്ടുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതാണ്. ഓഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സഹകരണ നിയമം, ചട്ടം, ഓഡിറ്റ് മാന്വൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതും സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതുമാണ്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും നിലവിലുള്ള ഓഡിറ്റ് നോട്ട്, ഓഡിറ്റ്

സർട്ടിഫിക്കറ്റ് എന്നിവ കാലോചിതമായും ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്, ഓഡിറ്റ് സമ്പ്രദായങ്ങൾക്കും അനുസരണമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സഹകരണ വിജിലൻസ് ശക്തിപ്പെടുത്താൻ നടപടി

270(5429) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സംഘങ്ങളിലെ വായ്പാ തട്ടിപ്പ് തടയുന്നതിന് സഹകരണ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചു വരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. സഹകരണ

വിജിലൻസിലെ അന്വേഷണ ഉദ്യോഗസ്ഥരായ പോലീസ് ഉദ്യോഗസ്ഥർക്ക് സഹകരണ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ പരിശീലനം നൽകി സഹകരണ വിജിലൻസ് സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ സഹകരണ വിജിലൻസിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ നിയമഭേദഗതി സർക്കാർ നടപ്പാക്കുന്നതാണ്.

നിക്ഷേപകർ അകലുന്നത് തടയാൻ നടപടി

271(5430) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഇല്ലാത്തതിനാൽ നിക്ഷേപകർ സഹകരണ മേഖലയിൽനിന്ന് അകന്നുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. 1969-ലെ കേരള സംസ്ഥാന സഹകരണ നിയമം വകുപ്പ് 57(ബി) പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന നിക്ഷേപ ഗ്യാരന്റി ഫണ്ട് സ്കീം പ്രകാരം സഹകരണ സംഘങ്ങൾ/ബാങ്കുകൾ ലിക്വിഡേറ്റ് ആകുന്ന സാഹചര്യത്തിൽ ടി സംഘം/ബാങ്കുകളിലെ അംഗങ്ങൾക്ക് അവരുടെ

നിക്ഷേപങ്ങൾക്ക് പരമാവധി രണ്ട് ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

നിക്ഷേപങ്ങൾ ആകർഷിക്കുന്നതിലെ തടസ്സം

272(5431) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകൾക്ക് ബാങ്കിംഗ് പ്രവർത്തനങ്ങളിലുണ്ടായിട്ടുള്ള പരിമിതികൾ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് തടസ്സമാകുന്നതായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഇത് മറികടക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ?

ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലെ 2020-ലെ ഭേദഗതി പ്രകാരം വകുപ്പ് 3 അനുസരിച്ച് കാർഷിക വായ്പ നൽകുന്ന പ്രാഥമിക സംഘങ്ങൾ ' Bank, Banker, Banking' എന്നീ പദങ്ങൾ അവയുടെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നതിന് വിലക്കേർപ്പെടുത്തിയിട്ടുള്ളതും ഇടപാടുകാർക്ക് ചെക്ക്പോലുള്ള സൗകര്യങ്ങൾ ഉപയോഗിക്കാനാവാത്തതുമാണ്. ടി ഭേദഗതി പ്രാഥമിക സംഘങ്ങളിന്മേൽ (ബാങ്ക് എന്ന പേരിൽ) Banking പ്രവർത്തനങ്ങൾ നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ട്. തന്മൂലം Bank എന്ന

പേരിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ മതിപ്പ് ഇല്ലാതാക്കാനും ആയതുവഴി നിക്ഷേപത്തിൽ കുറവുവരുന്നതിനും കാരണമാകുന്നു. പ്രാഥമിക കാർഷിക വായ്പാ സർവ്വീസ് സഹകരണ ബാങ്കുകൾക്ക് റിസർവ് ബാങ്ക് ലൈസൻസോ IFSC കോഡോ ഇല്ലാത്തതിനാൽ ന്യൂ ജനറേഷൻ ബാങ്കിംഗ് പ്രോഡക്ട്സ് തനതായി നൽകുവാൻ കഴിയാത്തതിനാൽ പലിശ രഹിത/ കുറഞ്ഞ പലിശ നിക്ഷേപങ്ങൾ കൂടുതലായി ആകർഷിക്കുന്നതിന് തടസ്സമുള്ളതായി വിലയിരുത്തുന്നുണ്ട്. മേൽ പരിമിതി മറികടക്കുന്നതിനായി കേരള ബാങ്കിന്റെ സഹായത്താൽ പ്രാഥമിക കാർഷിക വായ്പാ സർവ്വീസ് സഹകരണ ബാങ്കുകൾക്ക് ന്യൂജെൻ ബാങ്കിംഗ് പ്രോഡക്ട്സ് നൽകുവാൻ കഴിയുന്നതാണ്. ആധുനിക ബാങ്കിംഗ് സൗകര്യങ്ങളായ മൊബൈൽ എ.റ്റി.എം, RTGS, NEFT സേവനങ്ങൾ പ്രദാനം ചെയ്യാൻ കഴിയുന്ന കോർ ബാങ്കിംഗ് മേഖല സഹകരണ ബാങ്കുകളിൽ നടപ്പിലാക്കിയതോടെ നിക്ഷേപകരെ സഹകരണ ബാങ്കുകളിലേയ്ക്ക് ആകർഷിക്കുന്നതിന് സഹായകമാകും. ദേശസാൽകൃത ബാങ്കുകൾ അനുവദിക്കുന്നതിനേക്കാൾ കൂടുതൽ പലിശ നിരക്ക് നിക്ഷേപങ്ങൾക്ക് അനുവദിക്കുന്ന സഹകരണ ബാങ്കുകളിൽ കൂടുതൽ ആധുനിക സേവനങ്ങൾ ലഭ്യമാക്കുന്നത് ഇടപാടുകാരേയും നിക്ഷേപകരേയും ആകർഷിക്കുന്നതിന് കാരണമാകും.

മാവേലിക്കര മണ്ഡലത്തിലെ സബ്‌രജിസ്ട്രാർ ഓഫീസുകളുടെ നവീകരണം

273(5432) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ സബ്‌രജിസ്ട്രാർ ഓഫീസുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളും ആയതിന്റെ പുരോഗതിയും വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ആഫീസിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് 2020-2021 സാമ്പത്തിക വർഷത്തിൽ 3,00,000/- (മൂന്ന് ലക്ഷം) രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ബി) ഇവയിൽ ഏതെല്ലാം ഓഫീസുകളിലാണ് മോഡേൺ റിക്കാർഡ് റൂം സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ?

കിഫ്ബി പദ്ധതി പ്രകാരം കെട്ടിടം പണി പൂർത്തീകരിച്ചിട്ടുള്ള പുതിയ ഓഫീസുകളിലാണ് നിലവിൽ മോഡേൺ റിക്കാർഡ് റൂമുകൾ (കോംപാക്ടേഴ്സ്) സ്ഥാപിക്കുന്നത്. മാവേലിക്കര മണ്ഡലത്തിലെ ഓഫീസുകൾ

കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.

കേരള രജിസ്ട്രേഷൻ മാന്വവൽ പരിഷ്കരണം

274(5433) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള രജിസ്ട്രേഷൻ മാന്വവൽ കാലാനുസൃതമായി പരിഷ്കരിക്കുവാനുള്ള പദ്ധതി പരിഗണനയിൽ ഉണ്ടോ?

ഉണ്ട്.

(ബി) വിദഗ്ധ സമിതിയെ നിയമിച്ച് വിശദമായ പഠനം നടത്തി കരട് തയ്യാറാക്കി പ്രസിദ്ധീകരിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിച്ച് കുറ്റമറ്റ രീതിയിൽ ഇത് നടപ്പിലാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിലെ അക്കാദമിക്ക് മികവുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രജിസ്ട്രേഷൻ മാന്വൽ പാർട്ട് II വാല്യം 1 കാലോചിതമായി പരിഷ്കരിച്ച് കരട് തയ്യാറാക്കി പ്രസിദ്ധീകരിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിച്ച് രജിസ്ട്രേഷൻ മാന്വൽ തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

രജിസ്ട്രേഷൻ വകുപ്പിലെ സ്പെഷ്യൽ റൂൾസ് പരിഷ്കരണം

275(5434) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിലെ സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിച്ച പ്രൊപ്പോസലിന് നിയമവകുപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഇല്ല.

(ബി) പ്രസ്തുത ഫയൽ ഇപ്പോൾ ഏത് വകുപ്പിലാണുള്ളത്?

നികുതി (ഇ) വകുപ്പിൽ.

(സി) പ്രസ്തുത പ്രൊപ്പോസലിൽ തീരുമാനമെടുക്കുന്നതിൽ നിലവിൽ നിയമതടസ്സം ഉണ്ടോയെന്ന് വിശദമാക്കാമോ?

ഇല്ല.

(ഡി) പരിഷ്കരിച്ച സ്പെഷ്യൽ റൂൾസ് എപ്പോൾ പ്രസിദ്ധീകരിക്കാൻ കഴിയും?

പരിഷ്കരിച്ച സ്പെഷ്യൽ റൂൾസ് പ്രസിദ്ധീകരിക്കുന്നതിന് ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പിന്റെ 19/07/2010-ലെ 11884/R1/07/P&ARD നമ്പർ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ആധാർ അധിഷ്ഠിത ബയോമെട്രിക്ക് വെരിഫിക്കേഷൻ

276(5435) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആൾമാറാട്ടം, വ്യാജ ആധാരം എന്നിവ തടയുന്നതിനായി പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ആധാർ അധിഷ്ഠിത ബയോമെട്രിക് വെരിഫിക്കേഷൻ സംസ്ഥാനത്ത് നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) ഇക്കാര്യത്തിൽ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണോ; വ്യക്തമാക്കാമോ?

ആധാർ അധിഷ്ഠിത ബയോമെട്രിക് വെരിഫിക്കേഷൻ നടപ്പാക്കാൻ തീരുമാനിക്കുന്ന പക്ഷം രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണ്.

നിലമ്പൂർ കെ.എ.ആർ.ഡി. സൊസൈറ്റി

277(5436) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ രജിസ്ട്രാർ ഓഫീസിൽ ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം നിലമ്പൂർ കേന്ദ്രമായി കേരള ഏജൻസി ഫോർ റിസർച്ച് ആൻഡ് റൂറൽ ഡെവലപ്പമെന്റ് (കെ.എ.ആർ.ഡി.) എന്ന സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏത് വർഷമാണ് രജിസ്റ്റർ ചെയ്തതെന്നും അനുവദിച്ച രജിസ്റ്റർ നമ്പരും രജിസ്റ്റർ ചെയ്ത സമയത്ത് സമർപ്പിച്ച നിയമാവലിയും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ഓഫീസ് വിലാസവും ഭരണസമിതി അംഗങ്ങളുടെയും ഭാരവാഹികളുടെയും പട്ടികയുടെ പകർപ്പുകളും ലഭ്യമാക്കുമോ?

കേരള ഏജൻസി ഫോർ റിസർച്ച് ആൻഡ് റൂറൽ ഡെവലപ്പമെന്റ് (കെ.എ.ആർ.ഡി.) എന്ന സൊസൈറ്റി 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം മലപ്പുറം ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിൽ 01/08/2001 ന്, 533/2001 എന്ന നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു. ടി സംഘത്തിന്റെ നിയമാവലിയിലെ ഓഫീസ് വിലാസം ഓഫീസ് ഓഫ് ദി കാർഡ്, നിലമ്പൂർ.പി.ഒ, മലപ്പുറം, മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗ്രാമ പഞ്ചായത്തിലെ 50C/XII നമ്പർ കെട്ടിടം എന്നാകുന്നു. നിയമാവലി, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ഭരണസമിതി അംഗങ്ങളുടെ പട്ടിക എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. +

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സൊസൈറ്റി രജിസ്ട്രേഷൻ നടപടികൾ പുതുക്കി വരുന്നതാണോയെന്നും നിലവിൽ രജിസ്ട്രേഷൻ ഉണ്ടോയെന്നും അറിയിക്കുമോ?

28/01/2008-ൽ, 2008-2009 വർഷത്തെ ഭരണസമിതി ലിസ്റ്റാണ് മലപ്പുറം ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിൽ അവസാനമായി ഫയൽ ചെയ്തിട്ടുള്ളത്. ഓഫീസ് രേഖകൾ പ്രകാരം രജിസ്ട്രേഷൻ നിലവിലുണ്ട്.

(സി) ഈ സൊസൈറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; കെ.എ.ആർ.ഡി. ഇൻസ്റ്റിറ്റ്യൂട്ട് എന്ന കമ്പ്യൂട്ടർ സ്ഥാപനവും 'കൂടെ' എന്ന പുനരധിവാസ കേന്ദ്രവും പ്രസ്തുത സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഉൾപ്പെട്ടിരുന്നതാണോ; ഈ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

നിയമാവലിയിലെ സെക്ഷൻ 5-ൽ വിവരിച്ചിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ പരിശോധിച്ചതിൽനിന്നും കെ.എ.ആർ.ഡി. ഇൻസ്റ്റിറ്റ്യൂട്ട് എന്ന കമ്പ്യൂട്ടർ സെന്റർ, 'കൂടെ' എന്ന പുനരധിവാസ കേന്ദ്രം എന്നിവയെക്കുറിച്ച് പ്രത്യേകം പരാമർശിച്ചിട്ടുള്ളതായി കാണുന്നില്ല. ടി സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ രജിസ്ട്രേഷൻ വകുപ്പിൽ ലഭ്യമല്ല.

(ഡി) പ്രസ്തുത സൊസൈറ്റിയുടെ വരവുചെലവ് കണക്കുകൾ രജിസ്ട്രാർ

ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോയെന്നും ഏതൊക്കെ വർഷങ്ങളിലാണ് ഓഡിറ്റ് ചെയ്ത വരവു ചെലവ് കണക്കുകൾ സമർപ്പിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് സെക്ഷൻ (4) പ്രകാരം മാനേജിംഗ് സമിതിയുടെ വാർഷിക ലിസ്റ്റാണ് ഫയൽ ചെയ്തിട്ടുള്ളത്. ടി സംഘത്തിന്റെ വരവുചെലവ് കണക്കുകൾ രജിസ്ട്രേഷൻ വകുപ്പിൽ ലഭ്യമല്ല.

(ഇ) ഈ സൊസൈറ്റിയുടെ വരുമാനമാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നാണ് രജിസ്ട്രേഷൻ വകുപ്പിൽ അറിയിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ടി സംഘത്തിന്റെ നിയമാവലിയിലെ സെക്ഷൻ 11-ൽ ധനാഗമന മാർഗ്ഗങ്ങളെക്കുറിച്ച് വിവരിക്കുന്നതിൽ സംഘടനയ്ക്കാവശ്യമായ പണം - 1. അംഗങ്ങളിൽ നിന്നുള്ള മെമ്പർഷിപ്പ് ഫീസ് 2. വായ്പകൾ 3. സംഭാവനകൾ, ഗ്രാന്റുകൾ 4. സംഘടനയ്ക്ക് ലഭിക്കുന്ന പ്രോജക്ടുകളിൽ നിന്നുള്ള വിഹിതം. 5. സംഘടനയ്ക്ക് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽനിന്നുള്ള വരുമാനങ്ങൾ എന്നീ രീതികളിൽ സംഭരിക്കാവുന്നതാണെന്ന് ചേർത്തിരിക്കുന്നു.

(എഫ്) കമ്പ്യൂട്ടർ സെന്റർ, പുനരധിവാസ കേന്ദ്രം എന്നിവ നടത്തിയിരുന്നത് എവിടെനിന്നൊക്കെ ധനസമാഹരണം

നടത്തിയാണെന്നും ഏതെങ്കിലും ബാങ്കുകളിൽനിന്നോ സഹകരണ സംഘങ്ങളിൽനിന്നോ പ്രസ്തുത സൊസൈറ്റി ഏതെങ്കിലും സമയത്ത് വായ്പ എടുത്തിരുന്നോയെന്നും എത്ര തുകയെന്നും എന്നാണ് വായ്പ എടുത്തതെന്നും വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച വിവരങ്ങൾ മലപ്പുറം രജിസ്ട്രാർ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ പകർപ്പുകൾ ലഭ്യമാക്കാമോ;

പ്രസ്തുത വിവരങ്ങൾ രജിസ്ട്രേഷൻ വകുപ്പിൽ ലഭ്യമല്ല.

(ജി) പ്രസ്തുത സംഘത്തെകുറിച്ച് എന്തെങ്കിലും പരാതികൾ മലപ്പുറം ജില്ലാ രജിസ്ട്രാർ ഓഫീസിൽ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പരാതികൾ ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്മാർട്ട് കോൺട്രാക്ട് പദ്ധതി

278(5437) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയ സ്മാർട്ട് കോൺട്രാക്ട് പദ്ധതി വിജയകരമാണോ; പദ്ധതി പുരോഗതി വ്യക്തമാക്കുമോ?

രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയ സ്മാർട്ട്-കോൺട്രാക്ട് പദ്ധതി

വിജയകരമാണ്. Kerala Development and Strategic Innovation Council (K-DISC)-ന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. രജിസ്ട്രേഷൻ, ലാൻഡ് റവന്യൂ, സർവ്വെ & ലാൻഡ് റെക്കോർഡ്സ് എന്നീ 3 പ്രധാന വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് പദ്ധതിയുടെ പ്രാരംഭഘട്ട പഠനങ്ങൾ K-DISC പൂർത്തിയാക്കുകയും ഓരോ വകുപ്പിനും പദ്ധതിയിലുള്ള ചുമതലകൾ വിശദമാക്കുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതിയുടെ പരീക്ഷണ പരിപാടി തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂർ, കോട്ടയം ജില്ലയിലെ കടുത്തുരുത്തി എന്നീ വില്ലേജുകളിലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി " സ്മാർട്ട് കോൺട്രാക്ട് " എന്ന ആശയം നടപ്പിലാകുന്നതാണ്.

രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം

279(5438)ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. വി. സുമേഷ്:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിനെ കാലോചിതമായി പരിഷ്കരിച്ച് ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിനെ കാലോചിതമായി പരിഷ്കരിച്ച് ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം

2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തി

3. ഒരു ലക്ഷം രൂപയ്ക്കു മുകളിൽ മുദ്രവില ഒടുക്കേണ്ടി വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തുകയുണ്ടായി

4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കുതന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി

5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേയ്ക്ക് ഓൺലൈനായി അപേക്ഷ

സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തുകയുണ്ടായി.

8. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

9. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തി.

10. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും രജിസ്ട്രേഷൻ ഫീസ് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തി.

11. പ്രവാസി ചിട്ടികൾക്കുള്ള രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.

12. രജിസ്ട്രേഷൻ വകുപ്പിനു കീഴിലെ ഓഫീസുകളിൽ ഡെബിറ്റ്/ക്രെഡിറ്റ്

കാർഡ് ഉപയോഗിച്ച് ഫീസുകൾ അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

13. സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനായി ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം ഏർപ്പെടുത്തുകയുണ്ടായി.

14. ഒരു ജില്ലയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന സ്ഥാവര വസ്തുവുമായി ബന്ധപ്പെട്ട ഏതൊരു ആധാരവും ആ ജില്ലയ്ക്കുള്ളിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

(ബി) പുതിയ കാലം പുതിയ സേവനം എന്ന ആശയം നടപ്പാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ ഓൺലൈൻ ആധാര രജിസ്ട്രേഷൻ, ഇ-സ്റ്റാമ്പിംഗ്, ആധാര പകർപ്പുകൾ തയ്യാറാക്കുന്നതിനായി ഡിജിറ്റൽ ഇമേജ് പ്രിന്റിംഗ് സംവിധാനം എന്നിവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള

സംവിധാനവും അതോടൊപ്പം ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. 2. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തുകയുണ്ടായി. 3. ആധാരങ്ങളുടെ പകർപ്പുകൾ ഡിജിറ്റൽ ഇമേജ് പ്രിന്റിംഗ് സംവിധാനത്തിലൂടെ ഫോട്ടോയെടുക്കുകയും ആയത് കമ്പ്യൂട്ടർ മുഖേന തയ്യാറാക്കി കക്ഷികൾക്ക് നൽകുന്ന സംവിധാനം സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ആഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിലെ രജിസ്റ്റർ വാല്യങ്ങളും ഇൻഡക്സ് രജിസ്റ്ററുകളും ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിനുള്ള അനശ്വര ഡിജിറ്റൈസേഷൻ പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.

(സി) രജിസ്ട്രേഷൻ വകുപ്പിലെ സേവനങ്ങൾക്ക് ഫീസ് ഒടുക്കുന്നതിന് ഇ-പേമെന്റ് സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിലെ സേവനങ്ങൾക്ക് ഫീസ് ഒടുക്കുന്നതിന് ഇ-പേമെന്റ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ടി സംവിധാനം വഴി ആധാര രജിസ്ട്രേഷൻ, ബാദ്ധ്യതാ സർട്ടിഫിക്കറ്റ്, സർട്ടിഫൈഡ് കോപ്പി, ലിസ്റ്റ് സർട്ടിഫിക്കറ്റ്, സ്പെഷ്യൽ മാര്യേജ് എന്നിവയ്ക്കുള്ള ഫീസുകൾ കക്ഷികൾക്ക്

ഓൺലൈനായി അടയ്ക്കാവുന്നതാണ്.

രജിസ്ട്രേഷൻ ഓഫീസുകളിലെ ഓൺലൈൻ സേവനങ്ങൾ

280(5439) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പ് മുഖാന്തരം ലഭ്യമാക്കുന്ന എന്തെല്ലാം സേവനങ്ങളാണ് ഓൺലൈനിലൂടെ ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പ് മുഖാന്തരം ഓൺലൈനിലൂടെ ലഭ്യമാക്കിയിട്ടുള്ള സേവനങ്ങൾ ചുവെട ചേർക്കുന്നു.

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം.

2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം.

3. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കുതന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ ത്വരിതപ്പെടുത്തൽ.

5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓൺലൈനായി അപേക്ഷിക്കുന്നതിനും ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

8. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

9. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം.

10. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും രജിസ്ട്രേഷൻ ഫീസ് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

11. പ്രവാസി ചിട്ടികൾക്കുള്ള രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം.

12. രജിസ്ട്രേഷൻ വകുപ്പിനു കീഴിലെ ഓഫീസുകളിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഫീസുകൾ അടയ്ക്കുന്നതിനുള്ള സംവിധാനം.

13. സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓഫീസിൽ ഹാജരാകാതെ തന്നെ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം.

14. ഒരു ജില്ലയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന സ്ഥാവര വസ്തുവുമായി ബന്ധപ്പെട്ട ഏതൊരു ആധാരവും ആ ജില്ലയ്ക്കുള്ളിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം.

(ബി) പ്രോപ്പർട്ടി രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന ആധാരങ്ങളുടെ വിവരം ഓൺലൈനായി നൽകുന്നതിനും രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിനുമുള്ള സംവിധാനമാണ് നിലവിലുള്ളത്. നിലവിലുള്ള നിയമപ്രകാരം പ്രോപ്പർട്ടി രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുവാൻ സാധിക്കുന്നതല്ല.

കണക്ടിവിറ്റി മെച്ചപ്പെടുത്താൻ കെ-ഫോൺ

281(5440) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ സേവനങ്ങൾ കണക്ടിവിറ്റി തകരാർ കാരണം തടസ്സപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബി.എസ്.എൻ.എൽ, KSWAN എന്നീ കണക്ഷനുകൾ മുഖേനയാണ് വകുപ്പിന്റെ വിവിധ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. പ്രസ്തുത കണക്ഷനുകളിലുണ്ടാകുന്ന തകരാർ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കണക്ടിവിറ്റി തകരാർമൂലം സേവനം തടസ്സപ്പെടുന്നത്

ഒഴിവാക്കാനായി ഓഫീസുകളെ കെ-ഫോൺ മുഖേന ബന്ധിപ്പിക്കുന്നതിന് മുൻഗണന നൽകുമോ?

അപ്രകാരമുള്ള നിർദ്ദേശം പരിഗണനയിലില്ല.

(സി) രജിസ്ട്രേഷൻ വകുപ്പ് ഏതൊക്കെ സേവനങ്ങളാണ് ഇപ്പോൾ പൂർണ്ണമായും ഓൺലൈനായി നൽകുന്നത്?

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചു കൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുമുള്ള സംവിധാനം.

2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം.

3. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ ത്വരിതപ്പെടുത്തൽ.

4. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

5. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓൺലൈനായി

അപേക്ഷിക്കുന്നതിനും ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

6. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനായി ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം.

(ഡി) ഡിജിറ്റൈസ് ചെയ്ത ആധാര പകർപ്പുകൾക്കായി അപേക്ഷിക്കുന്നവർക്ക് ആയത് ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അപേക്ഷകർക്ക് ആധാര പകർപ്പുകൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പേൾ സോഫ്റ്റ്വെയർ

282(5441) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പ് നിലവിൽ ഉപയോഗിച്ചുവരുന്ന പേൾ സോഫ്റ്റ്വെയർ പലപ്പോഴും തകരാറിലാകുന്നതുമൂലം രജിസ്ട്രേഷൻ നടപടികളിൽ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

രജിസ്ട്രേഷൻ വകുപ്പ് നിലവിൽ പേൾ സോഫ്റ്റ്വെയർ മുഖാന്തരം നൽകി വരുന്ന സേവനങ്ങൾ നെറ്റ് വർക്ക് തകരാറുകൾ കാരണം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരം ഉണ്ടാകുന്ന തടസ്സങ്ങൾ ബി.എസ്.എൻ.എൽ അധികൃതരുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പേൾ സോഫ്റ്റ് വെയറിൽ ഡിജിറ്റൽ വിരലടയാളം പതിക്കാൻ കഴിയുന്നതരത്തിലുള്ള ആധുനിക രീതി ഉൾക്കൊള്ളുന്നതിനുള്ള നടപടികളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാമോ?

പരിശോധിച്ചിട്ടുണ്ട്. വിരൽ പതിപ്പ് ഇലക്ട്രോണിക്ക് ഉപകരണത്തിന്റെ സഹായത്താൽ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയശേഷം ആധാരത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ വിരൽപതിപ്പും, ഫോട്ടോയും പ്രിന്റ് ചെയ്ത് വരുന്ന രീതിയിലുള്ള പരിഷ്കാരമാണ് ഉദ്ദേശിക്കുന്നത്.

(സി) രജിസ്ട്രേഷൻ വകുപ്പിൽനിന്നും നൽകുന്ന സർട്ടിഫൈഡ് ആധാരങ്ങളുടെ പകർപ്പ് ഓൺലൈൻ ആയി അപേക്ഷകർക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

രജിസ്ട്രേഷൻ വകുപ്പിൽനിന്നും നൽകുന്ന സർട്ടിഫൈഡ് ആധാരങ്ങളുടെ പകർപ്പ് ഓൺലൈൻ ആയി അപേക്ഷകർക്ക് ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(ഡി) അസ്സൽ ആധാരങ്ങളുടെ പകർപ്പ് ഫോട്ടോസഹിതം സ്കാൻ ചെയ്ത് അപേക്ഷകർക്ക് ലഭ്യമാക്കാനുള്ള സാങ്കേതികവിദ്യ നിലവിലെ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കാമോ?

സ്വീകരിക്കുന്നതാണ്.

ആധാരം എഴുത്തുകാരുടെ ഫീസ്

283(5442) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തികളിൽ നിന്നും ആധാരം എഴുത്തുകാർ അന്യായമായ ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത്തരം അന്യായം ഒഴിവാക്കാനായി സ്വന്തമായി ആധാരം തയ്യാറാക്കാനുള്ള സൗകര്യം നിലവിൽ വന്നത് മുതൽ ഈ സംവിധാനം ഉപയോഗിച്ച് രജിസ്ട്രേഷൻ നടത്തിയ എത്ര പേർ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

സ്വന്തമായി ആധാരം തയ്യാറാക്കാനുള്ള സൗകര്യം നിലവിൽ വന്നതു മുതൽ ഈ സംവിധാനം ഉപയോഗിച്ച് 2572 പേർ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്.

ജില്ല	എണ്ണം
തിരുവനന്തപുരം	346
കൊല്ലം	296
പത്തനംതിട്ട	198
ആലപ്പുഴ	188
കോട്ടയം	55
ഇടുക്കി	105
എറണാകുളം	228
തൃശ്ശൂർ	305
പാലക്കാട്	102
മലപ്പുറം	212
കോഴിക്കോട്	292
വയനാട്	41
കണ്ണൂർ	181
കാസർഗോഡ്	23

ആകെ	2572

(സി) സാധാരണക്കാർക്കുകൂടി മനസ്സിലാകുന്ന രീതിയിൽ പ്രസ്തുത പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ കൂടുതൽ നടപടികൾ സ്വീകരിക്കുമോ?

സ്വയം ആധാരം തയ്യാറാക്കുന്നതിനായി ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പത്തൊമ്പത് ഇനം ആധാരങ്ങളുടെ മാതൃക തയ്യാറാക്കി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റായ www.keralaregistration.gov.in - ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാതൃകാ ആധാരങ്ങൾ അടിസ്ഥാനമാക്കി ആധാരങ്ങൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങളും വ്യവസ്ഥകളും സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സ്വയം ആധാരം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സംശയ ദൂരീകരണത്തിനായി 8547344357 എന്ന നമ്പരിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. മാതൃകാ പ്രമാണങ്ങൾ ഉപയോഗിച്ച് ആധാരകക്ഷികൾ നേരിട്ട് തയ്യാറാക്കി സമർപ്പിക്കുന്ന ആധാരങ്ങളുടെ കരട് രൂപം കക്ഷികൾ ആവശ്യപ്പെടുന്ന പക്ഷം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ/ഉപദേശങ്ങൾ

നൽകുന്നതിനും ആധാരം തയ്യാറാക്കുമ്പോഴുണ്ടാകുന്ന സംശയങ്ങൾ പരിഹരിച്ചു നൽകുന്നതിനും എല്ലാ സബ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

വൈക്കം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ് കെട്ടിടം

284(5443) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ് കെട്ടിടം കാലപ്പഴക്കത്താൽ മോശപ്പെട്ട അവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉണ്ട്.

(ബി) ഈ ഓഫീസിന് പിറകിൽ വർഷങ്ങളായി നിർമ്മാണം പാതിവഴിയിലായ കെട്ടിടത്തിന്റെ തുടർനിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പാതിവഴിയിൽ നിലച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

(എ&ബി) വൈക്കം സർക്കിൾ സഹകരണ യൂണിയന്റെ

ഉടമസ്ഥതയിലുള്ള ടി കെട്ടിടത്തിന്റെ തുടർനിർമ്മാണ പ്രവൃത്തികൾ യൂണിയന്റെ സാമ്പത്തിക പരാധീനതകൾ മൂലമാണ് പാതിവഴിയിൽ നിലച്ചുപോയത്.

ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന നടപടി

285(5444) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രജിസ്ട്രേഷൻ ഓഫീസുകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കുമോ; പദ്ധതി വിജയകരമാണോയെന്ന് വ്യക്തമാക്കാമോ?

278 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ള ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പദ്ധതി വിജയകരമാണ്.

പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം

286(5445) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം ലഭ്യമാക്കുന്നതിനുള്ള വിവിധ സാധ്യതകൾ പരിഗണനയിലാണ്.

കല്ലിക്കണ്ടി സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തം കെട്ടിടം

287(5446) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവയ്ക്കെല്ലാം സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി കെട്ടിടം ഇല്ലാത്ത സബ് രജിസ്ട്രാർ ഓഫീസുകൾക്ക് ഘട്ടംഘട്ടമായി കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിർമ്മാണം

നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കല്ലിക്കണ്ടി സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തം കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

കല്ലിക്കണ്ടി സബ്-രജിസ്ട്രാർ ആഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം നൽകാമെന്ന് സമ്മതപത്രം ലഭ്യമായ കുന്നോത്ത് പറമ്പ പഞ്ചായത്തിലെ കൊളവല്ലൂർഅംശം ദേശത്തുള്ള റി.സ. നം. 226/2-ൽപ്പെട്ട 10 സെന്റ് സ്ഥലം ലഭ്യമാക്കി കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

കല്ലിക്കണ്ടി സബ്-രജിസ്ട്രാർ ആഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം നൽകാമെന്ന് സമ്മതപത്രം ലഭ്യമായ കുന്നോത്ത് പറമ്പ പഞ്ചായത്തിലെ കൊളവല്ലൂർഅംശം ദേശത്തുള്ള റി.സ. നം. 226/2-ൽപ്പെട്ട 10 സെന്റ് സ്ഥലം ലഭ്യമാക്കി കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം

288(5447) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറുകയും നിർമ്മാണ പ്രവർത്തനങ്ങൾ 17.09.2019-ന് ആരംഭിക്കുകയുമുണ്ടായി. കുഴൽക്കിണർ നിർമ്മാണം പൂർത്തിയായിട്ടുള്ളതും ഫൗണ്ടേഷൻ ജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്. എന്നാൽ ശ്രീ.കെ.വി.വിജയകുമാരൻ എന്നയാൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിൽ Apl. 658/19, IA 1429/2019 നമ്പരായി ഫയൽ ചെയ്ത ഹർജികളിൽ ബിൽഡിംഗ് പെർമിറ്റ് സ്റ്റേ ചെയ്തിട്ടുള്ള സാഹചര്യത്തിൽ നിർമ്മാണ-പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ

കഴിയുമെന്ന് വെളിപ്പെടുത്താമോ?

ടൈബ്യൂണലിന്റെ സ്റ്റേ നീക്കിക്കിട്ടുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് സാധിക്കുകയുള്ളൂ.

(നക്ഷത്രചിഹ്നമിടാത്ത 5166, 5170, 5176, 5179, 5213, 5215, 5220, 5226 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

[10.00 a.m.]

II അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: കസ്റ്റംസ് നിയമത്തിലെ 124-ാം വകുപ്പുപ്രകാരം ഡോളർ കടത്തുകേസിലെ പ്രതികൾക്ക് നൽകിയ നോട്ടീസിലൂടെ പുറത്തുവന്ന ചില പരാമർശങ്ങളെയും പ്രസ്തുത പ്രതികൾ നൽകിയതായി പറയപ്പെടുന്ന മൊഴികളെയും സംബന്ധിച്ചുള്ള കാര്യത്തെക്കുറിച്ചാണ് ചട്ടം 50 പ്രകാരം ഇന്ന് ലഭിച്ചിരിക്കുന്ന നോട്ടീസിൽ പറയുന്നത്. അത്തരത്തിൽ നൽകിയതായി പറയപ്പെടുന്ന മൊഴികളുടെ അടിസ്ഥാനത്തിൽ മാത്രം സഭയിലൊരു ചർച്ച നടത്തുന്നത് ഉചിതമായിരിക്കില്ലെന്നാണ് കാണുന്നത്. മാത്രവുമല്ല നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന വിഷയത്തിന്

അടിസ്ഥാനമായിട്ടുള്ള കാര്യങ്ങൾ PMLA (Prevention of Money Laundering Act) കോടതിയുടെ പരിഗണനയിലാണെന്നാണ് ചെയർ മനസ്സിലാക്കുന്നത്. അനുബന്ധ കേസുകൾ വിവിധ തലങ്ങളിൽ സെഷൻസ് കോടതി, ഹൈക്കോടതി, സുപ്രീം കോടതി എന്നിവയുടെ പരിഗണനയിൽ വിവിധ സ്റ്റേജുകളിലായി നിലനിൽക്കുന്നതായും കാണുന്നു. മേൽ സൂചിപ്പിച്ച കാരണങ്ങളുടെ അടിസ്ഥാനത്തിലും ചട്ടം 52(vii)-ന്റെ പരിധിയിൽ ഈ വിഷയം വരുമെന്നതിനാലും നോട്ടീസിന് അനുമതി നൽകാൻ കഴിയില്ലെന്ന് അറിയിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. സമാനമായ നിരവധി നോട്ടീസുകൾ ഈ നിയമസഭ ചർച്ച ചെയ്തിട്ടുണ്ട്. കഴിഞ്ഞ നിയമസഭയിലും അതിനുമുമ്പുള്ള സഭയിലുമെല്ലാം നിരവധി കാര്യങ്ങൾ സംസാരിച്ചതിന്റെ പ്രീസിഡന്റ്സുണ്ട്. 23-07-2007-ൽ കേരള പ്രൈവറ്റ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ എം.ബി.ബി.എസ്. എൻട്രൻസ് പരീക്ഷയ്ക്ക് പോലീസ് സംരക്ഷണമാവശ്യപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നൽകിയ കേസിൽ 20-07-2007-ൽ കോടതി നടത്തിയ നിരീക്ഷണം സംബന്ധിച്ച്, കേസ് വീണ്ടും പരിഗണിക്കുന്ന ദിവസം തന്നെ

ഇവിടെ അനുവദിച്ചു. 11-12-2012-ൽ രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ വിജിലൻസിനെ ദുരുപയോഗം ചെയ്യുന്നത് സംബന്ധിച്ച വിഷയം ഇവിടെ അവതരിപ്പിച്ചു. 24-07-2015-ൽ അഡ്വക്കേറ്റ് ജനറൽ ഓഫീസ് അടച്ചുപൂട്ടണമെന്നുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിമർശനം ഹൈക്കോടതിയിൽ കേസ് പെൻഡിംഗായിരുന്നപ്പോൾ ഇവിടെ അനുവദിച്ചു. 22-08-2017-ൽ സ്വാശ്രയ പ്രശ്നത്തിൽ സർക്കാരും എൻട്രൻസ് കമ്മീഷണറും ആർക്കൊപ്പമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരാമർശത്തിന്റെ പുറത്ത് കോടതിയിൽ കേസിരിക്കുന്ന സമയത്ത് ഇവിടെ അനുവദിച്ചു. 28-11-2018-ൽ ശബരിമല വിധിയുമായി ബന്ധപ്പെട്ട റിവ്യൂ ഹർജി 22-01-2019-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പരിഗണിക്കാനിരിക്കെ ഇവിടെ ചർച്ച ചെയ്തു. 26-07-2021-ൽ കൊടകര കുഴൽപ്പണ കേസന്വേഷണം നടന്നുകൊണ്ടിരിക്കുന്ന സമയത്ത് കുറ്റപത്രം സമർപ്പിക്കുന്നതിനുമുമ്പ് ഇവിടെ ചർച്ച ചെയ്യപ്പെട്ടു. അന്വേഷണത്തിന്റെ ഘട്ടത്തിലും കോടതിയിൽ വിചാരണയിലുള്ള വേളയിലും ബഹുമാനപ്പെട്ട ഹൈക്കോടതിയും സുപ്രീം കോടതിയും പരാമർശം നടത്തിയതിന്റെ പേരിലുമെല്ലാം ഇവിടെ നോട്ടീസ് കൊടുത്ത് പരിഗണനയ്ക്കെടുത്തിട്ടുള്ള സമാനമായ നിരവധി സംഭവങ്ങളുണ്ട്. (ഞാൻ എല്ലാം കൊണ്ടുവന്നിട്ടില്ല.)

അത്തരം പശ്ചാത്തലത്തിൽ ഇന്ന് വളരെ നിർണ്ണായകമായ ഒരു കാര്യമാണ് ഞങ്ങൾ നോട്ടീസിലൂടെ തന്നിരിക്കുന്നത്. കേന്ദ്ര അന്വേഷണ ഏജൻസിയുടെ കാരണം കാണിക്കൽ നോട്ടീസിൽ ഒരു കേസിലെ പ്രതിയുടെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായ പരാമർശം ഇന്നലെ പുറത്തുവന്നിരിക്കുകയാണ്. നോട്ടീസ് അയച്ചത് 29-ാം തീയതിയാണ്. ഇന്നലെയാണ് അത് പുറത്തുവന്നത്. ആ കാര്യം ഈ സഭയിൽ ചർച്ച ചെയ്തില്ലെങ്കിൽ പിന്നെ എവിടെപ്പോയി ചർച്ച ചെയ്യും? നിയമസഭയിൽ ഈ വിഷയം ചർച്ചയ്ക്ക് വരുമ്പോൾ തീർച്ചയായും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തന്റെ നിരപരാധിത്വം തെളിയിക്കാനുള്ള ഒരവസരം കൂടിയല്ലേ ഉണ്ടാകുന്നത്? അദ്ദേഹം തെറ്റ് ചെയ്തിട്ടില്ലെങ്കിൽ ആ തെറ്റ് ഞാൻ ചെയ്തിട്ടില്ല എന്നുപറയാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സർക്കാരിനും കിട്ടുന്ന ഒരു അവസരമല്ലേ ഇത്? ഈ കീഴ്വഴക്കങ്ങളുടെ പശ്ചാത്തലത്തിൽ നോട്ടീസ് അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കീഴ്വഴക്കങ്ങളും ചട്ടങ്ങളും തമ്മിലുള്ള ബന്ധത്തിൽ ചട്ടങ്ങളുടെ ആധികാരികത പല തവണ ഉന്നത നീതിപീഠമുൾപ്പെടെ

ഉയർത്തിപ്പിടിച്ചിട്ടുള്ളതാണ്. ഇവിടെ ചട്ടം വളരെ വ്യക്തമാണ്. "ഇൻഡ്യയുടെ ഏതെങ്കിലും ഭാഗത്ത് വിചാരണാധികാരമുള്ള ഒരു നിയമ കോടതിയുടെ തീരുമാനത്തിലിരിക്കുന്ന സംഗതി പ്രമേയത്തിൽ പ്രതിപാദിക്കാൻ പാടുള്ളതല്ല:" എന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 52(vii)-ൽ കൃത്യമായി പറയുന്നുണ്ട്. ഈ ചട്ടത്തിൽ പറയുന്നതിന് പൂർണ്ണമായും വിരുദ്ധമായ ഒരു നോട്ടീസാണ് ഇപ്പോൾ പരിഗണനയ്ക്ക് വന്നിട്ടുള്ളത്. കോടതിയുടെ മാത്രമല്ല, "നീതിന്യായപരമോ അർദ്ധനീതിന്യായപരമോ ആയ ഏതെങ്കിലും കൃത്യം നിർവ്വഹിക്കുന്ന ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി ട്രൈബ്യൂണലിന്റെയോ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയുടേയോ അഥവാ ഏതെങ്കിലും സംഗതിയെപ്പറ്റി അന്വേഷിക്കുന്നതിനോ അന്വേഷണ വിചാരണ നടത്തുന്നതിനോ നിയമിക്കപ്പെട്ട ഏതെങ്കിലും കമ്മീഷന്റെയോ ..... പരിഗണനയിലുള്ള കാര്യങ്ങൾപോലും അനുവദിക്കാൻ പാടില്ല" എന്നാണ് ചട്ടം 53-ൽ പറയുന്നത്. Rules and Acts cannot be overruled by precedence എന്നത് പല തവണ ബഹുമാനപ്പെട്ട സുപ്രീം കോടതി ആധികാരികമായി പറഞ്ഞിട്ടുള്ള കാര്യമാണ്. കസ്റ്റംസ് നിയമത്തിലെ 124-ാം വകുപ്പുപ്രകാരം ചില വ്യക്തികൾ നൽകിയിട്ടുള്ള കാരണം കാണിക്കൽ നോട്ടീസിന്റെ

ഭാഗമാണ് നോട്ടീസിൽ പ്രതിപാദിച്ചതായി കാണുന്നത്. ".....വ്യാജോക്തികളോ ആരോപണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലാത്തതും വ്യക്തികളുടെ ഔദ്യോഗിക നിലയിലോ, പൊതുകാര്യ നിലയിലോ അല്ലാതെയുള്ള അവരുടെ സ്വഭാവത്തെയോ നടപടിയെയോ കുറിച്ച് പരാമർശിക്കാൻ പാടില്ലാത്തതുമാകുന്നു:" എന്നുള്ള കാര്യവും ചട്ടം 52(v)-ൽ വിശദമായി പറയുന്നുണ്ട്. ഇവിടെയുള്ളത് നമുക്കെല്ലാവർക്കും വ്യക്തമായിട്ടുള്ള കാര്യമാണ്. കേന്ദ്ര അന്വേഷണ ഏജൻസികൾ, സംസ്ഥാനത്തെ ഭരണഘടനാ പദവികൾ വഹിക്കുന്ന രാഷ്ട്രീയ നേതൃത്വത്തിലുള്ള ചിലരുടെ പേരുകൾ പറയാൻ ഈ കേസുകളിൽ കുറ്റാരോപിതരായി റിമാൻഡിൽ കഴിയുന്ന പ്രതികളുടെമേൽ സമ്മർദ്ദം ചെലുത്തിയതായ വാർത്തകൾ പുറത്തുവന്നിട്ടുണ്ട്. ഇതിന്റെ വോയ്സ് ക്ലിപ്പും സമൂഹ മാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചരിക്കുകയുണ്ടായി. മാധ്യമങ്ങളും ചർച്ച ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ഒരു അന്വേഷണ കമ്മീഷന്റെ പരാമർശം വന്നിരിക്കുകയാണ്. അതുകൊണ്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉദ്യോഗസ്ഥർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു ഹർജി നൽകിയിരുന്നു. ഇതിന്റെ അന്വേഷണ കണ്ടെത്തലുകൾ PMLA കേസ്

കൈകാര്യം ചെയ്യുന്ന കോടതിയിൽ മുദ്രവച്ച കവറിൽ സമർപ്പിക്കണമെന്നാണ് ഈ ഹർജിയിൽ ഹൈക്കോടതി എഫ്.ഐ.ആർ. റദ്ദാക്കുമ്പോൾത്തന്നെ പറഞ്ഞത്. ഇതുസംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും മുദ്രവച്ച കവറിൽത്തന്നെ കോടതിയിൽ സമർപ്പിക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതിതന്നെ ഡയറക്ട് ചെയ്തിരിക്കുന്നു. ആ ഹൈക്കോടതി വിധിക്കെതിരെ ഇ.ഡി. സുപ്രീം കോടതിയിൽ കേസ് കൊടുത്തിട്ടുണ്ട്. ഹൈക്കോടതി വിധിയുടെ പേരിൽ സർക്കാരും അപ്പീൽ നൽകിയിട്ടുണ്ട്. പൂർണ്ണമായും ഇത് കോടതിയുടെ പരിധിയിൽ നിൽക്കുന്നതാണ്. അതുകൊണ്ട് കോടതിയുടെ പരിഗണനയിൽ നിൽക്കുന്ന ഒരു വിഷയം അടിയന്തരപ്രമേയത്തെ ആസ്പദമാക്കി ചർച്ച ചെയ്യാൻ പാടില്ലെന്നുള്ള ഈ ചട്ടം പൂർണ്ണമായും പാലിക്കപ്പെടണമെന്നുള്ളതാണ് പറയാനുള്ളത്.

മി. സ്പീക്കർ: റൂൾ 50 പ്രകാരം നൽകിയ നോട്ടീസിന് അനുമതി നിഷേധിക്കുന്നു. .....(ബഹളം)..... ചെയർ റൂൾ ചെയ്തുകഴിഞ്ഞു. ആ വിഷയം ഡിസ്പോസ് ചെയ്തു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ... (മൈക്ക് ഓഫ്) .....

മി. സ്പീക്കർ: ഒരു വിഷയം ഡിസ്പോസ് ചെയ്തുകഴിഞ്ഞാൽ പിന്നെ

സംസാരിക്കുന്നത് ഉചിതമല്ല. .....(ബഹളം).....

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടന്നു)

III ശ്രദ്ധക്ഷണിക്കൽ

പട്ടികജാതി-പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ഒ. ആർ. കേളു: സർ, സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രധാനപ്പെട്ട വിഷയങ്ങളാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. സംസ്ഥാനത്തെ ബഹുഭ്രരിപക്ഷം വരുന്ന പട്ടികജാതി/പട്ടികവർഗ്ഗക്കാർ പരമ്പരാഗത കാർഷിക മേഖലയെയും മറ്റിതര മേഖലകളിലെ കൂലിപ്പണിയെയും മാത്രം ആശ്രയിച്ച് ജീവിക്കുന്നവരാണ്. പക്ഷെ കാർഷിക മേഖലയുടെ തകർച്ചയും കോവിഡിന്റെ പശ്ചാത്തലവും തൊഴിലുറപ്പ് പദ്ധതിയുടെ അനിശ്ചിതത്വവുമെല്ലാം കാരണം അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന തൊഴിൽ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഇതുമൂലം ഇവരുടെ വരുമാനം കുറയുകയും വീടുകളിൽ അനിശ്ചിതത്വം

നിലനിൽക്കുകയും ചെയ്യുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അതുപോലെ ഇവർ നേരിടുന്ന മറ്റൊരു വിഷയമാണ് ഭൂമിയും വീടും സംബന്ധിച്ച കാര്യം. സ്വന്തമായി വീടില്ലാത്ത അനേകം കുടുംബങ്ങളുണ്ട്. അതുകൊണ്ടുതന്നെ നാം നിർമ്മിച്ചുനൽകുന്ന 450 ചതുരശ്ര മീറ്ററിലെ വീടുകളിൽ ഒന്നിൽക്കൂടുതൽ കുടുംബങ്ങൾ താമസിച്ചുവരുന്നതായി കാണുന്നു. ഇത് ഇത്തരം കുടുംബങ്ങളിൽ പല തരത്തിലുള്ള വിഷയങ്ങൾക്കും കാരണമാകുന്നുണ്ട്. വീടിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ലാൻഡ് ബാങ്ക് പദ്ധതിയും ഗവൺമെന്റ് നടപ്പാക്കിവരുന്ന ഭവന പദ്ധതിയും ഊർജ്ജിതപ്പെടുത്തണമെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, നമ്മുടെ സമൂഹത്തിലെ പട്ടികജാതി, ഗോത്ര വർഗ്ഗങ്ങളുടെ തൊഴിൽ, ഭവനരാഹിത്യം അതുപോലെയുള്ള മറ്റ് ജീവിത പ്രശ്നങ്ങൾ എന്നിവയാണ് ബഹുമാനപ്പെട്ട അംഗം ഒ. ആർ. കേളു ശ്രദ്ധക്ഷണിക്കലിലൂടെ ഈ സഭയിൽ അവതരിപ്പിച്ചത്. ദൗർഭാഗ്യവശാൽ ഈ കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ പ്രതിപക്ഷത്തിന്റെ ബഹളത്തിനിടയിൽ ഇതിന് മറുപടി

പറയേണ്ടിവരുന്നത് ഒരു വിരോധാഭാസമാണ്. നേരത്തെയും ഇത്തരത്തിൽ സംഭവിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സുസ്ഥിര വരുമാന മാർഗ്ഗം സൃഷ്ടിക്കുകയെന്നത് ഈ ഗവൺമെന്റിന്റെ ലക്ഷ്യമാണ്. ഒരു കുടുംബത്തിൽ ഒരാൾക്ക് സ്ഥിര വരുമാനമുള്ള ജോലി നൽകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ള ആളുകൾ ഇവിടെ പ്രഖ്യാപിച്ചത് ഈ സഭയുടെ ശ്രദ്ധയിലുണ്ടാകും. അതനുസരിച്ചാണ് സർക്കാർ തലത്തിൽ പരമാവധി ജോലി നൽകുകയെന്നുള്ള നിലപാട് സ്വീകരിച്ചുകൊണ്ട് പോലീസ്, എക്സൈസ്, ഫോറസ്റ്റ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ പ്രത്യേക റിക്രൂട്ട്മെന്റ് നടത്താൻ തീരുമാനിച്ചതും ഒരു പരിധിവരെ അത് നടപ്പിലാക്കിക്കഴിഞ്ഞതും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതും. സർക്കാർ - പൊതുമേഖലയിൽ മാത്രം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കില്ലെന്നതിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വിദ്യാഭ്യാസം സിദ്ധിച്ച യുവതീ-യുവാക്കൾക്ക് നൈപുണ്യ വികസന പരിശീലനങ്ങൾ അംഗീകൃത ഏജൻസികൾ മുഖേന നൽകിയും അവർക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്. ഇതുപ്രകാരം 2016-17 മുതൽ ഏകദേശം 2990 പേർക്ക് വിവിധ സ്വകാര്യ വ്യവസായ സ്ഥാപനങ്ങളിൽ മികച്ച ജോലി ലഭ്യമാക്കിയിട്ടുണ്ട്. ഇവരിൽ 22 പേരെ വിദേശത്തേയ്ക്ക് അയയ്ക്കുകയും

അവിടെ അവർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ഇപ്പോൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരികയാണ്. നിർമ്മാണ അനുബന്ധ മേഖലയിൽ പട്ടികവർഗ്ഗക്കാർക്ക് പരിശീലനം നൽകി, അവിടെ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന 'ഗോത്രജീവിക' എന്ന പദ്ധതി പ്രകാരം നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് പ്രവർത്തനങ്ങൾ നടത്തിവരികയാണ്. പരമ്പരാഗത തൊഴിൽ മേഖലയിൽ പട്ടികവർഗ്ഗക്കാർക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. സാധാരണ ജനറൽ വിഭാഗങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയിലൂടെ നൂറ് ദിവസമാണ് തൊഴിൽ നൽകുന്നതെങ്കിൽ 'ട്രൈബൽ പ്ലസ്' എന്ന പേരിൽ നൂറ് ദിവസംകൂടി അധികം തൊഴിലവസരങ്ങൾ പട്ടികവർഗ്ഗക്കാർക്ക് നൽകാനുള്ള പദ്ധതി കൂടി നടപ്പിലാക്കുകയാണ്. അതുപോലെ ലൈഫ് മിഷൻ പദ്ധതിയിലൂടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാനുള്ള ഇടപെടൽ നടത്തുന്നുണ്ട്. കഴിഞ്ഞ ദിവസം ഞാൻ ഈ സഭയിൽ മറുപടി പറഞ്ഞതാണ്, ലൈഫ് മിഷന്റെ ഒന്നാംഘട്ട പദ്ധതിയിൽ 11377 വീടുകൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്, 8433 വീടുകൾ കൂടി പൂർത്തീകരിക്കാനുള്ള നടപടികൾ

സ്വീകരിച്ചുവരികയാണ്. ലൈഫ് മിഷൻ പദ്ധതിയിലൂടെ മുഴുവൻ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വരുന്ന അഞ്ചുവർഷക്കാലംകൊണ്ട് സമ്പൂർണ്ണ പാർപ്പിട പദ്ധതിയും അതുപോലെതന്നെ പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമിയും വീടും കൊടുക്കാനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. മുഴുവൻ ആദിവാസികൾക്കും പട്ടികജാതിക്കാർക്കും ഭൂമിയും വീടും കൊടുക്കുകയെന്നത് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ആ ലക്ഷ്യം നിറവേറ്റാൻ വേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകും. അതുപോലെതന്നെ അവർക്ക് കൂടുതൽ മെച്ചപ്പെട്ട മേഖലയിലേയ്ക്ക് ഉയർന്നുവരാൻവേണ്ടിയുള്ള പുതിയ തൊഴിൽ സാധ്യതകളും മറ്റെല്ലാ കാര്യങ്ങളും ചെയ്തുകൊണ്ട് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഇന്ന് നമ്മുടെ സമൂഹത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻവേണ്ടിയുള്ള നടപടിയുമായി ഗവൺമെന്റ് മുന്നോട്ടുപോകുമെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായുള്ള ഗുരുതരമായ ആരോപണത്തെ സംബന്ധിച്ച് അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ട് അത് സഭാനടപടികൾ

നിർത്തിവച്ച് ചർച്ചചെയ്യാൻ ഭരണപക്ഷവും മുഖ്യമന്ത്രിയും ഭയക്കുന്നതുകൊണ്ട് അതിൽ പ്രതിഷേധിച്ച് ഞങ്ങൾ ഇന്നത്തെ സഭാ നടപടികൾ ബഹിഷ്കരിക്കുകയാണ്. ഒരു കാര്യംകൂടി പറയാനുണ്ട്. ചട്ടം എന്നത് ഓരോരുത്തരുടെ സൗകര്യമനുസരിച്ച് മാറ്റാനുള്ളതല്ല. ഇന്നലെ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഒരു ചട്ടം ഉന്നയിച്ചു. റൂൾ 73 - അത് ഫിനാൻഷ്യൽ മെമ്മോറാണ്ടം വേണ്ട എന്നുപറയാനായിരുന്നു. അതിൽ ചട്ടം ബാധകമായിരുന്നില്ല. എന്നാൽ ഇന്ന് അദ്ദേഹം ചട്ടം ബാധകമാക്കുകയാണ്. ഓരോ ദിവസവും ഓരോ സൗകര്യത്തിനനുസരിച്ച് ചട്ടങ്ങൾ വ്യാഖ്യാനിക്കുന്നത് നിയമ വകുപ്പുമന്ത്രിക്ക് യോജിച്ചതല്ലെന്നുകൂടി ഞങ്ങൾ ഓർമ്മപ്പെടുത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യം രേഖയിലുള്ളതുകൊണ്ട് ഒരു കാര്യം പറയുകയാണ്. ഒന്ന്, ബഹുമാനപ്പെട്ട സ്പീക്കർ ഒരു റൂളിംഗ് നടത്തിയാൽ അതിനെ പ്രതിപക്ഷ നേതാവായാലും മറ്റ് ഏതംഗമായാലും ചോദ്യം ചെയ്യുന്നത് തെറ്റായ രീതിയാണ്. രണ്ടാമത്തേത്, ഇന്നലെ

പറഞ്ഞത് ചട്ടം തന്നെയാണ്, ചട്ടം വായിക്കുകയാണ് ചെയ്തത്. ചട്ടം 73 പറയുന്നത് ഫിനാൻഷ്യൽ മെമ്മോറാണ്ടം കണക്കുകൾ ഉണ്ടാകുന്നതിന്റെ ഭാഗമാണ്. ചെലവ് ഇല്ലാത്തതുകൊണ്ട് അത് ഉൾപ്പെടുത്തിയിട്ടില്ല എന്ന വിശദീകരണമാണ് ഞാൻ നൽകിയിട്ടുള്ളത്. ഇന്നലെയും ഇന്നും വായിച്ചത് ചട്ടങ്ങളാണ്. അതാണ് ശരിയായ ചട്ടങ്ങളായി രേഖയിലുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

IV. സബ്മിഷൻ

(1) മിനി ഡാം പുനർനിർമ്മാണം

ശ്രീ. എ. പ്രഭാകരൻ: സർ, മലമ്പുഴ നിയോജകമണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിൽ ചെല്ലൻകാവ് മിനിഡാം പുനർനിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സബ്മിഷനാണ് ഞാൻ ഉന്നയിക്കുന്നത്. 2018-ലെ പ്രളയത്തിൽ പ്രസ്തുത ഡാം തകർന്നുപോകുകയും ഉരുൾപൊട്ടലിന്റെ ഭാഗമായി കൃഷിഭൂമിയൊക്കെ മണ്ണുമൂടിയ അവസ്ഥയുമുണ്ടായി. അതിനുശേഷം അത് പുനർനിർമ്മിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി മൈനർ ഇറിഗേഷൻ വകുപ്പുദ്യോഗസ്ഥർ പരിശോധിച്ച് പ്രഖ്യാപനവും നടത്തിയതാണ്. ഇതിന്റെ ഗൗരവാവസ്ഥ

എനിക്കുമുമ്പ് ആ മണ്ഡലത്തെ പ്രതിനിധീകരിച്ച ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ ഈ സഭയിൽ ബോദ്ധ്യപ്പെടുത്തിയതാണ്. എന്നാൽ നാളിതുവരെ അത് പുനർനിർമ്മിച്ചിട്ടില്ല. പത്തര ഏക്കറാണ് ഈ സ്ഥലത്തിന്റെ വിസ്തൃതി. അതിനടുത്തായി ഏകദേശം പത്ത്, മുന്നൂറ് ഏക്കറോളം സ്ഥലം കൃഷി ഭൂമിയാണുള്ളത്. നൂറോളം കർഷക കുടുംബങ്ങൾ ഇന്ന് വല്ലാത്ത ബുദ്ധിമുട്ടിലാണ്. നെല്ല്, തെങ്ങ്, വാഴ തുടങ്ങിയവയാണ് അവിടെ കൃഷി ചെയ്യുന്നത്. 2018-നുശേഷം വല്ലാതെ ബുദ്ധിമുട്ടി വയൽ നികത്തി അവർ ഒരുവിധം കൃഷി ചെയ്തുകൊണ്ടിരുന്നെങ്കിലും ഓരോ കാലത്തും പെയ്യുന്ന മഴയത്ത് കുത്തിയൊലിച്ചുവരുന്ന മലവെള്ളം അവരെ വല്ലാതെ ബുദ്ധിമുട്ടിച്ചുകൊണ്ട് ആ വയലാകെ മൂടുകയാണ്. വളരെ മനോഹരമായി, സുന്ദരമായി സമാധാനത്തോടുകൂടി ജീവിച്ച ഒരു ഗ്രാമം ഇന്ന് കണ്ണീരും കയ്യുമായി കഴിയുകയാണ്. ഡാം നിർമ്മിക്കാത്തതിനാൽ ഒരു ഭാഗത്ത് മലവെള്ളപ്പാച്ചിൽ ആ പ്രദേശത്തെയാകെ നശിപ്പിക്കുമ്പോൾ മറുഭാഗത്ത് ആനയും പുലിയുമുൾപ്പെടെയുള്ള വന്യമൃഗങ്ങൾ അവരെ വേട്ടയാടുകയാണ്. ആ പ്രശ്നത്തിന് തൽക്കാലം പരിഹാരമുണ്ടാകില്ലെന്ന് എനിക്കറിയാം. എന്തായാലും ഡാമെങ്കിലും പുനർനിർമ്മിച്ച് ആ പാവപ്പെട്ടവരെ രക്ഷിക്കാനാവശ്യമായ നടപടി ഉടൻ കൈക്കൊള്ളണമെന്ന്

ഞാൻ വളരെ വിനയപൂർവ്വം അപേക്ഷിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാം 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിൽ തകർന്നുപോയതാണ്. ഇത് പുനർനിർമ്മിക്കുന്നതിന് NABARD-RIDF (National Bank for Agriculture and Rural Development - Rural Infrastructure Development Fund) XXV-ാം വിഹിതത്തിലുൾപ്പെടുത്തി വിശദമായ പദ്ധതിരേഖ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നബാർഡിന് സമർപ്പിച്ചിരുന്നെങ്കിലും ആയതിന് നബാർഡ് അംഗീകാരം നൽകിയില്ല. തുടർന്ന് പാലക്കാട് ചെറുകിട ജലസേചന ഉപവിഭാഗം ഈ മിനിഡാമിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശവും ആയക്കെട്ട് പ്രദേശവും പരിശോധിക്കുകയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയുമാണ്. പ്രസ്തുത എസ്റ്റിമേറ്റിൽ 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ തകർന്നുപോയ രണ്ട് ബണ്ടുകൾ ബലപ്പെടുത്തുന്നതിനും മിനിഡാമിന്റെ പുനർനിർമ്മാണത്തിനും ഷട്ടറുകൾ സ്ഥാപിക്കുന്നതിനുമാണ് മുഖ്യമായും ഊന്നൽ നൽകിയിരിക്കുന്നത്. കൂടാതെ പ്രളയത്തിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്ത് മിനിഡാമിന്റെ ആഴം

വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് ഏറെ താമസംകൂടാതെ തന്നെ ലഭ്യമാകും. അതിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പ്രളയകാലത്ത് കാർഷിക മേഖലയിലുണ്ടാകുന്ന പ്രശ്നങ്ങളും വന്യമൃഗങ്ങളുടെ ശല്യവുമെല്ലാം നേരിടുന്ന ഒരു പ്രദേശമെന്നുള്ള നിലയിൽ സജീവമായിട്ടുള്ള പരിഗണന നൽകണമെന്ന് തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്.

(2) ഭാരതപ്പുഴ സംരക്ഷണം

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഭാരതത്തിന്റെ പേരിൽ രാജ്യത്ത് അറിയപ്പെടുന്ന പുഴയാണ് ഭാരതപ്പുഴ. 269 കിലോമീറ്റർ ദൂരത്തിൽ പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലൂടെ ഒഴുകി പൊന്നാനി വഴിയാണ് ഭാരതപ്പുഴ അറബിക്കടലിൽ ചേരുന്നത്. ഇതിന്റെ ചരിത്രവും സാംസ്കാരിക പൈതൃകവും ഞാൻ വിശദീകരിക്കുന്നില്ല. പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലായി 27 കുടിവെള്ള പദ്ധതികളും 31 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പ്രവർത്തിക്കുന്നുണ്ട്. അതിന് പുറമെ ഒട്ടേറെ തടയണകളും പ്രവർത്തിക്കുന്നു. വെള്ളിയാംകല്ല്, ചമ്രവട്ടം തുടങ്ങിയ റെഗുലേറ്റർ പാലങ്ങളും അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ജല സംരക്ഷണ കാര്യങ്ങളും അവിടെ നടക്കുന്നുണ്ട്.

മാന്നനൂരിൽ കഴിഞ്ഞ 2014-ൽ അന്നത്തെ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച് 2016-ൽ കമ്മീഷൻ ചെയ്ത് 2018-ൽ തകർന്നുപോയ ഉരുക്ക് തടയണയുണ്ട്. അതുപോലെ ഭാരതപ്പുഴയും തൂതപ്പുഴയും സന്ധിക്കുന്ന കൂടല്ലൂർ പ്രദേശത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന കൂട്ടക്കടവ് തടയണയുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളുണ്ട്. 2018-ലെയും 2019-ലെയും മഹാപ്രളയത്തിൽ ആ പ്രദേശങ്ങളാകെ മുങ്ങിപ്പോകുകയാണുണ്ടായത്. ഞാൻ ഭാരതപ്പുഴയുടെ ഓരമായ കൂട്ടക്കടവ് പ്രദേശത്ത് താമസിക്കുന്ന ആളാണ്. എന്റെ മണ്ഡലമായ ഷൊർണ്ണൂർ 40 കിലോമീറ്ററോളം പുഴയോരത്തുതന്നെയുള്ള മണ്ഡലം കൂടിയാണ്. അതുകൊണ്ട് ഭാരതപ്പുഴയെ അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കുന്ന ഒട്ടേറെ ഇറിഗേഷൻ പദ്ധതികളുടെയും കുടിവെള്ള പദ്ധതികളുടെയും സംരക്ഷണത്തിന് ഭാരതപ്പുഴ ലൈവായി നിൽക്കണം. കുറേ വർഷങ്ങളായി അടിഞ്ഞുകൂടിയ മണലിന്റെയും മൺകൂനകളുടെയും കണ്ടൽക്കാടിന്റെയും ഭാഗമായി പുഴയ്ക്ക് ഒഴുകാൻ നിർവ്വാഹമില്ല. പ്രളയമുണ്ടാകുന്ന സന്ദർഭത്തിൽ പുഴ ഗതിമാറി ഒഴുകുകയാണ്. അതുകൊണ്ട് ഭാരതപ്പുഴയെയും ആവാസ വ്യവസ്ഥകളെയും സംരക്ഷിക്കണം. 2018-ലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കൂട്ടക്കടവ് തടയണയുടെ അലൈൻമെന്റിലും ഡിസൈനിംഗിലും മാറ്റംവരുത്തി ജനങ്ങളുടെ ആശങ്ക

ദൂരീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ മാന്നനൂരിൽ പുഴ ഗതിമാറി ഒഴുകിയതിന്റെ ഭാഗമായി തകർന്നുപോയ മാന്നനൂർ ഉരുക്കുതടയണ സംരക്ഷിച്ചുകൊണ്ട് ആ പ്രദേശത്തെ ജനങ്ങൾക്കാവശ്യമായ സംരക്ഷണം നൽകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ഭാരതപ്പുഴയുടെ ജീവൻ നിലനിർത്താനും സംരക്ഷിക്കാനുമാവശ്യമായ പദ്ധതികൾ ജലവിഭവ വകുപ്പും റവന്യൂ വകുപ്പും പഞ്ചായത്ത് വകുപ്പും സംയുക്തമായി ആലോചിച്ച് അതിനുള്ള ക്രമീകരണങ്ങളും പദ്ധതികളും നടപ്പാക്കണം. ഈ പുഴയിൽ അടിഞ്ഞുകൂടിയ മണലും മണ്ണും നീക്കം ചെയ്താൽ തന്നെ കോടിക്കണക്കിന് രൂപ അതിൽനിന്ന് വരുമാനമുണ്ടാകും, അതുവച്ചുകൊണ്ട് പുഴയുടെ ഓരങ്ങളെ സംരക്ഷിക്കാനാവശ്യമായ പദ്ധതികൾക്ക് രൂപം കൊടുക്കാനാകും. അതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതികളുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. ഭാരതപ്പുഴയെ ലൈവായി നിർത്തുന്നതിനാവശ്യമായ സംരക്ഷണ പ്രവർത്തനം ഭാരതപ്പുഴയിൽ നടത്തണമെന്നും ഓരങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ വിനീതമായി അഭ്യർത്ഥിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, സംസ്ഥാനത്തെ

നദികളിൽവച്ച് വലിയ വൃഷ്ടി പ്രദേശമുള്ള നദിയാണ് ഭാരതപ്പുഴയെങ്കിലും മറ്റ് ചില നദികളുമായി താരതമ്യം ചെയ്യുമ്പോൾ നീരൊഴുക്ക് പൊതുവിൽ കുറവാണ്. വരണ്ട കാലാവസ്ഥ അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഈ നദീതടത്തിൽ വരുന്നതാണ് ഇതിനുള്ള ഒരു കാരണം. മഴക്കാലത്ത് ജലലഭ്യത വളരെ കൂടുതലുള്ള നദിയാണ് ഭാരതപ്പുഴ. ഏകദേശം 96-97 ശതമാനം നീരൊഴുക്കും ജൂൺ മുതൽ നവംബർ വരെയുള്ള മാസങ്ങളിലാണുള്ളത്. ഡിസംബർ മുതൽ മേയ് വരെയുള്ള മാസങ്ങളിലെ നീരൊഴുക്ക് 3-4 ശതമാനം വരെ മാത്രമാണ്. ആയതിനാൽത്തന്നെ വേനൽക്കാലമാകുന്നതോടുകൂടി ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ധാരാളമുള്ള നദീതടമാണ് ഭാരതപ്പുഴ. പ്രകൃതിദത്തവും മനുഷ്യ നിർമ്മിതവുമായ ഘടകങ്ങളാണ് നദിയെ നിലവിലെ സ്ഥിതിയിലെത്തിച്ചത്. നദിയുടെ ഉത്ഭവസ്ഥാനവും പതനസ്ഥാനവും തമ്മിലുള്ള ചരിവാണ് പ്രകൃതിദത്ത ഘടകം. അതുകൊണ്ടുതന്നെ നദിയിലെ ജലം വളരെ വേഗത്തിൽ കടലിൽ എത്തിച്ചേരുന്നു. കൂടാതെ മംഗലം, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, വാളയാർ, മലമ്പുഴ, കാഞ്ഞിരപ്പുഴ തുടങ്ങി ചെറുതും വലുതുമായ അണക്കെട്ടുകളും ഈ നദിയിലുണ്ട്. ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലത്തിൽ

സംയോജിത നീർത്തട പദ്ധതികൾ തയ്യാറാക്കുകയും കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. നദിയിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനായി തടയണകളും റെഗുലേറ്ററുകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കൃഷിക്ക് ജലം ലഭ്യമാക്കുന്നതിനായി ഭാരതപ്പുഴ നദീതടത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും നിർമ്മിച്ചിട്ടുണ്ട്. 2018-19 പ്രളയത്തെത്തുടർന്ന് ജലസേചന നിർമ്മിതികളായ തടയണ, റെഗുലേറ്ററുകൾ എന്നിവയ്ക്ക് സമീപം അടിഞ്ഞുകൂടിയ ചെളി, എക്കൽ മണ്ണ്, മണൽ, മാലിന്യം എന്നിവ നീക്കം ചെയ്യുന്ന പ്രവർത്തനവും പുരോഗമിച്ചുവരുന്നു. ദുരന്ത നിവാരണ ഫണ്ടുപയോഗിച്ച് ഭാരതപ്പുഴയിലെ നീരൊഴുക്കിന് തടസ്സമായിരുന്ന തവനൂർ ബ്രഹ്മക്ഷേത്രത്തിനും തൃക്കണ്ണാപുരം പമ്പ് ഹൗസിനുമിടയിലുള്ള പ്രദേശത്തെ ചെളിയും മറ്റ് പാഴ്വസ്തുക്കളും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ നിർദ്ദേശിച്ചതനുസരിച്ച് ഭാരതപ്പുഴയുടെ പട്ടാമ്പി ഭാഗത്തെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. നദിയിൽ അടിഞ്ഞുകൂടിയ മണൽ, ചെളി, മാലിന്യം എന്നിവ സംബന്ധിച്ച് കൃത്യമായ വിവരശേഖരണം നടത്തുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. ഭാരതപ്പുഴയുടെ ജലവിനിയോഗത്തിനും റിസർവോയറുകളുടെ സംയോജിതവും ഫലപ്രദവുമായ പ്രവർത്തനത്തിനും പ്രളയം, വരൾച്ച തുടങ്ങിയ പരിസ്ഥിതിക്ക് വിഘാതമാകുന്ന പ്രതിഭാസങ്ങളെ നിയന്ത്രിക്കുന്നതിനുമായി ഒരു റിവർ ബേസിൻ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ ഒരു പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ട്. റിസർവോയറുകളിലെ സംയോജിതമായ പ്രവർത്തനങ്ങളിലൂടെ ഉചിതമായ പ്രളയ നിയന്ത്രണവും വരൾച്ചാ കാലഘട്ടങ്ങളിൽ പുഴകളിലേയ്ക്കാവശ്യമായ നീരൊഴുക്ക് ഉറപ്പുവരുത്തുന്നതുമായ നടപടികൾക്ക് റിവർ ബേസിൻ മാനേജ്മെന്റ് പ്ലാൻ ഉപകരിക്കുമെന്നതിനാൽ ഭാരതപ്പുഴയുടെ സുസ്ഥിരമായ പരിപാലനം സാധ്യമാകുന്നതാണ്. ആയതിലേയ്ക്കായി 'Development of Decision Support System for River Operation Management for Bharathapuzha Base' എന്ന പദ്ധതി ജലവിഭവ വകുപ്പ് പാലക്കാട് Indian Institute of Technology (IIT)-യെയും അതിന് താത്പര്യമുള്ള എഞ്ചിനീയറിംഗ് കോളേജുകളെയും പങ്കെടുപ്പിച്ചുകൊണ്ട് സംയുക്തമായി നടപ്പിലാക്കുന്നതിനുള്ള ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്. ഭാരതപ്പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട്

ശ്രീ. പി. മമ്മിക്കുട്ടി ഇവിടെ പറഞ്ഞ കാര്യങ്ങൾ വളരെ പ്രസക്തമാണ്. അത് വളരെ ഗൗരവമായിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്.

(3) കോമൺവെൽത്ത് ഹാൻഡ് ലൂമിന്റെ പ്രവർത്തനം

ശ്രീ. ഇ. കെ. വിജയൻ: സർ, 1844-ൽ സ്ഥാപിതമായ കോഴിക്കോട് കോമൺവെൽത്ത് ഹാൻഡ് ലൂംസ് എന്ന സ്ഥാപനം കേരള നിയമസഭ പാസ്സാക്കിയ ബിൽ പ്രകാരം ഹെറിറ്റേജ് ഇൻഡസ്ട്രിയായി പ്രവർത്തിപ്പിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. വൈറ്റ് ഹൗസ്, ഫ്രഞ്ച് കൊട്ടാരം, ബ്രിട്ടീഷ് രാജ്ഞിയുടെ കൊട്ടാരം, രാഷ്ട്രപതി ഭവൻ, എയർ ഇന്ത്യ, ആഫ്രിക്കൻ രാജ്യങ്ങൾ എന്നീ പ്രദേശങ്ങളിൽ/മേഖലകളിലേയ്ക്കായിരുന്നു ഇവിടെ ഉത്പാദിപ്പിച്ച ഉത്പന്നങ്ങൾ എത്തിയിരുന്നത്. സ്വാതന്ത്ര്യത്തിനുശേഷമെടുത്ത നടപടിയുടെ ഭാഗമായി നടത്തിപ്പ് കമ്മിറ്റിയുടെ മിസ്മാനേജ്മെന്റുമൂലമാണ് ഈ സ്ഥാപനം തകർന്നത്. കോഴിക്കോടിന്റെ നഗര ഹൃദയത്തിലുള്ള ഭൂമി ഏത് വിലയ്ക്കും ഏറ്റെടുക്കാൻ ആളുകളുണ്ട്. അത് മനസ്സിലാക്കി ചിലർ ഭൂമി കൈവശപ്പെടുത്തിയിട്ടുണ്ട്. ഓർഡിനൻസും ബില്ലും വന്നതിനുശേഷമാണ് വില്പന നടന്നത്. എൽ.ഡി.എഫ്.-ന്റെ ഭരണകാലമായ 2010-ൽ ശ്രീ. എളമരം കരീം വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് ഈ

സ്ഥാപനം ഏറ്റെടുക്കാൻ ഓർഡിനൻസ് കൊണ്ടുവന്നത്. പിന്നീട് ബിൽ നിയമസഭയിൽ പാസ്സാക്കണമെന്ന് കേന്ദ്ര ആഭ്യന്തര വകുപ്പ് ആവശ്യപ്പെട്ടു. 2012-ൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി വ്യവസായ വകുപ്പുമന്ത്രിയായപ്പോൾ ഈ ബിൽ നിയമസഭയിൽ കൊണ്ടുവന്ന് ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. പലപ്പോഴും രാത്രികാലങ്ങളിൽ ഭ്രമാഫിയ കെട്ടിടം പൊളിക്കാനുള്ള ശ്രമങ്ങൾ നടത്തിയപ്പോൾ സമരം ചെയ്യുന്ന തൊഴിലാളികളും നാട്ടുകാരും ചേർന്ന് അത് തടഞ്ഞു. 2017 മാർച്ച് 31-ന് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധി വന്നു. സ്ഥാപനം അടച്ചുപൂട്ടിയത് തെറ്റാണെന്നും തൊഴിലാളികൾക്ക് എല്ലാ ആനുകൂല്യങ്ങളും നൽകണമെന്നും ആവശ്യപ്പെട്ടു. ഈ നിയമത്തിന് 2018 ഫെബ്രുവരി 1-ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുകയും തുടർന്ന് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഈ വിഷയത്തിൽ ഇടപെട്ട് ഡൽഹിയിലെ കേരള റെസിഡന്റ് കമ്മീഷണറെ ചുമതലപ്പെടുത്തി. അന്നത്തെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ Kerala State Industrial Development Corporation (KSIDC)-യുടെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി പ്രസ്തുത സ്ഥാപനം ലാഭകരമായി നടത്താനുള്ള പ്രോജക്ട് റിപ്പോർട്ട്

തയ്യാറാക്കിയിട്ടുണ്ട്. 2014-ൽ പുരാവസ്തു വകുപ്പ് ഡയറക്ടർ ഈ സ്ഥാപനം സന്ദർശിക്കുകയും സംരക്ഷണ സ്മാരകമായി ഫാക്ടറിയെ നിലനിർത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഫയൽ ജില്ലാ കളക്ടറെ ഏൽപ്പിച്ചു. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ഇടപെട്ട് ഈ സ്ഥാപനം സംരക്ഷിക്കുന്നതിന് ജില്ലാ കളക്ടറോട് നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 11 വർഷമായി അവിടെ തൊഴിലാളികൾ നടത്തുന്ന സമരം കേവലം കൂലി കൂടുതലിനുവേണ്ടിയല്ല. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഏടുകൾക്ക് സാമൂഹിക പ്രതിബദ്ധതയോടെ നേതൃത്വം കൊടുത്ത സഖാവ് പി. കൃഷ്ണപിള്ളയുടെ സാന്നിദ്ധ്യം അവിടെയുണ്ടായിരുന്നു. ആദ്യമായി രക്തപതാക ഉയർത്തിയത് അവിടെയാണ്. 11 വർഷത്തെ കാത്തിരിപ്പിനുശേഷം മൂന്ന് തൊഴിലാളികൾ മരണപ്പെട്ടു. 15 തൊഴിലാളികൾ പ്രായംകൂടിയവരായി മാറി. ബാക്കി തൊഴിലാളികളും ഏറെ പ്രയാസത്തിലാണ്. തൊഴിലാളികളുടെ പ്രശ്നത്തിന് പരിഹാരം കാണണം. ഇത് സർക്കാർ ഏറ്റെടുത്ത് ഹെറിറ്റേജ് ഇൻഡസ്ട്രിയായി പ്രവർത്തിപ്പിക്കണം. നേരത്തെ ഏറെ വിദേശ ടൂറിസ്റ്റുകൾ വരുമായിരുന്ന ഒരു സ്ഥാപനമാണിത്. ഹെറിറ്റേജ് ഇൻഡസ്ട്രിയായി വന്നുകഴിഞ്ഞാൽ അനന്തമായ സാധ്യതകളാണുണ്ടാകുന്നത്.

കോഴിക്കോടിന്റെ മുഖച്ഛായയെന്ന് പറയുന്നത് മാനാഞ്ചിറ മൈതാനവും ടൗൺ ഹാളും കോമൺവെൽത്ത് ഹാൻഡ് ല്യൂംസുമാണ്. ഇപ്പോഴും ഭൂമി കൈവശപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായി ഇടക്കാലത്ത് ഭൂമി വാങ്ങിയവർ കോടതിയെ സമീപിച്ചിട്ടുണ്ട്. തൊഴിലാളികൾ അതിൽ കക്ഷിചേർന്നിട്ടുണ്ട്. ആ സ്റ്റേ ഒഴിവാക്കി ഈ ബില്ലിൽ സൂചിപ്പിച്ചതുപോലെ ഹെറിറ്റേജ് ഇൻഡസ്ട്രിയായി നടപ്പിലാക്കാനുള്ള എല്ലാ ശ്രമങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ അംഗം ഇ. കെ. വിജയൻ അവതരിപ്പിച്ച സബ്മിഷൻ അദ്ദേഹം തന്നെ മുമ്പ് നിവേദന രൂപത്തിൽ നൽകിയിട്ടുണ്ട്. ബഹുമാന്യനായ ടി. പി. രാമകൃഷ്ണൻ എം.എൽ.എ.യും കോഴിക്കോടുള്ള മറ്റ് എം.എൽ.എ.മാരും നിവേദനമായി നൽകിയിട്ടുള്ള വിഷയമാണിത്. 2009 മുതൽ പ്രവർത്തനം നിലച്ച കോഴിക്കോട് കോമൺവെൽത്ത് ട്രസ്റ്റ് നെയ്ത്ത് ഫാക്ടറി ഏറ്റെടുത്ത് കെ.എസ്.ഐ.ഡി.സി.യുടെ കീഴിൽ ഇൻഡസ്ട്രിയൽ മ്യൂസിയമാക്കി മാറ്റുന്നതിന്, കോമൺവെൽത്ത് ട്രസ്റ്റ് കോഴിക്കോട് (വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ആക്ട് 2012 കേരള

നിയമസഭ പാസ്സാക്കി. അതിന് 2018 ഫെബ്രുവരി 1-നാണ് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത്. ഈ നിയമം 2018 ഫെബ്രുവരി 19-ന് ഗസറ്റിൽ വിജ്ഞാപനം ചെയ്തു. കോമൺവെൽത്ത് ട്രസ്റ്റ് ഇന്ത്യാ ലിമിറ്റഡിന്റെ കീഴിലുള്ള കോംട്രസ്റ്റ് ഹാൻഡ് ലൂം ഫാക്ടറി പുന:സംഘടിപ്പിക്കുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്കുവേണ്ടിയും ഈ സ്ഥാപനത്തെ ഒരു വ്യവസായ മ്യൂസിയവും ഉത്പാദന കേന്ദ്രവുമാക്കി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിൽ നിലനിർത്തുന്നതിനും വേണ്ടിയുള്ളതാണ് ഈ നിയമം. പ്രസ്തുത നിയമപ്രകാരം കോഴിക്കോട് കോമൺവെൽത്ത് ട്രസ്റ്റിന്റെ കീഴിൽ കോഴിക്കോട് ടൗണിലുള്ള നെയ്ത്ത് ഫാക്ടറിയും അതിനോടനുബന്ധിച്ചുള്ള വസ്തുവകകളും സർക്കാരിലേയ്ക്ക് മുതൽക്കൂട്ടാക്കേണ്ടതും അതോടൊപ്പം കെ.എസ്.ഐ.ഡി.സി.-ക്ക് കൈമാറ്റം ചെയ്യപ്പെടേണ്ടതുമാണ്. 2012-ൽ ബിൽ നിയമസഭ പാസ്സാക്കുന്നതിനുമുമ്പ്, ആകെയുണ്ടായിരുന്ന 3.84 ഏക്കറോളം ഭൂമിയിൽ 2.8 ഏക്കർ ഭൂമി ഈ കാലയളവിനുള്ളിൽ ട്രസ്റ്റ് വിൽക്കുകയുണ്ടായി. വില്പന നടത്തിയ ഭൂമിയും നിയമപ്രകാരം കെ.എസ്.ഐ.ഡി.സി.-ക്ക് കൈമാറി ലഭിക്കേണ്ടതാണ്. 2018-ൽ ബില്ലിന് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചതിനെ തുടർന്ന് ഭൂമി

വാങ്ങിയവർ കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിക്കുകയും ഈ ആക്ടിന്മേൽ തുടർനടപടികൾ നിർത്തിവയ്ക്കുന്നതിന് ഇടക്കാല ഉത്തരവ് വാങ്ങുകയും ചെയ്തു. അതിനാൽ കോമൺവെൽത്ത് ട്രസ്റ്റിന്റെ കൈവശാവകാശം ഏറ്റെടുക്കുന്നതിനും ആക്ട് പറയുന്നതുപ്രകാരം നടപടികളുമായി മുന്നോട്ടുപോകുന്നതിനും സംസ്ഥാന സർക്കാരിനും കെ.എസ്.ഐ.ഡി.സി.ക്കും കാലതാമസം നേരിട്ടിരുന്നു. സംസ്ഥാന സർക്കാരും കെ.എസ്.ഐ.ഡി.സി.യും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. ഈ നിയമത്തിന്റെ 35-ാം വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ച് നിയമം നടപ്പിലാക്കുന്നതിനായി കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ ഇത് പ്രസിദ്ധപ്പെടുത്താൻ സാധിച്ചിട്ടില്ല. സ്റ്റേ ഉത്തരവ് നീങ്ങുന്നതുപ്രകാരം ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. 2009 ജനുവരി മാസംവരെ പ്രവർത്തിച്ചിരുന്ന കോമൺവെൽത്ത് നെയ്ത്ത്ശാലയിൽ 254 തൊഴിലാളികളുണ്ടായിരുന്നു. എന്നാൽ പലവിധ കാരണങ്ങളാൽ സ്ഥാപനം നഷ്ടത്തിലായതിനെത്തുടർന്ന് വിവിധ തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ

voluntary retirement scheme പ്രകാരം ഭൂരിപക്ഷം തൊഴിലാളികളും ആനുകൂല്യം കൈപ്പറ്റി പിരിഞ്ഞുപോയെങ്കിലും താരതമ്യേന സർവ്വീസ് ദൈർഘ്യം കുറഞ്ഞ 107 തൊഴിലാളികൾ പിരിഞ്ഞുപോകാതെ സ്ഥാപനത്തിൽ തുടരുകയും ചെയ്തു. ആക്ട് നിലവിൽ വരുന്നതിനും പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുന്നതിനും മുമ്പുതന്നെ 25-07-2014-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരവും 2016 ഒക്ടോബർ 27-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരവും കോംട്രസ്റ്റിലെ ജീവിച്ചിരിക്കുന്നവരും 58 വയസ്സ് പൂർത്തിയാകാത്തവരുമായ 77 ജീവനക്കാർക്ക് ഇപ്പോൾ കെ.എസ്.ഐ.ഡി.സി. മുഖേന പ്രതിമാസം 5,000 രൂപ വീതം സമാശ്വാസ വേതനമെന്ന നിലയ്ക്ക് നൽകിവരുന്നുണ്ട്.

(4) <u>കരുവാറ്റ – ഓച്ചിറ ഭാഗത്തെ ഗതാഗതം സുരക്ഷിതമാക്കൽ</u>

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ദേശീയപാത എട്ട് കിലോമീറ്റർ കടന്നുപോകുന്ന മണ്ഡലമാണ് കായംകുളം. നിലവിൽ കരുവാറ്റ മുതൽ ഓച്ചിറ വരെയുള്ള ദേശീയപാതയിൽ അപകടകരമായ രൂപത്തിൽ കുഴികൾ രൂപപ്പെട്ടിരിക്കുകയാണ്. 2021 ജനുവരി മാസം തന്നെ കുഴികൾ ചെറുതായി രൂപപ്പെടാൻ തുടങ്ങിയത് ദേശീയപാതാ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്നാൽ നാഷണൽ ഹൈവേ അതോറിറ്റി

ഓഫ് ഇന്ത്യ അന്നത് ശരിയാക്കുന്നതിന് യാതൊരുവിധ നടപടിയും കൈക്കൊണ്ടില്ല. ഇപ്പോൾ ആ കുഴികൾ വലിയ ഗർത്തങ്ങളായി രൂപം കൊണ്ടിരിക്കുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ തന്നെ അദ്ദേഹം വളരെ കർശനമായി ദേശീയപാതാ അതോറിറ്റിയോട് ഈ വിഷയം പറയുകയും അതിലിടപെടുകയും ചെയ്തത് എന്റെ സാന്നിദ്ധ്യത്തിൽ തന്നെയായിരുന്നു. എന്നാൽ ഇപ്പോഴും സാങ്കേതിക കാരണങ്ങൾ പറഞ്ഞ് എൻ.എച്ച്.എ.ഐ. അറ്റകുറ്റപ്പണികൾ ചെയ്യാതെയിരിക്കുകയാണ്. എൻ.എച്ച്.എ.ഐ.യുടെ ഈ അനാസ്ഥ ജനങ്ങൾ അറിയുന്നില്ല. അതുകൊണ്ട് സർക്കാരിനെതിരെ നവമാധ്യമങ്ങളിലൂടെയും പത്ര-ദൃശ്യമാധ്യമങ്ങളിലൂടെയും ഇതുസംബന്ധിച്ചുള്ള നിരവധി വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്ന അവസ്ഥ വരികയാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇതിലിടപെട്ട് ഈ പ്രശ്നം പരിഹരിക്കാനായി ശ്രമിച്ച സാഹചര്യത്തിലും എൻ.എച്ച്.എ.ഐ.യുടെ ഭാഗത്തുനിന്ന് സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ഇത് മുടങ്ങുന്നത് കൃത്യമായി അന്വേഷിക്കണം. നിലവിൽ റോഡിന്റെ സ്ഥിതി ഗുരുതരമാണെന്നുള്ള വസ്തുത അവിടെ നിലനിൽക്കുകയാണ്. വലിയ ഗൗരവതരമായ അവസ്ഥയിലേയ്ക്കാണ് അത് പോകുന്നത്. നിരവധി

വാഹനങ്ങൾ അപകടത്തിൽപ്പെടുന്നുണ്ട്. എൻ.എച്ച്.എ.ഐ.യുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപത്തിനെതിരെ ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുണ്ടാകണമെന്നും നിലവിലെ ഗുരുതരാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് സാദ്ധ്യമായതെല്ലാം ചെയ്യുതരണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വളരെ പ്രസക്തവും പരിഹരിക്കപ്പെടേണ്ടതുമായ പ്രശ്നം തന്നെയാണ് ബഹുമാനപ്പെട്ട അംഗം യു. പ്രതിഭ ഉന്നയിച്ചത്. ഇത് പരിഹരിക്കുന്നതിനുവേണ്ടി മെയ് മാസം 20-ന് വകുപ്പിന്റെ ചുമതല ഏറ്റെടുത്തതുമുതൽ തുടർച്ചയായി കേന്ദ്ര സർക്കാരിന്റെയും എൻ.എച്ച്.എ.ഐ.യുടെയും ശ്രദ്ധയിൽപ്പെടുത്തുകയും ഇടപെടുകയും ചെയ്തിട്ടുണ്ട്. ഇത് ഒറ്റപ്പെട്ട വിഷയമല്ല, പൊതുവായ വിഷയമാണ്. സംസ്ഥാനത്ത് 1781 കിലോമീറ്റർ ദൈർഘ്യമുള്ള ദേശീയപാതയാണ് നിലവിലുള്ളത്. ഇതിൽ 548 കിലോമീറ്റർ മാത്രമാണ് പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ കൈവശമുള്ളത്. അതായത് ആകെയുള്ളതിന്റെ 30 ശതമാനം മാത്രം. ബാക്കിയുള്ള 70 ശതമാനം റോഡുകളുടെ പരിപാലന ചുമതലയും ദേശീയ പാതാ അതോറിറ്റിക്കാണ്.

എന്നാൽ മുമ്പ് ഇങ്ങനെയായിരുന്നില്ല. മുമ്പ് സംസ്ഥാനത്ത് ദേശീയപാതകളുടെ പരിപാലനം സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്തമായിരുന്നു. ഈ പാതകളിൽ അറ്റകുറ്റപ്പണികൾക്കുള്ള തുക സംസ്ഥാന സർക്കാരിന് അധികം സമയമെടുക്കാതെ ചെലവഴിക്കാൻ നേരത്തെ കഴിയുമായിരുന്നു. എന്നാൽ 12-05-2020-ലെ കേന്ദ്ര ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം തലപ്പാടി മുതൽ കാരോട് വരെയുള്ള NH 66, ബോഡിമെട്ട് മുതൽ കുണ്ടന്നൂർ വരെയുള്ള NH 85, കൊല്ലം മുതൽ കോട്ടവാസൽ വരെയുള്ള NH 744, കോഴിക്കോട് മുതൽ പാലക്കാട് വരെയുള്ള NH 966 എന്നീ ദേശീയപാതകൾ ദേശീയപാതാ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ദേശീയപാതകൾ നാലുവരിയോ ആറ് വരിയോ ആക്കുന്നതിന്റെ ഭാഗമായാണ് ഇവ കൈമാറിയത്. ഈ പാതകളിൽ ദേശീയപാതാ അതോറിറ്റി പ്രത്യേകമായി ഫണ്ട് അനുവദിച്ചാൽ മാത്രമേ പൊതുമരാമത്ത് വകുപ്പിന് നിലവിൽ പ്രവൃത്തി നടത്താൻ സാധിക്കൂ. അല്ലാതെ ഒരുതരത്തിലും പൊതുമരാമത്ത് വകുപ്പിന് പ്രവൃത്തി ഏറ്റെടുക്കുവാൻ സാധിക്കില്ല. സംസ്ഥാനത്തിന് സ്വന്തമായി ഇക്കാര്യത്തിലൊന്നും ചെയ്യാനാകില്ല. ദേശീയപാതാ അതോറിറ്റി നേരിട്ട് പ്രവൃത്തി ചെയ്യുന്നതിലെ കാലതാമസം വകുപ്പ് ചുമതലയേറ്റെടുത്തതുമുതൽ ഈ ചുരുങ്ങിയ

കാലയളവിനുള്ളിൽ നിരവധി തവണ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. റോഡ് ദേശീയപാത അതോറിറ്റിക്ക് കൈമാറിയെന്ന് പറഞ്ഞ് കയ്യൊഴിഞ്ഞ് മാറി നിൽക്കുകയല്ല പൊതുമരാമത്ത് വകുപ്പ് ചെയ്തത്. എൻ.എച്ച്.എ.ഐ.യുടെ കീഴിൽ വരുന്ന റോഡുകളുടെ മോശം അവസ്ഥ നിരവധി തവണ ദേശീയപാതാ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഒരു വർഷത്തിനുള്ളിൽ ഏഴ് തവണ ഈ വിഷയം ചൂണ്ടിക്കാട്ടി ദേശീയപാതാ അതോറിറ്റിക്ക് കത്തയച്ചിട്ടുമുണ്ട്. വകുപ്പിന്റെ ചുമതലയേറ്റെടുത്തയുടനെ ഗൗരവത്തോടെ ഈ വിഷയം ചർച്ച ചെയ്തു. പ്രശ്നത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയായ ശ്രീ. നിതിൻ ഗഡ്കരിക്ക്, മന്ത്രിയെന്ന നിലയിൽ ജൂലൈ മാസത്തിൽ കത്തയയ്ക്കുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയ റീച്ചിന്റെ പ്രശ്നത്തിലും പ്രത്യേകമായ ഇടപെടലാണ് പൊതുമരാമത്ത് വകുപ്പ് നടത്തിയിട്ടുള്ളത്. റോഡ് അറ്റകുറ്റപ്പണികൾ ചെയ്യണമെന്നാവശ്യപ്പെട്ട് നേരത്തെ തന്നെ ദേശീയപാതാ അതോറിറ്റിക്ക് കത്ത് നൽകി. 2020 ജൂൺ 8-ന് ചീഫ് എഞ്ചിനീയർ ആദ്യ കത്ത് അയച്ചു. അങ്ങനെ നിരന്തരമായ ഇടപെടലുകൾക്കൊടുവിൽ 2021 ഫെബ്രുവരി മാസത്തിൽ അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ്

തയ്യാറാക്കി നൽകുവാൻ ദേശീയപാതാ അതോറിറ്റി നിർദ്ദേശിച്ചു. ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 2021 ഫെബ്രുവരി 19-ന് ദേശീയപാതാ അതോറിറ്റിക്ക് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് കൈമാറുകയും ചെയ്തു. ഇത്തരത്തിൽ 19 പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് കൈമാറിയിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാട്ടിയ ഹരിപ്പാട് മാധവ ജംഗ്ഷൻ-കൃഷ്ണപുരം റീച്ചിന്റെ പ്രവൃത്തിക്കുള്ള 2021 ഫെബ്രുവരി 19-ന് നൽകിയ എസ്റ്റിമേറ്റ് അംഗീകരിച്ച് തുക അനുവദിച്ചത് ജൂലൈ 20-നാണ്. അതായത് 5 മാസമെടുത്താണ് ദേശീയപാതാ അതോറിറ്റി തീരുമാനമെടുത്തത്. അതിനുശേഷം ഒരു കാലതാമസവും നടപടിക്രമങ്ങളിൽ പൊതുമരാമത്ത് വകുപ്പ് ഉണ്ടാക്കിയിട്ടില്ല. രണ്ട് ദിവസത്തിനുള്ളിൽത്തന്നെ ടെണ്ടർ നടപടികൾ ആരംഭിച്ചു. ആഗസ്റ്റ് മാസം 5-ാം തിയതി ടെണ്ടർ ഓപ്പൺ ചെയ്തു. എന്നാൽ ആരും ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല. അതിനാൽ നിയമപരമായി റീ-ടെണ്ടർ ചെയ്യണം. അന്നുതന്നെ റീ-ടെണ്ടർ ചെയ്തു. ആഗസ്റ്റ് മാസം 13-നാണ് റീ-ടെണ്ടർ തുറന്നത്. പ്രവർത്തനങ്ങൾ വേഗതയിൽ നടത്താൻ പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് ഇവിടെ മാത്രമുള്ള വിഷയമല്ല. സംസ്ഥാനത്തിന്റെ പല മേഖലകളിലും ദേശീയ പാതകളിലെ

അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടക്കാത്ത വിഷയമുണ്ട്. ഇക്കാര്യത്തിൽ ശാശ്വതമായ പരിഹാരം കാണുന്നതിനാണ് ലക്ഷ്യമിടുന്നത്. ദേശീയപാതാ അതോറിറ്റിയുമായി ഇനിയും സംസാരിക്കും. കേരളത്തിന്റെ കാലാവസ്ഥ കൂടി കണക്കിലെടുത്ത് അതിന് അനുയോജ്യമായ തരത്തിൽ മൺസൂണിന് മുമ്പുതന്നെ അറ്റകുറ്റപ്പണികൾ നടത്തണമെന്നാണ് സംസ്ഥാന സർക്കാർ നിലപാട്. എസ്റ്റിമേറ്റ് തയ്യാറാക്കാൻ അനുമതി നൽകുന്നതിലും എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിലും എൻ.എച്ച്.എ.ഐ.യിൽ നിന്നുള്ള കാലതാമസം ഒഴിവാക്കുകയാണ് പ്രധാനം. ഇതിനായി ദേശീയപാതകളിൽ കിലോമീറ്ററിന് നിശ്ചിത നിരക്ക് നിശ്ചയിച്ച് പൊതുമരാമത്ത് വകുപ്പിന് തുക ഡിപ്പോസിറ്റ് ചെയ്യുവാനുള്ള സംവിധാനമുണ്ടായാൽ സംസ്ഥാനത്തിനുതന്നെ അറ്റകുറ്റപ്പണികൾ നടത്താൻ കഴിയുമെന്ന കാര്യം കേന്ദ്ര സർക്കാരിനെ മുമ്പുതന്നെ അറിയിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനുള്ള ശക്തമായ സമ്മർദ്ദം സംസ്ഥാനം നടത്തും. കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽ ഒരിക്കൽക്കൂടി ഈ വിഷയം കൊണ്ടുവന്ന് ശാശ്വത പരിഹാരത്തിനുള്ള ശ്രമം തുടരും.

(5) പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ ഗ്രേഡ് പ്രഖ്യാപിച്ചിട്ടുള്ളതാണ്. 2008-ലാണ് താലൂക്ക് ആശുപത്രിയായി

പ്രഖ്യാപിച്ചിട്ടുള്ളത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റിയും കാരുണ്യ മെഡിക്കൽ ഷോപ്പും വിവിധ പരിശോധന ലബോറട്ടറികളുമെല്ലാം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവിടെ പ്രാവർത്തികമാക്കിയിട്ടുള്ളതാണ്. ഡയാലിസിസ് യൂണിറ്റും അവിടെ പ്രവർത്തിച്ചുവരികയാണ്. 1200 രോഗികൾ ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്ക് വിധേയമാകുന്നുണ്ട്. ഇപ്പോൾ 38 കിടക്കകൾക്കനുസൃതമായ ഡോക്ടർമാരും ജീവനക്കാരുമാണുള്ളതെങ്കിലും 50 കിടക്കകൾ രോഗികൾക്കുവേണ്ടി ഉപയോഗിക്കുന്നുണ്ട്. ഇത്തരമൊരു ആശുപത്രി വികസനം സാധ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ തത്വത്തിൽ കഴിഞ്ഞ ഗവൺമെന്റുതന്നെ അംഗീകരിച്ചിട്ടുള്ളതാണ്. നിപ വൈറസിനെ പ്രതിരോധിക്കുന്നതിൽ മാതൃകാപരമായ പ്രവർത്തനമാണ് ഈ ആശുപത്രി നടത്തിയത്. ഈ പ്രതിരോധ പ്രവർത്തനത്തിൽ ഏർപ്പെട്ടുവരുമ്പോഴാണ് സിസ്റ്റർ ലിനി മരിക്കാനിടയായത്. കോവിഡ് പ്രതിരോധത്തിലും ഈ ആശുപത്രിയിൽ ഇപ്പോൾ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആശുപത്രി വികസനത്തെ ലക്ഷ്യംവച്ച് കിഫ്ബി വഴി 77.43 കോടി രൂപ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ അനുവദിച്ചിട്ടുള്ളതാണ്. ഇതിന്റെ എസ്.പി.വി.യായി

ചുമതലപ്പെടുത്തിയിരിക്കുന്നത് INKEL-നെയാണ്. ഫലപ്രദമായി നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ INKEL വീഴ്ച വരുത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പേരാമ്പ്ര കോളേജിന്റെ ഭാഗമായിട്ടുള്ള സ്ഥലത്തുനിന്ന് രണ്ടേക്കർ സ്ഥലം ഈ ആശുപത്രിക്കായി അനുവദിക്കുന്നതിന് അന്നത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാനും ഇടപെട്ട് മീറ്റിംഗ് നടത്തി തീരുമാനമെടുത്തിട്ടുള്ളതാണ്. ഈ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല. ആശുപത്രിയുടെ വികസനം സാധ്യമാകണമെന്നുണ്ടെങ്കിൽ ഈ സ്ഥലം ഏറ്റെടുക്കണം. നേരത്തെയുള്ള മാനദണ്ഡമനുസരിച്ചുള്ള നിയമനങ്ങൾ നടക്കണം. രോഗികൾക്ക് സംരക്ഷണം കൊടുക്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കണം. ആശുപത്രിയുടെ വികസനം സാധ്യമാക്കുന്നതിനുവേണ്ടി സ്ഥലം എത്രയും വേഗത്തിൽ ഏറ്റെടുത്ത് ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി

(ശ്രീമതി വീണാ ജോർജ്): സർ, കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി സംസ്ഥാന പാതയ്ക്ക് സമീപത്തായി കൊയിലാണ്ടി താലൂക്കിൽ പേരാമ്പ്ര ഗ്രാമപഞ്ചായത്തിലാണ് പേരാമ്പ്ര താലൂക്ക് ആശുപത്രി സ്ഥിതി ചെയ്യുന്നത്. ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ 2008-ലാണ് താലൂക്ക് ആശുപത്രിയായി സ്ഥാപനത്തെ ഉയർത്തിയത്. അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം 38 ആണ്. ആറ് കെട്ടിടങ്ങളിലായാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. കോവിഡിനുമുമ്പ് ശരാശരി പ്രതിദിന ഒ.പി. 1200 ആയിരുന്നു. ഇരുപത്തഞ്ചോളം പേർ ഐ.പി. വിഭാഗത്തിലും ചികിത്സ തേടിയിരുന്നു. നിലവിൽ ശരാശരി പ്രതിദിന ഒ.പി. 700-ഉം ഐ.പി.-15-ഉം ആണ്. ഈ ആശുപത്രിയിൽ 15 ഡോക്ടർമാരുൾപ്പെടെ 52 സ്ഥിരം ജീവനക്കാരുടെ തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇതിനുപുറമെ 3 അസിസ്റ്റന്റ് സർജൻമാരുൾപ്പെടെ 22 പേരെ എൻ.എച്ച്.എം. മുഖാന്തരം നിയമിച്ചിട്ടുണ്ട്. കൂടാതെ എച്ച്.എം.സി. 21 താൽക്കാലിക ജീവനക്കാരെയും കോവിഡ് ബ്രിഗേഡിൽനിന്ന് 12 പേരെയും നിയമിച്ചിട്ടുണ്ട്. വിവിധങ്ങളായ വികസന പ്രവർത്തനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആശുപത്രിയിൽ നടന്നിട്ടുണ്ട്. പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം കിഫ്ബിയിലുൾപ്പെടുത്തി

നിർവ്വഹിക്കുന്നതിന് INKEL എന്ന സ്ഥാപനത്തെ 2018-ൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിച്ചിരുന്നു. പ്രസ്തുത സ്ഥാപനം തയ്യാറാക്കിയ കൺസെപ്റ്റ് നോട്ടിന്റെ അടിസ്ഥാനത്തിൽ 2019 മേയ് മാസത്തിൽ 77.43 കോടി രൂപയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഭരണാനുമതിയും നൽകിയിരുന്നു. ഈ ജൂലൈ മാസത്തിലാണ് ഇതിന് സാങ്കേതികാനുമതി ലഭിച്ചത്. INKEL തയ്യാറാക്കിയിട്ടുള്ള പദ്ധതി പ്രകാരം 96,468 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 7 നിലകളോടുകൂടിയ 5 ഓപ്പറേഷൻ തിയേറ്ററുകളും 104 കിടക്കകളുമുൾപ്പെടുന്ന കെട്ടിട സമുച്ചയമാണ് വിഭാവന ചെയ്തിരിക്കുന്നത്. ടെക്നിക്കൽ കമ്മിറ്റി നൽകിയ റിപ്പോർട്ട് സർക്കാരിൽനിന്ന് കിഫ്ബിക്കും സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ INKEL-നും നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഡി.പി.ആർ. നിർവ്വഹണ ഏജൻസിയായ INKEL കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ.-മേൽ വിശദമായ സാങ്കേതിക പരിശോധനകൾക്കുശേഷം കിഫ്ബിയിൽനിന്നും സാമ്പത്തിക അനുമതി ലഭിക്കേണ്ടതുണ്ട്. സാമ്പത്തിക അനുമതി ലഭിച്ചശേഷം ടെക്നിക്കൽ സാംഗ്ഷൻകൂടി നൽകിയാൽ മാത്രമേ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാനാകുകയുള്ളൂ. പദ്ധതിക്ക് എത്രയും പെട്ടെന്ന് കിഫ്ബിയിൽനിന്ന്

അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും കിഫ്ബിയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടി പൂർത്തിയാക്കി എത്രയും പെട്ടെന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുള്ള കർശന നിർദ്ദേശം നിർവ്വഹണ ഏജൻസിക്കും ബന്ധപ്പെട്ടവർക്കും നൽകിയിട്ടുണ്ട്. ഈ ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കാൻ കഴിയുമോ എന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് പരിശോധിക്കുന്നതാണ്.

(6) <u>കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി</u>

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, കൊയിലാണ്ടി താലൂക്കിലെയും കൊയിലാണ്ടി മണ്ഡലത്തിലെയും ആയിരങ്ങൾ ആശ്രയിക്കുന്ന ആതുരാലയമാണ് കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി. തീരദേശത്തടക്കമുള്ള ആളുകൾ പ്രസവ ശുശ്രൂഷയ്ക്കുവേണ്ടി കോഴിക്കോട് കോട്ടപ്പറമ്പ് ആശുപത്രിയെയും കോഴിക്കോട് മെഡിക്കൽ കോളേജിനെയുമാണ് ആശ്രയിക്കുന്നത്. ദേശീയപാതയിൽ വളരെ സൗകര്യത്തോടുകൂടിയാണ് ഈ ബിൽഡിംഗ് നിൽക്കുന്നത്. അവിടെ ലക്ഷ്യാ സ്റ്റാന്റേർഡിലുള്ള ആശുപത്രിയുടെ പ്രവൃത്തി ഈ മാസം അവസാനത്തോടെ പൂർത്തിയാകും. ആശുപത്രിയുടെ പണി

പൂർത്തീകരിച്ചാൽ അത് നല്ലരീതിയിൽ നടത്തണമെങ്കിൽ പതിനഞ്ചോളം തസ്തികകൾ അനിവാര്യമാണ്. ഗൈനക്കോളജി, അനസ്തേഷ്യ, പീഡിയാട്രിക്സ് വിഭാഗങ്ങളിൽ ഡോക്ടർമാരും സ്റ്റാഫ് നഴ്സുമാരും ടെക്നീഷ്യൻമാരുമുൾപ്പെടെ പതിനഞ്ചോളം തസ്തികകളുണ്ടെങ്കിൽ മാത്രമേ കാര്യക്ഷമമായി ഇത് നടത്തുവാൻ കഴിയുകയുള്ളൂ. അതിനാൽ തീരദേശ വിഭാഗമടക്കം ആശ്രയിക്കുന്ന ആശുപത്രിയെന്നുള്ള രീതിയിൽ പ്രസവ ശുശ്രൂഷയ്ക്കുവേണ്ടിയുള്ള സൗകര്യമൊരുക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. ഇത് നേരത്തെ ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. നിവേദനവും കൊടുത്തിട്ടുണ്ട്. അനുഭാവപൂർണ്ണമായ തീരുമാനമെടുത്ത് പോസ്റ്റിംഗ് ഉൾപ്പെടെ വളരെ വേഗത്തിൽ പ്രാവർത്തികമാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാന്യയായ അംഗം നേരത്തെ നിവേദനം നൽകിയിരുന്നതാണ്. കോഴിക്കോട്-കണ്ണൂർ ദേശീയപാതയ്ക്ക് സമീപത്തായി സ്ഥിതി ചെയ്യുന്ന ഈ ആശുപത്രി ഇവിടെ സൂചിപ്പിച്ചതുപൊലെ പ്രാദേശികമായി വളരെ പ്രധാനപ്പെട്ടൊരു

ആശുപത്രിയാണ്. നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണം 159 ആണ്. ദിനംപ്രതി ഒ.പി. വിഭാഗത്തിൽ രണ്ടായിരത്തോളം രോഗികൾ ഇവിടെ വരുന്നുണ്ട്. അത്യാഹിത വിഭാഗത്തിൽ 700-ഓളം രോഗികൾ ഈ ആശുപത്രിയിൽ ചികിത്സ തേടുന്നുണ്ട്. നാൽപ്പതോളം രോഗികൾ ഐ.പി. വിഭാഗത്തിലും ചികിത്സ തേടുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരവധി പ്രവർത്തനങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. ആശുപത്രിയിൽ സ്പെഷ്യാലിറ്റി വിഭാഗത്തിൽ 16 ഡോക്ടർമാരുടെയും 4 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെയും രണ്ട് അസിസ്റ്റന്റ് സർജൻമാരുടെയും ഒരു ദന്തൽ സിവിൽ സർജന്റെയും കൂടി മൊത്തം 23 ഡോക്ടർമാരുൾപ്പെടെ ആകെ 128 സ്ഥിരം ജീവനക്കാരുടെ തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 3 ഡോക്ടർമാരുൾപ്പെടെ 8 പുതിയ തസ്തികകൾ സൃഷ്ടിച്ചു. ഇതിനുപുറമെ 5 മെഡിക്കൽ ഓഫീസർമാരുൾപ്പെടെ 18 ജീവനക്കാരെ എൻ.എച്ച്.എം. മുഖാന്തരവും 69 ജീവനക്കാരെ എച്ച്.എം.സി. മുഖാന്തരവും കോവിഡ് ബ്രിഗേഡിൽനിന്നും എൻ.എച്ച്.എം. മുഖാന്തിരം 15 പേരെയും നിയമിച്ചിട്ടുണ്ട്. അങ്ങനെ 102 താൽക്കാലിക ജീവനക്കാരുമുണ്ട്. 35 കോടി രൂപ ചെലവഴിച്ചുള്ള 6 നിലകളുള്ള പുതിയ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി കഴിഞ്ഞ സർക്കാരിന്റെ കാലത്ത്

ഉദ്ഘാടനം നിർവ്വഹിച്ചിരുന്നു. 10 പേർക്ക് ഒരുമിച്ച് ഡയാലിസിസ് ചെയ്യാൻ കഴിയുന്ന ഡയാലിസിസ് കേന്ദ്രം പ്രവർത്തനമാരംഭിച്ചു. 5 കോടി രൂപ ചെലവിൽ പുതിയ ട്രോമാ കെയർ സംവിധാനം പൂർത്തിയായി. 3 കോടി രൂപ ചെലവിൽ സ്ഥാപിച്ച സി.ടി.സ്കാൻ പ്രവർത്തനമാരംഭിച്ചു. ലക്ഷ്യാ പദ്ധതിയിലുൾപ്പെടുത്തി 24 മണിക്കൂറും പ്രവർത്തിക്കുന്ന ആധുനിക ലേബർ റൂം, ലേബർ ഓപ്പറേഷൻ തിയേറ്റർ, പ്രസവ സംബന്ധമായ ശസ്ത്രക്രിയകളും നവജാത ശിശുക്കൾക്കുള്ള പരിചരണവും ഐ.സി.യു.വും നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നുണ്ട്. 1.77 കോടി രൂപയുടെ എൻ.എച്ച്.എം. ഫണ്ടുപയോഗിച്ചാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കിവരുന്നത്. നിലവിൽ 90 ശതമാനത്തോളം പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും 64 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കുന്ന ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവൃത്തിയും 60 ശതമാനത്തോളം പൂർത്തിയാക്കിയിട്ടുണ്ട്. അതുപോലെ സെൻട്രലൈസ്ഡ് ഓക്സിജൻ സിസ്റ്റത്തിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതി പ്രകാരം മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലുള്ള കെട്ടിട നിർമ്മാണത്തിനായി 30.5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും

ആയതിന്റെ അടിസ്ഥാനത്തിൽ 23.76 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലയിലെ പ്രധാന ചികിത്സാ കേന്ദ്രങ്ങളിലൊന്നായ ഈ ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കാൻ കഴിയുമോ എന്ന് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് തീരുമാനിക്കുന്നതാണ്.

V. മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1) ലിസ്റ്റ് I പ്രകാരമുള്ള കടലാസ്സുകൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

ക്രമ നം.	എസ്.ആർ.ഒ. നമ്പർ	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോ യെന്ന്
		നമ്പർ	തീയതി	
1	444/2021	ജി.ഒ.(പി) നം. 17/2021/ജിഎഡി	14.06.2021	അല്ല
2	453/2021	ജി.ഒ.(ആർറ്റി) നം. 1414/2021/ഹോം	18.05.2021	അല്ല

3	459/2021	ജി.ഒ.(എംഎസ്) നം. 117/2021/ഹോം	24.06.2021	അല്ല
4	460/2021	ജി.ഒ.(എംഎസ്) നം. 118/2021/ഹോം	24.06.2021	അല്ല
5	461/2021	ജി.ഒ.(എംഎസ്) നം. 119/2021/ഹോം	24.06.2021	അല്ല
6	462/2021	ജി.ഒ.(എംഎസ്) നം. 120/2021/ഹോം	24.06.2021	അല്ല
7	463/2021	ജി.ഒ.(എംഎസ്) നം. 121/2021/ഹോം	24.06.2021	അല്ല
8	499/2021	ജി.ഒ.(പി) നം. 46/2021/ഹോം	02.07.2021	അല്ല
9	500/2021	ജി.ഒ.(പി) നം. 47/2021/ഹോം	02.07.2021	അല്ല
10	501/2021	ജി.ഒ.(പി) നം. 48/2021/ഹോം	02.07.2021	അല്ല
11	502/2021	ജി.ഒ.(പി) നം. 49/2021/ഹോം	02.07.2021	അല്ല
12	521/2021	ജി.ഒ.(എംഎസ്) നം. 133/2021/ജിഎഡി	14.07.2021	അല്ല
13	550/2021	ജി.ഒ.(എംഎസ്) നം. 129/2021/ഹോം	09.07.2021	അല്ല

ചട്ടം 166 (ബി) പ്രകാരമുള്ള കടലാസുകൾ

ക്രമ നം.	സ്ഥാപനം	റിപ്പോർട്ടിന്റെ		കാലതാമസ പത്രിക സഹിത മാണോയെന്ന്
		വർഷം	സ്വഭാവം	
1	ജസ്റ്റിസ്(റിട്ട.) പി.എ. മുഹമ്മദ് ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ (അഭിഭാഷക- മാധ്യമ സംഘർഷം സംബന്ധിച്ച്)	-	അന്വേഷണ കമ്മീഷൻ റിപ്പോർട്ടും (വാല്യം I & II) ആക്ഷൻ ടേക്കൺ മെമ്മോറാണ്ടവും	അതെ

തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (ബി) പ്രകാരമുള്ള കടലാസുകൾ

ക്രമ നം.	സ്ഥാപനം	റിപ്പോർട്ടിന്റെ		കാലതാമസ പത്രിക സഹിത മാണോയെന്ന്
		വർഷം	സ്വഭാവം	
1	മലബാർ ഡിസ്റ്റലറീസ് ലിമിറ്റഡ്	2019-20	വാർഷിക റിപ്പോർട്ടും കണക്കുകളും	അതെ

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

ക്രമ നം.	എസ്.ആർ.ഒ. നമ്പർ	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിത മാണോയെന്ന്
		നമ്പർ	തീയതി	
1	465/2021	ജി.ഒ. (പി)നം.25/2021/ എഫ്&ഡബ്ല്യുഎൽഡി	21.06.2021	അല്ല

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

ക്രമ നം.	എസ് .ആർ. ഒ. നമ്പർ	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
		നമ്പർ	തീയതി	
1	534/2021	ജി.ഒ.(പി) നം. 48/2021/ടാക്സസ്	15.07.2021	അല്ല
2	535/2021	ജി.ഒ.(പി) നം. 47/2021/ടാക്സസ്	15.07.2021	അല്ല

ചട്ടം 166 (ബി) പ്രകാരമുള്ള കടലാസുകൾ

ക്രമ നം.	സ്ഥാപനം	റിപ്പോർട്ടിന്റെ		കാലതാമസ പത്രിക സഹിത മാണോയെന്ന്
		വർഷം	സ്വഭാവം	
1	കംപ് ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ	2019-20	കേരള സർക്കാരിന്റെ ഫിനാൻസ് അക്കൗണ്ട്സും (വാല്യം I & II) അപ്രോപ്രിയേഷൻ അക്കൗണ്ട്സും സംബന്ധിച്ച്	ബാധകമല്ല

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (ബി) പ്രകാരമുള്ള കടലാസുകൾ

ക്രമ നം.	സ്ഥാപനം	റിപ്പോർട്ടിന്റെ		കാലതാമസ പത്രിക സഹിത മാണോയെന്ന്
		വർഷം	സ്വഭാവം	
1	കേരള സംസ്ഥാന പന ഉത്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് (കെൽപാം)	2014-15	വാർഷിക ആഡിറ്റ് റിപ്പോർട്ട്	അതെ
2	കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനിയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ)	2019-20	വാർഷിക റിപ്പോർട്ടും കണക്കുകളും	അതെ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു):

സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (ബി) പ്രകാരമുള്ള കടലാസുകൾ

ക്രമ നം.	സ്ഥാപനം	റിപ്പോർട്ടിന്റെ		കാലതാമസ പത്രിക സഹിത മാണോയെന്ന്
		വർഷം	സ്വഭാവം	
1	കാലിക്കറ്റ് സർവ്വകലാശാല	2019-20	വാർഷിക കണക്കുകൾ	അതെ

2	മഹാത്മാഗാന്ധി സർവ്വകലാശാല	2020	വാർഷിക റിപ്പോർട്ട് (വാല്യം I & II)	അല്ല

7. സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

ക്രമ നം.	എസ്.ആർ. ഒ. നമ്പർ	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രികസഹിത മാണോയെന്ന്
		നമ്പർ	തീയതി	
1	618/2019	ജി.ഒ.(പി) നം. 94/2019/കോ-ഓപ്പ്	02.09.2019	അതെ
2	380/2020	ജി.ഒ.(പി) നം. 48/2020/കോ-ഓപ്പ്	28.05.2020	അതെ
3	784/2020	ജി.ഒ.(പി) നം. 126/2020/കോ-ഓപ്പ്	14.10.2020	അതെ
4	791/2020	ജി.ഒ.(പി) നം. 137/2020/കോ-ഓപ്പ്	27.10.2020	അതെ
5	833/2020	ജി.ഒ.(പി) നം. 141/2020/കോ-ഓപ്പ്	28.10.2020	അതെ
6	474/2021	ജി.ഒ.(പി) നം. 88/2021/കോ-ഓപ്പ്	05.06.2021	അല്ല
7	490/2021	ജി.ഒ.(പി) നം. 74/2021/കോ-ഓപ്പ്	23.04.2021	അല്ല
8	519/2021	ജി.ഒ.(പി) നം. 46/2021/ടാക്സസ്	14.07.2021	അല്ല
9	528/2021	ജി.ഒ.(പി) നം. 107/2021/കോ-ഓപ്പ്	12.07.2021	അല്ല

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

ക്രമ നം.	എസ് .ആർ. ഒ. നമ്പർ	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിത മാണോയെന്ന്
		നമ്പർ	തീയതി	
1	513/2021	ജി.ഒ.(പി) നം. 17/2021/എഫ്&പിഡി	08.07.2021	അല്ല

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

ക്രമ നം.	എസ് .ആർ. ഒ. നമ്പർ	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിത മാണോയെന്ന്
		നമ്പർ	തീയതി	
1	251/2021	ജി.ഒ.(പി) നം. 29/2021/എൽബിആർ	24.02.2021	അതെ
2	445/2021	സ.ഉ.(അച്ചടി) നം. 54/2021/തൊഴിൽ	04.06.2021	അല്ല
3	481/2021	സ.ഉ.(അച്ചടി) നം. 58/2021/തൊഴിൽ	21.06.2021	അല്ല

ചട്ടം 166 (b) പ്രകാരമുള്ള കടലാസുകൾ

ക്രമ നം.	സ്ഥാപനം	റിപ്പോർട്ടിന്റെ		കാലതാമസ പത്രിക സഹിത മാണോയെന്ന്
		വർഷം	സ്വഭാവം	
1	കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്	2019-20	ആഡിറ്റ് റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും	അതെ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

ക്രമ നം.	എസ് .ആർ. ഒ. നമ്പർ	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിത മാണോയെന്ന്
		നമ്പർ	തീയതി	
1	485/2021	ജി.ഒ.(പി) നം. 31/2021/എച്ച്&എഫ്ഡബ്ല്യുഡി	28.06.2021	അല്ല

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

ക്രമ നം.	എസ്. ആർ. ഒ. നമ്പർ	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിത മാണോയെന്ന്
		നമ്പർ	തീയതി	
1	456/2021	ജി.ഒ.(പി) നം. 12/2021/സിഎഡി	04.06.2021	അല്ല
2	457/2021	ജി.ഒ.(പി) നം. 13/2021/സിഎഡി	04.06.2021	അല്ല
3	484/2021	ജി.ഒ.(പി) നം. 14/2021/സിഎഡി	25.06.2021	അല്ല
4	546/2021	ജി.ഒ.(പി) നം. 15/2021/സിഎഡി	15.07.2021	അല്ല
5	551/2021	ജി.ഒ.(പി) നം. 16/2021/സിഎഡി	22.07.2021	അല്ല

(2) ചട്ടം 47(2)അനുസരിച്ചുള്ള കടലാസ്സുകൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പത്തൊമ്പതാം സമ്മേളനത്തിലെ 1637; ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 1879, 1885, 1912 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 1365; പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 965 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടികളും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

(3) ചട്ടം 236 (5) അനുസരിച്ചുള്ള കടലാസ്സുകൾ

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി	കാലതാമസപത്രികകളുടെ വിശദാംശം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
VI-വിദ്യാഭ്യാസം	2019-20	4	118, 119

4. ചട്ടം 236 (6) അനുസരിച്ചുള്ള കടലാസ്സുകൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന

കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XLI-ഗതാഗതം	2016-17	ഗതാഗത (ഡി) വകുപ്പ്
"	2017-18	,,
"	2018-19 (കാലതാമസ പത്രിക സഹിതം)	,,
XXI-ഭവന നിർമ്മാണം	2019-20 (കാലതാമസ പത്രിക സഹിതം)	ആഭ്യന്തര വകുപ്പ്
XXXVII- വ്യവസായങ്ങൾ	,,	ഇലക്ട്രോണിക്സ് ആൻഡ് വിവര സാങ്കേതിക വിദ്യാ (എ)വകുപ്പ് (ടെക്നോപാർക്ക്)
II- സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ	2020-21	ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ. ആർ 11) വകുപ്പ്
,,	,,	ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്
,,	,,	പൊതുഭരണ(അക്കൗണ്ട്സ് ബഡ്ജറ്റ് വിംഗ്) വകുപ്പ്
,,	,,	ആസൂത്രണ സാമ്പത്തികകാര്യ

		(സി.പി.എം.യു.) വകുപ്പ്
XII-പോലീസ്	2020-21	ആഭ്യന്തര (ഇ) വകുപ്പ് (പോലീസ്)
,,	,,	വിജിലൻസ് (സി) വകുപ്പ്
XIV- സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും	,,	പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ)
,,	,,	ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.13) വകുപ്പ് (ഐ.എം.ജി.)
,,	,,	ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷാ) വകുപ്പ്
XVI-പെൻഷനും പലവകയും	2020-21	സൈനിക ക്ഷേമ വകുപ്പ്
XVII-വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം	2020-21	ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്)
,,	,,	പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്
XVIII-വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും	,,	ആഭ്യന്തര (ഇ) വകുപ്പ് (കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി)
XXI-ഭവന നിർമ്മാണം	,,	ആഭ്യന്തര വകുപ്പ് (കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ)
,,	,,	സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

,,	,,	സൈനിക ക്ഷേമ വകുപ്പ്
XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	,,	കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്
XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ	2020-21	സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
XXIX -കൃഷി	,,	സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
XXIX- കൃഷി	,,	കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം
,,	,,	കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്
XXXVII-വ്യവസായങ്ങൾ	,,	സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
,,	,,	ആസൂത്രണ സാമ്പത്തിക കാര്യ (ബി. പി. ഇ.)വകുപ്പ്
XLV-പലവക വായ്പകളും മുൻകൂറുകളും	2020-21	പൊതുഭരണ(എ.ഐ.എസ്.-സി) വകുപ്പ്
XLVI-സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും	2020-21	പൊതുഭരണ (എഫ്.എഫ്.പി.-ബി) വകുപ്പ് (ലാൻഡ്സ്റ്റ് റവന്യൂ കമ്മീഷണർ, ട്രഷറി എന്നീ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ളത്)
,,	,,	സൈനിക ക്ഷേമ വകുപ്പ്

തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി

(ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
IV-തെരഞ്ഞെടുപ്പുകൾ	2018-19 (കാലതാമസ പത്രിക സഹിതം)	തദ്ദേശസ്വയം ഭരണ (ഇ.എം.) വകുപ്പ് (സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ)
,,	2020-21	,,

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XX-ശുദ്ധജല വിതരണവും ശുചീകരണവും	2018-19 (കാലതാമസ പത്രിക സഹിതം)	കേരള വാട്ടർ അതോറിറ്റി
,,	2020-21	കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി (KRWSA)

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XXXIV-വനം	2020-21	വനം-വന്യജീവി വകുപ്പ്

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ	2020-21	പാർലമെന്ററി കാര്യ(എ) വകുപ്പ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ	2020-21	ധനകാര്യ(അക്കൗണ്ട്സ്-എ) വകുപ്പ്
V- ചരക്കു സേവന	2020-21	സംസ്ഥാന ചരക്കു

നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും		സേവന നികുതി വകുപ്പ്
XVI- പെൻഷനും പലവകയും	,,	ഭാഗ്യക്കുറി വകുപ്പ് (നികുതി (എച്ച്) വകുപ്പ്)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XXXVII- വ്യവസായങ്ങൾ	2019-20 (കാലതാമസ പത്രിക സഹിതം)	കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XXVII- സഹകരണം	2020-21	സഹകരണ വകുപ്പ്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XXXIII-മത്സ്യബന്ധനം	2019-20 (കാലതാമസ പത്രിക സഹിതം)	മത്സ്യബന്ധന വകുപ്പ്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും	2020-21	തൊഴിലും നൈപുണ്യവും (ആർ) വകുപ്പ് [കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി.]
,,	,,	ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്
,,	,,	കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ

മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XLII-വിനോദസഞ്ചാരം	2020-21	വിനോദസഞ്ചാര വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XXXI-മൃഗസംരക്ഷണം	2020-21	മൃഗസംരക്ഷണ വകുപ്പ്

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XLI-ഗതാഗതം	2016-17	ഗതാഗത (ഡി) വകുപ്പ്

		(റെയിൽവേ)
,,	2017-18	,,
,,	2018-19 (കാലതാമസ പത്രിക സഹിതം)	,,
XVI- പെൻഷനും പലവകയും	2020-21	പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ് [കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി]

VI. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2021-ലെ കേരള ധനകാര്യ ബിൽ

(ii) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബില്ലും 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ

പിന്താങ്ങുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് കൂടുതൽ സംസാരിക്കേണ്ട ഒരു വിഷയമല്ല. കാരണം സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനുമുമ്പ് ഈ കാര്യങ്ങൾ സംബന്ധിച്ച് ഇവിടെ ചർച്ച നടന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെനിന്ന് അംഗീകരിച്ചുവിട്ടത് തന്നെയാണ് സബ്ജക്ട് കമ്മിറ്റിയിൽനിന്നും അംഗീകരിച്ചുവന്നത്. ഇവിടെ ഒഫീഷ്യൽ അമെന്റ്മെന്റായി പുതുതായൊന്നും അവതരിപ്പിക്കുന്നില്ല. സബ്ജക്ട് കമ്മിറ്റിയിൽ വന്ന ബില്ലാണെങ്കിലും എന്തൊക്കെയാണിത് എന്നുമാത്രം പറയാം. നിലവിൽ നികുതി അടയ്ക്കുന്ന ചില ഡേറ്റകൾ നീട്ടുന്നത് സംബന്ധിച്ചാണ് കേരള ധനകാര്യ ബില്ലിലും കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിലും പറയുന്നത്. നികുതി ആംനസ്റ്റി സ്കീമുകളുടെ ഡേറ്റ് നീട്ടുമെന്ന് കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നു. അതുപോലെ ജി.എസ്.ടി. കൗൺസിൽ കാലാകാലങ്ങളിൽ അംഗീകരിക്കുന്ന നിയമ ഭേദഗതികളുണ്ട്. അതും നമ്മുടെ ഫിനാൻസ് ബില്ലിൽ വരണം. ഇവ കൂടി കൂട്ടിച്ചേർക്കുന്നതിനാണ് ഈ അമെന്റ്മെന്റ്. അതുപോലെതന്നെ പഞ്ചായത്തീരാജ് ആക്ടിന് അല്പം ഭേദഗതി വരുത്തിക്കൊണ്ട് ഗ്രീൻ ബിൽഡിംഗിന് നികുതി കുറയ്ക്കുന്ന ഒരു പ്രഖ്യാപനം കഴിഞ്ഞ

ബഡ്ജറ്റിലുണ്ടായിരുന്നു. അതും ഇവിടെ ഇഫക്ടിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് നിലവിൽ കേരള സർച്ചാർജ്ജ് ഓൺ ടാക്സസ് ആക്ട്, KGST ആക്ട്, കേരളാ അഗ്രികൾച്ചറൽ ഇൻകം ടാക്സ് ആക്ട്, കേരള ലക്ഷ്വറി ടാക്സ് ആക്ട്, വാറ്റ് ആക്ട്, കേരള കോർട്ട് ഫീസ് ആൻഡ് സ്യൂട്ട് വാല്യുവേഷൻ ആക്ട്, കേരള ബിൽഡിംഗ് ടാക്സ് ആക്ട് എന്നീ ആക്ടുകളിൽ ഈ ഭേദഗതി ഉൾക്കൊള്ളിക്കണം. ഗ്രീൻ ബിൽഡിംഗിന്റെ ടാക്സ് കുറയ്ക്കുന്നുണ്ട്. അതുപോലെതന്നെ LNG (Liquefied Natural Gas)-യുടെ ടാക്സ് 14.5 ശതമാനത്തിൽനിന്നും 5 ശതമാനമായി ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് കുറയ്ക്കുന്നുണ്ട്. ജി.എസ്.ടി. ട്രൈബ്യൂണലിന് നേരത്തെ കോർട്ട് ഫീ ഒരു ശതമാനമായിരുന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ അപ്പലേറ്റ് ട്രിബ്യൂണലിന് നികുതിയില്ലാത്തതുകൊണ്ട് നമ്മൾ ഒരു ശതമാനം എന്നുള്ളത് മാറ്റി മാക്സിമം 20,000 രൂപ എന്ന നിലയിലേയ്ക്ക് വന്നു. അത് സാധാരണ വ്യാപാരികൾക്കും ടാക്സ് അടയ്ക്കുന്നവർക്കും ഒരു സൗകര്യമാണ്. വാറ്റിന്റെയും മറ്റും കുടിശ്ശികയുള്ളവർക്ക് ജനറൽ ആംനസ്റ്റിയിൽ ഓപ്ഷൻ കൊടുക്കാനുള്ള അവസരം 2021 ആഗസ്റ്റ് 31-ൽ നിന്നും നവംബർ 31 വരെ നീട്ടി. ആംനസ്റ്റി സ്കീമിൽ പേമെന്റ് കൊടുക്കാനുള്ള സമയം മാർച്ച് 31, 2022 ആണ്. ബാർ ഹോട്ടലുകൾ അടഞ്ഞുകിടന്നതിന്റെ സാങ്കേതിക പ്രശ്നം

കാരണം അവർക്ക് ഓപ്ഷൻ കൊടുക്കാനുള്ള അവസാന തീയതി ജൂൺ 30-ൽനിന്നും സെപ്തംബർ 30 വരെയായി നീട്ടിയിട്ടുണ്ട്. അത് ഈ ഭേദഗതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പേമെന്റ് അടയ്ക്കാനുള്ള ദിവസം അവർക്ക് നേരത്തെ അനുവദിച്ചിരുന്നത് ജൂലൈ 31 ആണ്. അത് ഇപ്പോൾ ഒക്ടോബർ 31 വരെയാക്കി. ഇങ്ങനെയുള്ള ചില ഭേദഗതികൾ മാത്രമാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളത്. എല്ലാവരും ചേർന്ന് ചർച്ച ചെയ്ത സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഈ സഭ അംഗീകരിക്കണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

ശ്രീ. കെ. പ്രേംകുമാറിനുവേണ്ടി ശ്രീ. പി. വി. ശ്രീനിജിൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ദിവസങ്ങളിൽ വ്യത്യസ്തമായ നിരവധി ധനാഭ്യർത്ഥനകൾ നമ്മൾ ചർച്ച ചെയ്യുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. നികുതി

അടയ്ക്കുന്നതെന്തിനാണെന്നുള്ള യാഥാർത്ഥ്യം നമ്മൾ വിസ്മരിച്ചുകൂട. ജനങ്ങളുടെ പൊതു ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പൗരന്മാരിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സർക്കാർ പിരിച്ചെടുക്കുന്ന തുകയാണ് യഥാർത്ഥത്തിൽ നികുതി. നികുതികളുടെ പ്രാഥമികമായ ലക്ഷ്യം വിഭവ സമാഹരണമാണെങ്കിലും മറ്റ് സാമൂഹ്യലക്ഷ്യങ്ങൾ നേടാൻവേണ്ടിയും കാലാകാലങ്ങളിലായി സർക്കാരുകൾ നികുതി വരുമാനം ഉപയോഗിച്ചുവരുന്നുണ്ട്. പുനർവിതരണത്തിലൂടെ സമൂഹത്തിലെ അസമത്വം കുറയ്ക്കുക എന്നത് നികുതി സമ്പ്രദായത്തിന്റെ ഒരു പ്രധാനപ്പെട്ട സാമൂഹിക ലക്ഷ്യമാണ്. അടയ്ക്കുന്ന നികുതിക്കാനുപാതികമായി സേവനങ്ങളുടെ പ്രയോജനം കിട്ടുന്നുവെന്ന തോന്നലുണ്ടായാൽത്തന്നെ നികുതി നൽകുവാനും മറ്റ് ക്ഷേമപ്രവർത്തനങ്ങളിലേയ്ക്ക് സംഭാവനകൾ നൽകുവാനും പൗരന്മാർ സ്വമേധയാ തയ്യാറാകും. ഉദാഹരണത്തിന് പ്രളയ സമയത്ത് വാക്സിൻ ചലഞ്ചിലേയ്ക്ക് ജനങ്ങൾ സംഭാവനകൾ നൽകിയത് ഈ സർക്കാരിലുള്ള അവരുടെ വിശ്വാസം ഒന്നുകൊണ്ടുമാത്രമാണ്.

ഒരു ക്ഷേമരാഷ്ട്രത്തിന്റെ നിലനിൽപ്പുതന്നെ നികുതി വരുമാനത്തെ ആശ്രയിച്ചാണ്. നമ്മുടെ പൊതുജനാരോഗ്യ രംഗത്തെയും പൊതുവിദ്യാഭ്യാസ രംഗത്തെയും മികച്ച പ്രകടനങ്ങളിൽ നമ്മുടെ നികുതി സമ്പ്രദായ

വ്യവസ്ഥയുടെ സംഭാവന എത്രത്തോളമുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. 2021 സാമ്പത്തിക വർഷത്തിൽ നികുതി - ജി.ഡി.പി. അനുപാതം 9.88 ശതമാനം ആയിരുന്നെങ്കിൽ മറ്റ് രാജ്യങ്ങളുമായി തുലനം ചെയ്യുമ്പോൾ നികുതി-ജി.ഡി.പി. അനുപാതം ഇന്ത്യയിൽ വളരെക്കുറവാണ്. ഈ കുറഞ്ഞ നികുതി-ജി.ഡി.പി. അനുപാതം ഇവിടത്തെ വികസന പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്നു എന്നുവേണം നാം മനസ്സിലാക്കേണ്ടത്. യൂറോപ്പിലെ നോർഡിക് രാജ്യങ്ങളിലെ ക്ഷേമരാഷ്ട്ര സങ്കൽപ്പങ്ങൾക്ക് മുതൽക്കൂട്ടായി നിൽക്കുന്നത് ഉയർന്ന നികുതി-ജി.ഡി.പി. അനുപാതമാണെന്ന സത്യം നാം അറിയേണ്ടതുണ്ട്. ഈ രാജ്യങ്ങളിലെ നികുതി- ജി.ഡി.പി. 35 മുതൽ 40 ശതമാനം വരെയാണ്. നികുതിയായി പിരിച്ചെടുക്കുന്ന തുക ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലാണ് സർക്കാരുകൾ വിനിയോഗിക്കുന്നതെങ്കിൽ, ജനങ്ങൾക്ക് അത് ബോദ്ധ്യപ്പെട്ടാൽ നികുതിയെക്കുറിച്ച് അവർ പരാതിപ്പെടാൻ സാധ്യതയില്ല. നേരെമറിച്ച് ജനങ്ങളുടെ പ്രതീക്ഷകൾ നിറവേറ്റാൻ സർക്കാരിന് കഴിയുന്നില്ലെങ്കിൽ ചെറിയ നികുതികൾപോലും എതിർക്കപ്പെട്ടേയ്ക്കാം. ഒന്നാം പിണറായി സർക്കാർ കൊണ്ടുവന്ന വികസന നേട്ടങ്ങളാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വീണ്ടും അധികാരത്തിലെത്താൻ എൽ.ഡി.എഫ്.

മുന്നണിക്ക് സഹായകരമായതെന്ന് പറയാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇന്ന് നികുതി പിരിവിനെതിരെ ഒരു ബോധം വളർത്തിയെടുക്കാൻ മനഃപൂർവ്വം ചിലർ ശ്രമിക്കുന്നുണ്ട്. സമൂഹത്തിന്റെ ക്ഷേമ സങ്കൽപ്പങ്ങൾക്കെതിരായി നിൽക്കുന്ന നവലിബറൽ ചിന്താഗതി ഈ ബോധത്തിന് ശക്തിപകരുന്ന ഒന്നാണ്. മേൽപ്പറഞ്ഞ പ്രചരണങ്ങളെ നേരിടാൻ നികുതി സാക്ഷരത അഥവാ tax literacy അല്ലെങ്കിൽ ഒരു നികുതി ബോധം ജനങ്ങൾക്കിടയിൽ കൊണ്ടുവരേണ്ടത് വളരെ അനിവാര്യമാണ്. 2010 മാർച്ച് മാസം അവസാനിച്ച സാമ്പത്തിക വർഷത്തിൽ കുടുംബങ്ങളിൽ ചുമത്തപ്പെട്ട നികുതി ഭാരം ഇന്ത്യാ രാജ്യത്ത് 60 ശതമാനമായിരുന്നെങ്കിൽ ഇപ്പോൾ അത് 75 ശതമാനമാണ്. ഒരു വശത്ത് കോവിഡ് സംബന്ധമായ ആരോഗ്യ കാര്യങ്ങൾക്കായി കൂടുതൽ തുക ചെലവഴിക്കേണ്ടിവരുന്നു. മറുഭാഗത്ത് തൊഴിലില്ലായ്മയും ശമ്പളം വെട്ടിക്കുറയ്ക്കലും തുടർന്നുകൊണ്ടിരിക്കുന്നു. ഇന്ത്യൻ കുടുംബങ്ങളെ ഇത് വലിയ രീതിയിൽ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുകയാണ്. അധികമായി നികുതി ഭാരം അടിച്ചേൽപ്പിക്കുകയും ആനുപാതികമായി ക്ഷേമപ്രവർത്തനങ്ങൾ ജനങ്ങൾക്ക് നൽകാതിരിക്കുകയും ചെയ്യുന്ന ഒരു അവസ്ഥാവിശേഷമാണ് ഇന്ന് ഇന്ത്യാ രാജ്യത്തുള്ളത്. വളരെ അടിസ്ഥാനതരത്തിലുള്ള ക്ഷേമ

പ്രവർത്തനങ്ങൾക്കുപോലും റോഡിലിറങ്ങി സമരം ചെയ്യേണ്ട അവസ്ഥാ വിശേഷമാണ് ഭാരതത്തിലുടനീളം കേന്ദ്ര സർക്കാർ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഇന്ധനവില നിർണ്ണയത്തിന്റെ കാര്യത്തിലായാലും പാചകവാതക വില നിർണ്ണയത്തിന്റെ കാര്യത്തിലായാലും വാക്സിന്റെ കാര്യത്തിൽപ്പോലും ഈ അവസ്ഥ നമ്മൾ നേരിൽ കണ്ടതാണ്. ഈ സാഹചര്യങ്ങളെല്ലാം മനസ്സിലാക്കിയാണ് എൽ.ഡി.എഫ്. സർക്കാർ നികുതി സംബന്ധമായ തീരുമാനങ്ങളെടുക്കുന്നത്. നികുതി താങ്ങാനുള്ള ജനങ്ങളുടെ സാമ്പത്തിക ക്ഷമതകൂടി കണക്കിലെടുത്ത് മാത്രമെ നികുതി ചുമത്താവൂ എന്ന അടിസ്ഥാന പ്രമാണത്തിൽ നിന്നുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ ഓരോ തീരുമാനവും എടുക്കുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ നമ്മുടെ സാമ്പത്തികസ്ഥിതി അത്ര ഭദ്രമല്ലെങ്കിൽക്കൂടിയും പുതിയ നികുതി നിർദ്ദേശങ്ങളൊന്നുമില്ലെന്നത് സ്വാഗതാർഹമായ കാര്യമാണ്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിയെ പ്രത്യേക അഭിനന്ദനം അറിയിക്കുകയാണ്. ക്ഷേമ പ്രവർത്തനങ്ങൾക്കായി ഗവൺമെന്റിന്റെ റവന്യൂ നികുതി വർദ്ധിപ്പിക്കേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. ആയതിനാൽ നികുതി നൽകാൻ കഴിവുള്ള ആളുകളിൽനിന്നും നികുതി സമാഹരിക്കേണ്ടത് അത്യാവശ്യമാണ്.

[11.00 a.m.]

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സ്ത്രീധന നിരോധന നിയമം സജീവമായി ചർച്ച ചെയ്യുന്ന ഈ കാലഘട്ടത്തിൽ ഒരു പെൺകുട്ടിക്ക് അവളുടെ കല്യാണത്തിന് മാന്യമായി അണിഞ്ഞൊരുങ്ങുന്നതിന് 25 പവൻ കണക്കാക്കുകയും അതിൽ കൂടുതൽ സ്വർണ്ണം വാങ്ങുന്ന ആളുകളിൽനിന്ന് നികുതി ഘടനയിൽ മാറ്റംവരുത്തി വേണമെങ്കിൽ കൂടുതൽ ടാക്സ് ഏർപ്പെടുത്തണമെന്നൊരു നിർദ്ദേശമാണുള്ളത്. വിവാഹാവശ്യത്തിനായാണ് സ്വർണ്ണം വാങ്ങുന്നതെങ്കിൽ അത് കാണിച്ച് ഒരു സാക്ഷ്യപത്രം കൂടി നിർബന്ധമാക്കിയാൽ വിവാഹ സമയത്ത് കൂടുതൽ സ്വർണ്ണം അണിയുന്നവരെ കണ്ടെത്താൻ ഒരു പരിധിവരെ സർക്കാരിന് സാധിക്കും. ചരക്കുസേവന മേഖല വളരെയധികം പ്രതിസന്ധി നേരിടുന്ന മേഖലയാണ്. ചരക്കുസേവന നികുതി രംഗത്ത് കാര്യക്ഷമത ഉയർത്തിപ്പിടിക്കാൻ ആവശ്യമായ നടപടികൾ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ഓട്ടോമേഷൻ, സർവൈലൻസ് സംവിധാനം, ഡാറ്റാ അനലിറ്റിക്സ് എന്നീ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് നികുതി സമാഹരണം മെച്ചപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ആസ്ഥാനമാക്കി ചരക്കുസേവന

അപ്പലേറ്റ് ട്രൈബ്യൂണൽ ആരംഭിക്കാനുള്ള തീരുമാനവും നികുതിദായകർക്ക് വളരെ പ്രയോജനം കിട്ടുന്ന ഒന്നാണ്. ജി.എസ്.ടി. നിയമത്തിലെ റിവ്യൂ സംവിധാനം വളരെ അടിയന്തരമായി ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതിലൂടെ തെറ്റായ നികുതി നിർണ്ണയം പരിശോധിക്കാനും തെറ്റുണ്ടെങ്കിൽ തിരുത്തുന്നതോടൊപ്പം കൂടുതൽ കൃത്യത നികുതി നിർണ്ണയത്തിൽ കൊണ്ടുവരുന്നതിനും സാധിക്കും. VAT നികുതി കുടിശ്ശികക്കാർക്ക് വളരെ ഉപകാരപ്രദമായ ഒരു ആംനസ്റ്റി പദ്ധതിയാണ് എൽ.ഡി.എഫ്. സർക്കാർ കഴിഞ്ഞ വർഷം നടപ്പിലാക്കിയത്. ഇതിലൂടെ ഏകദേശം 33,000 വ്യാപാരികൾക്കാണ് ആനുകൂല്യം ലഭിച്ചത്. മേൽപ്പറഞ്ഞ പദ്ധതിയിലൂടെ കേരള മൂല്യവർദ്ധിത നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഡംബര നികുതി ചാർജ്ജ് പ്രകാരമുള്ള കുടിശ്ശിക, കേരള കാർഷികാദായ നികുതി നിയമങ്ങളുടെ കീഴിലുള്ള കുടിശ്ശിക പ്രശ്നങ്ങൾ അടക്കം നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. പുതിയതായി രജിസ്റ്റർ ചെയ്ത ഇലക്ട്രിക് വാഹനങ്ങൾക്ക് അടുത്ത അഞ്ചുവർഷത്തേയ്ക്ക് 50 ശതമാനം വാഹന നികുതി ഒഴിവാക്കിയതും പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങൾക്ക് നികുതിയിളവ് കൊടുത്തതും എൽ.ഡി.എഫ്. സർക്കാരിന്റെ ശ്രദ്ധേയമായ തീരുമാനങ്ങളാണ്. 2018-ലെ പ്രളയത്തിനുശേഷം നിലവിൽ

വന്ന പ്രളയ സെസ്സ് 2021 ജൂലൈ മാസം നിർത്തലാക്കുമെന്നാണ് നേരത്തെ സർക്കാർ പ്രഖ്യാപിച്ചിരുന്നത്. പറഞ്ഞ സമയത്ത് അത് നിർത്തലാക്കിയ സർക്കാരിനെ ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. നമ്മുടെ രീതികൾ മാറുകയാണ്. പുതിയ വെല്ലുവിളികൾ പുതിയ അവസരങ്ങളാക്കി മാറ്റേണ്ടതിന്റെ അനിവാര്യതയിലേയ്ക്ക് ലോകം മാറുകയാണ്. പൊതുവായ ഒന്നുരണ്ട് നിർദ്ദേശങ്ങൾ കൂടിവച്ചുകൊണ്ട് എന്റെ പ്രസംഗം ചുരുക്കാം. ആരോഗ്യ രംഗത്ത് കൂടുതൽ തുക വകയിരുത്തുന്നതുപോലെ കാണേണ്ടൊരു മേഖലയാണ് കായികരംഗവും. അസുഖം വന്ന് ചികിത്സിക്കുന്നതിനേക്കാൾ നല്ലതാണ് അസുഖം വരാതെ നോക്കുകയെന്നുള്ളത്. ജീവിതശൈലീ രോഗങ്ങൾ കൂടുന്ന ഈ കാലഘട്ടത്തിൽ ചെറുപ്പം മുതലേ ആരോഗ്യ സംരക്ഷണം അഥവാ കായിക ക്ഷമത ശീലമാക്കണം. കോളേജുകളിൽ ഉള്ളതുപോലെ ഇന്റേണൽ മാർക്ക് സമ്പ്രദായം സ്കൂളുകളിൽ ഏർപ്പെടുത്തി കായിക മേഖലയിൽ ഒരു പൊതുമാനദണ്ഡം നിശ്ചയിച്ച് മാർക്ക് നൽകാൻ സർക്കാർ തയ്യാറായാൽ യുവതലമുറ കായിക ക്ഷമതയുള്ളവരായി വളരും. നമ്മുടെ പഠന സമ്പ്രദായം മാറണം. തിങ്കൾ മുതൽ വെള്ളി വരെ ക്ലാസ്സിലിരുന്ന് പഠിക്കുക എന്നതിനുപകരം പഠനത്തോടൊപ്പം ജോലി എന്ന

തരത്തിലേയ്ക്ക് പഠന സമ്പ്രദായം മാറിയാൽ ചെറുപ്പക്കാരുടെ സേവനം കൂടി ശരിയായ രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയും. ക്യാമ്പസുകളിൽ പഠിക്കുന്ന അനവധിയായ ചെറുപ്പക്കാരുടെ സേവനം രാഷ്ട്രനിർമ്മിതിക്കുകൂടി പ്രയോജനപ്പെടുത്തുന്നതിന് ഇതിലൂടെ കഴിയും. സമൂഹത്തിലെ വിദ്യാർത്ഥികളുടെയും ഒട്ടനവധി ചെറുപ്പക്കാരുടെയും സേവനം ശരിയായ രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നുണ്ടോയെന്ന് നമ്മൾ ആലോചിക്കണം. അതിനൊരു സജഷനുള്ളത് എം.എൽ.എ. ഓഫീസുകളിൽ ഒരു ഇന്റേൺഷിപ്പ് സമ്പ്രദായം നടപ്പിലാക്കിക്കഴിഞ്ഞാൽ, സമൂഹത്തിലേയ്ക്കിറങ്ങിച്ചെന്ന് ഇത്തരം ചെറുപ്പക്കാർക്ക് പ്രവർത്തിക്കാനും അതുവഴി അവരുടെ ആശയങ്ങൾ സമൂഹത്തിനുകൂടി പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ഉപയോഗപ്പെടുത്താനും കഴിയും. ഇത്രയും പറഞ്ഞുകൊണ്ട് ഈ ധനകാര്യ ബില്ലിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സി. സി. മുകുന്ദനുവേണ്ടി ശ്രീ. ഇ. കെ. വിജയൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി അവതരിപ്പിക്കുന്നു. ധനകാര്യ ബില്ലുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങൾ വയ്ക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട

മന്ത്രിതന്നെ സൂചിപ്പിച്ചു വിഭവ സമാഹരണത്തിനായി പുതിയ ലക്ഷ്യങ്ങൾ (25, 50 വർഷം) കണ്ടുകൊണ്ടാണ് കിഫ്ബിയുടെ പ്രവർത്തനങ്ങളെല്ലാം നടക്കുന്നതെന്ന്. രാജ്യത്തിന്റെ ആസ്തി വികസിപ്പിക്കുന്നതിനുവേണ്ടിയും നിലവാരമുള്ള റോഡുകൾ നിർമ്മിക്കുന്നതിനും വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ പ്രയോജനപ്രദമായ വികസനം കൊണ്ടുവരുന്നതിനുമാണ് ഈ നിക്ഷേപങ്ങളെല്ലാം കൊണ്ടുവന്നിരുന്നത്. കേരളത്തിന്റെ സാമൂഹ്യ സാഹചര്യം കണ്ടുകൊണ്ടാണ് ഇത്തരമൊരു ചിന്ത ഉയർന്നുവന്നത്. ഞാൻ കഴിഞ്ഞ പ്രാവശ്യം സഭയിൽ വന്നപ്പോൾ ആലോചിച്ചു ഈ ഗവൺമെന്റ് എങ്ങനെയാണ് ഇത്രയേറെ വികസന പ്രവർത്തനങ്ങൾ കേരളത്തിൽ നടത്തുകയെന്ന്. രണ്ട് പ്രളയങ്ങൾ, നിപ, ഓഖി, കോവിഡ്, നോട്ടുനിരോധനം തുടങ്ങിയ സമസ്തമേഖലയും തകർന്ന് തരിപ്പണമായി ജനങ്ങൾക്ക് ഒറ്റപ്പെട്ട സാഹചര്യം സൃഷ്ടിച്ചു. പക്ഷേ സമൂഹത്തിലെ ജനങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പോരാട്ടത്തിലൂടെ വളർന്നുവന്ന ജനപ്രതിനിധികൾ അവരുടെ നേതാവെന്ന നിലയ്ക്ക് മുഖ്യമന്ത്രി സഖാവ് പിണറായി വിജയനും അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. തോമസ് ഐസക്കും മന്ത്രിസഭാംഗങ്ങളും ചേർന്നുകൊണ്ട് ഈ നാടിന്റെ മാറ്റത്തിനുവേണ്ടിയുള്ള മുദ്രാവാക്യവുമായി

മുന്നോട്ടുപോയി. സ്വാതന്ത്ര്യാനന്തരം നാടിന്റെ മോചനം കണ്ടുകൊണ്ട് പ്രവർത്തിക്കുന്നവരുടെ മുമ്പിലേയ്ക്ക് അധികാരം ലഭിച്ചപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ പരിധിക്കകത്തുനിന്നുകൊണ്ട് നാട്ടിലെ പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി എന്തൊക്കെ ചെയ്യാൻ കഴിയുമെന്നാലോചിച്ച് കേരളത്തിന്റെ വികസനത്തിന് ഭാവനാപൂർവ്വമായ ലക്ഷ്യംവച്ചുകൊണ്ടാണ് കിഫ്ബി കൊണ്ടുവന്നത്. ഉദാഹരണമായി വടകര-കണ്ണൂർ-തലശ്ശേരി ദേശീയപാതയുടെ ഭാഗമായ മുത്തുങ്കൽ-നാദാപുരത്തേയ്ക്കുവരുന്ന റോഡിന്റെ മെയിന്റനൻസിനായി അതിനുമുമ്പത്തെ അഞ്ച് വർഷം എല്ലാ സഭയിലും, ബഡ്ജറ്റിന്റെ സമയത്തും മുഖ്യമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും പണം ആവശ്യപ്പെട്ടിട്ടും കിട്ടിയിരുന്നില്ല. തൽക്കാലം മെയിന്റനൻസിനെന്ന നിലയിൽ അന്ന് 5 കോടി രൂപയോ 10 കോടി രൂപയോ ആണ് ചോദിക്കുന്നത്. പക്ഷേ കിഫ്ബി വന്നപ്പോൾ ഫണ്ട് ആവശ്യപ്പെട്ടു, അപ്പോൾത്തന്നെ 43 കോടി രൂപയുടെ ഫണ്ട് അനുവദിച്ചു. ആ റോഡ് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. ഇന്ന് മണ്ഡലത്തിലെ ഏറ്റവും ശ്രദ്ധേയമായ റോഡാണ് ഇത്. ഇനി കുറേവർഷം അതിനായി പണം മുടക്കേണ്ട കാര്യമില്ല. അല്ലെങ്കിൽ എല്ലാവർഷവും പി.ഡബ്ല്യു.ഡി.ക്ക് അതിന്റെ മെയിന്റനൻസിനായി ഫണ്ട് നീക്കിവയ്ക്കണം,

കാലവർഷത്തിനനുസരിച്ച് രണ്ടോ മൂന്നോ തവണ റോഡ് നന്നാക്കണം. ഇപ്പോൾ അത്തരം പ്രശ്നങ്ങളില്ലാതെയാണ് പരിഹരിക്കപ്പെട്ടത്. ഇതുപോലെയാണ് കേരളത്തിലാകമാനം റോഡുകളും പാലങ്ങളും കെട്ടിടങ്ങളും നിർമ്മിച്ചത്. അതൊരു ലക്ഷ്യമാണ്. ഇന്ന് ഞാൻ നാളെ നീ. ഇന്നത്തെകാര്യം നോക്കിയല്ല, നാളെ ജനിച്ചുവീഴാൻ പോകുന്ന തലമുറയ്ക്കുവേണ്ടി ഒരു ഭരണകൂടം എങ്ങനെ പ്രവർത്തിക്കണമെന്ന കാഴ്ചപ്പാടോടുകൂടിയാണ്, പഞ്ചവത്സരപദ്ധതി പോലും ഇല്ലാതാക്കുന്ന ഒരു സാഹചര്യത്തിൽ, അത്രയും ദീർഘവീക്ഷണത്തോടെ അന്നത്തെ തലമുറയ്ക്കുകൂടി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലും ജനസംഖ്യയുടെ വർദ്ധനവും അതിന് ആനുപാതികമായി വാഹനത്തിന്റെ പെരുപ്പവുംകൂടി കണക്കാക്കിക്കൊണ്ടുള്ള റോഡുകൾ വേണമെന്ന് കിഫ്ബി തീരുമാനിച്ചത്. ഒരുപക്ഷേ അതിനനുസൃതമായി മണ്ഡലങ്ങളിൽ പ്രവർത്തിക്കാൻ കഴിയണമെന്നില്ല. കാരണം വീതിയുടെ പ്രശ്നം വരുമ്പോൾ വീടും സ്ഥലവും കടകളും നഷ്ടപ്പെടുന്നതിന്റെ പ്രയാസങ്ങളും എതിർപ്പുകളൊക്കെ വന്നേയ്ക്കാം. പക്ഷേ അന്നത്തെ തലമുറയ്ക്ക് ആവശ്യമുള്ളതാണ് ഇന്ന് ചിന്തിച്ചത്. അതാണ് ഒരു ഭരണകൂടം ചെയ്യേണ്ടതും. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. ഈ പദ്ധതികളെല്ലാം ജനകീയമാണ്.

ജനങ്ങളുടെ സഹകരണത്തോടെയാണ് ഈ പദ്ധതികളെല്ലാം നടപ്പിലാക്കിയത്. മുമ്പ് പക്ഷം നോക്കിയായിരുന്നു ചെയ്തിരുന്നത്. അക്കാലയളവിൽ ഞങ്ങളുടെ ജില്ലയിലെ ഇടതുപക്ഷ എം.എൽ.എ.മാർ ഈ നിലപാട് തെറ്റാണെന്ന് പറഞ്ഞ് പ്രക്ഷോഭം നടത്തി. ഒരു പൈസപോലും കിട്ടിയിരുന്നില്ല. പക്ഷേ എല്ലാവരോടും, എല്ലാ മണ്ഡലങ്ങളോടും നീതി പുലർത്തിക്കൊണ്ട്, എല്ലാം തെരഞ്ഞടുക്കപ്പെട്ട എം.എൽ.എ.മാരാണ്, എല്ലാം ഒരു കുടുംബത്തിലെ അംഗങ്ങളാണെന്നുകണ്ട്, കേരളത്തിലെ ജനങ്ങളെ കണ്ടുകൊണ്ട് 140 മണ്ഡലത്തിലേയ്ക്കും 141 എം.എൽ.എ.മാർക്കും പണം നൽകിയൊരു സമീപനം എൽ.ഡി.എഫ്. കാഴ്ചവച്ചിട്ടുണ്ട്. അന്ന് എം.എൽ.എ.മാരുടെ എണ്ണം 141 ആകാൻ കാരണം ഒരു നോമിനേറ്റഡ് മെമ്പറുണ്ടായിരുന്നു. പുതിയ നിയമമനുസരിച്ച് അതില്ലാതായി. ഒരു ചെറിയ നിർദ്ദേശം ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ചിലപ്പോൾ നമ്മുടെ നാട്ടിൽ നാടിനോട് സ്നേഹമുള്ള വലിയ പണക്കാരുണ്ടാകും. അതിൽ ഏതെങ്കിലുമൊരു വ്യക്തി, വ്യക്തിപരമായല്ല പൊതുസമൂഹത്തിന്റെ ആവശ്യം കണ്ടുകൊണ്ട് യാത്ര ചെയ്യാനാവശ്യമായ പാലം നിർമ്മിക്കാനോ റോഡുനിർമ്മിക്കാനോ സന്നദ്ധനായി മുന്നോട്ടുവന്നാൽ, അഞ്ചുവർഷത്തേയ്ക്ക് പലിശ നൽകി ഫണ്ട് നൽകാൻ

തീരുമാനിച്ചാൽ ആ ഫണ്ട് നമുക്ക് ഉപയോഗപ്പെടുത്താം. അത് മേജർ വർക്കുകളായിരിക്കില്ല. ചിലർ പലിശയും വാങ്ങില്ല. നമുക്ക് ആ വർക്ക് നടത്താൻ കഴിയും. ട്രഷറിയിൽ അവർ പണം നിക്ഷേപിക്കുന്നു. ട്രഷറിയിലൂടെതന്നെ ട്രാൻസ്ഫർ ചെയ്യുന്നൊരു നിലപാട് സ്വീകരിക്കുന്ന പ്രവർത്തനമാണ്. കിഫ്ബിയുടെ ചെറിയ പതിപ്പ്. ഇതിന് സന്നദ്ധരായ ആളുകളുണ്ടെങ്കിൽ ജനപ്രതിനിധികൾ കൂടി സഹകരിച്ചുകൊണ്ട് ഇത് നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചന നടത്തുന്നത് നല്ലതായിരിക്കുമെന്ന് സൂചിപ്പിക്കുന്നു. വ്യാപകമായി കിട്ടില്ലെങ്കിലും കുറെയേറെ വർക്കുകൾ നാടിനോട് സ്നേഹമുള്ള ആളുകളുടെ സഹായങ്ങൾ നമ്മുടെ കൺസ്ട്രക്ഷൻ മേഖലയ്ക്ക്, പ്രവർത്തന മേഖലയ്ക്ക് ലഭിക്കും. ചിലപ്പോൾ മെമ്മോറിയലായി, അവരുടെ വകയായി കെട്ടിടങ്ങൾ, സ്മാരകങ്ങൾ എന്നിവ പടുത്തുയർത്താനും സാംസ്കാരിക നിലയങ്ങൾ പടുത്തുയർത്താനും ചിലപ്പോൾ ഫണ്ട് നൽകിയെന്ന് വരും. അത് നമ്മൾ ഉപയോഗിക്കേണ്ടതാണ്. കാരണം അവരതിന് സന്നദ്ധരായിരിക്കും. മാത്രമല്ല കേരളത്തിലെ ജനങ്ങളെ നമ്മൾ പൂവിട്ട് പൂജിക്കണം. കാരണം ഈ പ്രതിസന്ധികളിലെല്ലാം കേരളത്തിലെ ഗവൺമെന്റിനോടൊപ്പം അവർ നിന്നു. സർക്കാർ ഒപ്പമുണ്ടെന്ന് തെരഞ്ഞെടുപ്പുവേളയിൽ പറഞ്ഞപ്പോൾ ജനങ്ങൾ നിങ്ങളോടൊപ്പമുണ്ടെന്ന്

പറഞ്ഞുകൊണ്ട് സർക്കാരിനെ അല്ലെങ്കിൽ കേരള സമൂഹത്തെ സഹായിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തി. അതിന്റെയൊരു ഉയർന്ന പതിപ്പെന്ന നിലയ്ക്ക് അത്തരമൊരു സമീപനം കൂടി കൈക്കൊള്ളാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. ചില ആളുകൾ പലിശ വാങ്ങാത്തവരാണ്. അത്തരത്തിൽ സന്നദ്ധരായ ആളുകൾക്ക് അഞ്ചുവർഷം കഴിഞ്ഞ് അവർ പദ്ധതികൾക്കായി ചെലവാക്കിയ പൈസ മാത്രം തിരിച്ചുകൊടുക്കുന്ന നില നമുക്ക് സ്വീകരിക്കാൻ കഴിയും. ഇതൊരു നല്ല കാര്യമായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

കേരളത്തിലെ ഗവൺമെന്റിനെയും മുഖ്യമന്ത്രിയെയും താഴെയിറക്കാൻ ലക്ഷ്യംവച്ചുകൊണ്ട് കഴിഞ്ഞ അഞ്ചുവർഷം എല്ലാ ശ്രമങ്ങളും നടത്തി. അതിന്റെയൊരു പുതിയ പതിപ്പായി, പ്രതി പറഞ്ഞുവെന്ന് പത്രവാർത്ത വന്നതിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്ന് വീണ്ടും അലങ്കോലപ്പെടുത്താനുള്ള ശ്രമം നടന്നത്. ഞാൻ ഇന്നലെയും ഇവിടെ സൂചിപ്പിച്ചതാണ് പ്രതിപക്ഷം പ്രതിപക്ഷത്തിന്റെ റോൾ നിർവ്വഹിക്കണമെന്ന്. നമ്മളെ തെരഞ്ഞെടുത്തയച്ച ജനങ്ങളെ കണ്ടുകൊണ്ടാണ് നമ്മളെല്ലാവരും പ്രവർത്തിക്കുന്നത്. അതിനനുസൃതമായി ഉയർന്നുപ്രവർത്തിക്കുന്ന നിലയിലേയ്ക്കാണ് വരേണ്ടത്. നിങ്ങൾക്ക്

പറയാനുള്ളതൊക്കെ പറയാം. പക്ഷേ, നിയമസഭയുടെ നടപടിക്രമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ടല്ലേ നമുക്ക് ഇത് നടപ്പിലാക്കി മുന്നോട്ടുപോകാൻ കഴിയൂ. എല്ലാം നിർബന്ധിതമായി നടപ്പിലാക്കണമെന്ന കാഴ്ചപ്പാടോടെ ഇത്തരം വിഷയങ്ങളെ കാണാൻ പാടില്ല. എല്ലാ ശ്രമങ്ങളും നിങ്ങൾ നടത്തി. നിങ്ങളുടെതന്നെ ദേശീയ നേതാക്കന്മാർ ഇന്നത്തെ കേന്ദ്ര ഗവൺമെന്റെടുക്കുന്ന ഈ നിലപാടുകൾക്കെതിരെ ശക്തിയുക്തമെതിർത്ത് കേരളത്തിൽവന്ന് പരസ്യമായി പറഞ്ഞപ്പോൾ അത് ഞങ്ങൾ ചെവിക്കൊള്ളുന്നില്ലെന്ന സമീപനമാണ് കൈക്കൊണ്ടത്. നിങ്ങളുടെ ഗവൺമെന്റുകളെ അസ്ഥിരപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തിയപ്പോൾ അവിടത്തെ മുഖ്യമന്ത്രിമാരും പി.സി.സി. പ്രസിഡന്റുമാരും കേന്ദ്രമെടുക്കുന്ന ഈ നിലപാടിനെതിരെ പറഞ്ഞു. പക്ഷേ നിങ്ങൾ ഇത് പഠിക്കില്ല എന്ന ബോദ്ധ്യം ഞങ്ങൾക്കുണ്ട്. ജനാധിപത്യവിരുദ്ധമായി 1957-ലെ ഗവൺമെന്റിനെ തകർത്തവരാണ് നിങ്ങൾ. ആ അധികാരം ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിലെ സഖാവ് ഇ.എം.എസ്.-ന്റെ ഗവൺമെന്റിനെ നിങ്ങൾ താഴെയിറക്കി. അതിനുശേഷം എത്ര വർഷം കഴിഞ്ഞാണ് അന്ന് തുടക്കം കുറിച്ച ആരോഗ്യ വിദ്യാഭ്യാസ മേഖലയെ ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ ഗവൺമെന്റ് തുടക്കം

കുറിച്ചത്. അല്ലെങ്കിൽ എത്രയേറേ മുന്നോട്ടുപോകുമായിരുന്ന ഈ കേരളം. അന്ന് എയ്ഡഡ് സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടായാലും ഭൂപരിഷ്കരണ നിയമം വരാൻ പോകുന്നുവെന്ന് കണ്ട് ഭൂസ്വാമിമാരേയും മറ്റെല്ലാ ജാതിമത സംഘടനകളെയും ചേർത്തുപിടിച്ചുകൊണ്ട് ഇന്ന് നിങ്ങൾ നടപ്പിലാക്കുന്നതിന്റെ വേറൊരു പതിപ്പാണ് അന്ന് കേരളത്തിൽ അരങ്ങേറിയത്. അങ്ങനെയൊരു വിമോചന സമരത്തിന് നിങ്ങൾ തിരികൊളുത്തി. പിന്നീടൊരു പ്രത്യേക സാഹചര്യത്തിൽ മാറ്റത്തിന് വിധേയമായി. 'മാറ്റമില്ലാത്തത് മാറ്റത്തിന് മാത്രമാണ് എന്നാണ് മാർക്സ് പറയുന്നത്. നിങ്ങൾ ഇടതുപക്ഷത്തോടൊപ്പം വന്നപ്പോൾ നിങ്ങളുടെ കോൺഗ്രസ്സിന്റെ നേതാവ് ശ്രീ. എ. കെ. ആന്റണി പറഞ്ഞു, വിമോചന സമരത്തിന് അമേരിക്കൻ സി.ഐ.എ.യുടെ സഹായം കൂടി ഉണ്ടായിരുന്നുവെന്ന്. കുട്ടികൾക്കന്ന് ഇഷ്ടംപോലെ പണമുണ്ടായിരുന്നു. അന്ന് കെ.എസ്.യു.വിന്റെ നേതാവാണ് അവരെല്ലാം. കുറച്ച് വർഷം കഴിഞ്ഞ് അദ്ദേഹത്തിനുവന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ പറഞ്ഞു "അന്ന് വിദേശപണം ഞങ്ങൾക്ക് ലഭിച്ചിരുന്നുവെന്ന്". അതുപോലെ ഏത് നെറികെട്ട നിലപാടുകളും സ്വീകരിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റ് വിരുദ്ധ ചിന്താഗതിയും കമ്മ്യൂണിസത്തിനെതിരെയുള്ള പ്രവർത്തനങ്ങളും നടത്തുന്ന

നിങ്ങളുടെ സമീപനമെന്തെന്ന് ഞങ്ങൾക്ക് ബോദ്ധ്യമാകുന്നില്ല. വർത്തമാന കാലത്തിൽ രാജ്യത്താകമാനം സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങൾ നടക്കുമ്പോൾ നിങ്ങൾ അവരോടൊപ്പം നിൽക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. നിങ്ങളുടെ മുഖ്യശത്രു ഇൻഡ്യൻ ഇടതുപക്ഷമാണെന്ന നിലയ്ക്കാണ് നിങ്ങൾ പോകുന്നത്. പക്ഷേ കോൺഗ്രസ്സിലെ എല്ലാവരും ആ നയം സ്വീകരിക്കുന്നില്ലായെന്ന് ഞാൻ ഇന്നലെ സൂചിപ്പിച്ചു. ആ സമീപനമാണ് കേരളത്തിലെ കോൺഗ്രസ്സ് എടുക്കുന്നത്. ശ്രീ. എ. കെ. ആന്റണി തന്നെ ഒരിക്കൽ പറഞ്ഞിട്ടുണ്ട് ആർ.എസ്.എസ്.-നെ തിരിച്ചറിയാൻ കോൺഗ്രസ്സുകാർക്ക് കഴിയണമെന്ന്. നേരത്തെ കോൺഗ്രസ്സിൽ ശ്രീ. വയലാർ രവിയുണ്ടായിരുന്നു. ഒരു രാഷ്ട്രീയ ധാരണയോടുകൂടി സംസാരിക്കുന്ന കോൺഗ്രസ്സിലെ നേതാവാണ് അദ്ദേഹം. ഇപ്പോൾ അദ്ദേഹത്തിന് അനാരോഗ്യംമൂലം സംസാരിക്കാനുള്ള ബുദ്ധിമുട്ടുണ്ട്. അതിനാൽ അദ്ദേഹത്തെ നമുക്ക് കാണാൻ കഴിയുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ബില്ലിന്റെ ചർച്ചയ്ക്ക് സമയപരിധി നിശ്ചയിച്ചിട്ടില്ലെങ്കിലും ഇപ്പോൾ പ്രസക്തമായ കാര്യം ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കുകയെന്നുള്ളതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞ കാര്യം

ഞാൻ അംഗീകരിക്കുന്നു. വളരെ വേഗം നിർത്താം. ശ്രീ. വി. എം. സുധീരൻ സാമ്പത്തിക നയം പിശകാണെന്ന് പറഞ്ഞിട്ടുണ്ട്. അദ്ദേഹം കെ.പി.സി.സി.യുടെ പ്രസിഡന്റായിരുന്നു, മന്ത്രിയായിരുന്നു, എം.പി.യുമായിരുന്നു. കോൺഗ്രസ് ഇപ്പോഴെടുക്കുന്ന നിലപാടുകളെക്കുറിച്ച് പൗരത്വ ഭേദഗതി ബില്ലുമായി ബന്ധപ്പെടുത്തി മുൻകേന്ദ്രമന്ത്രി ശ്രീ. കെ. പി. ഉണ്ണികൃഷ്ണൻ സൂചിപ്പിച്ചിട്ടുണ്ട്. കോൺഗ്രസ്സിന്റെ പാരമ്പര്യം നിങ്ങൾ പഠിക്കണമെന്ന് അദ്ദേഹം മാതൃഭൂമിയിൽ ലേഖനമെഴുതി. കേരളത്തിലെ ഇന്നത്തെ കോൺഗ്രസ്സിന് വന്ന മാറ്റമാണ് ഇത് കാണിക്കുന്നത്. ഇന്ന് ഇന്ത്യ ഭരിക്കുന്ന ആർ.എസ്.എസ്.ന്റെ സാഹചര്യങ്ങളെ മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കാൻ നിങ്ങൾക്ക് കഴിയേണ്ടതുണ്ട്. മുഖ്യശത്രു അവരാണെന്ന് കണ്ടുകൊണ്ടായിരിക്കണം നിങ്ങളുടെ പ്രവർത്തനം. ഇന്നലെ ഞാൻ ശ്രീ. കപിൽ സിബലിന്റെ കാര്യം പറഞ്ഞു. അതിൽ ഇൻഡ്യൻ ഇടതുപക്ഷവും കോൺഗ്രസ്സുകാരും എല്ലാം പങ്കെടുത്തെങ്കിലും ശ്രീമതി സോണിയയും.....

<u>മി. സ്പീക്കർ</u>: ഇന്നലെ പറഞ്ഞത് ഇന്ന് ഒഴിവാക്കാം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ശ്രീ. രാഹുൽ ഗാന്ധിയും പങ്കെടുത്തിരുന്നു. ഞാൻ ആവർത്തിക്കുകയാണ്.

മി. സ്പീക്കർ: കേൾക്കാൻ പ്രതിപക്ഷത്ത് ആരും ഇല്ല.

ശ്രീ. ഇ. കെ. വിജയൻ: സർ, കേൾക്കാൻ ഇവിടെ ആളുണ്ട്. കോൺഗ്രസ് തകർന്നുപോകുന്നൊരു സാഹചര്യത്തിലേയ്ക്ക് എത്തിനിൽക്കുകയാണ്. തകരാൻ പാടില്ല എന്നുപറയാനാണ് ഞാൻ സൂചിപ്പിച്ചത്. അങ്ങനെ കോൺഗ്രസ് തകരരുത്. ബി.ജെ.പി.യെ എതിർക്കാൻ ദേശീയാടിസ്ഥാനത്തിൽ വലിയ പ്രസ്ഥാനങ്ങൾ ഉയർന്നുവരേണ്ട സമയമാണിത്. അതോടൊപ്പം കിഫ്ബിപോലുള്ള സാമ്പത്തിക സമാഹരണവുമായി നമ്മൾ മുന്നോട്ടുപോകേണ്ടിവരും. നികുതി വിഷയത്തിലായാലും മറ്റ് വിഷയങ്ങളിലായാലും സംസ്ഥാനങ്ങളോട് കേന്ദ്രം സ്വീകരിക്കുന്ന ഒരു നിലപാടുണ്ട്. കേരളീയരെന്ന നിലയ്ക്ക് അത്തരം കാര്യങ്ങളിൽ ഇടപെടുന്നതിന് പ്രതിപക്ഷവും അവരുടെ പങ്ക് നിർവ്വഹിക്കാൻ തയ്യാറാകണമെന്ന് പറയാനാണ് ഞാൻ ഇക്കാര്യം സൂചിപ്പിച്ചത്. ഇന്നത്തെ സാഹചര്യത്തിൽ കേന്ദ്രമെടുക്കുന്ന ഈ നിലപാടുകൾ കേരളത്തിനെതിരാണ്. പ്രളയമുണ്ടായപ്പോൾ നമുക്ക് വിദേശസഹായം നിഷേധിച്ചു, അവർക്ക് മിണ്ടാട്ടമില്ല. കോവിഡിന്റെ കാലയളവിൽ വിദേശത്തുനിന്നുള്ള സഹായം അഭ്യർത്ഥിച്ചപ്പോൾ അത് സ്വീകരിക്കാൻ പാടില്ലായെന്ന് കേന്ദ്രം പറഞ്ഞു. അതിനെതിരെയും

അവർക്ക് പ്രതിഷേധമില്ല. അപ്പോൾ തീർച്ചയായും ഈ മാറ്റം കണ്ടുകൊണ്ട് പ്രവർത്തിക്കാൻ അവർ തയ്യാറാകണമെന്ന് സൂചിപ്പിക്കുന്നു. ഈ ധനകാര്യ ബില്ലിനെ പിന്തുണച്ചുക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ധനകാര്യ ബില്ലിനെ പിന്തുണയ്ക്കുകയാണ്. അന്നന്ന് അദ്ധ്വാനിച്ചുകിട്ടുന്ന കൂലികൊണ്ട് ജീവിച്ചിരുന്ന ഒരു പാമര കുടുംബത്തിലെ അവസ്ഥയിലല്ല സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. സാധാരണ നാട്ടിൻപുറങ്ങളിൽ പഞ്ഞമാസങ്ങളിൽ ഭാവികൃഷിക്കുവേണ്ടി സംഭരിച്ചുവച്ചിട്ടുള്ള 'വിത്തെടുത്ത് കുത്തുക' എന്നൊരു പ്രയോഗമുണ്ട്. അതും കേരളത്തിലെ പിണറായി സർക്കാർ ചെയ്തിട്ടില്ലെന്നുള്ള അഭിമാനകരമായ നേട്ടമാണ് കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ഗവൺമെന്റിന്റെ പ്രവർത്തനം പരിശോധിച്ചാൽ കാണാൻ കഴിയുന്നത്. സാമ്പത്തിക മേഖലയിൽ വരുന്ന പ്രതിസന്ധികൾ കേരളത്തിൽ മാത്രമല്ലല്ലോ? ലോകത്തുണ്ടാകുന്ന പ്രതിസന്ധികളും ദേശീയതലത്തിലുണ്ടാകുന്ന പ്രതിസന്ധികളും കേരളത്തെയും

സ്വാധീനിക്കുമെന്നുള്ളത് ശരിയല്ലേ? എങ്കിൽപ്പോലും പ്രതിസന്ധിയുടെ കാലത്തും ദീർഘവീക്ഷണത്തോടെ സർക്കാർ മുന്നോട്ടുപോയി. അഴിമതിയില്ല, പ്രധാനപ്പെട്ട മേഖലകളിലാണ് നമ്മുടെ നിക്ഷേപം നടത്തിയിട്ടുള്ളതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പല രാജ്യങ്ങളും സേവന മേഖലയിൽനിന്നും ഒളിച്ചോടുകയോ പിന്നോട്ടുപോകുകയോ സ്വകാര്യ മേഖലയ്ക്ക് സേവന രംഗത്തെ അടിയറവ് വയ്ക്കുകയോ ചെയ്തപ്പോൾ കേരളത്തിലെ ഗവൺമെന്റ് ബദൽമാർഗ്ഗം ഉയർത്തി ആരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തും പൊതുഗതാഗത മേഖലയിലും വലിയ നിക്ഷേപമാണ് നടത്തിയത്. കഴിഞ്ഞ യു.ഡി.എഫ്.ന്റെ ഭരണകാലത്ത് അഞ്ച് ലക്ഷത്തോളം വരുന്ന കുട്ടികളാണ് ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽനിന്നും സ്വകാര്യ സ്കൂളുകളിലേയ്ക്ക് പോയത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഏഴ് ലക്ഷത്തോളം വിദ്യാർത്ഥികളെ തിരിച്ച് ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലേയ്ക്ക് കൊണ്ടുവന്നുവെന്ന കണക്ക് നമ്മുടെ മുന്നിലുണ്ട്. ഉത്പാദന രംഗത്തും വലിയ മാറ്റം വരുത്തി. പിന്നാക്ക ജനവിഭാഗങ്ങളുടെ, പ്രത്യേകിച്ച് എസ്.സി./എസ്.ടി. സെക്ടറിലെ ജനവിഭാഗങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നല്ല ഇടപെടലുകളാണ് സ്വീകരിച്ചത്. എണ്ണിയാലൊടുങ്ങാത്ത റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം ഈ

കാലയളവിലാണ് പൂർത്തീകരിച്ചത്. എന്റെ മണ്ഡലത്തിൽ 33 കിലോമീറ്റർ ദൂരമുള്ള മലയോര ഹൈവേ മിക്കവാറും ഈ വരുന്ന കേരള പിറവിദിനത്തിൽ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. കേരളത്തിലെ ഏക ഇന്റർനാഷണൽ ഐ.ടി.ഐ.യും എന്റെ മണ്ഡലത്തിലാണ് വരുന്നത്. അതിന്റെ ഉദ്ഘാടനവും നവംബർ മാസത്തിൽ നടത്താൻ കഴിയും. ഈ മാറ്റങ്ങൾ പ്രതിപക്ഷം കാണുന്നില്ല, കേൾക്കുന്നില്ല, അതുകൊണ്ടുതന്നെ കൂടുതൽ പറയേണ്ട കാര്യവുമില്ല. ഇതൊന്നും കാണാതെ എന്തെങ്കിലും 'പൊടിപ്പും തൊങ്ങലും' വച്ച് ഗവൺമെന്റിനെ ആക്രമിക്കാൻ കഴിയുമോയെന്നാണ് അവർ പരിശോധിക്കുന്നത്. അത് തിരുത്തുന്നത് നന്നായിരിക്കുമെന്നാണ് കരുതുന്നത്. സ്വാമി വിവേകാനന്ദൻ കേരളത്തിൽ വന്നപ്പോൾ "നിങ്ങളുടെ സ്ത്രീകളെ വിദ്യാഭ്യാസം ചെയ്യിപ്പിക്കുക" എന്നുപറഞ്ഞ കാര്യം ഓർമ്മയുണ്ട്. ഇന്ന് നമ്മൾ എവിടെയെത്തി. ഇന്നലത്തെ ചർച്ചകൂടി കഴിഞ്ഞപ്പോൾ ഡിജിറ്റൽ സർവ്വകലാശാല വരെ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് വേണ്ടിയുള്ള നിലപാടിലേയ്ക്ക് കേരളം പുരോഗമിച്ചു. ലോകത്തെ പല രാജ്യങ്ങളിലും പോയി കുട്ടികൾ പഠിച്ച്, നമ്മുടെ പണം മുഴുവനും വിദേശ രാജ്യങ്ങളിൽ കൊണ്ടുപോയി കൊടുക്കുന്ന രീതിയായിരുന്നു പണ്ട് ഉണ്ടായിരുന്നത്. കേരളത്തിൽ ഡിജിറ്റൽ

സർവ്വകലാശാലയടക്കം വരുന്നതോടുകൂടി കഴിവുള്ള കുട്ടികൾ ഇവിടെത്തന്നെ പഠിച്ച് കാത്തിരിക്കും. ലോകത്തെ പല രാജ്യങ്ങളിൽനിന്നും ആളുകൾ ഇങ്ങോട്ടുവന്ന് കേരളത്തിലെ കഴിവുള്ള കുട്ടികളെ അവിടേയ്ക്ക് ക്ഷണിക്കുന്ന ഒരു സ്ഥിതി അധികം താമസിയാതെ സംഭവിക്കാൻ പോകുകയാണ്. ഭാവനാസമ്പന്നമായ പദ്ധതികളിലൂടെയും നിശ്ചയദാർഢ്യം തുളുമ്പുന്ന ഇടപെടലുകളിലൂടെയും സാദ്ധ്യമാകുന്ന നവകേരള നിർമ്മിതിയിൽ ജനങ്ങൾ ഇടതുസർക്കാരിന് പിന്നിൽ അണിനിരക്കുകയാണ്; ഇത് പ്രകടവുമാണ്.

ഒരു കാര്യംകൂടി ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്, കിഫ്ബി പദ്ധതിയിലൂടെ വിവിധ മേഖലകൾക്ക് പണം നിക്ഷേപിച്ചിട്ടുണ്ട്. ഇന്ത്യ ഒരു കാർഷിക രാജ്യമാണ്, കേരളവും അതിൽനിന്ന് വ്യത്യസ്തമല്ല. കാർഷിക മേഖലകൾക്കുകൂടി ഊന്നൽ നൽകിക്കൊണ്ട് നിക്ഷേപം കൊണ്ടുവരാനുള്ള പരിശ്രമംകൂടി നടത്തണം. എങ്കിൽമാത്രമേ ഗ്രാമീണ സമ്പദ്ഘടനയെ കൂടുതൽ പരിപോഷിപ്പിക്കാനാവൂ, വളർച്ചയിലേയ്ക്ക് നയിക്കാനാവൂ. അക്കാര്യങ്ങളിൽക്കൂടി ഒരു ശ്രദ്ധവേണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. കോവിഡാനന്തര കാലത്തെക്കുറിച്ച് ചിന്തിക്കാറായി. ലോകത്തെ പല രാജ്യങ്ങളും ചിന്തിക്കുന്നത് കോവിഡാനന്തരം ലോകമെന്താകും, രാജ്യമെന്താകും എന്നാണ്. കേരളവും

കോവിഡാനന്തര കാലം കേരളത്തിന്റെ സാമ്പത്തിക മേഖല എന്താകുമെന്ന്; ജനങ്ങളുടെ ജീവിതം എങ്ങനെയെന്ന് ചിന്തിക്കേണ്ട സമയമായി. അതിനുള്ള ആലോചനകൂടി ഇതുമായി ബന്ധപ്പെട്ട് നടത്തണമെന്നും കോവിഡിന്റെ പ്രതിസന്ധിയിൽ തളർന്ന് കിടക്കാതെ പ്രതിരോധ പ്രവർത്തനത്തിനുവേണ്ടി മാത്രം നിൽക്കാതെ കോവിഡാനന്തരം കേരളമെന്താകുമെന്നും നാട്ടിലെ ജനങ്ങളുടെ ജീവിതമെന്താകുമെന്നും ചിന്തിക്കുകയും അതിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കുകയും ചെയ്യണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. ബാലചന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നിയമസഭയിൽ 2020-21 സാമ്പത്തിക വർഷത്തെ പൂർണ്ണ ബഡ്ജറ്റ് ജനുവരിയിൽ അവതരിപ്പിച്ചുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്ക് അന്നത്തെ നികുതി വ്യവസ്ഥയെക്കുറിച്ച് ബഡ്ജറ്റുമായി ബന്ധപ്പെട്ട് വിശദീകരിക്കുകയുണ്ടായി. 14-ാം കേരള നിയമസഭയുടെ കാലാവധി കഴിഞ്ഞതോടെ വീണ്ടും പിണറായി

ഗവൺമെന്റ് അധികാരത്തിൽ വരികയും ശ്രീ. കെ. എൻ. ബാലഗോപാൽ പരിഷ്കരിച്ച ബഡ്ജറ്റ് സഭയുടെ മുമ്പാകെ അവതരിപ്പിക്കുകയും ചെയ്തതിൽ നികുതി സംബന്ധമായ ചില ക്രമീകരണങ്ങൾ പഴയ ബഡ്ജറ്റിൽനിന്നും വരുത്തേണ്ടതുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. അതുസംബന്ധിച്ച ധനകാര്യ ബില്ലാണ് ഇന്ന് നിയമസഭയുടെ പരിഗണനയ്ക്ക് വരുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നികുതിയുമായി ബന്ധപ്പെട്ട് ചില പൊതുധാരണകൾ ഇടതുപക്ഷത്തിനുണ്ട്; പ്രത്യേകിച്ച് ഇവിടെ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റിനുണ്ട്. പ്രത്യക്ഷ നികുതി കുറയ്ക്കുകയും പരോക്ഷ നികുതിയുടെ ആക്കംകൂട്ടുകയും ചെയ്യുകയെന്നുള്ളതാണ് എക്കാലത്തും വലതുപക്ഷ ബഡ്ജറ്റുകൾ നിർവ്വഹിച്ചിട്ടുള്ള ധർമ്മം. സത്യത്തിൽ അത് മുതലാളിത്ത ശക്തികളെ സഹായിക്കുന്ന, പാവപ്പെട്ടവരുടെ നാടായ ഇന്ത്യാ രാജ്യത്തെ, പാവപ്പെട്ട ജനങ്ങളെ പിഴിഞ്ഞെടുക്കുന്ന നികുതി സമ്പ്രദായമാണ് പൊതുവിൽ ഇന്ത്യയിൽ മിക്കഘട്ടങ്ങളിലും നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള ജി.എസ്.ടി. ഫെഡറൽ സംവിധാനത്തിന് യോജിച്ചതാണോ എന്നുള്ള ചർച്ച ഇന്ത്യയൊട്ടാകെ നടക്കുന്നുണ്ട്. ഒരൊറ്റ രാജ്യം, ഒരൊറ്റ നികുതി എന്ന തീരുമാനം നമുക്ക് കേൾക്കാനും ആലോചിക്കാനും ഇഷ്ടമുള്ള കാര്യമാണ്. എല്ലാ

സംസ്ഥാനങ്ങളേയും വേറിട്ട് നിർത്തുന്ന വൈവിദ്ധ്യങ്ങളും വ്യത്യസ്തതകളും നിറഞ്ഞ ഒരു ജീവിത കാലാവസ്ഥയാണ് ഇന്ത്യയിലുള്ളതെന്ന് കാണാം. കേന്ദ്രഭരണ പ്രദേശങ്ങളുൾപ്പെടെ വ്യത്യസ്ത ജീവിതായോധന ക്രമങ്ങളും ജീവിത രീതികളുമാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്. ഈ ഫെഡറൽ റിപ്പബ്ലിക് എല്ലാ സംസ്ഥാനങ്ങളെയും ഒരുപോലെകണ്ട് ഒറ്റ നികുതി വ്യവസ്ഥ കൊണ്ടുവരുന്നു എന്നുപറഞ്ഞാൽ സാമ്പത്തിക രംഗത്ത് നിലനിർത്തിപ്പോരുന്ന ബഹുസ്വരത ഇല്ലാതാകുന്നു എന്നതാണ് അർത്ഥം. ഒരൊറ്റ രാജ്യം, ഒരൊറ്റ നികുതി എന്ന് കേന്ദ്രം പ്രഖ്യാപിച്ചപ്പോൾ പ്രത്യക്ഷത്തിൽ അത് ഇമ്പമാർന്ന കാര്യമാണെന്ന് തോന്നിയെങ്കിലും ഫലത്തിൽ കേന്ദ്രത്തിന്റെ ഇച്ഛാശക്തിക്കനുസരിച്ച് സംസ്ഥാന സർക്കാരുകളുടെ നികുതിയെ കൈകാര്യം ചെയ്യാനുള്ള ഒരവസ്ഥ അവർക്ക് ക്രമത്തിൽ വന്നുചേരുന്നു എന്നതാണ് അനുഭവത്തിൽനിന്ന് നമുക്ക് പഠിക്കാൻ കഴിയുന്ന കാര്യം. അതോടൊപ്പം പുതിയ മോദി സർക്കാരിന്റെ അധികാരവാഴ്ച്ചയ്ക്കുശേഷം കോൺഗ്രസ് അനുവർത്തിച്ച സാമ്പത്തിക ക്രമങ്ങളെ ഇന്ത്യയിൽ കൂടുതൽ ഗുരുതരമായ ഭവിഷ്യത്തുണ്ടാകുന്ന വിധത്തിൽ കോർപ്പറേറ്റുവത്കരണത്തിന് തുറന്നുകൊടുത്തിരിക്കുകയാണ്. 'കോർപ്പറേറ്റുവത്കരണം = ഫാസിസം' എന്ന് ആധുനിക ധനചിന്ത നമ്മെ

പഠിപ്പിക്കുന്നു. അങ്ങനെ രാജ്യം പൊതുവിൽ ഫാസിസത്തിലേയ്ക്ക് പോകുന്ന നേരത്താണ്, ഓലത്തുമ്പുകളിൽ സൂര്യപ്രകാശം അതിന്റെ അസ്തമയകിരണ ശോഭകൊണ്ട് ഇപ്പോഴും ചുവന്നതായി നിർത്തുന്ന ഈ കേരളത്തെ, ഒന്നുറക്കെ തള്ളിയാൽ അറബിക്കടലിൽ ചെന്നുപതിക്കാൻ പാകത്തിൽ കിടക്കുന്ന കടലോരമുള്ള ഈ കൊച്ചുസംസ്ഥാനത്തെ, പലതരത്തിൽ കേന്ദ്ര സർക്കാർ ബുദ്ധിമുട്ടിക്കുന്ന സന്ദർഭത്തിലാണ് നമ്മുടെ നികുതി പരിഷ്കാരവുമായി ബന്ധപ്പെട്ട പുതിയ ധാരണകൾ ശ്രീ. പിണറായി വിജയന്റെ ഒന്നാം ഇടതുപക്ഷ സർക്കാരിലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. തോമസ് ഐസക് അവതരിപ്പിച്ചത്. നികുതി പണം സംഭരിക്കുന്ന പൊതുഖജനാവിൽ കേരളത്തിന്റെ വികസനത്തിനുവേണ്ട പണം കണ്ടെത്താൻ നമുക്ക് കഴിയുന്നുണ്ടോ? വരുമാനത്തിന്റെ നല്ലൊരു ശതമാനം വികസന പ്രവർത്തനങ്ങൾക്ക് ചെലവാക്കാൻ നമുക്ക് കഴിയാത്ത ഒരവസ്ഥയാണുള്ളത്. ശമ്പളവും പെൻഷനും കൊടുത്തുകഴിഞ്ഞാൽ ഖജനാവ് പൊതുവിൽ കാലിയാകുന്ന ഒരവസ്ഥയാണുള്ളത്. അതിനുകാരണം അടിസ്ഥാന ജനവിഭാഗങ്ങളെ സഹായിക്കാനുള്ള സന്മനസ്സുള്ള ഗവൺമെന്റാണെന്നുള്ളതുകൊണ്ടാണ്. വികസന മേഖലകളെക്കാൾ ജീവിതത്തിന്റെ നല്ല രീതിയിലുള്ള

പുനഃസംഘാടനത്തിന് കേരളത്തിൽ ശ്രമിക്കുന്നതുകൊണ്ടാണ് ഖജനാവിലെ പണം ആ രീതിയിൽ വിനിയോഗിക്കാൻ സർക്കാർ തയ്യാറാകുന്നത്. അങ്ങനെയാകുമ്പോൾ സംസ്ഥാനത്തിന്റെ വികസനത്തിന് മറ്റ് മാർഗ്ഗങ്ങളില്ലാതെവരുന്നു. എന്നാൽ ലോകവും മറ്റ് സംസ്ഥാനങ്ങളും വളരുന്നതിനൊപ്പം കേരളവും മുന്നോട്ടുപോകേണ്ടതുണ്ട്. വർദ്ധിച്ചുവരുന്ന ഗതാഗത സൗകര്യങ്ങൾ, ഓരോ മനുഷ്യന്റെയും വർദ്ധിച്ചുവരുന്ന സാമൂഹികാവശ്യങ്ങൾ ഇവയെല്ലാം സർക്കാരിനെ വലിയ സമ്മർദ്ദത്തിലാക്കുന്നുണ്ട്. അങ്ങനെ വരുമ്പോൾ ഒരു പുതിയ സാധ്യതയിലേയ്ക്ക് സർക്കാർ കടന്നുപോകണമെന്ന് ഉദ്ദേശിക്കുന്നതിന്റെ ഭാഗമായാണ് കിഫ്ബിക്ക് രൂപം കൊടുത്തത്. നികുതി വരുമാനത്തിന്റെ തോതും അതിന്റെ മുഖ്യശ്രദ്ധയും പാവങ്ങൾക്ക് അനുകൂലമായി നിലനിർത്തിക്കൊണ്ട്, നാടിന്റെ വികസനത്തിന് മറ്റൊരു സംവിധാനമുണ്ടാക്കുകയെന്ന ഫലപ്രദമായ സാമ്പത്തിക വിനിയോഗത്തിന്റെ ക്രമീകരണമാണ് ഒരർത്ഥത്തിൽ ഡോ. തോമസ് ഐസക്കിന്റെ നേതൃത്വത്തിലുള്ള കിഫ്ബിയുടെ രൂപീകരണംകൊണ്ട് ഉദ്ദേശിച്ചത്. അതോടെ രാജ്യത്തിന്റെ വികസനത്തിനുവേണ്ടി മറ്റൊരു സ്രോതസ്സുണ്ടാകുകയും ചെയ്തു. നികുതിയിനത്തിലുള്ള വരവ് ജനങ്ങളെ

സമ്മർദ്ദത്തിലാക്കാതെ, പ്രത്യക്ഷനികുതിക്ക് ആക്കം കൂട്ടിയും പരോക്ഷ നികുതി കുറച്ചുകൊണ്ടും ക്ഷേമ പെൻഷനും മറ്റ് സാമൂഹിക സംവിധാനങ്ങളിലുള്ള സഹായങ്ങളും വിപുലപ്പെടുത്തിക്കൊണ്ടും ഒരു ജനതയെ സംരക്ഷിക്കാൻ കഴിയുന്ന നികുതിക്രമമാണ് ഈ രണ്ട് ഗവൺമെന്റുകളുടേയും ധനകാര്യ വകുപ്പുമന്ത്രിമാർ ആവിഷ്കരിച്ചത്. ഈ ധനകാര്യ (2-ാം നമ്പർ) ബിൽ കേരളത്തെ സംബന്ധിച്ച് പ്രധാനപ്പെട്ട ഒന്നാണ്. ഇന്ന് പ്രതിപക്ഷം ഇവിടെയില്ല. എന്നാൽ അവർ കേൾക്കേണ്ട ചില വസ്തുതകളുണ്ട്. 1947-ൽ സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം രൂപീകൃതമായ പാർലമെന്റും തുടർന്ന് അംഗീകരിക്കപ്പെട്ട നികുതി വ്യവസ്ഥയും സംബന്ധിച്ച് കാതലായ മാറ്റം കൊണ്ടുവന്ന മോദി സർക്കാരിനോട് കോൺഗ്രസ്സിനുള്ള സമീപനമെന്താണെന്ന് വിവിധ ഘട്ടങ്ങളിൽ നാമെല്ലാം കണ്ടതാണ്. പല തരത്തിലുള്ള നികുതി വ്യവസ്ഥയിലൂടെ കടന്നുപോയിട്ടുള്ള നാടാണിത്. മുലക്കരം ചുമത്തിയ നാട്, തെങ്ങിൽ കയറുന്നവന് തളപ്പുകരം ചുമത്തിയ നാട്, ഏത് മേഖലയിലും ജോലി ചെയ്യുന്ന മനുഷ്യന്റെ രക്തം ഊറ്റിപ്പിഴിഞ്ഞ് ഭരണകൂടം ഖജനാവ് നിറച്ചിരുന്ന സംസ്കാരമുണ്ടായിരുന്ന കേരളത്തിലെ രാജഭരണകാലം. കൊളോണിയൽ ഭരണകാലത്ത് ബ്രിട്ടീഷ് നികുതി വ്യവസ്ഥ മറ്റൊന്നായിരുന്നു. ഭൂമിയുണ്ടായിരുന്നവർക്ക് മാത്രം

വോട്ടവകാശമുണ്ടായിരുന്ന നാട്ടുരാജ്യങ്ങൾ നമുക്കുണ്ടായിരുന്നു. ആ നാട്ടുരാജ്യങ്ങളിൽ ഭൂമിയുള്ളവർ മാത്രം കരമൊടുക്കുകയും അവർക്കുമാത്രം ജനാധിപത്യപ്രക്രിയയിൽ ഇടപെടുന്നതിനുള്ള പൗരാവകാശമുള്ള ജനതയായി കേരള ജനതയെ പരിഗണിച്ചിരുന്നു. അവിടെനിന്ന് സ്വതന്ത്ര രാജ്യത്തിലെ റിപ്പബ്ലിക് എന്ന നിലയ്ക്ക് പരിഗണിക്കപ്പെടുന്ന ഒരു ഫെഡറൽ സ്റ്റേറ്റായി കേരളം മാറിയപ്പോൾ 1957-ൽ അധികാരത്തിൽ വന്ന സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള സർക്കാരാണ് മനുഷ്യനെ കാണാനും മനുഷ്യന്റെ അദ്ധ്വാനത്തിന് വിലമതിക്കാനും അവന് ജീവിക്കാനുള്ള കേരളത്തിലെ നികുതി വ്യവസ്ഥയെ പുനഃക്രമീകരിക്കാനും ആദ്യമായി ശ്രമിച്ചത്. അങ്ങനെയാണ് ജനാധിപത്യ രീതിയിൽ നികുതി പിരിക്കുന്ന ഒരു സമ്പ്രദായം കേരളത്തിലുണ്ടായത്. കേരളത്തിൽ വ്യത്യസ്ത രീതിയിലുള്ള നികുതി വ്യവസ്ഥ നിലവിലുണ്ട്. ലക്ഷക്കണക്കിന് രൂപ ശമ്പളം വാങ്ങുന്ന കോളേജ് അദ്ധ്യാപകർ, അവരുടെ ശമ്പള വർദ്ധനവിനെ ഞാൻ തള്ളിപ്പറയുകയല്ല; വിവിധ തലങ്ങളിൽ ജോലി ചെയ്യുന്ന, നിരവധിയായ സേവന തുറകളിലുള്ളവരിൽനിന്നും പ്രത്യക്ഷമായി പിരിച്ചെടുക്കുന്ന നികുതി, വീട്ടുനികുതി, ഭൂനികുതി എന്നിവ കഴിഞ്ഞാൽ നികുതി ഇനത്തിൽ പ്രത്യക്ഷമായി പിരിച്ചെടുക്കുന്ന സംഖ്യ വളരെ കുറഞ്ഞുപോകുന്ന

അവസ്ഥയുണ്ടാകുമ്പോൾ സന്തുലിതാവസ്ഥ തെറ്റായ രീതിയിലാകുമെന്നതുകൊണ്ട് അതിനെ പുനഃക്രമീകരിക്കാൻ പുതിയ ഇടതുപക്ഷ സർക്കാർ പരിശ്രമിക്കുകയുണ്ടായി. ഇന്ന് കേരളത്തിൽ പരോക്ഷ നികുതി വളരെ കുറവാണ്. പരോക്ഷ നികുതിയെന്നാൽ, ഇപ്പോൾ തെരുവിൽ കഴിയുന്ന മനുഷ്യൻ അതായത്, മറ്റുള്ളവരോട് കൈനീട്ടി കഴിയുന്ന ഒരു മനുഷ്യനുണ്ടെങ്കിൽ അവൻ വാങ്ങുന്ന ഒരു തീപ്പെട്ടിക്കോ മറ്റെന്തെങ്കിലും സാധനത്തിനോ പൈസ വസൂലാക്കുന്ന നികുതി, അതുൾപ്പെടെയുള്ള നികുതിയാണ് നമ്മുടെ സഞ്ചിതനികുതി വരുമാനമായി നാം കാണുന്നത്. അങ്ങനെ ഈ രണ്ട് നികുതിയിലും, പരോക്ഷ നികുതിയിൽ സാധാരണ മറ്റ് നികുതികളിൽ കാണാത്ത ഒരു ക്രമീകരണം പാവപ്പെട്ട ജനങ്ങൾക്കനുകൂലമായി കൊണ്ടുവന്നാണ് ഈ രണ്ട് ബഡ്ജറ്റുകളും അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് പ്രത്യക്ഷ നികുതിയും പരോക്ഷ നികുതിയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. ഇതിൽ ഒരു പ്രധാനപ്പെട്ട കാര്യം, ഏകീകൃത നികുതി സമ്പ്രദായം നമ്മുടെ രാജ്യത്ത് നിലവിൽവന്നതോടുകൂടി സംസ്ഥാനങ്ങളുടെ നികുതി പിരിക്കാനുള്ള അധികാരങ്ങൾ ഏറെ

പരിമിതപ്പെടുത്തിയിരിക്കുകയാണ്. സ്വാഭാവികമായും ഈ പറഞ്ഞ രീതിയിലുള്ള നികുതികളെല്ലാം തന്നെ സെൻട്രൽ പൂളിലേയ്ക്ക് പോയി പിന്നീട് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന ഒരവസ്ഥയാണ് നിലവിലുള്ളത്. ജി.എസ്.ടി.യുമായി ബന്ധപ്പെട്ട കാഴ്ച്ചപ്പാടിൽ നമുക്ക് സംഭവിച്ച പ്രധാനപ്പെട്ട ഒരു വിഷയം, ഒരു കൺസ്യൂമർ സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് ജി.എസ്.ടി.യുടെ വിഹിതം വളരെയേറെ വർദ്ധിച്ചുലഭിക്കുമെന്ന സാദ്ധ്യത നമ്മൾ നേരത്തെ മുന്നിൽക്കണ്ടിരുന്നു. നികുതി ഘടനയിൽ പ്രധാനമായി കൺസ്യൂമർ സംവിധാനത്തിന്റെ ഭാഗമായിട്ടല്ല, കൂടുതൽ മേഖലകളെ നികുതി മേഖലയിലേയ്ക്ക് കണക്ട് ചെയ്യുകയും അതോടൊപ്പം സേവനദാതാക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവുമാണ് ജി.എസ്.ടി.യെ കൂടുതൽ സഹായകരമാകുന്ന നിലപാടുണ്ടാക്കുന്നതെന്ന് ഇതുമായി ബന്ധപ്പെട്ട് നേരത്തെ സി.ഡി.എസ്. ഉൾപ്പെടെ ചില പഠനങ്ങൾ നടത്തിയിട്ടുണ്ട്. അത് ശരിയാണെന്നുള്ളതിന്റെ തെളിവാണ് കേന്ദ്ര സർക്കാരിന്റെ ജി.എസ്.ടി.യുമായി ബന്ധപ്പെട്ട വർദ്ധനവ്. സംസ്ഥാനങ്ങൾക്ക് അത് കഴിയുന്നില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അതോടൊപ്പം വർഷങ്ങളായി സംസ്ഥാനങ്ങൾക്ക് കടമെടുക്കാനുള്ള അവകാശങ്ങളും ഓരോ ഘട്ടത്തിലും കുറച്ചുകൊണ്ടുവരുന്നതിന് കേന്ദ്രം നടത്തുന്ന ബോധപൂർവ്വമായ

ഒരു ഇടപെടലുണ്ട്. കേന്ദ്രീകൃത സ്വഭാവത്തിലേയ്ക്ക് പോകുന്ന കേന്ദ്ര ഗവൺമെന്റ് ധനകാര്യ മാനേജ്മെന്റുകളിലും സംവിധാനങ്ങളിലും ബോധപൂർവ്വമായി നടത്തുന്ന ഇടപെടലുകൾ നമുക്ക് കൃത്യമായിട്ടറിയാം. ഞാൻ ഇന്നലെയും ഇവിടെ സൂചിപ്പിച്ച ഒരു കാര്യമുണ്ട്. G.S.D.P. (Gross State Domestic Product) എന്നത് ആഭ്യന്തര ഉത്പാദനത്തിന്റെയും ഡെബ്റ്റിന്റെയും ഒരു അംശബന്ധമാണ്. ഡെബ്റ്റ് റേഷ്യോയുമായി ബന്ധപ്പെട്ട് പറയുന്ന കാര്യമാണ്. കുറച്ചുകാലമായി ഉത്പാദനത്തിൽ മാന്ദ്യമാണുള്ളത്. പ്രതിപക്ഷം എപ്പോഴും സൂചിപ്പിക്കുന്നൊരു കാര്യം കേരളത്തിന്റെ കടം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നതാണ്. കടം എന്നതിൽ ഒരു പുതിയ കൺസെപ്റ്റുള്ളത് കടം വാങ്ങുകയാണെങ്കിൽ നമ്മുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള ഇൻവെസ്റ്റ്മെന്റ് ഉണ്ടാക്കുമെന്നതാണ്. പ്രസ്തുത കാഴ്ചപ്പാടാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ ചെയ്യുന്നതെന്ന് ഒരിക്കൽക്കൂടി ശ്രദ്ധയിൽപ്പെടുത്താൻ ഈ സന്ദർഭം ഞാൻ വിനിയോഗിച്ചുകൊണ്ട് അങ്ങയുടെ അഭിപ്രായവുംകൂടി അറിയാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. പി. ബാലചന്ദ്രൻ:</u> സർ, അങ്ങയുടെ അഭിപ്രായം തന്നെയാണ് ഇക്കാര്യത്തിൽ എന്റെയും അഭിപ്രായം. ഡോ. എൻ. ജയരാജ് കേരളം

അറിയപ്പെടുന്ന ഒരു എക്കണോമിസ്റ്റാണ്. ചങ്ങറ്റംകൊണ്ട് രാമായണം വായിക്കുന്നുവെന്ന് പറയുന്നതുപോലെയാണ് ഇതുമായി ബന്ധപ്പെട്ട് അങ്ങ് സംസാരിക്കുന്നത്. കേരളത്തിന്റെ നികുതി വ്യവസ്ഥയുമായി ബന്ധപ്പെട്ട് ഇടതുപക്ഷ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള ഈ ക്രമീകരണങ്ങൾ ആധുനിക കേരളത്തിന്റെ നിർമ്മിതിക്ക് ആക്കം കൂട്ടാനും സാധാരണ ജനങ്ങളെ കൂടുതൽ ബുദ്ധിമുട്ടിക്കാതെ കൊണ്ടുപോകാനും കഴിയുന്ന വിധത്തിലായിരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. സഭ മുമ്പാകെ ബഡ്ജറ്റ് അവതരിപ്പിക്കുന്ന വേളയിലും ശ്രീ. കെ. എൻ. ബാലഗോപാൽ അതാണ് പ്രഖ്യാപിച്ചത്. അദ്ദേഹം ഇവിടെ സൂചിപ്പിച്ച വസ്തുതകൾ ശരിയാണ്. കേന്ദ്ര ഗവൺമെന്റെടുത്തിട്ടുള്ള നികുതി സംബന്ധമായ നയങ്ങൾ കേരളം പോലുള്ള സംസ്ഥാനങ്ങളെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നതാണ്. ആ നയങ്ങൾക്കെതിരെയുള്ള ചില തീരുമാനങ്ങൾ, പ്രതിഷേധങ്ങൾ, അത് കർമ്മരംഗത്ത് എങ്ങനെ പ്രതിഫലിപ്പിക്കാൻ സാധിക്കുമെന്നുള്ളത് കൂടി പരീക്ഷിക്കപ്പെടേണ്ട കാര്യമാണ്. കേന്ദ്ര ഗവൺമെന്റിൽനിന്നും വലിയ മാറ്റം പ്രതീക്ഷിക്കേണ്ട കാര്യമില്ല. നമ്മുടെ പ്ലാനിംഗ് നാം തന്നെ നിർവ്വഹിച്ച് മുന്നോട്ടുപോകേണ്ട സ്ഥിതിയാണുള്ളത്. വർഗ്ഗീയവത്കരണവും ഫാസിസവും അതിന്റെ എല്ലാ ദുരന്തവീഥികളും ഇന്ത്യയ്ക്ക് മുമ്പിൽ വെട്ടിത്തുറക്കുന്ന ഒരു

ഗവൺമെന്റായി നരേന്ദ്ര മോദി ഗവൺമെന്റ് മാറിക്കൊണ്ടിരിക്കുന്നുവെന്ന് ഈ മഴക്കാല സമ്മേളനം പാർലമെന്റിൽ തെളിയിക്കുകയാണ്. ഇന്ത്യയുടെ എല്ലാ പൊതുമേഖലയും സ്വകാര്യവത്കരിക്കുന്നതിനും അതിന്റെ താക്കോൽ സ്ഥാനങ്ങളിൽ, ബ്രേക്കും സ്റ്റിയറിംഗും നിയന്ത്രിക്കാനുള്ള സ്ഥാനങ്ങളിൽ, സ്വകാര്യ മൂലധനവും സാമ്രാജ്യ മൂലധനവും വന്നുനിറയുന്നുവെന്നുള്ള വാർത്തയാണ് ഇന്ന് നമ്മൾ പത്രങ്ങളിൽ വായിച്ചത്. ഗവൺമെന്റിന്റ നേതൃത്വത്തിലുള്ള എൽ.ഐ.സി. പരിപൂർണ്ണമായി സ്വകാര്യവത്കരിക്കുന്നതിനുള്ള തീരുമാനമെടുക്കുന്ന വാർത്ത ഇന്ന് പത്രങ്ങളിൽ കണ്ടു. എൽ.ഐ.സി.ക്ക് രണ്ട് ചിറകുകളുണ്ടെന്ന് എല്ലാവർക്കുമറിയാം. അതിലൊന്ന് ലൈഫ് ഇൻഷ്വറൻസ്, മറ്റൊന്ന് ജനറൽ ഇൻഷ്വറൻസ്. ലൈഫ് ഇൻഷ്വറൻസിൽനിന്നും ജനറൽ ഇൻഷ്വറൻസിൽനിന്നും ഇന്ത്യയുടെ സാമ്പത്തിക കേന്ദ്രങ്ങളിലേയ്ക്ക് പ്രതിവർഷം അറ്റാദായമായി, ലാഭമായി, പെയ്തിറങ്ങുന്നത് 7800 കോടിയിൽപ്പരം രൂപയാണ്. ആ പൊന്മുട്ടയിടുന്ന താറാവിനെ കൊല്ലാനാണ് ഇന്ന് കേന്ദ്രം തീരുമാനിച്ചിട്ടുള്ളത്. 50 ശതമാനത്തിലധികം ഇൻഷ്വറൻസ് മേഖലയിലെ മൂലധനം സ്വകാര്യ മൂലധനത്തിനും സാമ്രാജ്യത്വ മൂലധനത്തിനും അടിയറവയ്ക്കുകയാണ്. 1957-ൽ മഹാനായ പണ്ഡിറ്റ്

ജവഹർലാൽ നെഹ്റു ഇന്ത്യൻ പാർലമെന്റിൽകൊണ്ടുവന്ന ഒരു നിയമമാണ് ലൈഫ് ഇൻഷ്വറൻസ് ആക്ട് ഓഫ് ഇന്ത്യ. ഇന്ത്യയിൽ 400 സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളുണ്ടായിരുന്നു. 400 സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളിൽ പലതും ഹൈന്ദവ-സവർണ്ണ മേലധികാരികളുടെ കൈകളിലായിരുന്നു. ഈ ഇൻഷ്വറൻസ് കമ്പനികളാണ് വ്യത്യസ്ത രീതിയിൽ ഇന്ത്യയിലെ ഇൻഷ്വറൻസ് രംഗം കയ്യടക്കിയിരുന്നത്. കോടിക്കണക്കിന് രൂപയുടെ ആദായം കൊണ്ടുപോയിരുന്നത്. അതിനെ ചോദ്യം ചെയ്തകൊണ്ട് ഫിറോസ് ഗാന്ധി ഇന്ത്യൻ പാർലമെന്റിൽ ഒരു ബിൽ അവതരിപ്പിക്കുകയുണ്ടായി. കോടിക്കണക്കിന് രൂപയുടെ അഴിമതിയാണെന്നാണ് അദ്ദേഹം ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിച്ചത്. അതിന്റെ അന്വേഷണം ഒരു കമ്മീഷൻ രൂപീകരിക്കുന്നതിൽ എത്തിച്ചേരുകയും ഒരു പ്രതിയുണ്ടാവുകയും ഇന്ത്യയിലെ മുഖ്യപത്രത്തിന്റെ എഡിറ്ററെ അതിന്റെ കുറ്റത്തിന് ശിക്ഷിക്കുകയും ചെയ്തു. അതിനെത്തുടർന്ന് 1957-ൽ ആണെന്നാണ് ഞാൻ ഓർക്കുന്നത്, ഇന്ത്യൻ പാർലമെന്റിൽ ലൈഫ് ഇൻഷ്വറൻസ് ആക്ട് പാസ്സാക്കപ്പെട്ടു. അന്നുമുതൽ ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലുണ്ടായിരുന്ന, കോടിക്കണക്കിന് രൂപ ഇന്ത്യൻ ഖജനാവിലേയ്ക്ക് നൽകിയിരുന്ന ഈ വലിയ പ്രസ്ഥാനത്തെ ഇന്ന്

സ്വകാര്യവത്കരിക്കുന്ന ബിൽ അവതരിപ്പിച്ചു.

അതുപോലെ വൈദ്യുതി മേഖല, കിട്ടിയ കാശിന് വിൽക്കുന്നതുപോലെ റെഗുലേറ്ററി അതോറിറ്റി രൂപീകരിച്ചുകൊണ്ട് അതിനെ സ്വകാര്യവത്കരിക്കാൻ ശ്രമിച്ചു. റെഗുലേറ്ററി അതോറിറ്റി എവിടെ രൂപീകരിച്ചിട്ടുണ്ടോ അതിൽ മുതലാളിത്ത കോർപ്പറേറ്റുകൾക്കും പിടുത്തമുണ്ടാകും. പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവിലേയ്ക്ക് എത്തിച്ചേർന്നത് അങ്ങനെയാണ്. പെട്രോളിനും ഡീസലിനും പ്രകൃതി വാതകത്തിനും പാചക വാതകത്തിനും പിടിച്ചാൽ പിടികിട്ടാത്ത രീതിയിൽ വിലവർദ്ധിക്കാനുള്ള കാരണം അന്നത്തെ റെഗുലേറ്ററി അതോറിറ്റിക്ക് പെട്രോളിന്റെയും ഡീസലിന്റെയും വിലനിർണ്ണയിക്കാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റ് കൊടുത്തതാണ്. ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്ന സഖാവ് മണി ആശാനെപ്പോലുള്ളവരുടെ കഠിനമായ പ്രയത്നംകൊണ്ട് പവർ കട്ടിംഗും ലോഡ് ഷെഡ്ഡിംഗും ഇല്ലാതാക്കിയ നമ്മുടെ ഇലക്ട്രിസിറ്റി ബോർഡിനെപ്പോലും പ്രതിസന്ധിയിലാക്കുന്ന സ്വകാര്യവത്കരണത്തിന്റെ ബിൽ ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിച്ചുകഴിഞ്ഞു. ഒരു ജനാധിപത്യ രാഷ്ട്രത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മേഖലയാണ് പ്രതിരോധ മേഖല. ആ പ്രതിരോധ മേഖലയിലേയ്ക്ക് ഫോറിൻ ഫണ്ട് വരുന്നു. ഫോറിൻ

ഫണ്ട്/വിദേശ മൂലധനം വരുന്നുവെന്നുള്ളത് മാത്രമല്ല, അതിന്റെ മർമ്മപ്രധാനമായ മാർഗ്ഗങ്ങളിലേയ്ക്കെല്ലാം വിദേശ മൂലധനവും കോർപ്പറേറ്റുകളും കടന്നുവരികയാണ്. ചാരപ്പണിയുടെ ഏറ്റവും നടുക്കുന്ന വാർത്തകൾ ഇന്ത്യൻ പാർലമെന്റിൽ പുകഞ്ഞുകൊണ്ടിരിക്കുകയാണ്. ഇറ്റലിയിലെ ഒരു സ്വകാര്യ ഏജൻസിയാണ് അത് നടത്തുന്നത്. അത്തരം ഏജൻസികളുടെ മുൻകയ്യിൽ പ്രവർത്തിക്കുന്ന കോർപ്പറേറ്റ് ശക്തികൾ ഇന്ത്യൻ പ്രതിരോധത്തിന്റെ താക്കോൽ സ്ഥാനങ്ങളിൽ വന്നാൽ നാളെ എന്ത് സംഭവിക്കുമെന്ന് നമുക്ക് പറയാതെ അറിയാൻ കഴിയും. അതിനോടെല്ലാം ഒരു രാജ്യം ഒരു മനുഷ്യനെപ്പോലെ ഉയർന്നുനിന്ന് പോരടിക്കുമ്പോൾ ഇറങ്ങിപ്പോയ കോൺഗ്രസ്സിനൊപ്പം വിപുലമായ രാഷ്ട്രീയലക്ഷ്യം മുൻനിർത്തിക്കൊണ്ട് ഒന്നുചേർന്ന് പടപൊരുതണമെന്ന് ആഗ്രഹിക്കുന്നവരാണ് ഇടതുപക്ഷം, പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടികൾ. കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് ശക്തികുറഞ്ഞ സംസ്ഥാനങ്ങളിൽ വർഗ്ഗീയതയുടെ ശക്തി കുറയ്ക്കുന്നതിനായും ഇന്ത്യയുടെ സ്വാതന്ത്ര്യം അപകടത്തിലാക്കാൻ ശ്രമിക്കുന്ന ശക്തികളെ തോൽപ്പിക്കുന്നതിനായും കഴിവിനൊത്തവണ്ണം നാം പോരാടേണ്ടതുണ്ട്. അങ്ങനെ സഹായത്തിന്റേതായ ഒരു രാഷ്ട്രീയം ഉയർത്തിക്കൊണ്ടുവന്ന് ഈ

കോർപ്പറേറ്റുവത്കരണത്തെയും സാമ്രാജ്യവത്കരണത്തെയും അതിന്റെ സംഘപരിവാർ രൂപങ്ങളെയും എതിർക്കുന്നതിനുപകരം ഇടതുപക്ഷത്തിന്റെ ആശയത്തെ തന്നെ തകർക്കാനും ഈ രാജ്യത്തിന്റെ നിലനിൽപ്പിനെ അസ്ഥിരപ്പെടുത്താനും വേണ്ടിയുള്ള പരിശ്രമങ്ങളിലേയ്ക്കാണ് വീണ്ടും അധികാരത്തിന്റെ വഴികൾ തെരഞ്ഞുപോകുന്ന കോൺഗ്രസ്സ് ഉൾപ്പെടെയുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് കേരളത്തിലെ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ആവിഷ്കരിച്ചിട്ടുള്ള ദീർഘവീക്ഷണത്തോടെയുള്ള ഈ നടപടികളെ, ധനകാര്യ ബില്ലിലെ നികുതി വ്യവസ്ഥകളെ സബ്ജക്ട് കമ്മിറ്റിക്ക് വിട്ടുകൊണ്ട് കൂടുതൽ ചർച്ച ചെയ്ത് വീണ്ടും ഈ സഭയിലേയ്ക്ക് കൊണ്ടുവരണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേരളത്തെ സംബന്ധിച്ച് ഈ നിയമസഭാ സമ്മേളനത്തിൽ വളരെ വിശദമായി ചർച്ച നടക്കേണ്ട പ്രധാനപ്പെട്ട വിഷയമാണിത്. ദൗർഭാഗ്യവശാൽ അതിൽ പ്രതിപക്ഷം പങ്കെടുക്കുന്നില്ലെന്നുള്ളത് ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയില്ല. കേരളം നമ്മുടെ എല്ലാവരുടേതും കൂടിയാണ്. ബഹുമാനപ്പെട്ട ചെയർ ഇവിടെ റൂളിംഗ് നൽകിയതുപോലെ

ഇന്നത്തെ ധനകാര്യ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് വളരെ നല്ല നിർദ്ദേശങ്ങൾ വയ്ക്കേണ്ട പ്രതിപക്ഷം, സാധാരണഗതിയിൽ ഇവിടെ ചർച്ച ചെയ്യാൻ അനുവാദമില്ലാത്ത വിഷയത്തിന്റെ പേരുപറഞ്ഞ് പുറത്തേയ്ക്ക് പോയത് അവരുടെ രാഷ്ട്രീയമായ ചില അവസ്ഥകൾ കൊണ്ടാണെന്ന് ഞാൻ മനസ്സിലാക്കുന്നു. മറ്റ് വിമർശനമോ വിഷമമോ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വേണ്ടത്ര ശക്തമായി പ്രതിപക്ഷനേതാവും മറ്റും പ്രവർത്തിക്കുന്നില്ലെന്നുള്ള അവരുടെ മുന്നണിക്കകത്തെയും പാർട്ടിയിലെയും ആഭ്യന്തര വിമർശനത്തെ നേരിടാൻ വേണ്ടിയാണ് അവർ പുറത്തേയ്ക്ക് പോയത്. അല്ലാതെ സഭയിലെ അടിയന്തരപ്രമേയത്തിന്റെ സാംഗത്യത്തിന്റെ പ്രശ്നത്തിലല്ല. അവർ അക്കാര്യം ബോധിപ്പിക്കാൻവേണ്ടി പുറത്തേയ്ക്ക് പോയതാണെന്നതുകൊണ്ട് അവരും ഇക്കാര്യം മനസ്സിലാക്കി ഇതിൽ ഇടപെടുമെന്നാണ് ഞാൻ കരുതുന്നത്.

നേരത്തെ ഇവിടെ ചർച്ച ചെയ്ത വിഷയങ്ങളൊക്കെ സംയോജിപ്പിച്ചുകൊണ്ടുള്ള കാര്യങ്ങൾ തന്നെയാണ് എനിക്ക് ഈ ബില്ലുമായി ബന്ധപ്പെട്ട് പറയാനുള്ളത്. നികുതിയെ സംബന്ധിച്ച് പറയുമ്പോൾ വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്. ലോകത്തും രാജ്യത്തുമാകെ ഭരണകൂടങ്ങളുണ്ടാകുന്ന ഘട്ടത്തിൽ ആദ്യം

പ്രയോഗത്തിൽ വന്നത് നികുതി വകുപ്പാണ്. രാജ്യങ്ങളുണ്ടാകുന്നതിനുമുമ്പ് നാട്ടുരാജ്യങ്ങളും അതിനുമുമ്പ് നാടുവാഴികളുമുണ്ടായപ്പോൾ അവരുടെ ദൈനംദിന കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ, ഒരു പ്രദേശത്തിന്റെ മൊത്തം ഭരണം ഞാൻ ഏറ്റെടുത്തിരിക്കുന്നുവെന്ന് ഒരു നാടുവാഴി പറഞ്ഞാൽ ആ നാടുവാഴിയുടെ നാട് സംരക്ഷിക്കാനുള്ള ചെലവിനുവേണ്ടിയുള്ള പണമുണ്ടാക്കലാണ് റവന്യൂ. ഭൂമി റവന്യൂവുമായി ബന്ധപ്പെടുത്തിയുണ്ടായ പ്രവർത്തനങ്ങളുടെ തുടർച്ചയായിട്ടാണ് ഇപ്പോഴത്തെ റവന്യൂ വകുപ്പ് ശക്തിപ്പെട്ടുവന്നത്. പണ്ട് ഭൂനികുതിയായിരുന്നു പ്രധാനപ്പെട്ട നികുതി. ബ്രിട്ടീഷുകാർ ഇന്ത്യ ഭരിക്കുമ്പോൾ തിരുവിതാംകൂറിന്റെ അവകാശം ഏറ്റെടുത്തുകൊണ്ട് മുല്ലപ്പെരിയാർ ഡാം നിർമ്മിച്ച ഘട്ടം അന്നാണ്. മുല്ലപ്പെരിയാറിൽനിന്ന് തമിഴ്നാട്ടിലെ നാലഞ്ച് ജില്ലകളിലേയ്ക്ക് ജലസേചനം നടത്തിയാൽ അവിടെനിന്നും നല്ല ലാൻഡ് റവന്യൂ ശേഖരിക്കാമെന്ന് കരുതിയാണ് ആ ഡാം നിർമ്മിച്ചത്. അങ്ങനെയാണ് മധുരവരെയുള്ള കനാലുകളും മറ്റുമുണ്ടാക്കുന്നത്. അതിനുപകരമായി ബ്രിട്ടീഷ് റസിഡൻസിക്ക് തിരുവിതാംകൂർ രാജ്യത്തിന് വഴങ്ങേണ്ടി വന്നു. അതുകൊണ്ട് അവർ മറ്റൊരു പ്രതിഫലം കൊടുത്തു. ബ്രിട്ടീഷ് അധികാരത്തിൻകീഴിൽ നിന്നിരുന്ന തങ്കശ്ശേരിയും അഞ്ചുതെങ്ങും അടക്കമുള്ള സ്ഥലങ്ങൾ തിരുവിതാംകൂറിന്

വിട്ടുകൊടുത്തുകൊണ്ട് പകരം മുല്ലപ്പെരിയാർ ഡാം കെട്ടാനുള്ള അവകാശം ഏറ്റെടുത്തു. മദ്രാസ് റസിഡൻസിക്ക് ലാൻഡ് റവന്യൂ കൂടുതൽ കിട്ടുമെന്നുള്ളതുകൊണ്ടാണ് അങ്ങനെ ചെയ്തത്. പഴയ നാട്ടുരാജ്യങ്ങളുടെയും നാടുവാഴികളുടെയും കാലം മുതൽ റവന്യൂ ജനറേഷൻ പ്രധാനമായിരുന്നു. റവന്യൂ ജനറേഷനുണ്ടാകുന്നതിനുള്ള അധികാരത്തെയും റവന്യൂ ജനറേഷനെയും സംരക്ഷിക്കാൻ പോലീസും പട്ടാളവും. ഇങ്ങനെയാണ് രാജ്യങ്ങളുടെ ശക്തി വിപുലപ്പെട്ടുവന്നത്.

ഒരു പ്രദേശത്തെ അവകാശത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് നികുതി പിരിക്കാനുള്ള അവകാശം. അങ്ങനെ നികുതി പിരിക്കാനുള്ള സംസ്ഥാനങ്ങളുടെ അവകാശമാണ് ജി.എസ്.ടി. വന്നതിലൂടെ നഷ്ടപ്പെട്ടത്. ജി.എസ്.ടി. വന്നതോടെ നികുതി നിരക്കുൾപ്പെടെയുള്ള പല കാര്യങ്ങളും സംസ്ഥാനത്തിന് നിശ്ചയിക്കാൻ കഴിയുന്നില്ല. ജി.എസ്.ടി. നടപ്പിലാകുന്ന നാലുവർഷം മുമ്പും ഫലത്തിൽ നടപ്പിലായ സമയത്തും ആകെയുള്ള വിൽപ്പന വിലയുടെ 16 ശതമാനമായിരുന്ന നികുതിയായി പിരിച്ചിരുന്നതെങ്കിൽ ഇപ്പോൾ അത് 11 ശതമാനമായി കുറഞ്ഞിരിക്കുന്നു. കേരളത്തിനും മറ്റ് സംസ്ഥാനങ്ങൾക്കും കിട്ടേണ്ട നികുതിയുടെ മൂന്നിലൊന്ന് കളക്ട് ചെയ്യാൻ കഴിയുന്നില്ല. അത്രയേറെ റവന്യൂ കുറഞ്ഞിരിക്കുന്നു. മറ്റ് റവന്യൂ കുറവ്

വന്നതിനെക്കുറിച്ച് നമുക്കറിയാം. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ഈ സമയത്ത് നികുതി വർദ്ധിപ്പിക്കാനും ആളുകൾക്ക് പരമാവധി സേവനമെത്തിക്കാനും എങ്ങനെ കഴിയുമെന്നുള്ളത് പ്രധാനപ്പെട്ട പ്രശ്നമാണ്. ആ പ്രശ്നമുൾപ്പെടെ ഇത്തരം വേദികളിലാണ് ചർച്ചകൾ വരേണ്ടത്. അതിന് രാഷ്ട്രീയ വ്യത്യാസമൊന്നും പ്രശ്നമില്ല; കാരണം കേരളത്തിന്റെ താല്പര്യമാണ്. അങ്ങനെയൊരു ചർച്ചയിൽ പങ്കെടുക്കാൻ എല്ലാവർക്കും കഴിയുന്നില്ലെന്നുള്ളത് ഞാൻ ചൂണ്ടിക്കാണിച്ചതാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, ജി.എസ്.ടി.യിലേയ്ക്ക് മാറിയതുകൊണ്ട് സംസ്ഥാനത്തിനുണ്ടായ നഷ്ടത്തെ സംബന്ധിച്ച് അങ്ങ് ഇവിടെ സൂചിപ്പിച്ചു. ജി.എസ്.ടി.യിലേയ്ക്ക് മാറിയതിനുശേഷം സംസ്ഥാനത്തിന് കിട്ടുന്ന വരുമാനത്തിൽ എത്രമാത്രം ഇടിവുണ്ടായെന്ന് കണക്കാക്കിയിട്ടുണ്ടോ; സംസ്ഥാനത്തിന് അർഹതപ്പെട്ട എത്ര കോടി രൂപ ഇനി കേന്ദ്രം നൽകാൻ അവശേഷിക്കുന്നുണ്ടെന്ന് പറയാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇപ്പോൾ ഏകദേശം 3,100 കോടി രൂപയാണ് കിട്ടാനുള്ളത്. ജി.എസ്.ടി. നടപ്പിലാക്കുന്ന ആദ്യഘട്ടത്തിൽ 14 ശതമാനം വാർഷിക വർദ്ധനവുണ്ടാകുമെന്ന കണക്കാണ് തത്വത്തിൽ അംഗീകരിച്ചത്. ആ 14 ശതമാനം വർദ്ധനവ് വന്നില്ലെങ്കിൽ

അതിലേയ്ക്കെത്തിക്കാനുള്ള ഭാഗം കേന്ദ്ര ഗവൺമെന്റ് നൽകുമെന്നുള്ളതാണ് Protected Revenue എന്ന കൺസെപ്റ്റ്. ആ Protected Revenue അടുത്ത ജൂലൈ മാസത്തോടെ തീരും. കേരളത്തിൽ 12,000 കോടി രൂപവരെ ടാക്സ് കുറഞ്ഞ വർഷമുണ്ട്. കഴിഞ്ഞ ഒന്നരണ്ട് വർഷങ്ങളിലാണ് ഏറ്റവും കൂടുതൽ കുറവ് വന്നിട്ടുള്ളത്. ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ മറ്റ് സംസ്ഥാനങ്ങളും ഈ ജി.എസ്.ടി. കൗൺസിലിൽ വലിയ ചർച്ചയാക്കിയ വിഷയമാണിത്. ഇത് നൽകാൻ പറ്റില്ല, പകരം നിങ്ങൾ കടമെടുക്കാൻ പറഞ്ഞു. അങ്ങനെ കടമെടുത്താൽ സംസ്ഥാനത്തിന്റെ ബാദ്ധ്യതയാകുമെന്ന് പറഞ്ഞപ്പോൾ അതിനെതിരെ വലിയ ചർച്ചകൾ നടന്നു. കേന്ദ്രം കടമെടുത്ത് സംസ്ഥാനങ്ങൾക്ക് കൊടുക്കുകയും പുതിയൊരു പാക്കേജ് അവതരിപ്പിച്ചുമാണ് ആ പ്രശ്നം തീർത്തത്. ഏതായാലും ആ പണത്തിന് നഷ്ടമുണ്ട്. അതിനൊപ്പമാണ് 16 ശതമാനത്തിൽനിന്ന് 11 ശതമാനമാകുന്ന പ്രശ്നം. ടാക്സ് ജി.എസ്.ഡി.പി.യുടെ വരുമാനത്തിൽ നോക്കിയാൽ, സ്റ്റേറ്റുകൾക്ക് മുമ്പ് ആകെ ജി.എസ്.ഡി.പി.യുടെ 12 ശതമാനംവരെ കിട്ടിയിരുന്ന നികുതി വരുമാനം, 6 ശതമാനത്തിലേയ്ക്ക് പോയതടക്കമുള്ള പ്രശ്നം വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ

പറഞ്ഞതുപോലെ നമ്മുടെ നാടിന്റെ ക്ഷേമപ്രവർത്തനത്തിൽ ഏറ്റവും വലിയ പങ്കുവഹിക്കേണ്ട ടാക്സ് കളക്ഷനും ടാക്സ് ഡിപ്പാർട്ടുമെന്റും ഗവൺമെന്റും ശക്തിപ്പെടുന്നതിന് നികുതി വകുപ്പിന്റെ പ്രവർത്തനവും അതിനാവശ്യമായ നിയമങ്ങളും വളരെ പ്രധാനമാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കോമ്പൻസേഷന്റെ കാലാവധി ജൂലൈ മാസത്തോടെ തീരുകയാണ്. കോവിഡ് കാലഘട്ടത്തിൽ മൊത്തത്തിലുള്ള ദേശീയോത്പാദനവും സംസ്ഥാനത്തിന്റെ വരുമാനവും കുറഞ്ഞു. ആ സാഹചര്യത്തിൽ കോവിഡ് കാലഘട്ടത്തെ മുൻനിർത്തി കോമ്പൻസേഷൻ കാലാവധി കുറച്ചുകൂടി ദീർഘിപ്പിക്കാനുള്ള ശ്രമം സംസ്ഥാനങ്ങളുടെ ഭാഗത്തുനിന്ന് ജി.എസ്.ടി. കൗൺസിലിലുണ്ടാകുമോ; കേരളം അങ്ങനെയുള്ള നീക്കങ്ങളെന്തെങ്കിലും നടത്തിയിട്ടുണ്ടോ? അതല്ലെങ്കിൽ സംസ്ഥാനത്തിന് പിടിച്ചുനിൽക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകും.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോടും കേന്ദ്ര ഗവൺമെന്റിനോടും കേരളം ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. കേരളം മാത്രമല്ല, അഞ്ച് വർഷംകൂടി കോമ്പൻസേഷൻ കാലാവധി നീട്ടണമെന്ന അഭിപ്രായം ജി.എസ്.ടി. കൗൺസിലിലും

ഉയർന്നുവരുന്നുണ്ട്. ഇനിയിപ്പോൾ ജി.എസ്.ടി. കൗൺസിൽ നടത്തേണ്ട സമയം കഴിഞ്ഞിരിക്കുകയാണ്. വിവിധ സംസ്ഥാനങ്ങൾ ഒരുമിച്ച് ഇക്കാര്യത്തിൽ തീരുമാനമുണ്ടാക്കി കോമ്പൻസേഷൻ പീരീഡ് അഞ്ച് വർഷംകൂടി നീട്ടണമെന്ന ആവശ്യമാണ് മുന്നോട്ടുവയ്ക്കുന്നത്. അതുമായി നമ്മൾ മുന്നോട്ടുപോകും.

ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. കേരളത്തിൽ 11 ശതമാനം ടാക്സ് എന്നുപറയുമ്പോൾ സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ അത് 42, 43 ശതമാനം വരെയാണ്. അത്രയേറെ സൗകര്യങ്ങൾ ആ ഗവൺമെന്റ് ചെയ്യുന്നുണ്ടെന്നുള്ളത് സത്യമാണ്. സ്കാൻഡിനേവിയൻ രാജ്യങ്ങളുടെയത്ര വരുന്നില്ലെങ്കിലും ഇന്ത്യയിൽ ഇത്രയും സൗകര്യങ്ങൾ ചെയ്യുന്ന മറ്റൊരു സംസ്ഥാനമില്ല. ഏറ്റവും കൂടിയ ലാപ്ടോപ് വാങ്ങി കൊടുക്കണമെന്ന് രാവിലെ ഇവിടെ പറഞ്ഞല്ലോ. ഇനിയിപ്പോൾ നാലര ലക്ഷത്തോളം ആളുകൾക്കുകൂടി കിട്ടാനുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.മാരും പഞ്ചായത്തും ജനപ്രതിനിധികളുമെല്ലാം ഇടപെട്ട് ഓരോ മണ്ഡലത്തിലും മൂവായിരം, നാലായിരം ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഇതിനകം വാങ്ങിക്കൊടുത്തിട്ടുണ്ട്. ഇങ്ങനെ കൊടുക്കുന്നത് കേരളത്തിൽ അല്ലാതെ മറ്റെവിടെയുണ്ടാകും? കഴിഞ്ഞ വർഷം പദ്ധതി വന്നപ്പോൾ

ടെലിവിഷൻ കൊടുത്തു. ഇപ്പോൾ നാട്ടുകാരുടെ സഹായത്തോടെ മൊബൈൽ ഫോണോ മറ്റ് ഗാഡ്ജറ്റോ കൊടുക്കാൻ തയ്യാറാകുന്നു. കേരളത്തിലെ ഡിജിറ്റൽ എഡ്യൂക്കേഷനിൽ സമ്പൂർണ്ണമായും ഇലക്ട്രോണിക് എക്യുപ്മെന്റുകൾ കിട്ടുന്ന, സ്കാൻഡിനേവിയൻ രാജ്യങ്ങളിൽപ്പോലും ഇല്ലാത്ത തരത്തിലേയ്ക്ക് മാറ്റാൻ കഴിയുന്ന, ഒരു ചെറിയ സംസ്ഥാനമാണ് കേരളം. അങ്ങനെ സഹായങ്ങൾ ചെയ്യുന്ന ഒരു സമൂഹം നമ്മുടെ നാട്ടിലുണ്ട്. സ്കാൻഡിനേവിയൻ രാജ്യങ്ങളിലേതുപോലെ ടാക്സ് പെർസന്റേജ് ഇല്ലെങ്കിൽപ്പോലും ആശുപത്രി, സൗജന്യ ചികിത്സ, മറ്റ് സൗകര്യങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയ്ക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങളെക്കുറിച്ചും നമ്മുടെ നാട്ടിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ഇപ്പോൾ നടക്കുന്ന കാര്യങ്ങളെക്കുറിച്ചും കിഫ്ബിയെക്കുറിച്ചും ഇവിടെ പറഞ്ഞു. ഇതെല്ലാം കൂടുതൽ മെച്ചപ്പെടുത്തണമെന്ന ചർച്ചകൾ വന്നു. ചില പുതിയ ടാക്സ് നിർദ്ദേശങ്ങൾ വന്നു.

[12.00 Noon]

നാട്ടിലെ സമ്പന്നരായ ആളുകളിൽനിന്ന് സഹായം സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഇ. കെ. വിജയൻ പറഞ്ഞ ചില നിർദ്ദേശങ്ങളുണ്ട്. ട്രഷറിയിലേയ്ക്ക് ആ പണം വാങ്ങുന്നതിന്

നമുക്ക് പരിമിതിയുണ്ട്. മുമ്പ് ട്രഷറിയിൽ നിക്ഷേപിക്കുന്ന പണം സർക്കാരിന്റെ ഡെബ്റ്റിൽ വരില്ലായിരുന്നു. എന്നാലിപ്പോൾ ട്രഷറിയിൽ പണം ഡെപ്പോസിറ്റ് ചെയ്താൽ സംസ്ഥാനത്തിന്റെ ഡെബ്റ്റിൽ വരും. അദ്ദേഹം നല്ലൊരു നിർദ്ദേശമാണ് പറഞ്ഞത്. അത്തരം കാര്യങ്ങൾക്കൂടി പ്രായോഗികമായി, സിസ്റ്റമാറ്റിക്കായി ചെയ്യാനുള്ള നടപടി സ്വീകരിക്കാം. അതുപോലെതന്നെ കിഫ്ബിയെ സംബന്ധിച്ച് ശ്രീ. സി. കെ. ഹരീന്ദ്രൻ സംസാരിച്ചപ്പോൾ കാർഷികമേഖലയിൽ കുറച്ചുകാര്യങ്ങൾക്കൂടി കിഫ്ബി വഴി ചെയ്യണമെന്ന് സൂചിപ്പിക്കുകയുണ്ടായി. നേരത്തെ മുന്നോട്ടുവച്ച ചില നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടത് ഏറ്റവും കുറവ് പദ്ധതി വന്നത് കാർഷിക മേഖലയിലാണ് എന്നതായിരുന്നു. അത് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്താത്തതുകൊണ്ടല്ല, അത് വേണ്ടത്ര ടേക്ക് ഓഫ് ആയില്ല. 64,000 കോടി രൂപയിൽ 25-30 കോടി രൂപ മാത്രമാണ് കാർഷിക മേഖലയ്ക്കുള്ളത്. കേരളത്തിൽ വളരെ സൗകര്യമുള്ള അഗ്രോപാർക്കുകൾ ആരംഭിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. അതായത് കിഫ്ബിയുടെ പരിമിതിയിൽനിന്ന് പുതിയ നാലോ അഞ്ചോ അഗ്രോ പാർക്കുകൾ കാർഷികമേഖലയിൽ ആരംഭിക്കുമെന്നുള്ള കാര്യം ഞാൻ ഈ സഭയിൽ പറയുകയാണ്. കാർഷികമേഖലയിലെ ഉത്പന്നങ്ങൾ

മൂല്യവർദ്ധിതമാക്കാനാവശ്യമായ സൗകര്യങ്ങളും റഫ്രിജറേറ്റഡായ ഗോഡൗണുകളും വാല്യു ആഡഡ് പ്രോസസ്സിംഗിനുള്ള സൗകര്യവും ഒരുക്കേണ്ടതുണ്ട്. അതുപോലെ മാർക്കറ്റ് കണ്ടെത്തി എക്സ്പോർട്ട് ചെയ്യാനുമുള്ള വിപുലമായ അഗ്രോപാർക്കുകൾ ആരംഭിക്കേണ്ടതുണ്ട്. ആ പ്രയോറിറ്റി കിഫ്ബിയിൽ വരുന്ന പദ്ധതികൾക്ക് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2000 കോടി രൂപ പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റിവഴി അഗ്രികൾച്ചറുമായി ബന്ധപ്പെട്ടുള്ള നിക്ഷേപത്തിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതാണ്. സംസ്ഥാന ഗവൺമെന്റ് നാല് ശതമാനം വരെ പലിശയിളവ് നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. നബാർഡ് മുഖാന്തരം ഒരു ശതമാനത്തിനോ രണ്ടുശതമാനത്തിനോ പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റിക്ക് പണം ലഭിക്കും. അവിടെ മാർക്കറ്റിംഗും പ്രോസസ്സിംഗും ഡെവലപ് ചെയ്യാം. റെഫ്രിജറേറ്റഡ് ഗോഡൗണോ മറ്റ് ഗോഡൗണുകളോ ഉണ്ടാക്കാം. അവരവരുടെ മണ്ഡലങ്ങളിൽ പ്രോജക്ടനുസരിച്ച് പ്രൈമറി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിവഴി വായ്പയെടുക്കാൻ സാധിക്കും. അതിന് കേരള ബാങ്ക്, നബാർഡ് തുടങ്ങിയ ബാങ്കുകളിൽനിന്ന് വായ്പയെടുക്കാൻ സാധിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സഹകരണ

വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും തീരുമാനമെടുത്തിട്ടുണ്ട്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, നബാർഡിന്റെ പ്രൊപ്പോസലുകളുമായി ബന്ധപ്പെട്ടാണ് ഞാൻ പറയുന്നത്. ഫാർമേഴ്സ് ക്ലബ്ബുകൾക്ക് ഈ പറയുന്ന സഹായധനമൊക്കെ പ്രഖ്യാപിക്കുമ്പോൾ ചില നിബന്ധനകൾ വയ്ക്കാറുണ്ട്. ഉദാഹരണമായി, പാലക്കാട് ജില്ലയിൽ വാഴ കൃഷിക്കോ അനുബന്ധ വിളകൾക്കോ ഉള്ള മൂല്യവർദ്ധിത ഉത്പന്നത്തിനുള്ള ഫാർമേഴ്സ് ക്ലബ്ബുകൾക്ക് മാത്രമേ സഹായധനത്തിന് അനുമതിയുള്ളൂ. യഥാർത്ഥത്തിൽ അനുമതി വേണ്ടത് നെല്ലിനാണ്. അതിന് യാതൊരു സഹായവുമില്ല. അതുപോലെ ചില ജില്ലകളിൽ നെല്ലിനെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇങ്ങനെ ഉണ്ടാകാതിരിക്കാൻ ഓരോ ജില്ലയുടെയും പ്രദേശത്തിന്റെയും സാധ്യത മനസ്സിലാക്കി പ്രോജക്ടുകൾ നബാർഡിനെ ഏൽപ്പിക്കാൻ സാധിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, നബാർഡിന്റെ സ്കീമല്ല ഞാൻ ഇവിടെ പറഞ്ഞത്. കേരളത്തിൽ നബാർഡിന്റെ മാത്രമല്ല, സഹകരണ മേഖലയെ ഉപയോഗിച്ചുകൊണ്ട് കാർഷിക മേഖലയിൽ പുതിയ പദ്ധതികൾ കൊണ്ടുവരുന്നതിന് പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റി (PACS)-ക്കാണ് കൊടുക്കുക. PACS-ന് നെല്ലാണെങ്കിൽ നെല്ല്, പഴവർഗ്ഗങ്ങൾ ഉണ്ടാകുന്ന മേഖലയാണെങ്കിൽ ആ രീതിയിൽ ചെയ്യാൻ സാധിക്കും. ഇവിടെ

പഴവർഗ്ഗങ്ങളുപയോഗിച്ച് പുതിയ രീതിയിൽ വൈനുണ്ടാക്കുന്നത് ഉൾപ്പെടെയുള്ള ചർച്ചകൾ നടത്തുകയുണ്ടായി. കശുമാങ്ങ ധാരാളമുള്ള സ്ഥലത്ത് കശുമാങ്ങയിൽനിന്ന് മൂല്യവർദ്ധിത ഉത്പന്നമുണ്ടാക്കുന്നത് അടക്കമുള്ള കാര്യങ്ങളും ചെയ്യാൻ സാധിക്കും. അതിനുവേണ്ടി പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റി മുൻകയ്യെടുക്കണം. സഹകരണ മേഖലയെ കൂടുതൽ സ്ട്രെങ്തൻ ചെയ്യാനും ശ്രമിക്കണം. കേരള ബാങ്കുമായും നബാർഡുമായും ചർച്ച നടത്തിയിട്ടുണ്ട്. ഫലത്തിൽ ഒന്നോ രണ്ടോ ശതമാനം പലിശയ്ക്ക് കിട്ടുമെങ്കിൽ വലിയൊരു മാറ്റമുണ്ടാകും. ഒരു മണ്ഡലത്തിൽ പ്രായോഗികമായി ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ ചെയ്യണമെന്ന അഭ്യർത്ഥനകൂടി ഞാൻ ബഹുമാനപ്പെട്ട അംഗങ്ങളുടെ മുന്നിൽവയ്ക്കുകയാണ്. ഗവൺമെന്റ് അക്കാര്യങ്ങളിൽ ചർച്ച ചെയ്യുന്നുണ്ട്. ഇവിടെ കോവിഡാനന്തര കേരളത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് വച്ചുകൊണ്ടുള്ള പ്രവർത്തനമാണ് നടത്തുന്നത്. കോവിഡാനന്തരം എങ്ങനെയായിരിക്കും ലോകം? അതാണ് നോളഡ്ജ് മിഷൻ പ്രഖ്യാപിച്ചത്. നമ്മൾ കെ-ഡിസ്ക് വഴി നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന കാര്യങ്ങളുണ്ട്. നേരിട്ട് ജോലി ചെയ്യുന്ന പല ആളുകളും ഓഫീസിൽപ്പോയി ജോലി ചെയ്യാതെയാകും. സെക്രട്ടേറിയറ്റിൽ ഫയൽ മുഴുവൻ ഇ-ഫയൽ ആയി. ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥന് അവർക്ക്

അനുവാദമുണ്ടെങ്കിൽ ഡൽഹിയിൽ പോയാലും മറ്റൊരു രാജ്യത്ത് പോയാലും ഇ-ഫയൽ വഴി കാണാൻ സാധിക്കും. പഴയ ഫയലും അതുവഴി വായിക്കാം. ആ തരത്തിലേയ്ക്ക് സാങ്കേതികവിദ്യ മാറിയിട്ടുണ്ട്. സാധാരണ സർക്കാർ പ്രൈവറ്റ് മേഖലയെക്കാളും അല്പം സ്ലോ ചെയ്ത് എടുക്കുന്നതാണ്. എന്നാൽ സർക്കാർ സ്ഥാപനത്തിൽപ്പോലും അങ്ങനെവന്നു. തൊഴിലിന്റെ കാര്യത്തിൽ ഇത്തരം സർവ്വീസ് ചട്ടങ്ങളിൽ വലിയ മാറ്റമുണ്ടാകും. എല്ലാ കാര്യങ്ങളും അങ്ങനെ ചെയ്യാൻ സാധിക്കില്ല. ഫിസിക്കലായി പോകേണ്ട കാര്യങ്ങൾ ഫിസിക്കലായി പോയേ പറ്റുകയുള്ളൂ. വലിയ മാറ്റമുണ്ടാകും എന്നുമാത്രമല്ല ഈ ടെക്നോളജിക്കൽ ഡെവലപ്മെന്റിന്റെ ഭാഗമായി വരുന്ന ധാരാളം കാര്യങ്ങളുണ്ട്. ആ കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് അത് ചെയ്യുന്നതിനുവേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്. അഭ്യസ്തവിദ്യരായവർ, കുടുംബിനികളായ സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്ക് തൊഴിൽ കിട്ടാനുള്ള പദ്ധതികൾ കെ-ഡിസ്കിന്റെ നേതൃത്വത്തിൽ നോളജ് ഇക്കോണമിയിലൂടെ സാധിക്കുന്നതാണ്. ഇതുവഴി മാത്രമേ വികസന പദ്ധതികൾ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. കാർഷിക/വ്യാവസായിക മേഖലകളിൽ കൂടുതൽ നിക്ഷേപം വരുന്ന തരത്തിലുള്ള കാര്യങ്ങളുൾപ്പെടുത്തി മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, നീര ഉത്പാദനത്തിനുവേണ്ടി പ്ലാന്റുകൾ സ്ഥാപിച്ച കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനികളെല്ലാം സാമ്പത്തിക പ്രതിസന്ധിയിലാണ്. ഉപയോഗിച്ച ടെക്നോളജി വിജയകരമായിരുന്നില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അങ്ങനെ വിഷമാവസ്ഥയിലായ കമ്പനികളെ സഹായിക്കാനും സംരക്ഷിക്കാനുമുള്ള എന്തെങ്കിലും പദ്ധതികൾ അങ്ങ് ആവിഷ്കരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കാർഷികമേഖലയിൽ നിരവധി പദ്ധതികളുണ്ട്. ഇപ്പോൾ 10 കോടി രൂപ എടുക്കുമ്പോൾ ആ തുക തിരിച്ചടയ്ക്കേണ്ടെന്ന് കരുതിയല്ല എടുക്കേണ്ടത്. അതിന് കൃത്യമായ ഒരു പദ്ധതി വേണം. ഈ പറഞ്ഞ നാളികേര സംഘങ്ങളെ എനിക്ക് നേരിട്ടറിയാവുന്നതാണ്. ഞാനും കർഷകരുടെ സംഘടനയുടെ ഭാഗമായി പ്രവർത്തിച്ചിരുന്നതാണ്. അവർ കുറേ നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എന്നാൽ നീരയുടെ കാര്യത്തിൽ മാത്രമേ അവർക്ക് പോരായ്മ സംഭവിച്ചിട്ടുള്ളൂ. നീര വളരെ നല്ലൊരു പ്രോഡക്ടാണെങ്കിലും അതിന്റെ മാർക്കറ്റിംഗിൽ കുറേ പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. വിവിധ വകുപ്പുകളുമായി കോ-ഓർഡിനേറ്റ് ചെയ്താൽ അത് കുറച്ചുകൂടി നല്ലരീതിയിൽ ചെയ്യാൻ സാധിക്കും. വലിയതോതിൽ

കടമെടുത്തിട്ടുണ്ടെങ്കിൽ ആ കടത്തിന് വൺടൈം സെറ്റിൽമെന്റ്പോലുള്ള കാര്യങ്ങളല്ലാതെ മുഴുവൻ തുകയും എഴുതിത്തള്ളാൻ സാധിക്കുകയില്ല. അങ്ങ് പറഞ്ഞ സ്ഥാപനങ്ങളിൽ 25 ലക്ഷം രൂപ കടമെടുത്തപ്പോൾ വന്നിട്ടുള്ള ബാദ്ധ്യതകളുണ്ട്. അത് നീര മാർക്കറ്റ് ചെയ്യാൻ കഴിയാത്തതുൾപ്പെടെയുള്ള കാര്യങ്ങളാണ്. കൃഷി വകുപ്പിന്റെയുംകൂടി സഹായത്തോടെ അത് നന്നായി വിജയിപ്പിക്കാൻ സാധിക്കും. വിവിധ മേഖലകളിൽ പ്രോഡക്ടുണ്ടായാൽ ആ പ്രോഡക്ടുകൾക്ക് മാർക്കറ്റിംഗ് ചെയ്യാനുള്ള സംവിധാനംകൂടി വേണം. അത് വിവിധ വകുപ്പുകളുമായി ചേർന്ന് നടപ്പിലാക്കാൻ സാധിക്കും. നാളികേരത്തിന്റെ കാര്യത്തിൽ അങ്ങനെയൊരു പ്രശ്നം വരുന്നില്ലായെന്നുള്ളതാണ്. ഈ കാര്യങ്ങളെല്ലാം നന്നായി നടത്തുന്നതിന് ടാക്സ് വർദ്ധിപ്പിക്കണം. കേരളം സമ്പന്നമായ സ്റ്റേറ്റാണ്. രണ്ടോമൂന്നോ ലക്ഷം മൊബൈൽ ഉൾപ്പെടെ കൊടുക്കാൻ ഹൃദയവിശാലതയുള്ളതാണ്. സംസ്ഥാന സർക്കാരിന് ടാക്സ് വരുന്നതിലും ടാക്സ് കൃത്യമായി അടയ്ക്കുന്നതിലും പ്രശ്നം വരുന്നുണ്ട്. സമ്പന്നമായ സംസ്ഥാനമാണെങ്കിലും ഗവൺമെന്റ് അത്രയും സമ്പന്നമല്ല. അങ്ങനെ നോക്കുമ്പോൾ, മറ്റ് പല സ്റ്റേറ്റുകളിലുള്ള ജനസംഖ്യയുമായോ അല്ലെങ്കിൽ ജി.ഡി.പി.യുമായോ താരതമ്യം ചെയ്യുമ്പോൾ നമുക്ക് ടാക്സ് അത്രയും വരുന്നില്ല. ടാക്സിന്റെ കാര്യത്തിൽ

കൂടുതൽ കൃത്യമായിട്ടുള്ള സമീപനം വേണം.

ഇവിടെ ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതുസംബന്ധിച്ച് ഇന്നലെയും ഒരു ചർച്ച വന്നു. പച്ചക്കറി കൊണ്ടുവരുന്ന ലോറിയിൽ വിലപിടിപ്പുള്ള വേറെ സാധനങ്ങളായിരിക്കും. ഇ-വേ ബിൽ മുഖാന്തരം അവിടെനിന്ന് കയറ്റി അയയ്ക്കുന്ന സാധനങ്ങൾ കൃത്യമായ ടാക്സ് പരിധിക്കകത്ത് വരത്തക്ക വിധത്തിൽ കാര്യങ്ങൾ ശക്തിപ്പെടുത്തണം. അതിനാവശ്യമായ ആധുനിക സാങ്കേതിക വിദ്യകൾ കൂടുതലായി വകുപ്പിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു വണ്ടി അതിർത്തിയിലേയ്ക്ക് വരുമ്പോൾ ചെക്ക് പോസ്റ്റ് ഇല്ലെങ്കിലും ആ വണ്ടിയുടെ നമ്പരും കൊണ്ടുവരുന്ന സാധനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും മനസ്സിലാക്കാൻ പല സ്ഥലത്തും ഇലക്ട്രോണിക് മാധ്യമങ്ങളും ടെക്നോളജിയുടെ കാര്യങ്ങളും ഇന്റലിജൻസ് സംവിധാനവും ഉപയോഗിച്ചുകൊണ്ടുള്ള സർവ്വയലൻസ് സിസ്റ്റമുണ്ട്. അതെല്ലാം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഓൺലൈൻ സംവിധാനംവഴി ഒട്ടനവധി പർച്ചേസുകൾ നടക്കുന്നുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ മുംബൈയിലാണ് കമ്പനി രജിസ്റ്റർ ചെയ്തിരിക്കുന്നതെങ്കിലും മഹാരാഷ്ട്രാ

ഗവൺമെന്റിനാണ് ജി.എസ്.ടി. ലഭിക്കുന്നത്. അങ്ങനെ വരുന്ന നഷ്ടം കോമ്പൻസേറ്റ് ചെയ്യാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> സർ, ഓൺലൈൻ പർച്ചേസുകൾവഴി ടാക്സ് നഷ്ടമാകുന്ന പ്രശ്നമുണ്ട്. നിയമമനുസരിച്ച് ഓൺലൈൻ സംവിധാനത്തിൽ ടാക്സ് ഏർപ്പെടുത്താനുള്ള കാര്യങ്ങളുണ്ടെങ്കിലും അതിൽ പലപ്പോഴും ഒഴിവാക്കലുകളും ഒഴിഞ്ഞുമാറലുകളും വരുന്നുണ്ടെന്ന പ്രശ്നമുണ്ട്. അതിൽ സാങ്കേതികമായി കുറച്ചുകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. ഇപ്പോൾ ജി.എസ്.ടി. ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥരുടെ ട്രാൻസ്ഫറും മറ്റു കാര്യങ്ങളുമെല്ലാം കഴിഞ്ഞിരിക്കുകയാണ്. നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി കഴിയുന്നതിനുമുമ്പുതന്നെ അഡീഷണൽ പോസ്റ്റുകൾ ആളുകൾക്ക് കിട്ടത്തക്കവിധം 75-ഓളം പുതിയ അപ്പോയിന്റ്മെന്റ് നടത്തിയിട്ടുണ്ട്. അതിനുശേഷം ടാക്സ് കളക്ഷനും സിസ്റ്റവും കുറ്റമറ്റതാക്കാൻവേണ്ടി ജി.എസ്.ടി. ഡിപ്പാർട്ടുമെന്റിനെ പുതിയ സാഹചര്യങ്ങൾക്കനുസരിച്ച് പുനഃസംഘടിപ്പിക്കാനും പുനഃക്രമീകരിക്കാനുമുള്ള ശ്രമങ്ങളെടുക്കുന്നതാണ്.

ഡിപ്പാർട്ടുമെന്റുവൈസായി കളക്ഷൻ കൂട്ടാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. അങ്ങനെ ചെയ്ത് ടാക്സ് കളക്ഷൻ കുറച്ചുകൂടി മെച്ചപ്പെടുത്താനുള്ള ശ്രമമുണ്ടാകും. കോവിഡിന്റെ സാഹചര്യത്തിൽ കച്ചവടം കുറഞ്ഞതുകൊണ്ട് സാധാരണ കച്ചവടക്കാർക്ക് സമയത്തിന് സ്റ്റേറ്റുമെന്റ് കൊടുക്കാൻ സാധിക്കാത്തതുകൊണ്ട് ഡേറ്റ് ദീർഘിപ്പിച്ചുനൽകലാണ് ഇപ്പോഴത്തെ നിയമത്തിൽ കൊണ്ടുവന്നിരിക്കുന്നത്. ഈ നിയമത്തിനകത്ത് സാങ്കേതികമായ കാര്യങ്ങൾ മാത്രമേ വന്നിട്ടുള്ളൂ. അത് കച്ചവടക്കാർക്ക് കുറച്ചുകൂടി സഹായകരമാകുകയും പണമടയ്ക്കാൻ അൽപ്പംകൂടി സമയം നീട്ടിക്കിട്ടുകയും ചെയ്യും. കോവിഡിന്റെ പശ്ചാത്തലത്തിൽ എല്ലാവർക്കും ഉണ്ടായതുപോലെ കച്ചവടക്കാർക്കും ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് ടാക്സ് അടയ്ക്കാനുള്ള ഡേറ്റ് നീട്ടിക്കൊടുക്കുന്നത്.

മറ്റൊന്ന്, ഹരിത കെട്ടിടങ്ങൾ നിർമ്മിച്ചാൽ ടാക്സ് ഇളവ് നൽകുന്നതിനുള്ള നിയമപരമായ അമെന്റ്മെന്റാണ് വരുത്തിയിരിക്കുന്നത്. പ്രകൃതിയുമായി ബന്ധപ്പെട്ട് പരിസ്ഥിതി സൗഹൃദമായ വലിയൊരു പരിപാടിയാണ്. ഗ്രീൻ ഇനിഷ്യേറ്റീവിന്റെ ഭാഗമായി എൽ.എൻ.ജി.ക്ക് ഉണ്ടായിരുന്ന 14.50 ശതമാനം ടാക്സ് 5 ശതമാനമായി കുറച്ചിട്ടുണ്ടെന്ന ഭേദഗതിയും വരുത്തിയിട്ടുണ്ട്. ഇതെല്ലാം നമ്മുടെ വ്യാപാരി സമൂഹത്തെയും

ഗ്രീൻ ഇനിഷ്യേറ്റീവിനെയും ശക്തിപ്പെടുത്താനുള്ള ശ്രമമാണ്. ഇതുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളിലെ നിർദ്ദേശങ്ങളും സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച കാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ബില്ലുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. വി. ശ്രീനിജിൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബിൽ സംബന്ധിച്ച അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. സി. കെ. ഹരീന്ദ്രൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

സംബന്ധിച്ച അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബാലചന്ദ്രൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ബാലചന്ദ്രൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബിൽ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(i) 2021-ലെ കേരള ധനകാര്യ ബിൽ

രണ്ടാം വകുപ്പ്

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>എട്ടാം വകുപ്പ്</u>

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒൻപതാം വകുപ്പ്</u>

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന

പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ii) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

രണ്ടാം വകുപ്പ്

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

VII അറിയിപ്പ്

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷങ്ങളോടനുബന്ധിച്ചുള്ള പൂക്കളം

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2021 ആഗസ്റ്റ് 10-ാം തീയതി ഉദ്ഘാടനം ചെയ്ത 'ആസാദി കാ അമൃത് മഹോത്സവ്' പരിപാടിയുടെ ഭാഗമായി സ്വാതന്ത്ര്യത്തിന്റെ 75 വർഷങ്ങൾ എന്ന ആശയം കേരളത്തനിമയിൽ ആവിഷ്കരിക്കുന്നൊരു പൂക്കളം നിയമസഭാ മന്ദിരത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ തെക്കുഭാഗത്തെ പ്രവേശന കവാടത്തിനുള്ളിലായി നാളെ രാവിലെ ഒരുക്കുന്നതാണ്. പ്രസ്തുത പൂക്കളത്തിൽ നാളെ രാവിലെ 8.45-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷനേതാവ് എന്നിവർ ചേർന്ന് നിലവിളക്ക് തെളിയിക്കുന്നതുമാണ്. തദവസരത്തിൽ എല്ലാ ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളും സന്നിഹിതരാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ആഗസ്റ്റ് 13-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.20-ന് പിരിഞ്ഞു.)

937

****